# ഡോക്ടർ മത്തിയാസ്

DHARMARAM COLLEGE
LIBRARY
BANGALORE-29

# DR. MATHIAS

(Biography)

Malayalam

Adapted from the French

"De L' Himalaya An Galfe du Bengale"

**By FR. PAUL MONGOUR**

Translated by

**MUTTATHU VARKEY**

m/922.23
MON

First Published 24 May 1977

Copies 5000

Printed at

MAR MATHEWS PRESS, MUVATTUPUZHA

Price Rs. 10.00

Rights Reserved

Published by

DON BOSCO PUBLICATIONS CENTRE

PALLURUTHY

COCHIN - 682006

# ഡോ. മത്തിയാസ്

വിവർത്തനം

**മുട്ടത്തുവർക്കി**

ACHARYA PALACKAL JEEVASSKENDRAM ALU...
LIBRARY

V0023

DHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029

**ഡോൺബോസ്കോ പബ്ളിക്കേഷൻ സെൻറർ**

**PALLURUTHY**

**Cochin - 682006**

**വില Rs. 10.00**

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. 110618-95
Call No. 1V.428

Cancelled.

NIHIL OBSTAT

FR. ABRAHAM POONOLY S. D. B.

*Censor Deputatus*

IMPRIMATUR

RT. REV. MGR. FRANCIS PAYYAPPILLY

VICAR GENERAL

ARCH DIOCESE OF VARAPOLLY

ERNAKULAM

24-5-1977

# അവതാരിക

അന്യാദൃശ പ്രതിഭയുടെ ഉടമയായ ഒരു സഭാനേതാവ്, കറയററ കർമ്മശേഷിയുള്ള ഒരു പ്രേഷിതപ്രമുഖൻ, പ്രഗത്ഭനായ ഒരു സംഘാടകൻ, പ്രഖ്യാതനായ ഒരു വിദ്യാഭ്യാസപ്രവർത്തകൻ, ഉദാത്തനായ ഒരു സാമൂഹ്യസേവകൻ, ഡോൺബോസ്കോ സഭയുടെ ഒരു ഉത്തമസന്താനം, സർവ്വോപരി അജഗണങ്ങൾക്ക് സ്നേഹനിധിയായ ഒരു പിതാവ് എന്നീ നിലകളിൽ മുപ്പതിൽപരം വർഷത്തോളം ഇൻഡ്യൻ ഹൈരാർക്കിയുടെ നഭോമണ്ഡലത്തിലെ ഉജ്ജ്വലനക്ഷത്രമായി പ്രശോഭിച്ച മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്ത മോൺ. ലൂയീസ് മത്തിയാസ് അവർകളുടെ മഹനീയചരിത്രം മലയാളികളായ വായനക്കാരുടെമുമ്പിൽ അവതരിപ്പിക്കുന്ന സന്തോഷാവഹമായ കൃത്യമാണ് എനിക്കുള്ളത്.

"അത്ഭുതാവഹമായ ധീരോദാത്തതയും, അചഞ്ചലമായ വിശ്വാസവും, അനിരുദ്ധമായ പ്രത്യാശയും അദ്ദേഹത്തിൽ പരിലസിച്ചിരുന്നു. ഈ രാജ്യത്തെ ജനകോടികളുടെ സാംസ്കാരികവും ആദ്ധ്യാത്മികവുമായ ജീവിതത്തെ നിസ്വാർത്ഥമായ ആത്മാർപ്പണംവഴി സമ്പന്നമാക്കുന്നതിനു് വിദേശങ്ങളിൽ നിന്നു വന്ന മുന്നോടികളുടെയും അതികായരുടെയും ഉജ്ജ്വല പ്രതിരൂപങ്ങൾകൊണ്ടു സമലംകൃതമാണ് നമ്മുടെ നാടിന്റെ സഭാചരിത്രം. ആ മഹത്തായ നിരയിൽ ആർച്ചുബിഷപ്പ് മത്തിയാസ് അദ്വിതീയമായ ഒരു സ്ഥാനത്തെ അർഹിക്കുന്നു എന്നു് നിഷേധശങ്കകൂടാതെ പറയാൻ കഴിയും. താരതമ്യേന ഹ്രസ്വമായ അമ്പതു വർഷത്തിനിടയ്ക്കു് ഡോൺബോസ്കോ സൊസൈററി ഭാരതത്തിനു നല്കിയ വിലയേറിയ സംഭാവനകളുടെ വെള്ളിവെളിച്ചത്തിൽ അദ്ദേഹത്തിന്റെ ഉജ്ജ്വല വ്യക്തിത്വം വിരാജിക്കും. വിദേശമിഷനറിമാർ നമ്മുടെ പക്കലേയ്ക്കു വരുന്നതു് കീർത്തിയാർജ്ജിക്കുന്നതിനല്ല, നന്മ ചെയ്യുന്നതിനാണെന്നു് ലോകത്തോടു് വിളംബരം ചെയ്യുന്ന ഒരു കൈചൂണ്ടിയാണു് അദ്ദേഹത്തിന്റെ ജീവിതവും നേട്ടങ്ങളും. അവർ കർമ്മരംഗത്തിറങ്ങുന്നതു് രാഷ്ട്രീയമോ, സാംസ്കാരികമോ, സാമൂഹികമോ ആയ സ്വാർത്ഥമോഹങ്ങൾക്കുവേണ്ടിയല്ല; യേശുക്രിസ്തുവിനെ അനുകരിച്ചു സ്നേഹിക്കുവാനും സേവിക്കുവാനുമാകുന്നു; സേവിക്കപ്പെടാനല്ല, അദ്ധ്വാനിക്കുവാൻ; കൂലിക്കുവേണ്ടിയല്ല, സ്വർഗ്ഗത്തിൽ തങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള മഹിമയുടെ കിരീടത്തിനുവേണ്ടി;" കാർഡിനൽ

വലേറിയൻ ഗ്രേഷ്യസ് തിരുമേനി, മൊൺ. ലൂയിസ് മത്തിയാസ് അവർകളെപ്പററി ചരമപ്രസംഗത്തിൽ പറഞ്ഞ ഈ വാക്കുകൾ ആ മഹാനുഭാവൻെറ ധന്യമായ ജീവിതത്തിൻെറ യഥാൎത്ഥമായ ഒരു ചിത്രീകരണം മാത്രമാണ്.

1922-ൽ കൈവിരലിലെണ്ണാവുന്ന ഒരു സംഘം സലേഷ്യൻ മിഷനറിമാരുടെ നേതാവായി ഇൻഡ്യയിലെത്തിയ ഫാ. ലൂയീസ് മത്തിയാസ് അവർകളുടെ ധീരതയും, തീക്ഷ്ണതയും, പുരോഗമനവാഞ്ഛയുമാണ് ഈ എത്രയും ചുരുങ്ങിയ കാലത്തിനിടയിൽ 'ഡോൺ ബോസ്കോ' ഇൻഡ്യയിൽ ഇത്രയേറെ അറിയപ്പെടുന്നതിനും ആദരിക്കപ്പെടുന്നതിനും ഇടയായതു് എന്നു് സലേഷ്യൻ സഭക്കാക്ക് അഭിമാനിക്കാം. എട്ടു് സലേഷ്യൻ മെത്രാന്മാരും, ഭൂരിപക്ഷം ഇന്ത്യാക്കാരുമുൾപ്പെടുന്ന 1000 ത്തോളം അംഗങ്ങളും ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നാലു പ്രോവിൻസുകളുമായി സലേഷ്യൻസഭ ഇതിനകം വളൎന്നുകഴിഞ്ഞു.

മുപ്പതുസംവത്സരത്തിനകം മദ്രാസ് അതിരൂപതയിൽ ഈ മഹാനുഭാവൻ വരുത്തിയ നേട്ടങ്ങൾ അന്യമതസ്ഥരുടെപോലും ആദരവിനു് അർഹമായി. വികസനോന്മുഖങ്ങളായ ഇടവകകൾ, ഐശ്വര്യപൂൎണ്ണങ്ങളായ വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമസ്ഥാപനങ്ങൾ, ജീവകാരുണ്യപരങ്ങളും പരസ്നേഹാത്മകങ്ങളുമായ പ്രവൎത്തനങ്ങൾ ഇവയെല്ലാം എണ്ണിയെണ്ണിപ്പറയാൻ വിഷമം. മദ്രാസ് സിററിയിലെ പ്രസിദ്ധമായ "കാത്തലിക്ക് സെൻറർ", പൂനമല്ലിയിലെ "രൂപതാ മേജർ സെമിനാരി", മതാധ്യാപകൎക്കുള്ള പരിശീലനകേന്ദ്രം, അശരണരും ആതുരരുമായവൎക്കുവേണ്ടിയുള്ള "മേഴ്സി ഹോം" ഇവയെല്ലാം അദ്ദേഹത്തിൻെറ കൎമ്മകുശലതയുടെയും പരസ്നേഹത്തിൻെറയും സ്മാരകങ്ങളത്രേ.

എന്നാൽ, സ്വന്ത അതിരൂപതയ്ക്കുവേണ്ടി മാത്രമല്ല, ഭാരതത്തിലെ ക്രൈസ്തവസഭയ്ക്കാകമാനം ഉപകാരപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനും ആർച്ചുബിഷപ്പ് മത്തിയാസ് സദാ സന്നദ്ധനായിരുന്നു. അദ്ദേഹം സംഘടിപ്പിച്ച "അഖിലേന്ത്യാ ദിവ്യകാരുണ്യസമ്മേളനം" ക്രിസ്ത്യൻ ഭക്തിപ്രചുരിമയുടെയും മതബോധത്തിൻെറയും അവിസ്മരണീയമായ ഒരു അനുഭവമായി ഓൎമ്മയിൽ തങ്ങിനില്ക്കുന്നു. വൈദികൎക്കുവേണ്ടി സമാരംഭിച്ച 'Clergy Monthly' എന്ന മാസിക, പില്ക്കാലത്തു് അദ്ദേഹം 'ഈശോസഭാവൈദികരെ' ഏല്പിച്ചു. New Leader തുടങ്ങിയതും അദ്ദേഹത്തിൻെറ ദീർഘവീക്ഷണത്തിൻെറ ഫലമായിട്ടാണു്. 'സി. ബി. സി. ഐ.' യുടെ സ്ഥാപകാംഗങ്ങളിൽ പ്രമുഖൻ അദ്ദേഹമായിരുന്നു.

'കത്തോലിക്കാപ്രവത്തനപ്രസ്ഥാനം' ഭാരതത്തിൽ പ്രചരിപ്പിക്കുന്നതിൽ മത്തിയാസ് തിരുമേനി വഹിച്ച പങ്ക് സ്തുത്യർഹമത്രെ. 'യൂത്ത്മൂവ്മെൻറ്', സ്റ്റൗട്ട് ഫെഡറേഷൻ, യങ്ങ് ക്രിസ്ത്യൻ വർക്കേഴ്സ്, കാത്തലിക്ക് വക്കേഴ്സ് അസോസിയേഷൻ, കാത്തലിക്ക് യൂണിയൻ, ന്യൂമാൻ അസോസിയേഷൻ മുതലായവയെല്ലാം മത്തിയാസ് തിരുമേനിയുടെ നിർല്ലോഭമായ പ്രോത്സാഹനം ലഭിച്ച പ്രസ്ഥാനങ്ങളാണ്. പ്രഖ്യാതമായ ബാംഗ്ലൂർ സെൻറ് ജോൺസ് മെഡിക്കൽ കോളേജിൻെറ 'പ്ലാനിംഗ് കമ്മററി'യുടെ ചെയർമാൻ എന്ന നിലയിൽ അദ്ദേഹം ചെയ്ത സേവനം നിസ്തുലമാണ്.

"ധൈര്യം, പ്രത്യാശ" എന്ന സ്വന്തം മുദ്രാവാക്യത്തോട് നീതി പാലിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ഇത്ര ബൃഹത്തായ കാര്യങ്ങൾ നിവ്വഹിക്കാൻ സാധിച്ചതു്. ഉത്തമനായ ഒരു പുരോഹിതൻ, ഒരു സന്യാസവര്യൻ, ഒരു മെത്രാൻ എന്നീ നിലകളിൽ ഏവക്കും മാതൃകാപരമായ ഒരു ജീവിതം നയിച്ച് ഉൽകൃഷ്ടമായ പ്രേഷിതവിജയം കൈവരിച്ച അദ്ദേഹത്തിൻെറ ജീവചരിത്രം എല്ലാവക്കും ഉപകാരപ്രദമാകുമെന്നതിനു സംശയമില്ല. ഈ ഗ്രന്ഥം ഭംഗിയായി വിവത്തനം ചെയ്ത ശ്രീ. മുട്ടത്തുവക്കിയേയും ഇതു പ്രസിദ്ധം ചെയ്യുന്ന "പള്ളുരുത്തി ഡോൺബോസ്കോ പബ്ലിക്കേഷൻ സെൻററി"നെയും അകമഴിഞ്ഞു് അനുമോദിക്കുന്നു. മഹത്തായ ഈ കൃതിക്കു് പ്രചുരപ്രചാരം നേരുന്നു.

† സെബാസ്റ്റ്യൻ മങ്കുഴിക്കരി

Dec. 8, 1975

എറണാകുളം സഹായമെത്രാൻ.

# ആമുഖം

കേരളത്തിനു സർവ്വഥാ സുപരിചിതനായ ഒരു വ്യക്തിയാണു് ഡോക്ടർ മത്തിയാസ് തിരുമേനി.

1936 മുതൽ കേരളവുമായി ബന്ധപ്പെട്ടു കഴിഞ്ഞ മഹാനാണു് അദ്ദേഹം. കേരളീയ ക്രൈസ്തവസഭയ്ക്കു് അഭിമുഖീകരിക്കേണ്ടിവന്ന പല പ്രശ്നങ്ങളേയും ധൈര്യസമേതം നേരിട്ടു തരണം ചെയ്യുന്നതിനു പിന്നണിയിൽനിന്നു പ്രചോദനം നല്കിയ ഈ മഹാവ്യക്തിയെ കേരളക്രൈസ്തവസഭയ്ക്കു് മറക്കാൻ സാദ്ധ്യമല്ല.

വളരുന്ന തലമുറയ്ക്കു് മഹാനായ ഈ സഭാനേതാവിൻെറ ജീവിതത്തിൽനിന്നു ധാരാളം പഠിക്കുവാനുണ്ടു്. ജീവിതവിജയത്തിൻെറ ആണിക്കല്ലാണു് ധൈര്യം. അഹന്തയിൽനിന്നുള്ള ധൈര്യമല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. അതു് അധഃപതനത്തിൻെറ മുന്നോടിയാണു്. ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടു് ആത്മധൈര്യത്തോടുകൂടിയുള്ള മുന്നേററം ഒരുവനെ വിജയത്തിൽ എത്തിക്കും. താൻ പാതി ദൈവം പാതി എന്ന തത്വം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ നാം വിജയിക്കാതിരിക്കുവാൻ സാധ്യമല്ല. വിജയം അലസന്മാർക്കുള്ളതല്ലല്ലൊ.

ഡോക്ടർ മത്തിയാസ് തിരുമേനിയുടെ ജീവിതത്തിൽ ആദ്യംമുതൽ അവസാനംവരെ പൊങ്ങിപ്രകാശിക്കുന്ന ഗുണവിശേഷം ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ മുന്നേററമാണു്. അദ്ദേഹത്തിൻെറ മുദ്രാവാക്യംതന്നെ ഇതിനു സാക്ഷ്യം വഹിക്കുന്നു "Dare and Hope."

പ്രശ്നങ്ങൾ ഒന്നുംതന്നെ അദ്ദേഹത്തിനു് ഒരു കീറാമുട്ടിയായി തോന്നിയിട്ടില്ല. പ്രശ്നങ്ങളെ ഭയന്നു് പുറകോട്ടു പോകുക എന്നുള്ളതു് അദ്ദേഹത്തിൻെറ ജീവിതത്തിൽ അറിയപ്പെടാത്ത ഒന്നാണു്. തുടങ്ങിയ എല്ലാ സംരംഭങ്ങളിലും അദ്ദേഹം സമർത്ഥമായി വിജയിച്ചുവെങ്കിൽ, അദ്ദേഹത്തിൻെറ മുദ്രാവാക്യത്തിനു് അനുസരിച്ചു് അദ്ദേഹം ജീവിച്ചു എന്നതാണർത്ഥം. വളരുന്ന നമ്മുടെ തലമുറ ഇദ്ദേഹത്തിൻെറ ജീവചരിത്രത്തിൽനിന്നു പഠിക്കേണ്ട ഏററവും പ്രധാന ഗുണപാഠം ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടു് സധൈര്യം മുന്നോട്ടു പോകുക, എന്നതാണു്.

ഇന്നത്തെ കുട്ടികൾ നാളത്തെ ഉത്തരവാദിത്വമുള്ള പൗരന്മാരാകേണ്ടവരാണ്. അവരുടെ ഭാവിയെ കരുപ്പിടിപ്പിക്കുന്നതിനു് ഡോക്ടർ മത്തിയാസിനെപ്പോലുള്ളവരുടെ ജീവചരിത്രം തീർച്ചയായും സഹായിക്കും. കുടുംബലൈബ്രറിയിലേയ്ക്കുള്ള പതിനൊന്നാമത്തെ പുസ്തകമായി ഡോക്ടർ മത്തിയാസിൻെറ ജീവചരിത്രത്തെ കേരളീയ കുടുംബങ്ങൾക്കു് സമർപ്പിക്കുന്നതിനു് ഡോൺബോസ്കോ പബ്ലിക്കേഷൻ സെൻററിനു് അതീവ സന്തുഷ്ടിയാണുള്ളതു്.

ഇതിൻെറ വിവർത്തനം ഭംഗിയായി നിർവ്വഹിച്ച മിസ്റ്റർ മുട്ടത്തുവർക്കിയോടും പ്രൗഢവും സാരവത്തുമായ ഒരു അവതാരിക എഴുതി ഇതിനു മകുടംചാർത്തിയ എറണാകുളം സഹായ മെത്രാൻ ഡോക്ടർ സെബാസ്റ്റ്യൻ മങ്കുഴിക്കരി തിരുമേനിയോടും ഞങ്ങൾക്കുള്ള അകമഴിഞ്ഞ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

Fr. Philip Thayil S.D.B.
Don Bosco Publication Centre
Palluruthy
Cochin-682006

# ഇംഗ്ലീഷ് പതിപ്പിൻെറ ഉപോദ്ഘാതം

''ധൈര്യപ്പെടുകയും പ്രത്യാശിക്കുകയും ചെയ്ത മിഷനറി'' യുടെ ഈ ജീവചരിത്രം ''ദെലെ ഹിമാലയാ ഔഗോൾഫേദ ബംഗാളെ'' (ഹിമാലയം മുതൽ ബംഗാൾ ഉൾക്കടൽ വരെ) എന്ന ഫ്രഞ്ച് ജീവചരിത്രത്തിൻെറ വിവത്തനമാണ്. ലിയോണി (ഫ്രാൻസ്) ലെ ഒരു ഫ്രഞ്ച് സലേഷ്യൻ സഭാംഗമായ ഫാദർ പോൾ മോൺഗ്ഗൂർ ആണ് ഗ്രന്ഥകാരൻ. ഫ്രഞ്ച് ജീവചരിത്രം ഇപ്പോൾ അച്ചടിയിൽ ഇല്ല. ഫ്രഞ്ച് വായനക്കാരെ മുഖ്യമായി ഉദ്ദേശിച്ച് എഴുതിയതായതുകൊണ്ട്, ഇന്ത്യയിലും മററുമുള്ള ആളുകൾക്ക് താൽപര്യമുള്ള ചില വിവരങ്ങൾ അതിൽ കാണുകയില്ല. ഫ്രഞ്ച് ഗ്രന്ഥത്തിൻെറ ഒരു പതിപ്പ് താമസിയാതെ തയാറാകുന്നതായിരിക്കും.

മദ്രാസ് മൈലാപ്പൂർ മെത്രാപ്പോലീത്താ നിതാന്തവന്ദ്യ ദിവ്യ ശ്രീ രായപ്പാ അരുളപ്പാ തിരുമനസ്സുകൊണ്ട് ഫ്രഞ്ച് പതിപ്പിൻെറ ഇംഗ്ലീഷ് പരിഭാഷ നിർവ്വഹിക്കുകയും സ്വയം പുതുക്കുകയും ചെയ്തു. മാത്രമല്ല, ജീവചരിത്രം പൂർണ്ണതരമാക്കുന്നതിനു കുറെ അദ്ധ്യായങ്ങളും അനുബന്ധങ്ങളും കൂട്ടിച്ചേർത്ത് ക്രമീകരിക്കുകയും ചെയ്തു. നിസ്സാരമല്ലാത്ത ത്യാഗം സഹിച്ച് ഈ കൃത്യനിർവ്വഹണത്തിൽ തിരുമേനി പ്രകടമാക്കിയ വ്യക്തിപരമായ താൽപര്യത്തിനു അദ്ദേഹത്തോടു ഞങ്ങൾ വളരെയേറെ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ ഈ സന്മനസ്സ് ഇല്ലായിരുന്നെങ്കിൽ ഈ ജീവചരിത്രം പ്രകാശം കാണുകയില്ലായിരുന്നു.

മഹാനും, ഉജ്ജ്വലഗുണസമ്പുഷ്ടനും, പ്രതിഭാപ്രഭാവനുമായ മിഷനറിമെത്രാപ്പോലീത്താ ജാൺസിഞ്ഞോർ ലൂയീസ് മത്തിയാസിൻെറ ഈ ജീവചരിത്രം വായനക്കാരിൽ വേദപ്രചാരപ്രവത്തനങ്ങളോടു കൂടുതൽ പ്രതിപത്തി ഉളവാക്കുകയും, പൗരോഹിത്യപരവും, മതാത്മകവുമായ ജീവിതത്തിനുവേണ്ടിയുള്ള ദൈവവിളികൾക്ക് അധികമധികം അവസരം നൽകുകയും ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്.

''ധൈര്യപ്പെടുക പ്രത്യാശിക്കുക'' എന്ന അദ്ദേഹത്തിൻെറ മുദ്രാവാക്യം ഇന്ത്യയിൽ ദൈവരാജ്യം വികസിക്കുന്നതിനുള്ള

ഉപരിയത്തങ്ങരാംക്കു് ഉത്തേജനം നല്കട്ടെ എന്നു് ഞങ്ങരാം ആശംസിക്കുന്നു.

പ്രസാധകൻ

1971 – ജൂലൈ 21
സലേഷ്യൻ പ്രൊവിൻഷ്യൽ ഓഫീസ്
സിററാഡൽ – മദ്രാസ് 10.

''ബിഷപ്പ് മത്തിയാസിൻെറ പ്രേഷിതചൈതന്യവും, ധീരതയുമാണു് എന്നെ ഏററവും കൂടുതൽ ആകർഷിച്ചതു്. വിശുദ്ധ പൗലോസിനെ മനസ്സിലാക്കുവാൻ അദ്ദേഹം വാസ്തവമായും എന്നെ സഹായിച്ചു. ദൈവരാജ്യത്തിൻെറ വ്യാപന പ്രശ്നത്തിലോ, മാനവ നന്മയ്ക്കായുള്ള പരിയത്നത്തിലോനിന്നു് അദ്ദേഹത്തെ പ്രതിബന്ധിക്കാൻ യാതൊന്നിനും കഴിഞ്ഞിരുന്നില്ല''.

മോൺസിഞ്ഞോർ എമിലേഗ്ലൂറി
കാംബ്രേയിലെ മുൻമെത്രാപ്പോ
ലീത്താ (ഫ്രാൻസ്)

# ഇംഗ്ലീഷ് പതിപ്പിൻെറ മുഖവുര

സ്മരണാർഹനായ എൻെറ മുൻഗാമിയുടെ-പരേതനായ ആർച്ചുബിഷപ്പിൻെറ-ജീവിതവും, പ്രവൃത്തികളും, യഥാർത്ഥത്തിൽ വിശിഷ്ടവും മാതൃകാപരവും ആണെന്നു് അദ്ദേഹത്തെ പരിചയപ്പെടാൻ സാധിച്ചവരെല്ലാംതന്നെ കരുതുന്നുണ്ടു്. ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തു്, ദൈവത്തിനും, സഭയ്ക്കും, മനുഷ്യരാശിക്കും, പ്രത്യേകിച്ച് പാവങ്ങൾക്കും കഷ്ടപ്പെടുന്നവർക്കുംവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ അസാധാരണം എന്നു് പരിഗണിക്കാം. എല്ലായിടത്തും അദ്ദേഹം വിതറിയ ക്രിസ്തുവിൻെറ സ്നേഹസൗരഭ്യവും, എല്ലാവരോടും അദ്ദേഹം പ്രദർശിപ്പിച്ച നന്മയും, ജീവകാരുണ്യവും, യഥാർത്ഥത്തിൽ മാതൃകായോഗ്യം എന്നു് പ്രകീർത്തിക്കപ്പെട്ടിരുന്നു.

തന്നെ അനന്യസാധാരണമായവിധത്തിൽ അനുഗ്രഹിച്ച ദൈവത്തോടുള്ള കൃതജ്ഞതയ്ക്കായി തൻെറ "സ്മരണകൾ" എഴുതാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ദൗർഭാഗ്യവശാൽ അതു പൂർത്തിയാക്കുന്നതിനുമുൻപു് ദിവംഗതനായി. ഒന്നാംവാല്യം മാത്രമേ (1921–1935) പൂർത്തിയാക്കാനും പ്രസിദ്ധപ്പെടുത്താനും സാധിച്ചുള്ളൂ.

ഇററാലിയൻ ഭാഷയിൽ വിരചിതവും, ഇററലിയിൽ അച്ചടിച്ചതുമായ അതു് വായനക്കു് ആകർഷകമാണു്. തങ്ങളുടെ സഭാംഗത്തിൻെറ "സ്മരണ"കളുടെ ശേഷിച്ച ഭാഗങ്ങൾ കൂടി പൂർത്തിയാക്കുന്നതിനു് സലേഷ്യൻസഭയുടെ പ്രമുഖശ്രേഷ്ഠന്മാർ അതീവതൽപരരാണു്. ആസന്നഭാവിയിൽ അവ പ്രകാശിതമാകുമെന്നു് നമുക്കു പ്രത്യാശിക്കാം.

ഇററാലിയൻ ഭാഷയിലുള്ള ആ "സ്മരണകൾ" നമ്മുടെ മിക്ക ആളുകൾക്കും അഗമ്യമായിരിക്കുമെന്നതുകൊണ്ടു് നമ്മുടെ അതിരൂപത, അതിൻെറ ഏററവും മഹാനായ ഇടയനും പിതാവുമായിരുന്ന അദ്ദേഹത്തോടുള്ള ഭക്ത്യാദരവുകൾ അവിച്ഛിന്നം തുടരുന്നതിനു്, അദ്ദേഹത്തിൻെറ ഒരു ജീവചരിത്രമെങ്കിലും പ്രസിദ്ധപ്പെടുത്തുന്നതു് ഏററവും ഉചിതമായിരിക്കുമല്ലോ? ഈ ജീവചരിത്രം ഹ്രസ്വമെങ്കിലും, പ്രിയംകരനായിരുന്ന തങ്ങളുടെ ഇടയനെപ്പററിയുള്ള ഓർമ്മ നമ്മുടെ ആളുകളിൽ സജീവമായി നിലനിർത്തുന്നതിനു് അതു സഹായിച്ചേക്കാം.

ഫാദർ പോറം മോൺഗ്ലർ എസ്. ഡി.ബി. ലിയോൺ, ഫ്രാഡാ ആർച്ച് ബിഷപ്പ് മത്തിയാസിൻെറ ഒരു ഉത്തമസുഹൃത്തായിരുന്നു. രണ്ടുകൊല്ലം മുമ്പ്, അദ്ദേഹം മഹാനായ ഈ വൈദികമേലദ്ധ്യക്ഷൻെറ ജീവചരിത്രം "ഡിലെ ഹിമാലയാ ഔഗോറംഫേള ബംഗാളെ" (ഹിമാലയം തൊട്ട് ബംഗാറം ഉറംക്കടൽവരെ) ഫ്രഞ്ച് ഭാഷയിൽ വിരചിച്ചു. ആകൃതിയെപ്പററിയുള്ള ഏററവും ചാരിതാത്ഥ്യജനകമായ വാത്താശകലം – അതിനു 1971– ജൂൺ 3–ാം തീയതി പാരീസിലെ ഫ്രഞ്ച് അക്കാഡമിയിൽനിന്നു് പ്രൈഡ് ഡാമില്ലീർ (ഡാമില്ലീർ അവാർഡ്) ലഭിച്ചു എന്നതാണ്.

ആ ഫ്രഞ്ചുകൃതിയെ അടിസ്ഥാനമാക്കിയുള്ളതാണ് ഇംഗ്ലീഷിലുള്ള ഈ ജീവചരിത്രത്തിൻെറ ആദ്യഭാഗം. ഈ കൃതിയോടും ഇതിൻെറ കർത്താവായ ഫാദർ പോറം മോൺഗ്ലർ എസ്. ഡി. ബി. യോടും അതിരൂപതയ്ക്കുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ അതിരൂപതയ്ക്ക് ഇതിൻെറ മുൻഇടയനോടുള്ള കൃതജ്ഞതയുടെ ഒരു എളിയ പ്രതീകം മാത്രമാണ് ഈ ചെറിയ ഗ്രന്ഥം. ഇതിനെക്കാറം വലിയ കൃതജ്ഞതാപ്രകടനത്തിനു് അദ്ദേഹം തീർച്ചയായും സമർഹനാകുന്നു. നാമെല്ലാവരും അദ്ദേഹത്തോട് എന്നും കൃതജ്ഞതയുള്ളവരായിരിക്കുകയും, അദ്ദേഹത്തിൻെറ ഓർമ്മ നമ്മുടെ ഹൃദയങ്ങളിൽ സജീവമായി സൂക്ഷിക്കുകയും, കർത്താവിൻെറ മുന്തിരിത്തോട്ടത്തിലെ ഈ ഭാഗത്തു്, കത്താവിൻെറയും അവിടത്തെ ഇടയൻെറയും സേവനത്തിൽ, അപൂർണ്ണമായിട്ടെങ്കിലും അദ്ദേഹത്തിൻെറ കാലടികളെ പിന്തുടരുകയും ചെയ്യുക എന്നതാണ് എൻെറ ആഗ്രഹവും പ്രാത്ഥനയും.

നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, ഇന്ത്യയിലുള്ള ഇതര സഭകളും, പുരുഷന്മാരുടെയും സ്ത്രീകളുടെയും ഭക്തസംഘടനകളും, വിദ്യാർത്ഥികളും ഈ ജീവചരിത്രം സസന്തോഷം സ്വീകരിക്കുമെന്നാണ് എൻെറ ആത്മാർത്ഥമായ വിശ്വാസം.

1971–ജൂൺ–30 — അരുളപ്പാ
ആർച്ച് ബിഷപ്പ്സ്ഹൗസ് — മദ്രാസ് മൈലാപ്പൂർ
സാൻതൊം–മദ്രാസ്-4 — മെത്രാപ്പോലീത്താ

# ഉള്ളടക്കം


1. ദുഃഖത്തിൽ പിറന്നവർ 1
2. സലേഷ്യൻ ഭവനത്തിൽ 6
3. സ്ട്രെച്ചർ വാഹകൻ 12
4. ആസ്സാമിനു് ഒരു നേതവ്വ് 19
5. ഒരു മുദ്രാവാക്യവും കുറെ സ്വപ്നങ്ങളും 25
6. വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയിൽ 31
7. കുരിശിൻെറ നിഴൽ 37
8. പ്രീഫെക്ട് അപ്പസ്തോലിക്കും പ്രൊവിൻഷ്യാളും 43
9. പതിനൊന്നാം പീയൂസ് ഹിമാലയത്തിൻെറ ചെരുവുകളിൽ 51
10. മുന്നോട്ട് മുന്നോട്ട് 56
11. മദ്രാസിൽ 63
12. നല്ല ഇടയൻ 71
13. സഭാവകാശങ്ങളുടെ സംരക്ഷകൻ 88
14. സാമൂഹ്യപ്രവർത്തകൻ 98
15. ശില്പി 106
16. ഐക്യദാഹിയും നയതന്ത്രജ്ഞനും 114
17. ദൈവത്തിൻെറ മനുഷ്യൻ 121
18. വി. പൗലോസ് ശ്ലീഹായുടെ പ്രവർത്തനം 130
19. സഹോദരനും സഹോദരിയും 136
20. നിത്യശാന്തിയിലേയ്ക്ക് 142

അനുബന്ധം

1. ശവക്കല്ലറയിലെ ലിഖിതം 151
2. ചരമ പ്രഭാഷണം 153

3. ആർച്ച ബിഷപ്പ് മത്തിയാസിൻെറ ആത്മീയ പ്രമാണം 161
4. അനുശോചന സന്ദേശങ്ങൾ 165
5. ആർച്ചുബിഷപ്പ് മത്തിയാസിൻെറ രജതജൂബിലി ആഘോഷങ്ങൾ 174
6. പ്രൊലോഗ് 181

## അദ്ധ്യായം 1

# ദുഃഖത്തിൽ പിറന്നവർ

അനുസ്യൂതം വളൎന്നുകൊണ്ടിരിക്കുന്ന ഏകതാനമായ ഒരു ഋജുരേഖപോലെയാണ് മോൺസിഞ്ഞോർ മത്തിയാസിൻെറ മിഷനറിജീവിതവും അദ്ദേഹത്തിൻെറ ചൈതന്യം തുടിക്കുന്ന പ്രേഷിതത്വവും. രോഗിയുടെ കട്ടിൽത്തലയ്ക്കലുള്ള ടെമ്പറേച്ചർ ചാട്ടിലെ ഗ്രാഫിൽ നോക്കി രോഗസ്ഥിതി മനസ്സിലാക്കുന്ന ഒരു ഡോക്ടറെപ്പോലെ നമുക്കദ്ദേഹത്തിൻെറ ബാല്യവും കൗമാരവും അത്തരമൊരു ഗ്രാഫിനോടുപമിച്ചു നോക്കാം.

ബാല്യമെന്ന ഹ്രസ്വമായ കാലം മോൺ. മത്തിയാസിനു ദുഃഖപൂൎണ്ണമായിരുന്നു.

ഭാവിമെത്രാപ്പോലീത്തായുടെ പിതാവായ ജോർജ്ജു ലൂയിസ് മത്തിയാസ് 1862 ഫെബ്രുവരി 6–ാം തീയതി ബാസ്റിനിലെ മിററിൽ ബെർഗീം എന്ന സ്ഥലത്തു ഭൂജാതനായി. തീരെ ചെറുപ്പത്തിലെതന്നെ അദ്ദേഹം നാടുവിട്ട് പാരീസിലെത്തി അവിടെ താമസമുറപ്പിച്ചു. ഹാട്ട്റിനിൽ വച്ചാണ് അദ്ദേഹം മേരിസ്റ്റെലിയെ കണ്ടുമുട്ടിയതും വിവാഹം കഴിച്ചതും. 1862 നവമ്പർ 19–ാംതീയതി ജനിച്ച മേരിസ്റ്റെലിയും അഭിരാമസുന്ദരമായ അൽസാഷ് എന്ന ജന്മനാടുപേക്ഷിച്ച് ഒരു ജോലിതേടി തലസ്ഥാനനഗരത്തിലെത്തിയതായിരുന്നു. അവർ രണ്ടുപേരും ജീവാവസാനംവരെ ക്രിസ്തീയചൈതന്യത്തിൽ മുഴുകി ജീവിച്ചു.

ആ യുവമിഥുനം ആദ്യം താമസിച്ചിരുന്നതു് പാരീസിലെ 18–ാംനമ്പർ ഡിസ്ട്രിക്റ്റിലുള്ള മൗണ്ട്സെനിസിൽ 143–ാംനമ്പർ വീട്ടിലായിരുന്നു. കമ്പാജ്നിഢ നോർഡിൽ ആയിരുന്നു ഭർത്താവിനു ജോലി. ഭാര്യ വീട്ടുകാര്യം നോക്കി. അവിടെവച്ച് 1887 ജൂലൈ 20–ാംനു മേരി ഒരു പുത്രനെ പ്രസവിച്ചു – ലൂയിസ്മേരി. നോട്ടർഡാമിലെ ക്ലിജ്നാകോട്ടി
1. ലുള്ള ഇടവകപ്പള്ളിയിലാണ് നമ്മുടെ ഭാവിമിഷനറി മാമ്മോ

ദീസാ മുങ്ങിയതു്, 1889 ഓഗസ്റ്റ് 12–ാം തീയതി. മാമ്മോദീസാക്കു് ഇത്ര വൈകിയതെന്തെന്നു് നമുക്കത്ഭുതം തോന്നും. കാരണം പറഞ്ഞാൽ, അൽസാഷ് അക്കാലത്തു് ജമ്മൻസാമ്രാജ്യത്തിൻെറ ഭാഗമായിരുന്നതുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രയ്ക്കു് ഒട്ടേറെ നിബന്ധനകളും ചട്ടങ്ങളും നിലവിലിരുന്നു. പോരാഞ്ഞു് കുഞ്ഞിൻെറ തല തൊടാനുള്ള പേരപ്പനും പേരമ്മയും അവരുടെ അസുഖകരമായ ദാമ്പത്യജീവിതം പാരീസിലേക്കു ചെല്ലാൻ അത്ര ധൃതിയൊന്നും കാണിച്ചുമില്ല.

അഞ്ചു കൊല്ലത്തിനുശേഷം 1892 മാച്ച് 19–ാംനു- നമ്പർ 6, പാസ്സേജ് പെനെലിൽവച്ചു് അവർക്കു് രണ്ടാമത്തെ കുട്ടി ജനിച്ചു. ഒരു പെൺകുട്ടി. മാമ്മോദീസാ മുക്കിയപ്പോഠം അവഠംക്കു നല്കിയ പേരു് മൂന്നു നാമങ്ങഠം ചേന്നായിരുന്നു: ജോർജെററി ജീൻ ആഞ്ചെലെ – മുമ്പത്തെപ്പോലെയുള്ള കാലതാമസം ഒഴിവാക്കാനായി അവർ ഒരു തലതൊട്ടപ്പനെ ആ സ്ഥലത്തുനിന്നുതന്നെ തിരഞ്ഞുപിടിച്ചു. ആരാണതെന്നറിയേണ്ടേ? ആ കുഞ്ഞിൻെറ പൊന്നാങ്ങളതന്നെ. ലൂയിസ്! ചെറുക്കനെന്തു സന്തോഷമായിരുന്നെന്നോ അപ്പോഠം.

ആ കുഞ്ഞു ജനിച്ചു് മൂന്നാം കൊല്ലം ആ യുവദമ്പതികഠംക്കു വീണ്ടും പാപ്പിടം മാറേണ്ടിവന്നു. പാരീസിൽനിന്നു് ടൂണിസിലേക്കാണവർ നീങ്ങിയതു്. ടൂണിസിനു് ഒരു നൂറു മൈൽ പടിഞ്ഞാറു് ബേജായിൽ ജോർജ്ജ് മത്തിയാസിനു് ഒരു ജോലി കിട്ടിയിരുന്നു പബ്ലിക്കു് വർക്കു് ഡിപ്പാർട്ടുമെൻറിൽ. പക്ഷെ ഹതവിധി ആ നല്ല മനുഷ്യൻെറ ജീവിതം തട്ടിയെടുത്തുകളഞ്ഞു. 1898 സെപ്ററമ്പറിലെ ചതുർത്ഥിനാഠം സാവൂക് എൽ അർബായിൽ വച്ചായിരുന്നു അദ്ദേഹം മരിച്ചതു്. വെറും മുപ്പത്തിയാറു വയസ്സ്മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ.

വിധവയായിത്തീന്ന ആ പാവപ്പെട്ട അമ്മയും അധികം താമസിയാതെ ഭത്താവിനെ അനുഗമിച്ചു. തൊണ്ണൂററിഒൻപതിൽ, മുപ്പത്തിയേഴാമത്തെ വയസ്സിൽ രോഗബാധിതയായി അവർ വീഴുകയായിരുന്നു. ആ കുഞ്ഞുങ്ങളുടെ ഭാവി അനിശ്ചിതത്വത്തിൻെറ നിഴൽ മൂടിനിന്നു. സ്വരച്ചേച്ചയില്ലാത്ത ബന്ധുക്കളിൽനിന്നും അവർ അകന്നുമാറി താമസിക്കുകയായിരുന്നല്ലൊ. എങ്ങും ഒരാലംബം കാണാനുണ്ടായിരുന്നില്ല. പക്ഷെ അരൂപസ്നേഹിതനായ ദൈവത്തിൻെറ കാരുണ്യം അവക്കു വെളിച്ചം പകരാൻ തൊട്ടടുത്തുണ്ടായിരുന്നു.

മേരിസ്റ്റെലി രോഗിണിയായി കിടന്നിരുന്ന ടൂണിസിലെ ഫ്രഞ്ചു ഹോസ്പിററലിൽ ലൂയിസ് ഡെൽമൺ എന്നു പേ

രുള്ള ഹൃദയാലുവായ ഒരു പുരോഹിതനായിരുന്നു പ്രധാന ചാപ്ലിൻ. മത്തിയാസിന്റെ ആ രണ്ടു കുട്ടികളും നിരാലംബരായിത്തീർന്നു എന്നു ഗ്രഹിച്ച അദ്ദേഹത്തിനു് അവരോടു പ്രത്യേക താല്പര്യം ഉളവായി. അദ്ദേഹം ആൺകുട്ടിയെ ടൂണിസ് നഗരത്തിലെ ഇടവകപ്പള്ളി ഭരിച്ചിരുന്ന സലേഷ്യൻ പുരോഹിതന്മാർക്കു ഭരമേല്പിച്ചു. ജപമാലരാജ്ഞിക്കു സമർപ്പിക്കപ്പെട്ടിരുന്ന ഒരു ഇടവകയായിരുന്നു അതു്. സലേഷ്യൻസന്യാസികളുടെ വകയായ പ്രൈമറിസ്കൂളിലാണു് ടൂണിസിലും പരിസരത്തുമുള്ള കുഞ്ഞുങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം നടന്നുപോന്നിരുന്നതു്. കുട്ടികളധികവും മദ്ധ്യഇററലിയിൽനിന്നുള്ള കുടിയേററക്കാരുടെ സന്തതികളായിരുന്നു.

ലൂയിസിൽ പ്രകടമായ വാസനാവൈഭവവും ജ്ഞാനതൃഷ്ണയും കണ്ടു് ഫാ. ഡെൽമൺ അവനെ ലാമാഴ്സായിലുള്ള പെരെ ഇൻസ്റ്റിററ്യൂട്ടിൽ ചേർത്തു. നഗരത്തിൽനിന്നു പത്തു മൈലകലെയുള്ള ആ സ്ഥാപനത്തിൽ ഒരു ബോർഡിങ്ങ് ഹൗസും ഉണ്ടായിരുന്നു. പെരെ ഇൻസ്റ്റിററ്യൂട്ടും നടത്തിവന്നിരുന്നതു് സലേഷ്യൻ സന്യാസിമാർതന്നെ.

സുന്ദരമായ ഒരു നാട്ടിൻപുറമായിരുന്നു അതു്. വളഞ്ഞുപുളഞ്ഞുപോകുന്ന ചെറിയ തീവണ്ടിയിലിരുന്നു യാത്ര ചെയ്യുമ്പോൾ ചരിത്രപ്രസിദ്ധമായ പൗരാണികനഗരങ്ങളെ അനുസ്മരിപ്പിക്കുന്ന പേരുകളുള്ള കൊച്ചുകൊച്ചു സ്റ്റേഷനുകൾ കടന്നുപോകണം. കാർത്തേജ്, സാലംബൊ, ഹാമിൽകർ, തുടങ്ങിയ സ്ഥലനാമങ്ങൾ. ഒടുവിൽ ചെന്നെത്തുന്നതു് സിദി ബൗസെയ്ദ് എന്ന ഗ്രാമത്തിലായിരിക്കും. കോണുകളില്ലാത്ത ഒരു ക്ഷേത്രഗണിതചിത്രംപോലെ സുന്ദരമായ ആ ദിക്കു് മുഴുവൻ മലകളാണു്. അവ ചവിട്ടിക്കയറുന്ന വിദേശികളോടു് വഴി കാട്ടികൾ സിദിബൗസെയ്ദ് എന്ന രാജാവിന്റെ കഥകൾ പറയാറുണ്ടു്. ആരാണദ്ദേഹമെന്നോ! ഫ്രാൻസിന്റെ നല്ലവനായ ലൂയിസ്‌രാജാവ്. പുണ്യവാനായ ലൂയിസ്.

കുരിശുയുദ്ധങ്ങളിലെ എട്ടാമത്തേതും അവസാനത്തേതുമായ പടയോട്ടത്തിൽ കാർത്തേജിൽ പ്രവേശിച്ചു് അധികം താമസിയാതെ പുണ്യശ്ലോകനായ ആ രാജാവു് പ്ലേഗ് ബാധിതനായി വീഴുകയാണുണ്ടായതു്. ധീരവീരപരാക്രമിയും തികഞ്ഞ മതഭക്തനുമായിരുന്ന ആ പ്രജാധിപനെ മുസ്ലിമുകൾ പോലും ആദരിച്ചിരുന്നു. സൈന്യത്തോടൊപ്പം പ്ലേഗ് ബാധിച്ചു് രാജാവു് ശയ്യാവലംബിയായപ്പോൾ അദ്ദേഹത്തിനു സ്വർഗ്ഗത്തിൽ പ്രവേശനം നിഷേധിക്കുവാൻ അല്ലാഹുവിനു കഴിഞ്ഞില്ലത്രേ—അല്ലാഹു രണ്ടു മാലാഖമാരെ താഴോട്ടയച്ചു് രാജാവിനെ മാനസാന്തരപ്പെടുത്തുകയും ഇസ്ലാമാണു യഥാർത്ഥ മത

മെന്നു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുവത്രേ! അങ്ങനെ ലൂയി ഒൻപതാമൻ ഇസ്ലാമായി മതപരിവത്തനം ചെയ്യുവെന്നും അല്ലാഹുവിൻെറ രാജ്യത്തു് മുഹമ്മദുനബിയുമായി ഒത്തുചേൻവെന്നും മുസ്ലീംജനത വിശ്വസിക്കുന്നു. കുന്നിൻനിറുകയിൽ ഇന്നും ആ ഫ്രഞ്ചുരാജാവിൻെറ ഓർമ്മയ്ക്കായി പണുത ഒരു പഴയ മോസ്ക് കാണാം. അതിനുചുററുമുള്ള നാടിനു് അങ്ങിനെയാണു രാജാവിൻെറ പേർ വീണതും. സിദി ബൗസെയ്ദ് എന്ന ഗ്രാമത്തിനു് ഇന്നു കൈവന്നിരിക്കുന്ന ഐശ്വര്യങ്ങൾക്കു കാരണം മുസ്ലീം തീത്ഥാടകരുടേയും ക്രിസ്ത്യൻ ടൂറിസ്റ്റുകളുടേയും വരവാണു്. രണ്ടു മതസ്ഥരും ഒരുപോലെ ആദരിക്കുന്ന ആ രാജാവു് ഫ്രാൻസുരാജ്യം കണ്ടിട്ടുള്ളതിൽ ഏററവും ദയാലുവും പരമപുണ്യവാനുമായ ഒരു ദേഹമായിരുന്നു.

പെരെ ഇൻസ്റ്റിട്യൂട്ട് സ്ഥിതിചെയ്യുന്നതു് ഈ പ്രസിദ്ധമായ ഗ്രാമത്തിനും കടലോരത്തിനും ഇടയിലെ ഒരു സ്വച്ഛസുന്ദരമായ താഴ്വാരത്തിലാണു്. ഒരു കാർഷിക സ്ഥാപനമായി തുടങ്ങിയതാണെങ്കിലും അതിസുന്ദരമായ ആ സ്ഥലം ഒരു സെക്കൻെററിസ്കൂളായി മാററപ്പെടുകയാണുണ്ടായതു്. 1901-ലെ ഗ്രീഷ്മകാലത്തു് ഫാദർ ഡെൽമൺ തൻെറ വളത്തുമകനെ അയച്ചതു് ഈ സ്കൂളിലേക്കായിരുന്നു. ബാലനായ മത്തിയാസ് തൻെറ ഉള്ളിൻെറ ഉള്ളിൽ കത്തിനിന്നിരുന്ന പ്രേഷിതചൈതന്യത്തിൻെറയും ദൈവവിളിയുടേയും കെടാവെളിച്ചത്തെപ്പററി പതുക്കെപ്പതുക്കെ അറിയുവാൻ ആരംഭിച്ചതും ഇവിടെ വച്ചായിരുന്നു. ഒരു സലേഷ്യൻ വൈദികനായിത്തീരുവാൻ അവൻ ആഗ്രഹിച്ചു.

1903-ൽ, പതിനാറാമത്തെ വയസ്സിൽ, മത്തിയാസ് ലത്തീൻ പഠനത്തിൻെറ അഞ്ചാംകൊല്ലം പൂത്തിയാക്കി. ഈ സമയത്തു് വിദ്യാത്ഥിജീവിതം തുടൻകൊണ്ടുതന്നെ സലേഷ്യൻ നൊവിഷ്യേററിൽ ചേരുവാൻ മത്തിയാസിനു് അനുവാദം ലഭിക്കുകയുണ്ടായി. ഔപചാരികമായി അപേക്ഷ അയച്ചിട്ടു് അയാൾ കാത്തിരുന്നു. പക്ഷെ ഫ്രാൻസിൽ കോമ്പസിൻെറ മതമദ്ദനകാലമായിരുന്നു അപ്പോൾ. മതപ്രവത്തനങ്ങൾ നിരോധിക്കപ്പെട്ടു. സ്വതവെ ശാന്തരായ ചാർട്ടുക്സ് സഭാംഗങ്ങൾപോലും പുറത്താക്കപ്പെട്ടു. സ്കൂളുകളുപേക്ഷിച്ച് നാടുവിടുകയേ നിവൃത്തിയുണ്ടായിരുന്നുള്ളു സെമ്മിനാരിനിവാസികൾക്കു്.

ടൂണീസിയായ്ക്കു് ഇററലിയുമായി പ്രത്യേകിച്ച് സിസിലിയുമായി അഗാധമായ ബന്ധമുണ്ടായിരുന്നതുകൊണ്ടു് കൊച്ചുമത്തിയാസിനെ അവൻെറ മേലധികാരികൾ സാൻഗ്രീഗോരിയോയിലെ സലേഷ്യൻ നൊവിഷ്യേററിലേക്കു് അയച്ചു.

കററാനിയായിൽനിന്നു് എട്ടുമൈൽ അകലമുണ്ടു് സാൻഗ്രിഗോരിയോയിലേക്കു്.

മത്തിയാസിൻെറ കൊച്ചുപെങ്ങൾ ജോർജെററിയെ ആദ്യം സംരക്ഷിച്ചുവന്നതു് ഫ്രാൻസിസ്കൻ മിഷനറിമാരാണു്. അവർ പിന്നീടു് അവിടെനിന്നു ക്രിസ്ത്യാനികളുടെ സഹായമായ മേരിയുടെ നാമത്തിലുള്ള സലേഷ്യൻ കന്യകമാരുടെ ഭവനത്തിലേക്കു് അയയ്ക്കപ്പെട്ടു.

വിദൂരസ്ഥലത്തുനിന്നും ലൂയിസ് തൻെറ "പ്രിയപ്പെട്ടവനും അവിസ്മരണീയനുമായ" ടൂണിസിലെ ദാനകർമ്മിക്കു് തുടർച്ചയായി കത്തുകളെഴുതിയിരുന്നു. ഫാദർ ഡെൽമനും ലൂയിക്കും പരസ്പരം കാണാൻ പലപല അവസരങ്ങളും ലഭിക്കയും ചെയ്തു. അവർ അവസാനമായി കണ്ടുമുട്ടിയതു് 1930-ൽ മിച്ചിയിലെ മിഷനറി ഹൗസിൽ വച്ചാണു്. ഫ്രഞ്ചു് ആശുപത്രിയിലെ ആ മുൻചാപ്പിനച്ചൻ അപ്പോൾ കാർത്തേജ് ഭദ്രാസനപ്പള്ളിയിൽ ററിററുലർ കാനോൺ എന്ന ഔദ്യോഗികസ്ഥാനമേററു് അവിടെയെത്തിയതായിരുന്നു. മോൺസിഞ്ഞോർ എന്ന പദവിയും അതിൻെറതായ സ്ഥാനചിഹ്നങ്ങളും ഉപയോഗിക്കുവാനുള്ള അധികാരം അദ്ദേഹത്തിനു പിന്നീടു് ലഭിക്കുകയുണ്ടായി. പിൽകാലത്തു് 1922-ൽ ലൂയിസ് ആസ്സാമിലെ പ്രിഫക്ററു് അപ്പോസ്റ്റലിക് ആയി നിയമിതനാവുകയും മോൺസിഞ്ഞോർ എന്നു വിളിക്കപ്പെടുകയും ചെയ്തപ്പോൾ അവർ രണ്ടാൾക്കും പരസ്പരം അഭിനന്ദിക്കുവാനുള്ള അവസരമുണ്ടായതു് ഇവിടെ സ്മർത്തവ്യമാണു്.

മോൺ. മത്തിയാസിനെ ഷില്ലോങ്ങിലെ മെത്രാനായി നിയമിച്ചുകൊണ്ടു് റോമിൽനിന്നു പ്രഖ്യാപനമുണ്ടായപ്പോൾ അതു ശ്രവിക്കാൻ പരമപുണ്യവാനായ ആ ചാപ്പിനച്ചൻ ജീവിച്ചിരിപ്പുണ്ടായിരുന്നില്ല. അദ്ദേഹം മരിച്ചതു് 1932 ഓഗസ്റ്റു് 1-ാം തീയതിയും മത്തിയാസിൻെറ മെത്രാഭിഷേക പ്രഖ്യാപനം ഉണ്ടായതു് 1934 നവംബറിലും ആയിരുന്നു.

അദ്ധ്യായം 2

# സലേഷ്യൻ ഭവനത്തിൽ

ആശ്രമജീവിതകാലത്തിൽ പഠനത്തിനു് അനുപേക്ഷണീയമായ സ്ഥാനം നല്ലേണ്ടതാണു്. എന്നാൽ അക്കാലത്തു് കലാലയവിദ്യാഭ്യാസം സന്യാസികൾക്ക അത്യാവശ്യമാണെന്ന ചിന്താഗതി മിക്കവെക്കും ഇല്ലായിരുന്നു. തത്വശാസ്ത്രത്തിലോ ദൈവശാസ്ത്രത്തിലോ ഉള്ള ഉയർന്ന വിദ്യാഭ്യാസയോഗ്യത ഒരു മിഷനറിക്ക ഉണ്ടായേ തീരൂ എന്നാരും കരുതിയിരുന്നില്ലതാനും. പക്ഷെ മത്തിയാസിൻെറ യൗവനകാലത്തെ നീണ്ട എട്ടു വർഷങ്ങൾ സമഗ്രമായ പഠനങ്ങൾക്കവേണ്ടി അദ്ദേഹം ചെലവഴിച്ചു. ആശ്രമത്തിൽ ശെമ്മാശനും പുറത്തു് ഒരു സാധാരണ വിദ്യാൎത്ഥിയുമായിരുന്നു അദ്ദേഹം ഏകകാലത്തു്. പുരോഹിതനാവുംമുമ്പേ അതിനുള്ള തയാറെടുപ്പിൽ സൎവ്വകലാശാലാവിഷയങ്ങൾക്കൊപ്പംതന്നെ ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും അവഗാഢമായ അറിവുനേടാൻ മത്തിയാസ് കിണഞ്ഞു ശ്രമിച്ചു.

ഔപചാരികമായി അദ്ദേഹം ആശ്രമവാസിയാകുന്നതു് 1904 ജാനുവരി 4–ാംനു ആണു്. സാൻഗ്രിഗോരിയോയിൽ വച്ചു ഫെബ്രുവരി 14–ാം തീയതി അദ്ദേഹം സന്യാസവേഷമണിഞ്ഞു. ആ സന്ദർഭത്തിൽ അദ്ദേഹം തൻെറ സുപ്പീരിയറച്ചൻെറ താഴെക്കാണുന്ന ഉപദേശശകലം ഡയറിയിൽ കുറിച്ചിടുകയുണ്ടായി. ''ആദ്ധ്യാത്മികജീവിതത്തോടു് വിശ്വസ്തത പുലൎത്തുക, ഡോൺബോസ്കോയെ സ്നേഹിക്കുക, മാർപ്പാപ്പായോടു് വിധേയത്വം ഉണ്ടായിരിക്കുക.'' ആ ത്രിമാന വാക്യങ്ങളായിരുന്നു മത്തിയാസിൻെറ ജീവിതത്തിൻെറ വേദവും ലക്ഷ്യവും എന്നു നമുക്ക പറയാം.

1905 മേയ് മാസം 8–ാം തീയതി സലേഷ്യൻസഭാനിയമമനുസരിച്ചു് ലൂയിസ് മേരി മത്തിയാസ് 'ദാരിദ്ര്യം, ശുദ്ധത, അനുസരണ എന്നീ സ്വൎഗ്ഗീയമായ വാഗ്ദാനം നാവുകൊണ്ടുച്ചരിച്ചു. മൂന്നു കൊല്ലമായിരുന്നു അതിൻെറ കാലാവധി.

ഒരു കൊല്ലക്കാലംകൂടി അദ്ദേഹം സാൻഗ്രിഗോറിയോയിൽ കഴിച്ചുകൂട്ടുകയും 1906-ൽ പ്രാഥമികപഠനം പൂർത്തിയാക്കിയതിനുശേഷം തത്വശാസ്ത്രം പഠിക്കുവാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിനപ്പോൾ പത്തൊൻപതു വയസ്സ് പ്രായമുണ്ടായിരുന്നു. കുട്ടികളുടെ മേൽനോട്ടം വഹിക്കുവാനുള്ള ശേഷിയുണ്ടെന്നു ബോധ്യമായപ്പോൾ മേലധികാരികൾ അദ്ദേഹത്തെ എററ്നാ മലഞ്ചെരുവുകളിലുള്ള പെഡാറായിലെ വി. ഔസേപ്പു പിതാവിൻെറ നാമത്തിൽ സ്ഥാപിതമായ സലേഷ്യൻ സ്ഥാപനത്തിലേക്കയച്ചു.

അദ്ദേഹത്തിൻെറ വ്യക്തിപരമായ കാര്യങ്ങൾ രേഖപ്പെടുത്തുന്ന കാർഡിൽ പക്വതയുള്ള ആ ചെറുപ്പക്കാരനെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു. "അസിസ്റ്റൻറ്-ഫ്രഞ്ചു്, കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം ഇവ പഠിപ്പിക്കുന്ന അദ്ധ്യാപകൻ." യുവാവായ ലൂയിസ് അവസരത്തിനൊത്തുയരുകയും അസാധാരണമായ തൻെറ മനസ്സാന്നിദ്ധ്യത്തിന് അവിടം ഒരു നല്ല പ്രകടനവേദിയാക്കുകയും ചെയ്തു. ആ ഇളയസംഘത്തിന് ആത്മാവായിത്തീർന്നു ആ നവാഗതൻ. ഉടനുത്തരം നല്കുന്ന ധിഷണാശാലി; ആരെയും തന്നിലേക്കാകർഷിക്കുന്ന അനുപമമായ വ്യക്തിത്വം—അവയായിരുന്നു ജീവിതം മുഴുവനും മത്തിയാസിൻെറ സ്ഥായിയായ പ്രത്യേകതകൾ. അദ്ദേഹത്തിൻെറ രസകരമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്കു പ്രിയംകരമായിരുന്നു. നാടകങ്ങൾ അവതരിപ്പിക്കുന്നതിലും ദേവാലയ ഗായകസംഘത്തെ പരിശീലിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേക താല്പര്യമെടുത്തു. കുട്ടികൾക്കിടയിൽ അങ്ങിനെ അദ്ദേഹം ഒരു ഇഷ്ടതാരമായി മാറി. രണ്ടുകൊല്ലംകഴിഞ്ഞു് കലാബ്രിയായിലേക്കു പോകുവാൻ അദ്ദേഹത്തിന് ആജ്ഞ ലഭിച്ചപ്പോൾ ആ യുവസ്നേഹിതരുടെ മുഖങ്ങളിൽ മ്ലാനത പുരണ്ടു. പക്ഷെ, വീണ്ടും, 1920 ഒക്ടോബറിൽ ഫാ. മത്തിയാസ് പെഡാറായിലേക്കു മടങ്ങിവരികയായി. ഹൊ, അന്നു് അദ്ദേഹത്തിൻെറ പൂർവ്വവിദ്യാർത്ഥികൾ നൽകിയ ആ സ്വീകരണം! ഹൃദയാവർജ്ജകമായിരുന്നു അതു്. വാസ്തവത്തിൽ ഒരു മിഷനറിയായി അദ്ദേഹം ജീവിതമാരംഭിച്ചപ്പോഴും പിന്നീട് ആർച്ച് ബിഷപ്പായപ്പോഴും ഇടയ്ക്കിടെ പെഡാറായിൽ ചെന്നിരുന്ന അവസരങ്ങളിലെല്ലാം അദ്ദേഹത്തിനു ലഭിച്ച സ്വീകരണങ്ങൾ സ്നേഹനിർഭരങ്ങളായിരുന്നു, എന്നും.

തെക്കെ ഇററലിയുടെ തുമ്പത്തു കിടക്കുന്ന ഒരു പർവ്വതപ്രദേശമാണ് റിജിയോഡി കലാബ്രിയാ. 1898-ൽ ഡോൺ ബോസ്കോയുടെ ആത്മീയമക്കൾ സാധുക്കൾക്കുവേണ്ടി അവിടൊരു ഭവനം പണുതുയർത്തിയിരുന്നു. അവികസിതപ്രദേശമായ അവിടത്തെ ദൈവവിളിയുള്ള ചെറുപ്പക്കാരുടെ കാര്യ

ങ്ങാം നോക്കുന്നതിനു പ്രത്യേകമായ സൂക്ഷ്മതയും ത്യാഗമന സ്ഥിതിയും ആവശ്യമായിരുന്നു. ആ ജോലിക്കു് മേലധികാരികാം കണ്ടതു് മത്തിയാസിനെയല്ലാതെ മററാരെയും ആയിരുന്നില്ല. അങ്ങനെ 1908–ലെ വസന്തകാലാന്ത്യത്തിൽ പെഡാറായിലെ ചെറുപ്പക്കാരനായ ആ അധ്യാപകൻ ബോവാമരിയാനായിലെ അമലോത്ഭവമാതാവിൻെറ നാമത്തിലുള്ള സലേഷ്യൻ ഭവനത്തിലേക്കു യാത്രയായി. ഗ്രാമീണതയുടെ ഒത്തനടുവിലാണദ്ദേഹം ചെന്നെത്തുപെട്ടതു്. അദ്ദേഹത്തിനു പുതിയ ജോലി വളരെ ഇഷ്ടമായി. അതു ബുദ്ധിപരമായ പ്രവർത്തനത്തിനൊരു ഒന്നാന്തരം വേദിയായിരുന്നിട്ടുകൂടി കലാലയവിദ്യാഭ്യാസം ഉപേക്ഷിക്കുവാൻ അദ്ദേഹത്തിനൊരു വിഷമവും തോന്നിയില്ല. പുതിയ ജോലിക്കു വിളിക്കപ്പെട്ടപ്പോഠം അദ്ദേഹം ആനന്ദിച്ചു. കാരണം ഫാദർ മത്തിയാസ് എന്നും പ്രയത്നമിഷ്ടപ്പെട്ടിരുന്നു. ഭാവിയിൽ ഒരു മിഷനറിയായിത്തീരുമെന്നതിനെപ്പററി അദ്ദേഹം ബോധവാനായിരുന്നോ എന്നു് ആക്കും സംശയം തോന്നാം. പക്ഷെ ഒരു പ്രേഷിതൻെറയും ഒരു പുരോഹിതൻെറയും സത്യമായ ദീപം അദ്ദേഹത്തിൻെറ ഉള്ളിൽ നിരന്തരം എരിഞ്ഞുകൊണ്ടിരുന്നു.

1908 മുതൽ 1911 വരെയുള്ള ദുരിതപൂർണ്ണമായ ആ കാലഘട്ടത്തിൽത്തന്നെ തൻെറ ജീവിതം അദ്ധ്വാനിക്കുന്നവക്കും നയിക്കാനാളില്ലാത്ത യുവാക്കഠംക്കുമായി ഉഴിഞ്ഞുവയ്ക്കുവാൻ അദ്ദേഹം തീരുമാനിച്ചിരുന്നു. അതിവെളുപ്പിനെ ഉണരുകയും നേരം വളരെ ഇരുട്ടുമ്പോഠം ഉറങ്ങാൻ പോവുകയും ചെയ്തിരുന്ന അദ്ദേഹം എന്നും ഏതുനേരത്തും ഏതു ജോലിയും ചെയ്യാൻ സന്നദ്ധനായിരുന്നു. അന്നദ്ദേഹം ഒരു പുരോഹിതനായിരുന്നില്ല. എങ്കിൽക്കൂടി ഇൻസ്റ്റിററ്യൂട്ടിൽ വന്നിരുന്ന നൂറുകണക്കിനു യുവാക്കഠംക്കു മതപാഠങ്ങാം പറഞ്ഞുകൊടുക്കാൻ അദ്ദേഹം നേരം കണ്ടെത്തി. പഠിപ്പിക്കുവാനുള്ളതു ശ്രദ്ധാപൂർവ്വം നേരത്തെ തയാറാക്കിയാണദ്ദേഹം വേദപാഠക്ലാസ്സിൽ പോവുക. കുട്ടികാം പഠിക്കുന്നതിൽ ഉത്സുകരുമായിരുന്നു. കഥകാം പറയുന്നതിൽ അദ്ദേഹത്തെ ജയിക്കാൻ ആരുമുണ്ടായിരുന്നില്ല. ഡോൺബോസ്കോയെപ്പോലെ, സന്തോഷത്തോടെ ദൈവത്തെ സ്നേഹിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ തത്വശാസ്ത്രം. പ്രസന്നത ആ മുഖത്തിൻെറ കൂടപ്പിറപ്പായിരുന്നു. ഇടയ്ക്കിടെ പൊട്ടിക്കുന്ന ഫലിതങ്ങളും സുന്ദരമായ ഉപമകളുംകൊണ്ടു് സ്വതേ ബോറടിക്കുന്ന അതേസമയം ഗഹനമായ ക്രൈസ്തവ ജീവിതതത്വങ്ങാം അദ്ദേഹം കേഠംവിക്കാക്കു വിളമ്പിക്കൊടുത്തു. അന്നൊക്കെ ചോദ്യോത്തരരീതിയിലായിരുന്നു വേദപാഠങ്ങാം. ഒരുതരം അടിച്ചേല്പിക്കൽ രീതിയായി ചെറുപ്പക്കാർ ആ മതപഠനരീതിയെ കണ്ടുപോന്നതിൽ അത്ഭുതപ്പെട്ടിട്ടു കാര്യമില്ല. കളിസമയത്തു തങ്ങളുടെ നടുവിൽ ഉല്ലാസ

PALACKAL ... KENDRAM LIBRARY
10023

വാനായ മത്തിയാസിൻെറ സാന്നിദ്ധ്യം അവരിഷ്ടപ്പെട്ടു. അദ്ദേഹത്തിനു ചെറിയ കൺകെട്ടുവിദ്യകളൊക്കെ അറിയാമായിരുന്നു. കുട്ടികൾ വാപൊളിച്ചുപോകുന്ന കൊച്ചുകൊച്ചു മാജിക്കുവേലകൾ. അങ്ങിനെയങ്ങിനെ ദിവസം അവസാനിക്കുകയായി. പുൽത്തകിടിയിൽ സന്ധ്യാസൂര്യൻെറ സ്വർണ്ണ വെളിച്ചത്തിൽ അവർ ഒന്നിച്ചുകൂടിനിന്നു് ഏതെങ്കിലും ഇററാലിയൻ നാടോടിഗാനം ആലപിക്കുകയായി.

പള്ളിയിലും സ്റ്റേജിലും പാടാനുള്ള ഗായകരെ ഒരുക്കിയിരുന്നതു് ബ്രദർ മത്തിയാസായിരുന്നു. സംവിധായകൻെറ നിദ്ദേശകദണ്ഡു് ഉയർത്തിയും താഴ്ത്തിയും സ്റ്റേജിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹം ഒരൊന്നാംതരം നാടകരചയിതാവുകൂടിയായിരുന്നു. മാസങ്ങളോളം നീണ്ടുനില്ക്കുന്ന തയാറെടുപ്പിനുശേഷമാണദ്ദേഹം ഒരു നാടകം പൂർത്തിയാക്കുക.

ദിവസം അവസാനിക്കുമ്പോൾ കൊച്ചുകുഞ്ഞുങ്ങൾ താന്താങ്ങളുടെ വീടുകളിലേക്കു പോകും. പിന്നെ കൗമാരപ്രായക്കാരുടെ കാര്യം നോക്കണം. പുറകേ അവരുടെ മാതാപിതാക്കളും അദ്ദേഹത്തെ ഓരോ കാര്യങ്ങൾക്കായി സമീപിക്കുകയായി. അങ്ങിനെ പാതിരാവുവരെ അദ്ദേഹം തിരക്കിലായിരിക്കും. ഒരിക്കലും പിണങ്ങാതെ, സദാ പുഞ്ചിരിച്ചുകൊണ്ടു് അദ്ദേഹമവരുടെ ദുഃഖത്തിലും ആഹ്ലാദത്തിലും പങ്കുചേന്നു. അദ്ദേഹത്തിനു കിട്ടിയിരുന്ന പരാതികളുടെ ഒരു സാമ്പിൾ താഴെ കൊടുക്കുന്നു.

ഒരു സന്ധ്യക്കു് മാന്യനായ ഒരു വൃദ്ധൻ അദ്ദേഹത്തോടു സംസാരിക്കുകയായിരുന്നു. വൃദ്ധൻ ഒരു നല്ല ഇടവകക്കാരനും ഇൻസ്റ്റിററ്യൂട്ടിൻെറ ഒരു സുഹൃത്തുമായിരുന്നു. അദ്ദേഹം പറഞ്ഞു: "ബ്രദർ, നിങ്ങൾ വാസ്തവമായും ഒരത്ഭുതപുരുഷൻതന്നെയാണു്. നിങ്ങൾ വന്നതിൽപിന്നെ ഈ ഇടവക ആകപ്പാടെ മാറിയിരിക്കുന്നു. നിങ്ങൾ എന്തു പ്രവർത്തിച്ചാലും അതൊരിക്കലും പരാജയമാകാറില്ല. കായികവിനോദങ്ങൾ, പള്ളിപ്പാട്ടുകൾ, നാടകം—നിങ്ങൾ തൊടാത്ത കാര്യങ്ങളൊന്നുമില്ല. പോരാഞ്ഞു് നിങ്ങൾ ആൾ എത്ര സുന്ദരനുമാണു്! നിങ്ങളെപ്പോലുള്ളവർ ബിസിനസിനിറങ്ങണം. അടിക്കടി കയററമായിരിക്കും."

"അതെപ്പററി ഞാൻ ചിന്തിച്ചിട്ടേയില്ല" ആ സലേഷ്യൻ സഹോദരൻ പറഞ്ഞു. അദ്ദേഹം ആ വാക്കുകൾ കേട്ടു് അമ്പരന്നിരുന്നില്ല.

"അല്ല, ഞാൻ പറകയായിരുന്നു. ബ്രദർ ഈ സെമ്മിനാരിവിട്ടു് ഇറങ്ങിപ്പോവുകയാണെങ്കിൽ ഞാൻ നിങ്ങൾക്കു

സമ്മാനം രണ്ടാണു തരാൻ പോകുന്നതു്. ഒന്നു് എൻെറ കൊച്ചുമോളാ–പെണ്ണു് അപാരസുന്ദരിയാണു കേട്ടോ. രണ്ടു്, സ്ത്രീധനമായി ഒന്നാന്തരമൊരു തുക. എന്തു പറയുന്നു?

"നന്ദിയുണ്ടു് വല്ല്യപ്പാ" യാതൊരു നീരസവും പ്രകടിപ്പിക്കാതെ ബ്രദർ മത്തിയാസ് പറഞ്ഞു. "തല്ക്കാലം എനിക്കു വേറെ കാര്യങ്ങളാണു മനസ്സിലുള്ളതു്." കൂടുതൽ സംസാരിക്കാതെ അദ്ദേഹം അവിടെനിന്നു് പോയി. ബ്രദറിനെ ക്കാത്തു് കുട്ടികൾ നില്പുണ്ടായിരുന്നു.

കാലം കടന്നുപോയി. ബ്രദർ മത്തിയാസിനു് ഇരുപത്തിരണ്ടു വയസ്സ് പൂർത്തിയായി. അദ്ദേഹത്തിനു് തൻെറ ദൈവശാസ്ത്രപഠനം മുഴമിപ്പിക്കേണ്ടിയിരുന്നു. 1909–ൽ, ഉറക്കമിളച്ചിരുന്നു ജോലിചെയ്യുന്ന ശീലത്തിനു ഭംഗംവരുത്താതെ, കിട്ടുന്ന ഒഴിവുസമയമുപയോഗിച്ചു് അമലോത്ഭവഭവനത്തിൽവച്ചുതന്നെ അദ്ദേഹം ദൈവശാസ്ത്രപഠനം ആരംഭിച്ചു. മേൽനോട്ടത്തിനായി മേലധികാരികൾ നിയോഗിച്ച ഒരദ്ധ്യാപകൻെറ സഹായം അദ്ദേഹത്തിനുണ്ടായിരുന്നു.

രണ്ടു കൊല്ലങ്ങൾക്കശേഷം അദ്ദേഹത്തിൻെറ ചെറിയ പട്ടങ്ങളെക്കുറിച്ചുള്ള പ്രശ്നങ്ങൾ പൊന്തിവന്നു. ചട്ടപ്രകാരം അദ്ദേഹം ഒരു സെമിനാരിയിൽ സാധാരണ രീതിയിൽ താമസിക്കേണ്ടിയിരുന്നു. അക്കാരണത്താൽ 1911–ൽ പീഡ്മോണ്ടിലുള്ള ഫോളിസോ എന്ന സ്ഥലത്തേക്കു് മത്തിയാസ് അയയ്ക്കപ്പെട്ടു. അവിടെ ഒരു ദൈവശാസ്ത്ര പാഠശാലയുണ്ടു്.

പഠനത്തിൽ അദ്ദേഹം നിസ്തുലപ്രതിഭ പ്രകടമാക്കുകയും ടൂറിൻ യൂണിവേഴ്സിററിയിൽനിന്നു് ദൈവശാസ്ത്രത്തിൽ ഡോക്ടറേററ് അനായാസേന കരസ്ഥമാക്കുകയും ചെയ്തു. ഗ്രിഗോറിയൻ ഗീതങ്ങളെപ്പററി പ്രത്യേകപഠനം നടത്തുവാനായി അദ്ദേഹത്തെ പിന്നീടു് റോമിലുള്ള സെൻറ് സിസിലിയാ സ്കൂളിലേക്കു് അയയ്ക്കുകയുണ്ടായി. പട്ടത്തിനു പ്രാരംഭമായ ശിരോമുണ്ഡനവും പ്രാഥമികപദവികളും വിദ്യാർത്ഥിജീവിതത്തിൻെറ ഒന്നാംകൊല്ലത്തിൽതന്നെയാണു് അദ്ദേഹത്തിനു ലഭിച്ചതു്. അതായതു് 1911–ൽ. 1912–ൽ അദ്ദേഹം സബ്ഡീക്കനാവുകയും 1913–ൽ ഡീക്കനാവുകയും, അതേവർഷം ജൂലൈ 20–ാം തീയതി തൻെറ ജന്മദിനത്തിൽതന്നെ പൗരോഹിത്യപദവിയിലേക്കു് ഉയർത്തപ്പെടുകയും ചെയ്തു.

അദ്ദേഹത്തിനു മാതാപിതാക്കന്മാരോ ഉററ ബന്ധുക്കളോ ഇല്ലായിരുന്നുവെങ്കിലും അകന്ന ചാർച്ചക്കാർ അദ്ദേഹത്തെ സ്ട്രാസ്ബർഗിൽ കാത്തിരുപ്പുണ്ടായിരുന്നു. നമ്മുടെ നവ

വൈദികൻ അവരുടെ സ്വീകരണത്തിൽ പങ്കെടുക്കുവാൻ അൽസേഷിലെത്തി. ഒപ്പം മററു നവവൈദികരുമുണ്ടായിരുന്നു. നീദെർ ബ്രോൺസിസ്റ്റേഴ്സിൻെറവക ചാപ്പലിലായിരുന്നു ഹൃദയാവജ്ജകമായ സ്വീകരണകമ്മങ്ങറം നടന്നതു്.

1914–ൽ അദ്ദേഹം സാൻഗ്രിഗോറിയോ തിയോളജിയേററിൽ പ്രൊഫസറായി നിയമിക്കപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിൻെറ ആരംഭമായിരുന്നു അക്കൊല്ലം. ഇതുവരെ ഫ്രാൻസുമായിചേരാൻ മടിക്കാതെ നില്ക്കുകയായിരുന്നു ഇററലി. യുദ്ധം സംഗതികറം ആകെ അവതാളത്തിലാക്കി. കാര്യങ്ങളുടെ ഗതി നിരീക്ഷിച്ചുകൊണ്ടു് പ്രൊഫസറുദ്യോഗത്തിൽ തുടന്നിരിക്കുവാനാണു് ഫാദർ മത്തിയാസിനു കിട്ടിയ നിർദ്ദേശം. അദ്ദേഹം അതു് അനുസരിച്ചു. പിറേറക്കൊല്ലം സ്വദേശത്തേക്കു പോയി തൻെറ പ്രിയപ്പെട്ട ളോഹക്കു പകരം മിലിട്ടറി യൂണിഫോറമണിഞ്ഞപ്പോറം ഹൃദയം ആയിരം ചിന്തകറംകൊണ്ടു് കുരുങ്ങി. താൻ ചെയ്യുന്നതു ശരിയാണോ തെററാണോ എന്നു തീരുമാനിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പക്ഷെ അദ്ദേഹം യുദ്ധമുന്നണിയിലേക്കു പായുകയായി. പിന്നെപ്പിന്നെ കലുഷമായ വിചാരങ്ങറം കെട്ടടങ്ങുകയും സ്ഥായിയായ ജീവിതാവബോധം യുദ്ധരംഗത്തു് അദ്ദേഹം പ്രകടമാക്കുകയും ചെയ്തു.

## അദ്ധ്യായം 3

# സ്ട്രെച്ചർ വാഹകൻ

ഗ്രെനോബിളിലെ മുന്നണിയിൽ ഫാദർ മത്തിയാസെന്ന പുരോഹിതൻ ഹാജരായപ്പോൾ അധികാരികൾ അദ്ദേഹത്തെ മെഡിക്കൽ വിഭാഗത്തിലാണു നിയമിച്ചതു്. 140–ാം ഫ്രെഞ്ച്കാലാൾസമൂഹത്തിലെ സ്ട്രെച്ചർ വാഹകനായി അദ്ദേഹം ജോലി ആരംഭിച്ചു. പക്ഷെ താമസിയാതെതന്നെ അദ്ദേഹത്തിനു മുന്നണിയിലേക്കു പോകേണ്ടിവന്നു. ദൈവം തന്നെ ഭരമേല്പിച്ച ഒരു വിശാലമായ ഇടവകയെന്നപോലെയാണു മുന്നണിയിലെ പടയാളികളെ അദ്ദേഹം കണ്ടതു്. ഇററലിയിലെപ്പോലെ ഇവിടെയും ഓരോ സൈനികനിലും പ്രത്യേകമായ ശ്രദ്ധ കാണിക്കുവാൻ അദ്ദേഹം ശ്രമിച്ചു. ഈ തിരക്കിനിടയിൽപോലും വ്ലീൽസ് എന്ന സ്ഥലത്തു് ഒരു ലൈബ്രറിയുണ്ടാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. പടയാളികളിൽ നിന്നു തെരഞ്ഞെടുക്കപ്പെട്ടവർ ഉൾപ്പെട്ട ഒരു ഗായകസംഘത്തെയും ഒരു നാടകഗ്രൂപ്പിനെയും ബാരക്കുകളിൽ സംഘടിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അവധിദിവസങ്ങളിൽ സിനിമാപ്രദർശനങ്ങൾ നടത്തി പടയാളികൾക്കു് ഉല്ലാസം പകരുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. യുദ്ധരംഗത്തു് അദ്ദേഹത്തോടൊപ്പം ഉണ്ടായിരിക്കുകയും അദ്ദേഹത്തെപ്പോലെതന്നെ പിന്നീടു് ആർച്ചുബിഷപ്പായിത്തീരുകയും ചെയ്ത മോൺസിഞ്ഞോർ ഗെറി ആ പടയണിജീവിതത്തെപ്പററി ഇങ്ങനെ വിവരിക്കുന്നു:

"1914 മുതൽ പ്രിയപ്പെട്ട മോൺസിഞ്ഞോർ മത്തിയാസും ഞാനും തമ്മിലുള്ള ദൃഢവും അഭേദ്യവുമായ ബന്ധത്തെപ്പററി നിങ്ങൾക്കറിയാം. കൗൺസിലിൽ സംബന്ധിക്കുവാൻവേണ്ടി റോമിൽവച്ചു ഞങ്ങൾ വഷങ്ങൾക്കുശേഷം കണ്ടുമുട്ടുകയുണ്ടായി. തൊട്ടടുത്തിരിക്കുവാനും പരസ്പരം ഒന്നോ രണ്ടോ വാക്കുകൾ പറയുവാനും എല്ലാ ദിവസവുംതന്നെ ഞങ്ങൾക്കു സാധിച്ചിരുന്നു. മരണത്തിനുമുമ്പു ദയാവാത്സ്യോടെ അദ്ദേഹം എനിക്കു് എഴുതുകയുണ്ടായി.

വാസ്തവത്തിൽ ഞാനദ്ദേഹത്തെ ആദ്യം കണ്ടുമുട്ടിയതു് 1914–ൽ 140–ാംനമ്പർ ഇൻഫൻററി റെജിമെൻറിൽവച്ചാണു്. ഞാനപ്പോൾ അവിടെ ചേൻതേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങളുടെ

താവളം വെർഡൻ സെക്ടറിലായിരുന്നു. അതിപ്രധാനങ്ങളും അപകടപൂർണ്ണങ്ങളുമായ ചില പ്രത്യേക ദൗത്യങ്ങൾ നിർവഹിക്കേണ്ടിയിരുന്നതുകൊണ്ട് കുറെ മാസങ്ങൾ ഞങ്ങൾ വെർഡനിൽതന്നെ തങ്ങേണ്ടിവന്നു. മിലിട്ടറി ഹോസ്പിററലിലെ സ്ട്രെച്ചർ വലിക്കാരനായിട്ടാണ് ഫാ. മത്തിയാസ് ജോലി ചെയ്തിരുന്നതു്. സൗമോണ്ട്; വൗസ്; ലെസ്എപ്പാർഗസ്; ലാ കായിററി; ബോസ് – ഫൂമിൻ ഇവയൊക്കെയായിരുന്നു യുദ്ധക്കളങ്ങൾ. യുദ്ധം തീരുവോളം ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നു. അന്ന് അദ്ദേഹം കാണിച്ചിരുന്ന വിപദിധൈര്യത്തെപ്പററി പ്രശംസിക്കാൻ എനിക്കു വാക്കുകളില്ല. മുറിവേററവരെ രക്ഷിക്കുവാൻ അപകടത്തിൻെറ നടുവിലേക്കോടിച്ചെല്ലുന്ന ആ കരുണാമയനെ പടയാളികളെല്ലാം അങ്ങേയററം സ്നേഹിച്ചിരുന്നു. അദ്ദേഹത്തിൻെറ ലാളിത്യവും നന്മയും ഔദാര്യമനോഭാവവും അവർക്കൊക്കെ നന്നേ ബോധ്യമുണ്ടായിരുന്നു. പക്ഷേ, ഒരു വിശ്വാസിയും ഒരു പുരോഹിതനുമെന്ന നിലയിൽ അദ്ദേഹത്തെപ്പററി ചിന്തിക്കാനാണ് എനിക്കിഷ്ടം. അദ്ദേഹത്തിൻെറ പ്രേഷിതചൈതന്യം അദമ്യമായിരുന്നു. പൗലോസ്ശ്ലീഹായുടെ കൊടുങ്കാററിലിളകാത്ത ആ പ്രേഷിതവാഞ്ഛയെപ്പററി വാസ്തവത്തിൽ അദ്ദേഹമാണെന്നെ പഠിപ്പിച്ചതു്.

അദ്ദേഹം ജന്മനാ ഒരു നേതാവായിരുന്നു. തീരുമാനങ്ങളെടുക്കാനും അവ നടപ്പിലാക്കാനും അദ്ദേഹത്തിനുള്ള കഴിവും അപാരമായിരുന്നു.

ദൈവപ്രമാണങ്ങളെപ്പററിയും മനുഷ്യവർഗ്ഗത്തിൻെറ ഉൽകർഷത്തെപ്പററിയുമുള്ള കാര്യങ്ങളിൽ തികഞ്ഞ ചിട്ട അദ്ദേഹം പുലർത്തിയിരുന്നു.

എനിക്കോർമ്മയുള്ള രണ്ടു സംഭവങ്ങൾ പറയാം. ഒരെണ്ണം രസകരവും രണ്ടാമത്തേതു് വികാരഭരിതവുമാണ്. ഒന്നിതാണ്; 1917–ലെ അതിശക്തമായ ശൈത്യകാലത്തു ഞങ്ങൾ മെയ്ളിയിലെ ക്യാമ്പിൽ വിശ്രമിക്കുകയായിരുന്നു. ഫാ. മത്തിയാസ് അരികിൽ വന്നുകൂടിയ വിശ്വാസികൾക്കു മതപാഠങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുന്നു. അവരെ പഠിപ്പിക്കുവാനും മുരഞ്ഞ ദിനചര്യകൾക്കൊരു വ്യതിയാനം കണ്ടുപിടിച്ചു കൊടുക്കുവാനും അദ്ദേഹം ആശിച്ചു. കുറെ സിനിമാപ്രദർശനയന്ത്രങ്ങൾ സമ്പാദിക്കാനായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. എങ്ങിനെയോ അച്ചൻ കാര്യം പററിച്ചു. അതു കിട്ടിയപ്പോൾ ടെൻറുവരെ കൊണ്ടുപോകാനൊരു മാർഗ്ഗവും കണ്ടില്ല. അദ്ദേഹമെന്തുചെയ്തെന്നോ? കേണലിൻെറ കിററ് മോഷ്ടിച്ചു. പിന്നീടദ്ദേഹം തൻെറ 'മോഷണ'ത്തെപ്പററി കേണലിനോടു ഏററുപറഞ്ഞു മാപ്പുനേടുകയുണ്ടായി. അടുത്ത ഘട്ടമായി, സി

നിമായുള്ള ഫിലിമുകൾ സമ്പാദിക്കേണ്ടിയിരുന്നു. അദ്ദേഹം കേണലിനെത്തന്നെ സമീപിച്ച് എനിക്കുവേണ്ടി ഒരു യാത്രാ വാറണ്ടു വാങ്ങി. (സെമ്മിനാരിക്കാരനായിട്ട് വേറെ ഞാനേ ഉണ്ടായിരുന്നുള്ളൂ). എനിക്കു പോകേണ്ടിയിരുന്നതു പാരീസിലെ പ്രശസ്ത സിനിമാസ്റ്റുഡിയോകളായ പാഥേയിലും ഗോമൗണ്ടിലേക്കുമായിരുന്നു. അവിടെയെത്തി എൻെറ യാത്രോദ്ദേശ്യം പറഞ്ഞു. മെയ്ളിക്യാമ്പിലെ പട്ടാളക്കാർക്കു കാണുവാനുള്ള ചിത്രങ്ങളായതുകൊണ്ട് ആദർശപരമായ കഥകൾ വേണമെന്നുള്ള കാര്യംകൂടി ഞാൻ വെളിപ്പെടുത്തി. ഫിലിംസ്റ്റോക്കിൻെറ ചാർജ്ജു വഹിക്കുന്ന മാന്യൻ എന്നെ തുറിച്ചുനോക്കി അവിശ്വാസിയെപ്പോലെ ചോദിച്ചു: "നിങ്ങൾ എന്താ പറയുന്നതു്? പട്ടാളക്കാർക്ക് ആദർശപരമായ കഥകളോ!" പിന്നെ അയാൾ തന്നതുംവാങ്ങി ഒരു പ്രിവ്യൂപോലും കാണാതെ ഞാൻ മടങ്ങിപ്പോന്നു. തിരിച്ചെത്തിയപ്പോൾ ഫാദർ മത്തിയാസ് ആഹ്ലാദത്തോടെ ഫിലിംപെട്ടി ഏററുവാങ്ങി. അന്നത്തെ സന്ധ്യ ഘോഷിക്കാനുള്ള ഏർപ്പാടൊക്കെ അദ്ദേഹം ചെയ്തുവച്ചിരിക്കയായിരുന്നു. പ്രദർശനം ആരംഭിച്ചു. ചിത്രം കുറച്ചു കണ്ടുകഴിഞ്ഞപ്പോൾ ഞാൻ മത്തിയാസിൻെറ മുഖത്തേക്കു നോക്കി. ആ മുഖം മ്ലാനമായിരുന്നു. പ്രദർശിപ്പിച്ച ചിത്രത്തിലെ സാന്മാർഗ്ഗിക നിലവാരത്തെപ്പററി അദ്ദേഹത്തിനു് ആശങ്ക തോന്നിത്തുടങ്ങിയിരുന്നു. അദ്ദേഹം ഒരു സലേഷ്യൻ വൈദികൻെറ വിശുദ്ധിയോടെയും ഗൗരവത്തോടെയും തൻെറ കൊന്ത പുറത്തെടുത്തു പതുങ്ങിയ സ്വരത്തിൽ പ്രാർത്ഥിച്ചു. "എൻെറ മാതാവേ, ഈ സാധനം പൊട്ടിത്തകർന്നുപോയിരുന്നെങ്കിൽ!"

പെട്ടെന്നതു സംഭവിച്ചു. ഫിലിം പൊട്ടിക്കുരുങ്ങി. കാണികൾ പ്രതിഷേധത്തിൻെറയും നിരാശയുടെയും ശബ്ദമുയർത്തി. "പണ്ടാരം! രസമുള്ള ഭാഗം വന്നപ്പോൾ പൊട്ടിപ്പോയല്ലോ."

"ഞാൻ ഓർക്കുന്ന രണ്ടാമത്തെ സംഭവം വാസ്തവത്തിൽ ഹൃദയത്തിൻെറ അഗാധതലങ്ങളെ സ്പർശിക്കുന്നതാണ്. ഫാ. മത്തിയാസ് എന്നെ വിളിച്ചിട്ട് ഒരിക്കൽ പറഞ്ഞു, തൻെറ മനസ്സാക്ഷി വല്ലാത്തൊരു ധർമ്മസങ്കടത്തിൽ പെട്ടിരിക്കുന്നു എന്ന്. മിക്കപ്പോഴും കർബാന സ്വീകരിക്കാനെത്തുകയും, ജീവിതത്തിൽ അച്ചടക്കവും ചിട്ടയും ആജ്ഞാശക്തിയും പ്രകടമാക്കുകയും ചെയ്യുന്ന ഒരു കമാണ്ടിങ്ങ് ഓഫീസറുണ്ടായിരുന്നു. അദ്ദേഹത്തിനു് പിറേറന്നു തൻെറ കമ്പനിയെ അകലെയുള്ള ഒരു യുദ്ധമേഖലയിലേക്കു നയിക്കുവാൻ ആജ്ഞ ലഭിച്ചു. പക്ഷെ ഒരു റിസർവ് ഓഫീസർ എന്ന നിലയിലും ഒരു കുടുംബത്തിൻെറ നായകനെന്ന നിലയിലും വേണമെങ്കിൽ അദ്ദേ

ഹത്തിനു പോകാതിരിക്കുകയും ചെയ്യാം – ഇതായിരുന്നു പ്രശ്നം. അദ്ദേഹം പോകാൻ തീരുമാനിച്ചാൽ കുടുംബാംഗങ്ങൾ ദുഃഖിക്കും. പോകാതിരുന്നാലോ, മററുള്ളവർ പറയും വലിയ ഭക്തനായ കത്തോലിക്കനാണ്, സമയം വന്നപ്പോൾ പിറകോട്ടു വലിഞ്ഞു എന്ന്. ആ ഓഫീസർ മത്തിയാസച്ചനെ കണ്ടു. "ഞാനെന്താണു ചെയ്യേണ്ടതു്? സാധാരണനിലയിൽ എനിക്കു തിരിയെ താവളത്തിലേക്കു മടങ്ങാം. പക്ഷെ നമ്മുടെ റെജിമെൻറിനു മുഴുവനറിയാം ഞാനൊരു കത്തോലിക്കാ മതവിശ്വാസിയാണെന്ന്. ഞാൻ തിരിച്ചുപോവുകയാണെങ്കിൽ അതെൻെറ പ്രിയപ്പെട്ട മതത്തെപ്പററി അവജ്ഞ ഉളവാക്കാനിടയാവും." ഫാ. മത്തിയാസ് പറഞ്ഞു. "ഞാൻ നാളെ അതിവെളുപ്പിനെ കുർബാന ചൊല്ലാം. ഞാൻ ഒരു വെളിച്ചത്തിനു വേണ്ടി പ്രാർത്ഥിക്കാം. അവിടെ ഉണ്ടായിരിക്കണം, കേട്ടോ."

കുർബാനയ്ക്കുശേഷം കുറെ മണിക്കൂറുകൾ കടന്നുപോയി. പെട്ടെന്നു വെടിപൊട്ടി. യുദ്ധം ആയിരുന്നു. കമാൻറിങ് ഓഫീസറുടെ നെററി തുളഞ്ഞു് ഒരു വെടിയുണ്ട കടന്നുപോയി.

സ്ട്രെച്ചർ വലിക്കാരനായിരുന്ന മത്തിയാസിൻെറ ധൈര്യം ഭയങ്കരമായിരുന്നു. ധീരപ്രവൃത്തിമൂലം അദ്ദേഹത്തിന് യൂണിഫോറത്തിൽ രണ്ടു നക്ഷത്രങ്ങൾ കിട്ടി. ഔദ്യോഗിക രേഖകളിൽ ഇങ്ങനെ കാണാം.

മാർച്ചു 31–ാം തീയതി 1917–140–ാം ഇൻഫൻററിറെജിമെൻറിലെ ലെഫ്ററനൻറ് കേണൽ രേഖപ്പെടുത്തുന്നതു്. ലൂയിസ് മത്തിയാസ് – സ്ട്രെച്ചർവാഹകൻ – സെക്കൻറ് ക്ലാസ്. ഏല്പിക്കുന്ന ജോലികൾ ചെയ്തുതീക്കുന്നതിൽ ഇദ്ദേഹം അഭിനന്ദനാർഹമാംവിധം കഴിവു പ്രകടിപ്പിക്കുന്നുണ്ട്. 1917 മാർച്ച് 25–ാം തീയതിയിലെ യുദ്ധവേളയിലെ ഇദ്ദേഹത്തിൻെറ സേവനങ്ങൾ പ്രത്യേക പ്രശംസയർഹിക്കുന്നു.

1917 മാർച്ചു രണ്ടാം തീയതിയിലെ യുദ്ധകാര്യരേഖയിൽ കമാണ്ടിങ്ങ് കേണൽ വീണ്ടും ഇങ്ങനെ രേഖപ്പെടുത്തിക്കാണുന്നു.

പ്രൈവററ്, ലൂയിസ് മത്തിയാസ്, സെക്കൻറ് ക്ലാസ്. 1917 നവംബർ മൂന്നാം തീയതി ഇദ്ദേഹം തൻെറ ജോലി അതിപ്രശസ്തമാംവിധം നിർവഹിച്ചു. അർപ്പണബുദ്ധിയുള്ള ഈ ജോലിക്കാരൻ, വിഷവാതകംകൊണ്ടുള്ള ശത്രുവിൻെറ ആക്രമണസമയത്തു് ആക്രമണവിധേയമായവരെ ആശുപത്രിയിലെത്തിക്കാൻവേണ്ടി അതികഠിനമായി യത്നിക്കുകയുണ്ടായി.

എല്ലാവരുടെയും ആദരവുകരം അദ്ദേഹത്തിനു നേടാൻ കഴിഞ്ഞിരിക്കുന്നു.

വർഷങ്ങരംക്കശേഷം അദ്ദേഹത്തിൻെറ സേവനങ്ങളെ നന്ദിപൂർവ്വം അംഗീകരിച്ചുകൊണ്ടു് ഫ്രഞ്ചുഗവണ്മെൻറ് മത്തിയാസിനു് ലീജിയൻ ഓഫ്ഓണറിൻെറ ഷെവലിയർ സ്ഥാനം മദ്രാസിൽവച്ചു നല്കുകയുണ്ടായി. പക്ഷെ ഞങ്ങരം കത്തുകരം എഴുതിക്കൊണ്ടിരുന്ന കാലത്തു് അദ്ദേഹം വിനയാന്വിതനായ വെറുമൊരു സെക്കൻറ്ക്ലാസ്കാരൻ "പ്രൈവററ്" മത്തിയാസായിരുന്നു. സഹപ്രവത്തകരായിരുന്ന മററു സലേഷ്യൻ സന്യാസികളുടെ രണശ്ശൂരത ജ്വലിപ്പിച്ചുകൊണ്ടിരിക്കുവാൻ അദ്ദേഹം ഒരു ചെറിയ ബുള്ളററിൻ പ്രസിദ്ധപ്പെടുത്തിയിരുന്നു. തങ്ങരം ഏതു മഹത്തായ സഭയുടെ അംഗങ്ങളാണോ ആ വലിയ കുടുംബത്തെപ്പററി ഏററവും പുതിയ വാത്തകരം അവരെ അറിയിക്കുവാൻ ആ ബുള്ളററിൻ ഉപകരിച്ചു. ഒരു ആർമിചാപ്ലിൻ എന്ന നിലയ്ക്കു് അദ്ദേഹത്തിനു തൻെറ പല പദ്ധതികരംക്കും പണം വേണ്ടിയിരുന്നു. അതിനായി ആരെ സമീപിക്കാനും മത്തിയാസ് മടിച്ചിരുന്നുമില്ല. ക്ലീമൻഷ്യൂ, ഹാരിയററ് തുടങ്ങിയ ഉന്നതസ്ഥാനീയരായ വിമതസ്ഥരെപ്പോലും അദ്ദേഹം ചെന്നുകാണുകയും സംഭാവനകരം കൈക്കലാക്കുകയും ചെയ്തുവത്രേ!

സിസ്റ്റർ ജോർജെററി മത്തിയാസിനു് ഏറെക്കാലമായി തൻെറ സഹോദരനെപ്പററി യാതൊരു വിവരവും ഇല്ലാതിരിക്കയായിരുന്നു. അപ്രതീക്ഷിതമായി 1918 ഓഗസ്റ്റ്മാസത്തിൽ അവക്കു് ഫാ. എമിലിഗ്ഗുവെറിയുടെ ഒരു കത്തു കിട്ടി. ഓഗസ്റ്റ് ഏഴാം തീയതി അദ്ദേഹം എഴുതിയ ആ കത്തിൽ ഇങ്ങനെ കുറിച്ചിരുന്നു.

....നിങ്ങളുടെ സഹോദരനെപ്പററിയുള്ള വാത്ത കേരംക്കാൻ ആകാംക്ഷ പൂണ്ടിരിക്കയാണല്ലേ? ദൈവം അദ്ദേഹത്തെ സംരക്ഷിക്കുന്നു. അപകടങ്ങളുടെ നടുവിൽ കഴിയേണ്ടിവന്ന അദ്ദേഹത്തെ നമ്മുടെ പരിശുദ്ധമാതാവു് പ്രത്യേകം കാത്തുകൊണ്ടാണിരിക്കുന്നതു്. മാതാവിനോടു് അദ്ദേഹത്തിനു വലിയ ഭക്തിയാണല്ലോ. പ്രേഷിതജോലിക്കായി അവരം അദ്ദേഹത്തെ തിരഞ്ഞെടുത്തു പരിപാലിക്കുകയാണെന്നതിൽ സംശയമൊന്നും വേണ്ട. ജൂലൈ 31–ാംതീയതി അദ്ദേഹം തൻെറ രണ്ടു പ്രവത്തകരും ലെഫ്ററനൻറുമൊന്നിച്ചു തടവുകാരനാക്കപ്പെട്ടു. അവർ യുദ്ധമേഖലയിൽ വളരെയധികം മുന്നോട്ടു നീങ്ങിയപ്പോഴാണതു സംഭവിച്ചതു്. തലേന്നു സന്ധ്യയ്ക്കു് അവരുടെ ഗ്രൂപ്പിനു വിഷവാതകപ്രയോഗം ഏല്ക്കുകയുണ്ടായതുമൂലം അവക്കപ്പോരം അംഗസംഖ്യ വളരെ കുറവായിരുന്നു. സുര

ക്ഷിതമാളങ്ങളിൽ വിശ്രമിച്ചിരുന്ന അവരെ ഒരു സംഘം ജർമ്മൻകാർ പൊടുന്നനെ വളഞ്ഞു് കീഴ്പ്പെടുത്തുകയാണുണ്ടായതു്. എതിർത്തുനില്ക്കാതെ അവർ കീഴടങ്ങി. അദ്ദേഹമിപ്പോൾ സുരക്ഷിതനാണു്. അദ്ദേഹത്തെപ്പററി നഷ്ടചിന്തയെക്കാൾ ഈ തടങ്കൽവാർത്ത നിങ്ങൾക്കു് ആശ്വാസം തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം ഒരിക്കൽ പറഞ്ഞതാണു്, ജർമ്മൻകാരുടെ തടവുകാരനായാൽപോലും അദ്ദേഹം വിഷമിക്കുകയൊന്നുമില്ലെന്നു്. അങ്ങനെ സംഭവിക്കരുതെന്നു് അദ്ദേഹം ആശിച്ചിരുന്നുവെങ്കിലും ഇപ്പോൾ അതുതന്നെ സംഭവിച്ചു എന്നുമാത്രം. തൻെറ പ്രയത്നങ്ങൾ മാതൃഭൂമിക്കുവേണ്ടി സമർപ്പിക്കുവാൻ സദാ സന്നദ്ധനായിരുന്ന ഒരു വലിയ ദേശസ്നേഹിയാണദ്ദേഹം. യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന രാജ്യങ്ങളും അദ്ദേഹത്തിൻെറ സഭയും തമ്മിലുണ്ടാക്കിയിട്ടുള്ള ഒരു കരാർ അനുസരിച്ചു് അദ്ദേഹം ജർമ്മനിയിലെയോ ഓസ്ട്രിയായിലെയോ സലേഷ്യൻ ഹൗസിലേക്കു് അയയ്ക്കപ്പെടും. അങ്ങനെ യുവജനങ്ങൾക്കുവേണ്ടി അദ്ദേഹത്തിനു് ഇനിമുതൽ വീണ്ടും പ്രവർത്തിക്കാനാവും. ഞാൻ പറഞ്ഞില്ലേ നമ്മുടെ കന്യകാമറിയം അദ്ദേഹത്തെ എപ്പോഴും സംരക്ഷിച്ചുകൊണ്ടാണിരിക്കുന്നതെന്നു്."

മാതാവു് സത്യമായും അദ്ദേഹത്തെ കാക്കുകയായിരുന്നു. സ്ട്രെച്ചർ വലിക്കാരനായ മത്തിയാസിനു് 1919-ലേ തൻെറ സ്വദേശത്തേക്കു മടങ്ങാൻ കഴിഞ്ഞുള്ളു. എങ്കിലും, തിരിച്ചെത്തിയപ്പോൾ അദ്ദേഹം പൂർണ്ണ ആരോഗ്യവാനും, ഉടനെതന്നെ തൻെറ ബഹുമുഖമായ പ്രവർത്തനങ്ങൾ വീണ്ടുമാരംഭിക്കുവാൻ സന്നദ്ധനുമായിരുന്നു.

മോൺസിഞ്ഞോർ ഗ്രുവെറിയുടെ കത്തിൽനിന്നു മറെറാരു ഭാഗംകൂടി നമുക്കു് ഉദ്ധരിക്കാം. മോൺ. മത്തിയാസിൻെറ ഉററ സ്നേഹിതനായിരുന്ന അദ്ദേഹം തൻെറ സുഹൃത്തിൻെറ പ്രേഷിതവിജയത്തിൻെറ കാരണങ്ങളെപ്പററി ഇങ്ങനെ പരിചിന്തനം ചെയ്യുന്നു.

"1923-ൽ, എൻെറ ഗുരുപ്പട്ടസ്വീകരണത്തിനു രണ്ടുമാസം മുമ്പു്, ഞാൻ റോമിലെ ഫ്രഞ്ചുകോളേജിൽ പഠിക്കുകയായിരുന്നു. 1921 മുതൽ ആസ്സാമിലായിരുന്ന ഫാദർ മത്തിയാസിനെ തീരെ അപ്രതീക്ഷിതമായി കണ്ടുമുട്ടുവാൻ എനിക്കവസരം ലഭിച്ചു. ജൂലൈയിൽ എനിക്കു പട്ടം കിട്ടുമെന്നു ഞാനദ്ദേഹത്തെ അറിയിച്ചു. പെട്ടെന്നദ്ദേഹം എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു ചോദ്യം ചോദിച്ചു. എൻെറ ആ അത്ഭുതം പിൽക്കാലത്തു് ഒരു നന്ദിപൂരണ്ട അനുസ്മരണയായി മാറി.



അദ്ദേഹം ചോദിച്ചു: "വൈദികപദവി ലഭിക്കുന്ന ആ ദിവസം

നമ്മുടെ കർത്താവിൽനിന്നു് ലഭിക്കുവാൻ നിങ്ങൾ ചോദിക്കേണ്ട പ്രത്യേകമായ അനുഗ്രഹത്തെപ്പററി നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ദിവസങ്ങളുടെയൊക്കെയും ദിവസമായ അന്നു് ഒരു നവവൈദികൻ ചോദിക്കുന്ന അനുഗ്രഹം നിഷേധിക്കുവാൻ കർത്താവിനു കഴിയുകയില്ലെന്നോർക്കുക.'' ഞാൻ പറഞ്ഞു, ഞാനതെപ്പററി ഇതേവരെ ചിന്തിച്ചിട്ടില്ലാ എന്നു്. ഒരു വൈദികനെന്ന നിലയിലും ഇടവകയുടെ ഭരണാധികാരി എന്ന നിലയിലും അദ്ദേഹത്തിൻെറ അനുഭവജ്ഞാനത്തിൽ ഞാനെന്തു കാരുണ്യമാണു് ദൈവത്തിൽനിന്നു് യാചിക്കേണ്ടതെന്നു് ഞാൻ തിരക്കി.

അദ്ദേഹം പ്രസിദ്ധനായ ഒരു വിപ്ലവകാരിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് ഇങ്ങനെ പഞ്ഞു: ''ധൈര്യപ്പെടുക. കുറെക്കൂടി ധൈര്യപ്പെടുക. കൂടുതൽ ധൈര്യപ്പെടുക.'' വിപ്ലവത്തിൻെറ വാക്കുകൾ ഒരു മതസ്നേഹിയുടെ നാവിലൂടെ കേട്ടപ്പോൾ ഞാൻ അതിൻെറ അർത്ഥവ്യാപ്തിയെക്കുറിച്ചു് അത്ഭുതപ്പെട്ടു.

''ഒരു ആജീവനാന്തമിഷനറി എന്ന നിലയിലും വൈദികനെന്ന നിലയിലും മെത്രാനെന്ന നിലയിലും ഫാദർ മത്തിയാസ്സ് കൈവരിച്ച ജീവിതവിജയത്തിൻെറ പൊരുൾ ആ വാക്കുകളിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.''

## അദ്ധ്യായം 4

# ആസ്സാമിനു് ഒരു നേതാവ്

1918.

മഞ്ഞു മൂടിക്കിടന്ന നവമ്പർ 11–ാം തീയതിയിലെ പ്രഭാതത്തിൽ ഫ്രാൻസിലെമ്പാടും സമാധാനത്തിൻെറ മണിയോശകരം മുഴങ്ങിക്കേരംക്കായി. യുദ്ധം അവസാനിച്ചിരിക്കുന്നു.

എങ്കിലും രാജ്യത്തിനകത്തു് മതപരമായ ശാന്തതയും സമാധാനവും ഇനിയും വന്നെത്തിയിരുന്നില്ല. ട്രെഞ്ചുകളിൽ നാലുവഷ്ക്കാലത്തോളം കഴിച്ചുകൂട്ടിയിട്ടു് ജന്മദേശത്തേക്കു മടങ്ങിയെത്തിയ ആയിരക്കണക്കിനു വൈദികരേയും സന്യാസികളെയും നാടുകടത്താനുള്ള ആലോചനവരെ ഹാരിയട്ടു് നടത്തിയതായി പറയപ്പെടുന്നുണ്ടു്. പക്ഷെ ധൈര്യവാനായ ഒരു പുരോഹിതൻ ഈ ഗൂഢാലോചനയ്ക്കെതിരെ ശക്തിയുക്തം പോരാടി. ഫാദർ ഡോൻസോവർ. അദ്ദേഹം പ്രഖ്യാപിച്ചു. ''ഞങ്ങരം പോവുകയില്ല'' യാക്കോബായൻ ശത്രുത കുറെശ്ശേ കുറേശ്ശയായി മാളത്തിലേക്കുതന്നെ മടങ്ങി.

1918–ൽ ഫ്രാൻസിൽ തങ്ങളെത്തന്നെ സ്ഥായിയായി കുടിയിരുത്തുവാൻ സലേഷ്യൻ സഭയെ ഈ സംഭവം പ്രേരിപ്പിച്ചു. ഷാട്ടിയ്യൂ ഡി അയിക്കു് എന്ന ഹരിതാഭമായ മലംപ്രദേശത്തു് ഫോറസ് മലകളിൽ ആരും കാണാത്തൊരിടത്തു് ഒരു നൊവിഷ്യേററു് പണിതുയന്നുവന്നു. ഏതായാലും ഫാ. മത്തിയാസ് സിസിലിയിലേക്കു മടങ്ങിപ്പോയി അവിടെ പ്രവൃത്തി തുടരാനാണു് കല്പനയുണ്ടായതു്.

തിയോളജി പ്രൊഫസറുദ്യോഗത്തിൽ അല്പനാരം കൂടി ഇരുന്നതിനുശേഷം ഫാദർ മത്തിയാസ് പെഡോറായിലെ സെൻറു് ജോസഫ്സ് ഇൻസ്റ്റിട്ട്യൂട്ടിൻെറ ഡയറക്ടറായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. ഇതു് 1920–ലെ വസന്തകാലത്തായിരുന്നു. പക്ഷെ അവിടെ ചെന്നു് ഒരു കൊല്ലം തികയുന്നതിനു മുമ്പേ, അതായതു് 1921 ജൂലൈ ഒടുവിൽ, ടൂറിനിൽനിന്നു് അദ്ദേഹത്തിനു് ഒരു ഉത്തരവുകിട്ടി. പരിശുദ്ധ പിതാവിൻെറ പ്രത്യേക മേൽനോട്ടത്തിൽ ഇൻഡ്യയിലെ ആസ്സാമിൽ സലേഷ്യൻ സഭക്കാർ അടുത്തകാലത്തു് ഒരു പ്രിഫെക്ച്ചർ അപ്പസ്തോലിക് തുടങ്ങിയിരുന്നു. ആസ്സാമിലെ ആ മിഷനറിസ

ങ്കേതത്തിലേക്കായിരുന്നു ഫാദർ മത്തിയാസിനു് പോകേണ്ടി യിരുന്നതു്. വിധേയനായ ഒരു വിശ്വാസി എന്ന നിലയിൽ പെഡാറായിലെ ഡയറക്ടർക്കു് പറയുവാൻ ഒന്നുമാത്രമേ ഉണ്ടാ യിരുന്നുള്ളൂ. മേലധികാരികളുടെ കല്പനകളിൽ ദൈവത്തി ൻെറ കർങ്ങൾ മാത്രമേ താൻ കാണുന്നുള്ളു എന്നു്. ഇൻഡ്യയി ലേക്കു് ഒരു മിഷനറിയായി പോകുവാൻ അദ്ദേഹം വിനയ പൂർവ്വം സമ്മതിച്ചു. സെപ്റ്റംബർ 9–ാം തീയതി എത്തിയ മറെറാരു കല്പനയിൽ ഫാദർ മത്തിയാസിൻെറ സമ്മതം സ്വീ കരിച്ചിരിക്കുന്നതായും അദ്ദേഹത്തെ പ്രേഷിതസംഘത്തിൻെറ നേതാവായി നിശ്ചയിച്ചിരിക്കുന്നതായും അറിയിക്കപ്പെട്ടു. ഇപ്പോൾ സംഗതി വളരെ വ്യത്യാസപ്പെട്ടുകയായി. പക്ഷെ മേലധികാരികളുടെ നിശ്ചയം അതായിരുന്നതിനാൽ അദ്ദേഹ ത്തിനു് അനുസരിക്കയേ നിർവാഹമുണ്ടായിരുന്നുള്ളൂ. പരി ശുദ്ധ കന്യാമറിയത്തിൻെറയും കർത്താവിൻെറയും കൈകളിൽ തൻെറ ഭാവിയെ അദ്ദേഹം ഭരമേല്പിച്ചു. പുതിയ സ്ഥലത്തു് തൻെറ ചുമതലകളെപ്പററി തികച്ചും ബോധവാനായിരുന്ന ഫാദർ മത്തിയാസ് അപരിചിതവും വിദൂരസ്ഥവുമായ ആ രാജ്യത്തെക്കുറിച്ചു് കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിക്കുന്ന തിൽ വ്യാപൃതനായി. അനുസരണയുടെ വ്രതം തന്നെ നയി ക്കുന്ന ദിക്കു് ഏതായാലും അദ്ദേഹത്തിനൊന്നുതന്നെ. യാത്രയ്ക്കു വളരെ മുമ്പെതന്നെ, തൻെറ പ്രവൃത്തിസ്ഥലമായി നിശ്ചയി ക്കപ്പെട്ടിരുന്ന ആസ്സാമിനെപ്പററി പ്രത്യേക താല്പര്യമെടുത്തു് വളരെയധികം കാര്യങ്ങൾ അദ്ദേഹം മനസ്സിലാക്കി. കേട്ടിട്ടു പോലുമില്ലാത്ത സ്ഥലമായിരുന്നു ആസ്സാം.

പെഡാറായിലെ ചാർജ്ജ് മറെറാരു വൈദികനു് ഏല്പിച്ചു കൊടുക്കുകയും, ഹൃദയസ്പൃശിയായ ഒരു വിടവാങ്ങൽ ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തതിനുശേഷം ഫാദർ മത്തിയാസ് റോമി ലേക്കു യാത്ര പുറപ്പെട്ടു. അവിടെയദ്ദേഹത്തിനു് പ്രൊപ്പഗാ ന്താസംഘത്തിൻെറ കാർഡിനൽ പ്രീഫെക്ടിനെ കാണേണ്ടി യിരുന്നു. അദ്ദേഹത്തിനു കാണേണ്ടിയിരുന്ന രണ്ടാമത്തെ ദേഹം ഒരു ജർമ്മൻ സൽവത്തോറിയൻ പുരോഹിതനായ ഫാദർ ബെക്കറിനെയായിരുന്നു. യുദ്ധംമൂലം ഇൻഡ്യയിൽനിന്നു് 1915–ൽ പുറത്താക്കപ്പെടുന്നതുവരെ ആസ്സാമിൽ സേവനമനു ഷ്ഠിച്ചു വന്നിരുന്ന അദ്ദേഹം ആസ്സാമിലെ ആദ്യത്തെ പ്രീഫ ക്റ്റ് അപ്പസ്തോലിക് ആണു്.

''ഞാൻ അത്യന്തം ആഹ്ലാദഭരിതനായി'', ഫാദർ മത്തി യാസ് എഴുതി. ''അജ്ഞാതസുന്ദരമായ ആ വിദൂരനാടിനെ ക്കുറിച്ചു് അനുഭവജ്ഞാനിയായ ഫാദർ ബെക്കറിൻെറ വാക്കു കൾ കേട്ടപ്പോൾ. ഗിരിവർഗ്ഗങ്ങളിൽ മാനസാന്തരപ്പെടാനാഗ്ര ഹിക്കുന്ന അനേകരുണ്ടെന്നറിഞ്ഞപ്പോൾ ഞാൻ വളരെ സന്തോ ഷിച്ചു''.

പൂക്കളുടെ നഗരമെന്നറിയപ്പെടുന്ന, ആസ്സാമിൻെറ തല സ്ഥാനമായ ഷില്ലോങ്ങിനെക്കുറിച്ചും, അവിടത്തെ സഭയെക്കു റിച്ചും സഭയുടെ അതിദ്രുതം വളരുന്ന സ്ഥാപനങ്ങളെക്കുറിച്ചും അദ്ദേഹം ഇങ്ങനെ എഴുതി. ‘‘മണിക്കൂറുകളോളം, ദിവസങ്ങ ളോളം, ഈ അതിമാനുഷൻെറ, ആസ്സാമിനെക്കുറിച്ചുള്ള വിവര ണങ്ങൾ കേട്ടിരിക്കാൻ ഞാൻ കൊതിച്ചുപോയി. ഭാവിയിൽ എൻെറ വിയപ്പുവീഴേണ്ട വയലുകൾ! പിരിഞ്ഞപ്പോൾ ഹൃദയം തുടികൊട്ടുകയായിരുന്നു’’.

ഫാദർ മത്തിയാസിൻെറ റോമിലെ താമസം ബെന ഡിക്ടു് പതിനഞ്ചാംപാപ്പായുമായുള്ള കൂടിക്കാഴ്ചയോടെയാ ണവസാനിച്ചതു്. പരിശുദ്ധപിതാവു് ആ പ്രേഷിതസംഘ നേതാവിനെ പ്രോത്സാഹിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു.

ഡോൺബോസ്കോയുടെ പുത്രന്മാർക്കു് ഭരമേല്പിക്കപ്പെട്ട ഈ പുതിയ പ്രദേശം വാസ്തവമായും എങ്ങിനുള്ളതായിരുന്നു? മററാ രെക്കാളും ആധികാരികമായി ഇതെക്കുറിച്ചു പറയാൻ കഴി വുള്ള മത്തിയാസച്ചൻെറ വാക്കുകൾ ഇവിടെ പകർത്തട്ടെ.

‘‘ഏഷ്യയുടെ ഭൂപടത്തിലേക്കു നിങ്ങളൊന്നു കണ്ണോടിച്ചു നോക്കിയാൽ വടക്കുകിഴക്കേ ഇൻഡ്യയിൽ, ടിബററിൻെറയും ബർമ്മയുടെയും തോളുരുമ്മി ഒരു ഭൂവിഭാഗം കാണാം. കിഴ ക്കോട്ടു നോക്കിനില്ക്കുന്ന ഒരു കോഴിയുടെ കൊക്കുപോലെ തോന്നിക്കുന്ന ആ സ്ഥലമാണു് ആസ്സാം. അതിദീർഘമായ ഹിമാലയൻ മലനിരകളിൽ ചാരിനില്ക്കുന്ന ആസ്സാം.

1922-ൽ ആസ്സാമിലെ ജനസംഖ്യ എഴുപതു ലക്ഷമായി രുന്നു. അ—സമ എന്ന വാക്കിൻെറ അത്ഥം സമമായി മററൊ ന്നില്ലാത്തതു് എന്നാണു്. 1792-ൽ ബ്രിട്ടീഷുകാർ കയ്യടക്കു ന്നതിനുമുമ്പു് ഈ പ്രദേശം ഇൻഡ്യയുടെ ഒരു ഭാഗമായി കരു തിയവർ ചുരുക്കമായിരുന്നു. ആസ്സാം മുഴുവൻ മലകളാണു്. ഹിമാലയപവ്വതനിരകൾ-ഹിമത്തിൻെറ ആലയം എന്ന കവി താഭംഗിയുള്ള ആ പേരു് എത്ര യോജിക്കുമെന്നോ ആ സ്ഥല ത്തിനു്. ഉന്നതങ്ങളായ ഉന്നതങ്ങളെല്ലാം മഞ്ഞുമൂടിക്കിടക്കുന്ന ആ കൊടുമുടികളെ നോക്കിനിന്നാൽ ഹിമാലയമെന്ന പേരിൻെറ അത്ഥവ്യാപ്തിയെപ്പററി നാം തീർച്ചയായും ചിന്തിച്ചുപോകും.

സ്വന്തമായ ഭാഷയും ആചാരാനുഷ്ഠാനങ്ങളുമുള്ള 167 വർഗ്ഗ ങ്ങളാണു് ഈ സ്ഥലത്തു നിവസിക്കുന്നതു്. അവരുടെ വസ്ത്ര ധാരണരീതിപോലും അവരുടെ ഭാഷയെപ്പോലെതന്നെ വ്യത്യ സ്തമാണു്. കോനിയാക്കിലെ നാഗന്മാർക്കാണെങ്കിൽ വസ്ത്രം

ധരിക്കണമെന്നൊരു നിബ്ബന്ധമേയില്ല. എന്തെങ്കിലുംകൊണ്ടു ശരീരം മറയ്ക്കണമെന്നു സ്നേഹപൂർവ്വം ഒരു മിഷനറി ഒരിക്കൽ ഒരു കോനിയാക്കുകാരനോടു പറഞ്ഞപ്പോഠം അയാഠം ചോദിക്കുകയാണു്, 'നിങ്ങളെന്താ മുഖം മറയ്ക്കാൻ വല്ലതും ഉപയോഗിക്കാതിരിക്കുന്നതു്, എന്നു്! മുഖം ഒരിക്കലും മറയ്ക്കേണ്ടതായിട്ടില്ലല്ലോ എന്നു് ആ നല്ലവനായ അച്ചൻ മറുപടി പറഞ്ഞു. ഗിരിവർഗ്ഗക്കാരൻ തക്കിച്ചു – "ഞങ്ങളുടെ ശരീരമെല്ലാം ഞങ്ങളുടെ മുഖംപോലെതന്നെയാണു്." പാവം മിഷനറി പിന്നൊന്നും പറഞ്ഞതായി അറിവില്ല.

ആസ്സാമിലെ മലനിരകളിൽ അളവററ ധാതുനിക്ഷേപങ്ങളുണ്ടു്. കല്ക്കരിയും, എണ്ണയും ആ പർവ്വതങ്ങഠം പൊതിഞ്ഞു വച്ചിരിക്കുന്നു. ഇൻഡ്യക്കാവശ്യമായ ഇന്ധനദ്രവ്യങ്ങളിൽ വലിയൊരു ഭാഗം യഥാർത്ഥത്തിൽ ആസ്സാമിൽനിന്നാണു കിട്ടുന്നതു്.

താഴ്വരകളിൽ വിശാലമായ നെൽപ്പാടങ്ങഠം കാണാം. ഇൻഡ്യൻ ജനതയുടെ മുഖ്യമായ ആഹാരം നെല്ലരിയാണല്ലോ. ഇവിടെ ലക്ഷക്കണക്കിനു് ഏക്കർ തേയിലത്തോട്ടങ്ങളുണ്ടു്. വിദേശങ്ങളിലേക്കു് വളരെയേറെ തേയില ആസ്സാമിൽനിന്നു കയററുമതി ചെയ്യുന്നുമുണ്ടു്. ഒരിക്കൽ വെറും നാട്ടുവഴികഠം മാത്രമുണ്ടായിരുന്ന ആസ്സാമിൽ തീവണ്ടിഗതാഗതം സുസാധ്യമായതോടെ ഈ പ്രദേശത്തിനു സാമ്പത്തികമായി ഒരു പ്രത്യേക ഉണർവ്വു് കൈവന്നിരിക്കുന്നു.

കാക്കകളെ ഇവിടെ എല്ലായിടത്തും കാണാം. രാത്രിയിൽ ചെന്നായ്ക്കഠം ഓലിയിടുന്നതുമൂലം മിക്കപ്പോഴും നിദ്ര അലോരസപ്പെട്ടു പോകും. കാട്ടിൻെറ ഉള്ളിൽ രാജകീയ പ്രതാപത്തോടെ വാഴുന്ന കടുവകഠം എല്ലാവരുടേയും പേടിസ്വപ്നമാണു്. നടുതലകളും നെൽകൃഷിയും നശിപ്പിക്കാനെത്തുന്ന പുള്ളിപ്പുലികളും കാട്ടാനകളുമുണ്ടാക്കുന്ന ശല്യം ചില്ലറയല്ല. നദിയോരങ്ങളിൽ വിവിധ തരത്തിലുള്ള പക്ഷികളെയും കാണ്ടാമൃഗങ്ങളെയും കാണാം. ആസ്സാമിൻെറ ഔദ്യോഗികചിഹ്നത്തിൽ കാണ്ടാമൃഗം സ്ഥാനം പിടിച്ചതു് ഇതുകൊണ്ടായിരിക്കണം. പാമ്പുകഠംക്കു് ഇവിടൊരു ക്ഷാമവുമില്ല. മൂർഖൻ, അണലി തുടങ്ങി ഉഗ്രവിഷമുള്ള പാമ്പുകഠം മിക്കതും സുലഭമാണിവിടെ.

പാമ്പുകടിയേററു മരിക്കുന്നവരുടെ ശതമാനക്കണക്കെടുത്താൽ ആസ്സാം എന്നും ഒന്നാംസ്ഥാനത്തുതന്നെയാണു്.

ഇവിടത്തെ പ്രധാന മതങ്ങഠം ബുദ്ധമതവും ഹിന്ദുമതവു

മാണു്; കുറച്ചു മുസ്ലീംകളുമുണ്ടു്. ജനസംഖ്യയിൽ വലിയൊരു വിഭാഗം വിഗ്രഹാരാധനക്കാരാണു്. പ്രോട്ടസ്റ്റൻറുകാരൊഴിച്ചു് കത്തോലിക്കർമാത്രം രണ്ടു ലക്ഷത്തോളമേ വരൂ. കത്തോലിക്കരുടെ സംഖ്യ ഇത്ര കുറഞ്ഞുപോകാൻ കാരണമെന്താണെന്നു പലരും അത്ഭുതപ്പെട്ടുപോകാറുണ്ടു്. പക്ഷെ, ഒരു കാര്യമോക്കുക: 1890-ൽ മാത്രമാണു് കത്തോലിക്കാമിഷനറിമാർ ആദ്യമായി ആസ്സാമിൽ കാലുകുത്തിയതു്. ജർമ്മൻ സാൽവട്ടോറിയൻ ഫാദേഴ്സായിരുന്നു ആ പ്രഥമപ്രേഷിതർ. 1914-ൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അവക്കു നാടുവിട്ടു പോകാൻ ആജ്ഞ ലഭിച്ചു. താല്ക്കാലികമായി അവരുടെ സ്ഥാനം ഏറ്റെടുത്തതു് ബെൽജിയത്തിലെ ജെസ്യൂട്ടു് വൈദികരായിരുന്നു. അവസാനമായി റോം, ഡോൺബോസ്കോയുടെ സലേഷ്യൻസഭയെ ഈ പ്രേഷിതഭൂമി ഭരമേല്പിച്ചു. അതു് 1922-ൽ ആയിരുന്നു.''

ഇററലിക്കാരും സ്പെയിൻകാരുമുൾക്കൊള്ളുന്ന ആദ്യത്തെ സംഘം സലേഷ്യൻ സന്യാസികൾ ഫ്രഞ്ചുകാരനായ ഫാദർ മത്തിയാസിൻെറ നേതൃത്വത്തിൽ ഭാരതത്തിലേക്കു പുറപ്പെടാനൊരുങ്ങിയപ്പോൾ ഒരു അപ്രതീക്ഷിതമായ തടസ്സം നേരിടുകയുണ്ടായി. മത്തിയാസച്ചനു് ആ തടസ്സം നീക്കിക്കിട്ടാൻ വേണ്ടി വളരെയേറെ പാടുപെടേണ്ടതായും വന്നു.

സംഗതി ഇതായിരുന്നു: ആസ്സാമിലേക്കു പ്രവേശിക്കുവാൻ തങ്ങൾ അംഗീകരിച്ചിട്ടുള്ള സഭക്കാരെ മാത്രമേ ബ്രിട്ടീഷ് ഗവൺമെൻറു് അനുവദിച്ചിരുന്നുള്ളൂ. സലേഷ്യൻസഭയെ ബ്രിട്ടീഷുകാർ അംഗീകരിച്ചിരുന്നുമില്ല. ഭാഗ്യത്തിനു് വെസ്റ്റ്മിനിസ്റ്റർ ആർച്ചുബിഷപ്പായ കാർഡിനൽ ബോണിനെയാണു് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള ആളായി ബ്രിട്ടീഷ് ഗവൺമെൻറു് നോമിനേററു് ചെയ്തിരുന്നതു്. ആ നല്ല കർദ്ദിനാൾ സലേഷ്യൻസഭയുടെ ഒരു സുഹൃത്തായിരുന്നു. അദ്ദേഹം ഒരു സലേഷ്യനായിരുന്ന ഫാദർ മേസിക്കു്, ഇക്കാര്യത്തിൽ തനിക്കുവേണ്ടി വേണ്ടുന്ന പ്രകാരത്തിൽ പ്രവർത്തിച്ചുകൊള്ളാൻ അനുവാദം നൽകി. അങ്ങിനെ കാര്യങ്ങൾ ശുഭമായി കലാശിച്ചു. തൻെറ ശ്രമങ്ങൾ ഫലമണിഞ്ഞ സന്തോഷത്തോടെ, കൃതജ്ഞത പ്രകടിപ്പിക്കുവാനായി അദ്ദേഹം തൻെറ സംഘവുമായി വാൽസാലീസിലെ ഡോൺബോസ്കോയെ അടക്കം ചെയ്ത സ്ഥലത്തു് പോവുകയും പ്രാർത്ഥിക്കുകയും ചെയ്തു. തൻെറ സഹപ്രവർത്തകരൊക്കെയുടേയും നാമത്തിൽ അവിടെ വച്ചദ്ദേഹം മൂന്നു പ്രതിജ്ഞകൾ ചെയ്തു.

1) ഞങ്ങൾ എവിടെയായിരുന്നാലും സലേഷ്യൻസഭക്കു് അഭിമാനകരമായി പ്രവർത്തിക്കും.

2) ദാരിദ്ര്യം, അനുസരണ തുടങ്ങിയ സഭാവാഗ്ദാനങ്ങൾ വിശ്വസ്തതയോടെ പാലിക്കുക.

3) പരിശുദ്ധ കന്യാമറിയത്തിൻെറ, പ്രത്യേകിച്ച് ക്രിസ്ത്യാനികളുടെ സഹായമായ കന്യാമറിയത്തിൻെറ ഭക്തി പ്രചരിപ്പിക്കുവാൻ ആവുംമട്ടു ശ്രമിക്കുക.

അദ്ധ്യായം 5

# ഒരു മുദ്രാവാക്യവും കുറെ സ്വപ്നങ്ങളും

ആസ്സാം മിഷൻെറ തലവനായിത്തീർന്നപ്പോഠംതന്നെ തനിക്കും തൻെറ സഹപ്രവത്തകർക്കും മാഗ്ഗദർശനവും ഉത്തേജനവും നല്കാൻപോകുന്ന ഒരു മുദ്രാവാക്യം കണ്ടെത്തുവാൻ മത്തിയാസച്ചൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹം തലപുകഞ്ഞാലോചിച്ചു. നിമിഷങ്ങഠംക്കുള്ളിൽ ഉത്തരം നല്കുന്ന ആ ധിഷണാശാലിക്കു് ഒരു നല്ല മുദ്രാവാചകം കിട്ടാൻ വളരെ പ്രയാസം തോന്നി. ദൈവത്തിൻെറ കാരുണ്യം ഇതാ ഇവിടെയും മത്തിയാസച്ചനു സഹായഹസ്തം നീട്ടുകയായി.

അതു സംഭവിച്ചതിങ്ങനെയാണു്–മത്തിയാസച്ചൻെറതന്നെ വാക്കുകളിൽ: ''ഡോൺബോസ്കോ പിറന്നുവീണ ബെക്കി എന്ന കൊച്ചുഗ്രാമത്തിൽനിന്നു് ഒരു തീർത്ഥയാത്രക്കുശേഷം ഞാൻ മടങ്ങിയെത്തി. വാസ്തവത്തിൽ ഇൻഡ്യയിലേക്കുള്ള യാത്രയ്ക്കു ചെയ്യേണ്ട ഒരുക്കങ്ങളെപ്പററി ഓത്തു ഞാൻതന്നെ കുഴങ്ങിയ സമയമായിരുന്നു. ടൂറിനിൽ ഞാൻ എൻെറ പഴയ തിയോളജി പ്രൊഫസറായിരുന്ന വിസ്സാരാ അച്ചൻെറ അടുത്തേയ്ക്കോടി. അച്ചൻ വന്നതു് എന്നെ, ഞാൻ കുട്ടിക്കാലത്തു പഠിക്കുകയും പിൽകാലം പട്ടം ഏല്ക്കുകയും ചെയ്ത ഫൊളിസ്സേ സ്കൂളിലേക്കു കൂട്ടിക്കൊണ്ടുപോകുവാനായിരുന്നു. അവിടെ അവരെല്ലാംകൂടി എനിക്കൊരു സ്വീകരണവിരുന്നു് തയാറാക്കിയിരുന്നു. എൻെറ പ്രശ്നങ്ങഠംക്കിടയിൽ സ്വീകരണമത്ര ഹൃദ്യമല്ലായിരുന്നു. പക്ഷെ എനിക്കു നിഷേധിക്കാൻ കഴിയുമായിരുന്നില്ല ആ ക്ഷണനം. ഒടുവിൽ അവസാന നിമിഷത്തിൽ ഞാൻ പോകാൻതന്നെ ഉറച്ചു.

ഉച്ചയ്ക്കുശേഷം സ്കൂഠംതീയേററിൽ സെമിനാരിക്കുട്ടികഠം ചേർന്നു നടത്തിയ ഒരു പ്രദശ്നമുണ്ടായിരുന്നു. പരിപാടിയുടെ പേരു് ''കൊച്ചുജോണി ബോസ്കോ'' എന്നായിരുന്നു. ദുഃഖവും ദുരിതവും നിറഞ്ഞ ബെക്കിയിലെ പയ്യനായ ആട്ടിടയൻെറ ബാല്യകാലം–കുടുംബവഴക്കുകഠം, ദാരിദ്ര്യം, വേദനകഠം–തെററിദ്ധാരണകഠം–അവ ഡോൺബോസ്കോ തരണം ചെയ്തവിധങ്ങഠം – ഇവയൊക്കെയായിരുന്നു 'കൊച്ചുജോണിബോസ്കോ' എന്ന ലളിതമായ പരിപാടിയിൽ അവതരിപ്പിക്കപ്പെട്ടതു്.

''ഞാൻ ലജ്ജയോടെ ഒരു കാര്യം രേഖപ്പെടുത്തട്ടെ''–മത്തിയാസച്ചൻ എഴുതുന്നു–ആസ്സാമിലേക്കു പോകുന്നവരുടെ നേതാവായി എന്നെ തെരഞ്ഞെടുത്ത നാൾ മുതൽ ഞാനൊരു മുദ്രാവാക്യത്തിനായി കിണഞ്ഞു പരിശ്രമിക്കുകയായിരുന്നു. ജീവിതത്തെ നയിക്കുവാനുതകുന്ന ഒരു തത്വസംഹിത ആ ചെറിയ വാചകം ഉൾക്കൊള്ളണമെന്ന് ഞാനാശിച്ചു. എൻെറ ഹൃദ് സ്പന്ദനങ്ങളും അപരിഷ്കൃതരായ ഗിരിവർഗ്ഗങ്ങളെ സ്വർഗ്ഗീയ വീഥികളിലേക്കു നയിക്കുവാനുള്ള എൻെറ അദമ്യമായ ആഗ്രഹവും ആ വാക്കുകളിൽ തുടിച്ചുനില്ക്കണമെന്നു ഞാൻ കൊതിച്ചു. റോമിൽവച്ച് ശ്ലൈഹിക വൃന്ദങ്ങളുടെയൊക്കെയും മുന്നോടിയായ വിശുദ്ധ പത്രോസിൻെറ വെങ്കല പ്രതിമയുടെ മുന്നിൽ നിന്നു് ഞാൻ പ്രചോദനത്തിനായി പ്രാർത്ഥിച്ചു. പുറത്തിറങ്ങി വിശുദ്ധ പൗലോസിൻെറ പ്രതിമയുടെ മുന്നിലും ഞാൻ തലകുനിച്ചുനിന്നു. അവർക്കെൻെറ യാചന കേൾക്കാതിരിക്കാനെങ്ങിനെ കഴിയും? ടൂറിനിൽ തിരിച്ചെത്തിയ ദിവസം ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിൻെറ അത്ഭുതചിത്രത്തിനു മുന്നിൽ മുട്ടുകുത്തിനിന്നു ഞാൻ അപേക്ഷിച്ചു, എന്നെ സഹായിക്കുവാൻ. എന്നിട്ടും ഒരു കൃപ എനിക്കു വീണു കിട്ടിയില്ല. ഒരു ആദർശസൂക്തത്തിൻെറ ഒരു ഭ്രൂണംപോലും എൻെറ മനസ്സിൽ പതിഞ്ഞില്ല. ഞാൻ നിരാശനായി.

പക്ഷെ എൻെറ പ്രാർത്ഥനകൾ വ്യർത്ഥമായിരുന്നില്ല. ഫൊളിസ്സ്റ്റോയിലെ തീയേററിൽ വച്ചാണ് എനിക്കതിനു തെളിവു ലഭിച്ചതു്. ലഘുനാടകം രണ്ടാമങ്കത്തിൻെറ അവസാനമെത്തിയിരുന്നു. കൊച്ചുഡോൺബോസ്സ്റ്റോ, ഏകനായി, എല്ലാവരാലും പരിത്യക്തനായി, നിരാശയുടെ വിളുമ്പിലങ്ങിനെ നില്ക്കുന്നു. ബെക്കിയിൽവച്ച് ഒൻപതാം വയസ്സുമുതൽ താൻ താലോലിച്ചുവന്ന ആ സ്വപ്നം ഒരിക്കലും ഫലപ്രാപ്തിയിലെത്തില്ലെന്നു് ആ അവസരത്തിൽ അദ്ദേഹം വിചാരിച്ചു. കിനാവിൽ നിഗൂഢസത്യമായ ആ ഇടയകന്യക പറഞ്ഞതുപോലെ ചെന്നായ്ക്കളെ ആട്ടിൻകുട്ടികളാക്കുവാൻ തനിക്കെങ്ങിനെ സാധിക്കും?

ആ നിമിഷത്തിൽ അരങ്ങത്ത് എങ്ങോനിന്നെന്നപോലെ ഒരു മാലാഖാ പ്രത്യക്ഷയായി. നിരാശനായ, ആ ഇടയച്ചെക്കനോട് ആ മാലാഖാ മന്ത്രിച്ചു; ''വിഷമിക്കാതിരിക്കു ജോൺ–ധൈര്യപ്പെടുക. പ്രതീക്ഷിക്കുക''.

നാടകം കണ്ടുകൊണ്ടു് എൻെറ അടുത്തിരുന്ന ഫാദർ വിസ്മാരാ എൻെറ നേരെ തിരിഞ്ഞു പറഞ്ഞു. (അദ്ദേഹം എൻെറ പ്രശ്നത്തെപ്പററി ഒന്നും അറിഞ്ഞിരുന്നില്ലെന്നോർക്കണം)–''ഹാ ആ കേട്ടതു് ഒരു മിഷനറിക്കു പററിയ ഒന്നാന്തരം മുദ്രാവാക്യമാണു്. ധൈര്യപ്പെടുക, പ്രതീക്ഷിക്കുക''. വികാര

ഭരിതനായി ഞാൻ ഇത്രമാത്രം, പറഞ്ഞു–"ഞാനാവാക്കുകൾ എൻെറ സ്വന്തമാക്കും." ആ നിമിഷം തൊട്ട് ആ അനുപമ സൂക്തം ഞാൻ സ്വീകരിക്കുകയും ചെയ്തു, എൻെറ വഴിയിൽ കാർമേഘങ്ങളുടെ പാളി തുറന്നു വന്നെത്തിയ സൂര്യരശ്മികൾ!

രാത്രിജപങ്ങൾ കഴിഞ്ഞ് സലേഷ്യൻ ആചാരമനുസരിച്ച് സെമിനാരി അംഗങ്ങളോട് ഒരു ചെറിയ പ്രഭാഷണം ചെയ്യുവാൻ ഞാൻ വിളിക്കപ്പെട്ടു. എനിക്ക് അപ്രതീക്ഷിതമായി ലഭിച്ച ആ വാക്കുകളെപ്പററി ഞാനവരോടു പറഞ്ഞു. ഇവിടെ വരുവാൻ സാധിച്ചതിൽ എനിക്കുള്ള സന്തോഷം അപരിമേയമാണ്. കാരണം ഇന്ന് ഇവിടെവച്ചാണ് എനിക്കെൻെറ ജീവിതത്തിനു ഒരു മുദ്രാവാക്യം ലഭിച്ചതു്. ധൈര്യപ്പെടുക–പ്രതീക്ഷിക്കുക. വാസ്തവത്തിൽ ഒരു മിഷനറി, തൻെറ സ്വന്തം ചുമതലയായി കരുതി ഓരോ കാര്യവും ധൈര്യപൂർവ്വം ചെയ്യേണ്ടവനാണ്. പക്ഷെ അയാളിൽ പ്രത്യാശ നിറഞ്ഞുനില്ക്കട്ടെ. ഹൃദയത്തിൻെറ അടിത്തട്ടുകളിൽ അത്ഭുതം പ്രവർത്തിച്ചുകൊണ്ട് ഉറങ്ങാതിരിക്കുന്നവനായ പരമകാരുണികനിൽ അയാൾ തൻെറ പ്രതീക്ഷകൾ സമർപ്പിക്കട്ടെ.

ഞാൻ അന്നു രാത്രിതന്നെ ട്രെയിൻമാർഗ്ഗം ടൂറിനിലേക്കു മടങ്ങി. ഇരുണ്ട ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കിയിരുന്നപ്പോൾ ഞാനാവാക്കുകൾ അപാരതയിൽ കണ്ടു ധൈര്യപ്പെടുക–പ്രതീക്ഷിക്കുക. ശരി, ഞാനെന്നോടുതന്നെ മന്ത്രിച്ചു, ഞാനെല്ലാം എൻെറ കർത്താവിൽ സമർപ്പിക്കും. എൻെറ പദ്ധതികളും, എൻെറ വിഷമതകളും എല്ലാം, അവനിൽ എൻെറ മുഴുവൻ ഹൃദയവും എൻെറ മുഴുവൻ പ്രത്യാശയും സമർപ്പിതമായിരിക്കുമ്പോൾ ഞാനെന്തിനു അധൈര്യപ്പെടണം!"

ഈ അനുസ്മരണകളിൽ മോൺസിഞ്ഞോർ മത്തിയാസ്സ് 1586–ൽ ഡോൺബോസ്കോക്കുണ്ടായിരുന്ന വേറൊരു സ്വപ്നത്തെക്കുറിച്ചുകൂടി പറയുന്നുണ്ട്. ബാഴ്സിലോണായിൽ വച്ചായിരുന്ന് ആ സംഭവം. ഒരു രാത്രി ഉറക്കത്തിൽ ഏതോ സ്വർഗ്ഗീയശക്തികൾ തന്നെ ഉയർത്തിക്കൊണ്ട് വാൽപരെയിസോയിൽനിന്നു ചൈനയുടെ തലസ്ഥാനനഗരമായ പെക്കിംഗിലേക്കു കൊണ്ടുപോകുന്നതായി അദ്ദേഹത്തിനു തോന്നി. ഈ ദർശനാവസരത്തിൽ, സലേഷ്യൻസഭ ലോകമാസകലം വ്യാപിക്കുമെന്ന് പരിശുദ്ധ കന്യക അദ്ദേഹത്തിനു വെളിപ്പെടുത്തി. കോംഗോയിലെ കൊടും കാട്ടുപ്രദേശത്ത് തൻെറ ആത്മീയമക്കൾ അഹോരാത്രം ജോലി ചെയ്യുന്ന ദൃശ്യം അദ്ദേഹത്തിനു മാതാവു കാട്ടിക്കൊടുത്തു. 1911–ൽ ഇൻഡ്യയിലും കോംഗോയിലും ഒരേ കാലത്താണ് സലേഷ്യൻ സഭക്കാർ വലതുകാൽവച്ചു കയറിയതു്.

അദ്ദേഹം തുടർന്നെഴുതുന്നു:

"ഒരവസരത്തിൽ ടൂറിനിലെ മദർഹൗസിൽവച്ച് അതിൻെറ ഡയറക്ടർ എന്നെ അടുത്തിരുത്തി സംസാരിക്കുകയായിരുന്നു. എന്തോ പ്രത്യേകമായി എന്നോടദ്ദേഹത്തിനു പറയാനുണ്ടായിരുന്നു. പീഡ്മോണ്ടിലുള്ള സാൻബെനിഞ്ഞോായിലെ അച്ചടിശാലകളുടെ സൂപ്പർവൈസർ ആയി ജോലിനോക്കിവന്നിരുന്ന ആളാണദ്ദേഹം. ഈ സമയത്തു് ഡോൺബോസ്കോയുടെ നാമകരണച്ചടങ്ങുകൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെടുന്ന ഒരു വലിയ മെമ്മോറാണ്ഡം റോമൻ കൂരിയായ്ക്കു സമർപ്പിക്കുവാൻ അവർ തയാറാക്കുകയായിരുന്നു. അന്നു സമർപ്പിക്കാനുള്ള രേഖകളിൽ ഡോൺബോസ്കോയ്ക്കുണ്ടായിട്ടുള്ള പരമരഹസ്യങ്ങളായ ദിവ്യദർശനങ്ങളെപ്പററിയുള്ള ചില കടലാസുകളും ഉൾപ്പെട്ടിരുന്നു. ഒൻപതു വയസ്സുമുതൽ മരണത്തിൻെറ തലേന്നുവരെ ദിവ്യദർശനങ്ങൾ കണ്ടിരുന്ന ആ പുണ്യാത്മാവു്. സ്വപ്നങ്ങളാണു് ദൈവാജ്ഞകൾ ഡോൺബോസ്കോയ്ക്കു നൽകുവാനായി സ്വർഗ്ഗീയനാഥൻ ഉപയോഗിച്ച മാർഗ്ഗം. പ്രവർത്തനങ്ങളിൽ അദ്ദേഹത്തെ നയിക്കുവാനും ഭാവി, വർത്തമാനകാലം പോലെ മനസ്സിലാക്കിക്കൊടുക്കുവാനും ആ ദർശനങ്ങൾ ഉപകരിച്ചു. പക്ഷെ ഈ സംഗതികളൊക്കെ "ചെകുത്താൻെറ വക്കീലിനു" കുലംകഷമായി പരിശോധിക്കേണ്ടിയിരുന്നു, വാദിഭാഗത്തിൻെറ എല്ലാ വാദമുഖങ്ങളെയും കഴിയുമെങ്കിൽ ഖണ്ഡിക്കുവാനായി റോമൻസിംഹാസനംതന്നെയാണു് "ചെകുത്താൻെറ വക്കീലി"നെ നാമകരണ പ്രശ്നങ്ങളിലേക്കായി നിയോഗിക്കുന്നതു്. സമർപ്പിക്കാനുള്ള രേഖകൾ പരമരഹസ്യമാണെങ്കിലും ഡയറക്ടറച്ചൻ അതിലൂടെ ഒന്നു കണ്ണോടിച്ചിരുന്നു എന്നു വ്യക്തം. സ്വപ്നങ്ങളിലൂടെയുള്ള ദൈവാജ്ഞകളെപ്പററിയുള്ള പഠനം അദ്ദേഹത്തിനു രസകരമായി തോന്നിയിരിക്കണം. ഏതായാലും ഡയറക്ടറച്ചൻെറ പക്കൽ ഒരു കൂട്ടം തെളിവുകൾ ഉണ്ടായിരുന്നു. അതു് അദ്ദേഹം രഹസ്യമായി എന്നെ കാണിച്ചു. പഴക്കംകൊണ്ടു് വിളമ്പുകൾ മഞ്ഞിച്ചുപോയ ആ കടലാസുകൾ വായിച്ചപ്പോൾ എൻെറ മനസ്സ് ആനന്ദംകൊണ്ടു പൊട്ടിപ്പോകുമെന്നു തോന്നി. ആ വാക്കുകൾ— "ഇവിടെ ബോംബെ—അവിടെ അതാ കൽക്കട്ടാ." "ഞങ്ങളുടെ മൺമറഞ്ഞുപോയ ആത്മീയപിതാവു് ഞങ്ങൾക്കുമുമ്പേ ഞങ്ങൾ ചെന്നെത്തേണ്ട വിദൂരഭൂമികൾ സന്ദർശിച്ചിരുന്നതായി എനിക്കു മനസ്സിലായി—പരി. മാതാവുതന്നെ ഞങ്ങളെ കാത്തു രക്ഷിക്കാനുള്ളപ്പോൾ അവളുടെ ചിറകിനടിയിൽ ഞങ്ങൾക്കെന്നും അഭയമുണ്ടല്ലോ. അന്നുമുതൽ ഒരു വിശുദ്ധമായ അഭിമാനം എൻെറ മനസ്സിൽ വിടന്നു. പ്രിയപ്പെട്ട ഡോൺബോസ്കോയുടെ ദർശനം ഇതാ എൻെറ സ്വന്തം കണ്ണുകളിലൂടെ, എൻെറ പാദങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നു എന്ന അഭിമാനം

ഞാൻ അത്യന്താദരവോടെ ആ കടലാസു കഷണങ്ങരം കൈയി ലെടുത്തു ചുംബിച്ചശേഷം, ആ രഹസ്യം എനിക്കു പങ്കുവയ്ക്കാൻ സന്മനസ്സുണ്ടായ ഡയറക്ടറച്ചൻെറ കയ്യിലേക്കുതന്നെ കൃതജ്ഞത യോടെ അവ മടക്കിക്കൊടുത്തു''.

ഒക്ടോബർ 23–ാം തീയതി സന്ധ്യാനേരത്തു് ക്രിസ്ത്യാനി കളുടെ സഹായമായ മറിയത്തിൻെറ ബസിലിക്കായിൽവച്ചു് മിഷനറിമാക്കുള്ള പരമ്പരാഗതമായ വിടവാങ്ങൽ ചടങ്ങുകരം നടന്നു. ഒരു സംഘത്തിനു് ലാററിൻ അമേരിക്കയിലേക്കാ യിരുന്നു പോകേണ്ടിയിരുന്നതു്. ഇൻഡ്യയിലേക്കു നിയോ ഗിക്കപ്പെട്ട ചെറിയ സംഘം ടൂറിനിൽനിന്നു് മാഴ്സെയിൽ സിലേക്കു് ഡിസംബർ ഇരുപതിനു യാത്ര പുറപ്പെട്ടു. നാലു ദിവസം കഴിഞ്ഞു് അവർ 'കൈസർ–ഇ–ഹിൻഡ്'' എന്ന കപ്പലിൽ കയറിപ്പററി – ക്രിസ്തുമസിൻെറ തലേദിവസമുള്ള വേസ്പര കടലിൽവച്ചായിരുന്നു.''

ഫാദർ മത്തിയാസ് എഴുതുന്നു. ''വഷത്തിലെ ആദ്യത്തെ ദിവസം ഞങ്ങരം നടുക്കടലിലായിരുന്നു. വിദേശത്തേക്കു പ്രേഷിതപ്രവത്തനത്തിനു പോവുന്ന ഞങ്ങളുടെ പ്രയത്നങ്ങളുടെ കന്നിഫലങ്ങളെ ഞങ്ങരം ആ പ്രഭാതത്തിൽ ദൈവത്തിനു കാഴ്ച യർപ്പിച്ചു. പുതിയവർഷം തീർച്ചയായും പ്രയാസമേറിയതാ യിരിക്കും. പക്ഷെ ഞങ്ങളുടെ ഓരോരുത്തരുടേയും അന്തരാള ങ്ങളിൽ പ്രത്യാശയുടെ ദീപിക തിളക്കം കെടാതെനിന്നു കത്തു ന്നുണ്ടായിരുന്നു. ഞങ്ങരം ഞങ്ങളുടെ ലക്ഷ്യത്തിലേക്കു് ആത്മ വിശ്വാസത്തോടെ നീന്തി അടുക്കുകയാണു്. ജനുവരി 6–ാം തീ യതി പൂജരാജാക്കന്മാരുടെ കാഴ്ചവയ്പുതിരുനാരം ദിനം–കപ്പൽ ബോംബെയിലെത്തി. ഇൻഡ്യയുടെ പടിപ്പുരയായ ബോം ബെയിൽ. ബോംബെ എന്ന പേരു് പോർച്ചുഗീസു ഭാഷയി ലെ 'ബോം–ബയിയാ'യിൽനിന്നു വന്നതാണു് – മനോഹര മായ ഉരംകടൽ എന്നാണിതിൻെറ അത്ഥം. ആ പേരു് അർഹി ക്കുന്നു ഇൻഡ്യയുടെ ആ പ്രഥമനഗരം. സെൻറു് സേവ്യേഴ്സ് കോളജിലെ ഫാദർ ധർ എന്ന ജെസ്യൂട്ടു് വൈദികൻ ഞങ്ങളെ ബോംബെയിൽ സ്വീകരിക്കാനെത്തിയിരുന്നു. ഒരു പ്രഗത്ഭ നായ വഴികാട്ടിയെപ്പോലെ, സദാ സുസ്മേരവദനനായ അദ്ദേ ഹം ഞങ്ങരംക്കു നഗരം കാണിച്ചുതന്നു. എനിക്കു വിസ്മയം തോന്നിയ കാഴ്ചകളിൽ ഒന്നു് പാഴ്സികളുടെ ശവസംസ്കാര രീതിയായിരുന്നു. 'ശാന്തതയുടെ ഗോപുരത്തിൻെറ ഉത്തുംഗ ശൃംഗത്തിലൊരു പീഠത്തിൽ നഗ്നമായ ശവം കൊണ്ടുവച്ചിട്ടു് അവർ മാറി നില്ക്കും. കഴുകന്മാർ വട്ടം ചുററി പറക്കുന്നുണ്ടാവും മുകളിൽ. അവററ ആ ശവം കൊത്തിക്കൊത്തിതിന്നും. എ ന്തൊരു ഭീകരമായ ദൃശ്യം' ഏറെനാരം കഴിഞ്ഞൊരിക്കൽ മെഡിക്കൽ വിദ്യാത്ഥിയായ ഒരു ഹിന്ദു യുവാവിനോടു് ഞാ

 നിതെപ്പററി സംസാരിക്കുകയുണ്ടായി. ഭൂമിയിൽ പുഴ തിന്നുന്നതും ആകാശത്തിലെ പറവകൾ തിന്നുന്നതും തമ്മിൽ എന്താണു വ്യത്യാസമെന്നു് ആ ചെറുപ്പക്കാരൻ ചോദിച്ചു.

ഒരിക്കൽ ബോംബെയിൽവച്ച് എനിക്കൊരു വലിയ ഇച്ഛാഭംഗമുണ്ടായി. അനുഭവജ്ഞാനമില്ലാത്ത ഞാൻ കരുതിയിരുന്നതു് ഇൻഡ്യാക്കാരെ മുഴുവൻ ക്രിസ്ത്യാനികളായി മാനസാന്തരപ്പെടുത്താൻ കുറച്ചു മിഷനറിമാരുടെ ആവശ്യമേ ഉള്ളു എന്നായിരുന്നു. നിത്യസത്യങ്ങൾക്കുവേണ്ടി, അവർ വിശന്നിരിക്കുകയായിരിക്കും എന്നു ഞാൻ സങ്കല്പിച്ചു. ഞാൻ ധർ അച്ചനോട് ചോദിച്ചു: 'ഇൻഡ്യയിലെ ജനം മുഴുവൻ ക്രിസ്ത്യാനികളായിത്തീരുവാൻ എത്രകാലം വേണമെന്നാണു് അച്ചൻ വിചാരിക്കുന്നതു്''?

"ഈ നാടു മുഴുവനും ഭൂമികുലുക്കമുണ്ടായി തകരുമ്പോൾ, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റുകാർ ഇൻഡ്യയെ കീഴ്പ്പെടുത്തുന്ന കാലംവരുമ്പോൾ''. അച്ചൻ ഉദാസീനനായി പറഞ്ഞു.

ഞാൻ ഞെട്ടുന്നതു കണ്ടപ്പോൾ അച്ചന്റെ മുഖത്തു പുഞ്ചിരി വിടർന്നു. "സംശയാലുവായ വിശുദ്ധ തോമ്മാശ്ലീഹായെ ഇൻഡ്യയിലേക്കു് കർത്താവെന്തിനാണു അയച്ചതെന്നറിയാമോ? വെറും ഒരു ശ്ലീഹാ ആയതുകൊണ്ടല്ല – വിശ്വസിക്കുന്നതിനു മുമ്പു് തൊട്ടുനോക്കുന്ന ജനങ്ങൾ ഇവിടെ ഉള്ളതുകൊണ്ടാണു്''.

"അദ്ദേഹത്തിന്റെ നിർവികാരമായ സ്വരം കേട്ട് എനിക്കു വേദനയുണ്ടായി. ഇൻഡ്യയെ മാനസാന്തരപ്പെടുത്തുക എന്ന കർമ്മം വിചാരിക്കുംപോലെ അത്ര എളുപ്പമല്ല എന്നു മനസ്സിലാക്കാൻ ഞാൻ തുടങ്ങുകയായിരുന്നു.

ആശ്ചര്യമുളവാക്കുന്ന ഒരു സംഗതി ഒടുവിലായി രേഖപ്പെടുത്തട്ടെ: ആസ്സാമിൽ മിഷനറിമാരെ കാത്തിരുന്ന അനുഭവം ബോംബെയിൽവച്ച് ഉണ്ടായതുപോലെയായിരുന്നില്ല. ലളിതമനസ്സരായ ഗിരിവർഗ്ഗക്കാരുടെ ഹൃദയങ്ങൾ ഒരു തുറന്ന പുസ്തകമായിരുന്നു. ദൈവവചനങ്ങൾ ഇൻഡ്യയിലെ ഏതു ജനവിഭാഗത്തെക്കാളുമേറെ വേഗത്തിൽ അവർ മനസ്സിലാക്കി. മാനസാന്തരപ്രവർത്തനങ്ങൾ, പ്രത്യേകിച്ച് യുവാക്കളുടെ ഇടയിൽ, പെട്ടെന്നു പെട്ടെന്നു ഫലമണിഞ്ഞു കണ്ടപ്പോൾ ആ ആദിമിഷനറിമാർ വളരെയേറെ സന്തോഷഭരിതരായി.''

അദ്ധ്യായം 6

# വാഗ്ദാനം ചെയ്യപ്പെട്ട ഭൂമിയിൽ

'ബോംബെയിലെ ഞങ്ങളുടെ താമസം സന്തോഷകരവും ഉപകാരപ്രദവുമായിരുന്നു.' മോൺസിഞ്ഞോർ മത്തിയാസ് തന്റെ കുറിപ്പുകളിൽ എഴുതുന്നു. "പക്ഷെ ഞങ്ങളുടെ ലക്ഷ്യമായ ആസാമിലേക്കുള്ള യാത്രയെപ്പററിയായിരുന്നു ഞങ്ങളുടെ സദാനേരമുള്ള ചിന്ത. ജനുവരിയിൽത്തന്നെ ഞങ്ങൾ ജസ്യൂട്ട പുരോഹിതന്മാർക്ക് വിട പറയുകയും ആയുസ്സിലാദ്യമായി ഒരു ഇൻഡ്യൻ തീവണ്ടിയിൽ കയറുകയും ചെയ്തു. വിക്ടോറിയാ ടെർമിനസിൽനിന്നാണ ഞങ്ങൾ വണ്ടി കയറിയത്. ബംഗാളിന്റെ തലസ്ഥാനമായ കൽക്കട്ടായിലേക്കാണ് ഞങ്ങൾ പോയത്. താരതമ്യേന സുഖപ്രദമായ ബഞ്ചുകളും സീലിങ് ഫാനുകളുമുള്ള ഒരു കമ്പാർട്ടുമെൻറ്. മുകളിൽ സ്ലീപ്പർബെത്തുണ്ട്. അത് രാത്രിയിൽ താഴ്ത്തിക്കൊണ്ടുവരാവുന്നവിധം ഘടിപ്പിച്ചിരിക്കുന്നു. കൈസർ-ഇ-ഹിൻഡ് കപ്പലിനെ അനുസ്മരിപ്പിക്കുന്ന ആ കമ്പാർട്ടുമെൻറിലിരുന്ന് ദരിദ്രമായ നാട്ടുമ്പുറങ്ങളെ നോക്കി ഞങ്ങൾ യാത്ര തുടന്നു. ഇടയ്ക്ക് രണ്ടു മലകളുടെ നടുവിലായി ചിലപ്പോൾ നെൽപ്പാടങ്ങൾ കണ്ടു. തീവണ്ടി വളരെ സാവധാനത്തിൽ, മിക്കവാറും എല്ലാ സ്റ്റേഷനുകളിലും നിർത്തിനിർത്തിയാണ് പൊയ്ക്കൊണ്ടിരുന്നത്. സ്റ്റേഷനുകളിൽ ലഘുഭക്ഷണശാലകൾ ധാരാളമായി കണ്ടു. അവിടെ മൺകോപ്പകളിൽ ചായയും, ഓറഞ്ചും വാഴപ്പഴങ്ങളും വില്ക്കുന്നതു കണ്ടു. ഭിക്ഷക്കാർ വട്ടംകൂടിനിന്നു. നീട്ടിപ്പിടിച്ച കൈകളുമായി ആ പാവങ്ങൾ ഓടിയടുക്കുമ്പോൾ അവരുടെ മുഖത്തെ ദീനഭാവം ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അവർ പറഞ്ഞത് ഭാഷയറിയില്ലെങ്കിലും ഞങ്ങൾക്കു മനസ്സിലാക്കാവുന്നതെ ഉണ്ടായിരുന്നുള്ളു. കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി, മിക്കവാറും നഗ്നരായി കൊച്ചുകുട്ടികൾ നടക്കുന്നതു കണ്ടപ്പോൾ അവിടങ്ങളിലെ ദാരിദ്ര്യത്തിന്റെ ചലിക്കുന്ന ചിത്രങ്ങളായി അത് എനിക്കനുഭവപ്പെട്ടു. ഞങ്ങൾ എന്തൊക്കെയോ അവരുടെ കൈകളിലേക്കിട്ടു കൊടുത്തു. കൂടുതൽ കൊടുക്കാൻ ആശിച്ചു. പക്ഷെ ഞങ്ങളും പാവങ്ങൾതന്നെയായിരുന്നു. തന്നെയുമല്ല, പുതിയ രാജ്യത്തെ പണത്തിന്റെ വിലയെന്തെന്നു ഞങ്ങൾക്കറിയില്ലായിരുന്നുതാനും. ഞങ്ങളുടെകൂടെയുണ്ടായിരുന്ന ഒരു തുണസഹോദരൻ ഒരിക്കൽ കുറെ വാഴപ്പഴം വാങ്ങാൻവേണ്ടി ഒരു കച്ചവടക്കാരന്റെ കയ്യിൽ ഒരു രൂപാ

കൊടുത്തു. ഏകദേശം ഒരു ഷില്ലിങ്. കച്ചവടക്കാരൻ അന്ധാളിച്ചുപോയി. അയാഠം ഒരു വലിയ കൂട്ട നിറയെ വാഴപ്പഴം ഞങ്ങഠംക്കു തന്നു. പിന്നെ ബാക്കി തപ്പുകയായി. 'ബാക്കി നിങ്ങഠം എടുത്തോളൂ എന്നു ഞങ്ങഠം ആംഗ്യം കാണിച്ചപ്പോഠം ആ മനുഷ്യൻ ഞങ്ങളുടെ വിശാലമനസ്ഥിതി കണ്ടു് അത്ഭുതപ്പെട്ടു. ഞങ്ങളാണെങ്കിൽ വെറും ഒരു രൂപയ്ക്കു് ഒരു കൂട്ട വാഴപ്പഴം കിട്ടിയതോർത്തു് അതിശയിക്കുകയും!

കൽക്കട്ടായിലെത്തിയപ്പോഠം ഞങ്ങഠം മോൺ. പെരരെയരെ കണ്ടു് ആദരവുകഠം അർപ്പിക്കുവാനായി അരമനയിലേക്കു ചെന്നു. ഒരു ജസ്യൂട്ട് വൈദികനായിരുന്ന അദ്ദേഹം പിൽക്കാലത്തു് കൽക്കട്ടയുടെ ആർച്ചുബിഷപ്പായി അവരോധിക്കപ്പെടുകയുണ്ടായി. അദ്ദേഹം ഞങ്ങഠംക്കെന്നും ഒരു വിലപ്പെട്ട സുഹൃത്തും സഹായിയും ആയിരുന്നു.

"ബോംബെയിലെപോലെ കൽക്കട്ടായിലും ഞങ്ങഠംക്കു് ആതിഥ്യമേകിയതു് വിശുദ്ധ ഇഗ്നേഷ്യസിൻെറ പുത്രന്മാരായിരുന്നു. ഇവിടെ പാർക്ക്സ്ട്രീററിലുള്ള സെൻറ് സേവ്യേഴ്സ്കോളജിൽ റെക്ടറച്ചൻ ഞങ്ങഠംക്കൊരു വഴികാട്ടിയെ ഏർപ്പാടു ചെയ്തു തരികയുണ്ടായി. ഒരു ഫാദർ ഹോസ്റ്റൻ, എസ്. ജെ. അദ്ദേഹം ഇൻഡ്യയിലെ ക്രൈസ്തവസഭയെപ്പററി ആധികാരികമായി സംസാരിച്ചു. ഒരിക്കൽ നടക്കാൻ പോയപ്പോഠം അദ്ദേഹം ഭാരതക്രൈസ്തവസഭാചരിത്രത്തെപ്പററി ഒരു പ്രഭാഷണംതന്നെ നടത്തുകയുണ്ടായി. അന്നാണു് അദ്ദേഹം സെൻറ് തോമസ് ഇൻഡ്യയിൽ വന്നു പ്രേഷിതപ്രവർത്തനം നടത്തി എന്നതിനെപ്പററി ഗൗരവമായ വിധത്തിൽ ചില സംശയങ്ങഠം ഉന്നയിച്ചതു്.[1] ആ സമയത്തു് അദ്ദേഹമോ ഞാനോ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല, ഞാനൊരിക്കൽ ശ്ലീഹായുടെ മരണസ്ഥലമായ മദ്രാസിലേക്കു നിയോഗിക്കപ്പെടുമെന്നു്. മദ്രാസ്—മൈലാപ്പൂരിൻെറ ആർച്ചുബിഷപ്പ് എന്ന നിലയിൽ ഞാനെന്നും ഓർക്കുമായിരുന്നു, ആദ്യം അവിശ്വസിക്കുകയും പിന്നീടു് ഹൃദയഭാരത്തോടെ പശ്ചാത്തപിക്കുകയും ചെയ്ത ആ തോമാശ്ലീഹായുടെ പിൻഗാമിയായിത്തീർന്നല്ലോ ഞാൻ എന്നു്.

മഹാനഗരം സന്ദർശിച്ചപ്പോഠം രണ്ടു കാര്യങ്ങഠം എന്നെ വല്ലാതെ സ്പർശിക്കുകയുണ്ടായി. ഒന്നു്, വഴിവക്കിലും നിര

1. ഫാദർ ഹോസ്റ്റൻ പിന്നീടു് തൻെറ നിലപാടു മാററുകയും ആൻറി ക്വിററീസ് ഫ്രം സാൻതോം ആൻറ് മൈലാപ്പൂർ എന്ന പുസ്തകം എഴുതുകയും ചെയ്തു. അതു് അദ്ദേഹം മരിച്ചു് പിറേറക്കൊല്ലം (1936 ൽ) ആണു് പ്രസിദ്ധീകരിക്കപ്പെട്ടതു്.

ത്തിലുമായി ജീവിക്കുന്ന പാവങ്ങളുടെ കഷ്ടപ്പാടുകൾ. പശുക്കളും കാളകളും പോത്തുകളും വഴിനീളെ അലഞ്ഞുനടക്കുന്നു. രണ്ടാമത്തെ കാര്യം മനുഷ്യൻ മനുഷ്യനെ വലിച്ചുകൊണ്ടുപോകുന്ന റിക്ഷാവണ്ടി! വിയർത്തൊലിച്ച്, കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ച് ശ്വാസം വലിക്കാൻ പ്രയാസപ്പെടുന്ന ഒരു മനുഷ്യൻ വലിക്കുന്ന വണ്ടിയിൽ അണിഞ്ഞൊരുങ്ങിയിരിക്കുന്ന ധനവാനെ കാണുമ്പോൾ എനിക്കു തോന്നിയ ആദ്യവികാരം എന്തായിരുന്നു എന്നു പറയാൻ വാക്കുകളില്ല. പക്ഷെ പിന്നെപ്പിന്നെ എൻെറ ഉൽക്കണ്ഠ കുറഞ്ഞുവന്നു-വല്ലപ്പോഴുമൊക്കെ, അത്യാവശ്യത്തിനു ഞങ്ങളിൽ ചിലർ റിക്ഷാകളിൽ കയറുകയും ചെയ്തു പില്ക്കാലത്ത്.

കുറച്ചുദിവസങ്ങൾക്കകം ഞങ്ങൾ യാത്രയുടെ അടുത്ത ഘട്ടത്തിനുവേണ്ടി തയാറായിരുന്നു. കൽക്കട്ടായിൽനിന്ന് പാണ്ടുവിലേക്ക്—രണ്ടുദിവസം തികച്ചും ട്രെയിനിൽ ഇരിക്കേണ്ടിവന്നു. നാട്ടിൻപുറം വ്യത്യാസപ്പെട്ടു കാണപ്പെട്ടു. ഞങ്ങൾ കിഴക്കേ ബംഗാൾസമതലങ്ങൾ കടന്നുപോവുകയായിരുന്നു. ഇവിടെ വെള്ളം ആവശ്യത്തിനു ലഭിക്കും. നദികളും തടാകങ്ങളും കുളങ്ങളുമെല്ലാം നിറഞ്ഞ കിഴക്കൻ ബംഗാൾ നെല്പാടങ്ങൾകൊണ്ടു സമൃദ്ധമായിരുന്നു.

ഒരു രാത്രി കഴിഞ്ഞപ്പോൾ ഞങ്ങളുടെ തീവണ്ടി ആസ്സാം അതിർത്തി കടന്നിരുന്നു. പുതിയ പ്രേഷിതഭൂമിയിൽ പ്രവേശിച്ചപ്പോൾ ഞങ്ങളുടെ ഹൃദയം പ്രാർത്ഥനാഭരിതമായി. ദൈവമേ, ഞങ്ങളുടെ യത്നം നിൻെറ അനുഗ്രഹംകൊണ്ടു ഫലപ്രാപ്തിയണിയണമേ, മാതാവേ, നീ ഞങ്ങളെ കാത്തുസംരക്ഷിക്കണമേ. ഞങ്ങൾ പ്രാർത്ഥിച്ചു.

പെട്ടെന്ന് ഹിമാലയഗിരിയുടെ ആദ്യദർശനം ചക്രവാളത്തിൽ.

വിസ്മയാതിരേകങ്ങളോടെ ഞങ്ങൾ ആ ഉത്തുംഗശൃംഗങ്ങളെ നോക്കിനിന്നു. സ്വർഗ്ഗം ഭൂമിയെ ചുംബിച്ചുനില്ക്കുന്നു എന്നു തോന്നിപ്പിക്കുന്ന മഞ്ഞുമൂടിയ, നിശ്ചലസുന്ദരഗംഭീരനായ ഹിമവാൻ.

പാണ്ടുവിൽ ഫാദർ ലെവിഫെർ, എന്ന ജസ്യൂട്ട് വൈദികൻ ഞങ്ങളെ സ്വീകരിച്ചു. ബൽജിയംകാരനായ അദ്ദേഹം ആസ്സാമിലെ പ്രിഫെക്റ്റർ അപ്പസ്റ്റോലിക്കിൻെറ വൈസ് അഡ്മിനിസ്ട്രേറ്റർ ആയിരുന്നു. അദ്ദേഹം നേരത്തേ ഏർപ്പാടു ചെയ്തിരുന്ന ഒരു ട്രക്കിൽ ഞങ്ങൾ കെട്ടും ഭാണ്ഡവുമായി യാത്ര തുടർന്നു—പഴയ തലസ്ഥാനനഗരമായ ഗൗഹതിയിലേക്ക്. 20,000 പേർ നിവസിക്കുന്ന ഈ നഗരത്തിന്

പൗരാണികപ്രൗഢിയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. കാസി മലകളിലെ ഷില്ലോങ്ങ് എന്ന പുത്തൻ പട്ടണത്തിലേക്ക് ഗവ. ഓഫീസുകളെല്ലാം മാററപ്പെട്ടതോടെയാണു ഗൗഹതിക്കീ ഗതികേടു വന്നുചേർന്നതു്. കത്തോലിക്കാമിഷൻെറ ആസ്ഥാനമായിരുന്നു ഗൗഹതി അന്നു്. പക്ഷെ ക്രിസ്ത്യാനികളുടെ എണ്ണമോ, മഹത്തായ പത്തൊൻപതു്!'

"പട്ടണത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തിയപ്പോൾ കൊച്ചുകൊച്ചു വീടുകൾ കണ്ടു. വെള്ളപൂശിയ, ചരിഞ്ഞ മേൽക്കൂരയുള്ള വീടുകൾ. ഞങ്ങൾ കുറച്ചുനേരം ബ്രഹ്മപുത്രാനദിയുടെ തീരത്തു ചെലവഴിക്കുകയുണ്ടായി. ചെളിവെള്ളം കലങ്ങിമറിഞ്ഞൊഴുകുന്ന വിസ്തൃതമായ നദിപ്പരപ്പിൽ കണ്ണുകളുടെ ഓട്ടപ്രദക്ഷിണം."

'താമസസ്ഥലത്തു മടങ്ങിയെത്തിയപ്പോൾ അത്താഴം തയാറായിരുന്നു. ഭക്ഷണനേരത്തു് ഫാദർ ലെവിഫെർ മിഷനെപ്പററി കുതൂഹലമുണർത്തുന്ന ചില കഥകൾ പറഞ്ഞുതന്നു.'

'രാത്രി സ്വസ്ഥവും സുന്ദരവുമായിരുന്നു, ആസ്സാമിൽ. ദൂരെയെങ്ങൊ ചെന്നായ്ക്കൾ ഓലിയാൻ കൂവുന്നതു കേട്ട തണുത്ത യാമങ്ങളിൽമാത്രം ഇതു് ആസ്സാമാണു് എന്ന ബോധം മനസ്സിൽ നിറഞ്ഞു.'

'പിറേറ പ്രഭാതത്തിൽ ഞങ്ങളുടെ പ്രേഷിതസ്ഥലമായ ആസ്സാമിൽ ഞങ്ങൾ ആദ്യത്തെ ദിവ്യബലി സമർപ്പിച്ചു. ജനവരി 13-ാം തീയതിയായിരുന്നു അതു്. ക്രിസ്തുവിൻെറ മാമ്മോദീസാ സഭ ആചരിക്കുന്ന ദിവസം. 7-30-നുതന്നെ ഞങ്ങൾ ഗൗഹതിയിൽനിന്നു ഷില്ലോങ്ങിലേക്കു യാത്രയായി. കെട്ടും ഭാണ്ഡവുംകൊണ്ടു് ലോറി നിറഞ്ഞിരുന്നു. 2,000 മീററർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഷില്ലോങ്ങിലേക്കു് ഇനി 108 കിലോമീററർകൂടി ദൂരമുണ്ടു്. ഒരു വിനോദയാത്രപോലെ തോന്നി ആ പ്രയാണം. മലമ്പ്രദേശത്തുകൂടിയുള്ള പാത വളഞ്ഞും പുളഞ്ഞും ദുർഘടം പിടിച്ചതായിരുന്നു. കുത്തനെയുള്ള ഇറക്കങ്ങളിൽ മലഞ്ചെരുവുകളിൽ ചാരിയുരഞ്ഞാണു് ഞങ്ങളുടെ ശകടം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നതു്. വീതികുറഞ്ഞ വഴിയായതുകൊണ്ടു വൺവേ ട്രാഫിക്കായിരുന്നു മിക്ക സ്ഥലത്തും. ഏറെനേരം എതിരേ കടന്നുവരുന്ന വാഹനങ്ങൾക്കായി അരികുപററി കിടക്കുമ്പോൾ ഞാൻ ആ പർവ്വതങ്ങളെ നോക്കിനിന്നു. അചുംബിതയായ കന്യാഭൂമി! വെള്ളപ്പുക പരത്തുന്ന വെള്ളച്ചാട്ടങ്ങൾ! ശുദ്ധവും ആമോദജനകവുമായ വായു! ബോംബെയിലെയും കൽക്കത്തയിലെയും കാലാവസ്ഥക്കു് ഇവിടത്തെ അന്തരീക്ഷവുമായി യാതൊരു സാമ്യവുമില്ല. വീണ്ടും

യൂറോപ്പിന്റെ സമശീതോഷ്ണമേഖലയിൽ എത്തുപെട്ടതുപോലെ ഞങ്ങൾക്കു തോന്നി.'

'പിൽക്കാലത്തു് ഒരു പ്രധാന മിഷനറിസങ്കേതമായിത്തീന്ന നൊങ്ക്പോയിൽ ഞങ്ങളുടെ വാഹനം നിന്നു. ഇനി എതിരേവരുന്ന വാഹനങ്ങളുടെ കോൺവോയി കടന്നുപോയിക്കഴിഞ്ഞേ ഞങ്ങൾക്കു യാത്ര തുടരാനാവൂ. വല്ലതും ലഘുവായി അകത്താക്കാൻ ഞങ്ങളീയവസരം ഉപയോഗിച്ചു. തണുത്ത കാറേററു് വയററിൽ വിശപ്പ് ആളിക്കത്തുകയായിരുന്നു വാസ്തവത്തിൽ. ചുററും ഇടതൂന്നു വളന്നുനില്ക്കുന്ന ദേവദാരുമരങ്ങൾ നോക്കിനില്ക്കെ ജന്മനാടിന്റെ ഓർമ്മകൾ ഹൃദയത്തിൽ മൊട്ടിട്ടുണന്നു. ആൽപൈൻ മലഞ്ചെരുവിലെവിടെയോ നില്ക്കുന്നതുപോലെ. ഈ സാമ്യം മനസ്സിനു് എത്ര സുഖകരമായിരുന്നെന്നോ!'

'പെട്ടെന്നു ഹോൺ മുഴങ്ങി. ഞങ്ങൾ വണ്ടിയിൽ ചാടിക്കയറി. ഇതാ ഞങ്ങളുടെ യാത്രയുടെ അവസാനഘട്ടമായി. നിരങ്ങിനിരങ്ങി മാത്രം പോകാൻ സാധിക്കുന്ന ഹെയർപിൻ വളവുകൾകൊണ്ടു് പാത പ്രയാസമേറിയതായിരുന്നു. ഒടുവിൽ, ഞങ്ങൾ പൂക്കളുടെ നഗരമായ ഷില്ലോങ്ങിന്റെ പ്രാന്തങ്ങളിലെത്തിയെന്നു പറഞ്ഞാൽ മതിയല്ലോ.'

'അപ്പോൾ ആരെങ്കിലും ഞങ്ങളുടെ ഹൃദയസ്പന്ദനം പരിശോധിച്ചിരുന്നെങ്കിൽ അവർ തീർച്ചയായും പറയുമായിരുന്നു ഞങ്ങൾക്കു സന്നിപാതജ്വരമാണെന്നു്. അന്തരീക്ഷസമ്മർദ്ദത്തിൽ വന്ന മാററമാണെന്നു ചിലർ തർക്കിക്കുമായിരുന്നു. പക്ഷെ സത്യമായും അതു ഞങ്ങളുടെ മനസ്സിൽ നിറഞ്ഞുകവിഞ്ഞ ആനന്ദമൂർച്ഛയുടെ പ്രതിഫലനമായിരുന്നു. ഇരുപത്തിനാലുദിവസത്തെ നീണ്ട യാത്രയ്ക്കുശേഷം ഞങ്ങൾ ഇതാ വാഗ്ദത്തഭൂമിയിലെത്തിയിരിക്കുന്നു. ഈ പർവ്വതതലങ്ങളിൽ ദൈവത്തിന്റെ സാമ്രാജ്യത്തിന്റെ അസ്ഥിവാരവും തൂണുകളും സ്ഥാപിക്കുവാൻ ഞങ്ങൾക്കവസരം ലഭിച്ചല്ലോ.'

'രണ്ടുമണിയോടെ ഞങ്ങൾ ലയിററുംക്രാ എന്ന ഡിസ്ട്രിക്ററിലെത്തി. ഇവിടൊരു കത്തോലിക്കാ മിഷൻകേന്ദ്രമുണ്ടു്. ചാപ്പലിൽ കയറി ദൈവകാരുണ്യത്തിനുമുമ്പിൽ ഞങ്ങൾ സ്വയം അർപ്പിക്കവേ, ഒരു തുണസഹോദരൻ ഓടിവന്നു് എന്നോടുറക്കെ പറഞ്ഞു. ''അച്ചോ, ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ രൂപം ഇതാ ഇവിടെയും ഉണ്ടു്!'' എന്റെ സമീപത്തിരുന്ന ലെഫീവറച്ചൻ എന്നോടു മന്ത്രിച്ചു. ''ഈ ഇററലിക്കാരു കൊള്ളാമല്ലോ. പള്ളിയാണെങ്കിലും ഒച്ചവയ്ക്കാതിരിക്കാൻ അറിഞ്ഞുകൂടാ!''

'ഞാൻ മാതാവിൻെറ ആ രൂപം നോക്കി നിന്നിമേഷം നിന്നു. ലൊറെൻസോണിനെക്കൊണ്ട് ഡോൺബോസ്കോ വരപ്പിച്ചെടുത്ത മാതാവിൻെറ രൂപത്തിൻെറ അതേ രൂപം! ടൂറിനിലെ ബസിലിക്കായുടെ വലിയ അൾത്താരയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന അതേ ചിത്രം! ഈ അത്ഭുതകരമായ സാധർമ്മ്യം കണ്ട് ഞാൻ ആശ്ചര്യവാനായി. കാനായിലെ കല്യാണവിരുന്നിനെപ്പററി വിശുദ്ധ പുസ്തകത്തിൽ പറയുന്ന ആ വാക്കുകൾ പെട്ടെന്നു ഞാൻ സ്മരിച്ചു. ഇതാ ഈശോയുടെ അമ്മയും ഇവിടെയുണ്ട്.'

'ഞങ്ങളുടെ യാത്ര ഇത്ര സുഗമവും ഇത്ര സുഖകരവും ആയതിനെപ്പററി, ഞങ്ങൾക്കെല്ലായിടത്തും സ്നേഹപൂർണ്ണമായ സ്വീകരണം ലഭിച്ചതിനെപ്പററി, ഞങ്ങളുടെ ഹൃദയം പ്രത്യാശകൊണ്ടു നിറഞ്ഞിരുന്നതിനെപ്പററി, ഞാൻ പെട്ടെന്നു ബോധവാനായി. ഞങ്ങളുടെ കർത്താവിൻെറ അമ്മ യാത്രയുടെ ആരംഭം മുതൽ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു.

## അദ്ധ്യായം 7

# കുരിശിൻെറ നിഴൽ

മോൺ. മത്തിയാസ് മുപ്പത്തഞ്ചു വയസ്സുള്ളപ്പോഴാണ് ആസ്സാമിലെത്തിയതു്. യുവത്വത്തിൻേറതായ പ്രസരിപ്പോടെ, തനിക്കേല്പിച്ചുകിട്ടിയ കൃഷിഭൂമിയിൽനിന്നു് ആവുന്നത്ര ഫലമെടുക്കാനായി അദ്ദേഹം അഹോരാത്രം അക്ഷീണനായി പരിശ്രമിച്ചു. അതിനു് ആദ്യമായി തൻെറ പ്രവൃത്തിമണ്ഡലം ശരിക്കൊന്നു പരിചയപ്പെടേണ്ടിയിരുന്നു അദ്ദേഹത്തിനു്. പ്രായമായെങ്കിലും ഫാദർ ലെവിഫെർ അദ്ദേഹത്തോടൊപ്പം ചെല്ലാമെന്നു സമ്മതിച്ചു.

അക്കാലത്തു് ജീപ്പുകാറ് ഉണ്ടായിരുന്നില്ല. അതുകൊണ്ടു് അവർ യാത്രയാരംഭിച്ചതു് കുതിരപ്പുറത്താണു്. 1922-ലെ മാർച്ചുമാസമായിരുന്നു. ആ സാഹസികയാത്രയുടെ വിദൂരമായ ലക്ഷ്യം ഭോയി കൺട്രി എന്ന സ്ഥലമായിരുന്നു. കാസി മലകളിൽ ഇടതിങ്ങിയ കാടുകളും ആരോഗ്യം കുറഞ്ഞ ജനങ്ങളുള്ളതുമായ ഒരു ഗ്രാമമായിരുന്നു ഭോയി കൺട്രി. മിഷൻ കേന്ദ്രത്തിലുണ്ടായിരുന്ന ബോണിഫാസ് എന്ന കത്തോലിക്കൻ പുതിയ മിഷനറിമാരുടെ വരവു് ഭോയിയിലെ ജനങ്ങളെ അറിയിക്കുവാനായി നേരത്തെ പോയിട്ടുണ്ടു്. തിരുക്കുടുംബത്തിൻെറ വിശ്വസ്ത കാവൽക്കാരനായ യൗസേപ്പുപിതാവിൻെറ കാരുണ്യത്തിൽ ആശ്രയിച്ചുകൊണ്ടു്, ഏതാനും ചുമട്ടുകാരുമൊന്നിച്ചു് ആ മിഷനറിമാർ യാത്രയാരംഭിച്ചു.

കഷ്ടകാലമെന്നു പറയട്ടെ, വിചാരിച്ചതിലേറെ ദീർഘമായിരുന്നു ഈ യാത്ര. നേർത്തു നേർത്തുവന്ന മലമ്പാതയിലൂടെ ഇരുട്ടും അജ്ഞാതസ്വരങ്ങളും പതിയിരിക്കുന്ന കൊടുംകാടിനുള്ളിലൂടെ അവർ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. രാത്രിയിൽ പെട്ടെന്നു് അതിഭീകരമായ ഒരു ഗർജ്ജനം തൊട്ടടുത്തു മുഴങ്ങി. പുലിയാണോ അതോ കടുവയാണോ അതെന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല. മത്തിയാസച്ചൻ വാ തുറക്കാൻ ശ്രമിച്ചിട്ടു് ഭയപ്പാടുമൂലം സാധിച്ചില്ല. ഒച്ചവച്ചും വെടിപറഞ്ഞും കൂടെ നീങ്ങിയിരുന്ന ചുമട്ടുകാർ ഒരു നിമിഷംകൊണ്ടു് മരിച്ചവരെപ്പോലെ നിശ്ശബ്ദരായിരിക്കുന്നു. ഊന്നുവടി മാത്രം ആയുധമായി കയ്യിലുള്ള നമ്മുടെ അച്ചന്മാർ വിറയ്ക്കുന്ന കൈകൾ കൊണ്ടു് ജപമാല പുറത്തെടുത്തു—അവസാനത്തെ ആയുധം!

അവർ ജപമണികൾ എത്ര വേഗത്തിൽ ഉരുട്ടിനീക്കിയിരിക്കു മെന്നു് നമുക്കൂഹിക്കാൻ സാധിക്കും. ഒടുവിൽ രാത്രി പതി നൊന്നുമണിയായപ്പോൾ കാട്ടുചെണ്ടയുടെ സ്വരം അകലെയ ല്ലാതെ കേൾക്കാൻ തുടങ്ങി. അവർ ഒരു ഗ്രാമത്തിനടുത്തെ ത്തിയിരിക്കുന്നു. ഗ്രാമംതന്നെ, പക്ഷെ അവർ സന്ദർശിക്കാൻ ഒരുങ്ങി പുറപ്പെട്ട ഗ്രാമം അതല്ലായിരുന്നു. ഏതോ കുടും ബോത്സവം ആഘോഷിക്കുകയായിരുന്നു ഗ്രാമവാസികൾ. എങ്കിലും ഗ്രാമത്തലവൻ ആ വഴിയാത്രക്കാരെ സ്വീകരിക്കു കയും സാമാന്യം വലുപ്പമുള്ള ഒരു കുടിൽ അവക്കായി ഒഴിഞ്ഞു കൊടുക്കുകയും ചെയ്തു. ഒന്നുരണ്ടു പശുക്കളും മൂന്നോ നാലോ ആട്ടിൻകുട്ടികളും ആ കുടിലിനുള്ളിൽ ഉണ്ടായിരുന്നു. കിട ക്കാൻ കിട്ടിയതു് ഒരു വെറും പായാണു്. ഏതായാലും ഭയച കിതരായി അത്രയും നേരം നടന്ന അവർ പെട്ടെന്നു് ഉറങ്ങി പ്പോയി.

കൊണ്ടുനടക്കാവുന്ന ഒരു ചെറിയ അൾത്താരമേൽ പ്രഭാത ത്തിൽ ദിവ്യബലി അപ്പിച്ചതിനുശേഷം അവർ യാത്ര തുടന്നു. കുറേദൂരം നെൽവയലുകൾ പിന്നിട്ടശേഷം വഴി വീണ്ടും വന ത്തിലൂടെയായി. രാത്രിയിൽ കാട്ടിൽ കഴിയേണ്ടിവരുമോ എന്ന ഭയത്തോടെ അവർ കഴിയുംവേഗം കുതിരകളെ പായിച്ചു. അധികം താമസിയാതെ വീണ്ടും ചെണ്ടകളുടെ സ്വരം ഉയന്നു കേൾക്കായി.

‘‘ഈ സംഗീതോപകരണം കണ്ടുപിടിച്ച ആളെ ഞാൻ ആശീർവ്വദിക്കുന്നു.’’ മോൺ. മത്തിയാസ് രേഖപ്പെടുത്തി. ‘ആ വാദ്യോപകരണംമൂലം കാടൊരിക്കലും ഒരു ഏകാന്തമായ തുരുത്തായി മാറുന്നില്ല. ഞങ്ങൾ സന്ദർശിക്കാൻ പോയ ഗ്രാമ ത്തിനപ്പുറം അപ്രതീക്ഷിതമായി വേറൊരു കാട്ടുവർഗ്ഗത്തെ ഞങ്ങൾ കണ്ടുമുട്ടി. മിക്കിർ വർഗ്ഗത്തിൽപ്പെട്ട ഈ നല്ല മനുഷ്യർ ഇതേവരെ യൂറോപ്യന്മാരെ കണ്ടിരുന്നില്ല. ഞങ്ങളെന്തോ വിചിത്രജന്തുക്കളാണെന്നു കരുതി അവർ ഞങ്ങളുടെ നേരെ തുറിച്ചുനോക്കി. അവർ ‘ഓ’, ‘ആഹാ’ തുടങ്ങിയ സ്വരം പുറപ്പെടുവിച്ചുകൊണ്ടിരുന്നു. അവക്കു് ഏററവും രസം തോന്നി യതു് ഞങ്ങളുടെ താടിമീശ കണ്ടിട്ടാണെന്നു തോന്നി. ഇവി ടെയും ഞങ്ങൾക്കായി ഒരു കുടിൽ ഒരുക്കപ്പെട്ടു. അവരുടെ ചെണ്ടനാദത്തിനും അവർമൂലം ഞങ്ങൾക്കു വഴി തിട്ടമായ തിനും ഞങ്ങൾക്കവരോടു കനത്ത നന്ദിയുണ്ടെങ്കിലും രാത്രി യിൽ അവർ ഞങ്ങളെ വല്ലാതെ അലോരസപ്പെടുത്തിക്കളഞ്ഞു.

രാത്രി മുഴവൻ ഗ്രാമോത്സവമായിരുന്നു അവിടെയും. ചെണ്ടയും മററു വാദ്യങ്ങളും രാത്രിയുടെ നിശ്ശബ്ദതയുടെ തോടു കളെ കുത്തിപ്പൊളിച്ചുകൊണ്ടിരുന്നു. അഗ്നിദീപികയിൽ

അവർ തളൎന്നുവീഴുംവരെ നൃത്തമാടി. തീ അണയാൻ തുടങ്ങിയപ്പോഴാണു് ഞങ്ങളുടെ ദുരിതം തുടങ്ങിയതു്. നൃത്തക്കാർ വന്നു് ഞങ്ങൾ കിടന്നിരുന്ന കുടിലിൻെറ ഓലകൾ പൊളിച്ചെടുത്തുകൊണ്ടു പോകുവാൻ തുടങ്ങി. ഒടുവിലൊടുവിൽ ഓലകൾ തീൎന്നു മുളത്തൂണുകൾവരെ അവർ ഊരിയെടുത്തുകൊണ്ടു പോകാൻ തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ, നേരം വെളുത്തപ്പോൾ ഞങ്ങളുടെ തലയ്ക്കു മുകളിൽ ശൂന്യാകാശം!

ആരോടെന്തുപറയാനാണു്! ഞങ്ങളീ മനുഷ്യരുടെ അതിഥികളാണെന്നവൎക്കു ബോധമില്ലെങ്കിൽ പിന്നെ എന്തുചെയ്യാൻ! ആറ്റാദത്തിമിർപ്പിൽ പാവം ഞങ്ങളുടെ കാര്യം അവർ വിസ്മരിച്ചിരിക്കാം.

ഏതായാലും വെട്ടം വീഴുംമുമ്പേ ഞങ്ങൾ അവിടെനിന്നു കടന്നു. നല്ല വെളിച്ചമുള്ള സമയത്തുതന്നെ ഉംപാനേ എന്ന കത്തോലിക്കാ ഗ്രാമത്തിൽ എത്തിച്ചേരാൻ ഞങ്ങൾക്കതുമൂലം കഴിഞ്ഞു. ഗ്രാമീണർ ഞങ്ങളെ സ്വീകരിക്കാൻ കാത്തിരിക്കുകയായിരുന്നു. ബോണിഫസ് ഞങ്ങളുടെ ആഗമനവൃത്താന്തം ആ ഗ്രാമത്തിൽ നേരത്തെ അറിയിച്ചിരുന്നു. അവിടെ തങ്ങിയ മൂന്നു മണിക്കൂറിൽ കൂടുതൽ സമയവും ഞങ്ങൾ ചാപ്പലിലാണു ചെലവഴിച്ചതു്. ഒരു വിശ്വാസി ഞങ്ങൾക്കായി മുളകൊണ്ടു കെട്ടി പുല്ലുമേഞ്ഞ ഒരു കുടിൽ ഒരുക്കിയിരുന്നു. കിടക്കാൻ പുതിയ പുല്ലുവിരിച്ച മുളമെത്തയും. സുഖം, സുന്ദരം!

'നിങ്ങളേതായാലും ഇന്നു വന്നതു നന്നായി! ഗ്രാമത്തലവൻ പറഞ്ഞു. 'അതെന്തേ?' ഞാൻ തിരക്കി.'

"എന്താന്നുവച്ചാൽ, ഇന്നലെ നിങ്ങൾ വന്നെത്തിയിരുന്നെങ്കിൽ കാട്ടാന നിങ്ങളെ കൊന്നു കൊലവിളിച്ചേനേം. നിങ്ങളുടെ ഈ കുടിലിനുചുററും അവൻ കുറച്ചുനേരം കറങ്ങിനിന്നിട്ടു് മേൽക്കൂര പൊക്കി താഴോട്ടിട്ടു. വീണതു് നിങ്ങൾ കിടന്ന കിടക്കയിൽ. ഞാൻ കുറെ അരി അവിടെ വച്ചിട്ടുണ്ടായിരുന്നു. ഏതായാലും നിങ്ങൾ ഭാഗ്യവാന്മാർതന്നെ."

മിക്കിർ വനങ്ങളിൽ ഞങ്ങളെ വഴിതെററിച്ച ദൈവത്തിനു ഞാൻ നന്ദിപറഞ്ഞു. കുറെ അകാലചരമങ്ങൾ അങ്ങിനെ ഒഴിവായി.

"അപ്പോൾ, ഇവിടെ കാട്ടാനകളുടെ ശല്യം ഉണ്ടു് ഇല്ലേ?"

"ഉണ്ടോന്നു്! രാത്രിമുഴുവൻ ചെലപ്പോൾ ഞങ്ങൾ മരത്തിൻെറ മണ്ടയിൽ ചെണ്ടയും കൊട്ടി ഉറക്കിളച്ചിരിക്കണം.

നെല്ല് വിളയുന്ന കാലത്തു്. രണ്ടു മാസംമുമ്പ് ഒരാനയും കടുവായും തമ്മിൽ മരണപ്പട നടക്കുന്നതു ഞങ്ങൾ കണ്ടു. ഭയങ്കര രംഗമായിരുന്നു. ഞങ്ങൾ കുടിലുകൾക്കുള്ളിൽ ഒളിച്ചിരുന്ന് ചെറിയ ദ്വാരങ്ങളിലൂടെ ആ കാഴ്ച നോക്കിനിന്നു. ആനയുടെ പുറത്തു ചാടിക്കയറാൻ കടുവാ ഒത്തിരി ശ്രമിച്ചു. രണ്ടുമൂന്നു പ്രാവശ്യം അതു ചാടിക്കയറിയെങ്കിലും ആന കുടഞ്ഞു താഴെയിട്ടുകളഞ്ഞു. തുമ്പിക്കൈവെച്ച് ഒന്നാന്തരം അടിയും കൊടുത്തു. രണ്ടു മൃഗങ്ങളും ഇടക്കിടെ മുറിവു കഴുകാൻ ആററിൽപ്പോകും. തിരിച്ചു വന്നു വീണ്ടും യുദ്ധം തുടരും. സകലയിടത്തും രക്തമായിരുന്നു. ഒരു ദിവസംമുഴുവനും ആ ശക്തിപരീക്ഷണം തുടർന്നു.''

ആരു ജയിച്ചു? ഞാൻ തിരക്കി

''ആന: ആന—''

ആന തുമ്പിക്കൈ നിവർത്തി ഒരടികൊടുത്തപ്പോൾ കടുവാ വീണു. ആ തക്കത്തിനു് അതു കാലുയർത്തി ശത്രുവിനെ വക വരുത്തി. കാട്ടിലെ ഏററവും ഭീകരനായ ആ ദുഷ്ടജന്തുവിൻെറ സമാപ്തം കണ്ടു് ഗ്രാമവാസികൾ ആശ്വാസസൂചകമായി ദീർഘനിശ്വാസം പൊഴിച്ചുവത്രേ!

'ഈ നല്ല കത്തോലിക്കരുടെ ഒപ്പം മൂന്നു ദിവസം ഞങ്ങൾ ചെലവഴിച്ചു. മാമ്മോദീസാ, സ്ഥൈര്യലേപനം, വിവാഹം ഇവയൊക്കെ നടത്തിക്കൊടുക്കുവാൻ ലെവിഫറച്ചൻ എന്നെ സഹായിച്ചു. ജീവിതത്തിലാദ്യമായി ഒരു മിഷനറി വൈദികൻെറ ചുമതലകൾ നിർവ്വഹിക്കുന്ന അവാച്യമായ സന്തോഷം എനിക്കുണ്ടായിരുന്നു. ഞങ്ങൾ അയൽഗ്രാമങ്ങൾ സന്ദർശിക്കാൻ സമയം കണ്ടെത്തി. എൻെറ ഹൃദയം ആഹ്ലാദഭരിതമായിരുന്നു.'

'പക്ഷെ ഞങ്ങൾക്കുടനെ മടങ്ങേണ്ടിയിരുന്നു. ഇപ്രാവശ്യം ബോണിഫസ് ഒപ്പമുണ്ടായിരുന്നതുകൊണ്ടു് വഴിതെററുകയുണ്ടായില്ല. ഞങ്ങൾ പോയ ഓരോ ഗ്രാമത്തിലും ഞങ്ങളുടെ വരവു നേരത്തേ അറിഞ്ഞു് ഗ്രാമീണർ ഞങ്ങളെ സ്വീകരിക്കാനെത്തിയിരുന്നു. മുളംതട്ടികളിൽ ഞങ്ങളെ ഇരുത്തി അവർ ഞങ്ങൾക്കാദരവുകൾ അർപ്പിച്ചു. രാത്രി പ്രാർത്ഥനകൾക്കു ശേഷം ഞങ്ങൾ വിശ്രമിക്കാൻ പോയി. രാത്രി എത്ര സ്വച്ഛവും സുന്ദരവുമായി തോന്നിയ ആ ദിവസങ്ങൾ!'

'ഒന്നുമാത്രം തികഞ്ഞുപററിയില്ല, ഞങ്ങൾ മനക്കണക്കു കൂട്ടിക്കൊണ്ടുപോയ ഭക്ഷണപദാർത്ഥങ്ങൾ. ദിവസം തെററിയപ്പോൾ അളവും തെററിയെന്നു സാരം. വഴിനീളെ കിട്ടിയ

തീററിയും കുടിയുമൊക്കെക്കൊണ്ട് ഒരു പ്രകാരത്തിൽ പട്ടിണികിടക്കാതെ ഞങ്ങൾ തിരിച്ചെത്തി. പാവം ലെവിഫെറച്ചൻ വല്ലാതെ ക്ഷീണിച്ചു. ഷില്ലോങ്ങിലെത്തിയപ്പോൾ ഞങ്ങൾ രണ്ടും വീണുപോയി. ക്ഷീണം ഒന്നുരണ്ടുദിവസത്തിനകം മാറുമെന്നാണു കരുതിയിരുന്നതെങ്കിലും ഞങ്ങൾക്കു വാസ്തവത്തിൽ ടൈഫോയിഡ് പിടിപെട്ടിരിക്കയായിരുന്നു.'

'ആരോഗ്യത്തിനു വലിയ കുഴപ്പമില്ലാതിരുന്ന ഞാൻ മരണത്തിൻെറയും ജീവിതത്തിൻെറയും ഇടയിൽ കുറച്ചു ദിവസങ്ങൾ ഊഞ്ഞാലാടിയതിനുശേഷം രോഗവിമുക്തനായി. പക്ഷെ ലെവിഫെറച്ചൻെറ സ്ഥിതി കുറച്ചു ഗൗരവമായിരുന്നു. 'സാരമില്ല. പെട്ടെന്നു ഭേദമാകും. ഇതു ചുമ്മാമലേറിയായുടെ ഒരു വകഭേദമാണ്.' എന്ന് അച്ചൻ ഞങ്ങളെ സമാധാനിപ്പിക്കാൻ പറഞ്ഞുകൊണ്ടിരുന്നു. അച്ചൻ ഒരു മാസത്തോളം പനിപിടിച്ചു കിടന്നുപോയി.

'വിശുദ്ധവാരം വന്നപ്പോൾ എല്ലാവരും തിരക്കിലായി. സുഖക്കേടു പിടിച്ചുകിടന്ന ലെവിഫെറച്ചൻ എന്തു പറഞ്ഞിട്ടും എഴുന്നേററു തിരുക്കർമ്മത്തിൽ പങ്കുകൊള്ളാതെ ഇരുന്നില്ല. ഉയിർപ്പുതിരുനാളിന് അച്ചൻ പാട്ടുകുർബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. ഏതായാലും അച്ചൻെറ ആരോഗ്യസ്ഥിതി വളരെ ദയനീയമായിരുന്നു. അച്ചൻ പിന്നെയും കിടപ്പിലായി, ആ കട്ടിലിൽനിന്നു പരമപരിശുദ്ധനായ ആ പുരോഹിതൻ പിന്നീടൊരിക്കലും എഴുന്നേൽക്കുകയുണ്ടായില്ല.'

'മൂന്നു ഡോക്ടർമാർ മാറിമാറി ചികിത്സിച്ചിട്ടും അദ്ദേഹത്തിൻെറ രോഗം വർദ്ധിച്ചുകൊണ്ടിരുന്നു. തിങ്കളാഴ്ചരാത്രി ഞാനദ്ദേഹത്തിന് രോഗീലേപനം നൽകി. അദ്ദേഹം തികഞ്ഞ ബോധത്തോടെ എൻെറ പ്രാർത്ഥനകൾക്ക് ഉത്തരം മന്ത്രിച്ചുകൊണ്ടിരുന്നു.

വെളുപ്പിന് രണ്ടു മണിക്ക് കർത്താവിൻെറ പ്രിയംകരനായ ആ പടയാളി സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടു.

കാട്ടുതീപോലെ ആ മരണവാർത്ത വനാന്തരങ്ങളിലൂടെ പടർന്നുചെന്നു. ക്രിസ്ത്യാനികൾ എല്ലായിടത്തുനിന്നും ഓടിയെത്തി. കുഞ്ഞുങ്ങളെപ്പോലെ അവർ വിതുമ്പിവിതുമ്പി ക്കരഞ്ഞുകൊണ്ടിരുന്നു. അവക്കൊരു പിതാവ് നഷ്ടമായിരിക്കുന്നു.

''പരേതനുവേണ്ടിയുള്ള കുർബാന ആറരമണിക്കാരംഭിച്ചു. ഷില്ലോങ്ങ് ദേവാലയത്തിനുചുററും പതിനായിരക്കണക്കിനു

ക്രിസ്ത്യാനികൾ കണ്ണീർ വീഴ്ത്തിക്കൊണ്ടുനിന്നു. ഒരു പ്രൊട്ട സ്റ്റൻറുകാരനായ ആസ്സാം ഗവർണർ ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കാനെത്തുകയുണ്ടായി. ഉച്ചകഴിഞ്ഞായിരുന്നു മൃത ദേഹം അടക്കിയതു്. വാൻലാംബെർഗെ അച്ചൻ ഹൃദയസ്പൃശി യായ വാക്കുകളിൽ ലെവിഫെറച്ചൻെറ അപദാനങ്ങൾ പുക ഴ്ത്തി—നല്ല ഇടയനെപ്പോലെ സ്വന്തം ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിച്ച ആ വന്ദ്യപുരോഹിതൻെറ സ്മരണകൾ മന സ്സിൽ എന്നും പച്ചയായി നില്ക്കും.

'പ്രിയപ്പെട്ട കാസി മലകളിൽ നിന്നുതന്നെ ഒരിടത്തും കൊണ്ടുപോകരുതെ, എന്നു് ലെവിഫെറച്ചൻ ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു എന്നാണെനിക്കു തോന്നുന്നതു്. അദ്ദേഹ ത്തിൻെറ പ്രാർത്ഥന ദൈവം കേട്ടു. ഈ വനാന്തരങ്ങളിലെ നിഷ്കളങ്കരായ മനുഷ്യർ ജീവിതകാലത്തു് സ്നേഹിച്ചിരുന്നതു പോലെതന്നെ മരണശേഷവും ലെവിഫെറച്ചനെ ഹൃദയപൂർവ്വം സ്മരിക്കുന്നുണ്ടു്. അദ്ദേഹം മരണമടഞ്ഞിട്ടു് നാല്പതോളം കൊ ല്ലങ്ങളായി. പക്ഷെ ഇന്നും ആ കല്ലറയിൽ പുതിയ പൂക്കൾ അർപ്പിക്കപ്പെട്ടിരിക്കുന്നതു കാണാം. സ്നേഹം അമർത്ത്യമാണു്.

അദ്ധ്യായം 8

# പ്രീഫെക്റ്റ് അപ്പസ്തോലിക്കും പ്രൊവിൻഷ്യാളും

ഇതുവരെ ലൂയിസ് മത്തിയാസ് വെറും ഒരു ഫാദറായിരുന്നു. ആസ്സാമിലെ സലേഷ്യൻ മിഷൻെറ തലവൻ എന്ന സ്ഥാനവുമുണ്ടായിരുന്നു എന്നുമാത്രം. അദ്ദേഹത്തിനു് കുറേക്കൂടി പ്രധാനപ്പെട്ട ചുമതലകൾ ഏല്പിച്ചുകൊടുക്കുമെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. അതു് ഉണ്ടാവുകയും ചെയ്തു. 1922 ഡിസംബർ 15-ാം തീയതി പരിശുദ്ധസിംഹാസനത്തിൽനിന്നു് ഷില്ലോങ്ങിലേക്കു് അയച്ച ഒരു കത്തിൽ അവരുടെ ഇടയനെ ആസ്സാം, മണിപ്പൂർ, ഭൂട്ടാൻ എന്നിവിടങ്ങളിലെ പ്രീഫെക്റ്റ് അപ്പസ്തോലിക് ആയി നിയമിച്ചിരിക്കുന്നതായി വെളിപ്പെടുത്തുകയുണ്ടായി. ഈ നിയമനം മുതൽ അദ്ദേഹത്തിനു് മോൺസിഞ്ഞോർ പദവി ഉപയോഗിക്കുവാനും മെത്രാന്മാർക്കുള്ളത്ത വേഷങ്ങൾ ധരിക്കുവാനും അനുവാദമുണ്ടു്. ഈ വാർത്ത കേട്ടു് മിഷൻ കേന്ദ്രത്തിനും അദ്ദേഹത്തെ അടുത്തറിയുകയും സ്നേഹാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തുപോന്ന സഭാംഗങ്ങൾക്കും ഉണ്ടായ ആഹ്ലാദം അളവററതായിരുന്നു. പുതിയ പ്രീഫെക്റ്റിൻെറ ആദ്യത്തെ ദിവ്യബലിസമർപ്പണം സലേഷ്യൻസഭയുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സെയിൽസിൻെറ തിരുനാൾ ദിവസം, അതായതു് ജനുവരി 29-നു്, എന്നു നിശ്ചയിക്കപ്പെട്ടു. ഇടയൻെറ സ്ഥാനവസ്ത്രങ്ങൾ അന്നത്തേക്കു ശരിയായി കിട്ടുന്ന കാര്യത്തിൽ വല്ലാത്ത സംശയമായിരുന്നു എല്ലാവർക്കും. ഷില്ലോങ്ങിൽ നിന്നു വാങ്ങാമെന്നുവച്ചാൽ അവിടെ അത്തരം സാധനങ്ങൾ ഒന്നുമില്ല. പിന്നെന്തു ചെയ്യും? ഒരാൾ ളോഹയും മററൊരാൾ അരക്കെട്ടും വേറൊരാൾ മോതിരവും ഏററു. പഴയ കുപ്പായങ്ങൾ,വെട്ടിത്തയിച്ചും കൃത്രിമരത്നം വച്ചുപിടിപ്പിച്ചുമൊക്കെ ആടയാഭരണങ്ങൾ ഒരുവിധം ശരിപ്പെടുത്തി എന്നു പറഞ്ഞാൽ മതിയല്ലോ. മോൺ. മത്തിയാസ് എഴുതി: "ഇങ്ങനെ വീട്ടിൽതന്നെ ഉണ്ടാക്കിയ ആഭരണങ്ങളും അണിഞ്ഞു് ഞാൻ എൻെറ ആദ്യത്തെ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. ചടങ്ങുകളുടെ സമയത്തു് ഞാൻ ആ പഴയ കഥ ഓർത്തു. കാക്ക മയിൽപ്പീലി അണിഞ്ഞു നടന്ന കഥ! ഏതായാലും എല്ലാവരുടേയും പ്രതീക്ഷയ്ക്കനുസരണമായി പരിപാടികൾ ഭംഗിയായി കഴിഞ്ഞു. പള്ളിയിലെ ഗായകസംഘം ഹാലറിൻെറ സുപ്ര

സിദ്ധ രചനയായ 'മിസ്സാ ടെർസിയാ' എന്ന ഗാനം ആലപി ക്കുകയുണ്ടായി.

വാസ്തവത്തിൽ ആ ദിവസം മുതലാണ് ആസ്സാമിലെ പ്രേഷിതപ്രവർത്തനങ്ങൾ സലേഷ്യൻ സഭയുടെ യഥാർത്ഥ നിയന്ത്രണത്തിലാവുന്നത്.

പക്ഷെ ഇതു വെറുമൊരാരംഭം മാത്രമായിരുന്നു. വളരെ ക്കാര്യങ്ങൾ ചെയ്യപ്പെടേണ്ടതായി ബാക്കിയുണ്ടായിരുന്നു. പ്രഥമവും പ്രധാനവുമായി ശ്രദ്ധിക്കേണ്ടിയിരുന്നത് ദൈവ വിളിപ്രവത്തനങ്ങൾ ആണെന്ന് മോൺ. മത്തിയാസ് തീരു മാനിച്ചു. നാട്ടിൽനിന്നുതന്നെ വൈദികാർത്ഥികളെ തിര ഞ്ഞെടുക്കാൻ തൽക്കാലം ശ്രമിക്കാതിരിക്കയാണു നല്ലതെന്ന് അദ്ദേഹം മനസ്സിലാക്കി. പുതിയ പ്രീഫെക്റ്റ് അപ്പസ്റ്റോ ലിക്, ചെറുപ്പക്കാരായ പ്രേഷിതാത്ഥികളെ അയച്ചുതരണമെ ന്നാവശ്യപ്പെട്ടുകൊണ്ട് യൂറോപ്പിലുള്ള മേലധികാരികൾക്കെ ഴുതി. അവക്കുവേണ്ടി ഒരു നൊവീഷ്യേററും, പിന്നീട് തത്വ ശാസ്ത്രവും തിയോളജിയും പഠിപ്പിക്കുന്ന ഒരു സ്കൂളും ആരംഭി ക്കാനദ്ദേഹം പ്ലാനിട്ടു. ദീർഘമായ പഠനകാലത്ത് പുരോ ഹിതരായിത്തീരുംമുമ്പേതന്നെ വൈദികവിദ്യാർത്ഥികൾക്ക് ആ നാടുമായി ഇഴുകിച്ചേരുവാനും അവിടത്തെ ഭാഷ സ്വായ ത്തമാക്കുവാനും സാധിക്കുമെന്നദ്ദേഹം കണ്ടിരുന്നു. വാസ്തവ ത്തിൽ അവിടെ ഒരു നൂറുതരം ഭാഷകളുണ്ടായിരുന്നു — അതിൽ ഇംഗ്ലീഷും പെടും. പ്രേഷിതപ്രവത്തനത്തിൻെറ ബാലപാഠ ങ്ങൾ പഠിക്കുവാനും വൈദിക വിദ്യാത്ഥികൾക്ക് സാധിക്ക ണമല്ലോ. ഏതായാലും അതൊരു ധീരമായ പരീക്ഷണമാ യിരുന്നു. തീരെ ചെറുപ്പത്തിലെതന്നെ കുട്ടികളെ ജന്മദേശ ത്തുനിന്ന് അപരിചിതഭൂമിയിലേയ്ക്കു വിളിപ്പിക്കുക. പക്ഷെ പ്രായോഗികമായി ആ പദ്ധതി ഒരു വമ്പിച്ച വിജയമായി ത്തീന്നു.

സ്വദേശിപ്രേഷിതരുടെ ദൈവവിളിക്കാര്യം ഒരു പ്രശ്ന മായിത്തന്നെ നിന്നു. അവിടെയും ദൈവത്തിൻെറ കാരുണ്യം പ്രവർത്തിച്ചു.

1923–ലെ ഒരു തെളിഞ്ഞ ഏപ്രിൽ ദിവസത്തിൽ ഷി ല്ലോങ്ങ് മിഷനിൽ ഒരു സന്ദർശകൻ വന്നെത്തി. പ്രസിദ്ധ സലേഷ്യൻ മിഷനറിയായിരുന്ന ഫാദർ മെഡെർലെററ് അല്ലാ തെ മററാരുമായിരുന്നില്ല ആഗതൻ. അദ്ദേഹം ലൊറെയിൻകാ രനാണ്. ഉറച്ച ശരീരം, തിങ്ങിയ കൺപുരികം, താടിമീശ, ഒററനോട്ടത്തിൽ മോശയാണെന്നു തോന്നും. തെക്കേ ഇൻഡ്യ യിലെ തഞ്ചാവൂരിൽ അദ്ദേഹം ഒരു വലിയ ഇടവകയുടെ വികാരിയും ഒരു അനാഥാലയത്തിൻെറ അധികാരിയുമാ യിരുന്നു. ഒരുകാലത്ത്, ലൊറെയിനിൻെറ സന്താനമായ

ഈ പുരോഹിതൻ മദ്രാസിൽ തൻെറ പിൻഗാമിയാവുമെന്നു് മോൺ. മത്തിയാസ് കരുതിയിരുന്നില്ല. ഫാദർ മെഡെർലെ ററ് അപ്പോഠം ഒരു മോൺസിഞ്ഞോർപോലും അല്ലായിരുന്നു.

''പിശാചുബാധ ഒഴിപ്പിക്കുന്ന ആഠം'' എന്ന അപരനാമ ത്തിലാണു് അച്ചൻ തഞ്ചാവൂരിലൊക്കെ അറിയപ്പെട്ടിരു ന്നതു്. അദ്ദേഹം ചെകുത്താനെ ഓടിച്ച ഒരു സംഭവമുണ്ടായി രുന്നു. കുറെനാഠംമുമ്പു് നൈഡമംഗലത്തുള്ള ഒരു കത്തോലി ക്കാകുടുംബത്തിൽ പിശാചുബാധ ഉണ്ടാവുകയും അവർ നമ്മുടെ മിഷനറി അച്ചനെ സഹായത്തിനു വിളിക്കയും ചെയ്തതോടെ യാണു് കഥയാരംഭിക്കുന്നതു്.

തഞ്ചാവൂരിനടുത്തുള്ള നൈഡമംഗലത്തെ ആ കത്തോലി ക്കാഗൃഹത്തിൽ നരകം പൊട്ടിവീണ അനുഭവമായിരുന്നു. ഉച്ച ത്തിലുള്ള അലർച്ചകഠം പകലും രാത്രിയും കേഠക്കാമായിരുന്നു. മരസാമാനങ്ങഠം, അടുക്കള ഉപകരണങ്ങഠം എന്നുവേണ്ടാ മേൽ ക്കൂരയിലെ ഓടുകഠംവരെ ആളൊഴിഞ്ഞ ആ വീട്ടിൽ പറന്നു നട ന്നിരുന്നു. കരിയിലകഠംപോലെ പറന്നു നടക്കുന്ന ഓടുകഠം കണ്ടു് അയൽവാസികഠം ഞെട്ടിവിറച്ചു. താമസക്കാർ ജീവനും കൊണ്ടു് ഓടി. അവിടേയ്ക്കാണു് ഫാദർ മെഡെർലെററ് ചെന്നു കയറിയതു്.

അദ്ദേഹം ചെന്നതു് ചെകുത്താന്മാർക്കു് അത്ര രസിച്ചി ല്ലെന്നു വ്യക്തം. ഗജ്ജനങ്ങഠം അധികരിച്ചു. ഓടുകഠം വീണ്ടും പറന്നു. ഭിത്തികളിൽ അദൃശ്യകരങ്ങഠം ഭീഷണികഠം എഴുതാ നാരംഭിച്ചു. ചെകുത്താൻെറ വ ളയാട്ടമാണെന്നു് അച്ചനു തീർച്ച യായി. പിറേറന്നു മടങ്ങിയെത്തി വേണ്ട പ്രാത്ഥനാ കർമ്മ ങ്ങഠം നടത്താമെന്നു പറഞ്ഞു് അച്ചൻപോയി.

തഞ്ചാവൂരിൽ തിരിച്ചെത്തിയപ്പോഠം ആശ്രമവാസിക ളോടു്, ഇക്കാര്യത്തിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കണ മെന്നും കന്യാമാതാവിനോടു് പ്രത്യേകം അപേക്ഷിക്കണ മെന്നും അച്ചൻ ആവശ്യപ്പെട്ടു. രാവിലെതന്നെ അദ്ദേഹം നൈ ഡമംഗലത്തേക്കു പോയി. തലേദിവസത്തെപ്പോലെതന്നെ ചെകുത്താന്മാർ അലർച്ചയോടെ അച്ചൻെറ വരവ് ആഘോ ഷിച്ചു. പക്ഷെ അച്ചൻ കുലുങ്ങിയില്ല. സർപ്ലീസും ഉറാലയും ധരിച്ചു് അച്ചൻ ചെകുത്താനെ ഒഴിപ്പിക്കുന്ന തിരുവചനങ്ങഠം ചൊല്ലാനാരംഭിച്ചു. മന്ത്രംകൊണ്ടെന്നതുപോലെ അജ്ഞാത ഗജ്ജനങ്ങഠം അവസാനിക്കുകയും ചെയ്തു.

''നിങ്ങളുടെ വീട്ടിലേക്കു മടങ്ങിക്കൊള്ളൂ. ഇനി അവി ടെ ചെകുത്താന്മാർ വരികയില്ല. പരിശുദ്ധ കന്യാമറിയത്തി

ൻെറ ഒരു ചിത്രം ഭിത്തിയിൽ സ്ഥാപിക്കാൻ മറക്കരുത്. അമ്മ ഈ ദുഷ്ടശക്തികളെ അകററി നിർത്തിക്കൊള്ളും''. അദ്ദേഹം പറഞ്ഞു. ആ വീട്ടിൽ പിന്നീട് ചെകുത്താൻെറ യാതൊരു ശല്യവും ഉണ്ടായില്ല. അതുമുതലാണ് ഉപദേശിഅച്ചൻ 'ചെകുത്താനെ ഒഴിപ്പിക്കുന്നവൻ' എന്നപേരിൽ അറിയപ്പെടാൻ തുടങ്ങിയത്. കാഴ്ചയിലും അദ്ദേഹം ഗംഭീരനായിരുന്നു എന്നു പറഞ്ഞല്ലോ.

അദ്ദേഹം 1908 മുതൽ തെക്കേ ഇൻഡ്യയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ശ്ലീഹായുടെ കാലത്തോളം പഴക്കമുള്ള കത്തോലിക്കാസഭയാണ് തെക്കേ ഇൻഡ്യയിലേത്. നല്ലവനാണ് ആ മിഷനറിയച്ചൻ, തദ്ദേശീയരിൽനിന്നു ദൈവവിളിയുള്ളവരെ തെരഞ്ഞെടുത്ത് പ്രേഷിതപ്രവർത്തനങ്ങൾക്കായി ആസ്സാമിലേയ്ക്കു് അയച്ചുകൊടുക്കാമെന്ന് മോൺ. മത്തിയാസിനോടു വാഗ്ദാനം ചെയ്തു. അദ്ദേഹം വാക്കു പാലിക്കുകയും ചെയ്തു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടി സാമാന്യം വലുതായ ഒരു നൊവിഷ്യേററും സെമ്മിനാരിയും പണിയേണ്ടതു ആവശ്യമായി. മിഷനുകളുടെ മധ്യസ്ഥയായ ലിസ്യൂവിലെ ത്രേസ്യാപുണ്യവതിയുടെ കാരുണ്യത്തിൽ ആശ്രയിച്ചുകൊണ്ടാണ് മോൺ. മത്തിയാസ് തൻെറ പുതിയ പദ്ധതികൾക്കു തുടക്കമിട്ടത്. തൻെറ തിരുനാളായ ഒക്ടോബർ മൂന്നാം തീയതി തന്നെ ദയാമസൃണയായ ആ കർമ്മലീത്താ പുണ്യവതിയുടെ സഹായംകൊണ്ട് കെട്ടിടം പണിക്കാവശ്യമായ ഫണ്ടു സ്വരൂപിക്കുവാൻ മോൺസിഞ്ഞോറിനു സാധിക്കുകയും ചെയ്തു.

അനുകൂലമായ കാലാവസ്ഥ വന്നെത്തിയപ്പോൾ കുറെ സെമ്മിനാരി യുവാക്കളുമൊന്നിച്ച് പുതിയ പ്രീഫെക്ററ് അപ്പസ്തോലിക്ക് വീണ്ടും മലംപ്രദേശങ്ങളിലേക്കു പുറപ്പെടുകയായി. ഇത്തവണത്തെ യാത്രയുടെ ഉദ്ദേശ്യം, അടുത്തടുത്തു കിടക്കുന്ന ഗോത്രങ്ങളെയും ഗ്രാമങ്ങളേയും സംഘടിപ്പിച്ച് ഓരോ പ്രാഥമിക മിഷൻകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതായിരുന്നു. കൊണ്ടുനടക്കാവുന്ന ഒരു ഹാർമ്മോണിയവും മൂളിച്ച് മതതീക്ഷ്ണതയുള്ള ആ ചെറുപ്പക്കാർ ഭക്തിഗീതങ്ങൾ പാടിക്കൊണ്ട് കൊടുംകാട്ടിലൂടെ സഞ്ചരിച്ചപ്പോൾ സ്വതേ സംഗീതോപാസകനായ മോൺ. മത്തിയാസിനു കൂടെ പാടാതിരിക്കാൻ കഴിഞ്ഞില്ല. കാസി ഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെട്ട ഭക്തിഗാനങ്ങൾ അവർ പാടി. ഗ്രാമവാസികൾക്കുണ്ടായ സന്തോഷത്തിനു് അതിരില്ല. പക്ഷെ അവർക്കേററം അത്ഭുതകരമായിതോന്നിയതു് സിനിമാപ്രദർശനമായിരുന്നിരിക്കണം. ജീവിതത്തിലൊരിക്കലും അങ്ങിനെയൊരു സാധനത്തെപ്പററി അവർ കേട്ടിട്ടുപോലും ഉണ്ടായിരുന്നില്ല.

'ഈ അച്ചന്മാർ വെറും വെള്ളത്തുണിയിൽ മനുഷ്യരെ നട ത്തുന്ന'തു കണ്ട് അവർ വിസ്മയാതിരേകങ്ങളോടെ വാ പൊളി ച്ചിരുന്നുപോയി. പ്രസിദ്ധ കൊമേഡിയനായ ചാർളി ചാപ്ലിൻെറ പടമാണ് അവർക്കു വളരെ ഇഷ്ടപ്പെട്ടത്. ചാർളി ചാപ്ലിൻെറ കോമാളിവേഷംപോലും പ്രേഷിതപ്രവർത്തന ങ്ങൾക്ക് ഉപയോഗിക്കാമെന്നു അങ്ങിനെ മത്തിയാസച്ചൻ തെളിയിച്ചു.

കാട്ടുമനുഷ്യരുടെ പൊട്ടിച്ചിരികൾ പെട്ടെന്നു നിശ്ശബ്ദ മായി. സ്ക്രീനിൽ ക്രിസ്തുചരിതം പ്രദർശിപ്പിക്കപ്പെടുകയാ യിരുന്നു. വിദൂരദേശത്തുനിന്ന് ആരുടെ നാമത്തിൽ ആ മിഷ നറിമാർ ആ കൊടും കാട്ടിനുള്ളിൽ വന്നെത്തിയോ ആ പരമ കാരുണികനായ ക്രിസ്തുവിൻെറ അവതാരകഥ!

കുരിശും ചുമന്നുകൊണ്ടു നടന്നുനീങ്ങുന്ന കർത്താവിൻെറ രൂപം കണ്ടപ്പോൾ ആ സദസ്സിൽ പൊട്ടിക്കരച്ചിലുകൾ ഉയന്നു. വിശ്വാസത്തിൻെറ കിരണങ്ങൾ അവരുടെ ഇരുണ്ട ഹൃദയങ്ങ ളിലേക്കു കടന്നു ചെല്ലുകയായിരുന്നു. "എൻെറ ജീവിതത്തി ലെ ഏററവും സന്തോഷകരമായ ദിവസങ്ങളായിരുന്നു അവ", മോൺസിഞ്ഞോർ എഴുതുകയുണ്ടായി. അവരുടെ ഗ്രാമത്തിൽ സഞ്ചരിച്ച് അവരോടൊപ്പം ജീവിക്കുവാൻ അദ്ദേഹം കൊതി ച്ചിരുന്നു. പക്ഷെ കൃത്യാന്തരബാഹുല്യം നിമിത്തം അത്തരം ജോലികൾ മററുള്ളവരെ ഏല്പിച്ചു കൊടുക്കേണ്ടിവന്നു അദ്ദേഹ ത്തിന്.

മിഷനറിമാരുടെ പരിശ്രമങ്ങൾ പെട്ടെന്നു പൂവണിയുക യായി. ഒരൊററ വഷംകൊണ്ട് ആറു പുതിയ മിഷൻസങ്കേ തങ്ങൾ തുറക്കുവാൻ അവക്കു സാധിച്ചു. വഷത്തിൽ രണ്ടുപ്രാ വശ്യം ഗോത്രങ്ങളിലൂടെ സന്ദർശനയാത്രയുണ്ടായിരുന്നു. അനാ ഥശാലയിലെ സൗകര്യങ്ങൾ ഇരട്ടിപ്പിക്കുകയും ടെക്നിക്കൽ സെൻറർ വിപുലീകരിക്കുകയും ചെയ്തു. ആത്മീകകാര്യങ്ങളെ പ്പററിപ്പറഞ്ഞാൽ, 2000പേർ മാമ്മോദീസാ സ്വീകരിക്കുകയും വർഷത്തിൽ നാലുലക്ഷത്തോളം വിശുദ്ധ കർബാന സ്വീക രണം നടക്കുകയും ചെയ്തിരുന്നു. ഡോൺബോസ്കോ ബ്രദേ ഴ്സും, സന്യാസിനികളും ഉൾപ്പെടെയുള്ള പ്രേഷിതപ്രവത്തക രുടെ സംഖ്യ പതിനൊന്നിൽനിന്ന് അൻപത്തിആറായി ഉയന്നു. മോൺസിഞ്ഞോർ ഇങ്ങനെ മന്ത്രിച്ചു, 'കർത്താവി ൻെറ നാമം വാഴ്ത്തപ്പെടട്ടെ".

പക്ഷെ ഇപ്പോൾ മോൺസിഞ്ഞോറിൻെറ തലയിൽ ഇര ട്ടിച്ചുമടു വീഴുകയായി. അദ്ദേഹം ഇപ്പോൾ സലേഷ്യൻ പ്രൊ വിൻഷ്യാളും പ്രീഫെക്ററ് അപ്പസ്തോലിക്കുമാണ്. പ്രൊ

വിൻഷ്യാം എന്ന നിലയ്ക്ക് അദ്ദേഹത്തിന്ന് മിഷൻ പ്രവർത്തനങ്ങളിൽ അപരിമേയമായ അവസരമാണു ലഭിച്ചിരുന്നതു്. എവിടെവരെ വേണമെങ്കിലും തൻെറ പ്രവൃത്തിമണ്ഡലം വ്യാപിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. അങ്ങിനെ ഇൻഡ്യയുടെ മററു ഭാഗങ്ങളിലും മിഷൻകേന്ദ്രങ്ങൾ കൊല്ലംതോറും ഉണ്ടായിവന്നു.

1925-ൽ കൽക്കട്ടായിലെ ആർച്ചുബിഷപ്പായിരുന്ന പെരീയരാതിരുമേനി തൻെറ കീഴിലുണ്ടായിരുന്ന കത്തീഡ്രൽ ഇടവകയുടെയും കത്തോലിക്കാ ഓർഫൻ പ്രസ്സിൻേറയും ഭരണമേറെറടുക്കുവാൻ സലേഷ്യൻസഭയോടു് അഭ്യർത്ഥിച്ചു. തിരുമേനി ഡോൺബോസ്കോയുടെ ഒരു വലിയ ഭക്തനായിരുന്നു. മോൺ. മത്തിയാസ് ആ അഭ്യർത്ഥന സ്വീകരിച്ചു.

1928-ൽ ബോംബെയിലെ മെത്രാപ്പോലീത്താ തിരുമേനി ഒരു ഹൈസ്കൂൾ ഭരണം സലേഷ്യൻ സഭക്കാരെ ഏല്പിച്ചുകൊടുത്തു. അതിനുശേഷം സലേഷ്യൻസഭാംഗങ്ങളുടെ ചുമതലയിൻ കീഴിൽ വന്ന സ്ഥാപനമാണു് ബാൻഡെലിലെ മരിയൻ ഭക്തകേന്ദ്രം. ആ ആശ്രമം ഇന്നു് കൽക്കട്ടായിലെ വൈദികവിദ്യാർത്ഥികൾക്കുള്ള അപ്പസ്റ്റോലിക്കു് സ്കൂളാണു്. പിന്നീടു് ബംഗാളിലെ കൃഷ്ണഗർ രൂപത മുഴുവൻ സലേഷ്യൻസഭയെ ഏല്പിച്ചു. മദ്രാസ് അതിരൂപതയുടെ ഭരണം സല്യേഷ്യൻസഭ ഏറെറടുക്കണമെന്നു റോം നിർദ്ദേശിച്ചതും ഈ കാലഘട്ടത്തിൽതന്നെയായിരുന്നു. മോൺസിഞ്ഞോർ യൂജിൻ മെഡെർലെററ് മദ്രാസിൻെറ ആദ്യത്തെ സലേഷ്യൻ ആർച്ചുബിഷപ്പായി വാഴിക്കപ്പെട്ടു.

"നിൻെറ ഭവനത്തിന്മേൽ ഉള്ള തീക്ഷ്ണത എന്നെ തിന്നു ദഹിപ്പിക്കുന്നു", എന്ന തിരുവചനം ആ മിഷൻകേന്ദ്രങ്ങളുടെ ശക്തികേന്ദ്രമായ സലേഷ്യൻ പ്രിലേററിനെ സംബന്ധിച്ചിടത്തോളം വളരെ യോജിക്കുന്നുണ്ടു്. തൻെറ മുദ്രാവാക്യത്തോടു് അങ്ങേയററം ആത്മാർത്ഥത പ്രകടിപ്പിച്ചുകൊണ്ടു് അഭേദ്യമായ ധൈര്യത്തോടും അനുപമമായ ആത്മവിശ്വാസത്തോടും കൂടി അദ്ദേഹം മുന്നോട്ടു നീങ്ങി.

ഒരു രസകരമായ കഥയോടുകൂടി നമുക്കീ അദ്ധ്യായം അവസാനിപ്പിക്കാം. 1925-ൽ നടന്ന ഈ സംഭവം മോൺ. മത്തിയാസിൻെറ അനുസ്മരണങ്ങളിൽ നിന്നെടുത്തതാണു്.

അദ്ദേഹം എഴുതി:

ഞാൻ വനാന്തരങ്ങളിലൂടെ ഒരിക്കൽ യാത്രചെയ്യുകയായിരുന്നു. ക്രിസ്ത്യാനിയായ ഒരു വൃദ്ധ ക്ഷയരോഗം ബാധിച്ച്

അത്യാസന്നയായി കിടക്കുന്നുവെന്ന് ആരോ എന്നെ അറിയിച്ചു. ഉടനെതന്നെ ഞാൻ അവരെ കാണുവാൻ പോയി. വെറും പായിൽ നീണ്ട ചുമകൾക്കിടക്ക് ദീർഘനിശ്വാസവും ഉതിർത്തുകൊണ്ട് അവർ കിടക്കുന്ന കാഴ്ച കണ്ടു. പക്ഷെ അതേ സ്വരങ്ങൾതന്നെ വരാന്തയിൽനിന്നും കേൾക്കാമായിരുന്നു. എനിക്കത്ഭുതം തോന്നി. വേറെ രോഗികൾ വല്ലവരും ആ വീട്ടിലുണ്ടോ എന്ന് ആ കിഴവിത്തള്ളയോടു ഞാൻ ചോദിച്ചു. "ഏയ് ഇല്ലച്ചോ..അത് എൻെറ മൈനയാണ്. അത് ഈ സ്വരമെല്ലാം അനുകരിക്കുകയാണ്". ഞാൻ വിസ്മയത്തോടെ വരാന്തയിലേക്കു ചെന്നു. അവിടൊരു കൂടിനുള്ളിൽ കറുത്ത നിറമുള്ള, ചുണ്ട് മഞ്ഞയായ ഒരു പക്ഷിയെ ഞാൻ കണ്ടു. ആ കിളിയാണ് ചുമയ്ക്കുകയും ദീർഘശ്വാസംവിടുകയും ചെയ്തുകൊണ്ടിരുന്നത്! ഏതായാലും ആ പക്ഷിക്ക് ഞാനൊരു പുരോഹിതനാണെന്ന് മനസ്സിലായോ എന്തോ! എൻെറ തല കണ്ട ഉടനെ അത് പരിശുദ്ധാരൂപിയേ എഴുന്നള്ളിവരിക എന്നുള്ള പ്രാർത്ഥന കിരിയെലെയിസോൻ, ക്രിസ്റ്റേലൈസോൻ! തുടങ്ങിയ പ്രാർത്ഥനാഗാനങ്ങൾ മൂളുകയായി!

'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം' എന്ന ഗീതത്തിൻെറ ആദ്യത്തെ പാദം അത് സ്പഷ്ടമായി ചൊല്ലുന്നതു കേട്ടപ്പോൾ ഞാൻ അത്ഭുതംകൊണ്ട് തരിച്ചുനിന്നുപോയി. വീട്ടിലെ കിഴവൻ തൊട്ടടുത്തു നില്പുണ്ടായിരുന്നു. ആ കിളിയെ എനിക്കു കിട്ടിയാൽ കൊള്ളാമെന്നു ഞാൻ പറഞ്ഞു. ഞങ്ങൾ ഇററലിയിലെ ടൂറിൻ, പട്ടണത്തിൽ നടത്താനുദ്ദേശിച്ചിരുന്ന മിഷൻ പ്രദർശനത്തിനു ആ കിളി ഒരു ആകർഷകവസ്തുവായിരിക്കും. ആ നല്ല മനുഷ്യൻ അതു സമ്മതിച്ചു. ഞാനാ കിളിയുംകൊണ്ടു മടങ്ങി. യൂറോപ്പിലേയ്ക്കുയാത്രയ്ക്കും മുമ്പ് ഞങ്ങളതിനെ ചില ഇററാലിയൻ പദങ്ങൾ പറയുവാൻ പഠിപ്പിച്ചു. എക്സിബിഷനിൽ 'ഗുഡ്മോണിങ്ങ്, ഗുഡ്മോണിങ്ങ്' എന്തുണ്ട് വിശേഷം? എന്നു ചോദിക്കുന്ന ആ മൈന വിചാരിച്ചതിലധികം പ്രശസ്തിനേടി. പ്രശസ്ത സന്ദർശകരിൽ ഇററലിയിലെ രാജകുമാരനായിരുന്ന പീഡ്മോണ്ടിലെ ഹംബർട്ടും ഉൾപ്പെട്ടിരുന്നു. അദ്ദേഹമായിരുന്നു ഇററലിയിലെ ഭാവി രാജാവ് ആകേണ്ടിയിരുന്ന ആൾ. 'ഒന്നു നടന്നു നീങ്ങെടോ, മുതുകിഴവാ' പീഡ്മോണ്ടിലെ ദേശീയഭാഷയിൽ കിളി പറഞ്ഞു. രാജാവ് തരിച്ചുനിന്നുപോയി. പെട്ടെന്നദ്ദേഹം പൊട്ടിച്ചിരിച്ചു. ആ ചിരി കേട്ടപ്പോഴാണ് അദ്ദേഹത്തിൻെറ കൂടെയുണ്ടായിരുന്ന സലേഷ്യൻ സന്യാസികൾക്കു ശ്വാസം നേരെവീണതു്. രാജകുമാരൻ ഫലിതപ്രിയനായിരുന്നു.

പക്ഷെ, ടൂറിനിലെ കാലാവസ്ഥ ആ പക്ഷിക്കു ചേരുന്ന
4. തായിരുന്നില്ല. മഞ്ഞു വീഴ്ച ആരംഭിച്ചപ്പോൾ ഞങ്ങളെയെ

ല്ലാം വേദനിപ്പിച്ചുകൊണ്ട് പാവം മൈന ചത്തുപോയി. ആ മൈനയുടെ ശരീരം സുഗന്ധദ്രവ്യം ഇട്ട് സൂക്ഷിച്ച് ഇന്നും ഡോൺബോസ്കോയുടെ സ്വദേശമായ ബെക്കിയിലെ മിഷനറി മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 9

# പതിനൊന്നാംപീയൂസ്
# ഹിമാലയത്തിൻെറ ചെരുവുകളിൽ

ഇതാ, വളരെ അസാധാരണവും ഹൃദയസ്പൃശിയുമായ ഒരു സംഭവം—മോൺ. മത്തിയാസിൻെറ വാക്കുകളിൽത്തന്നെ നമുക്കതു കേൾക്കാം.

ഞാനൊരിക്കൽ ഷില്ലോങ്ങിലെ ദേവാലയത്തിൻെറ മുൻവശത്തുകൂടി ബ്രിവിയറി ചൊല്ലിക്കൊണ്ട് ഉലാത്തുകയായിരുന്നു. ഒരു കാസി പെൺകുട്ടി എൻെറ അടുത്തേക്കു വന്നു. അവളുടെ മുഖം മുഴുവനും മധുരസ്മിതം നിറഞ്ഞുനില്ക്കുന്നതായി എനിക്കു തോന്നി. അവൾ പറഞ്ഞു: 'ഞാനിതുവരെ ഒരു ക്രിസ്ത്യാനിയായിട്ടില്ല. പക്ഷെ ഒരു ക്രിസ്ത്യാനിയാകണമെന്ന് എനിക്ക് വലിയ ആശയൊണ്ട്. കുറച്ചുനാൾമുമ്പ് ഞാൻ ചന്തയ്ക്കു പോയി വരുന്നസമയത്ത് ഒരു കത്തോലിക്കാമിഷനറി എന്നെ സമീപിച്ചു. അദ്ദേഹമാണു പറഞ്ഞത് അങ്ങയെ വന്നു കണ്ടാൽ കത്തോലിക്കാമതത്തിൽ ചേരാനുള്ള മാർഗ്ഗം പറഞ്ഞു തരുമെന്ന്.!' ആ കുട്ടിയുടെ സ്ഥലപ്പേര് ഞാൻ തിരക്കി.

''വയാജെറിൽനിന്നാണു താൻ വരുന്നതെന്ന് അവൾ പറഞ്ഞു. അപ്പോൾ കുട്ടി കണ്ട അച്ചൻ ഫാദർ ഫാറിനാ ആണ്! പക്ഷെ എന്തിനാണദ്ദേഹം നിന്നെ ഇത്ര അകലത്തേക്കു പറഞ്ഞുവിട്ടത്? അദ്ദേഹത്തിന് അപ്പോൾ അവിടെവച്ചുതന്നെ നിന്നോടു കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാമായിരുന്നല്ലോ.''

'അതു ഫാറിനാ അച്ചൻ അല്ലായിരുന്നു. അദ്ദേഹം എൻെറ അടുത്തുനിന്നാണു പച്ചക്കറിയും മുട്ടയുമൊക്കെ വാങ്ങിക്കുന്നത്. അദ്ദേഹത്തിനു താടിമീശയുണ്ടല്ലോ. എന്നോടു സംസാരിച്ച ആ അച്ചന് മീശയൊന്നുമില്ല. ആ അച്ചൻ അങ്ങ് ഇപ്പോൾ ഇട്ടിരിക്കുന്നപോലെ നീളമുള്ള കുപ്പായമാണിട്ടിരുന്നത്. നെഞ്ചിൽ ഒരു നല്ല മനോഹരമായ സ്വർണ്ണകുരിശുമുണ്ടായിരുന്നു. അദ്ദേഹം കണ്ണടയും ധരിച്ചിരുന്നു.'

ഈ വിശദീകരണം എന്നെ കുഴക്കിക്കളഞ്ഞു. മിഷനറിമാർക്കെല്ലാം താടിമീശയുണ്ടാവും. ചിലർക്കു കണ്ണടയും കാണും. പക്ഷെ സ്വർണ്ണകുരിശു ധരിച്ചുകൊണ്ടു നടക്കുന്ന ആ ആൾ?

എന്റെ അറിവിൽപെട്ടിടത്തോളം പ്രിഫെക്റ്റ് അപ്പസ്തോലിക്കിന്റെ സ്ഥാനവസ്ത്രങ്ങൾ ഈ കാട്ടുപ്രദേശത്ത് ധരിക്കുന്ന ആൾ ഞാൻ മാത്രമേ ഉള്ളൂ. ഞാനാ യുവതിയോട് എന്റെ കൂടെ വരാൻ പറഞ്ഞു. ഭാഗ്യത്തിന് ഷില്ലോങ്ങ് ഇടവകയുടെ ചാർജ്ജ് വഹിക്കുന്ന ഫാദർ വെൻഡ്രാമെ അപ്പോഴവിടെയുണ്ടായിരുന്നു. മിക്കപ്പോഴും ഓരോരോ കാര്യത്തിന് അദ്ദേഹം പുറത്തു പോയിരിക്കുകയാവും. ഞങ്ങൾ അച്ചന്റെ ഓഫീസുമുറിയിൽ കയറിച്ചെന്നപ്പോൾ ആ പെണ്ണ് ഭിത്തിയിൽ തൂക്കിയിട്ടിരുന്ന പതിനൊന്നാംപീയൂസ്പാപ്പായുടെ ചിത്രത്തിൽ തുറിച്ചുനോക്കുന്നതു കണ്ടു. "ഇതാണദ്ദേഹം. ഈ മിഷനറിയാണെന്നെ ഇങ്ങോട്ടു പറഞ്ഞുവിട്ടത്. ഈ അച്ചനു മീശയില്ല. കണ്ണാടിയുണ്ട്. ളോഹയുടെ പുറത്ത് മനോഹരമായ ആ കുരിശുമുണ്ട്!"

"പക്ഷെ ഇദ്ദേഹം ഞങ്ങളുടെയൊക്കെ മേലാവായ വലിയ വലിയ ബിഷപ്പുതിരുമേനിയാണ്. അദ്ദേഹം ഈ ഷില്ലോങ്ങിൽനിന്ന് ആയിരക്കണക്കിനു മൈൽ അകലെയുള്ള റോമിലാണു താമസിക്കുന്നത്. നിന്റെ കൊച്ചുഗ്രാമത്തിൽ അദ്ദേഹം വന്നിട്ടേയില്ല." ഞാൻ പറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചു.

പക്ഷെ ആ പെണ്ണ് വിടുന്ന ഭാവമില്ല. അവൾ കണ്ടുമുട്ടിയ അച്ചൻ അതുതന്നെയെന്ന കാര്യത്തിൽ അവൾക്കു യാതൊരു സംശയവുമില്ല.

മഹാപ്രേഷിതനായ ഫാദർ വെൻഡ്രാമെ സന്തോഷപുരസ്സരം ആ ചെറുയുവതിക്ക് മതോപദേശങ്ങൾ നൽകി. പക്ഷെ അദ്ദേഹത്തിനു തന്റേതായ ഭീതിയുണ്ടായിരുന്നു. കർത്താവതു് അംഗീകരിക്കുകയും ചെയ്തിരുന്നു. ആദ്യം മാമ്മോദീസാ നൽകുക. പിന്നെ മാത്രം ഉപദേശം. ഈ ഭീതിമൂലം അദ്ദേഹത്തിന് ആയിരക്കണക്കിനു പേരെ മാനസാന്തരപ്പെടുത്താൻ കഴിഞ്ഞിരുന്നു. മരിക്കുന്നതുവരെ അദ്ദേഹം മുപ്പതിനായിരം പേക്ക് ജ്ഞാനസ്നാനം നൽകുകയുണ്ടായി.

കാസിപ്രാന്തങ്ങളിലെ ആ പ്രേഷിതൻ തന്റെ പുതിയ ആത്മീയപുത്രിയെ, കാസിയിലെ, "ഔവർ ലേഡി ഓഫ് മിഷൻസ്" എന്ന സന്യാസസഭയിലെ കന്യാസ്ത്രീകളുടെ ചുമതലയിൽ ഏല്പിച്ചു. രണ്ടാഴ്ചകഴിഞ്ഞു് മദർസുപ്പീരിയർ എന്നെ സന്ദർശിച്ചു സംസാരിച്ചകൂട്ടത്തിൽ ആ കാസിപെൺകുട്ടിയെപ്പററിയും പറയുകയുണ്ടായി. അവൾ മിക്കവാറും പ്രാർത്ഥനകൾ ഹൃദിസ്ഥമാക്കിയിരിക്കുന്നുവെന്നും വേദപാഠങ്ങൾ നന്നായി മനസ്സിലാക്കുന്നുണ്ടെന്നും മദർ എന്നെ അറിയിച്ചു. മാമ്മോദീസാ നല്കുന്നതിനുമുമ്പ് ഞാൻ അവളെ പരീക്ഷി

ക്കണം എന്നാണു് മദറിൻെറ ആഗ്രഹം! "കാരണം, കഴിയും വേഗം സ്വഗ്രാമത്തിലേക്കു മടങ്ങിച്ചെന്നു് ജനങ്ങളെ ക്രിസ്തുമതത്തിലേക്കു മാനസ്സാന്തരപ്പെടുത്തുവാൻ അവരം ആകാംക്ഷ പ്രകടിപ്പിക്കുന്നുണ്ടു്.

ഞാനവരംക്കു് സ്വമനസ്സാലെ മാമ്മോദീസാ നൽകി. അവരംക്കു ദിവ്യകാരുണ്യവും ആദ്യത്തെ ഒപ്രൂശുമായും കൊടുത്തു. പ്രിയപ്പെട്ട മാത്താ, ഞാനവളുടെ പുതിയ പേർ വിളിച്ചുകൊണ്ടു് പറഞ്ഞു, "നീ നിൻെറ ഗ്രാമത്തിലേക്കു മടങ്ങുക. നിൻെറ ഗ്രാമവാസികളുടെ ഇടയിൽ നീയൊരു പ്രേഷിതപ്രവർത്തകയാവുക. നീ ഈശോയ്ക്കുവേണ്ടി അവരെ മാനസ്സാന്തരപ്പെടുത്തുക." തലകുലുക്കിക്കൊണ്ടു് ആ പുതിയ കത്തോലിക്ക പറഞ്ഞു. 'ഉവ്വച്ചാ. .വയാജെറിലെ ജനങ്ങരം മുഴുവനും ക്രിസ്ത്യാനികളായിത്തീരുംവരെ ഞാൻ അടങ്ങിയിരിക്കില്ല".

കുറച്ചു വാരങ്ങരംക്കുശേഷം ഗ്രാമത്തലവന്മാർ ഷില്ലോങ്ങിൽ വന്നു എന്നെ കാണുകയും ഒരു പുരോഹിതനെയോ ഒരു ഉപദേശിയെ എങ്കിലുമോ തങ്ങളുടെ ഗ്രാമത്തിലേക്കു അയച്ചുതരണമെന്നു് ആവശ്യപ്പെടുകയുംചെയ്തു. അവക്കു മാത്തായുടെ മതം പഠിക്കണമത്രേ! ഒരു ക്രിസ്ത്യാനിയായതിനുശേഷം താനനുഭവിക്കുന്ന ആത്മീയാനന്ദത്തെക്കുറിച്ചു് അവരം ഇടതടവില്ലാതെ അവരോടു പറഞ്ഞുകൊണ്ടിരുന്നു. ഒരച്ചനെ അവർക്കായി നിയോഗിക്കാൻ ഇല്ലാതിരുന്നതുമൂലം ഞാനൊരു മതാദ്ധ്യാപകനെ അവർക്കു വിട്ടുകൊടുത്തു. ഇടയ്ക്കിടെ വെൻഡ്രാമഅച്ചൻ അവിടെപ്പോയി മതകർമ്മങ്ങരം നടത്തുകയും കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം വഹിക്കുകയും ചെയ്തുപോന്നു.

'ഞാൻ പറയട്ടെ, വയാജെറിൽ ഞാൻ കഴിച്ചുകൂട്ടിയ ആ ദിവസം എൻെറ മിഷനറിജീവിതത്തിലെ അവിസ്മരണീയ ദിനങ്ങളിലൊന്നായിരുന്നു. ഞങ്ങളെ ഗ്രാമവാസികരം ആർപ്പോടും ആർഭാടത്തോടുംകൂടി സ്വീകരിച്ചു. വേദപാഠവിദ്യാർത്ഥികരം പാടുകയും അതീവഭക്തിയോടെ പ്രാർത്ഥനകരം ചൊല്ലുകയും ചെയ്തു. പുതിയതായി പണുതിരുന്ന ചാപ്പലിനുള്ളിൽ ബ്ലാങ്കററു വിരിച്ച പായ്കളിൽ ഞാനും വെൻഡ്രാമെഅച്ചനും രാത്രിയിൽ കിടന്നുറങ്ങി. പ്രഭാതത്തിൽ മുളം തട്ടികളുടെ ഇടയിലൂടെ ജിജ്ഞാസാഭരിതമായ കണ്ണുകരം ഞങ്ങളെ പൂഴ്ന്നു നില്ക്കുന്നതു കണ്ടുകൊണ്ടാണു് ഞാനുണന്നതു്. തിരുക്കർമ്മങ്ങളിൽ പങ്കുകൊള്ളാൻ തിടുക്കം കാണിക്കുന്ന ഗ്രാമത്തിലെ നിഷ്കളങ്കരായ ബാലികാബാലന്മാരായിരുന്നു ആ കണ്ണുകളുടെ ഉടമസ്ഥർ. അതു് സത്യമായ ഒരു പ്രേഷിത ദിവസമായിരുന്നു. ഗ്രാമവാസികളിൽ മിക്കവാറും മുഴുവനുംപേർ മാമ്മോദീസാ സ്വീകരിച്ചു. കുർബ്ബാനയുണ്ടായിരുന്നു. എല്ലാവരും

ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. അവസാനമായി, ഞാൻ അവക്ക് സ്ഥൈര്യലേപനം നല്കി . . പെന്തക്കോസ്തു ദിവസത്തിൻെറ ഓർമ്മ മനസ്സിൽ തിങ്ങിനിന്ന മണിക്കൂറുകളായിരുന്നു അതു്. അവിടെ അത്ഭുതരോഗശമനം നടന്നില്ല–അതിനു കാരണം രോഗികളെയൊന്നും ആരും കൊണ്ടുവന്നിരുന്നില്ല എന്നതു മാത്രമായിരുന്നു എന്നെനിക്കു തോന്നിപ്പോയി. അവർ വിശ്വാസാഗ്നിയിൽ എരിയുകയായിരുന്നു എന്നെനിക്കു തീർച്ചയായും അറിയാം. അനർഘമായ ദിവസം!

സംഗതികൾ അവിടംകൊണ്ടു് അവസാനിച്ചില്ല. പിറേറക്കൊല്ലം, അതായതു് 1929-ൽ, ഞാൻ ഡോൺബോസ്കോയുടെ നാമകരണച്ചടങ്ങുകളിൽ പങ്കെടുക്കാൻ റോമിൽ പോയിരുന്നു. പ. പിതാവുമായി ഒരു രഹസ്യസന്ദർശനത്തിനു ഞാൻ അനുവാദം ചോദിച്ചു. ബുദ്ധിമുട്ടില്ലാതെ എനിക്കു് അനുവാദം ലഭിക്കുകയും ചെയ്തു.

പതിനൊന്നാം പീയൂസ് മാർപ്പാപ്പയുടെ പ്രത്യേക മുറിയിൽ, ലോകമെങ്ങുമുള്ള കത്തോലിക്കരുടെ ആധ്യാത്മിക പിതാവായ ആ പുണ്യശ്ലോകൻെറ മുറിയിൽ കയറിച്ചെന്നപ്പോൾ സകല ധൈര്യവും സമാഹരിച്ചുകൊണ്ടു് ഞാൻ ചോദിച്ചു: 'പരിശുദ്ധപിതാവേ, അങ്ങു് എൻെറ മിഷൻകേന്ദ്രമായ ആസ്സാമിൽ വന്നുവെന്നും, പ്രിഫെക്ററു് അപ്പസ്തോലിക്കിനെപോലും സന്ദർശിക്കാതെ, ഒരു ആദിവാസി പെൺകുട്ടിയോടു സംസാരിച്ചുവെന്നും മാമ്മോദീസാ മുങ്ങാൻ അവളെ ഉപദേശിച്ചുവെന്നും ഒക്കെ കേൾക്കുന്നു. അങ്ങു് വാസ്തവത്തിൽ അവിടെവന്നിരുന്നുവോ?'

പൈതൃകമായ ഒരു പുഞ്ചിരിയോടെ പിതാവു പറഞ്ഞു:

"എന്താ നിങ്ങൾ പറഞ്ഞതു്? ഞാൻ ആസ്സാം സന്ദർശിച്ചുവെന്നോ? പക്ഷെ ഞാൻ വത്തിക്കാൻവിട്ടു് എങ്ങും പോയിട്ടില്ലല്ലോ. പർവ്വതങ്ങളെ എനിക്കു വലിയ ഇഷ്ടംതന്നെ, ഞാൻ ആൽപ്സിലെ മഞ്ഞിൽ തെന്നിക്കളിച്ചിട്ടുണ്ടു്. ഹിമാലയത്തിലെ ഏതെങ്കിലും ഒരു കൊടുമുടി ചവിട്ടിക്കയറണമെന്നും ചിലപ്പോൾ മോഹം തോന്നാറുണ്ടു്....പക്ഷെ വത്തിക്കാനിൻെറ മതിലിനുള്ളിൽ താമസിക്കുന്ന കിഴവനായ ഞാൻ....!"

വയാജെറിലെ ആ പെൺകുട്ടിയെപ്പററി എൻെറ ഒരു സഹപ്രവർത്തകൻ ഒസ്സർവത്താരെ റൊമാനോയിൽ എഴുതിയിരുന്ന ഒരു ലേഖനം ഞാൻ അപ്പോൾ തിരുമേനിയെ കാണിച്ചു.

"ഞാനതു വായിച്ചു," പ. പിതാവു പറഞ്ഞു. "എനിക്കു വലിയ സന്തോഷം തോന്നി. ചിലപ്പോൾ ദൈവംതമ്പുരാൻ,

ഭൂമിയിലെ തൻെറ വികാരിയുടെ പ്രവത്തനങ്ങളിൽ സംപ്രീതനാണെന്നറിയിക്കാൻ ഇങ്ങനെയൊക്കെ ചില അത്ഭുതങ്ങൾ പ്രവത്തിക്കും. പ്രിയപ്പെട്ട മോൺസിഞ്ഞോർ, എനിക്ക് ആ വിദൂരമായ ഹിമാലയൻ മലഞ്ചെരുവുകളിൽ വന്നെത്താൻ സാധിക്കുന്നില്ലെങ്കിൽപോലും, എനിക്കൊരു കാര്യം പറയാനുണ്ട്. അതു താങ്കളുടെ അത്ഭുതം ശമിപ്പിക്കുമെന്നു ഞാൻ കരുതട്ടെ: എന്നും, എല്ലാദിവസവും ഞാൻ മിഷനറിമാക്കുവേണ്ടി പ്രാത്ഥിക്കുന്നുണ്ട്. ഒരു പിതാവിനുള്ള സ്നേഹത്തോടെ അക്രൈസ്തവക്കുവേണ്ടിയും ഞാൻ പ്രത്യേകമായി പ്രാത്ഥിക്കുന്നുണ്ട്. അവരും ദൈവത്തിൻെറ മക്കളാണ്. ഒരു സാധാരണ ക്രിസ്ത്യാനിയുടെ പ്രാത്ഥന കേൾക്കുന്നതിനെക്കാൾ ക്രിസ്തുവിൻെറ വികാരിയുടെ പ്രാത്ഥന ദൈവം വേഗം കേൾക്കുകയില്ലേ? യൂറോപ്പിലൂടെയുള്ള താങ്കളുടെ യാത്രാവേളയിൽ അക്രൈസ്തവരുടെ മാനസാന്തരത്തിനായി ദിവസവും പ്രാത്ഥിക്കുന്ന ഈ പാപ്പായുടെ കഥ എല്ലാവരോടും പറയാൻ താങ്കൾ മറക്കരുത്. എല്ലാ കത്തോലിക്കരും ഒരേ സ്വരത്തിൽ ദൈവത്തോടു പ്രാത്ഥിച്ചിരുന്നുവെങ്കിൽ ഈ ലോകം മുഴുവൻ എത്രവേഗം മാനസാന്തരപ്പെട്ടമായിരുന്നേനേ–''

''ഉത്തേജകമായ ആ തിരുമൊഴികൾ''– മാനസ്സാന്തരപ്പെട്ടമായിരുന്നേനേ – കേട്ടപ്പോൾ എൻെറ ഹൃദയം വികാരങ്ങൾ കൊണ്ട് വിങ്ങിപ്പൊട്ടുകയായിരുന്നു. ക്രിസ്തുവിൻെറ തിരുവചനങ്ങളും ശ്രവിച്ചുകൊണ്ട് എമ്മാവൂസിലേക്കു യാത്രചെയ്ത ആ രണ്ടു ശ്ലീഹന്മാരിലൊരുവനാണു ഞാനെന്നെനിക്കു തോന്നി. ആ മുഖം കാണിക്കൽ എന്നും മനസ്സിൽ തങ്ങിനില്ക്കുന്ന കുറെ ഓമ്മകൾ എനിക്കു നല്കി. ഞാനോത്തുപോവും ചിലപ്പോൾ, ഇതിനൊക്കെ കാരണം അജ്ഞാതവിദൂരസ്ഥമായ ആസ്സാമിലെ ആ ആദിവാസിപ്പെൺകുട്ടിയാണല്ലോ എന്ന്. 'വെളിച്ചവും വഴിയും ഞാനാകുന്നു' എന്നു പറഞ്ഞ ക്രിസ്തുവിൻെറ ഭൂമിയിലെ ആ പ്രതിപുരുഷനെക്കാണാൻ ആ പെൺകുട്ടിക്ക് പിൽക്കാലത്തൊരിക്കൽ സാധിക്കുകയും ചെയ്തല്ലോ എന്നും ഞാൻ ഉൾപ്പുളകത്തോടെ ചിന്തിക്കും.

അദ്ധ്യായം 10

# മുന്നോട്ട്, മുന്നോട്ട്

സലേഷ്യൻ പ്രൊവിൻഷ്യാൾ എന്ന നിലയിൽ തൻെറ പ്രവർത്തനമേഖലയുടെ പരിധി വർദ്ധിപ്പിക്കുവാൻ ആസ്സാമിൻെറ പ്രിഫെക്ററ് അപ്പസ്തോലിക്കിനു കഴിഞ്ഞു എന്നു നാം കണ്ടു.

1927-ൽ, സലേഷ്യൻസഭയുടെ പ്രിഫെക്ട് ജനറാളായ ഫാദർ പീററർ റിക്കൽഡോണെ ഇൻഡ്യയിലേക്കു ഒരു സന്ദർശനത്തിനെത്തുകയുണ്ടായി. അദ്ദേഹത്തിൻെറ ചുമതലാബോധം വെറും സന്ദർശനം കഴിഞ്ഞു മടങ്ങാൻ അദ്ദേഹത്തെ അനുവദിച്ചില്ല. പുരോഗതിയിലേക്കു മുന്നേറിക്കൊണ്ടിരിക്കുന്ന ഇൻഡ്യയിലെ മിഷൻ സ്ഥാപനങ്ങളിൽ ഒരു മാസക്കാലം ചെലവിട്ടതിനുശേഷം മോൺസിഞ്ഞോർ മത്തിയാസുമൊരുമിച്ച് ഫാദർ റിക്കൽഡോണെ, പുതിയ മിഷനറി പ്രവത്തനങ്ങൾക്കുള്ള സാദ്ധ്യതതേടി തൊട്ടയൽരാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി.

അവർ ബർമ്മയിലേക്കാണ് ആദ്യം പോയതു്. തലസ്ഥാനനഗരിയായ റംഗൂൺവരെ അവർ പോയി. മാൺഡലെ എന്ന സ്ഥലത്തു് സെൻറ് ജോസഫിൻെറ നാമത്തിൽ ഒരു ഇടവക സ്ഥാപിതമാകുന്നതിനു അവരുടെ ഈ സന്ദർശനം മൂലം സാധിച്ചു. കുറച്ചു സലേഷ്യൻ വൈദികർ മാത്രമുണ്ടായിരുന്ന ആ ഇടവക ഉത്തരോത്തരം പുരോഗമിക്കുകയും ഇന്നവിടെ ഒരു പ്രൈമറിയും സെക്കൻററിയുംസ്കൂളും ഒരു സാങ്കേതിക വിദ്യാലയവും ഉയന്നുവരികയും ചെയ്തിരിക്കുന്നു.

ബർമ്മയിൽനിന്നു് അവർ സയാമിലേക്കു കടന്നു ചെന്നു. രണ്ടു കോടിയിൽ പരം ജനങ്ങളുള്ള സയാമിൽ കത്തോലിക്കർ കൂടിയാൽ ഒരു ലക്ഷമേ വരൂ. ബംഗോക്കിലെ മെത്രാൻ ആ സന്ദർശകരെ ഹൃദയപൂർവ്വം സ്വീകരിച്ചു. രാത്ബറിയിൽ ഒരു പ്രീഫെക്ററർ അപ്പസ്തോലിക് സ്ഥാപിക്കുന്നതിനെപ്പററി അവർ ചർച്ചചെയ്യുകയുണ്ടായി. ഇന്നു് തായ്‌ലണ്ടിൽ സലേഷ്യൻ മിഷനുകൾ വളരെ പ്രവത്തനോന്മുഖമാണ്. അക്ഷീണരായ നമ്മുടെ യാത്രക്കാർ പിന്നീടു പോയതു് കംബോഡിയായിലേക്കായിരുന്നു. അവിടെനിന്നവർ ഇൻഡോചൈനായി

ലേക്കു കടന്നു. ഇവിടെ അവരുടെ സന്ദർശനത്തിൻെറ ഫലമായി കുറച്ചുവഷ്ങ്ങൾക്കുശേഷം ഹാനോയിൽ ഒരു അനാഥമന്ദിരവും ഒരു സാങ്കേതിക വിദ്യാലയവും ഉയൎന്നുവന്നു. അവയിപ്പോൾ സെയ്ഗോണിലേക്കു മാററപ്പെട്ടിരിക്കുകയാണു്.

ശ്ലീഹന്മാരായ ബർനബാസും പൗലോസും എന്നപോലെ നമ്മുടെ രണ്ടു മിഷനറിമാരും ഇവിടെവച്ചു് പരസ്പരം വിടവാങ്ങി. ഫാദർ റിക്കൽഡോണെ ചൈനയിലേക്കും മോൺ. മത്തിയാസ് സിങ്കപ്പൂർ, കൽക്കട്ടാവഴി ആസ്സാമിലേക്കും യാത്ര തിരിച്ചു.

നാട്ടിൽ തിരിച്ചെത്തിയ നമ്മുടെ പ്രേഷിതവര്യനു് വെറും കല്ലിടീൽ ചടങ്ങുകളിൽ മിഷനറി പ്രവത്തനം ഒതുക്കിനിത്തുന്നതിൽ തൃപ്തനായില്ല. തൻെറ പദ്ധതികൾ ഫലമണിയുന്നതിനായി അദ്ദേഹം സ്വന്തം കൈകൾകൊണ്ടു് ചക്രങ്ങൾ തിരിക്കുകയും അക്ഷീണം പരിശ്രമിക്കുകയും ചെയ്തു. ഒരിക്കൽ അദ്ദേഹം, വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന ഷില്ലോങ്ങിലെ ടെക്നിക്കൽ സ്കൂളിൻെറ മുകളിൽ നില്കുയായിരുന്നു. പണി കഠിനമായിരുന്നു. ബലിഷ്ഠമായ ആ തോളുകളിൽ വലിയ രണ്ടു ശീലാന്തികൾ അദ്ദേഹം താങ്ങിക്കൊടുത്തുകൊണ്ടു നിന്നപ്പോൾ ആരോ വന്നു പറഞ്ഞു, തിരുമേനിയെക്കാണാൻ ഒരു പ്രധാനപ്പെട്ട സന്ദശ്കൻ എത്തിയിരിക്കുന്നു എന്നു്. അതു് ഇംഗ്ലണ്ടുകാരനും പ്രോട്ടസ്റ്റൻറ് മതവിശ്വാസിയുമായ ആസ്സാംഗവർണർ അല്ലാതെ മററാരുമായിരുന്നില്ല. ദേഹം മുഴുവൻ പൊടിയും ചെളിയും പുരണ്ട ആ പാവപ്പെട്ട ഇടയൻ ക്ഷമാപണത്തോടെ തൻെറ സന്ദശ്കനെ സ്വീകരിച്ചിരുത്തി. ഇംഗ്ലീഷുകാരെ സംബന്ധിച്ചിടത്തോളം, 'ഫോർമാലിററി' എന്നു പറയുന്ന മാന്യന്മാരുടെ പെരുമാററചട്ടം, വളരെ നിർബന്ധിതമാണെന്നു് മോൺ. നു് അറിയാൻ പാടില്ലായ്കയില്ല. പക്ഷെ, അത്ഭുതമെന്നു പറയട്ടെ, ഗവർണർ അദ്ദേഹത്തിൻെറ പ്രയത്നശീലത്തെയും ആത്മാത്ഥതയെയും പുകഴ്ത്തുകയാണുണ്ടായതു്. പഴയകാലത്തെ സന്യാസികളെപ്പോലെ ജോലിചെയ്യുകയും പ്രാത്ഥിക്കുകയും ഒരുപോലെ ചെയ്യുന്ന അങ്ങയെ ഞാൻ ബഹുമാനിക്കുന്നു എന്നു് ഗവർണർ പറഞ്ഞു. അതിൽപരം ഒരു നല്ല വാക്കുണ്ടോ?

1934–ൽ മോൺസിഞ്ഞോർ മത്തിയാസ് തൻെറ പത്തു കൊല്ലത്തെ മിഷൻപ്രവത്തനങ്ങൾ ഒന്നു വിലയിരുത്തുകയായിരുന്നു. അദ്ദേഹം കണക്കുകൂട്ടി:

| | | |
|---|---|---|
| കത്തോലിക്കർ | 5844–ൽനിന്നു് | 18,000 ആയി വദ്ധിച്ചു |
| പുരോഹിതർ | 2 — | 26 — |
| ഉപദേശികൾ | 47 — | 160 — |

| | | |
|---|---|---|
| കത്തോലിക്കാവിദ്യാലയങ്ങളിലെ കുട്ടികരം | 638 — | 3,074 |
| മിഷനറികേന്ദ്രങ്ങരം | 93 — | 298 — |
| വനങ്ങളിലെ ചാപ്പലുകരം | 26 — | 139 — |
| ഓററ്ററികരം | 0 — | 10 — |
| മാമ്മോദീസാകരം | | 13, 156 |
| സ്വീകരിക്കപ്പെട്ട ദിവ്യകാരുണ്യം | | 1500,000 |

അഭിമാനാർഹമായ ഈ കണക്കുകളുടെ ഒടുവിൽ മോൺ. മത്തിയാസ് ഇങ്ങിനെ എഴുതി: "ഡുക് ഇൻ ആൽത്തും—നമുക്ക് ഇനിയും ഇതിലും നന്നായി പ്രവത്തിക്കുക—" മടിയനാണെന്ന് ആക്കെങ്കിലും അദ്ദേഹത്തെ കുററപ്പെടുത്താൻ കഴിയുമോ? ലിയൗററീയെപ്പോലെ അദ്ദേഹത്തിനും തീച്ച്യയായും തൻെറ പൗരോഹിത്യമോതിരത്തിൽ ഇങ്ങനെ കൊത്തിവയ്ക്കാൻ കഴിയുമായിരുന്നു: "ജീവിതത്തിൻെറ ആനന്ദം പ്രയത്നിക്കുന്നതിലാണ്—"

1934-ൽ ആസ്സാമിൻെറ പ്രീഫെക്ററ് അപ്പസ്തോലിക് ഒരിക്കൽക്കൂടി റോമിലേക്കു പോയി. ഡോൺബോസ്കോയുടെ നാമകരണച്ചടങ്ങുകളിൽ സംബന്ധിക്കാനെത്തിയ അദ്ദേഹം അഞ്ചു ഇൻഡ്യൻ യുവാക്കളുമൊത്താണ് റോമിൽ ചെന്നിറങ്ങിയത്. ദേശീയവേഷങ്ങളണിഞ്ഞ ആ ചെറുപ്പക്കാർ പെട്ടെന്ന് ജനശ്രദ്ധ പിടിച്ചുപററി. ഫ്രാൻസിലൂടെ ഒരു പ്രചരണപ്രസംഗപരിപാടി നടത്തുന്ന സമയത്ത്, മോൺസിഞ്ഞോർ മത്തിയാസിനു്, തൻെറ പ്രേഷിതമണ്ഡലം ഒരു രൂപതയാക്കാൻ പോവുകയാണെന്നും തന്നെ അവിടത്തെ മെത്രാനായി വാഴിക്കുവാൻ പോകയാണെന്നും അറിവുകിട്ടി. അങ്ങിനെ ധീരനായ ആ ഏകാന്തപഥികൻ ഷില്ലോങ്ങിൻെറ ആദ്യത്തെ ബിഷപ്പായി. ആ നാമനിദ്ദേശത്തിൻെറ വാത്ത കാസിമലകളിലെത്തിയപ്പോരം ആസ്സാമിലെ ക്രൈസ്തവർ ആനന്ദനൃത്തം ചവിട്ടി.

ഏറെ വർഷങ്ങരംക്കുമുമ്പ് ഭൂമിയിലെ ഈ പരിത്യക്തപ്രദേശത്ത് വന്നെത്തിയിരുന്ന വന്ദ്യനായ ഒരു ആംഗ്ലിക്കൻ ബിഷപ്പ്, ഇത്തരം ഒരു സംഭവം ഒരിക്കൽ നടന്നേ തീരൂ എന്നു പ്രവചിക്കുകയുണ്ടായി. അദ്ദേഹം ഷില്ലോങ്ങിലെത്തി ഇങ്ങനെ തിരക്കിയത്രേ!

"ആസ്സാമിൽ ഒരു കത്തോലിക്കാ ബിഷപ്പ് നിയമിക്കപ്പെടുകയാണെങ്കിൽ എന്തായിരിക്കും അദ്ദേഹത്തിൻെറ സ്ഥാനപ്പേരു്? അദ്ദേഹം ആസ്സാമിലെ ബിഷപ്പായിരിക്കുമോ, അതോ ആസ്സാമിൻെറ ബിഷപ്പായിരിക്കുമോ?" ആ ചോദ്യ

ത്തിന് അല്പം പരിഹാസച്ചുവയുള്ള ഒരു മറുപടിയാണുണ്ടായത്. "തിരുമേനീ, കത്തോലിക്കാബിഷപ്പുമാർ ഏതു സ്ഥലത്തു താമസിക്കുന്നുവോ ആ സ്ഥലത്തിന്റെ മാത്രം ബിഷപ്പായിട്ടാണ് അറിയപ്പെടുന്നത്. അല്ലാതെ ഈ പ്രദേശത്തിന്റെ മുഴുവനും ബിഷപ്പല്ല. നിയുക്തമെത്രാൻ ഷില്ലോങ്ങ്ബിഷപ്പായി അറിയപ്പെടും".

"അതു് നന്നായി.." സന്തോഷത്തോടെ ആ ആംഗ്ലിക്കൻ പറഞ്ഞു. "അപ്പോൾ ആസ്സാംബിഷപ്പെന്ന സ്ഥാനപ്പേരു് എനിക്കു ഉപയോഗിക്കാമല്ലോ".

പുതിയ ബിഷപ്പിന്റെ സ്ഥാനാരോഹണചടങ്ങുകൾ ഷില്ലോങ്ങിൽവച്ച് 1934 നവംബർ 10-ാം തീയതി നടന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന ഫാദർ ഫെറാൻഡോയുടെയും മെത്രാഭിഷേകകർമ്മം അന്നേദിവസം തന്നെയായിരുന്നു. ഫെറാണ്ടോ തിരുമേനി കൃഷ്ണഗറിൽവച്ചാണ് അഭിഷിക്തനായതു്. ആഘോഷങ്ങൾ മൂന്നുദിവസം നീണ്ടുനിന്നു. വളരെ ദൂരെ ബംഗാളിൽനിന്നുപോലും വിശ്വാസികൾ തങ്ങളുടെ ഇടയന്റെ സ്ഥാനാരോഹണത്തിൽ പങ്കു ചേരാനെത്തിയിരുന്നു. പതിനയ്യായിരത്തോളം വരുന്ന അത്ഭുതപൂർവ്വമായ ജനക്കൂട്ടം അന്നു ഷില്ലോങ്ങിലുണ്ടായിരുന്നു. ജനബാഹുല്യം നിമിത്തം കത്തീഡ്രലിനു പുറത്തൊരു സ്റ്റേജുകെട്ടി അതിൽ വച്ചായിരുന്നു ചടങ്ങുകൾ നടത്തിയതു്. പച്ചമലകൾ ഭിത്തിയായിനിന്നു. നീലാകാശം മേൽക്കൂരയായി. അതിൽപരം ചേതോഹരമായൊരു അഭിഷിക്തമണ്ഡപം സങ്കല്പിക്കാനാവുമോ?

കൽക്കട്ടായിലെ ആർച്ചുബിഷപ്പിനൊപ്പം മദ്രാസ് ആർച്ചുബിഷപ്പായിരുന്ന മോൺ. മെഡർലൊറും ചടങ്ങുകളിൽ പങ്കെടുക്കാൻ ഷില്ലോങ്ങിൽ എത്തിയിരുന്നു. മിഷനറിബിഷപ്പുമാർ മൊത്തം അഞ്ചുപേരും മററു അപ്പസ്റ്റോലിക്കകളുടെ പ്രീഫെക്ടുകളും വന്നെത്തിയവരിൽപെടും. ഷില്ലോങ്ങിൽ അതുവരെ നടന്നിട്ടുള്ള എല്ലാ ആഘോഷങ്ങളേയും കവച്ചുവയ്ക്കുന്ന തരത്തിലായിരുന്നു പുതിയ മെത്രാന്റെ ആരോഹണച്ചടങ്ങുകൾ നടന്നതു്.

"എന്റെ ജീവിതത്തിലെ അനവദ്യമായ ഈ മുഹൂർത്തത്തിൽ, ഒരു യഥാർത്ഥ സിനിമാസ്കോപ്പുചിത്രം എന്റെ കണ്ണുകൾക്കു മുന്നിൽ ഞാൻ കണ്ടു". മോൺസിഞ്ഞോർ തന്റെ ഡയറിയിൽ എഴുതി. എന്റെ മാതാപിതാക്കളുടെ മുമ്പിലെ ഒരു ശിശുവായും, ട്യൂണിസിലെ ഒരു സ്കൂൾകുട്ടിയായും, സിസിലിയിലെ ഒരു സെമ്മിനാരി വിദ്യാർത്ഥിയായും, പിന്നെ

ഫോളിസ്സോയിലെ നവവൈദികനായും ഞാൻ മാറിമാറി എന്നെ കണ്ടു. പിന്നെ ഞാൻ രക്തവും വിയർപ്പുമൊഴുകുന്ന പടക്കളത്തിലെ എൻെറ ജീവിതത്തെപ്പററിയും, സൈനികർ എന്നെ പിടികൂടിക്കൊണ്ടുപോയ ആ പോക്കിനെപ്പററിയും ഓർത്തു. പെട്ടെന്നു വീണ്ടും സിസിലിയിലെ സൂര്യൻ കററാനിയായിലേയും പെഡാറായിലേയും എൻെറ ജീവിതത്തിൽ തെളിഞ്ഞുവന്നു. ഇവിടേക്കു വരാൻവേണ്ടി മാത്രം ഞാൻ കൈവിട്ടുപോന്ന ആ പ്രിയപ്പെട്ട നാട്! ചടങ്ങുകളുടെ അവസാനം വിശ്വാസികൾക്ക് ശ്ലൈഹിക ആശീർവാദം നല്കുവാൻവേണ്ടി തിരിഞ്ഞുനിന്നപ്പോൾ എൻെറ ഹൃദയം അവാച്യമായ ഏതോ വികാരത്താൽ വിങ്ങിപ്പൊട്ടുകയും ഞാൻ കണ്ണീരൊപ്പാൻ പ്രയാസപ്പെടുകയും ചെയ്തു.

സന്ധ്യക്ക് ജനകീയാഘോഷങ്ങളുടെ നേരത്ത് ഗിരികുടുംബങ്ങൾ ഗ്രൂപ്പുചേർന്ന് അവർക്കു പ്രിയപ്പെട്ട അരികൊണ്ട് പലഹാരങ്ങൾ ഉണ്ടാക്കുകയും അവ കഴിച്ചുകൊണ്ട് നൃത്തം ചവിട്ടുകയും പാട്ടുപാടുകയും ചെയ്തു. ക്രിസ്ത്യാനികളെന്ന നിലയിൽ അവർ തങ്ങളുടെ പാരമ്പര്യമനുസരിച്ചുള്ള ആ ആഘോഷങ്ങളിൽ തികഞ്ഞ സംയമനം കാണിച്ചിരുന്നു.

പിറേറന്ന് അതായത് നവമ്പർ 11- ഒരു ഞായറാഴ്ചയായിരുന്നു. അന്ന് അതിഗംഭീരമായ ഒരു ദിവ്യകാരുണ്യ പ്രദക്ഷിണം ഉണ്ടായിരുന്നു. പ്രദക്ഷിണം കടന്നുപോയ വഴിക്ക് ആയിരക്കണക്കിനു പ്രൊട്ടസ്റ്റൻറുകാരും അക്രൈസ്തവരും ആദരവുകളോടെ ആ കാഴ്ചകാണാൻ തിങ്ങിക്കൂടിനിന്നിരുന്നു. തെരുവീഥികൾ വർണ്ണോജ്ജ്വലങ്ങളും വിവിധതരത്തിലുള്ള വസ്ത്രം ധരിച്ച വിവിധ ഗോത്രത്തിലുള്ള ആദിവാസികളെക്കൊണ്ട് അപൂർവ്വഭംഗികലർന്നും കാണപ്പെട്ടു. വാഴ്വോട്ടുകൂടിയാണ് അന്നത്തെ പരിപാടികൾ അവസാനിച്ചത്.

നിർഭാഗ്യകരമെന്നുപറയട്ടെ, ആ പച്ചപുതച്ച പർവ്വതസാനുക്കളിൽ അധികകാലം തുടർന്നു ജോലിചെയ്യുവാൻ പുതിയ മെത്രാനു അനുവാദം ലഭിച്ചില്ല.

വാസ്തവത്തിൽ കാര്യങ്ങൾ അതിവേഗം മുന്നോട്ടു നീങ്ങുകയായിരുന്നു. ഡിസമ്പർ 12-ാം തീയതി മദ്രാസിൽനിന്നു് ഒരു ദുഃഖകരമായ വാർത്തയുണ്ടായി. മോൺ. മെഡെർലെററ് തിരുമേനി ദിവംഗതനായിരിക്കുന്നു. ഹൃദ്രോഗബാധിതനായിരുന്ന അദ്ദേഹം ആസ്സാമിൽനിന്നു തിരിച്ചുവന്ന ഉടനെ ഡോക്ടറന്മാരുടെ ഉപദേശങ്ങളെപ്പോലും വകവയ്ക്കാതെ ആക്കോട്ടുള്ള മിഷൻ കേന്ദ്രം സന്ദർശിക്കാൻ പോയി. പള്ളിക്കൊണ്ടയിലെ അനാഥബാലവാടി സന്ദർശിക്കാനെത്തിയ അദ്ദേഹ

ത്തോട്ട്, ആ സ്ഥാപനം നടത്തിക്കൊണ്ടിരുന്ന കന്യാസ്ത്രീകരം കുമ്പസാരം കേരക്കണമെന്നഭ്യർത്ഥിച്ചു. ആ സഭാംഗങ്ങളിൽ അവസാനമായി കുമ്പസാരിക്കാനുണ്ടായിരുന്നതു് സുപ്പീരിയററമ്മയായിരുന്നു. കുമ്പസാരക്കാരൻ ആശീർവദിക്കുന്നതിനായി കൈ ഉയർത്തുന്നതും, പെട്ടെന്നു് പിറകോട്ടു തളർന്നുവീഴുന്നതും മദർ കണ്ടു. അദ്ദേഹത്തെ രക്ഷിക്കുവാൻ ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായി. നിമിഷങ്ങരം..അദ്ദേഹം മരിച്ചുകഴിഞ്ഞിരുന്നു. രാത്രിയിൽത്തന്നെ ഒരു ആംബുലൻസിൽ മൃതദേഹം മദ്രാസിലെ സെൻറ്മേരീസ് കത്തീഡ്രലിൽ കൊണ്ടുവന്നു. ഡിസംബർ പതിനഞ്ചിനു് പതിനായിരക്കണക്കിനു വിശ്വാസികളുടെ വിലാപപ്രാർത്ഥനകരംക്കു മധ്യേ ദൈവത്തിൻെറ ആ പുത്രൻെറ മൃതദേഹം മണ്ണിലേക്കു താഴ്ന്നു.

ആ മഹാപ്രയത്നശാലിയുടെ സ്ഥാനം ഒഴിഞ്ഞുകിടന്നു. ആ സ്ഥാനം അലങ്കരിക്കുന്നതു് ഇനി ആരായിരിക്കും എന്നതിനെപ്പററി അഭ്യൂഹങ്ങരം പരന്നു. പിൻഗാമി ആരെന്നു വെളിവാകുവാൻ അധികം കാലതാമസം ഉണ്ടായില്ല. 1935 മാർച്ച് 18–ാം തീയതി മോൺസിഞ്ഞോർ മത്തിയാസിനു് റോമിൽ നിന്നൊരു സന്ദേശം ലഭിച്ചു. അദ്ദേഹം മദ്രാസ് അതിരൂപതയുടെ ഭരണം ഏറെറടുക്കണമെന്നായിരുന്നു സന്ദേശത്തിലെ കല്പന. അദ്ദേഹത്തിനു അപ്പോരം ഉണ്ടായ പ്രതികരണമെന്തായിരുന്നെന്നു് ആർക്കും നിശ്ചയമില്ല. പക്ഷെ അദ്ദേഹം തൻെറ സ്മരണകളിൽ ഇങ്ങനെ കുറിക്കുന്നു.

ആസ്സാമിനെ പിരിഞ്ഞുപോവുക! എൻെറ ശരീരത്തിൻെറ ഓരോ നാരുകളും ബന്ധിതമായിരിക്കുന്ന എൻെറ ഈ ആലയം വിട്ടുപോവുക! ജീവിതത്തിലെ എൻെറ ഏററവും അനർഘങ്ങളായ വർഷങ്ങരം ചെലവഴിച്ച് ഈ നാടിനെ ഉപേക്ഷിച്ചുപോവുക! സെമ്മിനാരിക്കുട്ടികരം എൻെറ കൺമുന്നിൽ വളരുന്നതും നോക്കിനിന്ന ഈ നാട്ടിൽനിന്നു്—വി. പൗലോസിൻെറ വാക്കുകളിൽ പറഞ്ഞാൽ, എൻെറ സന്തോഷവും അഭിമാനവും ആയിരിക്കുന്ന ആ പ്രിയപ്പെട്ടവരിൽനിന്നു്! എന്തൊരു കുരിശായിരുന്നു അതു്! പക്ഷെ ആ സംസാരിച്ചതു് ക്രിസ്തുവിൻെറ വികാരിയായിരുന്നു. എനിക്കനുസ്സരിച്ചേ തീരൂ. ഇരുളിലേക്കൊരു എടുത്തുചാട്ടമാണെന്നു് എനിക്കു തോന്നി. പക്ഷെ എന്നത്തെക്കാളുമേറെ ധൈര്യം അവലംബിക്കണമെന്നും പ്രത്യാശാഭരിതനായിരിക്കണമെന്നും എനിക്കറിയാമായിരുന്നു. നമ്മുടെ കർത്താവും പരിശുദ്ധകന്യാമറിയവും എന്നോടൊപ്പം ഉണ്ടായിരിക്കുമെന്നു് എനിക്കു ബോധ്യമുണ്ടായിരുന്നു. ഞാൻ പേനയെടുത്തു് തിരുസിംഹാസനത്തിൻെറ ഡെലിഗേററിനു് ആ സ്ഥലംമാററം കർത്താവിൻെറ നാമത്തിൽ ഞാൻ സ്വീകരിക്കുന്നതായി അറിയിക്കുന്ന കത്തെഴുതി.

ഇനി വിവരിക്കുന്ന കാര്യങ്ങടാം ആ ധീരമായ സ്വീകരണത്തിൻെറ ഫലമായി മദ്രാസ് അതിരൂപതയ്ക്കുണ്ടായ പുരോഗതിയുടെ ചിത്രം നമുക്കു തരും. വിയർപ്പൊഴുക്കേണ്ടിടത്തു വിയർപ്പൊഴുക്കിയും ജോലിചെയ്യേണ്ടിടത്തു ജോലിചെയ്തും നീണ്ട മുപ്പതു സംവത്സരക്കാലംകൊണ്ടു് മദ്രാസ് അതിരൂപതയുടെ മുഖഛായ മാററുവാനും അതിനു കത്തോലിക്കാ ഇൻഡ്യയുടെ ഭൂപടത്തിൽ അവഗണിക്കാനാവാത്ത സ്ഥാനം നൽകുവാനും മോൺ. മത്തിയാസിനു കഴിഞ്ഞു.

അദ്ധ്യായം 11

# മദ്രാസിൽ

മോൺസിഞ്ഞോർ മത്തിയാസ് മദ്രാസ് അതിരൂപത യുടെ ഭാരം ഔദ്യോഗികമായി ഏറെറടുത്തത് 1935 ജൂലൈ 20-ാംനു- ആണ്. അദ്ദേഹത്തിൻെറ പ്രയത്നങ്ങളെപ്പററി മന സ്സിലാക്കുന്നതിനു് ഈ സ്ഥലത്തെ സഭയുടെ ചരിത്രംകൂടി അറിഞ്ഞിരിക്കേണ്ടതാണ്: മദ്രാസ് നഗരത്തിൽതന്നെ രണ്ടു രൂപതകളുടെ ആസ്ഥാനം സ്ഥിതിചെയ്തിരുന്നു അക്കാലത്തു്. മൈലാപ്പൂർ രൂപതയും മദ്രാസ് അതിരൂപതയും ആയിരുന്നു അവ.

സെൻറ്തോമസിൻെറ പ്രേഷിതപ്രവർത്തനങ്ങൾ തങ്ങൾ ക്കു ലഭിച്ചുവെന്നു് പാർത്തിയൻസ്, മീഡിസ്, പേർഷ്യ യൻസ്, ഹൈകാനിയൻസ്, എത്തിയോപ്യൻസ്, സൊ ക്കോട്രിയൻസ്, സിലോണീസ്, നോത്ത് ഇന്ത്യൻസ്, കേര ളൈയ്റ്റ്സ്, ചൈനീസ് തുടങ്ങിയവരൊക്കെ അവകാശപ്പെ ടുന്നുണ്ടെങ്കിലും തങ്ങളുടെ ആദ്യത്തെ മെത്രാനാണ് തോമാശ്ലീ ഹായെന്നു് മൈലാപ്പൂർകാർ മാത്രമേ അവകാശപ്പെടുന്നുള്ളൂ. അദ്ദേഹത്തിൻെറ ഭൗതികശരീരം അടക്കം ചെയ്യുവാൻ മൈലാ പ്പൂരിനാണു ഭാഗ്യം ലഭിച്ചതും.

## ഏഷ്യാമൈനറിൽനിന്നുള്ള മെത്രാന്മാർ

എല്ലാ ശ്ലീഹന്മാരെയുംപോലെ തൻെറ പിൻഗാമികൾക്കും രക്ഷാകരപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുവാനുള്ള അവ സരം തോമാശ്ലീഹായും സൃഷ്ടിച്ചിരുന്നു. അദ്ദേഹത്തിൻെറ മര ണാനന്തരം എന്തു സംഭവിച്ചുവെന്നതിനെപ്പററി വ്യക്തമായ ചരിത്രരേഖകളൊന്നുമില്ലെങ്കിലും, മതമർദ്ദകരുടെ സമ്മർദ്ദംമൂലം പുതിയ സഭ വളരെ പീഡിപ്പിക്കപ്പെട്ടിരിക്കുമെന്നും തന്മൂലം അതിൻെറ അംഗസംഖ്യ തീരെ കുറഞ്ഞുപോയിരിക്കുമെന്നും നാം ഊഹിക്കുന്നു. മൈലാപ്പൂരിലെ ക്രിസ്ത്യാനികൾ സിറി യയിൽനിന്നു വന്ന പുരോഹിതന്മാരുടെ ഭരണത്തിൻകീഴിലാ യിരുന്നു കുറെക്കാലം എന്നുള്ളതിനു ചില തെളിവുകൾ കിട്ടി യിട്ടുണ്ട്. എഡേസായിലെ രാജാവായിരുന്ന അബ്ഗർരാജാ വിൻെറ മാനസാന്തരത്തിനുശേഷം (222–235–A. D.) സെൻറ് തോമസ് ക്രിസ്ത്യാനികൾ എഡേസായുടെ പരിപാലനത്തിൻ കീഴിലായി. ഇതെത്രനാൾ നീണ്ടുനിന്നുവെന്നു തീർച്ചയില്ല.

ഏതായാലും പത്താംശതകത്തോടെ ശ്ലീഹായുടെ ശവകുടീരത്തിനു ചുററുമുള്ള പ്രദേശങ്ങളിൽ ക്രിസ്ത്യാനികൾ അധികമധികമായി താമസിക്കുവാൻ തുടങ്ങി.

## മൈലാപ്പൂർ രൂപത

1498-ൽ പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്നപ്പോൾ മലബാറിലെ ജനങ്ങൾ തോമാശ്ലീഹായുടെ ശവകുടീരം മൈലാപ്പൂരിലാണെന്നു് അവരെ അറിയിച്ചു. പോർട്ടുഗീസുകാർ മൈലാപ്പൂരിലെത്തുകയും 'ബെത്ത്‌ൂമാ' എന്നു രേഖപ്പെടുത്തപ്പെട്ടതും മുസ്ലീംകൾ കാത്തു സൂക്ഷിച്ചിരുന്നതുമായ ആ ശവകുടീരം കണ്ടെത്തുകയും ചെയ്തു. 1522-ൽ പോർട്ടുഗൽ രാജാവിൻെറ ആജ്ഞപ്രകാരം അന്നു് പഴകി ദ്രവിച്ചിരുന്ന ആ ശവകുടിരം പുതുക്കിപ്പണിയപ്പെട്ടു. പള്ളിയും അന്നു് ചെറിയ തോതിൽ പുതുക്കിപ്പണിയുകയുണ്ടായി. 1524-ൽ പോർട്ടുഗലിൽ നിന്നു വന്നെത്തിയ ഫാദർ അൽലാരോ പെൻറാഡോ സെൻറ് തോമസ് പള്ളിയുടെ വികാരിയായി ചാർജെടുത്തു.

പോർട്ടുഗീസുകാർ കയ്യടക്കിയ പ്രദേശങ്ങളിലെ ആദ്ധ്യാത്മിക പിതാവായി തീരുമാനിക്കപ്പെട്ടിരുന്നതു് പോർട്ടുഗലിലെ മാദീരായിലുള്ള ഫഞ്ചൽ മെത്രാനെ ആയിരുന്നു. ഇന്ത്യയിൽ അന്നു് ബിഷപ്പ് ഇല്ലാതിരുന്നതുകൊണ്ടു് മൈലാപ്പൂരും ഫഞ്ചൻ രൂപതയുടെ ഭാഗമായിത്തീർന്നു. 1533 ജനുവരിയിൽ ഗോവാ ഒരു രൂപതയാവുകയും അതു് ഇൻഡ്യയിലെ സകല പോർട്ടുഗീസ് പ്രദേശങ്ങളിലെയും സഭയുടെ കേന്ദ്രമാവുകയുംചെയ്തു. അങ്ങിനെ മൈലാപ്പൂർ വീണ്ടും മാറി ഗോവാരൂപതയുടെ കീഴിലായി. 1557-ൽ കൊച്ചി വേർതിരിച്ച് ഒരു രൂപതയാക്കിയപ്പോൾ മററുപ്രദേശങ്ങൾക്കൊപ്പം കിഴക്കൻതീരപ്രദേശങ്ങൾ മുഴവനും കൊച്ചിരൂപതയായിത്തീർന്നു. അതുമൂലം മൈലാപ്പൂർ കൊച്ചിബിഷപ്പിൻെറ അധികാരപരിധിയിൽ വന്നു.

കൊച്ചിബിഷപ്പായിരുന്ന ഡോംഫ്രെ ആൻഡ്രെ ഡിസാൻറാമരിയാ, തൻെറ രൂപത അതിവിസ്തൃതമാണെന്നും കൊറോമാൻറൽ തീരപ്രദേശങ്ങൾ തൻെറ രൂപതയിൽനിന്നു ഒഴിവാക്കിത്തരണമെന്നും പോർട്ടുഗീസ് രാജാവിനോടു് അഭ്യർത്ഥിച്ചു. രാജാവിൻെറ നിർദ്ദേശാനുസരണം അഞ്ചാം പൗലോസ് പാപ്പാ 1606 ജനുവരി 9-നു് പുറപ്പെടുവിച്ച ഒരു ഡിക്രിപ്രകാരം സാൻതോം ഡിമേലിയപൂർ എന്നു് വിളിക്കപ്പെട്ടിരുന്ന മൈലാപ്പൂർ ഒരു പ്രത്യേക രൂപതയാക്കി തിരിച്ചു. ശ്ലീഹായുടെ ശവശരീരം അടക്കംചെയ്ത പള്ളിയാകയാൽ മൈലാപ്പൂർ പള്ളിയെ പുതിയ രൂപതയുടെ കത്തീഡ്രലായും തീരുമാ



മത്തിയാസ് തിരുമേനിയുടെ സ്ഥാനാരോഹണത്തിന്നു ശേഷം
മദ്രാസിൽ നടത്തിയ സൽക്കാരം.
താഴെ: ആർച്ചുബിഷപ്പ് മത്തിയാസ് നിമ്മിച്ച അനേകം ഇടവക ദേവാലയങ്ങളിലൊന്നു്.





ഹൗസിംഗ് കോളനിക്കാവശ്യമായ ഫണ്ട് ശേഖരിക്കുന്നതിനായി യൂറോപ്യൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ മത്തിയാസ് തിരുമേനി.

നിക്കപ്പെട്ടു. പോർട്ടുഗൽ രാജാവും പരിശുദ്ധ സിംഹാസനവും തമ്മിലുണ്ടാക്കിയ ഒരു ധാരണപ്രകാരമാണു ഇതൊക്കെ നിശ്ചയിക്കപ്പെട്ടതു്. ആ ഉടമ്പടിപ്രകാരം പോർട്ടുഗൽ രാജാവിനു പുതിയ രൂപതയുടെ രക്ഷാധികാരി (Padrado) എന്ന സ്ഥാനവും ബിഷപ്പുസ്ഥാനത്തേക്കു നിയമിക്കപ്പെടാനുള്ള ആളിനെ നാമനിർദ്ദേശം ചെയ്യാനുള്ള അവകാശവും സിദ്ധിച്ചു. രൂപതാഭരണത്തിനാവശ്യമായ സാമ്പത്തികസഹായം ചെയ്യാനുള്ള ബാധ്യതയും രാജാവിനുള്ളതായിരുന്നു. മതപ്രചരണരംഗത്തും മററും പോർട്ടുഗൽ അക്കാലത്തു ചെയ്തുകൊണ്ടിരുന്ന സേവനങ്ങൾക്കു് ഒരംഗീകാരമെന്ന നിലയിലാണു് പ.സിംഹാസനം ഇത്തരം ഒരേർപ്പാടിനു സമ്മതിച്ചതു്. പരസ്പരമുള്ള സമ്മതത്തോടെ പ്രസ്തുത ഉടമ്പടി പരിതസ്ഥിതിയിലുണ്ടായ മാററങ്ങൾക്കനുസരണമായി പുതുക്കുകയുണ്ടായി, പിൽക്കാലത്തു്.

രൂപത ഇപ്പോഴും അതിവിസ്തൃതംതന്നെയായിരുന്നു. മുപ്പതോളം ഭരണവിഭാഗങ്ങൾ പിന്നെയും അതിൽനിന്നു വിടത്തപ്പെട്ടു.

പുതിയതായി രൂപം കൊണ്ട ഈ മൈലാപ്പൂർ രൂപതയുടെ ബിഷപ്പ് ഡോംഫ്രെ സെബാസ്റ്റിയോ ഡി സാൻപെഡ്രോ എന്നു പേരുള്ള ഒരു അഗസ്റ്റീനിയൻ സന്യാസിയായിരുന്നു. അദ്ദേഹം നിയമിതനായതു് 1606 ജനുവരി ഒൻപതിനാണു്.

പരിശുദ്ധ സിംഹാസനവും പോർട്ടുഗലും തമ്മിലുള്ള ഉടമ്പടിയുടെ ഒരു നവീകരണം 1866–ൽ ആവശ്യമായിത്തീരുകയുണ്ടായി. രൂപതാതിർത്തികൾ ക്രമീകരിക്കേണ്ടതിനു് അതു് ആവശ്യമായിരുന്നു. 1928-ൽ ഉണ്ടായ മറെറാരു ക്രമീകരണമനുസരിച്ചു് മൈലാപ്പൂർ രൂപതയെത്തന്നെ രണ്ടു ഭാഗമായി തിരിക്കുകയുണ്ടായി. ഈ രണ്ടു ഭാഗത്തിൽ പ്രാധാന്യം കല്പിക്കപ്പെട്ടുപോന്നതു് മദ്രാസ് നഗരത്തിനു തെക്കുഭാഗവും ചിങ്കൽപേട്ടുജില്ലയുടെ ഏതാനും സ്ഥലങ്ങളും ചേർന്ന പകുതിക്കായിരുന്നു. മറേറ പകുതിയിൽ തഞ്ചാവൂർ, സൗത്ത് ആർക്കോട്ട്, തിരുച്ചി ഈ ജില്ലകൾ ഉൾപ്പെട്ടിരുന്നു.

## മദ്രാസിലെ കപ്പൂച്ചിൻമിഷൻ

1639-ൽ ബ്രിട്ടീഷുകാർ മദ്രാസിലെത്തിയപ്പോൾ പോർട്ടുഗീസ് കുടിയേററപ്രദേശമായ സാൻതോമിൽ വളരെയധികം ദേവാലയങ്ങൾ ഉണ്ടായിരുന്നു. പക്ഷെ 1640–ൽ അസംപ്ഷൻ ദേവാലയം പണികഴിപ്പിക്കുന്നതുവരെ മദ്രാസ് നഗരത്തിനുള്ളിൽ ദേവാലയങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അതു മൈലാപ്പൂർ രൂപതക്കാരാണു പണിതു പൂർത്തിയാക്കിയതും.

5.

ഫാദർ എഫ്രേം ഡി നിവേഴ്സ് എന്നൊരു ഫ്രഞ്ച് കപ്പൂച്ചിൻ പെഗുവിലേക്കുള്ള ഔദ്യോഗിക യാത്രാമദ്ധ്യേ 1642-ൽ മദ്രാസിലെത്തുകയുണ്ടായി. അദ്ദേഹം ജ്ഞാനിയായ ഒരു പുരോഹിതനായിരുന്നു. ഫ്രഞ്ച്, പോർട്ടുഗീസ്, ഇംഗ്ലീഷ്, ഡച്ച്, പേഴ്സിയൻ, അറബി, ചില പൗരസ്ത്യഭാഷകൾ ഇവയിലൊക്കെ അദ്ദേഹത്തിനു അഗാധ പാണ്ഡിത്യമുണ്ടായിരുന്നു.

ഇക്കാലത്ത് (1630–1639) വളരെയധികം പോർട്ടുഗീസ് കുടുംബങ്ങൾ മൈലാപ്പൂർ വിട്ട്, ഈസ്റ്റിൻഡ്യാ കമ്പനിക്കു നല്ലപ്പെട്ട ചില സ്ഥലങ്ങളിൽ താമസം തുടങ്ങി. ഇംഗ്ലീഷ് കോട്ട സൂക്ഷിച്ചിരുന്ന സൈനികരിൽ ആറിൽ അഞ്ചും പോർട്ടുഗീസുകാരായിരുന്നുവെന്നു പറയപ്പെടുന്നു. കോട്ടയ്ക്കുള്ളിലെ അവരുടെ ജീവിതത്തിൻെറ ആധ്യാത്മികകാര്യങ്ങൾ നോക്കുവാനായി ഒരു കത്തോലിക്കാപുരോഹിതൻ അത്യന്താപേക്ഷിതനായിരുന്നു.

പെഗുവിലേക്കുള്ള യാത്രയുപേക്ഷിക്കുവാൻ ഫാദർ എഫ്രേമിനു് അനുമതി ലഭിക്കയും അദ്ദേഹത്തിൻെറ സേവനം സെൻറ് ജോർജ് ഫോർട്ടിലെ ക്രിസ്ത്യൻ കത്തോലിക്കർക്കു ലഭിക്കുവാൻ ഇടയാവുകയും ചെയ്തു. 1642 ജൂണിൽ ഫാദർ എഫ്രേം തൻെറ ആദ്യത്തെ ദേവാലയം പണി പൂർത്തിയാക്കുകയും അതു് വി. ആൻഡ്രൂസിനു സമർപ്പിക്കുകയും ചെയ്തു. അതു വാസ്തവത്തിൽ ഒരു ഷെഡ്ഡ് മാത്രമായിരുന്നു. അതിൻെറ സ്ഥാനത്ത് 1675-ാമാണ്ടോടെ ബൃഹത്തും സുന്ദരവുമായ ഒരു ദേവാലയം അദ്ദേഹംതന്നെ നിർമ്മിച്ചു. അതിൻെറ ഉൽഘാടനച്ചടങ്ങുകളിൽ സർ വില്യം ലംഗാൺെറ ഉത്തരവിൻപ്രകാരം സൈനികർ പങ്കെടുത്തിരുന്നതായും ആചാരവെടികൾ മുഴക്കിയതായും രേഖകളിൽ കാണുന്നുണ്ട്. അങ്ങിനെ അകത്തോലിക്കരുടെ കോട്ടയ്ക്കുള്ളിൽ ആദ്യത്തെ കത്തോലിക്കാദേവാലയം സ്ഥാപിതമായി. പിൽക്കാലത്ത് കോട്ട വിട്ടുപോകുവാൻ കപ്പൂച്ചിൻ അച്ചന്മാരോട് ഇംഗ്ലീഷുകാർ ആവശ്യപ്പെടുകയുണ്ടായി. വി. ആൻഡ്രൂസിൻെറ ദേവാലയം അവർ തകർത്തുകളഞ്ഞു. പക്ഷെ പള്ളിവസ്തുക്കൾ കടത്തിക്കൊണ്ടുപോകുവാൻ ഇംഗ്ലീഷുകാർ അനുവദിക്കുകയുണ്ടായി. തകർക്കപ്പെട്ട ആ ദേവാലയത്തിലെ വലിയ മണിയാണു് സെൻറ് മേരീസ് ചർച്ചിൽ പിന്നീടു സ്ഥാപിക്കപ്പെട്ടതു്.

കോട്ടയ്ക്കുള്ളിൽ വച്ചുതന്നെ ഇൻഡ്യൻ അതിർത്തിയ്ക്കുള്ളിൽ ഒരു ദൈവാലയത്തിൻെറ ആവശ്യകത ഫാദർ എഫ്രേമിനു് ബോധ്യമായിരുന്നു. അദ്ദേഹം പോർട്ടുഗീസ് സ്ഥാനപതിയായിരുന്ന സർ ഹെൻറി ഗ്രീൻഹില്ലിനോട് ദൈവാലയത്തിനാവശ്യമുള്ള സ്ഥലത്തിനു് അപേക്ഷിക്കുകയും 1658-ൽ

അപേക്ഷ സ്വീകരിക്കപ്പെട്ടുകയും ചെയ്തു. പോർട്ടുഗീസുകാക്കു് ഒരു സിമിത്തേരി ഇല്ലാതിരുന്നതിൻെറ കുറവു് പുതിയ ദൈവാലയംകൊണ്ടു് പരിഹൃതമാകുമെന്നും പ്രതീക്ഷയുണ്ടായിരുന്നു. 1658-ൽ തുറന്ന വിശാലമായ ഒരു പന്തലായിരുന്നു ദൈവാലയം. സെൻറ് മേരീസു് കത്തീദ്രലിൻെറ ഉത്ഭവം ഇതായിരുന്നു. 1692-ൽ പ്രസിഡണ്ടു് യേൽ, എഫ്രേം അച്ചനേയും ഫാദർ മൈക്കൾ ഡി ആൻജൗവിനേയും ആ തുറന്ന പന്തൽ പുതുക്കിപ്പണിയുവാൻ അനുവദിച്ചു. അതിനോടകം അതു ദ്രവിച്ചു പഴകി ഏതു സമയവും താഴെ വീഴുന്നസ്ഥിതിയിലെത്തിയിരുന്നു. അങ്ങിനെ ചുരുങ്ങിയ നിലയിൽ 1775-ലും പിന്നെ വിപുലമായ രീതിയിൽ 1785-ലും ആ പള്ളി പുതുക്കിപ്പണിയപ്പെട്ടു. അതു അററകുററങ്ങൾ തീർത്തു് വീണ്ടും വിപുലീകരിച്ചതു് വികാർ അപ്പസ്തോലിക് മോൺസിഞ്ഞോർ ഓക്കണോർ ആയിരുന്നു. മദ്രാസിൻെറ ആദ്യത്തെ മെത്രാപ്പോലീത്താ ആയിരുന്ന ഡോ. കോംഗൻ അതിൻെറ മേൽപ്പുര ഉയർത്തുകയുണ്ടായി. ഡോക്ടർ മെഡർലെററ് (ആദ്യത്തെ സലേഷ്യൻ മെത്രാപ്പോലീത്താ) നടുവിലത്തെ ഇടഭിത്തികളുടെ പൊക്കം വർദ്ധിപ്പിക്കുകയും പഴയ മേൽപ്പുര മാററി കോൺക്രീററിൽ പുതിയ മേൽത്തട്ടു പണിയുകയും ചെയ്തു. ഇതു് 1931-ൽ ആയിരുന്നു. രണ്ടാമത്തെ സലേഷ്യൻ മെത്രാപ്പോലീത്താ ആയ മോൺ. മത്തിയാസു് ഈ നിലയിലുള്ള സെൻറ് മേരീസു് കത്തീദ്രലിൻെറ ചുമതലയാണു് ഏറെറടുത്തതു്.

## മദ്രാസിലെ വികാരിയെററ് അപ്പസ്തോലിക്

കാലാന്തരത്തിൽ കപ്പൂച്ചിൻ സഭക്കാരും, അവർ ജോലി ചെയ്തിരുന്ന സ്ഥലത്തിൻെറ അധീശനായ മൈലാപ്പൂർ ബിഷപ്പും തമ്മിൽ തർക്കങ്ങൾ ഉത്ഭവിച്ചു. തർക്കങ്ങളെപ്പററി പഠിച്ചു് ഇരുകൂട്ടർക്കും സ്വീകാര്യമായ തീരുമാനമുണ്ടാക്കുവാനായി 1819-ൽ ബോംബെ വികാർ അപ്പസ്തോലിക് മദ്രാസിലെത്തി. അദ്ദേഹത്തിൻെറ ശ്രമങ്ങൾ പരാജയപ്പെട്ടതോടെയാണു് കപ്പൂച്ചിൻ സന്യാസികളെ ഗൗനിക്കാതെ മദ്രാസിൽ ഒരു പുതിയ വികാരിയെററ് അപ്പസ്തോലിക് രൂപവൽക്കരിക്കാൻ പരി. സിംഹാസനം നിശ്ചയിച്ചതു്. അതു് മൈലാപ്പൂരിനേയും ബന്ധിക്കുന്നതായിരുന്നില്ല.

1832-ൽ ആദ്യത്തെ വികാർ അപ്പസ്തോലിക് ആയി റൈററ് റെവ. ജോൺ ബീഡി പോംഡിങ്ങ് ഓ. എസ്. ബി. നാമനിർദ്ദേശം ചെയ്യപ്പെട്ടു. പക്ഷെ അദ്ദേഹം തൽസ്ഥാനം സ്വീകരിക്കുവാൻ വിസമ്മതം പ്രകടിപ്പിക്കുകയാണുണ്ടായതു്. തന്മൂലം ഇടക്കാലത്തേക്കായി ഡോൺ പെഡ്രോഡി

അൽക്കൻറാറാ നിയോഗിക്കപ്പെട്ടു. സ്ഥിരമായി ഒരാളെ നിയമിക്കുന്നതുവരേയുള്ള ഒരേർപ്പാടായിരുന്നു അതു്. അദ്ദേഹം 1834 ഓഗസ്റ്റിൽ വികാരിയേററിൻെറ ചാർജ് ഫാദർ ജോൺ ബാപ്‌ററിസ്റ്റ് ഓഫ് ജനോവായിൽനിന്നു് ഏറെറടുത്തു. ഫാ ജോൺ മദ്രാസിലെ അവസാനത്തെ കപ്പൂച്ചിൻ സുപ്പീരിയറായിരുന്നു. 1834 ഏപ്രിലിൽ റെവ. ഡാനിയേൽ ഒക്കോണൽ ഓ. എസ്. ബി. വികാർ അപ്പസ്തോലിക് ആയി നാമനിർദ്ദേശം ചെയ്യപ്പെടുകയും അദ്ദേഹം ചാർജെടുക്കാനെത്തിയപ്പോഠം (1835 ഓഗസ്റ്റ്) ഡോൺ പെഡ്രോ ബോംബെയിലേക്കു മടങ്ങുകയും ചെയ്തു.

മദ്രാസിലെ വികാരിയെററ് അപ്പസ്തോലിക്കിൻെറ രൂപീകരണത്തോടെ മദ്രാസ് നഗരത്തിൽതന്നെ നാം രണ്ടു ബിഷപ്പുമാരെ കാണുന്നു. മൈലാപ്പൂർ ബിഷപ്പും മദ്രാസിലെ വികാർ അപ്പസ്തോലിക്കും. അങ്ങിനെ രണ്ടു ഭരണവിഭാഗങ്ങളും ഒരേ നഗരത്തിൽ ഉണ്ടായിത്തീർന്നിരുന്നു.

1886-ൽ അവസാനത്തെ വികാർ അപ്പസ്തോലിക്കിനെ മദ്രാസ് ആർച്ചുബിഷപ്പായി നിയമിക്കുകയും അക്കാര്യം ബാംഗ്ളൂരിൽ 1887 ജനുവരി 27-ാംനു- നടന്ന ബിഷപ്പുമാരുടെ കൗൺസിൽ പ്രഖ്യാപിക്കുകയും ചെയ്തു.

1832 മുതൽ മദ്രാസിലെ വികാരിയേററ് അപ്പസ്തോലിക്കും 1886 മുതൽ മദ്രാസ് അതിരൂപതയും 1928വരെ ഐറീസ് മിഷനറിമാരും അവക്കുശേഷം മിൽഹിൽ സഭക്കാരാലും ഭരിക്കപ്പെട്ടു.

ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം, 1950-ൽ, ജൂലായ് 18-ാംതീയതി പരി. സിംഹാസനവും പോർട്ടുഗീസ് ഗവണ്മെൻറും ഒരു പുതിയ കരാറിലേർപ്പെട്ടു. പുതിയ കരാറനുസരിച്ച് ബിഷപ്പുമാരെ നാമനിർദ്ദേശം ചെയ്യാനുള്ള അവകാശം പോർട്ടുഗൽ വിട്ടൊഴിഞ്ഞു. മൈലാപ്പൂർ ഇടവകയും പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ വന്നു. ഇതു് സ്വാഭാവികമായും നഗരത്തിനുള്ളിലെ രണ്ടു സഭാതൃത്തികളേയും തമ്മിൽ യോജിപ്പിക്കാനുള്ള ശ്രമത്തിനു് ആക്കംകൂട്ടി. എല്ലാവരും എത്രയോ കാലമായി പ്രതീക്ഷിച്ചിരുന്നതാണതു്. ഇതു് പ്രവൃത്തിപഥത്തിലെത്തിയതു് 1952ലാണു്. ഈ പ്രദേശങ്ങളുടെ സംയോജനപ്രക്രിയയിൽ ചെറുതല്ലാത്ത പങ്കുവഹിക്കുവാൻ മദ്രാസ്, മൈലാപ്പൂരിൻെറ ആർച്ചുബിഷപ്പായി ചാർജെടുത്ത മോൺ. മത്തിയാസിനു കഴിഞ്ഞു.

തിരുസഭയുടെ വേറൊരു വിളംബരപ്രകാരം ഇതുവരെ സാൻതോംഡി മൈലാപ്പൂർ ബിഷപ്പിൻെറ കത്തീഡ്രലായിരുന്ന സെൻറ് തോമസ് ദേവാലയം പുതിയ അതിരൂപത

യുടെ കത്തീദ്രലായിത്തീർന്നു. അതേസമയത്തുതന്നെ മദ്രാസ് അതിരൂപതയുടെ കീഴിലെ സെൻറ് മേരീസ് കത്തീദ്രൽ ഒരു ഉപ കത്തീദ്രൽ ദേവാലയമായും പ്രഖ്യാപിക്കപ്പെട്ടു.

ഭക്തിസമ്പൂർണ്ണമായ സ്ഥാനാരോഹണച്ചടങ്ങുകൾ 1952 നവമ്പർ 27-ാംതീയതി സെൻറ് തോമസ് കത്തീദ്രൽ പള്ളിയിൽവച്ചു നടന്നു. 1953-ൽ മൈലാപ്പൂരിൽ നേരത്തെ അപ്പസ്തോലിക ഭരണാധികാരിയായി സേവനമനുഷ്ഠിച്ചുവന്ന മോൺ. ഫ്രാൻസിസ് കാർവലോയെ മത്തിയാസ് മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിക്കുകയുണ്ടായി. നമ്മുടെ കഥാനായകനായ ആ മഹാപ്രേഷിതൻെറ ജീവിതത്തിൽ ഒരു പുതിയ അധ്യായം അങ്ങിനെ സമുൽഘാടനം ചെയ്യപ്പെട്ടു.

പുതിയ അതിരൂപതയുടെ ഭരണം ഏറ്റെടുത്ത് അധികം താമസിയാതെ മൈലാപ്പൂരിലെ മെത്രാസന അരമനയിൽ താമസിക്കുവാനായി ചെന്ന അവസരത്തിൽ, മൈലാപ്പൂരിൽ ശതാബ്ദങ്ങളായി നടന്നുവന്നിരുന്ന മിഷനറിപ്രവർത്തനങ്ങളുടെ വിജയത്തിനു കൃതജ്ഞതാസൂചകമായി ഒരു സ്മാരകം സ്ഥാപിക്കണമെന്ന് മത്തിയാസ് തിരുമേനി നിശ്ചയിച്ചു—ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിൻെറ ഒരു ശില്പം—മെത്രാൻെറ വസതിയുടെ മുന്നിൽ താഴെപ്പറയുന്ന ലിഖിതങ്ങളോടെ ആ രൂപം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു.

മൈലാപ്പൂർ രൂപതയിൽ ശതാബ്ദങ്ങളായി പദ്രോ ആദോ ബിഷപ്പുമാരും പുരോഹിതരും നേടിയ മിഷനറിവിജയങ്ങളുടെ ഓർമ്മക്കായി ഈ സ്മാരകം കൃതജ്ഞതാഭരിതരായ പിൻഗാമികളാൽ ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

13-12-1953

## ബസിലീക്ക

പഴയ മൈലാപ്പൂർരൂപതയുടെ കത്തീദ്രൽ പുതിയതായി രൂപവൽക്കരിക്കപ്പെട്ട മദ്രാസ്-മൈലാപ്പൂർ അതിരൂപതയുടെ കത്തീദ്രലായിത്തീർന്നുവെന്നു നാം കണ്ടു. മോൺസിഞ്ഞോർ മത്തിയാസ് വിശുദ്ധ ശ്ലീഹായുടെ മരണകുടീരം ആ പള്ളിയുടെ പ്രാന്തത്തിൽ സ്ഥിതിചെയ്തിരുന്നതുകൊണ്ട് ആ കത്തീദ്രലിനുള്ള പ്രത്യേക മഹത്വത്തെപ്പററി ബോധവാനായിരുന്നു. ആ ശവകുടീരം അർഹമായ ആദരവുകൾ നേടിക്കൊണ്ടുമിരുന്നു. ആശയങ്ങൾക്ക് യാതൊരു പഞ്ഞവുമില്ലാതിരുന്ന നമ്മുടെ നായകൻ തൻെറ പള്ളിക്കു വേണ്ടത്ര പ്രശസ്തി അതുവരെ കിട്ടിയിരുന്നില്ല എന്ന കാര്യം ഗൗരവമായി എടുത്തു. ശ്ലീഹായുടെ

ശവകുടീരം സ്ഥിതിചെയ്തിരുന്നതുകൊണ്ട് ആ പള്ളിക്ക് ഒരു ബസിലീക്കാ ആകുവാനുള്ള യോഗ്യത ഉണ്ടെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി.

ആശ്രമത്തിനുവേണ്ടി ഇക്കാര്യം അനുവദിച്ചുതരുമാറാകണമെന്നൊരപേക്ഷ റോമിൽ സമർപ്പിക്കപ്പെട്ടു. അഭിവന്ദ്യ ഹ്യൂമാസോണി ബിയോന്ദി കർദ്ദിനാൾ തിരുമേനിക്ക് അയച്ച ആ അഭ്യർത്ഥനയിൽ, കർദ്ദിനാൾ തിരുമേനി മാർപ്പാപ്പയുടെ പ്രതിനിധിയായി ഇൻഡ്യയിലെത്തിയ അവസരത്തിൽ ആ ശവകുടീരം സന്ദർശിച്ച കാര്യവും പന്ത്രണ്ടു ശ്ലീഹന്മാരിലൊരാൾ നിത്യവിശ്രമം കൊള്ളുന്ന സ്ഥലത്തേക്ക് നിത്യനഗരത്തിൽ നിന്നെത്തിയ ഒരു തീർത്ഥകനാണു താനെന്നു പ്രസ്താവിച്ച കാര്യവും ഓർമ്മപ്പെടുത്തുകയുണ്ടായി. ആ മൃതമണ്ഡപത്തിനരികെ മഹാപ്രേഷിതനായ വി. ഫ്രാൻസിസ് സേവ്യർ മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചതും, ജപ്പാനിലേക്കുള്ള യാത്രയ്ക്കുമുമ്പ് ശ്ലീഹായുടെ അനുഗ്രഹങ്ങൾക്കുവേണ്ടി വിശുദ്ധൻ അവിടെ വച്ച് അപേക്ഷിച്ചതും മോൺ. മത്തിയാസ് കർദ്ദിനാൾ തിരുമേനിയെ അനുസ്മരിപ്പിക്കുകയുണ്ടായി. അപേക്ഷയിലെ മറെറാരിടത്ത് നിക്കോളോ ഡി കോന്തി എന്ന ഇൻഡ്യൻ വ്യാപാരി വിശുദ്ധൻെറ ശവകുടീരം സന്ദർശിച്ച അവസരത്തിൽ (1430–1435A. D.) പറഞ്ഞ വാക്കുകൾ രേഖപ്പെടുത്തിയിരുന്നു. അദ്ദേഹം പറയുകയുണ്ടായി, വിശുദ്ധ തോമസിൻെറ മൃതദേഹം അടക്കിയിരുന്നത് വിശാലമായ ഒരു "ബസിലീക്കായിലാണ്" എന്ന്.[1]

അപേക്ഷ കാര്യകാരണസഹിതം സമർപ്പിക്കപ്പെട്ട ന്യായമായ ഒരു അഭ്യർത്ഥനയായി റോം സ്വീകരിക്കുകയും മോൺ. മത്തിയാസിൻെറ അപേക്ഷ അനുവദിക്കുകയും ചെയ്തു. പരിശുദ്ധ പന്ത്രണ്ടാം പീയൂസ് പാപ്പാ 1956 മാർച്ച് 16–ാംനു പുറപ്പെടുവിച്ച 'ക്രിസ്തിറേഞ്ഞോ' എന്ന കല്പനപ്രകാരം പ്രത്യേകാവകാശങ്ങളോടെ, സെൻറ് തോമസ് കത്തീഡ്രൽ ഒരു ബസിലിക്കാ (മൈനർ) ആയി പ്രഖ്യാപനം ചെയ്തു.

വിളംബരം ഡിസംബർ 23–ാം തീയതി മൈലാപ്പൂരിൽ വെളിപ്പെടുത്തപ്പെട്ടു.

പഴയ പ്രധാന അൾത്താരയ്ക്കു പകരം പുതിയൊരു മാർബിൾ അൾത്താര സ്ഥാപിക്കുകയും 1957 മാർച്ച് 25–ാംനു അത് വെഞ്ചരിയ്ക്കപ്പെടുകയും ചെയ്തു.

---

1. പള്ളിയുടെ വലിപ്പം കണ്ടിട്ടായിരിക്കണം നിക്കോളാസ് അങ്ങിനെ അഭിപ്രായപ്പെട്ടത്. നേരത്തെ ആരെങ്കിലും ആ പദം ഉപയോഗിച്ചിരുന്നതായി നമുക്ക് രേഖകൾ ഒന്നുമില്ല.

അദ്ധ്യായം 12

# നല്ല ഇടയൻ

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചപ്രകാരം പലപല സംഭവങ്ങൾക്കും പരിണാമപ്രക്രിയകൾക്കും സാക്ഷ്യം വഹിച്ചു വേരുറച്ചുവളർന്ന ഒരു സഭയുടെ പ്രാദേശിക കേന്ദ്രത്തിലേക്കായിരുന്നു ആർച്ചുബിഷപ്പെന്ന സ്ഥാനമേല്ക്കുവാൻ മോൺസിഞ്ഞോർ മത്തിയാസ് ആഗതനായതു്.

തിരുവചനങ്ങൾ വിതയ്ക്കുവാൻ ആസ്സാമിൽ അദ്ദേഹത്തിനു കന്നിമണ്ണായിരുന്നു ഉണ്ടായിരുന്നതു്. ഇവിടെ എല്ലാം വ്യത്യസ്തമായിരുന്നു. നൂററാണ്ടുകൾ പഴക്കമുള്ള ഒരു പള്ളിയായിരുന്നു മദ്രാസിലേതു്. അതിൻെറ ഇനിയുള്ള കാര്യങ്ങൾ പുതിയ ആർച്ചുബിഷപ്പിൻെറ ചുമതലയിലാണു്. ജോലി ഒരു വഴികാട്ടിയെന്ന നിലയിലും അജഗണങ്ങളുടെ ഇടയനെന്ന നിലയിലും, വിദൂരവീക്ഷണമുള്ള ഒരു ഭരണാധികാരിയെന്ന നിലയിലും പൊതു പ്രവത്തകൻ എന്ന നിലയിലും സഭയുടെയും ദൈവത്തിൻെറയും അവകാശാധികാരങ്ങളുടെ സംരക്ഷകൻ എന്ന നിലയിലും ബഹുമുഖമായിരുന്നു.

അതിരൂപതാഭരണത്തിനുവേണ്ട വ്യക്തികളെ തിരഞ്ഞുപിടിക്കുകയായിരുന്നു പ്രഥമവും പ്രധാനവുമായ കത്തവ്യമായി തിരുമേനി കരുതിയതു്. മററുവിധത്തിൽ പറഞ്ഞാൽ ദൈവവിളി വദ്ധിപ്പിച്ചു് പുരോഹിതവൃത്തിയിലേക്കു് വിശ്വാസികളെ ആകർഷിക്കേണ്ടിയിരുന്നു. അദ്ദേഹം ഗൗരവമായി ഇക്കാര്യം ചിന്തിച്ചിരുന്നു എന്നതിനു തെളിവാണു്, സ്ഥാനാരോഹണ ചടങ്ങിൽവച്ചു നടത്തിയ കന്നിപ്രസംഗം. ദൈവവിളിയുടെയും വൈദികവിദ്യാത്ഥികൾക്കുവേണ്ടി ഒരു സെമിനാരിയുടേയും ആവശ്യകതയെപ്പററി അദ്ദേഹം അന്നേ പറയുകയുണ്ടായി. ആ സമയത്തു് ദൈവവിളി ഉണ്ടായിരുന്ന വൈദികാത്ഥികളെ പരിശീലിപ്പിച്ചിരുന്നതു് നെല്ലൂരിലായിരുന്നു.

തിരുമേനി എഴുതുന്നു:

"ഒരു രൂപതയിൽ ഒരു സെമിനാരിപോലും ഇല്ലാതെ വരുന്നതു് ഗൗരവാവഹമായ ഒരു ഉപേക്ഷയാണെന്നു് എനിക്കു തോന്നുന്നു. ദൈവവിളിക്കായി പ്രവത്തിക്കാതിരുന്നു എന്ന

നിലയിൽ അതൊരു തെററുമാണ്. ഞാനാതെററുചെയ്യാൻ തീർച്ചയായും ആഗ്രഹിച്ചില്ല. അതുകൊണ്ട്, കഴിയുന്നത്ര ശക്ത മായ ഭാഷയിൽ, അന്ന് കത്തീഡ്രലിൽ തിങ്ങിനിന്ന ജന ത്തോട് ഞാനക്കാര്യത്തെപ്പററി പറഞ്ഞു. ഞാൻ ഇങ്ങനെ പറഞ്ഞു: ഞാൻ വന്നിരിക്കുന്നതു് നിങ്ങളെ, കുട്ടികളെ കൊണ്ടു പോയി കർത്താവിൻെറ കാർമ്മികരാക്കിത്തീർക്കുവാനാണ് നിങ്ങളുടെ ഇടയിലേക്കു വന്ന എനിക്കു നല്കാൻ നിങ്ങൾക്കു കഴിയുന്ന ഏററവും സുന്ദരമായ സമ്മാനം അതായിരിക്കും''.

പുതിയ മെത്രാപ്പോലീത്താ മദ്രാസിൽ എത്തിയ കാലത്തു് മദ്രാസിനു് പതിനഞ്ചു് ഇടവക വൈദികരും ഇരുപത്തിയെട്ട് വിവിധസഭകളിൽപ്പെട്ട മററു പുരോഹിതന്മാരും നൂററി എൺ പത്തിയാറു സന്യാസിനികളും മാത്രമാണുണ്ടായിരുന്നതു്.

1935 സെപ്റ്റംബർ 19-ാംനു-പുറപ്പെടുവിച്ച ആദ്യത്തെ ഇട യലേഖനത്തിൽ അദ്ദേഹം പരാമർശിച്ച കാര്യങ്ങളിൽ പ്രധാന പ്പെട്ടതു് ദൈവവിളിയുടെ പ്രശ്നമായിരുന്നു.

ഞാൻ മുമ്പു് ജോലി ചെയ്തിരുന്ന വടക്കേ ഇൻഡ്യയിലും ഇവിടെ തെക്കേ ഇൻഡ്യയിലും, ഞാൻ പോയിടത്തൊക്കെയും എനിക്കു നേരിടേണ്ട ചോദ്യങ്ങളിൽ മുഖ്യമായ ഒന്നു് ഇതായി രുന്നു: 'തിരുമേനീ ഞങ്ങൾക്കൊരു വൈദികനെ അയച്ചുതരാൻ കഴിയുമോ? 'എല്ലാ ദിശകളിൽനിന്നും ഉയരുന്ന ചോദ്യമാ ണിതു്. നിഷേധാർത്ഥത്തിൽ മറുപടി പറയേണ്ടിവന്ന എൻെറ സങ്കടത്തെപ്പററി നിങ്ങൾ മനസ്സിലാക്കിയിരുന്നെ ങ്കിൽ എന്നു ഞാനാശിക്കുന്നു. 'നോക്കട്ടെ', എന്ന മറുപടി നൽകുന്ന എനിക്കു ആ വാഗ്ദാനം എങ്ങിനെ പൂർത്തീകരിക്കു വാൻ കഴിയുമെന്നു ദൈവത്തിനേ അറിയാവൂ. വാസ്തവത്തിൽ തങ്ങളുടെ കുട്ടികൾക്കുള്ള ദൈവവിളിയെപ്പററിയും സ്വന്തം നാട്ടിൽതന്നെ അവർക്കു കർത്താവിൻെറ കാർമ്മികരായി ജോ ലി നോക്കാനുള്ള അവസരത്തെപ്പററിയും യാതൊരു ബോധവു മില്ലാത്ത ഇടവകകളും ഗ്രാമങ്ങളും നമ്മുടെ ഇടയിൽ ഉണ്ട്. നാമവരെ അറിയിക്കട്ടെ, അവർ തങ്ങളുടെ സന്താനങ്ങളെ ദൈ വത്തിനു നൽകുന്നുവെങ്കിൽ ആ സന്താനങ്ങൾ ഇഹത്തിലും പരത്തിലും അവരുടെ അഭിമാന പാത്രങ്ങളായിരിക്കും എന്നു്. എൻെറ പ്രിയപ്പെട്ട അജഗണങ്ങളെ, നിങ്ങൾക്കറിയാം, മദ്രാ സിൻെറതായിരുന്ന ഏക സെമിനാരി ഇപ്പോൾ നെല്ലൂർ അതി ർത്തിയ്ക്കുള്ളിലാണെന്നു്. നമ്മുടെ ആവശ്യത്തിനു് നമുക്കിവി ടെതന്നെ ഒരു സെമിനാരി വേണം. അതുകൊണ്ടാണു് ഒരു സെമിനാരിക്കെട്ടിടം പണിയുവാനും പിന്നെ നല്ല വൈദിക വിദ്യാർത്ഥികളെകൊണ്ടു് ആ കെട്ടിടം നിറയ്ക്കുവാനും ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നതു്.

എല്ലായ്പോഴും സഹായഹസ്തം നീട്ടിക്കൊടുത്തിരുന്ന ദൈവത്തിന്റെ കരുണ ആ വിശ്വസ്ത പ്രേഷിതന്റെ യാചന കേൾക്കാൻ ഒരിക്കലും കാലതാമസം വരുത്തിയിരുന്നില്ല. പിറേറക്കൊല്ലം മോൺസിഞ്ഞോർ മത്തിയാസ്സ് സെമിനാരി പണിതുയർത്തുവാൻ പററിയ സ്ഥലം പരിശോധിക്കുകയായി. അന്നത്തെ മൈലാപ്പൂർ ഇടവകയുടെ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേററർ ആയിരുന്ന മോൺ. ഫ്രാങ്കോ ആണ് ഒരു പററിയ പ്രദേശം മത്തിയാസിനു കാണിച്ചു കൊടുത്തതു്. മദ്രാസിൽനിന്നു് 20 കി. മീ. അകലെ പൂനമല്ലി എന്ന സ്ഥലത്തു് വിശാലമായ ഗ്രൗണ്ടുകളോടെ ഒരു വലിയ കെട്ടിടം മൈലാപ്പൂർ ഇടവക വിലയ്ക്കുവാങ്ങിയിരുന്നു. നേരത്തെ അതു ബ്രിട്ടീഷുകാരുടെ ഒരു സൈനികാശുപത്രിയായിരുന്നു. സെമിനാരിക്കുവേണ്ടി വേണമെങ്കിൽ വാങ്ങിയ വിലയ്ക്കുതന്നെ അതു മദ്രാസ്സ് അതിരൂപതക്കു നൽകാമെന്നു് മോൺ. ഫ്രാങ്കോ അറിയിച്ചു. അപ്രതീക്ഷിതവും എന്നാൽ ഉദാരതമവുമായിരുന്നു അതു്. മോൺസിഞ്ഞോർ മത്തിയാസ്സ് ആ ഓഫർ സ്വീകരിക്കുകയും 1936 മാർച്ചിൽ കച്ചവടം നടക്കുകയും ചെയ്തു. അക്കൊല്ലം സെപ്റ്റംബർ എട്ടാം തീയതി, അററകുററങ്ങൾ തീർത്തു മനോഹരമാക്കിയ ആ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നടന്നു. അതു് മാതാവിന്റെ പിറവിത്തിരുനാൾ ദിവസമായിരുന്നു.

നേരത്തെ മദ്രാസിലെ കൊണ്ടിച്ചെട്ടി തെരുവിൽ ഒരു കെട്ടിടത്തിൽ താമസിക്കയായിരുന്ന സെമിനാരി അംഗങ്ങൾ താമസിയാതെ പൂനമല്ലിയിലേക്കു മാറി. അവർ അന്നു് ഇരുപത്തിനാലു പേരേ ഉണ്ടായിരുന്നുള്ളു. എങ്കിലും മെത്രാപ്പോലീത്താതിരുമേനി അവരെ അഭിസംബോധന ചെയ്തതു് ശ്ലീഹന്മാരെ കർത്താവു വിളിച്ച അതേ വാക്കുകൾകൊണ്ടാണു്. ''എന്റെ ചെറിയ സംഘമേ, നിങ്ങൾ യാതൊന്നിനേയും ഭയപ്പെടേണ്ട.'' കർത്താവിന്റെ അനുഗ്രഹത്താൽ ആ ചെറിയ സംഘം വർഷംതോറും വളർന്നുകൊണ്ടിരുന്നു. ഇന്നവിടെ നൂററമ്പതോളംപേർ പഠിക്കുന്നുണ്ടു്.

## അപ്പസ്തോലിക്ക് സ്കൂൾ

പുരോഹിതവൃത്തിക്കുവേണ്ടി ദൈവവിളിയുള്ളവരെ കണ്ടുപിടിക്കുവാനും ദൈവവിളി വദ്ധിപ്പിക്കുവാനുമായി ഒരു അപ്പസ്തോലിക് സ്കൂൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മോൺ. മത്തിയാസ് പിന്നീട് മനസ്സിലാക്കി. വിദ്യാഭ്യാസസൗകര്യങ്ങൾ കുറഞ്ഞ ഗ്രാമങ്ങളിൽ അത്തരം സ്കൂളുകൾ സ്ഥാപിതമായാൽ കർത്താവിന്റെ ചൈതന്യത്തിൽ ചെറുപ്പത്തിലേതന്നെ ദൈവവിളിയുള്ളവരെ വളർത്തിക്കൊണ്ടുവരാൻ സാധിക്കുകയും പിന്നീടവരെ സെമിനാരിയിൽ പ്രവേശിപ്പിക്കാൻ കഴിയു

കയും ചെയ്യുമല്ലോ. അവർ പഠിക്കുന്നതു മററു കുട്ടികളോടൊപ്പമാണെങ്കിലും ജീവിതചര്യകളുടെ മേൽനോട്ടം പുരോഹിതർക്കായിരിക്കും. അത്തരമൊരു സ്കൂൾ ആരംഭിച്ച സമയം മുതൽതന്നെ സെമിനാരിയിലേക്കു പ്രവേശനംതേടുന്ന ദൈവവിളിയുള്ള കുട്ടികളുടെ എണ്ണം വദ്ധിക്കുവാൻ തുടങ്ങി. അതുമൂലം, രൂപതയ്ക്കാവശ്യമുള്ള വൈദികർ ഓരോ കൊല്ലവും പുറത്തുവന്നുകൊണ്ടിരുന്നു.

## കത്തോലിക്കാ പ്രവത്തനം

സഭാ പ്രവത്തനങ്ങളിൽ അത്മായർക്കുള്ള പങ്കിനെപ്പററി തികച്ചും ബോധവാനായിരുന്നു പുതിയ മെത്രാപ്പോലീത്താ. സ്ഥാനമേററ ദിവസം മുതൽ തന്നെ, വൈദികരും വിശ്വാസികളും തമ്മിൽ ഗാഢമായ ബന്ധം വളത്തിക്കൊണ്ടു വരുവാനും പ്രായോഗിക കത്തോലിക്കാ പ്രവത്തനങ്ങളിൽ സഹകരണമുണ്ടാക്കുവാനും അദ്ദേഹം ശ്രമിച്ചു. വിശ്വാസത്തിൻെറ കുറച്ചുകൂടി വർണ്ണോജ്ജ്വലമായ ഒരു മുഖം തൻെറ ഇടവകയിൽ പ്രത്യക്ഷപ്പെടണമെന്ന് അദ്ദേഹം പ്രസംഗങ്ങളിലൂടെയും ഇടയലേഖനങ്ങളിൽക്കൂടിയും ജനങ്ങളെ ഉൽബോധിപ്പിക്കുകയുണ്ടായി. മതവിശ്വാസത്തിൻെറയും ക്രിസ്ത്യൻജീവിതമൂല്യങ്ങളുടേയും സുപ്രാധാന്യം കത്തോലിക്കരെ, പ്രത്യേകിച്ച് യുവാക്കളെ ഓർമ്മിപ്പിക്കുവാൻ അദ്ദേഹം കിട്ടിയ അവസരങ്ങളെല്ലാം ഉപയോഗിച്ചു.

അഭ്യസ്ഥവിദ്യരായ കത്തോലിക്കരുടെ ഇടയിൽ കത്തോലിക്കാ പ്രവത്തനങ്ങളെപ്പററി മതിപ്പും അറിവും വദ്ധിപ്പിക്കുവാനായി അദ്ദേഹം ഒരു പ്രത്യേക പരിപാടിതന്നെ ആസൂത്രണം ചെയ്തു. കത്തോലിക്കാപ്രവത്തനങ്ങളെ ഏകോപിപ്പിക്കുവാനായി അദ്ദേഹം ഒരു ചെറിയ മാസിക ആരംഭിച്ചു. മുമ്മൂന്നു മാസത്തിലൊരിക്കൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ആ പ്രസിദ്ധീകരണം പൊതുജനങ്ങളുടെ സഹകരണക്കുറവുമൂലം നിന്നുപോവുകയാണുണ്ടായതു്. വളരെ വിജ്ഞാനപ്രദവും, പൂർണ്ണവുമായ ഒരു കൃതി കത്തോലിക്കാ പ്രവത്തനത്തെപ്പററിയും അതിൻെറ പ്രായോഗികതയെപ്പററിയും മെത്രാപ്പോലീത്താ തയാറാക്കുകയുണ്ടായി. കത്തോലിക്കാ പ്രവത്തനത്തിൻെറ ഡയറക്ടർ എന്ന നിലയിൽ അദ്ദേഹം തയാറാക്കിയ റിപ്പോർട്ടുകൾ ഇൻഡ്യയിലെ ബിഷപ്സ് കോൺഫറൻസുകളിൽ 1954വരെ അവതരിപ്പിക്കപ്പെട്ടിരുന്നു. ആ റിപ്പോർട്ടുകളിൽ ശ്രദ്ധാർഹവും വിലയേറിയതുമായ പല പരമാർത്ഥങ്ങളും അദ്ദേഹം പറഞ്ഞു. വിശ്വാസത്തിൻെറയും പരസ്നേഹത്തിൻെറയും ശക്തമായൊരുപാധി എന്ന നിലയിൽ കത്തോലിക്കാ മൂവ്മെൻറിനെ എങ്ങിനെ കൊണ്ടുപോകാൻ സാധിക്കുമെന്ന് അദ്ദേഹത്തിൻെറ റിപ്പോർട്ടുകൾ വെളിപ്പെടുത്തി.

ഇൻഡ്യൻ ഹയരാർക്കിക്കു് പന്ത്രണ്ടാംപീയൂസ്പാപ്പാ 1948 ജനുവരി 13–ാംനു- ഒരു ചാക്രികലേഖനം അയയ്ക്കുകയുണ്ടായി. മോൺസിഞ്ഞോർ മത്തിയാസിൻെറ ഉത്സാഹംകൊണ്ടും അദ്ദേഹം അഭ്യർത്ഥിച്ചതുകൊണ്ടും പുറപ്പെട്ടുവന്ന ആ തിരുവെഴുത്തിൽ മാർപ്പാപ്പ ഇങ്ങനെ എഴുതി.

"..ആകയാൽ, പ്രേഷിതചൈതന്യത്താലും പുത്രനിർവിശേഷമായ സ്നേഹംകൊണ്ടും നാഷണൽഡയറക്ടർ എന്ന നിലയിൽ മദ്രാസ് മെത്രാപ്പോലീത്താ അയച്ച ആ കത്തു് നാം പ്രത്യേക താല്പര്യത്തോടെ വായിക്കുകയുണ്ടായി. ആ കത്തിലെ അദ്ദേഹത്തിൻെറ അഭ്യർത്ഥന നാം സ്വീകരിക്കുന്നു. കത്തോലിക്കാപ്രവർത്തനമെന്ന വിഷയത്തെക്കുറിച്ചു് നിങ്ങളോടു സംസാരിക്കുവാനും നിങ്ങളുടെ സന്തോഷത്തിൽ പങ്കുകൊള്ളുവാനും നമുക്കതിയായ സന്തോഷമുണ്ടു്. നിങ്ങളുടെ പ്രിയപ്പെട്ട ജന്മനാട്ടു് ചരിത്രത്തിലെ ഒരു വഴിത്തിരിവിൽ എത്തിനില്ക്കുകയാണല്ലോ. ഒരു പുതിയ യുഗം ആരംഭിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തിൻെറയും സത്യത്തിൻേറയും ദീപശിഖ നിങ്ങളുടെ പ്രിയപ്പെട്ട ജനങ്ങളുടെ ഹൃദയങ്ങളെ ഊഷ്മളമാക്കുന്നു. ഈ നവസ്വാതന്ത്ര്യത്തിൻെറ കെടാത്ത ചൈതന്യം നിങ്ങളുടെ രാജ്യത്തിൻെറ ഭാവി കരുപ്പിടിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു. നിങ്ങളുടെ ചരിത്രത്തിലെ ഈ അസുലഭമുഹൂർത്തത്തിൽ, ദേശീയപ്രാധാന്യമുള്ള പലേ പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതായിട്ടുള്ളപ്പോഠം നിങ്ങളുടെ കീഴിലുള്ള വിശ്വാസികളുടെ ഗണം നിങ്ങളുടെ രാഷ്ട്രത്തിൻെറ ഭാസുരമായ ഭാവിക്കുവേണ്ടി തങ്ങളുടെ പങ്കു നൽകുമെന്നു ഞാൻ ആശിക്കുന്നു. കത്തോലിക്കർ എന്ന നിലയിൽ തങ്ങഠംക്കു കിട്ടിയിട്ടുള്ളതും വളർത്തിക്കൊണ്ടുവരുന്നതുമായ ആ ത്യാഗോജ്ജ്വലത, സഹോദരന്മാക്കൊപ്പം രക്തം കൊടുക്കേണ്ടിവന്നാലും അവ കൈവെടിയാതിരിക്കട്ടെ.

പരിശുദ്ധ പിതാവിൽനിന്നുണ്ടായ വികാരനിർഭരമായ ആ അഭ്യർത്ഥനയിൽനിന്നു പ്രചോദനമുഠംക്കൊണ്ടുകൊണ്ടു് കത്തോലിക്കാപ്രവത്തനത്തിൻെറ എല്ലാ ശാഖകളും പുനസംഘടിപ്പിക്കുവാൻ മോൺ. മത്തിയാസ് തീരുമാനിച്ചു. പ്രേഷിതപ്രവത്തനത്തിൻെറ ഈ പ്രത്യേക മേഖലയിൽ ആസ്സാമിലായിരുന്നപ്പോഠം അദ്ദേഹത്തിനു കൈവയ്ക്കേണ്ടിവന്നിരുന്നില്ല. പക്ഷെ കത്തോലിക്കാസമുദായം നാനാവിധത്തിലും ശക്തമായിരുന്ന മദ്രാസിൽ ഇത്തരം പ്രവത്തനങ്ങഠം അഭിലഷണീയം മാത്രമല്ല, അത്യാവശ്യവും ആയിരുന്നു. സംഗതിയുടെ എല്ലാ വശങ്ങളെപ്പററിയും സ്വയം പഠിക്കുവാനാണു് ആദ്യമായി അദ്ദേഹം ശ്രമിച്ചതു്. കത്തോലിക്കാപ്രവത്തനങ്ങളെപ്പററി എഴുതപ്പെട്ടിട്ടുള്ളവയെല്ലാം, പ്രത്യേകിച്ചു് ബൽജിയം, ഫ്രാൻ

സ് തുടങ്ങിയ രാജ്യങ്ങളിലെ കത്തോലിക്കാപ്രവത്തനങ്ങളെപ്പററി, അദ്ദേഹം വായിച്ചു. കത്തോലിക്കാമൂവ്മെൻറിൽ വിദഗ്ദ്ധരായ പുരോഹിതന്മാരുമായി അദ്ദേഹം സമ്പക്കത്തിലേർപ്പെടുകയും വിശദമായ റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തു. അവസാനമായി അദ്ദേഹം, ചെറുപ്പക്കാരുടെ പ്രേഷിതനെന്ന നിലയിൽ ഭുവനപ്രസിദ്ധനായ മോൺ. കാർഡ്ജിനുമായി എഴുത്തുകുത്തിലേർപ്പെട്ടു. മോൺ. കാർഡ്ജിൻ പിന്നീട് കർദ്ദിനാൾ സ്ഥാനത്തേയ്ക്കുയത്തപ്പെടുകയുണ്ടായി.

അങ്ങിനെയങ്ങിനെ രൂപതയിൽ പടിപടിയായി താഴെപ്പറയുന്ന സംഘടനകൾ രൂപംകൊണ്ടു.

വൈ. സി. ഡബ്ല്യിയു (യങ്ങ് ക്രിസ്ത്യൻ വർക്കേഴ്സ്); സി. ഡബ്ല്യിയു.എ (കാത്തലിക് വക്കേഴ്സ് അസോസിയേഷൻ); സി. എസ്. യു (കാത്തലിക്ക് സ്റ്റുഡൻസ് യൂണിയൻ). ഇതിൻെറ പ്രവത്തനങ്ങളോടൊപ്പംതന്നെ, ഭക്തസംഘടനകളായ ലീജിയൻ ഓഫ് മേരി, വിൻസെൻറ്ഡിപോൾ സഖ്യം, തുടങ്ങിയവയുടെ പ്രവർത്തനങ്ങളിലും തിരുമേനി പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്നു. തന്നെയുമല്ല, മേല്പറഞ്ഞ എല്ലാവിധ കത്തോലിക്കാസംഘടനകളെയും ഏകോപിപ്പിക്കുവാനുള്ള മാഗ്ഗത്തെക്കുറിച്ച് അദ്ദേഹം വസ്തുനിഷ്ഠമായി ചിന്തിച്ചിരുന്നു.

## ദിവ്യകാരുണ്യകോൺഗ്രസ്

പുതിയ മെത്രാപ്പോലീത്തായ്ക്കും അദ്ദേഹത്തിൻെറ അജഗണങ്ങൾക്കും അനുഗ്രഹധാരനേടുവാൻ സഹായിച്ച പല സംഭവങ്ങളിലൊന്നു് പുതിയ തിരുമേനിയുടെ സ്ഥാനാരോഹണത്തിനുശേഷം 1937-ൽ മദ്രാസിൽ വച്ചുനടന്ന ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സായിരുന്നു. കോൺഗ്രസ്സിൻെറ പ്രസിഡണ്ട് എന്ന നിലയിൽ കാര്യപരിപാടികളുടെ നിശ്ചയങ്ങളിൽ മോൺ. മത്തിയാസ് നിർണ്ണായകമായ ഒരു പങ്കു വഹിക്കുകയുണ്ടായി. ഏററവും ചെറിയ കാര്യങ്ങളിൽപോലും വളരെയധികം സൂക്ഷ്മത പ്രകടിപ്പിച്ചു തയാറാക്കിയ അദ്ദേഹത്തിൻെറ കാര്യപരിപാടികളനുസരിച്ച് നടന്ന ആ സമ്മേളനം മദ്രാസിൻെറ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവം തന്നെയായിരുന്നു.

## ജാതിവ്യത്യാസത്തിനെതിരേ

ആത്മീയ ഗുരുക്കന്മാക്ക് ഇൻഡ്യയിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളിൽ ഏററവും വൃത്തികെട്ടതും മനുഷ്യത്വത്തിനു നിര

ക്കാത്തതുമായ ഒന്നു്, ജാതിവ്യത്യാസം. കത്തോലിക്കർപോലും ഇതിൽനിന്നു മുക്തരല്ല. സാമൂഹ്യമായ ഈ അനീതിക്കെതിരെ സർവ്വശക്തിയോടുംകൂടെ പോരാടാൻ ആർച്ചുബിഷപ്പു മത്തിയാസു് തീരുമാനിച്ചു.

ഇതിനെപ്പററി ഫാദർ മൊങ്കോർ അദ്ദേഹത്തിൻെറ സ്മരണകളിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു.

തൻെറ ആദ്യത്തെ ഇടവകസന്ദർശനംകഴിഞ്ഞുതന്നെ, പള്ളികളിൽപോലും കണ്ടുവന്നിരുന്ന വേർതിരിവിൻേറതായ ആ അക്രൈസ്തവ നടപടിയെപ്പററി തുറന്നു പറയുവാൻ മോൺ. മത്തിയാസു് മടിച്ചില്ല. ഒരു ദിവസം ഒരു ഇടവക വൈദികൻ തിരുമേനിയോടു തൻെറ പള്ളിയിൽ നിലനിന്നുപോരുന്ന ഒരു കീഴ്വഴക്കത്തെപ്പററി പറയുകയുണ്ടായി. അതായതു് അവിടെ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കുമ്പോൾ ആദ്യം വൈദികൻ സമുദായത്തിലെ മേലേക്കിടക്കാരുടെ വരിയിലും പിന്നെ മാത്രം താഴ്ന്നവരുടെ വരിയിലും ചെല്ലേണ്ടിയിരുന്നു. പാവങ്ങൾ, അസ്പർശ്യർ, അവർക്കു് ക്രിസ്തുവിനെ സ്വീകരിക്കണമെങ്കിൽ വലിയവരുടെ ഊഴം കഴിയണമത്രേ! വളരെയധികം പേരുണ്ടായിരുന്നതുകൊണ്ടു് പള്ളിയുടെ നടുക്കുതന്നെ അവർ സ്ഥലം പിടിച്ചിരുന്നു. പണക്കാർ പാർശ്വങ്ങളിലും. തിരുമേനി പറയുന്നു:

“കുർബാന കൊടുക്കുന്ന സമയംവന്നപ്പോൾ ഈ കൂദാശ വേർതിരിച്ചു നല്കുവാൻ എനിക്കു മനസ്സുവന്നില്ല—ഞാൻ പഴയതുപോലെ ഇടതുവശത്തെ അഴികൾക്കുമുന്നിൽ മുട്ടുകുത്തിനിന്നവർക്കു മുതൽ കുർബാന നൽകിത്തുടങ്ങി—പക്ഷെ അതിനുശേഷം ഞാൻ നടുവിലേയ്ക്കിറങ്ങി—അവർക്കും കുർബാന കൊടുത്തിട്ടു് വലതുവശത്തു ചെന്നു—പിന്നെ വീണ്ടും ഇടതുഭാഗത്തു ചെന്നു് പഴയതുപോലെ ആക്കെന്നെ വ്യത്യാസമില്ലാതെ കുർബാന നൽകി—എൻെറ രീതിയിൽ ചിലർ എതിർപ്പും അമർഷവും പ്രകടിപ്പിക്കുന്നതു ഞാൻ കണ്ടുവെങ്കിലും ഞാനതു കണ്ടില്ലെന്നു നടിച്ചു—ഏതായാലും കുർബാന തീർന്നു, പ്രത്യേകിച്ചൊന്നും സംഭവിക്കാത്ത മട്ടിൽ. പക്ഷെ കുർബാന കഴിഞ്ഞു പണക്കാരെന്നു പറയപ്പെടുന്ന ആ വിഭാഗത്തിൻെറ ചില പ്രതിനിധികൾ ഇടവക അച്ചൻെറ അടുത്തേക്കു പാഞ്ഞു ചെന്നു. അച്ചൻ സകല പാരമ്പര്യങ്ങളേയും കീഴ്വഴക്കങ്ങളേയും ലംഘിച്ചിരിക്കുന്നുപോലും. പാവം അച്ചൻ വല്ലാതെ വിഷമിച്ചു. ഒരുതരം പരിഹാസസ്വരത്തിൽ അച്ചൻ ഒടുവിൽ മറുപടി പറഞ്ഞുവെങ്കിലും രംഗം ശാന്തമാക്കുവാൻ ഞാൻ ശ്രമിച്ചു. അച്ചൻ പറഞ്ഞു. ‘നിങ്ങൾക്കെന്തോണു വേണ്ടതു്? പുതിയ മെത്രാപ്പോലീത്താ വരുന്നതു് ആസ്സാമിൽനിന്നാണു്. അവിടെന്താ പാ

വങ്ങളൊന്നും ഇല്ലായിരിക്കും! ഓ, നിങ്ങളെങ്ങനെ അറിയാനാണു്! ഏതായാലും അതു കേട്ടു് അവർ മടങ്ങിപ്പോയതാണു് അതിശയം! ഏതായാലും അച്ചൻ അന്നുമുതൽ മെത്രാപ്പോലീത്താ ചെയ്തതുപോലെ ദിവ്യകാരുണ്യം നൽകിത്തുടങ്ങി. ആരും ഒരക്ഷരം പറയുവാൻ ധൈര്യപ്പെട്ടില്ല.

''ഇൻഡ്യയിലേക്കുള്ള എൻെറ യാത്രാവേളയിൽ ഞാൻ കണ്ട ഒരു സംഭവം ഓക്കുന്നു. പിന്നോക്കജാതികളോടു് തിരുമേനി എത്ര ഹൃദയപൂർവ്വം എന്നാൽ ലളിതമായി ഇടപെടുന്നു എന്നു ഞാൻ ആ സംഭവംമൂലം മനസ്സിലാക്കി. ജലാർപ്പേട്ടയ്ക്കടുത്ത വെല്ലൂർ രൂപതയിൽ, ഒരു മിഷനറി കേന്ദ്രം ഞാൻ സന്ദശിക്കുകയായിരുന്നു; എൻെറ ഒപ്പം ഫ്രാൻസിൽനിന്നു വന്ന ഫാദർ ഗേസുവും ഉണ്ടായിരുന്നു. അദ്ദേഹമെന്നെ ഒരു ചെറിയ തോട്ടത്തിലേക്കു കൊണ്ടുപോയി. അവിടെ ദരിദ്രമായ ഒരു വീടുണ്ടായിരുന്നു. ആ വീട്ടിലായിരുന്നു, ഗ്രാമീണസ്കൂറം നടത്തിക്കൊണ്ടിരുന്ന കന്യാസ്ത്രീകരം താമസിച്ചിരുന്നതു്. ഞങ്ങളുടെ കാലടിസ്വരം കേട്ടു് രണ്ടു ഭാരതീയ സഹോദരികരം ഇറങ്ങിവന്നു. അവരുടെ വസതിയെ സംബന്ധിച്ചിടത്തോളം സന്തോഷകരമായി ഒരു കാര്യമേ ഉണ്ടായിരുന്നുള്ളു. മോൺസിഞ്ഞോർ മത്തിയാസിൻെറ ഒരു വർണ്ണചിത്രം ഭിത്തിയിൽ തൂക്കിയിട്ടിരുന്നു; അതു മാത്രം! ഞാൻ ചോദിച്ചു, ഇതെങ്ങിനെ ഇവിടെ വന്നു? എന്താ ഈ ചിത്രത്തിനുമാത്രം ബഹുമാനം നല്കി ഇവിടെ സ്ഥാപിച്ചിരിക്കുന്നതു്? അദ്ദേഹം ഞങ്ങളുടെ പിതാവായിരുന്നു. ഞങ്ങളുടെ ഏററവും വലിയ അഭ്യുദയകാംക്ഷിയും അദ്ദേഹമായിരുന്നു. അവർ മറുപടി പറഞ്ഞു. ഞാൻ അദ്ദേഹത്തിൻെറ ഒരു സുഹൃത്താണെന്നും അദ്ദേഹത്തിൻെറ ഓമ്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ എനിക്കു സാധിക്കുമെങ്കിൽ എനിക്കതു വളരെ സന്തോഷപ്രദമായിരിക്കുമെന്നും ഞാൻ അവരെ അറിയിച്ചു. അവർ പറഞ്ഞു: തോട്ടത്തിൽ വെള്ളം നനയ്ക്കാൻ ഒരു ഹോസ്പൈപ്പിനുവേണ്ടി കഴിഞ്ഞ രണ്ടുകൊല്ലമായി ഞങ്ങരം ശ്രമിക്കുന്നു. ഒരെണ്ണം കിട്ടാൻ താങ്കരം സഹായിക്കുമെങ്കിൽ വലിയ ഉപകാരമായിരിക്കും. ഞാനൊരു ചെക്കയച്ചുതരാമെന്നു പറഞ്ഞപ്പോരം അവരുടെ മുഖം സന്തോഷപ്രദമായി. ഞങ്ങരം മടങ്ങിപ്പോന്നപ്പോരം ഞാൻ ഫാദർ ഗേസുവിനോടു് ചോദിച്ചു, ഈ കന്യാസ്ത്രീകരം ഏതു സഭാവിഭാഗത്തിൽ പെട്ടവരാണെന്നു്. പാവപ്പെട്ടവരുടെ കുട്ടികളെ നോക്കാൻവേണ്ടി അധഃകൃതകത്തോലിക്കരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരു കൂട്ടം കന്യകകളാണു് അവരെന്നു് അച്ചൻ പറഞ്ഞു. അവരുടെ മദർഹൗസു് മദ്രാസിലായിരുന്നു. ഒരുതരം ഉപേക്ഷിക്കപ്പെട്ട നിലയിലാണു് അവരുടെ ജീവിതമെന്നും മിക്കവാറും പട്ടിണിയും കഷ്ടപ്പാടുകളുമാണു് അവരുടെ സഹചാരികളെന്നും മോൺ. മത്തിയാസു് ഗ്രഹിച്ചു. അദ്ദേ

ഹം അവരെ ഒരു പ്രത്യേകമായ വിധത്തിലാണു സഹായിച്ചതു്. അദ്ദേഹത്തിൻെറ ആ സഹായംമൂലം ആ സഭയ്ക്കു് ഇപ്പോരം ഇരുനൂറോളം അംഗങ്ങളുണ്ടു്. അവർ ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

"മദ്രാസിൽ മടങ്ങി എത്തിയ ഉടനെ തന്നെ ഞാൻ അവരുടെ മദർ ജനറാളിനെ സന്ദർശിക്കുകയുണ്ടായി. മദർഹൗസ് ഒരു പുതിയ കെട്ടിടമായിരുന്നു: അതു് മോൺ. മത്തിയാസിൻെറ നാമകാരനായ വിശുദ്ധ ലൂയിസ് പുണ്യവാൻെറ പേരിലുള്ളതുമായിരുന്നു. ആ സഭയുടെ ഉത്ഭവത്തിൻെറയും മെത്രാപ്പോലീത്തായോടുള്ള പ്രത്യേക സ്നേഹാദരവുകളുടേയും പ്രകടമായ തെളിവായിരുന്നു അതു്.

## പാവങ്ങളുടെ നേരെ നീട്ടിയ കൈകൾ

മോൺ. മത്തിയാസിൻെറ രൂപതാഭരണത്തിൻെറ മുഖമുദ്രകളിലൊന്നു് ദരിദ്രരുടെ നേരെ അദ്ദേഹം കാണിച്ചിരുന്ന ദീനാനുകമ്പയായിരുന്നു. പലതരത്തിലുമുള്ള സാമൂഹ്യക്ഷേമ പരിപാടികരം അദ്ദേഹം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തി. പാവങ്ങരംക്കു വീടു വച്ചുകൊടുക്കുക, മാതൃകാഗ്രാമങ്ങരം നിർമ്മിക്കുക, സാമൂഹ്യശാലകരം (അവയിൽ അമ്മമാക്കു കൈത്തൊഴിലിനെപ്പററിയും കുട്ടികളെ വളർത്തേണ്ട വിധങ്ങളെപ്പററിയും ക്ലാസ്സുകരം നൽകപ്പെട്ടിരുന്നു) തുറക്കുക ഇവ അദ്ദേഹത്തിൻെറ പദ്ധതികളിൽ പെടുന്നു. മദ്രാസ്നഗരത്തിൻെറ മൂന്നിലൊന്നും ചേരിപ്രദേശങ്ങളിലാണു താമസിക്കുന്നതെന്ന സത്യം അദ്ദേഹം മനസ്സിലാക്കി; അതു് ഒരു വെല്ലുവിളിയായി അദ്ദേഹം കണക്കിലെടുത്തു. സാമൂഹ്യപ്രവത്തകർക്കു മാത്രമല്ല ആത്മീയനേതാക്കരംക്കും ഇക്കാര്യത്തിൽ പ്രവത്തിക്കാനാവുമെന്നു് അദ്ദേഹം കാണിച്ചുകൊടുത്തു. യുദ്ധാനന്തരകാലത്തു് നഗരങ്ങളിലേക്കിരച്ചുകയറിയ ഗ്രാമവാസികരം അവിടെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഉണ്ടാക്കിവച്ചു. കൂണുകരം പോലെ ചേരികരം പൊങ്ങിവന്നു, നഗരത്തിലെ വൃത്തിഹീനമായ ഇടങ്ങളിൽ.

ജനങ്ങളുടെ ആരോഗ്യം മാത്രമല്ല, സദാചാരബോധവും കുടുംബജീവിതവുംതന്നെ അത്തരം അന്തരീക്ഷത്തിൽ അപകടത്തിലായിത്തീൻ. കോർപ്പറേഷൻ നടപ്പാക്കിയിരുന്ന വിവിധങ്ങളായ പദ്ധതികളെപ്പററി മോൺ. മത്തിയാസ് പഠിക്കുകയുണ്ടായി. സിററി ഇംപ്രൂവ്മെൻറു് ട്രസ്റ്റ് തുടങ്ങിയ പരിപാടികരംവഴി വീടില്ലാത്തവക്കു വീടു നൽകുവാൻ അധികൃതർ ശ്രമിക്കുകയായിരുന്നു. മോൺസിഞ്ഞോറിൻെറ പ്രേരണയിലും ഉത്സാഹത്തിലും, നഗരത്തിലെ ഭവനദാരിദ്ര്യത്തെ

പ്പററി സെമിനാറുകൾ സംഘടിപ്പിക്കപ്പെടുകയും പൊതുജന ങ്ങൾക്ക പ്രശ്നത്തെപ്പററി ഒരേകദേശരൂപമെങ്കിലും നൽകുവാൻ അതു് സഹായകമാവുകയും ചെയ്തു. ഭവനനിർമ്മാണപ്രവർത്തന ത്തിനു നേതൃത്വം വഹിക്കുവാനും അങ്ങിനെ അനാരോഗ്യകര മായ ചുററുപാടുകളിൽനിന്നു കഴിയുന്നത്ര പേരെ രക്ഷിക്കു വാനും അദ്ദേഹം ശ്രമിക്കുകയുണ്ടായി. ലോകം മുഴുവനുമുള്ള പരശതം അഭ്യുദയകാംക്ഷികളുടെ ഉദാരമായ സംഭാവനകൾ കൊണ്ടു് മൈലാപ്പൂരിലെ കപിൽ തോപ്പിൽ അദ്ദേഹം ഒരു ഭവ നശൃംഗലയുടെ പണിയാരംഭിച്ചു.

## കപിൽ തോപ്പ്

അതു് ഒരു യഥാർത്ഥ ചേരിപ്രദേശമായിരുന്നു. പലേതര ത്തിലും പരുവത്തിലും പെട്ട കുടിലുകളുടെ ഒരു കേന്ദ്രം. വെള്ളം വാർന്നുപോകുവാനോ മലമൂത്രവിസർജ്ജനാദികൾക്കോ ഒരു സൗ കര്യവും ഇല്ലാതിരുന്ന ഒരു ഓണംകേറാമൂല. മഴപെയ്തുതുടങ്ങി യാൽ കുടിലുകൾ മിക്കതും വെള്ളത്തിനടിയിലാകും

പുതുക്കിപ്പണിയുവാനും പുനരധിവാസത്തിനുമായി ഈ ചേരിയാണു ആർച്ചുബിഷപ്പു് തിരഞ്ഞെടുത്തതു്. കുടിലുകൾ പൊളിച്ചു മാററി തൽസ്ഥാനത്തു് ടെറസ്സുകളോടുകൂടിയ വീടു കൾ പണുതുയർത്തി, ആധുനികരീതിയിൽ സാനിട്ടറി സൗക ര്യങ്ങൾ പുതിയ കെട്ടിടത്തിലുണ്ടായിരുന്നു. കുരകൾക്കുള്ളിൽ നിന്നു് മുപ്പത്തിനാലു കുടുംബങ്ങൾ പുതിയ കെട്ടിടത്തിലേക്കു പറിച്ചു നടപ്പെട്ടു. ആ ഭാഗ്യം അവക്കു സ്വപ്നം കാണാൻപോലും കഴിയാത്തതായിരുന്നു. അവർ വാടകയായി കൊടുക്കേണ്ടി യിരുന്നതു് മാസത്തിൽ വെറും രണ്ടു രൂപാ മാത്രം!

ഇരുപതോളം വീടുകൾക്കൂടി നഗരത്തിലെ ഏററവും തിര ക്കുള്ള ഒരു ചേരിപ്രദേശത്തു പണിതീൎന്നു. വാഷർമാൻ പേട്ടു് എന്ന സ്ഥലത്തെ ആ കോളനി പാക്കു് ക്രിസ്റ്റി കോളനി എന്ന പേരിൽ അറിയപ്പെടുന്നു. കപിൽതോപ്പിലെ അതേ മാതൃക യിൽ നിർമ്മിച്ച ഈ കോളനിയിലും ഒരു സാമൂഹ്യപ്രവർത്തന കേന്ദ്രവും വിശ്രമത്തിനും പഠനത്തിനുമുള്ള സൗകര്യങ്ങളും ഉണ്ടാ യിരുന്നു.

ഇതുപോലൊന്നു് കുത്തവക്കം ഫാമിലും നിർമ്മിക്കപ്പെട്ടു. ഫാമിനോടനുബന്ധിച്ചു് ഒരു മാതൃകാഗ്രാമമായിത്തീരണമെന്ന ആശയോടെയാണു് കുത്തവക്കം കോളനി പണിതതു്. മുപ്പ ത്തിനാലു കുടുംബങ്ങൾ ഇപ്പോഴവിടെയുണ്ടു്. ഇരുപത്തെ ട്ടോളം വീടുകൾ പരുത്തിപ്പെട്ടു് എന്ന ഗ്രാമത്തിലും നിർമ്മി ക്കുകയുണ്ടായി. പൂനമല്ലിയിൽ വേറെയും കുറെ. മൊത്തം



സലേഷ്യൻ സഭയിലെ സുപ്പീരിയർ ജനറൽ കൗൺസിൽ അംഗങ്ങളോട്
ആർച്ച്ബിഷപ്പ് മത്തിയാസ് തിരുമേനി സംസാരിക്കുന്നു.

താഴെ: ആർച്ച്ബിഷപ്പ് മത്തിയാസ് പ്രഗത്ഭനായ ഒരു വാഗ്മികൂടിയായിരുന്നു.
ഇന്ത്യയിലെ സഭയ്ക്കെതിരെ പ്രവത്തിച്ച ശത്രുക്കളെ തിരുമേനി ശക്തമായി എതിർക്കുകതന്നെ ചെയ്തു





വെല്ലൂരിലെ ഡോൺ ബോസ്കോ ബോയ്സ് ഹോമിലെ പാവപ്പെട്ട കുട്ടികളുമൊത്ത് മത്തിയാസ് തിരുമേനി. താഴെ: മദ്രാസ് വിമാനത്താവളത്തിലെത്തിയ കാർഡിനൽ സ്പെൽമാനെ ആർച്ചുബിഷപ്പ് മത്തിയാസ് മാലയിട്ടു സ്വീകരിക്കുന്നു.



നൂററിഇരുപത്തഞ്ചോളം കുടുംബങ്ങഠം അങ്ങനെ കുടിലുക ളിൽനിന്നു മോചിതരായിത്തീൎന്നു.

കൊള്ളാവുന്ന കുറെ വീടുകഠം നിൎമ്മിച്ചതുകൊണ്ടുമാത്രം ഞങ്ങഠം തൃപ്തരായില്ല. ആഴ്ചയിൽ രണ്ടു പ്രാവശ്യമെങ്കിലും ഈ വീടുകഠം സന്ദർശിച്ച് കുട്ടികളെ വളൎത്തേണ്ട രീതികളെ പ്പററി അമ്മമാരെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുവാൻ ഞങ്ങഠം കന്യാസ്ത്രികളോട് അഭ്യൎത്ഥിച്ചു. ഈ പുതിയ പദ്ധ തികളിലൊന്നായ കുത്തവക്കത്തെ സെൻറ് ജോസഫ്സ് ഗ്രാമത്തിൽ 34 കുടുംബങ്ങളുണ്ടായിരുന്നു. അവിടെ ഞാനൊ രു വിശ്രമസങ്കേതം നിർമ്മിക്കുകയുണ്ടായി. പകൽ പാടത്തു പണിയാൻപോകുന്ന അമ്മമാരുടെ കുട്ടികളെ അവിടെ ഏല്പി ച്ചാൽ സന്ധ്യവരെ അവരെ ശുശ്രൂഷിച്ചു സൂക്ഷിക്കുവാൻ ആ സ്ഥാപനത്തിൽ സൗകര്യമുണ്ടായിരുന്നു.

'ആഴ്ചയിലൊരിക്കൽ ഞങ്ങളുടെ ഡോക്ടർമാർ ഈ പുതിയ ക്വാർട്ടേഴ്സ് സന്ദർശിക്കുകയും രോഗികഠംക്ക്, പ്രത്യേകി ച്ച് കുട്ടികഠംക്കു വേണ്ട പരിചരണങ്ങഠം നിൎദ്ദേശിക്കുകയും ചെയ്തുപോരുന്നു. മഹത്തായ ഈ സാമൂഹ്യപ്രവൎത്തനങ്ങളെ ഗവണ്മെൻറധികാരികഠം നന്ദിപൂൎവ്വം അഭിനന്ദിച്ചുപോരുന്നു ണ്ട്. എല്ലാററിനും ഉപരിയായി, അതു് കത്തോലിക്കാ സഭയ്ക്ക് ജനസാമാന്യത്തിൻെറ ഇടയിൽ വളരെയേറെ ബഹു മാന്യത നേടിക്കൊടുക്കയും ചെയ്തു.

ദാരിദ്ര്യത്തിനും അജ്ഞതയ്ക്കും എതിരെയുള്ള ഈ യുദ്ധ ത്തിൽ മോൺ. മത്തിയാസ് താൻ വിശുദ്ധ ഡോൺബോ സ്കോയുടെ ആത്മീയപുത്രനാണെന്ന് തെളിയിച്ചുകൊടുത്തു: വിശുദ്ധൻെറ ജീവിതംതന്നെ പാവങ്ങഠംക്കും അശരണക്കും വേണ്ടി ഉഴിഞ്ഞുവയ്ക്കപ്പെട്ടതായിരുന്നുവല്ലോ.

## രൂപതാസൂനഹദോസ്

കാനൻ നിയമങ്ങളനുസരിച്ചു തയാറാക്കപ്പെട്ട പരിപാടി കളോടെ രൂപതയിലെ സൂനഹദോസ് വിളിച്ചുകൂട്ടുന്നതു് രൂപ തയ്ക്കുതന്നെ അനുഗ്രഹദായകവും, വൈദികവൃന്ദത്തിനു വിശ്വാ സികളുടെ ഇടയിൽ പ്രവൎത്തിക്കുന്നതിനുള്ള കാലോചിതമായ രീതികഠം സ്വായത്തമാക്കാനുള്ള അവസരങ്ങളും ആയിരിക്കു മെന്നു് മത്തിയാസ് തിരുമേനി കരുതി.

ആദ്യത്തെ മദ്രാസ് ആർച്ചുബിഷപ്പായിരുന്ന ഡോ. ജോ സഫ് കോഠംഗ്ൻ നഗരത്തിൽവച്ച് 1889–ലും 1893–ലും രണ്ടു
6. രൂപതാസൂനഹദോസുകഠം വിളിച്ചുകൂട്ടിയിരുന്നു. പക്ഷേ അവ

തിരുസഭാനിയമങ്ങളനുസരിച്ചുള്ള സിനഡുകൾ എന്നതിനെക്കാൾ വെറും വൈദികരുടെ കോൺഫറൻസുകളായിത്തീരുകയാണുണ്ടായത്.

അങ്ങിനെ, സ്ഥാനമേററെടുത്ത് കുറെ വർഷങ്ങൾക്കുശേഷം, വളരെ ഗൗരവതരമായ വിധത്തിലുള്ള തയാറെടുപ്പുകളോടെ, 1942-ൽ ആർച്ചുബിഷപ്പ് മത്തിയാസ് രൂപതാ സൂനഹദോസ് വിളിച്ചുകൂട്ടി. 1942 ഒക്ടോബർ 27-ാം നു- ആയിരുന്നു അത്. ഉൽഘാടനപ്രസംഗത്തിൽ മെത്രാപ്പോലീത്താ പ്രസ്തുത സമ്മേളനത്തിൻെറ ഉദ്ദേശലക്ഷ്യമായി പറഞ്ഞത്, ആത്മീയഭരണഭാരം വഹിക്കുന്ന വൈദികസമൂഹത്തിനു് ഒരു പുതിയ ഉണർവും ഗ്രൈഹികമായ പ്രബുദ്ധതയും കൂടുതൽ ലഭിക്കുന്നതിനു സമ്മേളനം സഹായിക്കും, എന്നാണ്.

പല കമ്മീഷനുകളുടേയും മൂന്നു മാസത്തെ വിശദമായ പഠനങ്ങൾക്കും ചർച്ചകൾക്കും, മെത്രാപ്പോലീത്താ തിരുമേനിയുടെ രണ്ടുകൊല്ലത്തെ അശ്രാന്തപരിശ്രമത്തിനുശേഷം വിളിച്ചുകൂട്ടപ്പെട്ട ആ സൂനഹദോസ് മൂന്നു മുഴുവൻ ദിവസങ്ങൾ നീണ്ടുനിന്നു. സമ്മേളനത്തിൻെറ ഒടുവിൽ 1082-ഓളം വിഭാഗങ്ങളുള്ള ഒരു നിയമാവലി വായിച്ചു പാസ്സാക്കുകയും മെത്രാപ്പോലീത്താതിരുമേനി അത് 1942-ലെ പിറവിത്തിരുനാളിൽ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത നിയമങ്ങൾ പുതുവർഷാരംഭംമുതൽ പ്രാബല്യത്തിൽവന്നു. പന്ത്രണ്ടാം പീയൂസ്പാപ്പാതൻെറ സ്റ്റേററ് സെക്രട്ടറിയായിരുന്ന കാർഡിനൽ മാഗ്ലിലോൺ മുഖാന്തിരം മോ. മത്തിയാസിനു് അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ പ്രസ്തുത നടപടിക്കു അഭിനന്ദനവും അംഗീകാരവും ആശീർവാദവും നൽകുകയുണ്ടായി.

പുതിയ മദ്രാസ്-മൈലാപ്പൂർ അതിരൂപത രൂപവൽക്കരിച്ച് ഒരുകൊല്ലത്തിനുശേഷം ഒരു സൂനഹദോസ് പുതിയ അതിരൂപതയിൽ വിളിച്ചുകൂട്ടുവാൻ മോൺ. തിരുമേനി തീരുമാനിച്ചു. 1953 നവംബർ 24 മുതൽ 26 വരെ മൂന്നു ദിവസം ഉണ്ടായിരുന്നു സമ്മേളനം. മെത്രാപ്പോലീത്ത ഉൽഘാടനാവസരത്തിലും സമാപന സമ്മേളനത്തിലും വൈദികരെ അഭിസംബോധന ചെയ്തുകൊണ്ടു സംസാരിക്കുകയുണ്ടായി. സ്വന്തം സഹായമെത്രാനായ റവ. മോൺ. ഫ്രാൻസിസ് കാർവലോയും വെല്ലൂരിലെ പ്രഥമ മെത്രാനായ മരിയ സെൽവം തിരുമേനിയും മത്തിയാസ് തിരുമേനിക്കു സഹായികളായി വർത്തിച്ചു. വെല്ലൂർ മെത്രാൻ ഒരു സന്ദർശകനെന്ന നിലയിലാണ് സമ്മേളനത്തിൽ സംബന്ധിച്ചിരുന്നത്. ഇടവകഭരണക്കാരും അല്ലാത്തവരുമായ എൺപതു പുരോഹിതന്മാർ സിനഡിൽ പങ്കെടുക്കുകയുണ്ടായി. സിനഡിൻെറ നിശ്ചയങ്ങളും തീരുമാനങ്ങളുമടങ്ങുന്ന രേഖകളുടെ 512 പേജുകളുള്ള ബൃഹ

ത്തായ ഒരു വാല്യം പിററെക്കൊല്ലം മാർച്ച് 25–ാംനു- മെത്രാപ്പോലീത്താ പ്രസിദ്ധീകരിച്ചു. പ്രസ്തുത രേഖകളിൽ ലത്തീനിലുള്ള 1082 നിയമങ്ങരം ഉണ്ടായിരുന്നു. ആരാധനക്രമം, സന്മാർഗ്ഗം, സഭാനിയമം, അച്ചടക്കം, ഇടവകഭരണം ആദിയായവയെ സ്പർശിക്കുന്നതായിരുന്നു പ്രസ്തുത നിയമങ്ങരം. 29 അപ്പൻഡിക്സിലായി, പ്രസ്തുത നിയമങ്ങരം അനുസരിക്കേണ്ട മാർഗ്ഗങ്ങളെപ്പററി വിശദമായ നിർദ്ദേശങ്ങളും നൽകപ്പെട്ടിരുന്നു.

## ഇടയലേഖനങ്ങൾ

ഒരു മെത്രാൻെറ പ്രാഥമികമായ ചുമതല തൻെറ ജനങ്ങളെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുക എന്നതാണ്. ഉപദേശങ്ങളും പ്രസംഗങ്ങളും വിളംബരങ്ങളും, ചില പ്രത്യേക സന്ദർഭങ്ങളിൽ ഇടയലേഖനങ്ങളും വഴിയാണ് അദ്ദേഹം തൻെറ ജോലിചെയ്യുക. ചുമതലാബോധത്തിൽ അദ്വിതീയനായ ആർച്ചുബിഷപ്പ് മത്തിയാസ് തിരുമേനി തൻെറ മുപ്പതുകൊല്ലത്തെ ഭരണകാലത്ത് വർഷത്തിലൊരിക്കൽ ഒരു ഇടയലേഖനമെങ്കിലും പുറപ്പെടുവിച്ചു പോന്നിരുന്നു. 1935 ജൂലൈ 20–ാം തീയതിയാണല്ലോ അദ്ദേഹം മദ്രാസ് ആർച്ചുബിഷപ്പായി സ്ഥാനമേററത്. കഷ്ടിച്ച് രണ്ടു മാസം കഴിഞ്ഞു് അദ്ദേഹം തൻെറ ആദ്യത്തെ ഇടയലേഖനം പുറപ്പെടുവിച്ചു. അതിൽ അദ്ദേഹം മിഷനറിമാരുടെ ഉദാത്തവും അഭിനന്ദനീയവുമായ പ്രേഷിതചൈതന്യത്തെ പുകഴ്ത്തുകയും, ജോലി ചെയ്യുന്നതു് ദൈവത്തിനു മഹത്വം ചാർത്തുകയാണെന്നു് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു. മാനസാന്തരങ്ങരംക്കുവേണ്ടി പ്രാർത്ഥനയുടെ ഒരു കുരിശുയുദ്ധത്തിനു് അദ്ദേഹം ആഹ്വാനം നൽകി. കൂടുതൽ ആത്മാവുകളെ ദൈവത്തിനുവേണ്ടി നേടിക്കൊടുക്കുവാൻ കൂടുതൽ ദൈവവിളികരം ഉണ്ടാകണമെന്നദ്ദേഹം പറയുകയുണ്ടായി.

യുക്തിസഹജമായ ചിന്തകരംകൊണ്ടും അഗാധമായ ആത്മീയതകൊണ്ടും അലംകൃതമായിരുന്നു അദ്ദേഹത്തിൻെറ ഇടയലേഖനങ്ങരം. അദ്ദേഹം പരാമർശിച്ചിരുന്ന വിഷയങ്ങളിൽ ചിലതൊക്കെ ഇവിടെ പറയാം. അതിരൂപതയ്ക്കു് ഒരു തിയോളജിക്കൽ സെമിനാരി, 1937–ലെ ദിവ്യകാരുണ്യ സമ്മേളനം, വി. ജപമാലയോടുള്ള ഭക്തി, വിശ്വസ്തരായ ഇടവക വൈദികരുടെ ചുമതലകരം, ദൈവരാജ്യം വർദ്ധിപ്പിക്കുന്നതിനു് വിശ്വാസിസ്റ്റു് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങരം, പൗരോഹിത്യത്തിൻെറ അന്തസത്ത, ക്രിസ്തീയാന്തരീക്ഷത്തിൽ കുട്ടികളുടെ വിദ്യാഭ്യാസവും സ്വഭാവരൂപവൽക്കരണവും, വിവാഹമെന്ന കൂദാശ, കുമ്പസാരം, ദിവ്യകാരുണ്യം, കുർബാന എന്ന ബലി, സെൻറ് തോമസിൻെറ ഇൻഡ്യ കട

ന്നപോന്ന ശതാബ്ദങ്ങരം, ഫ്രാൻസിസ് സേവ്യറിൻെറ മരണം (1952), സെൻറ് തോമസ് കത്തീഡ്രൽ ബസിലിക്കാ ആയി ഉയർത്തപ്പെട്ടതു്, അതിരൂപതയുടെ കാവലായി പരി. മറിയത്തെ പ്രതിഷ്ഠിച്ചതു്, സാമൂഹ്യപ്രവത്തനവും സാമൂഹ്യപരിഷ്ക്കാരങ്ങളും.

ഇതു് ഒരു പൂർണ്ണമായ ലിസ്റ്റല്ല, പക്ഷെ അദ്ദേഹത്തിൻെറ വിഷയങ്ങളുടെ വൈപുല്യം മനസ്സിലാക്കുവാൻ ഇതു ധാരാളം മതിയല്ലൊ.

## വേദപാഠനം

സ്കൂളുകളിൽ നടത്തിവന്നിരുന്ന വേദോപദേശക്ലാസുകളുടെ മേൽനോട്ടം ഒരു രൂപതാ ഇൻസ്പെക്ടർക്കു് ആയിരുന്നു. ക്രിസ്തീയ മതതത്വങ്ങളിൽ വാർഷികപരീക്ഷകരം നടത്തുന്നതും അദ്ദേഹത്തിൻെറ ചുമതലയായിരുന്നു.

ഈ വിഷയത്തെപ്പററി വിശദമായ നിർദ്ദേശങ്ങളടങ്ങുന്ന ഒരു ചെറുപുസ്തകം ആർച്ചുബിഷപ്പ് മത്തിയാസ് പുറപ്പെടുവിക്കുകയുണ്ടായി.

## ഉപദേശക്കുറിപ്പുകൾ

ഉപദേശങ്ങരം, ധ്യാനപ്രസംഗങ്ങരം എന്നിവയ്ക്കുവേണ്ടി തയാറാക്കപ്പെട്ട അനേകം കുറിപ്പുകളടങ്ങിയ നോട്ടുബുക്കുകരം മോൺ. മത്തിയാസിൻെറ മരണശേഷം കണ്ടെടുക്കപ്പെടുകയുണ്ടായി. സ്വന്തം കയ്യക്ഷരത്തിലെഴുതപ്പെട്ട ആ രേഖകരം, ദിവ്യവചനങ്ങരം വ്യാഖ്യാനിച്ചു പ്രസംഗിക്കുമ്പോരം അദ്ദേഹം പ്രകടിപ്പിച്ചിരുന്ന സൂക്ഷ്മതയ്ക്കു നിതാന്ത ദർശനങ്ങളാണു്. ധ്യാനപ്രസംഗങ്ങരംക്കും സാധാരണമായ വിഷയങ്ങരംക്കും പുറമെ, അദ്ദേഹം, "സാധാരണ പ്രവൃത്തികരം എങ്ങിനെ പരിപൂർണ്ണമായി ചെയ്തു തീർക്കണം", "ഒരു ഉപദേശകൻ പൂർണ്ണനായിരിക്കുക", "ആടുകരംക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതു് ഒരു ഇടയൻെറ ചുമതല", "വായനയുടെയും പഠനത്തിൻെറയും ആവശ്യം" തുടങ്ങിയ വിഷയങ്ങളും കൈകാര്യം ചെയ്തിരുന്നു.

## പത്രാധിപർ

മോൺസിഞ്ഞോർ മത്തിയാസിൻെറ ജീവിതത്തെപ്പററി പഠിക്കുന്ന ഏതൊരാളും, സഭയുടെ ഉൽകർഷത്തിനുവേണ്ടി യുക്തമെന്നു തോന്നുന്ന കാര്യങ്ങളിലും പ്രയത്നങ്ങളിലും ഇടപെടുമ്പോരം അതു ചെയ്തുതീർക്കുവാൻ അദ്ദേഹം കാണിച്ച നിഷ്കർഷയിൽ വിസ്മയഭരിതനായിപ്പോയി. സ്ഥാനമേറെറടുത്തു്

പിററക്കൊല്ലം അദ്ദേഹമൊരു മേജർ സെമിനാരിയുടെ പണി യിൽ തിരക്കപ്പെട്ടിരിക്കുകയായിരുന്നു. അപ്പോഴാണു് ദേശീയദിവ്യകാരുണ്യസമ്മേളനം മദ്രാസിൽ. അതിനൊപ്പംതന്നെ രൂപതാവൈദികരുടെ ആദ്യത്തെ സിനഡു്! ഈ കൃത്യാന്തര ബാഹുല്യത്തിലും 'ദി ക്ലെർജി മന്ത്‌ലി' (വൈദികക്കുവേണ്ടിയുള്ള മാസിക)–1938–ൽ സ്വന്തം പത്രാധിപത്യത്തിൽ ആരംഭിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തി. വാസ്തവത്തിൽ വളരെയേറെ ശ്രദ്ധ ആവശ്യമായ ഒരു ജോലിയായിരുന്നു അതു്. അന്നത്തെ അപ്പസ്തോലിക് ഡെലഗേററായിരുന്ന മോൺ. ലിയോ കീർക്കെൽസ് മാസികയുടെ പ്രഥമലക്കത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി. വൈദികക്കുവേണ്ടി അഖിലേന്ത്യാനിലവാരത്തിൽ ഇത്തരം ഒരു ഇംഗ്ലീഷ്മാസിക വളരെ ആവശ്യമാണു്. വിശ്വാസപ്രദമായ വിവരങ്ങൾക്കും, പഠനങ്ങൾക്കും ആനുകാലിക വാർത്തകൾക്ക വൈദികക്കും ഈ മാസികയെ ആശ്രയിക്കാവുന്നതാണു്.

വിഷയങ്ങളിലൊന്നു് ഉപദേശങ്ങൾ ആയിരുന്നു. മററു വിഭാഗങ്ങളിൽ, മതസാന്മാർഗ്ഗിക പ്രബോധനങ്ങൾ ഉൾപ്പെട്ടിരുന്നു. ഒടുവിലായി ചോദ്യോത്തരങ്ങളും അന്വേഷണങ്ങളും– ഇതായിരുന്നു മാസിക.

ഭാരമേറിയ മററു ജോലികൾ ഉണ്ടായിരുന്നിട്ടുകൂടിയും രണ്ടുകൊല്ലത്തിലേറെക്കാലം വൈദികരുടെ ഈ മാസിക നടത്തിക്കൊണ്ടുപോകുവാൻ തിരുമേനിക്ക സാധിച്ചു. അതിനുശേഷം 1940 മധ്യത്തിൽ കർസിയോങ്ങിലെ സെൻറ് മേരീസ് കോളജിലെ തിയോളജി വിഭാഗത്തിനു പ്രസ്തുത മാസികയുടെ പ്രകാശനം അതിൻെറ സ്ഥാപകൻ കൈമാറുകയാണുണ്ടായതു്.

## രൂപതസഹകാരികൾ

വിവാഹമോ കന്യാവ്രതമോ തിരഞ്ഞെടുക്കേണ്ടതെന്നു തീരുമാനിക്കുവാൻ കുടുംബബന്ധങ്ങൾമൂലം വിഷമിച്ചിരുന്ന സ്ത്രീകൾ അധ്യാപികമാരായി ഒട്ടുവളരെ സ്കൂളുകളിൽ ഉണ്ടായിരുന്നു. അവരുടെ ദയനീയസ്ഥിതി മെത്രാപ്പോലീത്താതിരുമേനിയുടെ ശ്രദ്ധയിൽപെട്ടു. അവരിൽ മിക്കവരും വളരെ ഭക്തിപൂർണ്ണമായ ജീവിതം നയിച്ചിരുന്നവരും ഏതെങ്കിലും സന്യാസിനീസഭയിൽ ചേരാൻ ഒരുക്കമുള്ളവരും ആയിരുന്നു. പക്ഷെ അവക്കു് അവരുടെ വൃദ്ധരായ മാതാപിതാക്കളേയും സഹോദരങ്ങളേയും നിരാലംബരാക്കി ഉപേക്ഷിക്കുവാൻ സാധ്യമായിരുന്നില്ല. അവക്കു് വിവാഹവും സാദ്ധ്യമായിരുന്നില്ല. അത്തരം ഘട്ടങ്ങളിൽ ഒററയ്ക്കൊററയ്ക്കു് ആപത്തിൽ പെട്ടുപോകുന്ന അവരുടെ നില പരിതാപകരമായി തോന്നി, തിരുമേനിക്കു്.

അത്തരം സ്ത്രീകളെ എങ്ങിനെയെങ്കിലും ഒന്നിച്ചുകൂട്ടി അവരുടെ ജീവിതങ്ങരം അത്ഥപൂണ്ണമാക്കിത്തീക്കവാനായുള്ള ആത്മീയോപദേശങ്ങരം നൽകണമെന്നു് മത്തിയാസ് മെത്രാപ്പോലീത്താ തിരുമേനി ആഗ്രഹിച്ചു. അവക്കും സഭയ്ക്കും അവരുടെ ജീവിതങ്ങരം ആവശ്യമാണെന്നു് അവരെ ബോധ്യപ്പെടുത്തേണ്ടിയിരുന്നു തിരുമേനിക്കു്. സഭയിലൊന്നും ചേരാതെ തന്നെ അവിവാഹിതരായി കഴിഞ്ഞുകൊണ്ടു് അർപ്പിതമനോഭാവത്തോടെ ഒരു ജീവിതം അവക്കു് സാധ്യമാണെന്നദ്ദേഹം പറഞ്ഞു. വ്യക്തികൾ, അത്തരം ഘട്ടങ്ങളിൽ ചില നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുകൊണ്ടു് രൂപതയിലെ ബിഷപ്പ് നിയോഗിക്കുന്ന ഒരു വൈദികൻെറ നിർദ്ദേശാനുസരണം തികച്ചും ആത്മീയമായൊരു ജീവിതം നയിക്കാൻ കഴിയും എന്നദ്ദേഹം അവരെ അറിയിച്ചു. അവക്കതിനു് ആഗ്രഹവും നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ, രഹസ്യമായി അവക്കു കന്യകാവ്രതവാഗ്ദാനം ചെയ്യാമെന്നും അതു് ഓരോ കൊല്ലക്കാലത്തേക്കോ മറേറാ ഉള്ള ഒരു കാലയളവിലേക്കു മാത്രമാകാമെന്നും അദ്ദേഹം തീരുമാനിച്ചു. ആ വാഗ്ദാനം പുതുക്കിക്കൊണ്ടിരുന്നാൽ മതിയാകും. രൂപതയിലെ ആധ്യാത്മികപ്രവത്തനങ്ങരംക്കു് അവരെ നിയോഗിക്കാൻ ബിഷപ്പിനു സാധിക്കും. അങ്ങിനെ അവക്കു് മെത്രാൻെറ മാഗ്ഗദശ്നത്തിലും നിർദ്ദേശത്തിലും ജീവിക്കാൻ സാധ്യമാകും.

ഈ സംഘം സെക്കലർ ഇൻസ്റ്റിട്യൂട്ട് ഓഫ് ഡയോസിസൻ കോ ഓപറേറേഴ്സ് എന്നാണു വിളിക്കപ്പെടുക. കാനോൻനിയമങ്ങളനുസരിച്ച് ഈ സംഘത്തിനു് റോമിൻെറ അനുമതി കിട്ടുമെന്നു തിരുമേനി പ്രതീക്ഷിച്ചു. അനുമതിക്കു വേണ്ടിയുള്ള യജ്ഞങ്ങരം വാസ്തവത്തിൽ ആരംഭിച്ചതുമായിരുന്നു. പക്ഷെ ഇത്തരം സംരംഭങ്ങരംക്കു വത്തിക്കാൻെറ അനുവാദം ലഭിക്കുവാൻ കാലവിളംബം അനിവാര്യമായിരുന്നു. തിരുമേനിയുടെ അവസാനകാലത്താണു് ഈ പ്രയത്നങ്ങരംക്കു് എന്തെങ്കിലും ഫലം ഉണ്ടായതുതന്നെ.

## ആത്മീയശക്തി

മേൽപ്രസ്താവിച്ച പലതരത്തിലുള്ള പ്രയത്നങ്ങളെ ആദരിക്കുന്നതോടൊപ്പംതന്നെ സംഘടനകളിലും ജോലിയിലും മാത്രമല്ല അദ്ദേഹം ആശ്രയിച്ചിരുന്നതെന്ന സത്യംകൂടി നാം മനസ്സിലാക്കണം. ഒരു വൈദികൻെറ ജീവിതത്തിലെ അനുപേക്ഷണീയമായ ആ ഘടകങ്ങരം—പ്രാത്ഥനയും ബലിയും— അദ്ദേഹത്തിൻെറ എല്ലാ പ്രവത്തനങ്ങളുടേയും നെടുംതൂണുകളായിരുന്നു. പ്രാത്ഥനയും അനുതാപവും, അരംത്താരയിൽ ബലിയർപ്പിക്കപ്പെടുന്ന ക്രിസ്തുവുമായുള്ള ബന്ധവുംമൂലം ലഭ്യമാകുന്ന ആത്മീയ

മായ ആ ശക്തി ഇല്ലാതെ യാതൊന്നും സാധ്യമാവുകയില്ലെന്നു് അദ്ദേഹം അറിഞ്ഞിരുന്നു. തനിക്കും, താൻ ആക്കുവേണ്ടി ജോലിചെയ്യുന്നുവോ ആ ജനങ്ങൾക്കുംവേണ്ടി അദ്ദേഹം പ്രാത്ഥിച്ചു. ഒരു വൈദികൻെറ കടമകളുടെ സത്യമായ നിർവഹണത്തിൽ പരിശുദ്ധ കർബാനയെപ്പോലെ ശക്തമായൊരു മാൎഗ്ഗം മറെറാന്നുമില്ലെന്നു അദ്ദേഹത്തിനു തീൎച്ചയുണ്ടായിരുന്നു. അതുകൊണ്ടു് മിക്കവാറും ദിവസങ്ങളിൽ കർബാന ഇക്കാര്യങ്ങൾക്കായി സമർപ്പണം ചെയ്യുക പതിവാക്കി, അദ്ദേഹം.

കർബാനപ്പുസ്തകത്തിൽ കയ്യടയിൽ അദ്ദേഹമെഴുതിയ ഒരു കുറിപ്പു കാണുകയുണ്ടായി: "മിക്കവാറും ഞാൻ കർബാന സമർപ്പിക്കുന്നതു്, എൻെറ ജനത്തിനുവേണ്ടിയും മിഷനുവേണ്ടിയും മിഷനറിമാരുടേയും നമ്മുടെ നന്മയിച്ഛിക്കുന്നവരുടേയും മാതാപിതാക്കൾക്കുവേണ്ടിയും ആണു്." എന്നായിരുന്നു ആ വാചകം. തങ്ങളുടെ കുട്ടികളെ പ്രേഷിതപ്രവൃത്തിക്കുവേണ്ടി ദാനം ചെയ്ത നല്ലവരായ മാതാപിതാക്കളെ അദ്ദേഹം വിസ്മരിക്കാതിരുന്നതിൽ അത്ഭുതമില്ലതാനും.

അദ്ദേഹത്തിനു ചെയ്യാൻ കഴിഞ്ഞ വമ്പിച്ച കൃത്യങ്ങളെപ്പററി നാം വിസ്മയാധീനരാകുന്നു. പക്ഷെ അദ്ദേഹത്തിൻെറ വിജയം കുടികൊണ്ടിരുന്നതു് ഉദാരമനസ്സോടെ മററുള്ളവൎക്കു വേണ്ടി സമർപ്പിച്ച അദ്ദേഹത്തിൻെറ ദിവ്യബലികളല്ലായിരുന്നു എന്നാൎക്കു പറയാനാവും?

അദ്ധ്യായം 13

# സഭാവകാശങ്ങളുടെ സംരക്ഷകൻ

നാം കണ്ടു, മോൺ. മത്തിയാസ് ദൈവത്തിൻെറ സാമ്രാജ്യത്തിനുവേണ്ടി പടച്ചട്ടയണിഞ്ഞ ഒരു പോരാളിയാണെന്നു്. ദൈവത്തിൻെറയും സഭയുടെയും അവകാശാധികാരങ്ങൾക്ക ഇളക്കം തട്ടിയപ്പോൾ അവസരത്തിനൊത്തുയരാൻ അദ്ദേഹമുണ്ടായിരുന്നു അവിടെ. നാവുകൊണ്ടും പേനാകൊണ്ടും അദ്ദേഹം മറുപടി നല്കി. അത്തരം നിമിഷങ്ങളിൽ അദ്ദേഹത്തിൻെറ തൂലികയ്ക്കു് ഒരു സുവിശേഷകൻെറ പ്രബുദ്ധതയും ദൈവപുത്രൻെറ ശക്തിയും കൈവരുമായിരുന്നു. അങ്ങിനെയൊരിക്കൽ അദ്ദേഹത്തിൻെറ വാൾ മറെറാരു വാളുമായി കൂട്ടിമുട്ടി. എതിരാളി ആരായിരുന്നുവെന്നോ? സാക്ഷാൽ ഗാന്ധിജി! മോൺസിഞ്ഞോറിൻെറ സ്മരണകൾ ഇവിടെ ഉദ്ധരിക്കട്ടെ: മഹാദേശഭക്തനായ ഗാന്ധിയുടെ കയ്യൊപ്പോടുകൂടിയ ഒരു ലേഖനം 'ഹരിജൻ' എന്ന പേപ്പറിൽ ഞാൻ വായിക്കയുണ്ടായി. വിഷയം നമ്മുടെ പ്രേഷിതപ്രവർത്തനം! മഹത്തുക്കളും വമ്പിച്ച പണക്കാരുമായ ക്രിസ്ത്യൻമിഷനറിമാർ തങ്ങളുടെ പ്രവൎത്തനം വെറും സാമൂഹ്യവും ഭൂതാനുകമ്പാപരവുമായ പരിപാടികളിൽ ഒതുക്കിനിർത്തേണ്ടതാണെന്നു് എനിക്കു് ബോധ്യമേറിവരികയാണു്. അവർ അവരുടെ മതപരമായ പ്രചരണപരിപാടികൾ എല്ലാം ഉപേക്ഷിച്ചേ മതിയാവൂ. ഇതായിരുന്നു അദ്ദേഹത്തിൻെറ ആശയമെങ്കിലും, വെറും മനുഷ്യത്വപരമായ കാര്യങ്ങളിൽ തങ്ങളുടെ പ്രവൃത്തികൾ ഒതുക്കിനിർത്തിയില്ലെങ്കിൽ ക്രിസ്ത്യാനികളോടു്, സ്വാതന്ത്ര്യം ലഭ്യമാവുന്ന മുറയ്ക്കു് ഇൻഡ്യൻ മണ്ണിൽ നിന്നും ഇറങ്ങിപ്പോകുവാൻ അദ്ദേഹം ആവശ്യപ്പെടുമായിരുന്നു എന്നു വ്യക്തം. അദ്ദേഹത്തെപ്പോലുള്ള ഒരു വ്യക്തിയിൽ നിന്നുണ്ടായ ആ പ്രഖ്യാപനത്തിൻെറ പ്രാധാന്യം എനിക്കു ബോധ്യമുണ്ടായിരുന്നതുകൊണ്ടു് ഒരു പോപ്പുലർ ഡെയിലിയായ മെയിൽപത്രത്തിൻെറ പത്രാധിപക്കു് ഞാനൊരു കത്തയയ്ക്കുകയും എന്നെ ഇൻറർവ്യൂചെയ്യാൻ ഒരു ലേഖകനെ അയച്ചുതരണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. മെയിൽ ലേഖകനോടു് ഞാൻ ഇങ്ങിനെയൊക്കെ പറഞ്ഞുവെന്നാണെൻെറ ഓർമ്മ. 'ഗാന്ധിയുടെ ഒപ്പോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ട ആ ലേഖനം യുക്തിസഹമല്ലെന്നു എനിക്കു തോന്നുന്നു. അദ്ദേഹം ക്രിസ്ത്യാനികളെ സാമൂഹ്യവും ദീനദയാപരവുമായ പ്രവൎത്തനങ്ങൾ ചെയ്യുവാൻ അനുവദിക്കുന്നുവെങ്കിൽ അതിൻെറ അൎത്ഥം

ക്രിസ്ത്യൻസമുദായത്തിൻെറ നന്മയുടെ ഫലങ്ങരം അദ്ദേഹം ആസ്വദിക്കുന്നുവെന്നാണ്. മതത്തിൻെറ എല്ലാവിധത്തിലു മുള്ള പ്രചരണങ്ങളെയും നിരോധിക്കുന്നതുമൂലം അദ്ദേഹം വെട്ടി ക്കളയുന്നതു ഫലദായകമായ ആ മരംതന്നെയാണ്. എന്തു കൊണ്ടെന്നാൽ ക്രിസ്തീയവിശ്വാസസംഹിതയാണ്, സാ ക്ഷാൽ ക്രിസ്തുതന്നെയാണ് പ്രസ്തുത പ്രയത്നങ്ങരംക്കവേണ്ടി ഞങ്ങളെ ഇങ്ങോട്ടയച്ചിരിക്കുന്നതു്. ഫലംവേണം, അതി ൻെറ മരമാകട്ടെ മുറിച്ചുകളയുകയും വേണമത്രേ! സുവിശേഷം പ്രസംഗിക്കുക എന്നതു് ക്രിസ്ത്യൻസഭയുടെ സ്വർഗ്ഗീയനാഥൻ ഞങ്ങളെ ഏല്പിച്ചിരിക്കുന്ന ചുമതലയാണ്. സർവ്വകഴിവുകളു മുപയോഗിച്ചു് ഞങ്ങളുടെ കൃത്യം നിർവഹിക്കുവാൻ ഞങ്ങരം കടപ്പെട്ടവരുമാണ്. വെറും വാചകക്കസർത്തുകൊണ്ടോ ശക്തി ഉപയോഗിച്ചോ കമ്പളിപ്പീരുകൊണ്ടോ ഭൗതികമാർഗ്ഗങ്ങരം ഉപയോഗിച്ചു് സ്വാധീനിച്ചോ അല്ല ഞങ്ങരം ജോലിചെയ്യു ന്നതു്. ഞങ്ങളുടെ വിജയ രഹസ്യം അതാണെന്നു് വളരെയ ധികം ഹിന്ദുക്കരം കരുതുന്നുണ്ടെന്നു ഞങ്ങരംക്കറിയാം.

1935 ഡിസംബർ 28, 29 തീയതികളിൽ നാഗ്പൂരിൽ ചേർന്ന ഓരം ഇൻഡ്യാ നാഷണൽ കോൺഗ്രസ് സമ്മേളന ത്തിലും അദ്ദേഹം ഇതേ ആശയം ആവർത്തിക്കുകയുണ്ടായി. വികാരോജ്ജ്വലവും ചിന്താഭരിതവുമായ ആ പ്രസംഗത്തിൽ മെത്രാപ്പോലീത്താ പറഞ്ഞു: ഇൻഡ്യയുടെ നേതാക്കന്മാരെ! വെറും ഭൂതദയാപ്രവർത്തനങ്ങളിൽ ക്രിസ്തീയസഭയെ ഒതുക്കി നിർത്തുവാൻ നിങ്ങരം ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ, ഞാൻ പറയുന്നു, മനശ്ശാസ്ത്രത്തിൻെറ പ്രാഥമികതത്വങ്ങളെപ്പററിപ്പോ ലും അജ്ഞരാണു നിങ്ങരം. വേരോടെ നിങ്ങരം പിഴുതുമാററ ണമെന്നു പറയുന്ന ആ മരത്തിൻെറ ഫലങ്ങരംമാത്രം നിങ്ങരം ക്കെങ്ങിനെ കിട്ടും? നിങ്ങരംക്കു സൂര്യൻെറ ചൂടുമാത്രം മതി. അതിൻെറ രശ്മികരം വേണ്ടാ. നിങ്ങരംക്കു ശുദ്ധജലം വേണം, ആ നീർച്ചോലയെ നിങ്ങരംക്കു വെറുപ്പുമാണ്.

പ്രേഷിതപ്രവർത്തനമെന്നതു് ക്രിസ്തു നിയോഗം ചെയ്ത സഭയുടെ ഒരു കടമയാണെന്നും രക്ഷയുടെ മാർഗ്ഗം അന്യർക്കു കാ ണിച്ചുകൊടുക്കുന്നവൻ മാത്രമാണു യഥാർത്ഥക്രിസ്ത്യാനിയെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

1953-ൽ യൂണിയൻ ആഭ്യന്തരമന്ത്രിക്കു നൽകിയ ഒരു മറു പടിയിൽ മോൺ. മത്തിയാസ് ഒരു സഭാവകാശസംരക്ഷ കൻെറ ധീരോദാത്തത വീണ്ടും പ്രകടമാക്കുകയുണ്ടായി. ഫാദർ മോൺഗ്ഗർ എഴുതുന്നു: ദിവ്യകാരുണ്യസമ്മേളനത്തിൽ സംബ ന്ധിക്കുന്നതിനായി ഞാനപ്പോരം സിഡ്നിയിൽ ആയി രുന്നു. അന്നത്തെ നെല്ലൂർ ബിഷപ്പായിരുന്ന വില്യം ബൌട്ട്

തിരുമേനി എനിക്കൊരു പേപ്പർ കട്ടിങ്ങ് അയച്ചുതന്നു. മദ്രാസ് മെയിലിലെ ആ റിപ്പോർട്ടിൽ ആർച്ചുബിഷപ്പുതിരുമേനിയുടെ വാദമുഖങ്ങരം വിവരിച്ചിരുന്നു. ഹോംമിനിസ്റ്റർ മിസ്റ്റർ കട്ജു 1953 ഏപ്രിൽ 15-ാം നു- നടന്ന സംസ്ഥാന സമ്മേളനത്തിൽ ഇങ്ങനെ പറയുകയുണ്ടായി. മതപരിവർത്തന പ്രവർത്തനങ്ങളിൽ വിദേശമിഷണറിമാർ ഇടപെടുന്നതു് അനഭിലഷണീയമാണെന്നും ആക്കെങ്കിലും സ്വന്തം മതം പ്രചരിപ്പിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ അതിനു് ഇൻഡ്യാഗവണ്മെൻറിനു് തടസ്സമൊന്നുമില്ലെന്നും, പക്ഷെ പുറത്തുനിന്നു വന്നവർ ഇവിടെ മതം പ്രചരിപ്പിക്കുന്നതു് അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും. ആർച്ചുബിഷപ്പിൻെറ പ്രതികരണം ഉടനെ ഉണ്ടായി. അതു കുറിക്കുകൊള്ളുകയും ചെയ്തു. ക്രൈസ്തവസഭയുടെ ദൗത്യവും കത്തോലിക്കാപുരോഹിതന്മാരുടെ കടമയും, അവർ വിദേശീയരാകട്ടെ, ഭാരതീയരാകട്ടെ, ഒന്നാണു്: ക്രിസ്തുവിൻെറ സന്ദേശം എമ്പാടും പ്രചരിപ്പിക്കുക. വ്യക്തിപരമായി പറഞ്ഞാൽ, സക്കാരിൻെറ ഈ നിരോധനം ഭരണഘടനയ്ക്കോ ഹിന്ദുമതത്തിൻെറ തത്വസംഹിതകരംക്കോ ഒട്ടും നിരക്കുന്നതല്ലെന്നാണു് എൻെറ അഭിപ്രായം. സഹിഷ്ണുതയുടെ ഉദാത്തകാവ്യമായ വിശുദ്ധ ഗീതയിൽ ഭഗവാൻ പറഞ്ഞു: "നീ എന്നെ ഏതു രീതിയിൽ ആരാധിക്കുന്നുവോ ആ രീതി ഞാൻ അംഗീകരിക്കുന്നു."

കുടുംബാസൂത്രണത്തിനെതിരെ മെത്രാപ്പോലീത്താ സ്വീകരിച്ച അയവില്ലാത്ത നിലപാടു് എല്ലാവർക്കും അറിവുള്ളതാണു്. ഫാദർ മോൺഗ്ലർ അതെപ്പററി ഇങ്ങനെ എഴുതുകയുണ്ടായി:

"1959 ഫെബ്രുവരിയിൽ മദ്രാസിൽവച്ചു് മോൺ. മത്തിയാസ് എന്നെ ഒരു കത്തിൻെറ പകർപ്പു കാണിച്ചു. മെഡിക്കൽ സർവ്വീസുകളുടെ ഡയറക്ടർ 1959 ഫെബ്രുവരി 5-ാം തീയതി ഡിസ്ട്രിക്ററ് മെഡിക്കൽ ഓഫീസർമാർക്കയച്ച ഒരു കത്തായിരുന്നു. ഫാമിലി പ്ലാനിങ്ങ് ക്ലിനിക്കുകളിൽ പരിശീലനം കഴിക്കുന്നതിനു് എതിർപ്പുള്ളവരും ഫാമിലി പ്ലാനിങ്ങിനോടുതന്നെ ആന്തരികമായി വിയോജിപ്പുള്ളവരുമായ സ്ത്രീകളായ അസിസ്റ്റൻറു് സർജന്മാരുടെ ഒരു ലിസ്റ്റുണ്ടാക്കി അയയ്ക്കണമെന്നായിരുന്നു കത്തിലെ നിർദ്ദേശം. മനസ്സാക്ഷിപരമായ എന്തു കാരണംകൊണ്ടാണു് കുടുംബാസൂത്രണപദ്ധതിയോടു് എതിർപ്പുള്ളതെന്നു് പൂർണ്ണമായി വ്യക്തമാക്കണമെന്നു് സർജന്മാരോടു് ആവശ്യപ്പെട്ടിരുന്നു. ഗവണ്മെൻറിൻെറ ഈ നിർദ്ദേശത്തിനെതിരെ, അതായതു് മാനസികമായ എതിർപ്പു് എന്താണെന്നു വ്യക്തമാക്കണമെന്ന നിർദ്ദേശത്തിനെതിരെ, മോൺ മത്തിയാസ് തിരിച്ചടിച്ചു. മനസ്സാ

ക്ഷിപരമായ എതിർപ്പിൻെറ നിർവചനംതന്നെ ഒരുവൻെറ മനസ്സിനെ സംബന്ധിക്കുന്നതാണ്. അത് സർക്കാരിനു തൃപ്തികരമാവണമെന്നു യാതൊരു നിർബന്ധവുമില്ല. നിർബന്ധിതസൈനികസേവനത്തിനു വിളിക്കുമ്പോഴുംപോലും ഒരു പൗരൻ തൻെറ മനസ്സാക്ഷി യുദ്ധത്തിനു പോകുന്നതിനെതിരാണെന്നറിയിച്ചാൽ അവനോട് അതിൻെറ കാരണങ്ങൾ തിരക്കുന്നില്ല. മാനസികമായി, യുദ്ധത്തിനു പോകുന്നതിന് താൻ എതിരാണെന്നു പറഞ്ഞാൽ ആ വിശദീകരണം ധാരാളമായി. ആവശ്യപ്പെടുന്ന മറേറതെങ്കിലും ജോലിയായിരിക്കും അയാൾക്കു നൽകപ്പെടുക. അതുപോലെതന്നെ ഒരു കുട്ടിയുടെ പിതാവിന് തൻെറ പുത്രൻ ഒരു പ്രത്യേക മതവിശ്വാസമനുസരിച്ചുള്ള പഠനങ്ങൾ സ്വീകരിക്കുന്നതിൽ മനസ്സാക്ഷിയുടെ എതിർപ്പുണ്ടെങ്കിൽ ആരും ആ എതിർപ്പിൻെറ പൂർണ്ണമായ കാരണം ആരായാറില്ല. ഇവിടെയെല്ലാം കാര്യം വളരെ ലളിതമാണ്—അത് സ്വമനസ്സിൻെറ മാത്രമായ പ്രശ്നമാണ്.

ഈ വാദഗതിയുടെ ശക്തി ഗവണ്മെൻറ് മനസ്സിലാക്കുകയും വിനാവിളംബം ഒരു പത്രക്കുറിപ്പിലൂടെ ഇങ്ങനെ വിശദീകരിക്കുകയും ചെയ്തു. സ്വന്തം ഇഷ്ടപ്രകാരം മാത്രം സ്വീകരിക്കേണ്ട ഒരു മാർഗ്ഗമെന്നനിലയ്ക്കാണ് കുടുംബാസൂത്രണപദ്ധതികൾ അവതരിപ്പിച്ചിട്ടുള്ളതെന്നു ഗവണ്മെൻറ് മുമ്പുമുതലേ പ്രഖ്യാപിച്ചിട്ടുള്ളതാണ്. മാനസികമായി എന്തെങ്കിലും എതിർപ്പുള്ളവരെ ഇതിൽനിന്നു ഒഴിവാക്കുക എന്നതാണു ഗവണ്മെൻറിൻെറ നയം. ആ നയം ഇപ്പോഴും മാററമില്ലാതെ തുടരുകയുമാണ്.

സർക്കാർതലത്തിലും അനൗദ്യോഗികതലത്തിലും മോൺ. മത്തിയാസിന് വളരെയേറെ സുഹൃൽബന്ധങ്ങൾ ഉണ്ടായിരുന്നു. പണ്ഡിററ് നെഹ്രുവുമായി തിരുമേനി ഉററ ബന്ധം പുലർത്തിയിരുന്നു. സ്വതന്ത്ര ഇൻഡ്യയുടെ ആ പ്രഥമ പ്രധാനമന്ത്രിയെ അദ്ദേഹം കാണുന്നത് 1936 ഒക്ടോബറിലാണ്. അത് അർമേനിയൻ സ്ട്രീററിലെ ആർച്ചുബിഷപ്പിൻെറ പഴയ അരമനയിൽവച്ചായിരുന്നു. കുറിപ്പുകളിൽ തിരുമേനി ആ സന്ദർശനത്തെപ്പററി ഇങ്ങനെ എഴുതുന്നു:

ഉച്ചകഴിഞ്ഞ നേരമായിരുന്നു. നെഹ്റു വന്നെത്തി എന്ന് ആരോ എന്നെ അറിയിച്ചു. ഞാനദ്ദേഹത്തെ സൗഹാർദ്ദപുരസ്സരം എൻെറ മുറിയിലേക്ക് ആനയിച്ചു. അദ്ദേഹത്തിൻെറപേക്ക് നേരത്തെ മൂന്നു മാന്യന്മാർ എന്നെ ഒരു കൊല്ലം നേരത്തെ വന്നു കണ്ടിരുന്നു. അവരും അദ്ദേഹത്തോടൊപ്പം വന്നിരുന്നു. അവർ വന്നകാര്യം ഇതാണ്. ജനറൽ ഇലക്ഷന് കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും വെവ്വേറെ സ്ഥാനാർത്ഥികളെ നിർത്താതെ ഒരുമിച്ച് തങ്ങളുടെ പ്രതിനിധികളെ അയച്ചുകൂടെ

എന്നായിരുന്നു അദ്ദേഹത്തിനറിയേണ്ടതു്. ക്രിസ്ത്യാനികളായ സകല വോട്ടറന്മാരുംകൂടി തീരുമാനിക്കേണ്ട ആ കാര്യത്തിനു ഞാൻ മാത്രമായി എന്തെങ്കിലും പറയുന്നതിൽ യാതൊരത്ഥവുമില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചു. വിവിധ സഭകളിൽപെട്ട അത്മായനേതാക്കന്മാരുമായി ചർച്ചകൾ നടത്തി തീരുമാനിക്കുന്നതാണു ബുദ്ധിപൂർവ്വകമെന്നു ഞാൻ അഭിപ്രായപ്പെട്ടു. സംഭാഷണം ഹൃദയം തുറന്നുള്ളതായിരുന്നതുകൊണ്ടു് ഞങ്ങളുടെ വിഷയങ്ങൾ ശാഖാചംക്രമണം ചെയ്തു. അധികാരികളോടുള്ള കത്തോലിക്കരുടെ മനോഭാവം എന്തെന്നു് നെഹ്റു തിരക്കി. "അധികാരികളെ ആദരിക്കുന്നവരാണു് കത്തോലിക്കർ....തൊഴിലാളികൾ സമൂഹത്തിലുള്ള വിലയെപ്പററിയും ഞങ്ങൾ ബോധവാന്മാരാണു്. അതുകൊണ്ടു് അങ്ങേയ്ക്കു ഞങ്ങളെ പൂർണ്ണമായി വിശ്വസിക്കാം. ഞങ്ങൾ നിങ്ങളുടെ ഭാഗത്താണു്. പക്ഷെ കത്തോലിക്കരെന്ന നിലയിൽ താങ്കളുടെ ചില വിപ്ലവാശയങ്ങളോടു് ഞങ്ങൾക്കെതിർപ്പുണ്ടു് കേട്ടോ." ശാന്തനായി നെഹ്റു പറഞ്ഞു: "എന്നെ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. നിങ്ങളുടെ മിഷനറിമാർ ഞങ്ങളുടെ ജനങ്ങളുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നു. പക്ഷെ മതപരമല്ലാത്ത ചുററുപാടിൽ വളർന്നുവന്ന എനിക്കു് മതപരമായ വികാരമൊന്നും ഇല്ലെന്നു മാത്രമേയുള്ളു. പക്ഷെ മററുള്ളവരുടെ വിശ്വാസങ്ങളെ ഞാൻ മാനിക്കുന്നു. ഉദാഹരണമായി എൻെറ കൂടെ വന്നിരിക്കുന്ന ഈ മാന്യന്മാരുടെ കാര്യമെടുക്കു. അവർ മതവിശ്വാസികളാണു് അവരുടെ വിശ്വാസങ്ങളെ ഞാൻ പൂർണ്ണമായും ആദരിക്കുകയും ചെയ്യുന്നുണ്ടു്. പക്ഷെ ഒരിക്കലും എനിക്കു ലഭിക്കാത്ത ഒന്നിനു പിറകേ ഞാൻ നടക്കുകയില്ല. ഭൂമിയിലെ മനുഷ്യവര്‍ഗ്ഗത്തിൻെറ പുരോഗതിക്കായി ഞാൻ എൻെറ ജീവിതം സമർപ്പിച്ചതിൻെറ കാരണവും അതുതന്നെ."

മോൺ. മത്തിയാസ് തൻെറ കുറിപ്പുകൾ ഇങ്ങനെ അവസാനിപ്പിക്കുന്നു: അതിനുശേഷം പലപ്പോഴും ഞങ്ങൾ കണ്ടുമുട്ടുകയും കത്തുകൾ എഴുതുകയും ചെയ്തുപോന്നു. നമ്മുടെ ആത്മാത്ഥതയേയും, അച്ചടക്കബോധത്തേയും ഭൂതദയാപ്രവർത്തനങ്ങളേയും അദ്ദേഹം ആദരിക്കുന്നുവെന്നു് എനിക്കു മനസ്സിലായി. അദ്ദേഹമൊരിക്കൽ അതെന്നോടു തുറന്നു സമ്മതിക്കയും ചെയ്തു: "ഏതെങ്കിലും ഒരു മതം ഒരിക്കൽ തിരഞ്ഞെടുക്കേണ്ടിവന്നാൽ ഞാൻ തീർച്ചയായും കത്തോലിക്കാസഭയിലേ ചേരു."

മോൺ. മത്തിയാസും ഗവ. അധികാരികളും തമ്മിൽ നിലനിന്നുപോന്ന ഉററബന്ധം മൂലമാണു് 1937-ലെ ദിവ്യകാരുണ്യസമ്മേളനത്തിൽ ഗവണ്മെൻറിൻെറ പ്രതിനിധിയായി അന്നത്തെ മദ്രാസ് പ്രസിഡൻസിയുടെ മുഖ്യമന്ത്രിയായിരുന്ന രാജാജി സംബന്ധിക്കാനിടവന്നതു്.

## വിദ്യാഭ്യാസപ്രശ്നങ്ങൾ

വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനുവേണ്ടി ആർച്ചുബിഷപ്പ് മത്തിയാസ് ശക്തമായി സ്വരമുയർത്തി.

ബോംബെയിലെ സോഫിയാ കാത്തലിക്ക് വിമൻസ് കോളേജിലെ രണ്ടു വിദ്യാർത്ഥിനികൾ കത്തോലിക്കാമതം സ്വീകരിച്ചതിനെച്ചൊല്ലി പ്രസ്തുത കോളേജിന്റെ അഫിലിയേഷൻ പിൻവലിക്കുവാൻ ബോംബെ യൂണിവേഴ്സിററി തീരുമാനിച്ചു. വെറും ഊഹാപോഹങ്ങളുടേയും അന്ധമായ എതിർപ്പിന്റേയും ഫലമായാണ് അത്തരം ഒരു നീക്കമുണ്ടായതെന്ന കാരണത്താൽ മോൺസിഞ്ഞോർ മത്തിയാസ് യൂണിവേഴ്സിററിയുടെ ആ തീരുമാനത്തെ എതിർത്തു. തിരുവിതാംകൂർ ഗവണ്മെൻറ് ക്രൈസ്തവനിഷേധിയായ ഒരു വിദ്യാഭ്യാസനയം ആവിഷ്കരിച്ചപ്പോൾ അതിനെതിരെ കൂടിയ അതിഗംഭീരമായ ഒരു ജനമഹാസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് തിരുമേനി ഇങ്ങനെ പ്രഖ്യാപിച്ചു: 'സഭയുടെ അവകാശങ്ങൾക്കുവേണ്ടി, ഞങ്ങളുടെ വിദ്യാലയങ്ങൾ നടത്തുവാൻ ഞങ്ങൾക്കുള്ള അവകാശത്തിനുവേണ്ടി മരിക്കേണ്ടിവന്നാൽ പോലും ഞങ്ങൾ പൊരുതും'.

പിന്നീട്, അതേ പ്രശ്നത്തിനുവേണ്ടിതന്നെ ചങ്ങനാശ്ശേരിയിൽകൂടിയ മറെറാരു മഹാസമ്മേളനത്തിൽ തിരുമേനി പറഞ്ഞു: ഇൻഡ്യയുടെ നന്മയ്ക്കുവേണ്ടി, രാഷ്ട്രം വിദ്യാഭ്യാസകാര്യത്തിൽ ഇടപെടുമെന്ന ആശയം മുളയിലേ നശിച്ചുപോകട്ടെ. എന്തുകൊണ്ടെന്നാൽ അതു നമ്മുടെ കുഞ്ഞുങ്ങളുടേയും നമ്മുടെ രാഷ്ട്രത്തിന്റെയും ആത്മസത്തയെ ചൈതന്യമററതാക്കും. രാഷ്ട്രം വിദ്യാഭ്യാസം കുത്തകയാക്കിയാൽ നിങ്ങളുടെ കുട്ടികൾ വളരെ പുരോഗമിച്ച മൃഗങ്ങളായിത്തീരും. അവർ പൂർണ്ണമനുഷ്യരാവുകയില്ല, ഇച്ഛാശക്തിയുള്ള നല്ല പൗരന്മാരുമാവുകയില്ല. തിരുവിതാംകൂർ ഗവണ്മെൻറിന്റെ ഈ പുതിയ വിദ്യാഭ്യാസനയത്തെ നാമിന്നെതിർക്കുമ്പോൾ. അതു നമ്മുടെ മൗലികാവകാശങ്ങളിന്മേലുള്ള ഒരു കയ്യേററമാണെന്നു നമുക്കു ബോധ്യമുള്ളതുകൊണ്ടാണ്. അകാരണമായ ഈ നീക്കം ഈ രാജ്യത്തെ ജനങ്ങളുടെ പൊതുതാല്പര്യത്തിനെതിരാണ്..."

1948-ൽ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വസ്തുവകകളെ സംബന്ധിക്കുന്ന ഒരു ബില്ല് മദ്രാസ് ഗവണ്മെൻറ് അവതരിപ്പിച്ചപ്പോഴും സംഘർഷം ഉടലെടുത്തു. അതുപോലെതന്നെ വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർബ്ബന്ധമായി പാലിക്കേണ്ട ചില എൻഡോവുമെൻറുകളെപ്പററിയുള്ള തർക്കം ഉത്ഭവിച്ചപ്പോഴും മോൺ. മത്തിയാസ് അടങ്ങിയിരുന്നില്ല. അദ്ദേഹം പ്രഖ്യാപിച്ചു.

"ഞങ്ങൾ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു, ഗവണ്മെൻറിനോടു സഹകരിച്ചു പ്രവർത്തിക്കുവാൻ കത്തോലിക്കർ എപ്പോഴും തയ്യാറാണു്. പക്ഷെ ബഹുമാന്യനായ വിദ്യാഭ്യാസമന്ത്രിയുടെ ഇപ്പോഴത്തെ നയം ഞങ്ങൾക്കതിനു പ്രയാസമുളവാക്കുന്നു. തർക്കം തുടർന്നുകൊണ്ടു പോകണമെന്നു ബിഷപ്പുമാർക്കു യാതൊരാഗ്രഹവുമില്ല. വിദ്യാഭ്യാസകാര്യങ്ങളിൽ ഞങ്ങൾ സർക്കാരിനോടു നിത്യശത്രുതയിലാണെന്ന സംസാരത്തിനു അറുതിവരുത്തണമെന്നും ഞങ്ങൾക്കാശയുണ്ടു്. പക്ഷെ ബിഷപ്പുമാർ ഒന്നാവശ്യപ്പെടുന്നു. ഈ നാട്ടിലെ വിദ്യാഭ്യാസമണ്ഡലങ്ങളിൽ വിജയവൈജയന്തി പരത്തിക്കൊണ്ടു മുന്നേറുന്ന ഞങ്ങളുടെ നേരെ കുറെക്കൂടി അനുകമ്പാപൂർവ്വമായ ഒരു നയം നിങ്ങൾ കൈക്കൊള്ളണം. ഞങ്ങളുടെ ജോലി നിർവിഘ്നം, പുറത്തുനിന്നുള്ള ഇടപെടലുകൾ കൂടാതെ, തുടർന്നുകൊണ്ടുപോകണമെന്നേ ഞങ്ങൾക്കാഗ്രഹമുള്ളൂ."

വേറൊരവസരത്തിൽ അദ്ദേഹം പറഞ്ഞു:

"നീതിയിലേക്കും യുക്തിബോധത്തിലേയ്ക്കും സമത്വത്തിലേക്കും, വാസ്തവങ്ങളിലേക്കും, നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു് ഞാൻ പറയട്ടെ, ഒരു വെറും ന്യൂനപക്ഷമാകയാൽ ഞങ്ങളുടേതായ മാർഗ്ഗങ്ങളുപയോഗിച്ചു് മററുള്ളവർക്കുവേണ്ടി നിസ്വാർത്ഥസേവനം നടത്തുന്ന ഞങ്ങളെ നാളെ വിഴുങ്ങിക്കളയാമെന്നു് ആരും വ്യാമോഹിക്കേണ്ടാ.

ഇവിടത്തെ ഭൂരിപക്ഷത്തിൻെറ നന്മയ്ക്കുവേണ്ടി വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുവാൻ ഞങ്ങൾ ഒരുങ്ങിയിറങ്ങിപ്പോയതുകൊണ്ടു്, ഞങ്ങൾ പ്രകാശത്തിൻേറയും പ്രബുദ്ധതയുടേയും മനുഷ്യരാകയാൽ ഈ രാജ്യത്തിൻെറ സാംസ്കാരികോന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതുകൊണ്ടു്, ഞങ്ങളുടെ ജീവനും അറിവും മററുള്ളവർക്കു നൽകാൻ ഞങ്ങൾ തയാറായതുകൊണ്ടു്, ഞങ്ങളുടെ തലയ്ക്കുമുകളിൽ ഇതാ ഡെമോക്ലീസിൻെറ വാൾ കിടന്നാടുന്നു. എതിർക്കാനല്ല, കാര്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താനാണു ഞങ്ങൾ ആഗ്രഹിക്കുന്നതു്. ജനങ്ങൾ തീരുമാനിക്കട്ടെ, ആരാണിന്ത്യയെ സ്നേഹിക്കുന്നതെന്നും ആരാണവർക്കുവേണ്ടി പ്രതിഫലേച്ഛകൂടാതെ ജോലിചെയ്യുന്നതെന്നും."

ഹരിജനങ്ങൾക്കനുവദിച്ച ഫീസിളവിൻെറ കാര്യത്തിൽ കത്തോലിക്കാഹരിജനങ്ങളോടു കാട്ടിയ വിവേചനത്തെ തിരുമേനി എതിർത്തു. ക്രിസ്ത്യാനികളായി എന്ന ഒററക്കാരണംകൊണ്ടു് ഒരു ഹരിജനം സാമൂഹ്യമായോ സാമ്പത്തികമായോ ഉയർന്നുവെന്നു കരുതാനാവില്ലെന്നു അദ്ദേഹം വാദിച്ചു.

ഈ വിവേചനത്തിൻെറ മറവിൽ അധികാരികാംക്കുണ്ടാ യിരുന്ന നിഗൂഢലക്ഷ്യം ഹരിജനങ്ങളുടെ മതപരിവത്തനത്തെ തടസ്സപ്പെടുത്തുക എന്നതായിരുന്നു എന്നു് അദ്ദേഹം ചൂണ്ടിക്കാ ണിച്ചു. പരസ്പരം ആരോപണങ്ങളെറിഞ്ഞുകൊണ്ടു് തക്കം വളരെയേറെനാരം നീണ്ടുനിന്നു. ആർച്ചുബിഷപ്പു് ആ സാധു ക്കാംക്കുവേണ്ടി തന്നാലാവുംവിധമെല്ലാം പയററി നോക്കി.

ഈ തക്കത്തെപ്പററി സി. ബി. സി. ഐയുടെ 1944-45 -ലെ റിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു. "അഭി വന്ദ്യമെത്രാപ്പോലീത്താ മത്തിയാസ് തിരുമേനി വളരെ ശക്ത മായ നേതൃത്വം നൽകി."

## പത്രങ്ങൾ

സ്ഭയുടെ അവകാശങ്ങളെ സംരക്ഷിക്കേണ്ട പ്രശ്നങ്ങളിൽ ഏററവും ശക്തമായ ജനമാധ്യമം എന്ന നിലയ്ക്കു് പൊതുജന ജിഹ്വകളായ പത്രങ്ങാംക്കുള്ള സ്ഥാനത്തെപ്പററി മത്തിയാസ് തിരുമേനി തികച്ചും ബോധവാനായിരുന്നു. പത്രങ്ങളെപ്പററി ആറാം പോരം പാപ്പായ്ക്കുള്ള അഭിപ്രായമായിരുന്നു അദ്ദേഹ ത്തിനും. മാർപ്പാപ്പ പറഞ്ഞു: "കൃത്യവും കണിശവുമായ വാർ ത്താവിതരണത്തിലൂടെ, സഭാകാര്യങ്ങളെ ജനങ്ങാംക്കെത്തിച്ചു കൊടുക്കുവാനും അവളുടെ പ്രവൃത്തികളെപ്പററി ജനങ്ങളെ ബോ ധവാന്മാരാക്കുവാനുമുള്ള എല്ലാ പ്രാസ്ഥാനങ്ങളും പ്രോത്സാഹനം അർഹിക്കുന്നു." എല്ലാ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും പ്രത്യേകിച്ചു തൻെറ ലീഡർപത്രവും, പാപ്പായുടെ മേൽപറ ഞ്ഞ ആഗ്രഹത്തെ സഫലീകരിക്കണമെന്നു് മെത്രാപ്പോലീ ത്താതിരുമേനി ആശിച്ചിരുന്നു. നിക്ഷിപ്തതാല്പര്യങ്ങളുള്ള പത്രങ്ങാം, നീണ്ടുനില്ക്കാത്ത ദൈനംദിനപ്രതിഭാസങ്ങാംക്കു് അർഹിക്കാത്ത പ്രാധാന്യം നൽകിപ്പോരുന്നതായി അദ്ദേഹം മനസ്സിലാക്കി. യാതൊരു പ്രാധാന്യവും ഇല്ലാത്ത ചില പ്രത്യേക കാര്യങ്ങാം പെരുപ്പിച്ചു വലുതാക്കിക്കാണിക്കുകയും പത്രങ്ങാം ചെയ്യുന്നുണ്ടു്.

1935-ൽ മോൺ. മത്തിയാസ് ആർച്ചുബിഷപ്പായി സ്ഥാനമേറെറടുത്തപ്പോാം 'കാത്തലിക്‌ലീഡർ' പത്രത്തി ൻെറ സാരഥി മോൺ. തോമസ് പോത്തക്കമുറിയായിരുന്നു. അദ്ദേഹത്തെ പതിനഞ്ചു വർഷത്തെ പത്രാധിപത്യത്തിൽ കാ ത്തലിക് ലീഡർ വളരെയേറെ ജനസമ്മതി നേടുകയുണ്ടായി. രണ്ടു കൊല്ലത്തിനുശേഷം ദേശീയദിവ്യകാരുണ്യസമ്മേളനം മദ്രാസിൽവച്ചു കൂടുകയുണ്ടായല്ലോ. സമ്മേളനത്തിൻെറ നല്ല ഫലങ്ങളിലൊന്നായിരുന്നു, സഭയുടെ നാവായിത്തീരത്തക്ക വണ്ണം ഒരു പ്രസിദ്ധീകരണം ആരംഭിക്കുവാനുള്ള തീരുമാനം.

രൂപതവകയായ പത്രത്തിൻെറ അടിയന്തിരമായ പുരോഗതി അത്യന്താപേക്ഷിതമാണെന്നു മനസ്സിലാക്കിയ മോൺ. തിരുമേനി, കാത്തലിക് ലീഡർ കുറെക്കൂടെ ജനപ്രിയങ്കരമാക്കുവാനും ആകർഷകമാക്കുവാനും യത്നമാരംഭിച്ചു. അദ്ദേഹമാണു കാത്തലിക് ലീഡറിൻെറ പേരു്, 'ന്യൂലീഡർ' എന്നാക്കി മാററിയതു്. തൻെറ പ്രതിവാരപത്രം ഒരു സമുദായത്തിൻെറ പ്രത്യേക പ്രസിദ്ധീകരണമായി അറിയപ്പെടാൻ അദ്ദേഹം ആശിച്ചില്ല. പക്ഷെ തത്സമയംതന്നെ, കത്തോലിക്കാമതസംബന്ധിയായ പ്രശ്നങ്ങളിൽ പുതിയ ലീഡർ വളരെ ഉറപ്പുള്ള നേതൃത്വവും ആധികാരികമായ നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. ലീഡർ അകത്തോലിക്കരുടെ ഇടയിലും വ്യാപിക്കുവാൻ ഇടയായി.

പുതിയ പംക്തികരം ആരംഭിക്കപ്പെട്ടു. സ്ത്രീലോകം—പത്രാധിപർ ആനുകാലികപ്രശ്നങ്ങളെക്കുറിച്ചു സംസാരിക്കുന്നു, ഇവയായിരുന്നു അതു്. സ്വതസിദ്ധമായ കൃത്യനിഷ്ഠയോടെ ആർച്ചുബിഷപ്പുതിരുമേനിതന്നെ ലീഡറിൻെറ പരിഷ്കരണത്തിൽ വ്യക്തിപരമായി ശ്രദ്ധ പതിപ്പിച്ചു. അദ്ദേഹം ഇതിനുംപുറമേ ലേഖനങ്ങരം എഴുതിയും പത്രത്തെ സഹായിക്കുകയുണ്ടായി. കത്തോലിക്കാസ്കൂളുകരം മതവിദ്യാഭ്യാസം, കത്തോലിക്കൻെറ രാഷ്ട്രീയാവകാശങ്ങളും പൗരധർമ്മങ്ങളും, സഭാതത്വങ്ങളും അധികാരവും തുടങ്ങിയവയായിരുന്നു വിഷയങ്ങരം.

പ്രൊ. രത്നസ്വാമി, എം. പി., മദ്രാസിലെ മുൻവിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊ. സി. ജെ. വക്കി, പരേതനായ മി. ജോസഫ് തളിയത്തു്, റാവുബഹദൂർ ജെ. സി. രായൻ, മി. തോമസ് ശ്രീനിവാസൻ, പരേതനായ മി. കെ. അന്തോണി തുടങ്ങിയവർ ലീഡർ പത്രത്തിൽ ലേഖനങ്ങരം എഴുതാനാരംഭിച്ചതു് തിരുമേനിയുടെ പ്രത്യേകാഭിലാഷപ്രകാരമായിരുന്നു.

1940-ൽ മോൺ. തോമസ് ഗുണ്ടൂർ ബിഷപ്പായി സ്ഥലംമാറിപ്പോയപ്പോരം, പത്രപ്രവർത്തനത്തിൽ പ്രഗത്ഭമായ അഭിരുചിയുള്ള പരിചയസമ്പന്നനായ ഒരു പുരോഹിതനെ പത്രാധിപരായി നിയമിക്കുവാൻ വേറെ കിട്ടിയില്ല. പലരേയും പരിശോധിച്ചതിനുശേഷം മത്തിയാസ് തിരുമേനിക്കു മനസ്സിലായി, പത്രാധിപത്യം ഒരു മുഴുവൻസമയജോലിയാകയാൽ അതിനായി നിയോഗിക്കപ്പെടുന്ന പുരോഹിതനു് ഉയന്ന കലാശാലാവിദ്യാഭ്യാസവും സാങ്കേതികകാര്യങ്ങളിൽ തികഞ്ഞ പരിചയവും വേണമെന്നു്. അങ്ങിനെയാണദ്ദേഹം തൻെറ നവവൈദികരിലൊരാളായ ഫാദർ ജെയിംസ് കോട്ടൂരിനെ റോമിലേക്കയച്ചതു്. റോമിൽനിന്നു തിയോളജിയിൽ




സഹായ തോട്ടത്തിലെ സലേഷ്യൻ കാർഷിക വിദ്യലയത്തിൻെറ തറക്കല്ലിടൽ ചടങ്ങിൻെറ ആശീർവാദകർമ്മം മത്തിയാസ് തിരുമേനി നിർവഹിക്കുന്നു. അനേകം പാവപ്പെട്ട കുട്ടികൾക്ക് ഇതുമൂലം കൃഷി, കന്നുകാലി, കോഴി വളർത്തൽ എന്നിവയെപ്പററി പഠിക്കുവാൻ കഴിയുന്നുണ്ട്.



മുകളിൽ: വൃദ്ധജനങ്ങൾക്കുള്ള വാർഡ്. താഴെ: അംഗവിഹീനർക്കുള്ള വാർഡ്.



ഡോക്ടറേററു പാസ്സാവുകയും സോഷ്യോളജിയിൽ ഒരു കോഴ്സു പൂർത്തിയാക്കുകയും ചെയ്തതിനുശേഷം അച്ചൻ അമേരിക്കയിലേക്കു പോയി. അവിടെനിന്നു ജർണ്ണലിസത്തിൽ ഒരു ഡിഗ്രി എടുക്കുകയായിരുന്നു കോട്ടൂരച്ചൻെറ ഉദ്ദേശ്യം. പക്ഷെ നിർഭാഗ്യവശാൽ തൻെറ പ്രയത്നത്തിൻെറ ഫലം അനുഭവിക്കുന്നതിനു മുമ്പേതന്നെ ആർച്ചുബിഷപ്പുതിരുമേനി ദിവംഗതനായി.

വാരികകളിൽ നൃലീഡറിന് ഇന്നും സംപൂജ്യമായ ഒരു സ്ഥാനമാണുള്ളത്. അതിൽ മോൺ. മത്തിയാസിനു ന്യായമായും അഭിമാനിക്കാം. എന്തുകൊണ്ടെന്നാൽ കത്തോലിക്കാവിശ്വാസത്തെ നവീകരിക്കുവാനും വിളിച്ചുണർത്തുവാനും ഒരു കത്തോലിക്കാപത്രം എത്രമാത്രം ആവശ്യമുള്ളതും പ്രാധാന്യമുള്ളതുമാണെന്ന് ആദ്യം മനസ്സിലാക്കി പ്രവർത്തിച്ചതു് അദ്ദേഹമായിരുന്നു. സഭാവകാശങ്ങളുടെ സംരക്ഷണത്തിനായി മെത്രാപ്പോലീത്താ സ്വീകാര്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിച്ചു. ഒരു ശക്തമായ പത്രത്തെക്കാൾ ഫലപ്രദമായ മാർഗ്ഗം വേറെന്താണ്!

അദ്ധ്യായം 14

# സാമൂഹ്യപ്രവർത്തകൻ

മുപ്പതുവർഷക്കാലത്തെ ഭരണത്തിനിടയിൽ തിരുമേനി തൻെറ ത്രപതയിൽ വളരെയധികം സ്കൂളുകളും അനാഥാലയങ്ങളും മെഡിക്കൽ സെൻററുകളും വിദ്യാഭ്യാസപരവും ഭൂതദയാപരവുമായ മററു സ്ഥാപനങ്ങളും സ്ഥാപിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രേഷിത ചൈതന്യത്തിൻെറയും സേവനതൃഷ്ണയുടെയും പ്രതീകങ്ങളായി അവ എക്കാലവും നിലനില്ക്കുകയും ചെയ്യും.

പാവങ്ങൾക്കും അശരണക്കും വേണ്ടിയുള്ള സഹായപദ്ധതികളെന്നതിനെക്കാളുമേറെ സമുദായത്തിലെ താഴ്ന്ന തെററിയ ജനജീവിതത്തെ ഒരു പുതിയ സാമൂഹ്യ പരിവർത്തനത്തിൻ കീഴിൽ കൊണ്ടുവരുവാനുള്ള ശ്രമമായിരുന്ന അദ്ദേഹത്തിൻേറതു്. സാമൂഹ്യപ്രവത്തകരുടെ അഖിലേന്ത്യാ കോൺഫറൻസിനെ അഭിസംബോധന ചെയ്തുകൊണ്ടു് മദ്രാസിൽവച്ചു് 1957—ൽ അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. സാമൂഹ്യപ്രവർത്തനത്തെ കത്തോലിക്കാവീക്ഷണത്തിൽക്കൂടി വിശദീകരിക്കാൻ അദ്ദേഹം തൻെറ പ്രസംഗത്തിൽ ശ്രമിച്ചു. വ്യക്തിയെയും തദ്വാരാ സാമൂഹ്യസംഘങ്ങളേയും അങ്ങിനെ മുഴുവൻ സമൂഹത്തേയും ഉദ്ധരിക്കുകയാണു് ഒരു സാമൂഹ്യപ്രവർത്തകൻെറ കടമയെന്നു് അദ്ദേഹം പറഞ്ഞു. ഒരു പ്രത്യേക വ്യക്തിയ്ക്കോ വ്യക്തികൾക്കോ സമൂഹത്തിൽ കുറച്ചുകൂടി ആരോഗ്യകരമായ ഒരു സാധാരണജീവിതം നയിക്കുവാൻ സഹായിക്കുന്നതായിരിക്കണം സാമൂഹ്യപ്രവത്തനം. അതു് സമൂഹത്തിൻെറ തന്നെ മൊത്തത്തിലുള്ള പരിഷ്കരണത്തിലും ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. ദാരിദ്ര്യമനുഭവിക്കുന്നവക്കു് സഹായം നല്കുക, ദുഃഖിതരെയും നിരാശരേയും ആശ്വസിപ്പിക്കുക തുടങ്ങിയവ ആ പരിഷ്കരണത്തിൻെറ ചില മുഖങ്ങളാണു്. പക്ഷെ കുറച്ചുപേക്കു് വസ്ത്രമോ പാർപ്പിടമോ ഭക്ഷണമോ നല്കുന്നതുകൊണ്ടു് സമൂഹത്തിൻെറ ദൂഷ്യങ്ങൾ മാറിപ്പോകുന്നില്ല. സാമൂഹ്യനിലവാരം ഉയർത്തുക എന്ന ലക്ഷ്യം പിന്നെയും ദൂരെ സ്ഥിതി ചെയ്യും. പല കാര്യങ്ങളിലും പ്രഥമഗണനീയനായിരുന്ന ആർച്ചുബിഷപ്പു മത്തിയാസ് തിരുമേനി. മെത്രാപ്പോലീത്താപദം ഏറെറടുത്തു് അധികം താമസിയാതെതന്നെ അദ്ദേഹം തൊഴിലാളി ക്ഷേമപ്രവത്തനങ്ങൾക്കു തുടക്കം കുറിച്ചു. കാത്ത

ലിക്ക്വർക്കേഴ്സ് അസോസിയേഷൻെറ രൂപീകരണവും 1939–ൽ അതിൻെറ പ്രസിഡണ്ടുപദം ഏറ്റെടുക്കലും, ആധുനികലോകത്തിൽ തൊഴിലാളികൾക്കുള്ള പങ്കിനെക്കുറിച്ച് തിരുമേനിക്കുള്ള വ്യക്തമായ ധാരണയുടേയും അവശരായ അവരോടുള്ള വ്യക്തിപരമായ താല്പര്യത്തിൻേറയും ഫലങ്ങളായിരുന്നു.

ജോലിയെന്നതു് വേതനം പററാനുള്ള ഒരു ഉപാധി എന്നതിനു മേലെ തൻെറയും മററുള്ളവരുടെയും നിലനില്പിൻെറയും പ്രശ്നമാണതെന്നുകൂടി മനസ്സിലാക്കുവാൻ തൊഴിലാളികളെ പരിശീലിപ്പിക്കേണ്ടതിലേക്കു് കഴിവുള്ള തൊഴിലാളി നേതാക്കളെ നിയോഗിക്കുന്നതിനു് കാത്തലിക്ക് വർക്കേഴ്സ് അസോസിയേഷൻ ശ്രദ്ധിച്ചു. സംഘടനയുടെ രൂപീകരണത്തിലെന്നപോലെ അതിൻെറ വിജയപ്രദമായ പ്രവർത്തനത്തിലും ആർച്ചുബിഷപ്പുതിരുമേനി വ്യക്തിപരമായ ശ്രദ്ധ ചെലുത്തിയിരുന്നു. അത്തരം സംഘടനകൾ നടത്തിക്കൊണ്ടുപോകുന്നതിനായി രണ്ടു് രൂപതാവൈദികരെ അദ്ദേഹം ഓക്സ്ഫോഡിലുള്ള കാത്തലിക്ക്വർക്കേഴ്സ് കോളജിലേക്കു് പരിശീലനത്തിനായി അയച്ചു. സാങ്കേതികരംഗങ്ങളിലും പരിചയസമ്പന്നരായ വ്യക്തികളുടെ സേവനം അവർക്കങ്ങനെ ലഭ്യമാവുകയും ചെയ്തു. 1953–ൽ തുടങ്ങിയ യങ്ങ് ക്രിസ്ത്യൻ വർക്കേഴ്സ് എന്ന മറെറാരു സംഘടനയെപ്പററി നേരത്തേ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവർക്കുവേണ്ടി മുഴുവൻ സമയവും പ്രവർത്തിക്കുവാൻ ഒരു ചാപ്ലിനെ അദ്ദേഹം ദയാപുരസ്സരം വിട്ടുകൊടുത്തു. സംഘടനയുടെ പ്രാദേശികകേന്ദ്രം മദ്രാസായിരുന്നു.

## മാതൃകാഗ്രാമവും കൃഷിസ്ഥലവും

നാട്ടിൻപുറങ്ങളിലൂടെ തിരുമേനി പലപ്പോഴും യാത്ര ചെയ്യേണ്ടിവന്നിരുന്നു. ആധുനികസങ്കേതങ്ങളുപയോഗിച്ചുള്ള കൃഷിസാധ്യതയേയും തന്മൂലം ഉളവാകുന്ന ജോലിഅവസരങ്ങളേയുംപററി ചിന്തിക്കുവാനും അവ പ്രായോഗികമാക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അദ്ദേഹം ശ്രമിച്ചു, ഗ്രാമത്തിലെ ജനങ്ങൾക്കു് കൂടുതൽ താമസസൗകര്യങ്ങൾ നല്കുവാനും അദ്ദേഹം ആഗ്രഹിച്ചിരുന്നു. മഹാബലിപുരത്തിനടുത്തുള്ള കുത്തവക്കത്തു് 1957–ൽ ആരംഭിച്ച ആധുനികകൃഷിസ്ഥലത്തിൻെറ ലക്ഷ്യം ഇതാണു്. തൊഴിലില്ലായ്മമൂലം വിഷമിക്കുന്ന ജനവിഭാഗത്തിൽ അർഹരായവരെ തിരഞ്ഞെടുത്തു് കുത്തുവക്കത്തെ മാതൃകാഗ്രാമത്തിൽ പുനരധിവസിപ്പിക്കുകയും നാടുവിട്ടു് നഗരത്തിൽചെന്നടിഞ്ഞു തകരാതെ അവരെ രക്ഷിക്കുകയും ചെയ്തു എന്നതാണതിൻെറ ഏററവും വലിയ നേട്ടം. മാതൃകാഗ്രാമം ഉൾപ്പെട്ട കുത്തവക്കത്തെ ഫാം ഇരുനൂറിൽപരം ഏക്കർസ്ഥലത്തായി വ്യാപിച്ചു കിടക്കുന്നു. അവി

ടെ എല്ലാവിധ ആധുനിക കൃഷിസൗകര്യങ്ങളുമുണ്ട്. നെല്ല്, റാഗി, നിലക്കടല പച്ചക്കറികൾ തുടങ്ങിയവ ശാസ്ത്രീയമായ രീതിയിൽ അവിടെ കൃഷിചെയ്യപ്പെടുന്നു. മഹാബലിപുരത്തെ ലോകപ്രസിദ്ധമായ 'ഏഴ പഗോഡകൾ' എന്ന ടൂറിസ്റ്റു കേന്ദ്രത്തിനടുത്ത് അങ്ങിനെ ഒരു പുതിയ ഗ്രാമം ഒരു പുതിയ സമുദായം ഉയർന്നുവന്നു.

## കത്തോലിക്കാസാമൂഹ്യപ്രവർത്തനം (സേവ. SEVA)

സേവയുടെ കേന്ദ്രം പുനസംഘടിപ്പിച്ചപ്പോൾ മോൺ. മത്തിയാസിൻെറ ലക്ഷ്യം അടിയന്തിര പ്രാധാന്യമുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ വൈദികരുടേയും വിശ്വാസികളുടേയും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതായിരുന്നു. വ്യക്തികളും സംഘടനകളും നടത്തുന്ന സാമൂഹ്യപരമായ പ്രവർത്തനങ്ങളെ സഹായിക്കുകയെന്നതും സേവയുടെ ലക്ഷ്യമായിരുന്നു. സഹായം വാസ്തവമായും വേണ്ടിവന്നിരുന്ന അവസരങ്ങളിൽ കൈയും കെട്ടി നോക്കിയിരിക്കാൻ ഞങ്ങൾക്കു സാധ്യമായിരുന്നില്ല. ഈ രാജ്യത്തെ സാമൂഹ്യപ്രവർത്തനമണ്ഡലത്തിൽ അദ്വതീയരായ ഞങ്ങൾ മററുള്ളവക്ക് മാതൃക കാട്ടിക്കൊടുക്കാൻ കടപ്പെട്ടവരായിരുന്നു. ഞങ്ങൾ വ്യക്തികളുടെയും പൊതുജനങ്ങളുടേയും ഇത്തരത്തിലുള്ള പ്രയത്നങ്ങളിൽ സന്തോഷത്തോടെ ഭാഗഭാക്കുകളായി.

സേവയുടെ പരമമായ ലക്ഷ്യം അതിരൂപതയിലെ നാനാവിധത്തിലുമുള്ള സാമൂഹ്യസംഘടനകളെ ഏകോപിപ്പിക്കുകയും അവസ്ഥാവശ്യമായ സഹായവും മാർഗ്ഗദർശകത്വവും നല്കുകയും ആയിരുന്നു. ദേശീയതലത്തിൽ ഒരിക്കൽ സേവ ഉയർന്നുവരുമെന്നും ഇൻഡ്യയിലെ എല്ലാ സാമൂഹ്യപ്രവർത്തക സംഘങ്ങളേയും അതിൻെറ കീഴിൽ കൊണ്ടുവരാൻ കഴിയുമെന്നും ആർച്ചുബിഷപ്പുതിരുമേനി പ്രതീക്ഷ പ്രകടിപ്പിച്ചിരുന്നു.

യഥാർത്ഥത്തിൽ 'കാരിത്താസ് ഇൻഡ്യ' എന്ന അപരനാമത്തിൽ ഇത്തരമൊരു സംഘടന നിലവിൽ വന്നു കഴിഞ്ഞിരിക്കയാണ്. ഇൻഡ്യയിലെ കത്തോലിക്കാബിഷപ്പുമാരുടെ കോൺഫറൻസിൽവച്ചു രൂപംകൊണ്ട കാരിത്താസ് ഇൻഡ്യയുടെ കാത്തലിക്ക് ചാരിററീസ്, മദ്രാസ് എന്ന ബ്രാഞ്ചിൽ 'സേവ' ലയിക്കുകയും കുറെക്കൂടി ഫലപ്രദമായ രീതിയിൽ തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുന്നതിനു് അവക്ക് അവസരം കൈവരികയും ചെയ്തു.

## കൾച്ചറൽ അക്കാഡമി

വിദ്യാഭ്യാസപരവും സാമൂഹ്യക്ഷേമപരവുമായ തിരുമേ

NO64895



നിയുടെ പദ്ധതികരം എല്ലാവരെയും സ്പർശിക്കുന്നവയായിരുന്നു.

പഴകിയ സ്കൂളുകരം പുതുക്കാനും പുതിയവ പണുതുയത്താനും പാവപ്പെട്ട കുട്ടികരംക്ക് താമസസൗകര്യങ്ങളും മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങളും നല്കുന്നതിനും മോൺ. മത്തിയാസ് അക്ഷീണപരിശ്രമം ചെയ്തു. വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ പ്രശ്നത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തിൻെറ അവകാശങ്ങരംക്ക വേണ്ടി അദ്ദേഹം ധീരധീരം പോരാടി, എന്നുവച്ച് സമ്പന്നരുടെ ആവശ്യങ്ങരംക്കനേരെ അദ്ദേഹമൊരിക്കലും കണ്ണടച്ചിരുന്നില്ല. ആധുനിക യുവതികരംക്കവേണ്ടി ഒരു പ്രത്യേക സ്ഥാപനം നിർമ്മിക്കണമെന്ന ആവശ്യം ഏറെനാളായി അദ്ദേഹത്തിനു സമർപ്പിക്കപ്പെട്ടിരുന്നു. വെല്ലുവിളികളുടെതായ ഈ യുഗത്തിൽ വ്യക്തിപരമായ ഒരുക്ക കൂട്ടലിനും, കുട്ടികളെ നന്നായി വളത്തിയെടുക്കുന്നതിനും കുടുംബ, ലൈംഗികബന്ധങ്ങളെപ്പററി യുവതികളെ ബോധവതികളാക്കുന്നതിനുംവേണ്ടി അത്തരമൊരു സംഘടന ആവശ്യമായിരുന്നു. സമഗ്രമായ പരിശീലനത്തിലൂടെയും പ്രഭാഷണങ്ങരം ക്ലാസ്സുകരം, സമ്മേളനങ്ങരം തുടങ്ങിയവയിലൂടെയും യുവതികളെ ഇന്നത്തെ അന്തരീക്ഷത്തിനുതകുംവിധം ഒരുക്കി എടുക്കാൻ സാധിക്കുമെന്നദ്ദേഹം കണ്ടു. അങ്ങിനെയാണ് അദ്ദേഹം കരംച്ചറൽ അക്കാഡമി സ്ഥാപിച്ചതു്. അക്കാഡമിയുടെ മേൽനോട്ടം ഡോട്ടേഴ്സ് ഓഫ് ദി ഇമ്മാക്കുലേററ് ഹാർട്ട് ഓഫ് മേരി എന്ന സഭയിലെ കന്യാസ്ത്രീകരംക്കായിരുന്നു. മദ്രാസിലെ യുവതികളുടെ ഒരു ചിരകാല സ്വപ്നം അങ്ങിനെ സഫലീകൃതമായി.

## അന്ധക്കും ബധിരക്കും മൂകക്കുംവേണ്ടി ഒരു സ്ഥാപനം

ആർച്ചുബിഷപ്പ് മദ്രാസിൽ ഉയത്തിയ സ്ഥാപനങ്ങളിൽ ഏററവും ഹൃദ്യമായ ഒന്നുണ്ട്, വി. ലൂയിസിൻെറ നാമത്തിൽ അന്ധബധിരമൂകബാലകക്കുവേണ്ടിയുള്ള ഒരു സങ്കേതം. 1964 ജനുവരിയിൽ ഇതിൻെറ വെഞ്ചരിപ്പും ഉൽഘാടനവും തിരുമേനിതന്നെയാണ് നിർവഹിച്ചതു്. ഹതഭാഗ്യരായ ഇരുന്നൂറോളം വരുന്ന ആ ബാലകരെ പരിപാലിക്കേണ്ട ഭാരമേറിയ ചുമതല സെൻറു് ഗബ്രിയേൽ സഹോദരന്മാർ ഏറ്റെടുത്തു. 8 മുതൽ 10 വരെയായിരുന്നു ആ മന്ദിരത്തിലെ അന്തേവാസികളുടെ പ്രായം.

## മേഴ്സി ഹോം

ഇൻഡ്യയിലെ മറെറവിടെയുമെന്നതുപോല മദ്രാസിലും രോഗികളും അശരണരുമായ പിച്ചക്കാർ വഴിവക്കിൽ കിടന്നു

DVK Library
Bangalore - 29

റങ്ങുന്നതും ചിലപ്പോൾ വീണ മരിക്കുന്നതും ഒരു അപൂർവ്വദൃശ്യമൊന്നുമല്ലായിരുന്നു. പോണ്ടിച്ചേരിയിലെ ധനവാനായ ഒരു ഫ്രഞ്ചുകാരൻെറ ഔദാര്യംമൂലം നമ്മുടെ ആർച്ചുബിഷപ്പിന്ന് ഒരു അനാഥമന്ദിരം പടുത്തുയർത്താൻ സാധ്യമായി. മിസ്റ്റർ എഡ്ഗാർ പ്രൂഡ്ഹോ എന്നു പേരുള്ള ആ ഫ്രഞ്ചുകാരൻെറ സഹായംമൂലം അശരണരായ ഒട്ടേറെപ്പേക്ക് സഹായത്തിന്ന് ഒരു സങ്കേതം ലഭിച്ചു.

1957–ൽ ആ മേഴ്സിഹോമിൻെറ ചുമതല പ. മറിയത്തിൻെറ നാമത്തിലുള്ള സലേഷ്യൻമിഷനറിമാർ ഏറ്റെടുത്തു. അനാഥമന്ദിരത്തിന്ന് പ്രൂഡ്ഹോം വിധൂതി എന്ന പേരാണു നൽകപ്പെട്ടിരുന്നതു്. അവർ ആ വെറും കെട്ടിടം പണിതു പൂർത്തിയാകുവാൻ കാത്തിരിക്കെതന്നെ, ജില്ലയിലെ സാധുക്കൾക്കു വൈദ്യസഹായം നൽകാനായി സലേഷ്യൻസഹോദരിമാർ ഒരു ഡിസ്പെൻസറി ആരംഭിക്കയുണ്ടായി. 100 മുതൽ 150 വരെ രോഗികൾ വൈദ്യസഹായത്തിനായി ദിവസവും അവിടെ എത്തിയിരുന്നു എന്നാണു കണക്ക്. ഇന്നാ സംഖ്യ മുന്നൂറായിരിക്കുന്നു. നഗരത്തിലെ അവസാനത്തെ രക്ഷാസങ്കേതമാണതു്, യാചകക്കും ദുർഭഗക്കും. തെരുവിൻെറ വക്കുകളിൽനിന്നും സ്റ്റേഷൻ പ്ലാററുഫോമുകളിൽനിന്നും ചിലപ്പോൾ അവരുടെ കൂരകളിൽനിന്നും കന്യാസ്ത്രീകൾ അവരെ വിളിച്ചുകൊണ്ടുപോകും. ഇതെഴുതുന്ന കാലത്തു് ആ മേഴ്സിഹോമിൽ സ്ത്രീകളും കുട്ടികളുമടക്കം മുന്നൂറോളം പരിചരണമർഹിക്കുന്ന സാധുക്കൾ നിവസിക്കുന്നു. പ്രായപൂർത്തിയായവരിൽ മിക്കവക്കും ക്ഷയമാണ്. ദാരിദ്ര്യവും പട്ടിണിയും ഉപേക്ഷയും അവക്കു നൽകിയ സമ്മാനമാണാരോഗം. ഉപേക്ഷിക്കപ്പെട്ട അറുപതോളം ശിശുക്കൾക്ക് മാതാക്കളെപ്പോലെ ആ കന്യാസ്ത്രീകൾ പരിചരണം നൽകുന്നുണ്ട്.

ഓക്സ്ഫാമിൽനിന്നുകിട്ടിയ ഉദാരമായ സംഭാവന കൊണ്ടു പണിതീർത്ത, സ്ത്രീകൾക്കുവേണ്ടി മാത്രമുള്ള ഒരു പുതിയ വാർഡ് മരണത്തിനുമുമ്പ് മെത്രാപ്പോലീത്താതിരുമേനി ആശീർവദിക്കുകയുണ്ടായി. ഒരു വക്ക്ഷോപ്പും അതിനോടനുബന്ധിച്ച് ആരംഭിച്ചു. ഒരു ജോലി സ്വായത്തമാക്കാൻ ചെറുപ്പക്കാരെ അതു സഹായിച്ചു. എന്നുമെന്നേയ്ക്കും അനാഥമന്ദിരത്തിൽ കഴിയാനിടവരാതെ, ഒരു ദിവസം അവക്കൊരു ജോലികിട്ടുക എന്നതു് എത്രവലിയ കാര്യമായിരുന്നു.

നിരാശരായ അഭയാത്ഥികളുടെ ഈ മന്ദിരം ആരംഭിച്ചതിൽപിന്നെ ആറായിരത്തോളം രോഗികൾ അവിടെ എത്തിയിട്ടുണ്ട്. നാലായിരത്തോളം പേർ സുഖമായി തിരിച്ചുപോവുകയും ആയിരംപേർ അവിടെകിടന്നു ശാന്തമായി മരി

ക്കുകയും ചെയ്തു. സ്ത്രീപുരുഷന്മാരായ ആ അനാഥരിൽ 3000 പേർ ഹിന്ദുക്കളും 200 പേർ മുസ്ലീംകളും 900 പേർ ക്രൈസ്തവരും ആയിരുന്നു. 'ഇവരാണ് ഞങ്ങളുടെ സമ്പാദ്യം' ഒരിക്കൽ ഒരു സിസ്റ്റർ പറഞ്ഞു. "അവരെ ദൈവമാണ് ഞങ്ങളുടെ പക്കൽ കൊണ്ടുവന്നത്. അവനുവേണ്ടി അവക്ക് ശുശ്രൂഷ ചെയ്യാൻ ഞങ്ങൾക്കിങ്ങനെ അവസരം കിട്ടിയല്ലോ. ഞങ്ങൾ മുഴുഹൃദയത്തോടെയാണ് ഈ ജോലിയിൽ ഏർപ്പെട്ടത്. എണ്ണത്തിൽ ഞങ്ങൾ കുറവായതുകൊണ്ട് കൂടുതൽ ജോലി ഏറ്റെടുക്കാൻ ഞങ്ങൾക്കാവുന്നില്ലല്ലോ എന്ന ദുഃഖമേ ഞങ്ങൾക്കുള്ളൂ."

## അമേരിക്കൻ ഭക്ഷണങ്ങൾ

അമേരിക്കയിൽനിന്നു സൗജന്യഭക്ഷ്യവിതരണപദ്ധതി എൻ. സി. ഡബ്ള്യൂ. സി. ആരംഭിച്ചപ്പോൾ അതിന്റെ സംഘാടകർ ആർച്ചുബിഷപ്പു മത്തിയാസിനെയാണ് ആ പരിപാടികളുടെ തെക്കേ ഇൻഡ്യയിലെ ലെയിസൺ ഓഫീസറായി തിരഞ്ഞെടുത്തത്. ഇൻഡ്യയും അമേരിക്കയും രേഖകളിൽ ഒപ്പുവയ്ക്കുകയും പിന്നെയുള്ള ഔപചാരികചടങ്ങുകൾ എല്ലാം കഴിയുകയും ചെയ്തപ്പോൾ കപ്പൽകണക്കിന് അരിയും, ഗോതമ്പും, പാൽപ്പൊടിയും, നെയ്യും ഒക്കെ മദ്രാസ് തുറമുഖത്തേക്കു പ്രവഹിക്കുകയായി. അതിന്റെ ലേബൽ ഇതായിരുന്നു. അമേരിക്കയിലെ ജനങ്ങളിൽനിന്ന് ആർച്ചുബിഷപ്പു മത്തിയാസിനുള്ള സമ്മാനം. അക്കാലത്ത് ദാരിദ്ര്യംകൊണ്ടും പട്ടിണികൊണ്ടും വലഞ്ഞിരുന്ന ആയിരക്കണക്കിനു മനുഷ്യക്ക് അതൊരു വലിയ അനുഗ്രഹമായിരുന്നു. ജാതിമതഭേദമില്ലാതെ നൂറുകണക്കിന് സാമൂഹ്യസേവനകേന്ദ്രങ്ങൾക്ക് ആ സമ്മാനിതസാധനങ്ങൾ വിതരണത്തിനു ലഭിച്ചു.

## കുശിനികൾ

നഗരത്തിൽതന്നെ, സജീവപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന അനേകം സാമൂഹ്യസേവന സംഘങ്ങൾ ഉണ്ടെങ്കിലും വളരെയധികം ദാരിദ്ര്യവും വിശപ്പും ഇനിയും അവിടെ നിലനില്ക്കുന്നു. തൊഴിലില്ലായ്മയും അംഗഭംഗവും ദാരിദ്ര്യത്തെയും ദുരിതങ്ങളെയും വാരിവിതറുന്ന–കറപറ്റിയ ഈ സാഹചര്യങ്ങളുടെ ഹതഭാഗ്യരായ ഇരകളാവട്ടെ ആയിരക്കണക്കിനുണ്ട്. ഒരു പ്രായോഗിക പദ്ധതിയുമായി ആർച്ചുബിഷപ്പു മുന്നോട്ടുവന്നു. പ്രശ്നത്തിന് ഭാഗികമായെങ്കിലും പരിഹാരം കാണാൻ ആ പദ്ധതിക്കു കഴിയുകയും ചെയ്തു. അരിവച്ചുവിളമ്പുന്ന അടുക്കളകൾ നഗരത്തിന്റെ പലയിടങ്ങളിലും സ്ഥാപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. അറുനൂറുപേക്ക് ആഴ്ചയിൽ രണ്ടുപ്രാവശ്യം അവിടെ കുശാലായ ഊണു നല്കപ്പെട്ടു.

## സെൻറ് ജോൺസ് മെഡിക്കൽ കോളജ്

ഇൻഡ്യയിലെ സഭയോടും ഈ രാജ്യത്തെ കത്തോലിക്കരോടും ആർച്ചുബിഷപ്പുതിരുമേനിക്കുണ്ടായിരുന്ന താല്പര്യവും സ്നേഹവും സ്വന്തം ഇടവകയ്ക്കുള്ളിൽ ഒതുങ്ങിനില്ക്കുന്ന ഒന്നായിരുന്നില്ല. ഇൻഡ്യക്കു മുഴുവനുംതന്നെ ഉപകാരപ്രദമായ എത്രയെത്ര പദ്ധതികൾ അദ്ദേഹം ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തിയിരിക്കുന്നു. അത്തരം പദ്ധതികളിൽ ഒരു പക്ഷെ ഏററവും പ്രധാനപ്പെട്ടതായി എണ്ണാവുന്നതു് കാത്തലിക്കു് മെഡിക്കൽ കോളേജാണു്. 1945 മുതലെ കത്തോലിക്കാ ബിഷപ്പുമാരുടെ സമ്മേളനങ്ങളിൽ പൊന്തിവന്നിരുന്ന ഒരു നിർദ്ദേശമായിരുന്നു ഇതു്. അന്നുതന്നെ മെത്രാപ്പോലീത്താതിരുമേനി ഇക്കാര്യത്തിൽ വളരെ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. പക്ഷെ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനു വേണ്ടിവരുന്ന ഭീമമായ സാമ്പത്തിക ഫണ്ടിൻെറ അഭാവത്താൽ പ്രശ്നം തല്ക്കാലം കെട്ടടങ്ങി നില്ക്കുകയായി.

1954-ൽ തിരുമേനി, കാത്തലിക്ക് മെഡിക്കൽ കോളജിനെപ്പററിയുള്ള തൻെറ ആദ്യത്തെ റിപ്പോർട്ടു തയാറാക്കി. വളരെ സൂക്ഷ്മതയോടെ, കാര്യങ്ങളുടെ നാനാമുഖങ്ങളേയും സ്പർശിച്ചുകൊണ്ടു തയാറാക്കപ്പെട്ട ഒന്നായിരുന്നു അതു്. കെട്ടിടങ്ങൾ, സ്റ്റാഫ്, വിദ്യാർത്ഥികൾ, യൂണിവേഴ്സിററിയുടെ അംഗീകാരം, ഭരണം, വിവിധങ്ങളായ യൂണിററുകൾ അനേകതരത്തിലുള്ള ഉപകരണങ്ങൾ ഇവയൊക്കെയായിരുന്നു റിപ്പോർട്ടിലെ തലക്കെട്ടുകൾ. അദ്ദേഹം മെഡിക്കൽ കോളജിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിരുന്ന സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. മാംഗലൂർ, ബാംഗ്ളൂർ, മദ്രാസ്, ബോംബെ, ന്യൂഡെൽഹി എന്നിവയായിരുന്നു ആ സ്ഥലങ്ങൾ. അവിടങ്ങളിൽവച്ച് കത്തോലിക്കരും അകത്തോലിക്കരുമായ പ്രഗൽഭ ഡോക്ടറന്മാരുടെ ഉപദേശങ്ങളും അഭിപ്രായങ്ങളും നേടാനും അദ്ദേഹം മറന്നില്ല. പദ്ധതിയുടെ പൂർത്തീകരണത്തിനായി പെട്ടെന്നൊരു തീരുമാനം കൈക്കൊള്ളുവാൻ ബിഷപ്സ് കോൺഫറൻസിനെ സഹായിക്കുക എന്നതായിരുന്നു മോൺ. മത്തിയാസിൻെറ ദൗത്യം. ഒടുവിൽ പലതരത്തിലുള്ള സൗകര്യങ്ങളും മുൻനിർത്തി മെഡിക്കൽ കോളജിൻെറ ആസ്ഥാനമായി ബാംഗ്ളൂർ തിരഞ്ഞെടുക്കപ്പെട്ടു. അവിടത്തെ സുഖപ്രദമായ കാലാവസ്ഥയും തെക്കേ ഇൻഡ്യയുടെ മദ്ധ്യത്തിലെ അതിൻെറ സ്ഥാനവും കത്തോലിക്കർ അധികമുള്ള ബാംഗ്ളൂരിനെ പുതിയ മെഡിക്കൽ കോളേജിനു ആസ്ഥാനമായി തെരഞ്ഞെടുക്കുവാൻ സഹായിച്ച പ്രധാന ഘടകങ്ങളാണു്. പരിശുദ്ധ സിംഹാസനത്തിൻേറയും ജർമ്മനിയിലും അമേരിക്കയിലുമുള്ള കത്തോലിക്കരുടേയും സഹായത്തോടെ കഴിയുംവേഗം പണിയാരംഭിച്ച് കോളേജ് പൂർത്തിയാക്കണമെന്നു തീരുമാനിക്കപ്പെട്ടു.

1964-ൻെറ ആദ്യപാദത്തിൽ സെൻറ് ജോൺസ് മെഡിക്കൽ കോളേജിൻെറ പ്രവത്തനം അതിലെ ആദ്യബാച്ചുവിദ്യാത്ഥികളുമായി ആരംഭിച്ചതു് ബാംഗ്ളൂരിലെ സെൻറ് മേരീസ് ഇൻഡസ്ട്രിയൽ സ്കൂളിൻെറ കെട്ടിടത്തിൽവച്ചാണ്. അക്കൊല്ലം ഡിസംബറിൽ ബോംബെയിലെത്തിയ പ. പിതാവു്, ബൃഹത്തായ മെഡിക്കൽകോളേജ് കെട്ടിടങ്ങളുടെ ആദ്യശില വെഞ്ചരിച്ചു. ബാംഗ്ളൂർ മുൻസിപ്പാലിററിയുടെ തെക്കേ അതിർത്തിക്കു് അല്പം മാറി നൂററി അറുപതോളം ഏക്കർ സ്ഥലത്തായി പുതിയ മെഡിക്കൽ കോളജിൻെറ ആകാശചുംബിയായ കെട്ടിടങ്ങരം ഉയർന്നുയർന്നുവന്നു. സെൻറ് ജോൺസ് മെഡിക്കൽകോളജിൻെറ സ്ഥാപകന്മാരിലൊരാളായ ആർച്ചുബിഷപ്പുതിരുമേനി അതിനുവേണ്ടി വളരെയധികം ബുദ്ധിമുട്ടിയിരുന്നു. മരിക്കുന്നതിനുമുമ്പ് ആ കത്തോലിക്കാസ്ഥാപനം നല്ല നിലയിൽ പ്രവത്തിക്കുന്നതും യൂണിവേഴ്സിററി പരീക്ഷകളിൽ മെച്ചപ്പെട്ട ഫലങ്ങരം പുറപ്പെടുവിക്കുന്നതും കണ്ടു് ആനന്ദിക്കുവാൻ അദ്ദേഹത്തിനു സാധിക്കയുണ്ടായി.

അദ്ധ്യായം 15

# ശില്പി

മോൺ. മത്തിയാസ് ഒരു നല്ല ശില്പിയായിരുന്നു എന്നു പറയാം. ഉറച്ച പാറമേൽ തൻെറ വൈദീകപ്രവത്തനങ്ങഠം പണുയത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മിഷനറി പ്രവത്തനങ്ങഠംക്കെന്നപോലെതന്നെ വൈദികരുടെ കർമ്മനിർവഹണത്തിനും വളരെയധികം കെട്ടിടങ്ങഠം ആവശ്യമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അതിൽ ചിലവയെപ്പററി നാം നേരത്തേ സൂചിപ്പിച്ചു. ഈ അദ്ധ്യായം അതിൻെറ ഒരു തുടർച്ചയാണു്.

ഒരു നല്ല കെട്ടിടനിർമ്മാതാവെന്ന നിലയിൽ തിരുമേനിയെപ്പററി, മദ്രാസിലെ ക്രിസ്ത്യൻ സെൻററിൻെറ പ്ലാനിങ്ങിലും പണിയിലും മെത്രാപ്പോലീത്തായെ സഹായിച്ചിരുന്ന രൂപകല്പനാവിദഗ്ദ്ധനായ ആ ഇംഗ്ലീഷുകാരൻ, മിസ്റ്റർ ജോൺ ആർ. ഡേവിസ്, ഇങ്ങനെ പറയുകയുണ്ടായി.

“ഒരു നല്ല ശില്പിയുടെ ജീവിതം താല്പര്യമുളവാക്കുന്നതാണു്. അയാഠംക്കു നേരിടുന്നതും വിജയപൂവ്വം തരണംചെയ്യുന്നതുമായ പ്രശ്നങ്ങളുടെ വൈവിധ്യംകൊണ്ടല്ല ആ ജീവിതം രസകരമായിത്തോന്നുന്നതു്. ഒരു ശില്പി കക്ഷികളായ മററുള്ളവരുമായി അടുത്തിടപഴകുന്ന ആ രീതിയാണു് ഏററവും പ്രധാനം”.

നിങ്ങളുടെ കക്ഷിയെ വളരെ നന്നായി മനസ്സിലാക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. എങ്കിലേ അദ്ദേഹത്തിൻെറ തീരുമാനങ്ങഠം എന്താണെന്നു മനസ്സിലാക്കാനും അവയ്ക്കനുസരണമായി പ്ലാൻ തയാറാക്കാനും നിങ്ങഠംക്കു കഴിയൂ. ഒരു പക്ഷെ കക്ഷിയുടെ ആവശ്യങ്ങഠംക്കു പററിയതരത്തിൽ അദ്ദേഹം ഉദ്ദേശിക്കുന്നതിനെക്കാഠം ഭംഗിയായി നിങ്ങഠംക്കു നിങ്ങളുടേതായ രീതികഠം അവതരിപ്പിക്കാൻ സാധിക്കും. അദ്ദേഹത്തിനു് പലതിനെപ്പററിയും ഒരു പക്ഷെ അറിഞ്ഞുകൂടെന്നു വരും. പക്ഷെ അതു വച്ചു് മുതലെടുക്കാൻ ഒരു ശില്പി ശ്രമിച്ചുകൂടാ. പണിതു പൂത്തിയായ ഒരു കെട്ടിടത്തിനുള്ള പ്രശംസ തനിക്കെന്നപോലെ തൻെറ കക്ഷിക്കും അവകാശപ്പെട്ടതാണെന്നു് അയാളെ ബോദ്ധ്യപ്പെടുത്താൻ ഒരു ശില്പിക്കു ചുമതലയുണ്ടു്.

ഈ വിധമായ ചിന്തകളോടെയാണ ഞാൻ ആദ്യമായി മത്തിയാസ് തിരുമേനിയെ കാണാൻ പോയതു്. അതിൻെറ ഒപ്പം, മെത്രാപ്പോലീത്താതിരുമേനിയെ കാണാൻ ചെല്ലുന്ന ഒരു അത്മായൻെറ ഹൃദയവികാരങ്ങളും എന്നിൽ കിനിഞ്ഞു നിന്നിരുന്നു.

ശില്പിയെന്ന നിലയിൽ ഒരു നിർമ്മാതാവിനോട് എനിക്കു സമഭാവനയോടെ സംസാരിക്കാം. പക്ഷെ ഒരു തിരുമേനിയോട്ട് വെറും ഒരു മതവിശ്വാസി എങ്ങിനെ സമഭാവനയോടെ പെരുമാറും? ഞാൻ വിഷമിച്ചു. പക്ഷെ ഞാൻ കണ്ട ആ മനുഷ്യൻ എൻെറ അപകർഷതാബോധത്തെ ദൂരെയകററി.

ചെന്ന ഉടനെ സൗകര്യമായി ഇരിക്കാനിടം തന്നിട്ട് തിരുമേനി തൻെറ പ്ലാനുകളെപ്പററി പറഞ്ഞുതുടങ്ങി. വമ്പിച്ച പദ്ധതികൾ! പകൽക്കിനാവുകൾ! ഇതിനൊക്കെ പണം എവിടെനിന്നു്? തിരുമേനി നിർദ്ദേശിക്കുന്ന മാററങ്ങൾ ആ കന്യാസ്ത്രീകൾക്കു സ്വീകാര്യമാവുമോ? എന്നെങ്കിലും ഈ കത്തോലിക്കാസെൻറർ വാസ്തവമായും പണിതുയരുമോ? അതു പണിതുതീർന്നാൽതന്നെ സാമൂഹ്യമായും സാമ്പത്തികമായും അതൊരു വിജയമാകുമോ?... ഞാനെന്തൊക്കെയോ ചിന്തിച്ചു പോയി.

പക്ഷെ അതൊക്കെ എങ്ങിനെ, എന്തുകൊണ്ടു് യാഥാർത്ഥ്യമായി? ഒരു ലളിതമായ ഉത്തരം: മെത്രാപ്പോലീത്താ തിരുമേനിമൂലം. എന്തുകൊണ്ടെന്നാൽ അദ്ദേഹം കിനാവു കാണുന്ന ഒരു മനുഷ്യൻ മാത്രമായിരുന്നില്ല, മത്സരബുദ്ധിയോടെ പ്രവർത്തിക്കുവാൻ കഴിവുള്ള ഒരു ഒന്നാന്തരം ബിസിനസുകാരൻ കൂടിയായിരുന്നു രണ്ടുകാലും ഭൂമിയിൽ ഉറച്ചുചവിട്ടിനിന്ന അദ്ദേഹത്തിനു പദ്ധതികൾ ആസൂത്രണം ചെയ്യുവാനുള്ള കഴിവും സംഘാടപാടവവും ഉള്ള തലച്ചോറും ഉണ്ടായിരുന്നു. ചുററും തിങ്ങിനിറഞ്ഞ വൈവിധ്യങ്ങളിൽനിന്നു ത്യാജ്യഗ്രാഹ്യ ബുദ്ധിയോടെ നല്ലതും ചീത്തയും ഏതെന്നു മനസ്സിലാക്കി തിരഞ്ഞെടുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

പ്രശ്നങ്ങൾ ഉയന്നുവരികയും അവ വേഗം പരിഹൃതങ്ങളാവുകയും ചെയ്തു. ഞാൻ അത്ഭുതപ്പെട്ടു. പക്ഷെ അതു പരിഹരിച്ചതു് തിരുമേനിതന്നെയായിരുന്നു എന്നെനിക്കു മനസ്സിലായി. വാസ്തവത്തിൽ എൻെറയും മററുള്ളവരുടേയും തലയിൽ വീഴുന്ന പൊടാപ്പാടുകളാണു് ഞങ്ങളറിയാതെതന്നെ അദ്ദേഹം മാററിത്തന്നുകൊണ്ടിരുന്നതു്. അദ്ദേഹത്തിൻെറ പിന്തുണയും അനുഗ്രഹവും ഉണ്ടെന്ന ആഹ്ലാദകരമയ ചിന്ത ഞങ്ങളുടെ ജോലിഭാരം ലഘൂകരിച്ചു.

അദ്ദേഹം ഞങ്ങറാംക്ക വേണ്ട നിർദ്ദേശങ്ങറാം തന്നുകൊണ്ടിരുന്നു. ഏററവും ചെറിയ കാര്യങ്ങളിൽപോലും തികഞ്ഞ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നുതാനും. ഞാൻ അത്ഭുതപ്പെട്ടുകയും അല്പം അപകർഷതാബോധം വരുത്തിവക്കുകയും ചെയ്ത സംഭവങ്ങറാംവരെ ഉണ്ടായിട്ടുണ്ട്. പക്ഷെ അതൊരു പാഠമായിരുന്നു എനിക്കു്. ഒരു നല്ല പണിക്കാരനെ അതിൻെറ എല്ലാ അത്ഥത്തിലും, ഞാൻ കണ്ടു. അദ്ദേഹത്തിൻെറ വൈഭവം മദ്രാസിലെ ആ കൂററൻ കോൺക്രീററുകെട്ടിടത്തിൽ തെളിഞ്ഞുകാണാം. ആ വമ്പിച്ച കെട്ടിടത്തിൻെറ നിമ്മാണപ്രക്രിയയിൽ സംബന്ധിച്ച ഓരോരുത്തക്കും അദ്ദേഹം ഒരു പ്രിയങ്കരനായ സുഹൃത്തായി മാറി. അതാണേററം പ്രധാനം.

സാമ്പത്തികകാര്യങ്ങളിൽ അദ്ദേഹമൊരു അത്ഭുതമാണു്. കാരണം മിക്കവാറും പദ്ധതികറാം അദ്ദേഹം ആരംഭിച്ചതു് ഒഴിഞ്ഞ പോക്കററോട്ടുകൂടിയായിരുന്നു. പക്ഷെ ഒന്നും പൂത്തീകരിക്കപ്പെടാതെപോയില്ല. ഒന്നു തീരുന്നതോടെ മറെറാന്നു് ആരംഭിക്കുകയുമായി.

ബിസിനസ്ലോകത്തിലായിരുന്നെങ്കിൽ അദ്ദേഹമൊരു സാമ്രാജ്യം പണിയുമായിരുന്നു. വിശ്വാസമെന്ന ജീവിതചര്യയുടെ ഉദാത്തമായൊരു സ്മാരകം കത്തോലിക്കാലോകത്തിൽ അദ്ദേഹം കെട്ടിപ്പൊക്കി. ആരാധനാസ്ഥലങ്ങറാം, വിദ്യാഭ്യാസസൗകര്യങ്ങറാം, സാമൂഹ്യക്ഷേമകേന്ദ്രങ്ങറാം ദരിദ്രക്കുള്ള ഭവനങ്ങറാം, വ്യവസായകേന്ദ്രങ്ങറാം എന്നിവയ്ക്കൊക്കെ അദ്ദേഹം ഇടം കണ്ടെത്തി.

അതിശക്തർപോലും അമ്പരക്കുന്ന തരത്തിൽ അദ്ദേഹം കത്തവ്യനിരതനായിരുന്നു. ആഗ്രഹിക്കുക മാത്രമല്ല, ലക്ഷ്യം നേടാനും അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിൻെറ പ്രയത്നങ്ങറാംക്കെല്ലാം ഒരു ഉറച്ച അടിസ്ഥാനമുണ്ടായിരുന്നു. അദ്ദേഹം ഒരിക്കലും അവശനായില്ല. ഒന്നിൽ കൂടുതൽ പ്രാവശ്യം സഹായസഹകരണങ്ങറാം തേടി അമേരിക്കയിലേക്കദ്ദേഹം യാത്രചെയ്യുകപോലുമുണ്ടായി. അദ്ദേഹം ശക്തനായിരുന്നു, എല്ലാ അത്ഥത്തിലും.

## കാത്തലിക്കു് സെൻറർ

നാനാവിധത്തിലുമുള്ള കത്തോലിക്കാ പ്രവത്തനങ്ങറാംക്കും, സംഘടനകറാംക്കും ആവശ്യമായ വിധത്തിൽ സാമാന്യം വലിയ ഒരു സെൻറർ പണികഴിപ്പിക്കണമെന്നു് മത്തിയാസ് തിരുമേനി കുറെ നാളായി ആഗ്രഹിച്ചിരുന്നു. ആവശ്യമുള്ളപ്പോറാം ഒന്നിച്ചുകൂടുവാനും സമ്മേളനങ്ങളും ചർച്ചകളും നടത്തു

വാനം പററിയതരത്തിൽ വിശാലമായ ഹാളുകറം ആ കെട്ടിടത്തിൽ ഉണ്ടായിരിക്കണമെന്നദ്ദേഹം തീരുമാനിച്ചിരുന്നു. ആ സ്വപ്നം ഒടുവിൽ പ്രായോഗികമായി വന്നതു് 1951ലാണു്. നഗരത്തിൻെറ ഹൃദയത്തിൽ ഒരു കത്തോലിക്കാകേന്ദ്രം അങ്ങിനെ ഉയൎന്നുവന്നു. രൂപതാപ്രവർത്തനങ്ങളുടെയെല്ലാം സിരാകേന്ദ്രമാണതെന്നു പറയാം. കത്തോലിക്കാപ്രവൎത്തനങ്ങളുടെ എല്ലാ പ്രധാനസംഘടനകറംക്കും അവിടെ സ്ഥിരമായ മുറികളും മററു സൗകര്യങ്ങളുമുണ്ടു്. ആ കൂററൻ കെട്ടിടത്തിൻെറ ഭീമമായ ചിലവുകറം നേരിടുന്നതിനായി അതിലൊരുഭാഗം ഇപ്പോറം മററുള്ളവക്കു് വാടകയ്ക്കു നല്കപ്പെട്ടിരിക്കുന്നു. മദ്രാസു് നഗരത്തിലെ അതിസുന്ദരങ്ങളായ കെട്ടിടങ്ങളിൽ ഒന്നാണു് കാത്തലിക്കു് സെൻറർ. അതിൻെറ ഉൽഘാടനാവസരത്തിൽ മദ്രാസിലെ മേയർ ആർച്ചുബിഷപ്പു് മത്തിയാസിനു് അയച്ച സന്ദേശത്തിൽ ഇങ്ങനെ പറയുകയുണ്ടായി.

''അഭിവന്ദ്യതിരുമേനി ഇന്നു് ഉൽഘാടനം ചെയ്യുന്ന ഈ കെട്ടിടം കത്തോലിക്കാസഭയുടെ ഊർജ്ജസ്വലതയുടെ ഒന്നാന്തരമൊരു തെളിവാണു്. നഗരത്തിലെ ഏററവും ഹൃദ്യമായ ദൃശ്യങ്ങളിലൊന്നായി മാറിയിരിക്കുന്ന കാത്തലിക്കു് സെൻറർ ഭാവിയിൽ നഗരത്തിലെ എല്ലാ സാംസ്കാരികപ്രവൎത്തനങ്ങളുടേയും കേന്ദ്രമായി മാറുകയും അഭിവൃദ്ധിയിൽനിന്നു് അഭിവൃദ്ധിയിലേക്കു മുന്നേറുകയും ചെയ്യട്ടെ.

## തിരുമേനിയുടെ മററു പ്രവൎത്തനങ്ങൾ

ആർച്ചുബിഷപ്പതിരുമേനിയുമായി റോമിൽവച്ചു സംസാരിക്കുകയായിരുന്ന ഫാദർ മോൺഗ്രൂർ ഒടുവിൽ ഇൻറർവ്യൂക്കാർ ചോദിക്കുന്ന ഒരു ചോദ്യം എറിഞ്ഞു: ''അങ്ങേയ്ക്കു്, താങ്കളുടെ സ്വന്തം രൂപതയ്ക്കുവേണ്ടി എന്തെങ്കിലും പദ്ധതികറം ഉണ്ടോ. മോൺസിഞ്ഞോർ?''

''തീർച്ചയായും. അദ്ദേഹം മറുപടി നൽകി ''അന്ധ-ബധിര-മൂകബാലകർക്കുള്ള സെൻറു് ലൂയിസു് സ്ഥാപനത്തോടനുബന്ധിച്ചു് ഒരു വലിയ വക്കുഷോപ്പു് പണിതീരാനുണ്ടു്. വക്കുഷോപ്പിൻെറ രണ്ടു ഭാഗങ്ങളും ഇപ്പോറം രണ്ടിടത്താണു്. അവ ഒന്നിച്ചു കൊണ്ടുവരണം. പിന്നെ എൻെറ രൂപതയിലെ കത്തോലിക്കരും അകത്തോലിക്കരുമായ എല്ലാവക്കും ദൈവാനുഗ്രഹം ലഭിക്കുവാനായി എനിക്കൊരു കാർമൽ പണിയണമെന്നുണ്ടു്. ചെമ്പകന്തുരിലെ കന്യാസ്ത്രീകളുമായി ഞാനിതെപ്പററി സംസാരിച്ചു കഴിഞ്ഞിരിക്കയാണു്. അവക്കൊരു പുതിയ രീതിയിൽ അതു പണിയണമെന്നാണാശ. എൻെറ തേനീച്ചകറംക്കു് ഒരു നല്ല കൂടുണ്ടാക്കിക്കൊടുക്കണമെന്നേ എനിക്കുള്ളൂ.

ഇപ്പറഞ്ഞ രണ്ടു പദ്ധതികളും പൂർത്തീകരിക്കപ്പെട്ടു എന്നു പ്രത്യേകിച്ചു പറയേണ്ടല്ലൊ. 1964–ൽ, അതായതു് മരണത്തിനു് ഒരു കൊല്ലംമുമ്പു് നമ്മുടെ കഥാനായകൻ തൻെറ അഭ്യുദയകാംക്ഷികൾക്കു് ഇങ്ങനെ എഴുതുകയുണ്ടായി:

1965–ൽ, ഡോൺ ബോസ്കോയുടെ സലേഷ്യൻ സഭാംഗമെന്നനിലയിൽ ഞാൻ പൂർത്തിയാക്കിയ അറുപതാം കൊല്ലം ആഘോഷിക്കപ്പെടുകയാണു്. അനന്തകരുണകൾ എനിക്കു നൽകിയ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്ന ഈ അവസരത്തിൽ ഗ്രാമങ്ങളിലെ പ്രേഷിതപ്രവർത്തനത്തിനായി ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുകയാണു്. ആവശ്യമായിടത്തൊക്കെ ദൈവാലയങ്ങളും, ആശ്രമങ്ങളും, സ്കൂളുകളും മഠങ്ങളും സ്ഥാപിക്കണമെന്നു് ഞാൻ വളരെ ആഗ്രഹിക്കുന്നു. വിവിധ പ്രദേശങ്ങളിലെ കത്തോലിക്കരുടെ സംഖ്യ വേഗം ഉയരുന്നതിനു് അതു് സഹായകമായിരിക്കും. തന്നെയുമല്ല, നമ്മുടെ മിഷനറിമാർക്കു് വലിയ പ്രോത്സാഹനവുമായിരിക്കും അത്തരം സ്ഥാപനങ്ങൾ.

ദീർഘമായ ഈ വിവരണം വായിച്ചു് നിങ്ങൾ ഒരു പക്ഷെ ചോദിക്കും, എങ്ങിനെയാണു് മത്തിയാസ് തിരുമേനി ഇത്തരത്തിലുള്ള ഭീമൻ പദ്ധതികൾക്കുവേണ്ട പണം കണ്ടെത്തിയതെന്നു്. ഉത്തരം വളരെ ലളിതമാണു്. ദൈവകരുണയിൽ അദ്ദേഹം വിശ്വസിച്ചു. പക്ഷെ ആ പഴയ പഴമൊഴിയുണ്ടല്ലോ താൻ പാതി, ദൈവം പാതി. അതിലും അദ്ദേഹം വിശ്വസിച്ചിരുന്നു. മദ്രാസ് മെത്രാപ്പോലീത്താ സ്വർഗ്ഗത്തിൽ നിന്നു മന്നാ വീഴുന്നതു കാത്തുനിന്നില്ല. കിട്ടാവുന്നേടത്തുനിന്നെല്ലാം സഹായം സ്വീകരിക്കുവാൻ അദ്ദേഹം അരമനയിൽ നിന്നു ഇറങ്ങിച്ചെന്നു. ഒന്നുരണ്ടുദാഹരണങ്ങൾ പറയാം.

തിരക്കേറിയ ജോലികൾ ഉണ്ടായിരുന്നിട്ടുകൂടി തിരുമേനി തൻെറ കത്തിടപാടുകൾ തനിയെയാണു ചെയ്തുകൊണ്ടിരുന്നതു്. ഒരു ദിവസം ഏകദേശം അമ്പതോളം കത്തുകൾ! മെത്രാപ്പോലീത്താ തിരുമേനിയുടെ സ്വന്തം കയ്പടയിലുള്ള കത്തിനു് കുറെ വെയിററുണ്ടു്. ഒരു മിഷനറി ആയിരിക്കുമ്പോഴേ മത്തിയാസ് തിരുമേനിക്കു് അറിയാം അക്കാര്യം. കൂടാതെ, സ്ട്രാസ്ബർഗിലെ സ്വന്തക്കാരുടെ വീട്ടിൽ ഒരു പ്രൊപ്പഗാൻഡാ ഓഫീസും അദ്ദേഹം നടത്തിപ്പോന്നു. അദ്ദേഹത്തിൻെറ കൂട്ടക്കാരിൽ ചിലർ അവിവാഹിതരായിരുന്നതുകൊണ്ടു് ഓഫീസുനടത്തിപ്പിനു മററാരെയും തിരക്കേണ്ടിവന്നില്ല. തിരുമേനിയെപ്പററി ഏററവും പുതിയ വാർത്ത ആ ഓഫീസിൽനിന്നു് സ്വന്തപ്പെട്ടവർക്കു ലഭിച്ചുകൊണ്ടിരുന്നു. വർഷത്തിൽ രണ്ടുപ്രാവശ്യം അവിടെനിന്നു് ഒരു സർക്കുലർ

പുറത്തിറങ്ങും. അഭ്യുദയകാംക്ഷികളെ തിരുമേനിയുടെ വിവിധങ്ങളായ ജോലികളെപ്പററി അറിയിക്കുകയും സഹായം അഭ്യൎത്ഥിക്കുകയും ചെയ്യുകയായിരുന്നു സക്കുലറിൻെറ ലക്ഷ്യം.

പത്രങ്ങൾ എല്ലാവിധത്തിലും അദ്ദേഹത്തിനു വളരെയേറെ പിന്തുണ നല്ലിപ്പോന്നിരുന്നു. മിക്കപ്പോഴും അദ്ദേഹം പത്രക്കാരുടെ സഹായം അഭ്യൎത്ഥിക്കുകയും ചെയ്യുമായിരുന്നു. ഉദാഹരണത്തിനു് ഫാദർ മോൺഗ്ലർ പത്രാധിപരായിരുന്ന ഫ്രഞ്ചു് സലേഷ്യൻ ബുള്ളററിനിൽ മിക്കപ്പോഴും തിരുമേനിയുടെ പേർ പരാമൎശിക്കപ്പെട്ടമായിരുന്നു. പക്ഷെ അപ്പോഴൊക്കെ അദ്ദേഹത്തിൻെറ സ്ട്രാററ്സ്ബർഗിലെ പോസ്റ്റ്ബോക്സ് നമ്പറാണ വലിയ അക്ഷരത്തിൽ കൊട്ടത്തിരുന്നതു്. ആ ബുള്ളററിൻ ഫ്രാൻസിൽ മാത്രമല്ല വായിക്കപ്പെട്ടിരുന്നതു്. നോൎത്തു് ആഫ്രിക്കയിലും ഫ്രഞ്ചുസംസാരിക്കുന്ന സ്വിററ്സർലണ്ടിലെയും ബെൽജിയത്തിലെയും കാനഡായിലെയും സ്ഥലങ്ങളിലും അതു് പ്രചരിച്ചിരുന്നു. പത്രാധിപക്കുറിപ്പിൻെറ പേജിൽ ആകൎഷണീയമായ തിരുമേനിയുടെ ഒരു ചിത്രം മിക്കവാറും പ്രത്യക്ഷപ്പെട്ടും. ഹൃദയഹാരിയായ പുഞ്ചിരി തത്തിക്കളിക്കുന്ന അദ്ദേഹത്തിൻെറ ഫോട്ടോകൾ ബുള്ളററിലെ അദ്ദേഹത്തിൻെറ ലേഖനങ്ങൾക്കൊരു പ്രത്യേകത നേടിക്കൊടുത്തു. പത്രക്കാൎക്കു് അദ്ദേഹത്തിൻെറ ലേഖനങ്ങൾ ഉപേക്ഷിക്കാൻ ഒരിക്കലും മനസ്സുവരാഞ്ഞതിൻെറ കാരണം ഒപ്പം അയച്ചിരുന്ന സുസ്മേരവദനനായ തിരുമേനിയുടെ ഫോട്ടോകൾ ആയിരിക്കാം ഒരു പക്ഷെ.

പാരീസിലെയും ലിയോണിലേയും പ്രൊവിൻഷ്യാൾമാരിലൊരാളായ ഫാദർ അമീൽ അടുത്തകാലത്തയച്ച ഒരു കത്തു്, മത്തിയാസ് തിരുമേനിയുടെ ഷില്ലോങ്ങിലെ പ്രചരണപരിപാടികളുടെ വിജയരഹസ്യങ്ങളിലേക്കു വിരൽചൂണ്ടുന്നുണ്ടു്. ആ കത്തിൽ ഇങ്ങിനെ പറയുന്നു:

....ഞാൻ ടൂറിനിൽ ആയിരിക്കുമ്പോഴാണു്, ആസ്സാമിൽ മോൺ. മത്തിയാസ് ഒരു കുഷ്ഠരോഗകോളനി സ്ഥാപിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചതു്. അതിനുവേണ്ടി ഫ്രാൻസിലെ എല്ലാ രൂപതകളിലും സഹായാഭ്യൎത്ഥനകൾ നടത്തണമെന്നു് അദ്ദേഹം എനിക്കെഴുതി. എൻെറ കീഴിൽ അന്നുണ്ടായിരുന്ന നൊവീസുകൾ ആണു് ലഘുലേഖകൾ തയാറാക്കി കത്തോലിക്കാകോളേജുകളിലേക്കു് അയച്ചതു്. വൈദികപ്രമുഖരെയെല്ലാം മത്തിയാസ് തിരുമേനി ഇക്കാര്യത്തിനുവേണ്ടി സമീപിച്ചിരുന്നു. ലഘുലേഖകൾ ഒരു വണ്ടിനിറച്ചാണു് ഒരിക്കൽ എൻെറ സഹപ്രവൎത്തകൻ പോസ്റ്റോഫീസിൽകൊണ്ടുപോയി മെയിൽ ചെയ്തതു്! വലിയ കെട്ടുകൾ കണ്ടപ്പോൾ

പോസ്റ്റുമാസ്റ്റർ ജനറൽ മുകളിലേക്കു നോക്കി. ഇത്രയും വലിയ ഭാരം എങ്ങിനെ അയയ്ക്കാനാണ്! ഒടുവിൽ ഞങ്ങളുടെ നിർബ്ബന്ധത്തിനുവഴങ്ങി ബാച്ചുകളായി ആ കെട്ടുകളെല്ലാം അയയ്ക്കാമെന്നദ്ദേഹം സമ്മതിച്ചു. പക്ഷെ അദ്ദേഹത്തെ സഹായിക്കാൻ ഞങ്ങൾ സഹായികളെ അയച്ചുകൊടുക്കേണ്ടിവന്നു. സാധാരണ പൗരന്മാരുടെ വേഷത്തിൽ മൂന്നു നൊവീസുകളെ ഞങ്ങൾ പോസ്റ്റോഫീസിലേക്കയച്ചു. അവർ മൂന്നു ദിവസംകൊണ്ടാണ് കവറുകളിലെല്ലാം മുദ്രവച്ചുതീർന്നത്. ഞങ്ങളുടെ ആ പ്രയത്നത്തിനു പെട്ടെന്നു ദൈവം ഫലംതന്നു. ഏററവും സമീപമായ ഭാവിയിൽതന്നെ ഷില്ലോങ്ങ് തിരുമേനി ടൂറിൻ സന്ദർശിച്ച് ആ നൊവീസുകളുടെ ഭഗീരഥപ്രയത്നങ്ങൾക്കും സഹകരണത്തിനും പ്രത്യേകമായി നന്ദിപറയുകയും ചെയ്തു. ആർച്ചു ബിഷപ്പ് മത്തിയാസ് തിരുമേനിയുടെ കെട്ടിടനിർമ്മാണപ്രവർത്തനങ്ങളെപ്പററിയുള്ള ഒരു ചെറിയ സ്ഥിതിവിവരക്കണക്കാണു താഴെ കൊടുത്തിരിക്കുന്നത്.

1. ദേവാലയങ്ങൾ. (സാമാന്യം വലിയവ). പഴയ ഇടവകപ്പള്ളികൾ ആകമാനം പുതുക്കിയതും പുതിയതായി രൂപംകൊണ്ട ഇടവകകൾക്കുവേണ്ടി പണിതവയും–35

2. രൂപതാപ്രാന്തങ്ങളിലെ ചാപ്പലുകൾ പുതിയവ-15
3. ഇടവകമന്ദിരങ്ങൾ– പുതിയവയും മൊത്തം പുതുക്കിയവയും–44
4. സ്കൂളുകൾ–എലിമെൻററിയോ ഹയ്യർ എലിമെൻററിയോ-25
5. ഹൈസ്കൂളുകൾ-6
6. വികസിപ്പിച്ച അനാഥമന്ദിരങ്ങൾ–4
7. സെമിനാരികൾ. മൈനറും മേജറും–2
8. കോൺവൻറുകൾ, നൊവീഷ്യേററുകൾ, മദർ ഹൗസുകൾ തുടങ്ങിയവ–11
9. ധ്യാനത്തിനുവേണ്ടി ഒരു വലിയ ഭവനം.
10. വേദോപദേശകർക്കുള്ള പരിശീലനകേന്ദ്രം.
11. ഹതഭാഗ്യരായ പാവങ്ങൾക്കുവേണ്ടി ഒരു മേഴ്സി ഹോം.
12. കാത്തലിക്ക് സെൻറർ
13. പ്രായംചെന്ന പുരോഹിതർക്കുവേണ്ടി ഒരു ഭവനം.
14. ആൺകുട്ടികൾക്കൊരു സാങ്കേതികവിദ്യാലയം.
15. അന്ധബധിരമൂകർക്കുള്ള സ്കൂൾ.

ഈ പട്ടികയിൽ വിപുലമായ രീതിയിൽ റിപ്പയർ ചെയ്യപ്പെട്ട പള്ളികൾ ചാപ്പലുകൾ, സ്കൂളുകൾ, ഡിസ്പെൻസറികൾ തുടങ്ങിയവയുടെയൊന്നും കണക്കു കൊടുത്തിട്ടില്ല.

ഇന്ത്യയിലെ സ
ലേഷ്യൻ മെത്രാ
ന്മാർ: ആർച്ചു
ബിഷപ്പ് മത്തി
യാസ്, ആർച്ചു
ബിഷപ്പ് ഫെ
രാൻഡൊ, ആ
ച്ച് ബിഷപ്പ്
മോറൊ, ആർച്ചു
ബിഷപ്പ് മരെം
ഗൊ.



നിരാലംബരെയും പാവപ്പെട്ടവരെയും തിരുമേനി വളരെ കരുണയോടെ വീക്ഷിച്ചു. അവർക്കു സ്നേഹം പകർന്നുകൊടുക്കാൻ അവിടുന്നു് പണിയെടുത്തു. അതിനു വേണ്ടി മദ്രാസിൽ പണിത രണ്ടു സാധു സംരക്ഷണകേന്ദ്രങ്ങളാണു് മെഴ്സിഹോമും, ബിയാററിട്യൂഡ്സും. ബിയാററിട്യൂഡ്സിൻെറ ഉൽഘാടനം തിരുമേനി നിർവ്വഹിക്കുന്നു.





നിരാലംബരായ കുട്ടികൾക്കുള്ള മെഴ്സി ഹോമിലെ വാർഡ്.
താഴെ: ബധിരർക്കുള്ള വാർഡ്.



കർദ്ദിനാറം പദവിയിലേക്കുയർത്തപ്പെട്ട അഭിവന്ദ്യശ്രേഷ്യസ് തിരുമേനി മദ്രാസിൽവച്ചു നല്കിയ സ്വീകരണമദ്ധ്യേ, പറഞ്ഞ ചില വാക്കുകളോടെ നമുക്കീ അദ്ധ്യായം അവസാനിപ്പിക്കാം.

"മെത്രാപ്പോലീത്താതിരുമേനി തൻെറ കെട്ടിടംപണി തുടരുകയും അതു ശക്തമാക്കുകയും ചെയ്യട്ടെ എന്നു ഞാനാശിക്കുന്നു". വിശ്വാസത്തിൽ ശക്തമാക്കട്ടെ എന്നർത്ഥമുള്ള എഡിഫികാരെ എന്ന ലാററിൻ വാക്കാണദ്ദേഹം ഉപയോഗിച്ചതു്. അദ്ദേഹമാകട്ടെ തൻെറ കെട്ടിടം പണി ജീവിതാവസാനംവരെ തുടരുകയും ചെയ്തു. സെൻറ്തോമസ് അപ്പസ്തോലൻ കബറടങ്ങിയ ആ മലഞ്ചെരുവുകളിൽ ഒരു ആധുനിക കാൽവരി പണിയണമെന്നതായിരുന്നു അദ്ദേഹത്തിൻെറ അവസാനത്തെ ആഗ്രഹങ്ങളിലൊന്നു്. അതൊരു നല്ല ഉപസംഹാരമായിരുന്നു. അദ്ദേഹത്തിൻെറ എല്ലാ പ്രവർത്തനങ്ങളുടേയും ലക്ഷ്യം കാൽവരിയിലെ ബലിയുടെ ഫലങ്ങറം ഭൂമിയിൽ എത്തിക്കുക എന്നതായിരുന്നല്ലോ.

അദ്ധ്യായം 16

# ഐക്യദാഹിയും നയതന്ത്രജ്ഞനും

നാമിന്നു് എക്യൂമിനിസത്തിൻെറ ദിവസങ്ങളിലാണു് ജീവിക്കുന്നതു്. വത്തിക്കാൻ കൗൺസിലിൻെറ തീരുമാനമാണല്ലോ അതു്. ഇൻഡ്യയിൽ അദ്ദേഹം വന്നെത്തിയ കാലഘട്ടത്തിൽതന്നെ സാർവ്വത്രിക സഭ എന്ന ആശയത്തിനുവേണ്ടി മോൺ. മത്തിയാസു് ശ്രമിച്ചിരുന്നു എന്നതാണു് വാസ്തവം.

ആസ്സാമിലെത്തിയപ്പോൾ അവിടെ പ്രൊട്ടസ്റ്റൻറു മിഷനുകൾ സുസ്ഥാപിതമായിരിക്കുന്നതായി അദ്ദേഹം കണ്ടു. ആരംഭം മുതലേ പുതിയ പ്രീഫെക്ടു് അപ്പസ്തോലിക്, പ്രൊട്ടസ്റ്റൻറ് പുരോഹിതന്മാരുമായും അവരുടെ മെത്രാന്മാരുമായും ദൃഢമായ സുഹൃൽബന്ധമാണു് പുലർത്തിപ്പോന്നതു്.

ആസാമിലെ അന്നത്തെ പ്രൊട്ടസ്റ്റൻറ് ബിഷപ്പ് വിശാലമനസ്ലനും, തീക്ഷ്ണത നിറഞ്ഞവനുമായിരുന്നു. അദ്ദേഹവും മോൺസിഞ്ഞോർ മത്തിയാസും തമ്മിലുള്ള ബന്ധം വളരെ സൗഹാർദ്ദപരമായിരുന്നു. "എൻെറ ആദ്യത്തെ മിഷനറിയാത്രയിൽ ഞാനദ്ദേഹത്തെ കണ്ടു മുട്ടിയപ്പോൾ, നല്ലവനായ എൻെറ അയൽക്കാരനോടു് ഒരു കാര്യം ഓർമ്മപ്പെടുത്താൻ ഞാൻ ശ്രമിച്ചു. അതായതു് ആസ്സാമിലെ ബിഷപ്പെന്ന ഔദ്യോഗികസ്ഥാനം അദ്ദേഹത്തിനു കിട്ടിയതു് ഷില്ലോങ്ങിലെ കത്തോലിക്കാമിഷൻ കേന്ദ്രത്തിൻെറ മുററത്തുവച്ചാണു്" മത്തിയാസു് തിരുമേനി എഴുതി.

അതു് അദ്ദേഹത്തെ വളരെയധികം രസിപ്പിച്ചു, അദ്ദേഹം മിക്കപ്പോഴും ഡിബ്രൂഗറിലെ തേയിലത്തോട്ടങ്ങൾക്കടുത്തുള്ള വസതിയിൽ താമസിക്കാൻ പോകുമായിരുന്നു. അവിടെ അദ്ദേഹത്തിനു വളരെയധികം അനുയായികളും ഉണ്ടായിരുന്നു. ആ ജില്ലയിൽ എപ്പോൾ ചെന്നാലും അദ്ദേഹത്തെ സന്ദർശിച്ചിട്ടേ ഞാൻ മടങ്ങുമായിരുന്നുള്ളു. ഓരോ സന്ദർശനാവസരത്തിലും എനിക്കു് ഒന്നാന്തരം ഒരു കപ്പു ചായ കിട്ടുമെന്നതു തീർച്ച. ഒരു അവസരത്തിൽ അദ്ദേഹമെന്നെ ഒരു വാരാന്ത്യം അവിടെ കഴിക്കാൻ ക്ഷണിച്ചു. ഞാനദ്ദേഹത്തിനു നന്ദി പറഞ്ഞു, പക്ഷെ എനിക്കു് ആ ക്ഷണം സ്വീകരിക്കാൻ

കഴിയുമായിരുന്നില്ല. പിറേറന്നു തന്നെ ഞാൻ മടങ്ങിപ്പോകേണ്ടിയിരുന്നു. ഞാനദ്ദേഹത്തോട്ട് തമാശയായി പറഞ്ഞു, 'ഞാനിങ്ങനെ തിരുമേനിയെ എപ്പോഴുമെപ്പോഴും സന്ദർശിക്കുന്നതു് എൻെറ വിശ്വാസികൾ അറിഞ്ഞാൽ അവർ കരുതും ഞാനുമൊരു ആംഗ്ലിക്കൻ ആകാൻ പോകയാണെന്നു്''.

''പക്ഷെ മാനസ്സാന്തരത്തിനു് എന്തെങ്കിലും ചാൻസുണ്ടെങ്കിൽ അതു് താങ്കളുടെ പക്ഷത്തുനിന്നല്ല, എൻെറ പക്ഷത്തു നിന്നായിരിക്കും'' എന്നു് മോൺസിഞ്ഞോർ ഹബ്ബാഷ് ഗൗരവസ്വരത്തിൽ എന്നോടു മറുപടി പറഞ്ഞു. ഇതെല്ലാം ഒരു കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു, അതായതു് പിരിഞ്ഞുപോയ നമ്മുടെ സഹോദരങ്ങളുമായി ഇടപെടുമ്പോൾ നാം വളരെയധികം സൂക്ഷിക്കണം. അവർ വളരെ പ്രയാസമേറിയ മാനസിക പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കയാണെന്ന വസ്തുത നാം വിസ്മരിക്കരുതു്.

മോൺസിഞ്ഞോർ ഡയറിക്കുറിപ്പിൽ ഇങ്ങനെ തുടരുന്നു. ''ഈ നല്ലവനായ ഇംഗ്ലീഷ് ബിഷപ്പ് എനിക്കു് നവവത്സരാശംസകൾ അയച്ചുതരാൻ ഒരിക്കലും മറന്നുപോയിരുന്നില്ല. മുപ്പതുവത്സരക്കാലം, ഞാൻ ഹൃദയപൂർവ്വം രേഖപ്പെടുത്തട്ടെ, അദ്ദേഹം ഒരു യഥാർത്ഥസുഹൃത്തായിരുന്നു എല്ലാ അവസരങ്ങളിലും എനിക്കു്. ഞാൻ തീർച്ചയായും ഒരിക്കൽ സ്വർഗ്ഗമെന്ന നമ്മുടെ പൊതുവസതിയിൽവച്ചു് അദ്ദേഹത്തെ കണ്ടുമുട്ടുമെന്നു് വിശ്വസിക്കുകയാണു്''.

മോൺ. മത്തിയാസ് മദ്രാസിൽ എത്തിയപ്പോൾ, അദ്ദേഹം ഐക്യതാമനഃസ്ഥിതി കുറെക്കൂടി വളക്കൂറുള്ള ഒരു സ്ഥലം കണ്ടെത്തി എന്നു പറയാം. സ്ഥാനാരോഹണത്തിനുശേഷം അധികം താമസിയാതെ, ഒരു ടെക്നിക്കൽ സ്കൂളും ഒരു കാർഷിക സ്കൂളും ഏതോ ബാപ്റ്റിസ്റ്റ് പ്രൊട്ടസ്റ്റൻറുകാർ നടത്തിവരുന്നുണ്ടു് എന്നദ്ദേഹം മനസ്സിലാക്കി. അദ്ദേഹം അവരെ സന്ദർശിക്കുവാൻ ആഗ്രഹിച്ചു. ആദ്യത്തെ സന്ദർശനം ഇരുകൂട്ടർക്കും മറക്കാനാവാത്ത സ്മരണകൾ നല്കി. അനൗദ്യോഗികമായ ആ സന്ദർശനാവസരത്തിൽ തൻെറ അഭിനന്ദനങ്ങൾ ആ വിദ്യാലയങ്ങളുടെ നടത്തിപ്പുകാരായ പ്രൊട്ടസ്റ്റൻറുകാരെ അറിയിക്കുവാൻ അദ്ദേഹം മടിച്ചതേയില്ല.

തൻെറ പതിവുള്ള ഗ്രാമസന്ദർശനവേളയിലൊരിക്കൽ അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിക്കാനുള്ള പ്രാഥമികമായ തയാറെടുപ്പിൽ മുഴുകിയിരിക്കുന്ന കുറെ കുട്ടികളെ കാണുകയുണ്ടായി. ആ പാവപ്പെട്ട കുട്ടികളെ സഹായിക്കുവാൻ ഒരു സ്കൂളും ഒരു ചാപ്പലും അടിയന്തിരമായി പണിയേണ്ടിയിരുന്നു.

പക്ഷെ അവിടെയുള്ള പ്രോട്ടസ്റ്റൻറു സ്കൂളിനടുത്തല്ലാതെ മറെറങ്ങും സ്ഥലം കിട്ടുവാനില്ലായിരുന്നു. അതുകൊണ്ടു് ആ സഹോദരസഭക്കാർക്കു് വിഷമം ഉണ്ടാകാതിരിക്കത്തക്കവണ്ണം പ്രവർത്തിക്കുവാനാണു് ആർച്ചുബിഷപ്പുതിരുമേനി തീരുമാനിച്ചതു്. മറേറതെങ്കിലും ഗ്രാമത്തിൽ സ്ഥലം തിരക്കാം നമുക്കു്. കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിൽ എതിർപ്പാണെന്നു് മററാരും അറിയാത്ത ഒരു സ്ഥലം മതി. അടുത്തടുത്തു് എതിർകക്ഷികൾ പ്രവർത്തിക്കുന്നതു് രണ്ടു കൂട്ടർക്കും നന്നല്ല. മററു മതസ്ഥരുടെ ഇടയിൽ നാം അപഹാസ്യരുമാകും, അദ്ദേഹം പറഞ്ഞു. മദ്രാസിലെ പ്രോട്ടസ്റ്റൻറ് ഇൻഡ്യൻ ബിഷപ്പായിരുന്ന റെവ. ചെല്ലപ്പാ, തൻെറ ബഹുമാന്യനായ കത്തോലിക്കാ സഹപ്രവർത്തകൻെറ വൈദികജീവിതത്തിൻെറ സിൽവർജൂബിലി ആഘോഷാവസരത്തിൽ ഇങ്ങനെ പറയുകയുണ്ടായി.

"ഒരു ഫ്രഞ്ചുകാരനാണു് മോൺസിഞ്ഞോർ മത്തിയാസ്. പക്ഷെ അദ്ദേഹം ഇന്നു് എല്ലാവിധത്തിലും ഈ നാടിനോടു് ഇഴുകിച്ചേർന്നിരിക്കുന്നു. തൻെറ സേവനം ഇൻഡ്യക്കു നല്ലുവാൻ അദ്ദേഹം പ്രതിജ്ഞാബദ്ധനാണു്. നമുക്കു് ഒരന്യനായി കരുതാൻ കഴിയാത്തവിധം അദ്ദേഹം ഈ രാജ്യത്തെ സ്നേഹിക്കുന്നു. നാമെന്നു ഞാൻ പറഞ്ഞതു് അദ്ദേഹം ആയിരക്കണക്കിനു കത്തോലിക്കാവിശ്വാസികളുടെ പിതാവായതുകൊണ്ടു മാത്രമല്ല, മദ്രാസിലെ എല്ലാ ഭാരതീയരുടെയും പേരിലാണു്. അർപ്പണബുദ്ധിയോടെ പ്രവർത്തിക്കുന്ന ഈ വൈദികോത്തംസൻ ഒരിക്കലും സ്വന്തം സഭയുടെ അതിരുകൾക്കുള്ളിൽ മാത്രമായി തൻെറ പ്രയത്നങ്ങളെ ഒതുക്കി നിർത്തിയിരുന്നില്ല. ലോകരെല്ലാം അദ്ദേഹത്തിൻെറ സമുദായാംഗങ്ങളായിരുന്നു. വേദപുസ്തകത്തിലെ നല്ല സമരിയാക്കാരനെപ്പോലെ സഹായമാവശ്യമുള്ള ഏവനേയും സ്വന്തം അയൽക്കാരനായി കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹം ഏതു പ്രവർത്തനത്തിൽ ഏർപ്പെട്ടാലും, വിദ്യാഭ്യാസപരമാകട്ടെ, ഭൂതദയാപരമാകട്ടെ, സാമൂഹ്യപരമാകട്ടെ, അതിൻെറ ഫലങ്ങൾ വർഗ്ഗഭേദമില്ലാതെ എല്ലാവർക്കും ലഭിക്കുന്നതിനു് ഇടയാകുന്നു എന്നതിൽ എനിക്കത്ഭുതം ലേശവുമില്ല. എല്ലാററിനും ഉപരിയായി, ആർച്ചുബിഷപ്പുതിരുമേനിയുടെ ഭരണകാലത്തു് കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരും തമ്മിൽ ഗാഢമായ സൗഹാർദ്ദത വളർന്നു എന്ന വസ്തുതകൂടി ഞാനിവിടെ പ്രസ്താവിക്കട്ടെ. വാർഷിക തിരുനാളുകളിൽ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും പരസ്പരം സഹായിച്ചിരുന്നു എന്ന കാര്യം പലരും നന്ദിപൂർവ്വം അനുസ്മരിക്കുന്നുണ്ടു്. നാം തമ്മിലുള്ള ഭിന്നതകൾ മറക്കുകയും മദ്രാസിലെ ജനങ്ങൾക്കു മെച്ചപ്പെട്ട സേവനം നല്കുകയും ചെയ്യാൻ കഴിഞ്ഞാൽ അതിൽപ്പരം ഒരു ക്രൈസ്തവമനോഭാവം പ്രദർശിപ്പിക്കാനില്ല. മോൺസിഞ്ഞോർ മത്തിയാസിനെ

പ്പോലുള്ള പുണ്യാത്മാക്കളുടെ ജീവിതങ്ങരം നമ്മെ ഒരു കാര്യം ഉണർത്തുന്നു. അതായതു് എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളും ഒരിക്കൽ ഒന്നാകുമെന്ന പ്രതീക്ഷ ഒരിക്കലും അസ്ഥാനത്തല്ല, എന്നു്–അതു് കർത്താവിൻെറ തിരുമനസ്സാകുന്നു എന്നു്. ഒരാരം ബിഷപ്പെന്ന നിലയിലോ, അല്ലെങ്കിൽ ഇൻഡ്യയിലെ വെറു മൊരു പൗരനെന്ന നിലയിലോ സംസാരിക്കുമ്പോരം മദ്രാസിലെ മെത്രാപ്പോലീത്താതിരുമേനിയുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കാതിരിക്കുവാൻ അയാരംക്കു തീർച്ചയായും കഴിയില്ല. കഴിഞ്ഞ കാലങ്ങരംക്കുവേണ്ടി ദൈവത്തിനു നന്ദിപറയുവാനും വരുംകാലങ്ങരംക്കുവേണ്ടി ദൈവത്തോടു പ്രാൎത്ഥിക്കുവാനും ഞാനീഅവസരം ഉപയോഗിക്കട്ടെ. വിനയവാനായ ഒരു ബിഷപ്പിനു് ഒരു ആർച്ചുബിഷപ്പിനെ ആശീർവദിക്കുവാൻ സാധ്യമാണെങ്കിൽ ഞാനതു് ഹൃദയപൂൎവ്വം ചെയ്യുന്നു. അദ്ദേഹത്തിൻെറ ജീവിതം തെളിയിച്ച സ്വൎണ്ണപ്രകാശം സ്വൎഗ്ഗത്തിൻെറ അനുഗ്രഹങ്ങരംകൊണ്ടു് മുമ്പെന്നത്തെക്കാളും ഭാസുരമാകട്ടെ എന്നു ഞാനാശംസിക്കുന്നു. സകലതും ദൈവത്തിൻെറ മഹത്വത്തിനുവേണ്ടിയാണല്ലോ''.

ഒരു കത്തോലിക്കാബിഷപ്പിനെക്കാരം ഹൃദയംഗമമായും സ്നേഹപൂൎണ്ണമായും, സംസാരിക്കുവാൻ നവീകരണസഭയുടെ ഒരു ബിഷപ്പിനു സാധിച്ചു എന്നു നാം സമ്മതിച്ചേ പറ്റൂ.

നമ്മുടെ വേർതിരിഞ്ഞുപോയ ഒരു സഹോദരൻ മോൺ. മത്തിയാസിനെപ്പററി എഴുതുന്നതിപ്രകാരമാണു്. “1964 ഒക്ടോബറിലെ ഒരു ഞായറാഴ്ച പ്രഭാതത്തിൽ മദ്രാസിലെ ലയോളാ കോളജ്ഹാളിൽവച്ചു് സാമൂഹ്യപ്രവർത്തനത്തെ സംബന്ധിച്ച നടന്ന ഒരു സെമിനാറിൽവച്ചാണു് ആർച്ചുബിഷപ്പ് ലൂയിസ് മത്തിയാസിനെ കാണുവാൻ എനിക്കു് അവസരം ലഭിച്ചതു്.

അദ്ദേഹം നേരത്തെതന്നെ മീററിങ്ങിൽ സംബന്ധിക്കാനായി എത്തിയിരുന്നു. മെത്രാപ്പോലീത്തായ്ക്കുടുത്ത വേഷവിധാനങ്ങളോടെ, ചെമന്ന അരപ്പട്ടയും വലിയ ക്രൂശുരൂപവും ധരിച്ചു് അവിടെ അദ്ദേഹം വന്നപ്പോരം ആ രൂപം ജീവത്തായ ഏതോ ഒരു സംഭവംപോലെ എനിക്കു തോന്നി. ഞങ്ങരം അദ്ദേഹത്തിനു ഹസ്തദാനം നൽകി. എല്ലായിടത്തും കത്തോലിക്കർ മുട്ടുകുത്തിനിന്നു മോതിരം ചുംബിക്കുമ്പോരം നേരെ നിന്നു കൈനീട്ടിയ ഞങ്ങളെ അദ്ദേഹം അവഗണിക്കുമോ എന്നു ഞങ്ങരം ശങ്കിച്ചിരുന്നു. ഇടതൂൎന്നുവളൎന്ന കാട്ടിനുള്ളിലെ സൂര്യോദയംപോലെ, മീശ തിങ്ങിയ ആ മുഖത്തെ ചിരി ഞങ്ങളെ ആശ്വസിപ്പിച്ചു. ഞങ്ങരം നിരാശരായില്ല.

അദ്ദേഹത്തിൻെറ പ്രസംഗം കേരംക്കാൻ എല്ലാവരും കാത്തിരിക്കയായിരുന്നു. ഭൂതദയാപ്രവൎത്തനങ്ങളുടെ ക്രിസ്ത്യയീ

മായ അടിസ്ഥാനത്തെപ്പററി പറഞ്ഞതിനുശേഷം, അദ്ദേഹം ഗവണ്മെൻറിൻെറ ചില സാമൂഹ്യനയങ്ങളെ വിമർശിക്കാൻ ആരംഭിച്ചു. അദ്ദേഹത്തിൻെറ വിമർശനം ചിലപ്പോഠം നിശിതമായിരുന്നു. അഞ്ചുവർഷങ്ങളിലും പഞ്ചവത്സരപദ്ധതികളിലും കമ്മ്യൂണിററി ഡെവലപ്പ്മെൻറ് പ്രൊജക്റ്ററുകളിലും കുരുങ്ങിക്കിടക്കുന്ന പദ്ധതികഠം! കത്തോലിക്കാസഭയ്ക്കു സാമൂഹ്യപ്രവർത്തനങ്ങളിലുള്ള വീക്ഷണഗതികളെ വിശകലനം ചെയ്തു നടത്തിയ ആ പ്രസംഗം എഴുതപ്പെട്ട ഒന്നാന്തരം ഒരു തീസീസ് ആയിരുന്നു. ആ പ്രസംഗം നടത്തിയ മനുഷ്യനോ അതിൻെറ മൂർത്തീഭാവവും!

## അദ്ദേഹം പാവങ്ങളെ സ്നേഹിച്ചു

അതു തീർച്ചയായിരുന്നു. അദ്ദേഹം പാവങ്ങളെ സ്നേഹിച്ചിരുന്നു. അദ്ദേഹം അവരെ സന്ദർശിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ദയാപ്രവൎത്തനങ്ങളുടെയെല്ലാം ലക്ഷ്യം അവരുടെ ഉന്നമനമായിരുന്നു. അദ്ദേഹം ആശുപത്രികഠം പണിയുകയും അവയിൽ ചിലവ വികസിപ്പിക്കുകയും ചെയ്തു. പാവപ്പെട്ടവൎക്കുവേണ്ടി അദ്ദേഹം അനാഥാലയങ്ങളും വിശ്രമസങ്കേതങ്ങളും പണുതുയർത്തി. അദ്ധ്വാനിക്കുന്നവൎക്കുവേണ്ടി അദ്ദേഹം കൃഷിക്കളങ്ങളും വ്യാവസായികകേന്ദ്രങ്ങളും നിർമ്മിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ അവസാനത്തെ സമ്മേളനത്തിൽ സംബന്ധിക്കുവാൻ പോകുന്നതിനു തൊട്ടുമുമ്പ് അദ്ദേഹം ചെയ്ത പ്രവൃത്തി എന്തായിരുന്നെന്നോ. ബ്രോഡ്വെയിൽ ഒരു യൂത്ത്സെൻററിനു തറക്കല്ലിടുക. സമുദായത്തിലെ പാവപ്പെട്ട ചെറുപ്പക്കാരുടെ ഭൗതികവും സന്മാൎഗ്ഗികവുമായ പുരോഗതിയായിരുന്നു യൂത്ത്സെൻററിൻെറ ഉദ്ദേശ്യലക്ഷ്യം. മദ്രാസിലെ കിൽപൗക്കിൽ സാധുക്കഠംക്കു വഴി തെററിപ്പോയ ദുർഭഗർക്കുംവേണ്ടി ഒരു മേഴ്സിഹോം നിർമ്മിച്ചതും അദ്ദേഹത്തിൻെറ ഉത്സാഹത്തിലായിരുന്നു. നഗരത്തിലെ കത്തോലിക്കാ സാമൂഹ്യപ്രവൎത്തനങ്ങഠംക്ക് ഒരു ഉദാഹരണതിലകമാണാഭവനം.

പൗരോഹിത്യജീവിതത്തിലെ അമ്പത്തിരണ്ടു കൊല്ലങ്ങഠം അദ്ദേഹം നന്മചെയ്തുകൊണ്ടു് ചുററി നടന്നു. അദ്ദേഹം പോയേടത്തെല്ലാം തിരുസഭ ചെന്നെത്തി. അവിടത്തെ സമൂഹത്തിൽ അദ്ദേഹമൊരു കാന്തികശക്തിയായി മാറി.

ഭിന്നിച്ചുപോയ ക്രൈസ്തവസഭകളുമായി ഐക്യത്തിനുവേണ്ടി സംഭാഷണങ്ങഠം നടത്തണമെന്ന തീരുമാനം രണ്ടാം വത്തിക്കാൻ കൗൺസിൽ കൈക്കൊണ്ടപ്പോഠം, ഈ കാര്യങ്ങഠംക്കായി ആദ്യമായൊരു ഡയറക്ടറെ നിയമിച്ചതു് മോൺ.

മത്തിയാസ് തിരുമേനിയായിരുന്നു. ''മോൺസിഞ്ഞോർ ഒന്നാന്തരം ഒരു നയതന്ത്രജ്ഞനും കൂടിയായിരുന്നു,'' ഫാദർ മോൺഗ്ഗർ എഴുതുകയുണ്ടായി. ആ വിശേഷണം വളരെയേറെ അദ്ദേഹത്തിനു യോജിക്കുന്നുണ്ട്. അദ്ദേഹം വൈദികവൃത്തിയിൽ പ്രവേശിച്ചില്ലായിരുന്നെങ്കിൽ തീച്ച്യയായും ഒരു വൻവ്യവസായി ആയിത്തീരുമായിരുന്നു. സങ്കല്പത്തിലെ കണക്കുകൂട്ടലുകൾക്കനുസരിച്ച് നീങ്ങാനുള്ള ധൈര്യമാണല്ലൊ ഒരു വ്യവസായിക്കു പ്രധാനമായി വേണ്ട ഗുണം. അതു് നമ്മുടെ മത്തിയാസിന് ഉണ്ടായിരുന്നു. പ്രഥമദർശനത്തിൽ തന്നെ നമ്മെ ആകർഷിച്ചു കീഴ്പ്പെടുത്തുന്ന ഒരു അപൂർവ്വവ്യക്തിത്വമായിരുന്നു അദ്ദേഹത്തിൻെറതു്. ഒരിക്കലും പുഞ്ചിരി മായാത്ത ആ മുഖം. സരസമായ സംഭാഷണം. ആരും അടിമപ്പെട്ടുപോകും തിരുമേനിയുമായി ഒരിക്കലെങ്കിലും സന്ധിച്ചാൽ.

ആ ഹൃദയം സ്വർണ്ണമാണെന്നു മനസ്സിലാക്കാൻ ആക്കും അധികനേരം വേണ്ടിവരില്ല. എനിക്കു വ്യക്തിപരമായി അറിയാവുന്ന എത്രയെത്ര അനുഭവങ്ങൾ ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. ഞാനവ വിവരിക്കുന്നില്ല. ഒരു നയതന്ത്രജ്ഞനുവേണ്ട വെറും മാനുഷികമായ ഗുണങ്ങൾ മാത്രമാണവ. അദ്ദേഹം ജീവിതം മുഴുവനും അങ്ങിനെയായിരുന്നു. ഇവിടെ രണ്ടു സന്ദർഭങ്ങൾ പ്രത്യേകപ്രസ്താവമർഹിക്കുന്നു. 1955-ൽ കാരണമൊന്നും പറയാതെ മോൺ. മത്തിയാസിനെ റോമിലേക്കു വിളിക്കുകയുണ്ടായി. എന്താണ് കാര്യമെന്നറിയാതെ അദ്ദേഹം പോകുകയും ചെയ്തു. അദ്ദേഹത്തിൻെറ സുഹൃത്തുക്കളും ജിജ്ഞാസുക്കളായിരുന്നു. അദ്ദേഹമിനിയൊരിക്കലും ഇൻഡ്യയിലേക്കു മടങ്ങി വരില്ലേ? റോമിൽ അദ്ദേഹം മുങ്ങിപ്പോകുമോ എന്നൊക്കെ അവർ ശങ്കിച്ചു. പക്ഷെ അദ്ദേഹത്തിനു കിട്ടിയതു് ഒരു ദൗത്യമായിരുന്നു. അലക്സാണ്ഡ്രിയായിലെ കോപ്റ്റിക് പട്രിയാർക്കേററ് സന്ദർശിക്കുക. പിന്നെ അദ്ദേഹത്തിന് എരിട്രിയായിലെ അസ്മാറായിലെക്കാണ് പോകേണ്ടിയിരുന്നതു്. സഭയുടെ ഔദ്യോഗിക സന്ദർശകനായി അസ്മാറായിൽ ചെന്ന മോൺ. മത്തിയാസിന് ചില കുനഷ്ടു പിടിച്ച പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായി ഉണ്ടായിരുന്നു. ഒരേകൊല്ലം ഒക്ടോബറിലും നവമ്പറിലും നടന്ന ഈ സന്ദർശനവേളയിൽ വാസ്തവത്തിൽ സംഭവിച്ചതെന്താണ്? നയതന്ത്രജ്ഞർ രഹസ്യം സൂക്ഷിക്കുന്നതിൽ അദ്വിതീയരാണല്ലോ. ഇതാകട്ടെ സഭാരഹസ്യവും. എന്തായാലും മാർപ്പാപ്പായുടെ പ്രതിനിധി കൈകാര്യം ചെയ്ത പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടിരിക്കും എന്നതു തീർച്ച. ഈ ജോലിക്ക് അദ്ദേഹത്തെ നിയോഗിച്ച കർദ്ദിനാൾ ടിസ്സറൻറ് തിരുമേനി അദ്ദേഹത്തെപ്പററി ഒരു സുഹൃത്തിന് ഇപ്രകാരം എഴുതുകയുണ്ടായി:

''മോൺസിഞ്ഞോർ മത്തിയാസ് ഒരു കാർഡിനൽ പ്രിഫെക്ട് ആയിരുന്നെങ്കിൽ അദ്ദേഹം സഭാപ്രചരണപ്രവർത്തന

ങ്ങൾ സ്തുത്യർഹമായ വിധത്തിൽ നിർവഹിച്ചേനേ. അത്തരമൊരു പദവിക്ക് അദ്ദേഹം സർവ്വഥാ അർഹനാണ്....''

കുറെ കൊല്ലംമുമ്പ്, നഗരത്തിലെ രണ്ടു രൂപതകളും കൂട്ടിയോജിപ്പിക്കണമെന്നൊരു ശക്തമായ നിർദ്ദേശം പൊന്തിവരികയുണ്ടായി. മദ്രാസ്–മൈലാപ്പൂർ രൂപതകൾ തമ്മിലുണ്ടായിരുന്ന തർക്കങ്ങൾ പരിഹരിക്കുവാനും കൈമാററച്ചടങ്ങുകൾ എളുപ്പമാക്കുവാനും മോൺസിഞ്ഞോർ മത്തിയാസ് ഒരു നല്ല ഇടനിലക്കാരൻെറ പങ്കുവഹിക്കുകയുണ്ടായി. എത്ര ഭംഗിയായും, ആക്ഷേപാക്ഷേപം പരാതി ഇല്ലാത്ത വിധത്തിലും ആ ലയനം സുസാധ്യമാക്കിത്തീർത്തു അദ്ദേഹം!

അദ്ധ്യായം 17

# ദൈവത്തിൻെറ മനുഷ്യൻ

മോൺ. മത്തിയാസ് ചരമമടഞ്ഞതിൻെറ പിറേറദിവസം ഡോൺബോസ്കോയുടെ സലേഷ്യൻസഭയുടെ സുപ്പീരിയർ ജനറാളായ ഫാദർ റിച്ചെറി സഭയിലെ എല്ലാ ഭവനങ്ങളിലേക്കുമായി ഒരു സർക്കുലർ പുറപ്പെടുവിക്കയുണ്ടായി. മദ്രാസിലും ഷില്ലോങ്ങിലും പരേതൻ അസൂയാവഹമായ വിജയത്തോടെ നിർവ്വഹിച്ച പ്രേഷിതപ്രവർത്തനത്തെപ്പററി സൂചിപ്പിച്ചശേഷം ആ സർക്കുലർ ഇപ്രകാരമാണ് അവസാനിക്കുന്നത്: "മോൺസിഞ്ഞോർ മത്തിയാസ് പ്രയത്നശാലിയായ ഒരു മനുഷ്യനാണെന്നു നാം പറയുമ്പോൾ, അദ്ദേഹം ആത്മബന്ധിയായ ഒരു ജീവിതം കഴിച്ചിരുന്നു എന്നുകൂടി നാം കൂട്ടിച്ചേർത്തേ മതിയാവൂ." ലെഞ്ഞാനോയിൽ മോൺ. അസുഖം ബാധിച്ച തളർന്നവീണ ആ സ്ഥാപനത്തിലെ നല്ല മനുഷ്യർ പറഞ്ഞ വാക്കുകൾ ജനറാളച്ചൻ ഉദ്ധരിക്കുകയുണ്ടായി. "ഈ മനുഷ്യനിതാ ആയാസമെന്യേ പ്രാർത്ഥിക്കുന്നു!" വാസ്തവമായും പ്രയത്നവും പ്രാർത്ഥനയും അദ്ദേഹത്തിൻെറ നീണ്ട പ്രേഷിതജീവിതത്തിൽ ഒന്നുചേർന്നുപോയിരുന്നു. അദ്ദേഹത്തിൻെറ ധീരമായ മുദ്രാവാക്യം "Dare and Hope" എന്നതു്, ആ ഹൃദയത്തിൻെറ യഥാർത്ഥമായ ബഹിർസ്ഫുരണമായിരുന്നു. വേദപുസ്തകം പറയുംപോലെ, ആ മനുഷ്യൻെറ വിശ്വാസം മലകളെ ചലിപ്പിക്കുവാൻ തക്ക ശക്തിയുള്ളതായിരുന്നു. മദ്രാസിലെ തിരുമേനിയുടെ പിൻഗാമിയായ മോൺ. അരുളപ്പാ പറയുകയുണ്ടായി, "എൻെറ പൂജ്യനായ മുൻഗാമി നമ്മോടൊപ്പം സ്വർഗ്ഗത്തിലിരുന്നുകൊണ്ടു പ്രയത്നിക്കുന്നുണ്ടു് എന്നെനിക്കു തീർച്ചയുണ്ടു്. മാനസാന്തരപ്പെടാൻ ആഗ്രഹിച്ച മുന്നോട്ടു വരുന്നവരുടെ സംഖ്യ കാണുമ്പോൾ എനിക്കു സത്യമായും തോന്നുന്നു, ആ മഹാപ്രേഷിതൻെറ ജോലിക്കു പ്രതിഫലം ഇതാ ഇപ്പോഴാണു കിട്ടിത്തുടങ്ങിയതു്, എന്നു്. തൻെറ കഠിനപ്രയത്നങ്ങളുടെ വിളവു കൊയ്യുവാൻ അദ്ദേഹം ജീവിച്ചിരിപ്പില്ലല്ലോ എന്നോർക്കുമ്പോൾ വിഷാദം തോന്നുന്നു. ബൈബിളിൽ പറയുംപോലെ, ഒരാൾ, വിതയ്ക്കുന്നു, മററൊരാൾ കൊയ്യുന്നു. ഇന്നു് വിളവ് വാസ്തവത്തിൽ വളരെയേറിയിരിക്കുന്നു. മോൺ. മത്തിയാസിനു നന്ദി, അതു കൊയ്തെടുക്കുവാൻ വേലക്കാരും ആവശ്യത്തിനു് ഇന്നു നമുക്കുണ്ടു്.."

ഷില്ലോങ്ങിൽ തിരുമേനിയുടെ പിൻഗാമിയായിത്തീർന്ന

മോൺ. ഫെർനാണ്ടോ മോൺഗ്ലർ അച്ചനോട്ട് ഇങ്ങനെ പറയു കയുണ്ടായി: 'മോൺ. മത്തിയാസിൻെറ ജീവിതത്തെ കൂടുതൽ അറിയുന്തോറും ഞാനദ്ദേഹത്തെ കൂടുതലായി ആദരിക്കുന്നു.'

അദ്ദേഹത്തിൻെറ വിശ്വാസതീക്ഷ്ണത തെളിയിക്കുന്ന അനവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ, ആസ്സാമിലെ ജീവിതത്തെപ്പററി എഴുതിയ അദ്ദേഹത്തിൻെറ സ്മരണകളിൽ നിന്നു രണ്ടെണ്ണം ഉദ്ധരിക്കാം. അദ്ദേഹമൊരിക്കൽ മിഷൻ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തുകയായിരുന്നു. നമ്മുടെ കർത്താവിൻെറ പങ്കപ്പാടുകളെക്കുറിച്ചുള്ള ഒരു ഫിലിം പക്കൽ ഉണ്ടായിരുന്നതു് അക്രൈസ്തവരായ പതിനായിരത്തോളം വരുന്ന ജനതതിയുടെ മുമ്പിൽ പ്രദർശിപ്പിക്കാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചു

''ഈശോയെ കുരിശിൽ കിടത്തി ഉള്ളംകയ്യിൽ ആണി അടിച്ചുകയററുന്ന ഭാഗം വന്നപ്പോഠം ഞാൻ എല്ലാ ദിക്കുകളിൽ നിന്നും നെടുവീർപ്പുകഠം ഉയരുന്നതു കേട്ടു. ഒപ്പം പൊട്ടിക്കരച്ചിലും. ഉബാ പ്ലീ... അവർ വിളിച്ചുപറഞ്ഞു. അതിൻെറ അർത്ഥം, പാവം മനുഷ്യൻ! എനിക്കുപോലും വിഷമം തോന്നി അവരുടെ ദുഃഖം കണ്ടപ്പോഠം. നമ്മുടെ കർത്താവിൻെറ പങ്കപ്പാടുകഠം അവരുടെ ഹൃദയങ്ങളെ വല്ലാതെ മഥിച്ചിരിക്കുന്നു. മനുഷ്യനെ രക്ഷിക്കാൻ ഭൂമിയിലവതരിച്ച് കുരിശുമരണം വരിച്ച ആ ദൈവപുത്രൻെറ സ്നേഹവുമായാണ് അവർ വീടുകളിലേക്കു മടങ്ങിയതു്. അന്നുരാത്രി ഞാനതെപ്പററി ഏറെ ചിന്തിച്ചു. എനിക്കെൻെറ കുടിലിൽ ഉറക്കംവന്നില്ല. ആ നല്ല മനുഷ്യരുടെ വിലാപധ്വനികഠം കാതുകളിൽ മുഴങ്ങുന്നപോലെ. ഉബാ പ്ലീ.... ഒരു വൈദികനും പ്രേഷിതപ്രവർത്തകനുമായ എനിക്കു ലജ്ജതോന്നി. കുരിശിൻെറ അത്ഭുതങ്ങളെക്കുറിച്ചു പ്രസംഗിക്കുന്ന ഞാൻ! കുരിശുമരണത്തെപ്പററി ഓർക്കുമ്പോഠം കണ്ണുനീർ പൊഴിക്കുവാനുള്ള ഭാഗ്യം ആ നല്ല കാട്ടുമനുഷ്യർക്കുണ്ടായി.. എനിക്കോ? ഞാൻ ദിവ്യനാഥൻെറ വാക്കുകഠം ഓർത്തു. ''പിതാവേ ഇക്കാര്യങ്ങളൊക്കെ ബുദ്ധിമാന്മാരും വിദ്യ അഭ്യസിച്ചവരുമായ ജനങ്ങളിൽനിന്നു മറച്ചുവയ്ക്കുകയും വെറും ബാലകർക്ക് ഇവ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്ത നീ അനുഗ്രഹീതനാകട്ടെ'' (ലൂക്ക. 10,21).

മോൺസിഞ്ഞോറിൻെറ ആസ്സാമിലെ മിഷനറി പ്രവർത്തനകാലത്തുണ്ടായ മറെറാരു സംഭവം. 1924 ഒക്ടോബറിലാണതുണ്ടായതു്. കാടിനുള്ളിൽ ഒരു മീററിംഗ് കഴിഞ്ഞു് മോൺസിഞ്ഞോർ മടങ്ങിപ്പോവുകയായിരുന്നു. ഒരു അക്രൈസ്തവൻെറ ഭവനത്തിൽവച്ച് ദിവ്യബലി അർപ്പിക്കാൻ സാധിച്ചതിലുള്ള സന്തോഷമായിരുന്നു തിരുമേനിക്കപ്പോഠം. ആ

അക്രൈസ്തവസുഹൃത്തിന്നു തിരുമേനിയോടു വലിയ താല്പര്യം ഉണ്ടെന്നറിഞ്ഞു. അയാൾ വേഗം മാനസ്സാന്തരപ്പെട്ടുമെന്ന ചിന്ത മോൺസിഞ്ഞോറിന്നു ആഹ്ലാദം നൽകി. പെട്ടെന്നാണു വഴിയിൽ ബോധമററു കിടക്കുന്ന തൻെറ സഹപ്രവത്തകനായ ഒരു പുരോഹിതനെ മത്തിയാസച്ചൻ കാണുന്നതു്. ഷില്ലോങ്ങിലെ ഇടവക വൈദികനായ ഫാദർ ബൊനാഡിയായിരുന്നു അതു്. അദ്ദേഹം സൈക്കിളിൽ നിന്നു് അബദ്ധംപററി വീണതായിരുന്നു. അവർ വേഗം അദ്ദേഹത്തെ താങ്ങിയെടുത്തു് ഷില്ലോങ്ങിലേക്കു കൊണ്ടുപോയി. ഡോക്ടറെ കാണിച്ചു. അച്ചൻെറ തലച്ചോറിന്നു് തകരാറു് പററിയിട്ടുണ്ടെന്നും രക്ഷപെടുക പ്രയാസമാണെന്നും ഡോക്ടർ പറഞ്ഞു. പാവം അച്ചൻ,— മരണത്തിനും ജീവിതത്തിനുമിടയിൽ അദ്ദേഹം അഞ്ചു ദിവസം കിടന്നു. ഭാഗ്യത്തിന്നു് കൽക്കട്ടായിൽനിന്നു് ഒരു വിദഗ്ദ്ധനായ സർജൻ ആ സമയത്തു് ഷില്ലോങ്ങിലെത്തി. ആ രോഗിയെ സന്ദർശിക്കുവാൻ ഡോക്ടർക്കു് ആറം പോയി.

വളരെ വിശദമായ പരിശോധനകൾക്കുശേഷം, വേണമെന്നദ്ദേഹം പറഞ്ഞു. വിജയിക്കുമോ എന്നദ്ദേഹത്തിന്നു് ഉറപ്പില്ല. അന്നു രാത്രിയിൽ രോഗിയുടെ നില ആശങ്കാജനകമാംവിധം വഷളാവുകയും മോൺസിഞ്ഞോർ അദ്ദേഹത്തിന്നു് അന്ത്യലേപനം നൽകുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ദിവ്യകാരുണ്യത്തിന്നു മുമ്പിൽ പോയി പ്രാത്ഥിച്ചു. തൻെറ വിലപ്പെട്ട സഹപ്രവത്തകൻെറ ജീവൻ രക്ഷിക്കണമെ എന്നദ്ദേഹം ദൈവത്തോടു യാചിക്കുകയായിരുന്നു. പെട്ടെന്നദ്ദേഹം താൻ ടൂറിനിൽനിന്നു പോന്നപ്പോൾ കൊണ്ടുപോന്ന കർച്ചീഫിനെപ്പററി ഓത്തു. വത്സലാച്ചെയിലേക്കു് വി.ഡോൺബോസ്കോയുടെ മൃതശരീരം കൊണ്ടുപോയപ്പോൾ ആ തുണിക്കഷ്ണമായിരുന്നു വിശുദ്ധൻെറ തല മൂടാൻ ഉപയോഗിച്ചിരുന്നതു്. തികഞ്ഞ വിശ്വാസത്തോടെ മോൺസിഞ്ഞോർ മത്തിയാസ് ആ കർച്ചീഫ് തപ്പിക്കൊണ്ടുവന്നു മരിച്ചുകൊണ്ടിരുന്ന വൈദികൻെറ തലയിൽ ഇട്ടു. ഉത്തരക്ഷണത്തിൽ രോഗി കണ്ണുകൾ തുറക്കുകയും പുഞ്ചിരിക്കുകയും ചെയ്തു. പ്രത്യാശയുടെ ഒരു കിരണം ആ മുറിയിൽ ഓളംവെട്ടുന്നതായി തോന്നി. സർജൻ പിറേറന്നു് ഓപ്പറേഷനു തയ്യാറായി വന്നപ്പോൾ രോഗിയുടെ നില അത്ഭുതകരമാംവിധം മെച്ചമായിരുന്നു. ഒരു ഓപ്പറേഷനെപ്പററി സംസാരിക്കാൻപോലും അദ്ദേഹം ഒരുങ്ങിയില്ല. കുറെ ദിവസങ്ങൾക്കുശേഷം അദ്ദേഹം ഡോൺബോസ്കോയുടെ ബഹുമാനാത്ഥം ഒരു കൃതജ്ഞതാബലി സമപ്പിച്ചു. കർബാനയിൽ സംബന്ധിച്ച ജനങ്ങൾ അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്നു പൂണ്ണസുഖം കിട്ടിയിരുന്നു.

പിന്നീടു് ഞങ്ങൾ മദ്രാസിലേക്കു് പോന്നു. മോൺ. തിരുമേനിയുടെ സ്ഥാനാരോഹണച്ചടങ്ങുകൾ കഴിഞ്ഞു് അധി

കമായില്ല, അദ്ദേഹം തിരുച്ചിനാപ്പള്ളിയിലെ സെമിനാരി സന്ദർശിക്കുവാനായി പോയി. 1936 ജനുവരിയിലായിരുന്നു അതു്. മദ്രാസിൽ കത്തോലിക്കരുടെ എണ്ണം എത്രയോ കുറവാണെന്നദ്ദേഹം പരാതിപ്പെട്ടു. പത്തു ലക്ഷം പേർ നിവസിക്കുന്ന നഗരത്തിൽ മുപ്പതിനായിരം മാത്രം കത്തോലിക്കർ! പക്ഷെ താൻ നിരാശനാവാതെ ഈ പരിതസ്ഥിതി മെച്ചപ്പെടുത്താനുള്ള ശ്രമം ആരംഭിക്കുകയാണെന്നദ്ദേഹം പ്രഖ്യാപിച്ചു. "ഒരു ദിവസം ഒരു അക്രൈസ്തവനെങ്കിലും എൻെറ രൂപതയിൽ മാനസാന്തരപ്പെടുന്നതിനായി ഞാനൊരു ചെറിയ പ്രാത്ഥന ദിവസവും ചൊല്ലാൻ പോകയാണു്. വർഷത്തിൽ 365 പ്രാവശ്യം ഒരേ പ്രാത്ഥന കേൾക്കുന്ന ദൈവത്തിനു് ആ യാചന കേൾക്കാതിരിക്കാൻ സാധിക്കുമോ? അതു തീർച്ചയായും നമ്മുടെ ഹൈന്ദവസഹോദരന്മാരിൽ ഏറെ പേരുടെ മനം മാററത്തിനു കാരണമായിത്തീരും". പ്രാത്ഥനയിലും ധ്യാനത്തിലും നിരന്തരം സമയം ചിലവഴിക്കുന്ന സഹോദരിമാക്കുവേണ്ടി രൂപതയിൽ ഒരു കോൺവെൻറു പണിയണമെന്നതായിരുന്നു നമ്മുടെ മോൺസിഞ്ഞോറിൻെറ ആഗ്രഹങ്ങളിലൊന്നു്. പക്ഷെ ആ ലക്ഷ്യം സാധിക്കുന്നതിനു മുമ്പേതന്നെ അദ്ദേഹം അതിനുവേണ്ടി വളരെയധികം പ്രാർത്ഥിച്ചിരുന്നു. മിഷനറി പ്രവത്തനങ്ങൾക്കുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു 'ലോകപവിത്രീ'കരണപരിപാടി അദ്ദേഹം ആരംഭിച്ചു. അതിൻെറ ഉപജ്ഞാതാക്കൾ വാസ്തവത്തിൽ ബൽജിയത്തിലെ സെൻറ് ആൻഡ്രൂ ആബിയിലെ ബനഡിക്ടൻസ് ആണു്. 1927 മുതൽതന്നെ "ലോകപവിത്രീകരണ" പ്രാത്ഥനകൾ ആസ്സാമിനുവേണ്ടി സമർപ്പിക്കപ്പെട്ടിരുന്നു. അന്നു് യുവാവായ പ്രീഫെക്ട് അപ്പസ്തോലിക്ക് ഇങ്ങനെ പറഞ്ഞു:

"നിങ്ങളുടെ സമയോചിതമായ ഈ പ്രാത്ഥന ഞാൻ നന്ദിയോടെ സ്വീകരിക്കുന്നു. പ്രിയപ്പെട്ട നമ്മുടെ ഭാരതീയരെ മാനസാന്തരപ്പെടുത്തുന്ന ആനന്ദകരമായ ഞങ്ങളുടെ പ്രയത്നത്തിൽ നിങ്ങളുടെ പ്രാത്ഥന ഞങ്ങളുടെ ആത്മാവുകൾക്കു ശക്തിയും ഉണർവും പ്രദാനം ചെയ്യും. നിങ്ങൾ എൻെറ മിഷനറിമാക്കുവേണ്ടിയും, ചെറുപ്പക്കാരായ നൊവീസുകളുടെ മനസ്സ് സുസ്ഥിരമായിരിക്കാൻവേണ്ടിയുംകൂടി പ്രാത്ഥിക്കണം, അത്തരം ഒരു ആത്മീയമായ സഹായം ഇവിടെ പതിനേഴോളം പ്രോട്ടസ്റ്റൻറു വിഭാഗങ്ങളുടെ ഇടയിൽ മത്സരബുദ്ധിയോടെ ജോലിചെയ്യേണ്ടിവന്നിരിക്കുന്ന ഞങ്ങൾക്കു് അത്യന്താപേക്ഷിതമാണു്. ആ സഭക്കാർ ആസ്സാമിലെ ഈ മലകളിൽ സുസ്ഥാപിതരാണു്. നമ്മളോ പുതുമക്കാർ! ദൈവം നിങ്ങളുടെ യജ്ഞങ്ങളെ അനുഗ്രഹിക്കട്ടെ. നമ്മുടെ പ്രയത്നങ്ങൾക്കു സവ്വശക്തനായ ദൈവം പെട്ടെന്നു ഫലം തരുമെന്നു നമുക്കു് ആശിക്കാം."

ഈ കത്തിനൊരു ഫലമുണ്ടായി. ആസ്സാമിലെ മിഷൻ പ്രദേശങ്ങളെ ട്രളോസെയിലെ വിസിറേറഷൻസഭാംഗങ്ങൾ ആത്മീയമായി ദത്തെടുത്തു. പിൽക്കാലത്തു് മദ്രാസിലെ സെമിനാരിയും ഇതുപോലെ ഗിഞ്ഞാമ്പിലെ റിഡെംപ്റററിസ്റ്റ് സന്യാസിനികൾ ദത്തെടുക്കുകയുണ്ടായി. മൽഹൗസിനടുത്തുള്ള ലാൻസെറിൽ അവരിന്നും മദ്രാസ് അതിരൂപതയ്ക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുന്നു. 1949-ൽ സെൻറ് ആൻഡ്രൂ വൈദികർ അഖിലലോകപവിത്രീകരണത്തിനുവേണ്ടി ആദ്യമായി പുറപ്പെടുവിച്ച ബുള്ളററിൻ മോൺ.മത്തിയാസ് തന്റെ പ്രതിവാരപത്രമായ ന്യൂലീഡറിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അന്നുമുതൽ ബ്രൂഗ്സിലെ സന്യാസിമാരും തിരുമേനിയും തമ്മിൽ തുടർച്ചയായ കത്തിടപാടുകൾ നടന്നുപോന്നു. ആ കത്തുകൾ 1968 ജൂലൈ ലക്കത്തിലെ 'സാംക്ററിഫൈ'യിൻ പ്രസിദ്ധീകരിക്കയുണ്ടായി. സ്ഥലപരിമിതിമൂലം അവ പൂർണ്ണമായി ഉദ്ധരിക്കുന്നില്ല. ചില ഭാഗങ്ങൾ നമുക്കു ശ്രദ്ധിക്കാം.

1949 മേയ് 24: "സർവശക്തനായ ദൈവമാണ് ഈ പ്രത്യേക പ്രാത്ഥനാപരിപാടിക്കു പ്രേരിപ്പിച്ചതെന്നു് ഞാൻ വിശ്വസിക്കുന്നു. വിശുദ്ധീകരണത്തിനുവേണ്ടിയുള്ള ദൈവകല്പനകളെ ജനസമൂഹത്തിനു വെളിവാക്കിക്കൊടുക്കുകയും അവയെ അനുസരിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുകയും ചെയ്യുന്ന നിങ്ങളുടെ ഈ യജ്ഞത്തെ ഞാൻ അനുഗ്രഹിക്കുകയും എന്റെ എല്ലാവിധമായ സഹകരണങ്ങളും ഇക്കാര്യത്തിൽ നിങ്ങൾക്കു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഞാൻ നിങ്ങളുടെ വിജയത്തിനുവേണ്ടി പ്രാത്ഥിക്കുകയും ചെയ്യാം." 1949 ഡിസമ്പർ 29: "മോൺസിഞ്ഞോർ തന്റെ സഹകരണം വീണ്ടും വാഗ്ദാനം ചെയ്യുന്നു. ഇൻഡ്യയിൽ പ്രസ്തുത പ്രസ്ഥാനം പ്രചരിപ്പിക്കുന്നതിനായി ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനെപ്പററി അദ്ദേഹം ആലോചിക്കയാണ്. എവിടെയായിരിക്കണം അതിന്റെ ആസ്ഥാനം? മദ്രാസ്, ബോംബെ, കൽക്കട്ട! "തിരുമണിക്കുററിൽ ഞാനീ നിയോഗം സ്മരിക്കും. കഴിവിന്റെ പരമാവധി ഈ പ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി ശ്രമിക്കുമെന്നു് ഞങ്ങൾ ഉറപ്പുതരുന്നു.."

ഏതാനും ദിവസംകഴിഞ്ഞു് തീരുമാനമുണ്ടായി. 'ലോകപവിത്രീകരണ'പരിപാടിയുടെ ദേശീയകേന്ദ്രമായി മദ്രാസ് നിശ്ചയിക്കപ്പെട്ടു.

1950 ജനുവരി 20: അഖിലേന്ത്യാനിലവാരത്തിലുള്ള ഞങ്ങളുടെ ആദ്യത്തെ പ്ലീനറി കൗൺസിൽ ജനുവരി 18-നു് അവസാനിച്ചു. സർക്കുലേഷനുവേണ്ടി നിങ്ങൾ അയച്ചുതന്ന ലേഖനങ്ങളും മററും ഉടനെ പ്രസിദ്ധീകരിക്കുന്നുണ്ട്. എല്ലാ

കത്തോലിക്കാപത്രങ്ങളും അതു പ്രസിദ്ധീകരിക്കും. അകത്തോലിക്കാപത്രങ്ങളേയും ഞങ്ങളിക്കാര്യത്തിൽ സമീപിച്ചുനോക്കാം. നിങ്ങളുടെ സർക്കുലർ വിവർത്തനം ചെയ്യുന്ന തിരക്കിലാണു ഞാനിപ്പോൾ. ഇതിൻെറ കുറെ ആയിരംകോപ്പികൾ അച്ചടിപ്പിച്ച് വൈദികർക്കും അത്മായർക്കും കൊടുക്കുന്നുണ്ട്.

ആ ലളിതമായ ചെറിയ ബുള്ളററിൻെറ ആദ്യലക്കം, ''സാംക്ടിഫൈ'' 1950 ഏപ്രിലിൽ പ്രസിദ്ധീകൃതമായി. എഡിററിങ്ങിലും അവതരണത്തിലും ഒരു പക്ഷെ പോരായ്മ കണ്ടേക്കാമെന്നു പബ്ലിഷർ പ്രസ്താവിച്ചിരുന്നു. എന്നിരിക്കിലും മോൺ. മത്തിയാസ് വളരെ സൂക്ഷ്മത പാലിച്ചിരുന്നു. അതിൻെറ ഗററപ്പിനെക്കാൾ ഉള്ളടക്കത്തിനാണദ്ദേഹം പ്രാധാന്യം കല്പിച്ചതു്. അദ്ദേഹം മെയ് 10–ാംനു ബ്രൂഗ്സിലേക്കെഴുതുകയുണ്ടായി. ''സാംക്ടിഫൈ'' യുടെ ആദ്യലക്കത്തിനു നല്ല സ്വീകരണം ലഭിച്ചു. അതു് ഭാഷാന്തരം ചെയ്ത് കൂടുതൽ പ്രചരിപ്പിക്കാനാണ് ഞങ്ങളുടെ ഉദ്ദേശ്യം. നന്ദി! മേയിൽ തന്നെ അദ്ദേഹം വീണ്ടും എഴുതി. അഖിലേന്ത്യാ നിലവാരത്തിൽ പ്രചാരമുള്ള നമ്മുടെ മൂന്നു വാരികകളിലേക്കു് ഞാൻ നമ്മുടെ ബുള്ളററിനിലെ ലേഖനത്തിൻെറ സംഗ്രഹം അയച്ചു കൊടുത്തിട്ടുണ്ടു്. നിങ്ങൾ ധൈര്യവാന്മാരായിരിക്കുക.

1962–ൽ അദ്ദേഹം ബനഡിക്ടൈൻ പുരോഹിതന്മാർക്കു് എഴുതി, തൻെറ ചിരകാലസ്വപ്നമായിരുന്ന ആ കോൺവൻറു പണി സാധിതപ്രായമാവുകയാണെന്നു്. ചെമ്പകന്തറയിലെ കാർമൽ കോൺവൻറ് ഈ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നല്കിക്കഴിഞ്ഞു. സ്വർഗ്ഗാരോഹണതിരുനാൾ കഴിഞ്ഞു് താൻ യൂറോപ്പിലേക്കു പോകുമെന്നും അവിടെനിന്നു് ആഗസ്റ്റ് 25–ാം തീയതിയോടെ ബ്രസ്സൽസിലേക്കു പോയി തന്നെ കാണാനാവശ്യപ്പെട്ട സഫ്രേഷ്യൻസിനെ സന്ദർശിക്കുന്നതാണെന്നും മോൺ. മത്തിയാസ് എഴുതിയിരുന്നു.

ആ കൂടിക്കാഴ്ച, നേരത്തേ തീരുമാനിക്കപ്പെട്ട തീയതിയിൽ തന്നെ നടന്നു. ഒരു കാർമൽ സ്ഥാപിക്കുന്നതിനെപ്പററി താൻ വച്ചുപുലർത്തുന്ന മോഹത്തെപ്പററി തിരുമേനി അവരോടു പറഞ്ഞു. അത്മായപ്രേഷിതർക്കുവേണ്ടിയുള്ള ഒരു സ്ഥാപനം നിർമ്മിക്കുന്നതിലേക്കു് പ്രാർത്ഥനകൾകൊണ്ടു് സഹായിക്കണമെന്നദ്ദേഹം അഭ്യർത്ഥിച്ചു. വേദോപദേശം പഠിപ്പിക്കുന്ന ആ അത്മായ പ്രേഷിതരുടെ സഭയ്ക്കു് പില്ക്കാലത്തു് വി. പൗലോസിൻെറ നാമധേയമാണു സിദ്ധിച്ചതു്.

തിരുസിംഹാസനം ഒരിക്കൽ അവരെ പൊന്തിഫിക്കൽ സ്ഥാനത്തേയ്ക്കുയർത്തുമെന്നു് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിക്കു

കയുണ്ടായി. ബ്രസ്സൽസിൽനിന്നു തിരുമേനി റോമിലേക്കു പോയി, വത്തിക്കാൻ കൗൺസിലിനുവേണ്ടിയുള്ള തയ്യാറെടുപ്പിൽ വ്യാപൃതനായി.

ഇക്കാലത്തു്, ഫാദർ ലിയോൺ സോട്ടിയുടെ "ദൈവത്തെ സ്നേഹിക്കുവാൻ" എന്ന പുസ്തകത്തിനു മോൺസിഞ്ഞോർ തിരുമേനി ഒരു ഹൃദ്യമായ അവതാരിക എഴുതിക്കൊടുക്കുകയുണ്ടായി. അദ്ദേഹത്തിൻെറ സ്വഭാവവൈശിഷ്ട്യത്തിനു് ഉത്തമോദാഹരണമാണു് താഴെപ്പറയുന്ന വാചകങ്ങൾ. "നിങ്ങളുടെ മുഴുവൻഹൃദയത്തോടുംകൂടി ദൈവത്തെ സ്നേഹിക്കുക, നിങ്ങളുടെ മുഴുവൻ ആത്മാവോടും, മുഴുമനസ്സോടും, മുഴുശക്തിയോടും കൂടി ദൈവത്തെ സ്നേഹിക്കുക. ഏററവും നൈസർഗ്ഗികവും സ്വാത്മപ്രചോദിതവുമായ ഒന്നാണതു്. മനുഷ്യൻ ലജ്ജിക്കട്ടെ! ദൈവത്തിനു് തന്നെ സ്നേഹിക്കണമെന്നു് മനുഷ്യരോടു് ആജ്ഞാപിക്കേണ്ടിവന്നല്ലോ. നീ എന്നെ സ്നേഹിക്കുക. " അതു് വിശ്വസിക്കാൻ പ്രയാസം തോന്നും പക്ഷെ നിർഭാഗ്യവശാൽ അതാണുണ്ടായതു്. പക്ഷെ കല്പിച്ചിട്ടുപോലും വാസ്തവത്തിൽ നാമവനെ സ്നേഹിക്കുന്നുണ്ടോ? ഓരോരുത്തരും സ്വയം മറുപടി പറയട്ടെ. ലജ്ജകൊണ്ടും നന്ദികേടിൻെറ കനംകൊണ്ടും അവൻെറ ശിരസ്സു കുനിയട്ടെ. റോം, 1962 സെപ്തംബർ 30.

1963 ആരംഭത്തിൽ അത്യധികം ആഹ്ലാദത്തോടെ മോൺസിഞ്ഞോർ മത്തിയാസ്, ഫാദർ ലിയോൺ സോട്ടിക്കു് ഇപ്രകാരം എഴുതുകയുണ്ടായി: "കാർമലിൻെറ ആദ്യശിലാവെഞ്ചരിപ്പുകർമ്മം ജനുവരി 6–ാം തീയതി നടന്നുവെന്നറിയുന്നതു് അങ്ങേക്കു സന്തോഷപ്രദമായിരിക്കുമല്ലോ. ഞാൻ ഇൻഡ്യയിൽ എത്തിയതിൻെറ നാല്പത്തിരണ്ടാം വാർഷികദിനവുമായിരുന്നു അന്നു്. പണി വളരെ വേഗത്തിൽ മുന്നോട്ടുപോകുന്നുണ്ടു്. ഇക്കൊല്ലം അവസാനിക്കുംമുമ്പു് കർമ്മലീത്താക്കാർ അവിടെ എത്തുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എനിക്കെന്തു സന്തോഷമുണ്ടെന്നോ ഇക്കാര്യത്തിൽ. എൻെറ രൂപതയിൽ ഒരു കർമ്മലീത്താഭവനം ഉണ്ടാകണമെന്നു് ഞാൻ എത്രയോ നാളായി ആശിക്കുന്നതാണു്!"

അക്കൊല്ലംതന്നെ ഒക്ടോബർ ഒടുവിൽ ഫാദർ ലിയോൺ സോട്ടി റോമിൽ വരേണ്ട കാര്യമുണ്ടായി. സകല ക്രിസ്ത്യാനികളുടേയും ദൈവവിളിയെ സംബന്ധിച്ചുള്ള അദ്ധ്യായത്തെപ്പററിയുള്ള ചർച്ച നടക്കുകയായിരുന്നു വത്തിക്കാൻ കൗൺസിലിൽ. വിഷയനിർണ്ണയത്തിൽ മോൺ. മത്തിയാസ് അത്ര സംപ്രീതനായിരുന്നില്ല. മുന്നോട്ടുവയ്ക്കപ്പെട്ട നിർദ്ദേശങ്ങളോടും അദ്ദേഹത്തിനത്ര യോജിപ്പുണ്ടായിരുന്നില്ല. മോൺസി

ഞ്ഞോർ ജിയാകപിൻറായേയും തന്നെയും വന്നു കാണാൻ ഫാദർ സോട്ടിയെ മത്തിയാസ് തിരുമേനി ക്ഷണിച്ചു. അതിനുശേഷം, അദ്ദേഹം വത്തിക്കാൻ കൗൺസിലിൽ താൻ അവതരിപ്പിക്കാനുദ്ദേശിച്ചിരുന്ന നിർദ്ദേശങ്ങളുടെ ടെക്സ്ററ് തയാറാക്കുവാൻ സെൻറ് ആൻഡ്രൂസ് സന്യാസികളോട് ആവശ്യപ്പെട്ടു. അവർ അങ്ങിനെ ചെയ്തു. മോൺസിഞ്ഞോർ നന്ദി പ്രകടിപ്പിച്ചതു് ഈ വാക്കുകളിലൂടെയായിരുന്നു. "നിങ്ങളുടെ കത്തു് എൻെറ കയ്യിൽ എത്തിച്ചേരാൻ വളരെ സമയമെടുത്തു. ഞാനതു് ഇററാലിയനിലോ ലത്തീനിലോ വിവർത്തനം ചെയ്തു് എൻേറതായി കൗൺസിലിൻെറ ഒരു പിതാവായ മോൺസിഞ്ഞോർ ഫെല ച്ചിക്കു് അയച്ചുകൊടുക്കാൻ പോവുകയാണു്. അദ്ദേഹമാണല്ലോ ജനറൽ സെക്രട്ടറി. കമ്മീഷൻ ഇതു സ്വീകരിക്കുമെന്നാണു് എൻെറ പ്രതീക്ഷ. നിങ്ങൾ ചെയ്തുതന്ന ഉപകാരത്തിനു വളരെയധികം നന്ദിപറയുന്നു ഞാൻ. കൗൺസിൽ കമ്മീഷൻ ഇതു തീർച്ചയായും പരിഗണിക്കും."

'ലുമൻ ജെൻസിം' എന്ന ഭരണഘടനയിലെ 5-ാം അദ്ധ്യായത്തെപ്പററിയുള്ള ചർച്ച പിതാക്കന്മാർ ആരംഭിച്ചു. 1964 നവമ്പർ 17-നായിരുന്നു അതു്. മോൺ. മത്തിയാസ് സമർപ്പിച്ച നക്കലിൽനിന്നു് സഭാപിതാക്കന്മാർ എത്രമാത്രം സ്വീകരിച്ചുവെന്നു് ആർക്കും അറിയില്ല. അതു് ഒരു രഹസ്യമായിരിക്കും. പക്ഷെ അദ്ദേഹത്തിൻെറ ശ്രമങ്ങൾ ഫലമണിഞ്ഞുവെന്നു നമുക്കു കരുതുക.

1964 ജൂൺ 5-ാം തീയതി മോൺസിഞ്ഞോറിൻെറ അവസാനത്തെ കത്തു് ബ്രൂഗ്സിൽ എത്തിച്ചേർന്നു. ദൈവത്തിൻെറ അക്ഷീണനായ ആ പടയാളി ആ സ്നേഹിതരോട് തൻെറ ക്ഷയിച്ചുവരുന്ന ആരോഗ്യത്തെക്കുറിച്ചു സൂചിപ്പിച്ചു. "ഒക്കെയാണെങ്കിലും സന്തോഷകരമായ ഒരു വർത്തമാനം കേട്ടോളൂ" തിരുമേനി എഴുതി, "എൻെറ രൂപതയിലെ കർമ്മലീത്താ കോൺവൻറിൻെറ ഔപചാരികമായ ഉൽഘാടനം വരുന്ന ജൂലൈ 6-ാംനു-യാണു്. നിങ്ങൾ ദയാപുരസ്സരം അയച്ചുതന്ന കെടാവിളക്കു് താമസ്സിയാതെ ചാപ്പലിൽ സ്ഥാപിക്കുന്നതായിരിക്കും. നിങ്ങൾക്കു് എൻെറ ആത്മാർത്ഥമായ നന്ദി. നിങ്ങൾ ഒരു കാലത്തും വിസ്മരിക്കപ്പെടുകയില്ല".

ആരോഗ്യം ക്ഷയിച്ചുവരുന്നതിനെപ്പററി തിരുമേനി എഴുതിയിരുന്നെങ്കിലും പിറെറക്കൊല്ലം യൂറോപ്പിലേക്കു പോകുന്നതിൽനിന്നു് അദ്ദേഹത്തെ തടയാൻ ശാരീരികക്ഷീണത്തിനു കഴിഞ്ഞില്ല. രൂപതയിലെ വിവിധങ്ങളായ സാമൂഹ്യപ്രവർത്തനങ്ങൾക്കുവേണ്ടി ഫണ്ടു സംഭരിക്കുകയായിരുന്നു അദ്ദേഹ



മുകളിൽ: മൈലാപ്പൂരിലെ ആർച്ചുബിഷപ്പ്സ് ഹൗസിൻെറ ഉൽഘാടനം കാഡിനൽ ടിസറൻറ് നിർവ്വഹിക്കുന്നു. താഴെ: അമേരിക്കയിലെ ഒരു വർഷത്തെ താമസത്തിനു ശേഷം തിരിച്ചെത്തിയ മത്തിയാസ് തിരുമേനിക്കു് വിമാനത്താവളത്തിൽവച്ച് സ്വീകരണം നൽകുന്നു.





ബ്രോഡ്‌വേയിലെ വി. ഫ്രാൻസിസ് സേവ്യറിൻെറ നാമത്തിലുള്ള ദേവാലയത്തിൻെറ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കാനെത്തിയ ആർച്ചുബിഷപ്പ് മത്തിയാസിനെ പള്ളി വികാരി ഫാദർ മണ്ടൊവാനി സ്വീകരിക്കുന്നു. തദവസരത്തിൽ ആർച്ചുബിഷപ്പ് നോക്സ്, ബിഷപ്പ് കർവാലൊ, ബിഷപ്പ് ഡേവിഡ് എന്നീ മെത്രാന്മാരും സന്നിഹിതരായിരുന്നു. താഴെ: വി. ഡോൺ ബോസ്കോയെപ്പോലെതന്നെ ആർച്ചുബിഷപ്പ് മത്തിയാസും യുവാക്കളുടെ കാര്യത്തിൽ അതീവ തല്പരനായിരുന്നു. മദ്രാസിൽ ബ്രോഡ്‌വേയിലെ യുവജന കേന്ദ്രത്തിലെ വാർഷിക പരിപാടികൾ തിരുമേനി ഉൽഘാടനം ചെയ്യുന്നു.



ത്തിൻെറ യാത്രാലക്ഷ്യം. പക്ഷെ ആ മഹാപ്രേഷിതൻെറ ദിവസങ്ങരം എണ്ണപ്പെട്ടു കഴിഞ്ഞിരുന്നു.

''സാംക്ടിഫൈ'' ബുള്ളററിൻെറ പത്രാധിപർ തൻെറ ഒരു ലേഖനം ഇങ്ങനെയാണവസാനിപ്പിക്കുന്നതു്. 'ധ്യാനവും പ്രേഷിതപ്രവൃത്തിയും' എന്ന വിഷയത്തെക്കുറിച്ചു് മോൺസിഞ്ഞോർ തിരുമേനിയും 'വിശപവിത്രീകരണ' മൂവ്മെൻറുകാരും തമ്മിൽ നടത്തിയ കത്തിടപാടുകരം പ്രസിദ്ധീകരിക്കാൻ ഞങ്ങരം ഉദ്ദേശിക്കുന്നുണ്ടു്. ആ കത്തുകരം അദ്ദേഹത്തിൻെറ ആന്തരികജീവിതത്തിലേക്കു വെളിച്ചം വീശുന്നവയാണു്. വെറും മനുഷ്യസ്നേഹപരമായ വികാരംകൊണ്ടാണു് അദ്ദേഹം പൊതുപ്രവത്തനങ്ങളിലും പ്രേഷിതപ്രയത്നങ്ങളിലും സാമൂഹ്യക്ഷേമപ്രവൃത്തികളിലുമൊക്കെ മുഴുകിയതെന്നു് വിശ്വസിക്കുന്നതു് അമ്പേ തെററാണു്. മോൺസിഞ്ഞോർ മത്തിയാസു്, ഇവയ്ക്കെല്ലാം ഉപരിയായി, പ്രാത്ഥനയുടെയും വിശ്വാസത്തിൻെറയുമായ ഒരു മനുഷ്യനായിരുന്നു: അദ്ദേഹം ഒരു വിശുദ്ധനായിരുന്നു''.

അദ്ധ്യായം 18

# വി. പൗലോസ് ശ്ലീഹായുടെ പ്രവർത്തനം

വേദോപദേശകർ സഭയിൽ ഒരു പുതുമയല്ല. ഒന്നാം നൂററാണ്ടിൽത്തന്നെ ശ്ലീഹന്മാരുടെ പ്രേഷിതപ്രവർത്തനങ്ങളിൽ അർപ്പിതഹൃദയത്തോടെ വേദോപദേശകർ പങ്കുചേർന്നിരുന്നു.

ആധുനിക മിഷനുകളുടെ ആവിർഭാവം യാദൃശ്ചികമാണെങ്കിലും വിശേഷാത്തരങ്ങളായ കണ്ടുപിടുത്തങ്ങളുടെ അതേ കാലത്തുതന്നെയായിരുന്നു. വേദോപദേശകരുടെ ആവശ്യത്തെപ്പററി സഭ ഗൗരവത്തോടെ ചിന്തിക്കാൻ തുടങ്ങിയതു് ഇക്കാലത്താണു്.

എല്ലാ മിഷൻകേന്ദ്രങ്ങളും സാധാരണയായി അനുഭവിക്കുന്ന ഒന്നാണു് പുരോഹിതന്മാരെ കിട്ടുവാനുള്ള പ്രയാസം. ഇൻഡ്യയെപ്പോലെയുള്ള ബഹുഭാഷാരാഷ്ട്രങ്ങളിൽ ഈ വിഷമം ഇരട്ടിക്കുന്നു. നാനൂറോളം വിഭിന്നങ്ങളായ ഭാഷകളും ദേശീയ ഭാഷകളും ഇൻഡ്യയിലുണ്ടെന്നാണു് കണക്കു്. ഈ വിസ്തൃതമായ രാജ്യത്തു ജോലി ചെയ്യുന്ന ഓരോ പുരോഹിതനും ബഹുഭാഷാപണ്ഡിതനാകാൻ പററുമോ? അതുകൊണ്ടു് നാട്ടുകാരായ ചിലരുടെയെങ്കിലും സേവനം പ്രേഷിതവൈദികർ തേടുന്നു. അത്തരം ആളുകൾ ദൈവികചൈതന്യമുള്ളവരും വൈദികരുടെ നല്ല സഹായികളും ആയിരിക്കണം. അത്തരം വ്യക്തികളെ പരിശീലിപ്പിക്കുവാൻ പററിയ ട്രെയിനിങ്ങ് സെൻററുകളുടെ ആവശ്യകതയിലേക്കു് ഇതു വിരൽ ചൂണ്ടുന്നു. മദ്രാസ് സംസ്ഥാനത്തിനുള്ളിൽ അത്തരത്തിലുള്ള ഒരേ ഒരു സ്ഥാപനം ടിണ്ടിവനത്തുള്ള വേദോപദേശകർക്കുള്ള കേന്ദ്രമായിരുന്നു, അന്നു്. പാരീസിലെ വിദേശമിഷനറിമാർ നടത്തിയിരുന്ന ആ കേന്ദ്രം പോണ്ടിച്ചേരി അതിരൂപതയിലുമായിരുന്നു. കുറേക്കൂടി കൂടുതൽ വിദ്യാർത്ഥികൾക്കു സൗകര്യപ്രദമായി മറെറാരു കേന്ദ്രം ആവശ്യമാണെന്നു് ആർച്ചുബിഷപ്പ് മത്തിയാസ് കണ്ടു. ടിണ്ടിവനത്തിൻെറ ഇരട്ടി വിദ്യാർത്ഥികൾക്കു പഠന സൗകര്യമുള്ള ഒരു പുതിയ വേദോപദേശ പരിശീലനകേന്ദ്രത്തിൻെറ നിർമ്മാണത്തിനായി മോൺ. പദ്ധതികൾ തീരുമാനിച്ചുറപ്പിക്കുകയും അതിനുവേണ്ട ഫണ്ടു് ശേഖരിക്കുവാൻ ആരംഭിക്കുകയും ചെയ്തു.

ഒരു വിദ്യാഭ്യാസവിചക്ഷണനും പ്രേഷിതവര്യനുമായിരുന്ന ഫാദർ ഗവാൻ ഡഫി വളരെമുമ്പ്, 1900–ാമാണ്ടിൽ, തന്നെ നിർദ്ദേശിച്ചിരുന്നു വേദോപദേശകർക്കുവേണ്ടി ഒരു സഖ്യം സംഘടിപ്പിക്കുവാൻ റോം ശ്രദ്ധിക്കണമെന്നു്. വിശ്വാസപ്രചാരസഭയെപ്പോലെയോ തിരുബാലസഖ്യത്തെപ്പോലെയോ ഒരു സംഘടനയാണദ്ദേഹം ഉദ്ദേശിച്ചതു്. ടിണ്ടിവനത്തിലെ അധ്യാപകപരിശീലനകേന്ദ്രത്തിൻെറ സ്ഥാപകനായിരുന്ന ഇദ്ദേഹം തൻെറ പ്രവർത്തനങ്ങൾക്കൊരു പേരിട്ടു, 'നവ പ്രതീക്ഷ.' അതിൻെറ ആശയം എല്ലാവർക്കും ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും എങ്ങിനെയോ അതു മുഴമിക്കാതെ പോവുകയാണുണ്ടായതു്.

കുറെ വർഷങ്ങൾകഴിഞ്ഞ് പാരീസിലെ വൈദേശികമിഷനുകളുടെ സുപ്പീരിയർ ജനറാൾ, ഫാദർ റോബർട്ട്, മേൽപ്പറഞ്ഞതരം ഒരു ആശയവുമായി മുന്നോട്ടുവരികയും വിശ്വാസപ്രചാരണത്തിനുവേണ്ടിയുള്ള പ്രസ്തുത സംഘടനയ്ക്കു് 'പുറജാതിക്കാരുടെ അപ്പസ്തോലനായ വി. പൗലോസിൻെറ പ്രവൃത്തി' എന്നു പേരിടുകയും ചെയ്തു. അദ്ദേഹത്തിൻെറ പദ്ധതിയ്ക്കും ഫാദർ ഡഫിയുടെ നിർദ്ദേശത്തിൻെറ ഗതിതന്നെയാണു വന്നുചേർന്നതു്.

പൂനമല്ലിയിലെ വലിയ സെമിനാരിക്കടുത്തു വേദോപദേശകർക്കുള്ള സ്കൂൾ ആരംഭിച്ചപ്പോൾ മോൺ. മത്തിയാസ് അതിനു നാമകരണം ചെയ്തതു് 'പുറജാതിക്കാരുടെ ശ്ലീഹായായ വി. പൗലോസിൻെറ പ്രവർത്തനം' എന്നായിരുന്നു. ഫാദർ റോബർട്ടിൻെറ ആശയം അദ്ദേഹം കടംവാങ്ങി. താൻ ആരംഭിച്ച ആ സ്ഥാപനം റോം ഏറ്റെടുക്കണമെന്നും പിന്നീടതിൻെറ ശാഖകൾ ലോകം മുഴുവനും വ്യാപിക്കണമെന്നും തിരുമേനി ആഗ്രഹിച്ചിരുന്നു. വേദോപദേശകപരിശീലനകേന്ദ്രത്തിൻെറ സ്ഥാപനവും 1962–ലെ വത്തിക്കാൻ കൗൺസിലിൻെറ ആരംഭവും ഒരുപോലെ വന്നു. ഒന്നര നൂററാണ്ടിനുമുമ്പ് എം. ഇ. പി. വൈദികർ തുടങ്ങിവച്ച ആ പദ്ധതി വീണ്ടും തുടർന്നുകൊണ്ടുപോകേണ്ട കാലമായെന്നു് മോൺ. മത്തിയാസിനു തോന്നിയിരുന്നു. കൗൺസിലിൽ ഇക്കാര്യം ചർച്ചയ്ക്കായി അവതരിപ്പിക്കപ്പെട്ടു. അത്മായ പ്രേഷിതപ്രവർത്തനത്തെപ്പററി പ്രാധാന്യം നൽകി ചിന്തിച്ചുകൊണ്ടിരുന്ന സഭാപിതാക്കന്മാർക്കു വേദോപദേശകരുടെ കാര്യം ഒഴിച്ചുനിർത്താൻ സാധ്യമായിരുന്നില്ല. തൻെറ വാദമുഖങ്ങൾ ശക്തമായി അവതരിപ്പിക്കാൻ കിട്ടിയ ഒരവസരവും മെത്രാപ്പോലീത്താതിരുമേനി പാഴാക്കിയില്ല. ആർച്ചുബിഷപ്പ് ഗ്ററിതിരുമേനി, ഫാദർ മോൺഗോറിനെഴുതിയ ഒരു കത്തിൽ ഇക്കാര്യം പറയുന്നുണ്ടു്. മോൺസിഞ്ഞോർ മത്തിയാസും ഞാനും കൗൺസിലിൻെറ

മിക്ക ദിവസങ്ങളിലും കാണമായിരുന്നു. പ്രഭാതസമ്മേളനങ്ങളിൽ പങ്കെടുത്തുകഴിഞ്ഞു് ഞങ്ങളെന്നും ഒരുമിച്ചാണു് പുറത്തുപോവാറു്. ആ അവസരത്തിലാണു്, എന്തൊക്കെ എതിർപ്പുകൾ നേരിടേണ്ടിവന്നാലും, വേദോപദേശകരുടെ കാര്യം കൗൺസിലിൽ ഉന്നയിക്കാൻ താൻ ദൃഢനിശ്ചയം ചെയ്തിരിക്കയാണെന്നു് അദ്ദേഹം പറഞ്ഞതു്. അദ്ദേഹത്തിൻെറ സ്വരം ഉറച്ചതും ധീരവുമായിരുന്നു. കർത്താവിൻെറ സാമ്രാജ്യം വളരുന്നതിന്നു് അതു വളരെ ആവശ്യമാണെന്നു് അദ്ദേഹത്തിനു ബോധ്യവും ഉണ്ടായിരുന്നു.

1963–ലെ ശരത്കാലത്താണു് അതു് ഔദ്യോഗികമായി അവതരിപ്പിക്കപ്പെട്ടതു്. തലേ വസന്തത്തിൽ മോൺ. മത്തിയാസ്സ് മോൺഗ്ലറച്ചനെ ലയൺസിൽ ചെന്നു കാണുകയുണ്ടായി. വേദോപദേശകാദ്ധ്യാപകരെ പരിശീലിപ്പിക്കുവാൻ കുറെ അത്മായരെ കണ്ടുപിടിക്കണമെന്നു് തിരുമേനി പറഞ്ഞു. ഇതെപ്പററി മോൺഗ്ലറച്ചൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: ഞാൻ പ്രാർത്ഥിച്ചു. ഒടുവിൽ നല്ലവരായ രണ്ടു ക്രിസ്ത്യൻ ദമ്പതികളെ ഞാൻ കണ്ടുപിടിച്ചു. ഫ്രാൻസിലെ ''സെൻറ് എററനി''ൽ ആയിരുന്നു അവരുടെ താമസം. കുട്ടികളില്ലായിരുന്ന അവർ എൻെറ നിർദ്ദേശം സ്വീകരിക്കുകയും വിശ്രമസമയം അതിനായി വിനിയോഗിക്കാമെന്നു അറിയിക്കുകയും ചെയ്തു. ആ ഭാര്യയും ഭർത്താവും ജോലിയുള്ളവരായിരുന്നു. ഇതെപ്പററി അറിഞ്ഞപ്പോൾ മോൺ. മത്തിയാസ്സ് അവരെ ചെന്നു കാണുകയും നല്ലവരായ ആ ഭാര്യാഭർത്താക്കന്മാരെ നിറഞ്ഞ ഹൃദയത്തോടെ അനുഗ്രഹിക്കുകയും ചെയ്തു. അന്നുമുതൽ അവർ ഈ പുതിയ രീതിയിലുള്ള സുവിശേഷപ്രവർത്തനത്തിൻെറ പതാകാവാഹകരായി. പുതിയ പ്രസ്ഥാനം സകല പ്രതീക്ഷകളെയും കവച്ചുവച്ചുകൊണ്ടു് ഫ്രാൻസിലെമ്പാടും വ്യാപിച്ചു.

കുറെ മാസങ്ങൾക്കുശേഷം, കൃത്യമായി പറഞ്ഞാൽ 1963 ഒക്ടോ. 18–ാം തീയതി മോൺ. മത്തിയാസിന്നു് കൗൺസിലിൽ പ്രസംഗിക്കുവാൻ ഔദ്യോഗികമായി അനുവാദം കിട്ടി. വേദോപദേശകരുടെ പ്രശ്നത്തെപ്പററി അനുഭാവപൂർവ്വം ചിന്തിക്കണമെന്നു് അദ്ദേഹം സഭാപിതാക്കന്മാരോടു് അഭ്യർത്ഥിച്ചു. തലേവർഷം സെപ്റ്റംബർ ഒന്നാം തീയതി ആറാം പോൾ മാർപ്പാപ്പാ തിരുമേനി ചെയ്ത ഒരു പ്രസംഗത്തിലെ ചില പ്രസ്താവനകൾ അദ്ദേഹം ഉദ്ധരിച്ചു. അത്മായരുടെ മണിക്കൂറുകൾ സമാഗതമായിരിക്കുന്നു എന്നു് പാപ്പാ പറയുകയുണ്ടായി. പ്രേഷിതപ്രവർത്തകനായ ആ മെത്രാപ്പോലീത്താ കൗൺസിൽ പിതാക്കന്മാരോടു ആവശ്യപ്പെട്ടതു് താഴെപ്പറയുന്ന കാര്യങ്ങളായിരുന്നു.

1. വേദോപദേശകർ എന്നറിയപ്പെടുന്ന പരിശീലനം സിദ്ധിച്ച അത്മായരുടെ ആവശ്യത്തെപ്പററി സഭ പരിഗണിക്കുക.

2. അവരുടെ പരിശീലനത്തിനുവേണ്ടി ട്രെയിനിങ്ങ് സ്കൂളുകൾ സ്ഥാപിക്കേണ്ടതിൻെറ ആവശ്യകത.

3. ഗ്രാമങ്ങളിൽ പ്രവർത്തിക്കേണ്ടിവരുന്ന ഈ സഭാപ്രതിനിധികൾക്ക് തങ്ങളുടെയും തങ്ങളുടെ കുടുംബത്തിൻേറയും അന്തസ്സായ നിലനില്പിനുതകുന്ന വിധത്തിൽ മാസംതോറും ഒരു നിശ്ചിതവേതനം അനുവദിക്കുക.

ഈ പ്രസ്ഥാനത്തിൻെറ ചുമതല റോം ഏറെറടുക്കണമെന്നും, മററു സഭാസംഘടനകൾക്കുള്ള അതേ സ്ഥാനം ഇതിനും കല്പിച്ചനുവദിക്കണമെന്നും പ്രസംഗകൻ അഭ്യർത്ഥിച്ചു. മോൺസിഞ്ഞോർ മത്തിയാസിൻെറ പ്രസംഗത്തിന് എന്തു പ്രതികരണമാണുണ്ടായതെന്നു നമുക്കറിയില്ലെങ്കിലും വത്തിക്കാൻ കൗൺസിലിൻെറ 17–ാം നമ്പർ ഡിക്രിയിൽ മിഷനുകളെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന ഭാഗത്ത് പ്രേഷിതപ്രവർത്തനത്തിൽ വേദോപദേശകർക്കുള്ള സ്ഥാനത്തെപ്പററി പ്രത്യേകം പറയുന്നുണ്ട്. രൂപതാടിസ്ഥാനത്തിലും പ്രാദേശികാടിസ്ഥാനത്തിലുമുള്ള സ്കൂളുകളെക്കുറിച്ചും ഡിക്രിയിൽ പരാമർശനമുണ്ട്. ക്രിസ്തീയതത്വങ്ങൾ വേദോപദേശകരെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് അത്തരം സ്കൂളുകൾ. ഡിക്രി തുടർന്നു പറയുന്നു, ''വേദോപദേശകർക്ക് അന്തസ്സായി ജീവിക്കുവാനുതകുന്ന ഒരു ശമ്പളവും നല്ലേണ്ടതാണ്''.

മോൺ. മത്തിയാസ് നിർദ്ദേശിച്ചതരത്തിലുള്ള ഒരു തിരുസ്സഭാ സംഘടന രൂപവൽക്കരിക്കുവാൻ അനുവാദം കിട്ടിയില്ലെങ്കിലും മേല്പറഞ്ഞ ഡിക്രിയിലെ ഇനി പറയുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക. ''വിശ്വാസപ്രചാരണത്തിനു വേണ്ടുന്ന സാമ്പത്തികസഹായം തിരുസ്സഭയിൽനിന്നു നല്കണമെന്നും ആയതു് വേദോപദേശകരുടെ ജീവസന്ധാരണത്തിനും അവരുടെ പരിശീലന ചെലവുകൾക്കുംവേണ്ടികൂടി ഉപയോഗിക്കണമെന്നും കൗൺസിൽ ആഗ്രഹിക്കുന്നു. ആവശ്യവും യുക്തവുമാണെന്നു തോന്നുന്നപക്ഷം വേദോപദേശകർക്ക് ഒരു സംഘടന രൂപീകരിക്കുന്നതും കൊള്ളാം''.

ഒരു സംഘടനയെപ്പററിയുള്ള ഈ പരാമർശനം മോൺസിഞ്ഞോർ മത്തിയാസ് നിർദ്ദേശിച്ച സഖ്യത്തിനു പകരമാണെന്നതു് വ്യക്തമാണ്. സേക്രഡ് കോൺഗ്രിഗേഷൻ ഫോർ ഇവാഞ്ചലൈസേഷൻ എന്ന സംഘടന കൗൺസിലിൻെറ

പ്രസ്തുത തീരുമാനങ്ങളെ പ്രയോഗതലത്തിലേക്കു പകർത്തുവാൻ ആരംഭിച്ചിരിക്കുകയാണല്ലോ. അങ്ങിനെ മോൺ. മത്തിയാസിൻെറ ശ്രമങ്ങൾ ഫലമണിഞ്ഞു എന്നു നമുക്കാശിക്കാം.

1963 സെപ്റ്റംബറിൽ ചിത്രങ്ങൾ സഹിതം പ്രസിദ്ധപ്പെടുത്തിയ ഒരു ലഘുലേഖയിൽ മോൺ. മത്തിയാസ് പ്രസ്താവിക്കുകയുണ്ടായി, ഭാവിയിലെ വേദോപദേശകർക്ക് രണ്ടു കൊല്ലം നീണ്ടു നില്ക്കുന്ന തിയോളജിക്കൽ പഠനം നിർബന്ധിതമാക്കാൻ പോകയാണെന്ന്. തിയോളജി പഠിക്കുന്നതോടൊപ്പം പ്രസംഗകലയിലും സംഗീതത്തിലും സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും അവർക്കു പരിശീലനം നല്ലപ്പെടും.

അതായത്ത് കൗൺസിലിൻെറ മൂന്നാംസമ്മേളനത്തിനു ശേഷം, 1964–ൽ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ മത്തിയാസ് തിരുമേനി തൻെറ സുഹൃത്തുക്കളെ ഒരു കാര്യം ഓർമ്മപ്പെടുത്തുകയുണ്ടായി. ''നിങ്ങൾക്കറിയാമല്ലോ, ഞാൻ ലോകമെങ്ങുമുള്ള ബിഷപ്പുമാരോട് സംസാരിക്കയുണ്ടായി. അവരിൽ വളരെപ്പേരെ എൻെറ ചിന്താസരണിയിലേക്കു കൊണ്ടു വരാൻ എനിക്കു സാധിച്ചു. അവരെനിക്കു വലിയ പ്രോത്സാഹനവും നൽകി. അതിൽ പിന്നീടാണ്, വിവാഹിതരായ വ്യക്തികൾക്ക് ആറാംപട്ടം (Diaconate) നൽകുന്നതിനെപ്പററി കൗൺസിലിൽ നിർദ്ദേശം വന്നതും പത്രങ്ങൾ ആ വാർത്ത പ്രചരിപ്പിച്ചതും. വേദോപദേശകരെന്ന പുതിയ സഭാപ്രവർത്തകരിൽനിന്ന് അത്തരമാളുകളെ തിരഞ്ഞെടുക്കുക എളുപ്പമായിരിക്കുന്നു.''

യഥാർത്ഥത്തിൽ, ഇത്തരമൊരു സ്ഥാപനം ആരംഭിച്ചതിൻെറ പിന്നിൽ അദ്ദേഹത്തിനുണ്ടായിരുന്ന ചോതോവികാരം എന്തായിരുന്നു? അദ്ദേഹം ഒരിക്കൽ പറഞ്ഞു, സുവിശേഷപ്രസംഗകൻ, എന്നു ഞാൻ വിളിക്കുന്ന ആ വ്യക്തി, പണ്ടുകാലത്തു സഭയിലുണ്ടായിരുന്ന ഡീക്കന്മാർക്കു തുല്യനായിരിക്കും. ഞായറാഴ്ചകളിലും മററു തിരുനാളുകളിലും അദ്ദേഹം വൈദികരെ കർമ്മാനുഷ്ഠാനങ്ങളിൽ സഹായിക്കും. വൈദികരില്ലാത്ത ഇടങ്ങളിൽ അദ്ദേഹം വിശ്വാസികൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കും. തിരുനാളുകളിൽ അദ്ദേഹം ദിവ്യകാരുണ്യം നൽകുകയും വിവാഹാവസരങ്ങളിൽ തിരുസഭയ്ക്കുവേണ്ടി സാക്ഷിനിൽക്കുകയും ചെയ്യും: ശവസംസ്കാരചടങ്ങിൽ പ്രാർത്ഥനകൾക്ക് അദ്ദേഹം നേതൃത്വം നൽകും– കുട്ടികളെ വേദപാഠങ്ങൾ പഠിപ്പിക്കുകയും ജ്ഞാനസ്നാനസ്വീകരണത്തിന് അവരെ ഒരുക്കുകയും ചെയ്യും. വിവാഹിതരാകാൻ പോകുന്ന യുവതീയുവാക്കൾക്കുവേണ്ട ഉപദേശങ്ങൾ നൽകാനും അദ്ദേഹത്തിനു കഴിയും. അദ്ദേഹം രോഗി

കളെ സന്ദർശിക്കുകയും കുടുംബത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ സഹായിക്കുകയും ചെയ്യും.

"തീർച്ചയായും ഇതൊക്കെ നിയമവിധേയമായിമാത്രം നടക്കേണ്ട കാര്യങ്ങളാണ്. ഇടവകവൈദികരോ മിഷനറിമാരോ ഇവരുടെ മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കയും വേണം."

അദ്ധ്യായം 19

# സഹോദരനും സഹോദരിയും

ദീഘ്ഘമായ ഭരണകാലത്ത്  ആർച്ചുബിഷപ്പ മത്തിയാസ് ആയിരക്കണക്കിന് കത്തുകരം എഴുതിയിട്ടുണ്ട്. അവയിൽ നിന്ന് തിരഞ്ഞെടുത്ത ചില ഭാഗങ്ങരം ഉദ്ധരിക്കുന്നതു് തീച്ച്യായും താൽപര്യപ്രദമായിരിക്കും.

1945 മുതൽ 1965-ൽ മരിക്കുന്നതുവരെ തിരുമേനി തൻെറ സഹോദരിയുമായി നടത്തിയിരുന്ന കത്തിടപാടുകരം പരിശോധിക്കുന്നതിന് സിസ്റ്റർ ജോർജെററി ഫാദർ മോൺഗ്ഗറിന് അനുമതി നൽകുകയുണ്ടായി.

തിരുമേനി മദ്രാസിൽ താമസിച്ചിരുന്ന ആ നീണ്ട ഇരുപതുവർഷക്കാലത്ത് ഒരു സ്നേഹധനനായ സഹോദരൻ തൻെറ സഹോദരിക്ക് തൻെറ ആരോഗ്യത്തെപ്പററി, തൻെറ അഭിലാഷങ്ങളെപ്പററി, തൻെറ പദ്ധതികളെപ്പററി.... ഒക്കെ എഴുതിയിരുന്നു. മതഭക്തനും മെത്രാനുമായ ഒരുവനേയും ആ കത്തുകളിൽ നാം മിക്കപ്പോഴും കണ്ടുമുട്ടും. അജ്ഞാതനായ ദൈവത്തിലേക്കു തൻെറ ഹൃദയത്തെ ഉയത്താൻ വെമ്പുന്ന ഒരു പുരോഹിതനായിരുന്നു അപ്പോഴദ്ദേഹം. 'ശൈലിയാണ് വ്യക്തി' എന്നുണ്ടല്ലോ. നമുക്കാസഭാമേലധ്യക്ഷനെ പരിശോധിക്കുക, ആ കത്തുകളിലൂടെ. അദ്ദേഹം സ്നേഹവാനായിരുന്നു, പരാക്രമിയും തമാശ പൊട്ടിക്കുന്നതിൽ വിരുതനുമായിരുന്നു. നിറഞ്ഞ ഇഷ്ടത്തോടെയും സ്നേഹത്തോടെയും സ്വന്തം സഹോദരിയെ അഭിസംബോധന ചെയ്യാൻ അദ്ദേഹം മടിച്ചിരുന്നില്ല. തൻെറ ആരോഗ്യത്തെപ്പററി അറിയാൻ സഹോദരിക്ക് ഉൽകണ്ഠയുണ്ടെന്നറിയാമായിരുന്ന തിരുമേനി ഓരോ കത്തിലും അതെപ്പററി എഴുതാൻ വിട്ടുപോയിരുന്നില്ല. ഉദാഹരണമായി നമുക്കൊരു കത്തു പരിശോധിക്കാം. 1958 ജൂലൈ 30-ന് അയച്ചതാണതു്. തിരുമേനി എഴുതുന്നു: "എനിക്ക് ബ്ലഡ് പ്രഷർ അല്പം കൂടുതലായതുകൊണ്ടു് ഡോക്ടരെ കാണാൻ ഞാൻ പോയിരുന്നു. അയാരം എൻെറ പല്ലിൻെറ വയസ്സു അമ്പതഞ്ചെന്നു കണ്ടുപിടിച്ചു. പുള്ളിക്കാരൻ തന്നെ പരിശോധിച്ചു കേട്ടോ. എന്നിട്ടു പറകയാണ് അതുങ്ങരം, അതായതു് എൻെറ പല്ലുകരം, തൊണ്ണൂറുവയസ്സുവരെ ജീവിക്കുമെന്നു്. കത്താവേ! അതെന്താ തൊണ്ണൂറിൽകൊണ്ടുവന്നു നിർത്തിക്കളഞ്ഞതു് .... ഒരു നൂറാക്കാൻ മേലേ, എന്നു ഞാൻ ഡോക്ടറദ്ദേഹത്തോടു ചോദിച്ചു."

1963 ഫെബ്രുവരിയിൽ അദ്ദേഹം എഴുതി. ''ജോർജെററീ, നമുക്ക് പ്രായമായി വരികയാണ്. പക്ഷെ ദൈവാനുഗ്രഹത്തിൻെറ വർഷങ്ങളേ കർത്താവു കണക്കുകൂട്ടുകയുള്ളു. നമ്മുടെ കർത്താവിൻെറ അനുഗ്രഹം നമുക്കുണ്ടെങ്കിൽ നാമെന്നും ചെറുപ്പമായിരിക്കും. 'കിഴവിസിസ്റ്റർ ജോർജെററി' എന്നു നിന്നെ ആരെങ്കിലും വിളിച്ചാൽ നിൻെറ പ്രതികരണം എന്തായിരിക്കുമെന്നാണ് ഞാൻ ഓക്കുന്നതു്. പക്ഷെ 'മദ്രാസിലെ മെത്രാപ്പോലീത്തായ്ക്കു പ്രായമായി' എന്നു ആരെങ്കിലും പറയുന്നതു കേട്ടാൽ ഞാനവരെ ഒരു മത്സര ഓട്ടത്തിനു വെല്ലുവിളിക്കും. വളച്ചു ഏറുന്തോറും നാം ഏറെ നല്ലവരായിത്തീരണം. എല്ലാററിനുമുപരിയായി, നമുക്കു ചെയ്തുതന്ന സഹായങ്ങളെക്കുറിച്ച് നാം കർത്താവിനോടു നന്ദിയുള്ളവരായിരിക്കണം. എന്നും കുർബാനനേരത്തു് ഞാൻ നിനക്കുവേണ്ടി പ്രാത്ഥിക്കുന്നുണ്ടെന്ന കാര്യം ഇവിടെ ആവത്തിക്കേണ്ടല്ലോ. പ്രാത്ഥനാനേരത്തും ജപമാല എത്തിക്കുമ്പോഴും ഞാൻ നിന്നെ സ്മരിക്കുന്നുണ്ടു്. നീയും എനിക്കായി പ്രാത്ഥിക്കുന്നുണ്ടല്ലോ''. ആർച്ചുബിഷപ്പാണു താനെങ്കിലും ദൈവത്തിൻെറ തിരുമുമ്പിൽ തനിക്കും തെററുകൾ പററാമെന്നു് തിരുമേനിക്കറിയാമായിരുന്നു. അതേപ്പററി എത്ര നിർവ്യാജമായിട്ടാണ് അദ്ദേഹം തൻെറ സഹോദരിക്ക് എഴുതുമായിരുന്നതെന്നോ.

''സത്യമായും ദൈവം സ്നേഹസമ്പൂർണ്ണനാണ്: നാമദ്ദേഹത്തിൻെറ നന്മകൾ ദിവസവുമെന്നപോലെ അനുഭവിക്കുകയും ചെയ്യുന്നുണ്ടു്. അദ്ദേഹത്തോടു് കൃതഘ്നത കാട്ടുവാൻപോലും ലജ്ജയാണെനിക്ക്. എനിക്കുവേണ്ടി നീ തീച്ചയായും പ്രാത്ഥിക്കണം. കുറെ ദിവസങ്ങൾക്കുമുമ്പു് ഞാൻ സാധുക്കളുടെ ചെറിയ സഹോദരികളെ സന്ദർശിക്കുവാൻ പോയിരുന്നു. രോഗബാധിതയായി കാണപ്പെട്ട നല്ലവളായ ഒരു കന്യാസ്ത്രീയോടു് എൻെറ മാനസ്സാന്തരത്തിനുവേണ്ടി പ്രാത്ഥിക്കണമെന്നു് ഞാൻ ആവശ്യപ്പെട്ടു. അവർ എന്താണു മറുപടി പറഞ്ഞതെന്നു് നിനക്കറിയാമോ? 'തിരുമേനി, താമസിച്ചുപോയി'. ഹോ! ഞാൻ ആദ്യം മനസ്സിലാക്കിയ അത്ഥം അല്ല ആ കന്യാസ്ത്രീ വാസ്തവത്തിൽ ഉദ്ദേശിച്ചതു്''.

ചെയ്തുതീത്ത പ്രവത്തനങ്ങളെപ്പററി ചിലപ്പോൾ തിരുമേനി പെങ്ങൾക്കെഴുതാറുണ്ടായിരുന്നു: ഇപ്പോൾ ഞങ്ങൾക്കു് പന്ത്രണ്ടു സെററു് ചട്ടക്കൂടുകളുണ്ടു്, ചാപ്പലുകൾ പണിയാൻ. ഒരു ധ്യാനമന്ദിരവും പൂത്തിയാക്കണം. ഞങ്ങളുടെ സ്കൂളുകളും നന്നായി പുരോഗമിക്കുന്നുണ്ടു്. മദ്രാസിലെ ഞങ്ങളുടെ വിദ്യാലയങ്ങളിൽ ഇപ്പോൾ നാല്പതിനായിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ടു്. നീ പറഞ്ഞല്ലോ നിങ്ങളുടെ കുട്ടികളുടെ സംഖ്യ എപ്പോഴും വദ്ധിച്ചുകൊണ്ടാണിരിക്കുന്നതെന്നു്. നിങ്ങ

ളുടെ സ്കൂളിൻെറ ഒന്നാന്തരമൊരു പരസ്യമാണതു്. പക്ഷെ വേണ്ടത്ര സ്ഥലമില്ലെന്നു നീ എഴുതിയല്ലൊ. ശകലംകൂടെ വിശ്വാസമുണ്ടെങ്കിൽ നിങ്ങൾക്കു കെട്ടിടങ്ങൾ ഇരട്ടിപ്പിക്കാൻ കഴിയും.''

'ചെറുപുഷ്പം' എന്ന അപരനാമത്തിൽ ഇൻഡ്യയിലും ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിലും അറിയപ്പെടുന്ന ഉണ്ണീശോയുടെ വിശുദ്ധ ത്രേസ്യാപ്പുണ്യവതിയോടു് ആർച്ചു ബിഷപ്പിനു പ്രത്യേക ഭക്തിയുണ്ടായിരുന്നു. 1957 മാർച്ചു 10–ാംനു- തിരുമേനി സഹോദരിക്കെഴുതിയ ഒരു കത്തിൽ ലിസ്യൂവിലെ ആ കമ്മലകുസുമത്തിനു പ്രിയംകരമായിരുന്ന സ്വർഗ്ഗീയമായ ബാല്യകാലത്തെക്കുറിച്ചു് പരാമർശിക്കുകയുണ്ടായി. ഈ പതിനാറിനു് നിനക്കു് 66 വയസ്സു തികയും, പ്രിയപ്പെട്ട ജോർജെററീ. ഞാനും നിനക്കു മുമ്പേതന്നെയുണ്ടു്. നമ്മുടെ പ്രായം വകവയ്ക്കുണ്ടാ, നാമിപ്പോഴും ദൈവത്തിൻെറ മുന്നിൽ കൊച്ചുകുഞ്ഞുങ്ങൾതന്നെ. ഉണ്ണീശോയുടെ വിശുദ്ധ കൊച്ചുത്രേസ്യാ നമുക്കാമാർഗ്ഗം കാണിച്ചുതന്നിട്ടുണ്ടല്ലോ. നമ്മുടെ എല്ലാ എളിമയോടുംകൂടെ ആ വിശുദ്ധയോടു നമുക്കു പ്രാർത്ഥിക്കാം. അവൾ നമ്മുടെ ആഗ്രഹം നിറവേററിത്തരും. ഒരു പ്രായം കഴിഞ്ഞാൽ പിന്നെ കുട്ടികളെന്നു പറയപ്പെടാൻ നമുക്കിഷ്ടമില്ല.... പക്ഷെ ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ നാം അങ്ങിനെ ആയേ പററൂ. നിനക്കു് ജന്മദിനത്തിൽ ധ്യാനിക്കാൻ പററിയ നല്ല ഒരു വിഷയമാണിതു്.''

പാവങ്ങളോടു് മോൺസിഞ്ഞോർ മത്തിയാസിനുണ്ടായിരുന്ന സ്നേഹം സുവിദിതമാണല്ലോ. അവർക്കുവേണ്ടി ചെലവഴിക്കാൻ പണമുണ്ടാക്കുന്നതിനു് അദ്ദേഹം മററുചെലവുകൾ ചുരുക്കാൻപോലും ഒരുങ്ങി: അദ്ദേഹം ജോർജെററിക്കയച്ച രണ്ടുകത്തുകൾ ഇതാ:

''പ്രിയമുള്ള ജോർജെററി, ഞാനിപ്പോൾ വിഷിയിലാണു്. ഞാനാകെ അവശനായിരിക്കുന്നു, എനിക്കല്പം വിശ്രമം വേണ്ടിയിരിക്കുന്നു. ഇവിടുത്തെ ശുശ്രൂഷതന്നെ എന്നെ തളർത്തുന്നു. നിന്നെ വന്നുകാണുന്നുണ്ടെന്നു് ഞാൻ എഴുതിയിരുന്നല്ലോ. പക്ഷെ, നിനക്കറിയാം എനിക്കാകെ ദുർദിശയാണു്. സാധുക്കൾക്കുവേണ്ടി കുറെ പണം സംഭരിക്കുന്ന പ്രയത്നത്തിലാണു ഞാനിപ്പോൾ.''

മദ്രാസിൽനിന്നയച്ച മറെറാരു കത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി: ഞാൻ സ്ട്രാററ്സ്ബറിയിലേക്കാണിതെഴുതുന്നതു്. എയർമെയിലായി അയക്കുന്ന ഈ കത്തിലെ കുറിപ്പു കണ്ടു് അമ്പരക്കണ്ടാ. അങ്ങനെ മിച്ചംപിടിക്കുന്ന കാശു

കൊണ്ടു് ഒരു അനാഥക്കുട്ടിയെ മൂന്നുദിവസം പോററാം. നീയിതു വിശ്വസിക്കുകയില്ലെങ്കിലും സത്യമിതാണു്''.

1959 ഒക്ടോബർ 29-ാം തീയതി റോമിൽനിന്നു പോസ്റ്റു ചെയ്ത ഒരു കത്തു് ജോർജെററിക്കു കിട്ടി. പരിശുദ്ധ പിതാവുമായി രഹസ്യമായി കൂടിക്കാണാൻ അവസരമുണ്ടായ മത്തിയാസ് തിരുമേനി വികാരവിക്ഷുബ്ധതയിൽനിന്നു മോചിതനായിരുന്നില്ല ആ കത്തെഴുതുമ്പോൾ. ''ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല ഇത്രമാത്രം പൈതൃകവാത്സല്യത്തോടെ തിരുമേനി എന്നെ സ്വീകരിക്കുമെന്നു്. ആ സന്ദർശനം കൊണ്ടു് ഞാൻ സംതൃപ്തനായിരിക്കുന്നു. നാല്പത്തഞ്ചുമിനിട്ടോളം നീണ്ടുനിന്ന ആ സന്ദർശനം ഒരുമണിക്കൂർ നീണ്ടേനെ, ഇടസ്സു് ചേംബർലെയിൻ വന്നു് മററു തിരുമേനിമാർ ഊഴം കാത്തു നില്ക്കുന്ന വിവരം അറിയിച്ചില്ലായിരുന്നെങ്കിൽ. ഒരു പുസ്തകം എഴുതിയാലും തീരാത്തത്ര അനുഭവങ്ങൾ! എത്രയോ പാപ്പാമാരെ ഞാൻ കണ്ടിരിക്കുന്നു. പക്ഷെ ഇത്രമാത്രം ഹൃദയസ്പർശിയും ആഹ്ലാദകരവുമായ ഒരു കൂടിക്കാഴ്ച ഇതിനുമുമ്പുണ്ടായിട്ടില്ല. ഞാൻ എല്ലാവർക്കുംവേണ്ടി അനുഗ്രഹങ്ങൾ ചോദിച്ചു. തിരുമേനി ചോദിച്ചതെല്ലാം എനിക്കു തരികയും ചെയ്തു''.

1964 ഡിസംബറിൽ അദ്ദേഹം സ്വസഹോദരിക്കയച്ച മൂന്നു കത്തുകളിലെയും വിഷയം ബോംബയിലെ ദിവ്യകാരുണ്യസമ്മേളനമായിരുന്നു.

''പരിശുദ്ധപിതാവു് ഞങ്ങളുടെ നാട്ടിൽ വരാനിടയായ ബോംബെയിലെ ഇൻറർനാഷണൽ യൂക്കരിസ്റ്റിക് കോൺഗ്രസിൽ പങ്കുചേരാൻ നിനക്കു സാധിക്കാഞ്ഞതിൽ എനിക്കു ഖേദമുണ്ടു്. അതു് ഒരു യഥാർത്ഥ പൊന്തക്കോസ്തയായിരുന്നു. ഞാൻ വളരെ പ്രാവശ്യം സന്തോഷംകൊണ്ടു് കണ്ണുനീർ വാർത്തുപോയി. സ്വർഗ്ഗത്തിലും ഇതുപോലെ ഹൃദ്യമനോഹരങ്ങളായ കാഴ്ചകൾ നമുക്കു കാണാമായിരിക്കും. പക്ഷെ, അവിടെ, മുകളിൽ, കണ്ണീർമാത്രം ഉണ്ടായിരിക്കയില്ല. സമ്മേളനം നവംബർ 28-ാം തീയതി ഞായറാഴ്ചയാണു് അത്യാഡംബരപൂർവ്വം ഉൽഘാടനം ചെയ്യപ്പെട്ടതു്. വളരെ ഭംഗിയായി സംഘടിപ്പിക്കപ്പെട്ട ഒന്നായിരുന്നു അതു്. അതു് അതിസുന്ദരമായ ഒരു ചടങ്ങായിരുന്നു. ജനങ്ങളുടെ അച്ചടക്കവും ഭക്തിയും വിദേശസന്ദർശകരെപ്പോലും അത്ഭുതപ്പെടുത്തി. പരി. പിതാവിൻെറ സന്ദർശനം ഒരു വിജയമുഹൂർത്തമായിരുന്നു. ഒരു രാജാവിനോ രാജ്ഞിക്കോ പ്രസിഡൻറിനോ ലഭിക്കാത്തവിധം അത്ര പ്രൗഢഗംഭീരമായിരുന്നു, ജനകോടികളുടെ ആ സ്വീകരണം. മാർപ്പാപ്പാപോലും ആ സ്വീകരണംകണ്ടു് വിസ്മയിച്ചുപോയി. എല്ലാ മുഖങ്ങളിലും ആഹ്ലാദം തിരതല്ലിക്കൊണ്ടിരുന്നു-ഇൻ

ഡ്യയുടെ ചരിത്രത്തിലെ ഒരു സുവർണ്ണസംഭവമായിരുന്നു അതു്. അത്രമാത്രം ഹൃദയസ്പർശിയായ, അത്രമാത്രം അഭിമാനിച്ച ഒരു ദിവസം എന്റെ ജീവിതത്തിലുണ്ടായിട്ടില്ല''.

1963 മാർച്ച് 31-ാംനു അദ്ദേഹം 'സെൻറ്പോൾ' സഖ്യത്തെക്കുറിച്ച് സിസ്റ്റർ ജോർജെററിക്കെഴുതി: ''ഇന്നലെ ഞാൻ ഫാദർ മോൺഗുറുമൊന്നിച്ച് സെൻറ് എററീനിലേക്കു പോയി. 'പ്രേഷിതനായ വി. പൗലോസിന്റെ പ്രവത്തനം' എന്നൊരു പ്രസ്ഥാനം ഞങ്ങൾ ആരംഭിക്കുകയാണ്. വേദോപദേശകരെ സംഘടിപ്പിക്കുകയാണതിന്റെ ലക്ഷ്യം. ഒരു നല്ല കുടുംബം എഴുത്തുകുത്തുകളുടെയും പ്രചരണപരിപാടികളുടേയും ചുമതല ഏറെറടുത്തു– എനിക്കതു് വളരെ സന്തോഷമായി– ഒരു ജോലി നന്നായി ചെയ്യു ചാരിതാത്ഥ്യവും ഉണ്ടു്. ഈ പ്രസ്ഥാനത്തിനു നല്ലൊരു ഭാവിയുണ്ടെന്നാണ് എന്റെ വിശ്വാസം. തല്ക്കാലം ഇതു് ചെറിയ തോതിൽ മുന്നോട്ടു പോകട്ടെ. പിന്നെ വേഗം, പുരോഗമിച്ചുകൊള്ളും''– ഈ അവസാനത്തെ വാചകം ഒരു പ്രവചനം ആയിത്തീരുകയുണ്ടായി. അവസാനമായി, 1965 മാച്ചിലും മെയിലും, അദ്ദേഹം മരിക്കുന്ന വർഷം, എഴുതിയ കത്തുകൾ – അവിസ്മരണീയമെന്നു് അദ്ദേഹം വിശേഷിപ്പിക്കുന്ന ഒരു ഡബിൾ വാർഷികത്തെപ്പററി ആ കത്തുകൾ പ്രസ്താവിക്കുന്നുണ്ടു്. പ്രിയമുള്ള ജോർജെററീ, ഇക്കൊല്ലം നീ നിന്റെ സഭാജീവിതത്തിന്റെ അമ്പതാംകൊല്ലം കൊണ്ടാടുകയാണല്ലോ. ഞാൻ ഈ മേയ് മാസം 8-ാംനു എന്റെ അറുപതാമത്തെയും. കത്താവിന്റെ ഈ ദയാവായ്പിനു നന്ദി പ്രകടിപ്പിച്ചുകൊണ്ടു് നമുക്കൊരു ദിവസം ഒന്നിച്ചു ചെലവഴിക്കണം. ഞാൻ സത്യമായും സന്തോഷഭരിതനാണ്. ഒരു സലേഷ്യൻ എന്ന നിലയിലും ഡോൺ ബോസ്ക്കോയുടെ പുത്രനെന്നതിലും അഭിമാനം കൊള്ളുന്നവനുമാണ്. ഞാനെന്റെ ജീവിതം ആദിമുതൽ ആരംഭിക്കേണ്ടിവരുന്ന എന്നു വരികിൽ ഞാൻ വേറൊരു പാത തിരഞ്ഞെടുക്കുകയില്ല. എനിക്കറിയാം, നീയും നിന്റെ പ്രിയപ്പെട്ട സഭാകുടുംബത്തെപ്പററി സന്തോഷവതിയാണെന്നു്. ഞാൻ നിന്നോടൊപ്പം ദൈവത്തിനു നന്ദി പറയട്ടെ, അവൻ നമ്മുടെ മേൽ ഇത്രകാലവും വർഷിച്ച അനുഗ്രഹധാരയുടെ പേരിൽ. അനന്തമായ അനശ്വരത അകലെയല്ല. അന്നു നമുക്കവന്റെ മഹത്വങ്ങൾ പാടുകയും അവനു കൃതജ്ഞത പറയുകയും ചെയ്യാൻ സാധിക്കും. പ്രായമാകുന്തോറും കത്താവു് അനർഹരായ നമ്മോടു കാണിക്കുന്ന ഈ കരുണയുടെ വ്യാപ്തിയെപ്പററി ഞാൻ കൂടുതൽ കൂടുതൽ ബോധവാനാകുന്നു. ദൈവം നമ്മെ കാത്തു രക്ഷിച്ചില്ലായിരുന്നെങ്കിൽ നാം എന്തായിത്തീരുമായിരുന്നു? നമ്മുടെ നന്ദി നാം നമ്മുടെ ദൈവവിളിയോടുള്ള പരിപൂർണ്ണമായ വിശ്വസ്തതയിലൂടെയാണു പ്രകാശിപ്പിക്കേണ്ടതു്.

നാം അംഗമായിരിക്കുന്ന ആ ആത്മീയ കുടുംബത്തോട്ട് അഗാധസ്നേഹം നമുക്കുണ്ടായിരിക്കുകയും വേണം.

നന്ദിപ്രകാശനത്തിനു് അദ്ദേഹം തിരഞ്ഞെടുത്ത ദിവസം ജോർജെററി മാത്രമേ ഈ ഭൂമിയിൽ ഉണ്ടായിരുന്നുള്ളു. അതൊരു പക്ഷെ സ്വർഗ്ഗത്തിൽവച്ച്ു് പിന്നീടൊരു വാർഷികത്തിൽ നടക്കാനായിരിക്കും ദൈവം തിരുമനസ്സായതു്. സിസ്റ്റർ ജോർജെററി സഭാവസ്ത്രം സ്വീകരിച്ച ഓഗസ്റ്റിലായിരുന്നു ആ ഒരുമിച്ചു ചേർന്നുള്ള പ്രാർത്ഥനയ്ക്കായി നിശ്ചയിക്കപ്പെട്ടിരുന്നതു്. പക്ഷെ ആ മാസം മൂന്നാം തീയതി തന്നെ അരനൂററാണ്ടോളം തന്നെ വിശ്വസ്തതയോടെ സേവിച്ച തൻെറ പുരോഹിതനെ കർത്താവു നിത്യസൗഭാഗ്യത്തിലേക്കു മടക്കി വിളിച്ചു.

അദ്ധ്യായം 20

# നിത്യശാന്തിയിലേക്ക്

1965 ജൂൺ 30.

ആർച്ചുബിഷപ്പ മത്തിയാസ് തിരുമേനി യുറോപ്പിലേക്കുള്ള യാത്ര ആരംഭിക്കുകയായിരുന്നു അന്ന്. യാത്രാമംഗളം നേരാനെത്തിയ ഒരു മാന്യദേഹം തിരുമേനിയോടു ചോദിച്ചു. "അങ്ങ് തിരിച്ച് ഞങ്ങളുടെ പക്കലേക്കു വരില്ലേ?"

അദ്ദേഹത്തിന്റെ മുഖത്ത് പുഞ്ചിരി വിടർന്നു. തിരുമേനി പറഞ്ഞു: "ഞാൻ ഉറപ്പായി പറയുന്നു. ജീവനോടെയോ, മരിച്ചോ, ഞാൻ നിങ്ങളുടെ അടുത്തേക്കുതന്നെ മടങ്ങി വരും".

അടുത്തെത്തിക്കഴിഞ്ഞിരുന്ന അന്ത്യത്തെപ്പറ്റി അദ്ദേഹം സൂചന നല്കുകയായിരുന്നോ? ഒരു മാസം മുമ്പാണ് തിരുമേനി കുന്നൂരിൽനിന്ന് മടങ്ങിയെത്തിയത്. അവശനായി, രോഗഗ്രസ്തനായി അദ്ദേഹം തിരിച്ചെത്തിയപ്പോഴാണ് യൂറോപ്പിലേക്കു പോകണമെന്നും അവിടെപ്പോയി തിരുമേനി കുറച്ചുനാൾ വിശ്രമിക്കണമെന്നും നിർദ്ദേശമുണ്ടായത്. വാസ്തവത്തിൽ റോമിലും ടൂറിനിലും ചെന്നെത്തിയപ്പോൾ തിരുമേനിയുടെ ക്ഷീണമെല്ലാം പമ്പകടന്നതായി തോന്നി. അദ്ദേഹം എന്നത്തെക്കാളുമേറെ ഉല്ലാസവാനമായിരുന്നു അവിടെവച്ച്. പക്ഷെ മിലാനിൽനിന്ന് 20 മൈലകലെയുള്ള ലെഞ്ഞാനോയിൽ എത്തിയപ്പോൾ അദ്ദേഹത്തിന്റെ മുഖം വീണ്ടും മങ്ങി. അവിടെ കുറച്ചുദിവസം തങ്ങിയിട്ട് യൂറോപ്പിലേക്ക് പോകാമെന്നായിരുന്നു പ്ലാൻ.

അദ്ദേഹത്തിനപ്പോൾ എഴുപത്തെട്ടു വയസ്സുണ്ടായിരുന്നു. പ്രായത്തിന്റേതായ അസുഖങ്ങൾ വിട്ടുമാറാതെ നില്ക്കുന്ന കാലം. എങ്കിലും അദ്ദേഹത്തിനു പറയാനുണ്ടായിരുന്നത് പുതിയപുതിയ പരിപാടികളെപ്പററിയും പൂർത്തിയാക്കിയ പദ്ധതികളെപ്പററിയുമായിരുന്നു, എപ്പോഴും. വയസ്സായി, തിരുമേനി സ്വല്പമൊക്കെ വിശ്രമമെടുക്കണമെന്ന് ഒരു സഹപ്രവർത്തകൻ ഒരിക്കൽ അദ്ദേഹത്തോടു പറഞ്ഞു. "വാസ്തവം! പ്രായമായ കാര്യം ഞാൻ മിക്കപ്പോഴും മറന്നുപോകുന്നു". തിരുമേനി മറുപടിപറഞ്ഞു.

ഒടുവിൽ കിടക്കയെ ശരണം പ്രാപിച്ചപ്പോഴും അദ്ദേഹത്തിൻെറ ചിന്തകൾ സ്വിററ്സർലണ്ട്, ജർമ്മനി, ഫ്രാൻസ്, ഇററലി എന്നീ രാജ്യങ്ങളിലേക്കുള്ള യാത്രയെക്കുറിച്ചും റോമിൽവച്ചു നടക്കുന്ന വത്തിക്കാൻ കൗൺസിലിൻെറ നാലാം സമ്മേളനത്തെക്കുറിച്ചും ആയിരുന്നു.

പക്ഷെ ലെഞ്ഞാനോയിലെ ഒരു സൽക്കുടുംബം സന്ദർശിക്കാൻപോയ അവസരത്തിൽ അദ്ദേഹം വീണുപോയി. ജൂലൈ 16-ാം തീയതി, അദ്ദേഹം ജ്വരത്തിൻെറ പിടിയിൽകിടന്നു് പൊള്ളുകയായിരുന്നു. അതിനു രണ്ടാംപക്കം മിലാനിലെ ലെഞ്ഞാനോ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പിക്കേണ്ടിവന്നു. അദ്ദേഹത്തിനു് ഡയബെററിക്സിൻെറ ഏതോ അപൂർവ്വമായ ഇനം അസുഖമായിരുന്നു. ഉയന്ന രക്തസമ്മർദ്ദവും. ഇവിടെ പ്രസ്താവാർഹമായ ഒരു സംഭവം നടന്നു. പ്രൊട്ടസ്റ്റൻറു മതവിശ്വാസിയും നൈജീരിയാക്കാരനുമായ ഒരു യുവനർത്തകൻ രാവ്യ എസിയോറാ എന്നായിരുന്നു അയാളുടെ പേരു്, അതേ ആശുപത്രിയിൽ രോഗിയായി കിടക്കുകയായിരുന്നു. കന്യാസ്ത്രീകളുടെ ഭക്തിയും വിശുദ്ധിയും, അവരുടെ അപ്പണമനസ്സോടെയുള്ള സേവനങ്ങളും കണ്ടു് ആ നർത്തകൻ മാനസാന്തരപ്പെടുകയും ഒരു കത്തോലിക്കനാകണമെന്ന ആഗ്രഹം പുറപ്പെടുവിക്കുകയും ചെയ്തു.

ആവശ്യമായ മതബോധനം അയാൾക്കു നൽകപ്പെട്ടു. അതിനുശേഷം അയാൾക്കു് ചട്ടമനുസരിച്ചു് ജ്ഞാനസ്നാനം നൽകുകയും പ്രഥമദിവ്യകാരുണ്യം എഴുന്നെള്ളിച്ചു കൊടുക്കുകയും ചെയ്തു. തൊട്ടടുത്തു് ഒരു മെത്രാപ്പോലീത്ത ഉണ്ടായിരുന്നതുകൊണ്ടു് ഹോസ്പിററലിലെ ചാപ്പ്ലനും കൂടിയായിരുന്ന ഇടവകവൈദികൻ ഈ പുതുക്രിസ്ത്യാനിക്കു് സ്ഥൈര്യലേപനം നൽകുന്നതിനെപ്പററിക്കൂടി ചിന്തിച്ചു.

രോഗം മൂർച്ഛിച്ചു കിടക്കുകയായിരുന്നിട്ടുകൂടി, ഇതെപ്പററി അറിഞ്ഞ ആർച്ചുബിഷപ്പുതിരുമേനി, സന്തോഷത്തോടെ താൻ ആ നൈജീരിയൻ കത്തോലിക്കനു സ്ഥൈര്യലേപനം ചെയ്യാമെന്നു സമ്മതിച്ചു.

ജൂലൈ 29-ാം തീയതി, തിരുമേനിയുടെ ഓപ്പറേഷൻെറ തലേന്നു് ആശുപത്രി വളപ്പിലുള്ള ചെറിയ ചാപ്പലിൽവച്ചു് ആ കൂദാശ നൽകൽ കർമ്മം നടന്നു. ആ നൈജീരിയനു് ഇംഗ്ലീഷ് അറിയാമായിരുന്നതുകൊണ്ടു് തിരുമേനി ആദ്യം ഇംഗ്ലീഷിലും, പിന്നെ, അവിടെ കൂടിയിരുന്നവരുടെ സൗകര്യത്തിനായി ഇററാലിയനിലും പ്രാർത്ഥനകൾ ചൊല്ലി. ആ ചടങ്ങുകളുടെ കുറെയേറെ ഫോട്ടോകൾ എടുക്കപ്പെട്ടിരുന്നു. എന്തു

കൊണ്ടോ എല്ലാവക്കും ഒരു തോന്നൽ. ആ ചിത്രങ്ങറം ആയിരിക്കും തിരുമേനിയുടെ അവസാനത്തെ ഫോട്ടോകറം എന്നു്..

അവസാനമണിക്കൂറുകളിൽ തിരുമേനിയോടൊപ്പം ഉണ്ടായിരുന്ന ഫാദർ മോൺഗ്ഗർ ഇങ്ങനെ രേഖപ്പെടുത്തുന്നു:

''ഇതിനു് ഏതാനും മണിക്കൂറുകറംമുമ്പ് ഞാനദ്ദേഹത്തിൻെറ അടുത്തുനിന്നു് ടൂറിനിലേക്കു പോയി. തൻെറ രോഗനിലയെപ്പററി സുപ്പീരിയർ ജനറാളിനെ അറിയിക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഞാൻ കുറെ ദിവസങ്ങളായി തിരുമേനിയുടെ പക്കൽ ചെലവഴിക്കയായിരുന്നു. അടുത്ത കൗൺസിൽ അജണ്ടാസ്സുവേണ്ടി അദ്ദേഹത്തിനു പഠിക്കേണ്ടിയിരുന്ന കുറെയേറെ രേഖകളടങ്ങിയ ഒരു വലിയ ഫയൽ എനിക്കു കൊണ്ടുവരേണ്ടിയിരുന്നു. പിരിയും മുമ്പ് ഏതോ ആന്തരികപ്രചോദനത്താൽ ഞാൻ ചോദിച്ചു, തിരുമേനീ, അങ്ങു ഈയിടെ തുടങ്ങിയ വേദോപദേശകസംഘടനസ്സുവേണ്ടി ഞാൻ പ്രവത്തിക്കുന്നതു് അങ്ങേയ്ക്കിഷ്ടമല്ലേ, എന്നു്. പെട്ടെന്നാമുഖം ഗൗരവപൂണ്ണമായി. തീർച്ചയായും. ഞാനപേക്ഷിക്കുകയാണു്, ഞാൻ തുടങ്ങിവച്ച ജോലി നിങ്ങറം തുടരണം, വേദോപദേശകരുടെ പരിശീലനകാര്യം പ്രത്യേകിച്ചും. ഇൻഡ്യയ്ക്കുവേണ്ടി ഇനിയും വളരെയധികം പ്രവർത്തിക്കുവാനുണ്ടു്''. വികാരഭരിതനായി ഞാനദ്ദേഹത്തിൻെറ കൈകറം കൂട്ടിപ്പിടിച്ചു. എൻെറ ഹൃദയം അദ്ദേഹത്തോടു് വാഗ്ദാനം ചെയ്യുകയായിരുന്നു. ശനിയാഴ്ച അദ്ദേഹം ഓപ്പറേഷനു വിധേയനായി. എല്ലാം ഭംഗിയായി കഴിഞ്ഞു എന്നെല്ലാവരും സമാശ്വസിച്ചിരുന്നു. പക്ഷെ ഒരു ഡയബററിക് ആയിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ നില പെട്ടെന്നു വഷളായി. പെട്ടെന്നു് സലേഷ്യൻ സുപ്പീരിയർ ജനറൽ ഫാദർ റിച്ചെറിക്കു് ആളു പോയി. അച്ചൻ തിരുമേനിയുടെ ശയ്യക്കരികെ പാഞ്ഞെത്തി. ആഗസ്റ്റ് 3-ാം തീയതി ചൊവ്വാഴ്ചയായിരുന്നു. അദ്ദേഹത്തിൻെറ സ്ഥിതി ഗുരുതരമാണെന്നു കണ്ടപ്പോറം അച്ചൻ ഒടുവിലത്തെ ഒപ്രൂ ശുമാ നല്കി. പക്ഷെ തിരുമേനിക്കു റിച്ചെറി അച്ചനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അദ്ദേഹത്തിനു് സുബോധം നഷ്ടപ്പെട്ടിരുന്നു. ഡോക്ടർമാരുടേയും സേവനനിരതരായ കന്യാസ്ത്രീകളുടേയും എല്ലാ ശ്രമങ്ങളും വിഫലങ്ങളായി. അദ്ദേഹം മരിച്ചു. സമയം ഉച്ചകഴിഞ്ഞു് ഒരു മണി.

''അദ്ദേഹത്തിൻെറ മൃതദേഹം ഉടനെതന്നെ ടൂറിനിലേക്കു സംവഹിക്കപ്പെട്ടു. വി. ഫ്രാൻസിസ് സെയിൽസിൻെറ നാമത്തിൽ വൽഡോക്കോയിലുണ്ടായിരുന്ന ചെറിയ ഗ്രാമീണദേവാലയത്തിൽ ഒരു ഉയന്ന പീഠം സജ്ജമാക്കി അതിൽ



സുസ്മേരവദനനായ ആർച്ചുബിഷപ്പ് മത്തിയാസും, ആർച്ചുബിഷപ്പ് ഫെരാൻഡോയും.
താഴെ: മൊൺസിഞ്ഞോർ മത്തിയാസ് വത്തിക്കാൻ സൂനഹദോസ് ഹാളിലേക്കു് പ്രവേശിക്കുന്നു.





സാന്തിയാഗോയിലെ (ചിലി) കാഡിനൽ സിൽവായും, ആർച്ചുബിഷപ്പ് മത്തിയാസും. അവർ ചെയ്തിട്ടുള്ള മഹത്തായ സാമൂഹ്യ പ്രവർത്തനങ്ങൾ മൂലം രണ്ടു രാജ്യത്തും അവർ പ്രശസ്തരാണ്. താഴെ: മദ്രാസിൽ വച്ച് 1953 മാർച്ച് 19 ന് മത്തിയാസ് തിരുമേനിയാൽ അഭിഷിക്തരായ മൂന്നു പുതിയ മെത്രാന്മാർ തിരുമേനിയോടൊത്ത്. തഞ്ചാവൂരിലെ ബിഷപ്പ് ആർ. സുന്ദരം, മദ്രാസ്-മൈലാപ്പൂർ അതിരൂപതകളുടെ സഹായമെത്രാൻ എഫ്. കർവാലൊ, വെല്ലൂർ ബിഷപ്പ് പി. മരിയ സെൽവം, എസ്. ഡി. ബി. എന്നിവരാണ് പുതിയതായി വാഴിക്കപ്പെട്ട മെത്രാന്മാർ.



മൃതദേഹം വച്ചപ്പെട്ടു. അവിടെനിന്നു് അഞ്ചരമണിയോടെ, ചെറുപ്പക്കാരായ ഭാരതീയസലേഷ്യൻ സന്യാസിമാർ തോളിലേറിയ മഞ്ചലിൽ ടൂറിനിലെ ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിൻെറ ബസിലീക്കായിലേക്കു് മെത്രാപ്പോലീത്തായുടെ ജഡം കൊണ്ടുപോകപ്പെട്ടു. പരേതനുവേണ്ടി അവിടെവച്ചു് ചൈനയിൽനിന്നു് പുറത്താക്കപ്പെട്ട വന്ദ്യവയോവൃദ്ധനായ മോൺ. ആർഡിനോ പ്രാർത്ഥനാശുശ്രൂഷ ചെയ്തു. രണ്ടു മെത്രാന്മാർ അദ്ദേഹത്തെ സഹായിച്ചിരുന്നു.

സലേഷ്യൻ സൊസൈററിയുടെ സുപ്പീരിയർ കൗൺസിൽ അംഗങ്ങരം എല്ലാം അവിടെയെത്തിക്കഴിഞ്ഞിരുന്നു. അതുപോലെതന്നെ സലേഷ്യൻ സിസ്റ്റേഴ്സും അവരോടൊപ്പം തിരുമേനിയുടെ സഹോദരിയായ ജോർജെററി മത്തിയാസും എത്തിക്കഴിഞ്ഞിരുന്നു. സ്ട്രാററ്സ്ബർഗിൽനിന്നു് തിരുമേനിയുടെ ബന്ധുമിത്രാദികളും കൂട്ടംകൂട്ടമായി വന്നെത്തുന്നുണ്ടായിരുന്നു.

ഹൃദയസ്പർശിയായ ആ രംഗങ്ങരം കാൺകെ 1921—ലെ ഒരു ഒക്ടോബർ സന്ധ്യയിൽ നടന്ന ആ സംഭവം ഞാൻ ഓർത്തുപോവുകയാണു്. അന്നു് മത്തിയാസച്ചൻ യുവാവായിരുന്നു. മിഷനറിയുടെ മരക്കുരിശു് അണിഞ്ഞിട്ടു് അധികനാളായിരുന്നില്ല. അദ്ദേഹം അന്നത്തെ സുപ്പീരിയർ ജനറാളായിരുന്ന ഫാദർ പോരം ആൽബെറായ്ക്കു് സമാധാനത്തിൻെറ ചുംബനം നൽകി. ആ ഓർമ്മ എൻെറ ഹൃദയത്തിൽ മങ്ങാതെ നില്ക്കുന്നു. ഇന്നു് ഇവിടെ ഡോൺബോസ്കോയുടെ ചിറകിനടിയിൽ മാതാവിൻെറ ബസിലീക്കായ്ക്കുള്ളിൽ അദ്ദേഹം കിടക്കുന്നു. ചരമപ്രാർത്ഥനകരംക്കുശേഷം ശവമഞ്ചം സെൻറു് ഫ്രാൻസീസിൻെറ ചാപ്പലിലേക്കു സംവഹിക്കപ്പെട്ടു. അന്നു് സലേഷ്യൻ കുടുംബം മുഴുവനും ദിവംഗതനായ ആ തിരുമേനിയെ ഒരു നോക്കു കണ്ടു പ്രാർത്ഥിക്കുവാൻ അവിടെ എത്തിയിരുന്നു. തിരുമേനിയുടെ സഹപാഠിയും ഒരു സലേഷ്യൻബിഷപ്പുമായ മോൺ. കൊഞ്ഞാററാ ചരമപ്രസംഗം നടത്തി. പിറേറന്നു് തീരെ ക്കുറച്ചു് സുഹൃത്തുക്കളുടെ സാന്നിദ്ധ്യത്തിൽ ശവമഞ്ചവും വച്ചുകൊണ്ടു് ഞാൻ ചാപ്പലിൽ അന്ത്യബലി സമർപ്പിച്ചു. വേദോപദേശികളുടെ ബൃഹത്തായ കുടുംബത്തിൻെറ പ്രതിനിധി എന്ന പേരിൽ ഞാനദ്ദേഹത്തിനു് അന്ത്യാഭിവാദനങ്ങരം നൽകി. ''അവസാനത്തെ വിടവാങ്ങലല്ല, തിരുമേനി, ഇതു്. നമുക്കിനിയും കാണാം..''

മദ്രാസു്—മൈലാപ്പൂരിൻെറ വികാർ ക്യാപിററുലർ ഒപ്പിട്ടയച്ച ഒരു അടിയന്തിരകമ്പിസന്ദേശം ടൂറിനിൽ എത്തി. തിരുമേനിയുടെ ഭൗതികാവശിഷ്ടം സംസ്കരിക്കപ്പെടുവാനായി

മദ്രാസിൽ എത്തിക്കണമെന്നായിരുന്നു സന്ദേശത്തിൻെറ സാരം. ഇൻഡ്യയുടെ മണ്ണിൽ തനിക്ക് അന്ത്യവിശ്രമം കൊള്ളണമെന്നായിരുന്നു മെത്രാപ്പോലീത്താതിരുമേനിയുടെ അഭിലാഷവും. അദ്ദേഹത്തിൻെറ ആഗ്രഹം മാനിക്കപ്പെട്ടു.

ഓഗസ്റ്റ് 8–ാം തീയതി ശവശരീരം വിമാനമാർഗ്ഗം റോമിലേക്കും അവിടെനിന്ന് എയർ ഇൻഡ്യയുടെ വിമാനത്തിൽ ബോംബെയിലേക്കും സംവഹിക്കപ്പെട്ടു. മദ്രാസിലേക്കു യാത്ര തുടരും മുമ്പ് തിരുമേനിയുടെ ജഡം ആറുമണിക്കൂറോളം ബോംബെയിൽ പ്രദർശനത്തിനുവച്ചിരുന്നു. മൃതദേഹത്തോടൊപ്പം, പതിനഞ്ചുകൊല്ലം തിരുമേനിയുടെ സെക്രട്ടറിയായും പേഴ്സണൽ അസിസ്റ്റൻറായും സേവനമനുഷ്ഠിച്ചിരുന്ന ആ സലേഷ്യൻബ്രദർ, റോബർട്ട് ഡയസും അതേ വിമാനത്തിൽ മദ്രാസിലേക്കു പോന്നു.

ലെഞ്ഞാനൊ ആശുപത്രിയിൽ തിരുമേനിയുടെ രോഗശയ്യക്കരികെ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ട് അന്ത്യനിമിഷം വരെ ആ സഹോദരൻ നില്പുണ്ടായിരുന്നു.

മദ്രാസിൽ വിപുലമായ സജ്ജീകരണങ്ങളാണ് ചെയ്തിരുന്നത്. ദുഃഖാർത്തരായ ആയിരക്കണക്കിനു ജനങ്ങൾ വിമാനത്താവളത്തിൽ തങ്ങളുടെ പൊന്നുതിരുമേനിയെ അവസാനമായൊന്നു കാണാൻ എത്തിയിരുന്നു. ബിഷപ്പ് കാർവലൊ, ഫാദർ എൽ. ഡിഫിയോറെ,സലേഷ്യൻ പ്രൊവിൻഷ്യാൾ തുടങ്ങിയവരും വിമാനത്താവളത്തിൽ കാത്തുനിന്നിരുന്നു. ആഗസ്റ്റ് ഒൻപതു്. നട്ടുച്ചകൽ,പൊള്ളുന്ന വെയിലിൽ താണിറങ്ങിയ ആ വിമാനത്തിൽ കർദ്ദിനാൾ ഗ്രേഷ്യസും ഉണ്ടായിരുന്നു.

ശവപേടകം വഹിച്ചിരുന്ന വാനിനു് അകമ്പടിയായി നൂറോളം കാറുകളുണ്ടായിരുന്നു. ജനങ്ങൾ നിശ്ശബ്ദരായി വഴിയോരംചേർന്ന് തിരുമഞ്ചത്തെ അനുധാവനം ചെയ്തുനീങ്ങി.

മരണത്തിലും വിജയവൈജയന്തി നേടിയ ആ മഹാ ഇടയൻെറ തിരിച്ചുവരവ്! താൻ സ്നേഹിക്കുകയും ആർക്കുവേണ്ടി താൻ നീണ്ട മുപ്പതുവർഷക്കാലം അഹോരാത്രം പാടുപെടുകയും ചെയ്തുവോ ആ മനുഷ്യരുടെ പക്കലേക്ക് തൻെറ വാഗ്ദാനമനുസ്സരിച്ച്, നിത്യമായ ഉറക്കത്തിനുവേണ്ടി അദ്ദേഹം മടങ്ങിവരികയായിരുന്നു.

കത്തീഡ്രലിൻെറ മുഖവാരത്തു് കറുത്ത നിറം പുരണ്ട പീഠത്തിൽ മൃതദേഹം വയ്ക്കപ്പെട്ടു. ആയിരക്കണക്കിനു മനുഷ്യർ

മണിക്കൂറുകളോളമായി കാത്തുനില്ക്കുകയാണു്, തിരുമേനിയെ അവസാനമായി ഒന്നു കാണാൻ. കണ്ണാടികൊണ്ടു നിർമ്മിച്ച പേടകത്തിനുള്ളിൽ ആ മുഖം അവർ കണ്ടു. ശാന്തമായ ആ മുഖം. പിരിഞ്ഞുപോകാൻ കൂട്ടാക്കാത്ത ആ പുഞ്ചിരി ചുണ്ടുകൾക്കിടയിൽ ഒളിച്ചുനിൽപ്പുണ്ടോ ഇപ്പോഴും?

അന്നു സന്ധ്യക്കുതന്നെ ശവമഞ്ചം കത്തീഡ്രൽ പള്ളിയിൽ നിന്നു് എടുക്കപ്പെട്ടു. തൊട്ടടുത്തുള്ള സെൻറു് ബീഡ്സ് ഹൈസ്കൂളിൻെറ കോമ്പൗണ്ടിലേക്കായിരുന്നു വിലാപയാത്ര നീങ്ങിയതു്. നൂറുകണക്കിനു കന്യാസ്ത്രീകൾ, സെമിനാരി വിദ്യാർത്ഥികൾ, പുരോഹിതന്മാർ, തമിഴ്നാട്ടിലെ മിക്കവാറും ബിഷപ്പുമാർ, കേരളം, ആന്ധ്രാ, ആസാം, ടെസ്പൂർ, ഡിബ്രുഗാർ എന്നിവിടങ്ങളിൽനിന്നുള്ള തിരുമേനിമാർ... അങ്ങിനെ ആ അന്ത്യയാത്ര നീങ്ങി...ജനലക്ഷങ്ങളുടെ ശോകം അണപൊട്ടിനിന്ന ആ നിമിഷങ്ങളിൽ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി പരേതനുവേണ്ടി ദിവ്യബലി സമർപ്പിക്കുകയായിരുന്നു. അദ്ദേഹം ഒടുവിൽ മന്ത്രിച്ചു, ''ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു.''

ആ ചടങ്ങിൽ സംബന്ധിക്കാനെത്തിയ പ്രമുഖന്മാരുടെ കൂട്ടത്തിൽ ഇന്ത്യയുടെ അവസാനത്തെ ഗവ. ജനറലായിരുന്ന രാജാജിയും ആഭ്യന്തരമന്ത്രിയായിരുന്ന പി. കക്കനും, ലെജിസ്ലേററീവ് കൗൺസിലിൻെറ ചെയർമാനായിരുന്ന എം. എ. മാണിക്കവേലുവും ഉൾപ്പെടുന്നു.

ചരമപ്രസംഗം ചെയ്തതു് കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിയായിരുന്നു. പിന്നീടു് അനുശോചന സന്ദേശങ്ങൾ വായിക്കപ്പെട്ടു. വിധിപ്രകാരമുള്ള വിടവാങ്ങൽ ചടങ്ങുകൾ ആരംഭിച്ചു. വരാപ്പൊളിയിലെയും പോണ്ടിച്ചേരിയിലെയും മെത്രാപ്പോലീത്താമാർ, വെല്ലൂർ ബിഷപ്പു് എന്നിവർക്കുശേഷം കർദ്ദിനാൾ അന്ത്യമായ ആശീർവ്വാദം നല്കി.

ശുശ്രൂഷകൾക്കുശേഷം ഉടനെതന്നെ ജനം വരിയായി നിന്നു് ശവമഞ്ചത്തിനടുത്തുകൂടെ കടന്നുപോകാനാരംഭിച്ചു. പാതിരാത്രിക്കു് ശവമഞ്ചം കത്തീഡ്രലിലേക്കു് തിരിച്ചുകൊണ്ടുവന്നു. അവിടെയും ജനങ്ങൾ നിരന്നിന്നു ആ പുരോഹിതൻെറ മൃതമായ മുഖം കാണാൻ കൃൂ നില്ക്കുകയായിരുന്നു.

ഓഗസ്റ്റ് 10—ാംനു- ചൊവ്വാഴ്ച. തിരുമേനി മരിച്ചിട്ടു് അന്നു് ഒരാഴ്ചതികഞ്ഞു. രാവിലെ, കർത്താവിൻെറ നല്ലവനും വിശ്വസ്തനുമായ ആ ദാസൻ മൈലാപ്പൂരിലെ പരിശുദ്ധ കന്യകയുടെ അൾത്താരയുടെ താഴെ പണിതീർത്തിരുന്ന കബറിനുള്ളിൽ

അടക്കം ചെയ്യപ്പെട്ടു. ആ അമ്മയുടെ ഭക്തി പ്രചരിപ്പിക്കുവാൻ അദ്ദേഹം എത്രയേറെ പ്രയത്നിച്ചിരുന്നു. മോൺ. തിരുമേനി തൻെറ അതിരൂപതയുടെ രക്ഷാധികാരിയായി തോമാശ്ലീഹായോടൊപ്പം പ്രതിഷ്ഠിച്ചിരുന്നതും ആ പരിശുദ്ധ അമ്മയെ ആയിരുന്നല്ലോ.

നേരത്തെ മോൺ. കാർവലോ മരിച്ചവർക്കുവേണ്ടിയുള്ള കുബ്ബാന ചൊല്ലുകയുണ്ടായി. പ്രധാന അൾത്താരയിൽവച്ചു നടന്ന ആ ബലിയിൽ ഇരുനൂറോളം വൈദികർ സഹകാർമ്മികരായി പങ്കെടുത്തിരുന്നു. വി. ലോറൻസ് പുണ്യവാൻെറ തിരുന്നാൾ ദിവസമായിരുന്നു അത്. കാർമ്മികൻ ബലിയാരംഭിച്ചത് ആ രക്തസാക്ഷിക്ക് മഹത്വം നേർന്നുകൊണ്ടുള്ള പ്രാർത്ഥനയോടെയാണ്. ആ വാക്കുകൾ നമ്മുടെ ആർച്ചുബിഷപ്പു തിരുമേനിക്കും യോജിക്കും. ദൈവത്തിൻെറ പ്രിയപുത്രൻ, കർമ്മ നിരതനായിരുന്ന ഇടയൻ, ഇതാ ദൈവത്തിങ്കലേയ്ക്കു് മടങ്ങിയിരിക്കുന്നു. അവൻ സ്വർഗ്ഗത്തിൽ വിജയമകുടം അണിയുവാൻ യാത്രയായിരിക്കുന്നു. നമുക്ക് താഴെപ്പറയുന്ന വാക്കുകളോടെ അവസാനിപ്പിക്കാം. ''ഞാൻ നിന്നെ ഭൂമിയിൽ മഹത്വപ്പെടുത്തുകയും നീ എന്നെ ഏല്പിച്ച ജോലി ചെയ്തുതീർക്കുകയും ചെയ്തു'' (ജോബ് 17, 4). സ്വന്തം ലോകജീവിതത്തിൻെറ അവസാനം നമ്മുടെ കർത്താവ് സ്വർഗ്ഗസ്ഥനായ പിതാവിനോട് പറഞ്ഞതാണാവാക്കുകൾ.

അതുപോലെ ആർച്ചുബിഷപ്പ് മത്തിയാസിനും ഹൃദയപൂർവ്വം ഇങ്ങനെ തൻെറ സ്വർഗ്ഗീയനാഥനോടു പറയാൻ കഴിയും: ''കർത്താവേ! നീ എന്നെ ഭരമേല്പിച്ച ജനങ്ങൾക്കിടയിൽ നിൻെറ നാമത്തിന് മഹത്വമുണ്ടാകുവാൻവേണ്ടി ഞാൻ എൻെറ സകല കഴിവോടുംകൂടി പ്രയത്നിച്ചു. നിൻെറ നാമത്തിലും അധികാരത്തിലും ഇൻഡ്യയിലേക്ക് എന്നെ അയച്ച സഭ എനിക്കു നല്കിയ ദൗത്യം ഞാൻ ഇതാ നിറവേററിയിരിക്കുന്നു''.

ക്ലേശങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞ മിഷനറിവയലുകളിൽ തളരാതെ, തളർന്നുവീഴാതെ അദ്ദേഹം തൻെറ പ്രേഷിതവൃത്തിയുമായി മുന്നോട്ടു നീങ്ങി, രക്ഷകൻെറ തിരുനാമത്തിനു പുകഴ്ചയുണ്ടാകുവാൻവേണ്ടി ആ ദാസൻ മലയോരങ്ങൾ കയറിയിറങ്ങി. ആയിരങ്ങൾ അവൻമൂലം കർത്താവിൻെറ കരുണയെപ്പററി അറിയുകയും, അവരുടെ ജീവിതങ്ങൾ കർത്താവിന് ഓശാനയായിത്തീരുകയും ചെയ്തു.

സഭ അദ്ദേഹത്തെ ഏല്പിച്ചിരുന്ന ചുമതലകളും അദ്ദേഹം പൂർണ്ണമായി നിറവേററി.

ആസാമിലെ ഫലഭൂയിഷ്ഠഭൂമിയിൽ ക്രിസ്തുവിൻെറ സഭ നട്ടുവളർത്താനായിരുന്നു അദ്ദേഹം അയയ്ക്കപ്പെട്ടതു്. കൃഷി എത്ര ഭംഗിയായി അദ്ദേഹം ചെയ്തു എന്നു നാം കണ്ടു. തിരുമേനി തറക്കല്ലിട്ടു പൊക്കിയ ആ സ്ഥാപനങ്ങൾ ആസാമിലെ തഴച്ചു വളരുന്ന തിരുസഭയ്ക്കു ചിരസ്മാരകങ്ങളായിരിക്കുന്നു. അമ്പതു കൊല്ലക്കാലംകൊണ്ടു് അതു് എത്രയോ വളർന്നു, പടർന്നു, പന്തലിച്ചു!

ഇന്നവിടെ ഒരു അതിരൂപതയും നാലു രൂപതകളും ഉണ്ടായിരിക്കുന്നു. ഓരോന്നിലും മെത്രന്മാരും വാഴിക്കപ്പെട്ടിരിക്കുന്നു. മോൺസിഞ്ഞോർ മത്തിയാസ്സ് ആസാം ഗിരികളിലെത്തിയ നാളുകളിൽ അവിടെ ഒരു പിടി ക്രിസ്ത്യാനികളെ ഉണ്ടായിരുന്നുള്ളു എന്നോർക്കുമ്പോൾ ഇന്നു് അതിദ്രുതം വളർന്നുനില്ക്കുന്ന തിരുസ്സഭയ്ക്കുവേണ്ടി ആ അതിമാനുഷൻ ചെയ്ത ജോലിയെപ്പററി നാം ബോധവാന്മാരാകുന്നു.

മദ്രാസിലേക്കദ്ദേഹം സ്ഥലംമാറി വന്നപ്പോൾ വലിയ പ്രതീക്ഷകൾ വച്ചുപുലർത്താത്തവർ ആരുമുണ്ടായിരുന്നില്ല. അവരൊക്കെ തിരുമേനിയെപ്പററി നേരത്തെ കേട്ടിരുന്നു. സഹസ്രാബ്ദങ്ങൾക്കുമുമ്പു് ക്രൈസ്തവചൈതന്യം പൊട്ടിവീണ ദക്ഷിണേന്ത്യയിൽ, ശ്ലീഹായുടെ അന്ത്യവിശ്രമഭൂമിയിൽ ഇതാ ഒരു പ്രേഷിതൻകൂടി വന്നു. അവരുടെ പ്രതീക്ഷകൾ അസ്ഥാനത്തായില്ല.

നാം കണ്ടു, അദ്ദേഹം ആദ്യം ശ്രദ്ധ പതിപ്പിച്ചതു് സഭയ്ക്കുവേണ്ടിയിരുന്ന വേലക്കാരുടെ കാര്യത്തിലായിരുന്നു. പുരോഹിതന്മാർ തീരെ കുറവായിരുന്നല്ലോ അന്നു്. കഴിവുള്ള എല്ലാമാർഗ്ഗങ്ങളിലൂടെയും അദ്ദേഹം ദൈവവിളി ഉയർത്താൻ ശ്രമിച്ചു. വയൽ നിറഞ്ഞുകിടന്നിരുന്നു — അദ്ദേഹം കൊയ്ത്തുകാരെ തേടി ഇറങ്ങി. പുരോഹിതന്മാർ, വേദോപദേശകർ, സുവിശേഷകർ....അദ്ദേഹം ജയിച്ചു.

രൂപതയുടെ സാമ്പത്തികപ്രശ്നങ്ങൾക്കു് സ്ഥായിയായ ഒരു പരിഹാരമായിരുന്നു കെട്ടിടങ്ങൾ നിർമ്മിച്ചതും അതിൽനിന്നു് കിട്ടാൻ തുടങ്ങിയ വാടകയും മററും. കത്തോലിക്കാ സെൻററിൻെറ കാര്യം ഇവിടെ പ്രത്യേകം സ്മർത്തവ്യമാണു്.

തൻെറ മരണശേഷവും അതിരൂപതയ്ക്കു് സ്വന്തം കാലിൽ നില്ക്കാനാവുമെന്നും രൂപതയുടെ ഭരണം നടത്താൻ പ്രഗത്ഭരായ വൈദികശ്രേഷ്ഠന്മാരുണ്ടെന്നും ആർച്ചു ബിഷപ്പിനു ബോദ്ധ്യമായി. മിഷനറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതും സഭയുടെ ആദ്യശിലകൾ സ്ഥാപിക്കുന്നതും വിദേശമിഷനറിമാരെക്കൊ

ണ്ടാണെങ്കിലും കഴിയുംവേഗം സ്വദേശികളായ വൈദികർക്ക തന്നെ സഭാഭരണം ഏല്പിച്ചുകൊടുക്കുക എന്നതാണല്ലോ റോമിന്റെ നയം. ഒരു ശ്ലീഹായുടെ ചൈതന്യത്തോടെയും ഒരു രക്തസാക്ഷിയുടെ ധൈര്യത്തോടെയും മോൺ. മത്തിയാസ് തന്റെ ജോലി ചെയ്തു.

ദൈവസ്നേഹംകൊണ്ടു പൂരിതമായിരുന്ന ആ ജീവിതം സഭയോടുള്ള വിധേയത്വവും ആത്മീയശക്തിയിലുള്ള വിശ്വാസവുംകൊണ്ട് നെയ്തെടുക്കപ്പെട്ടതായിരുന്നു.

അനുബന്ധം 1

# ശവക്കല്ലറയിലെ ലിഖിതം

ആദ്യത്തെ മദ്രാസ് — മൈലാപ്പൂർ ആർച്ചുബിഷപ്പായ മോസ്റ്റ് റവ. ഡോ. ലൂയിസ് മത്തിയാസ്, എസ്. ഡി. ബി. തിരുമേനിയുടെ പാവനസ്മരണയ്ക്ക്.

ജനനം: പാരീസിൽ ജൂലൈ 20, 1887. സലേഷ്യൻ സഭാംഗമായി നിത്യവ്രതവാഗ്ദാനം നടത്തിയതു്: മെയ് 8, 1905.

പൗരോഹിത്യപദവി ലഭിച്ചതു് — ടൂറിനിൽവച്ച് ജൂലൈ 20, 1913.

ഇൻഡ്യയിൽ കാൽകുത്തിയതു് ജനുവരി 6. 1922. ആസ്സാമിലെ പ്രിഫെക്ട് അപ്പസ്തോലിക് ആയി നിയമിക്കപ്പെട്ടതു് — ഡിസംബർ—1922. ഷില്ലോങ്ങിലെ മെത്രാനായി വാഴിക്കപ്പെട്ടതു്—നവംബർ 10, 1934.

മദ്രാസിലേക്കു സ്ഥലം മാററപ്പെടുകയും മദ്രാസിലെ മെത്രാപ്പോലീത്താ ആയി സ്ഥാനാരോഹണം ചെയ്യുകയും ചെയ്തതു്— ജൂലൈ 20, 1935.

മദ്രാസ് — മൈലാപ്പൂരിൻെറ പ്രഥമ മെത്രാപ്പോലീത്താ: നവംബർ 14, 1952.

ഇററലിയിലെ ലെഞ്ഞാനോയിൽവച്ച് നിര്യാതനായി, ഓഗസ്റ്റ് 3, 1965.

ഇവിടെ സംസ്കരിക്കപ്പെട്ടതു്, ഓഗസ്റ്റ് 10, 1965. തിരുമേനിയുടെ ആത്മാവു് സമാധാനത്തിൽ വിശ്രമിക്കട്ടെ.

'ധൈര്യം, പ്രത്യാശ' എന്ന സ്വന്തം മുദ്രാവാക്യത്തോട്ട് നീതി പാലിച്ചുകൊണ്ടു് ആർച്ചുബിഷപ്പ് ലൂയിസ് മത്തിയാസ് ഒരു രക്തസാക്ഷിയെപ്പോലെ ജീവിച്ചു മരിച്ചു.

അദ്ദേഹത്തിൻെറ ആത്മീയമക്കളായ ഞങ്ങൾക്കദ്ദേഹം നല്കിയ വിലയേറിയ ഒസ്യത്തു് ഇതാകുന്നു. ഒരു ക്രിസ്ത്യാനി

യെന്ന നിലയിലും, പുരോഹിതനെന്ന നിലയിലും, സന്യാസിയെന്ന നിലയിലും ചുമതലകളുടെ വിശ്വസ്തമായ നിർവഹണം. ഉൽകൃഷ്ടമായ പ്രേഷിത, ലൗകിക വിജയങ്ങളുടെ ഉന്നതസ്മാരകങ്ങൾ.

†

(മേല്പറഞ്ഞ ലിഖിതം തയാറാക്കിയത് അഭിവന്ദ്യ മെത്രാൻ ഫ്രാൻസിസ് കാർവലോ തിരുമനസ്സാണ്. ആർച്ചുബിഷപ്പ് മത്തിയാസിൻെറ പ്രേഷിത വിജയങ്ങളുടെ സാരാംശസംഗ്രഹം ആ വാക്കുകളിൽ ഉണ്ട്.)

## അനുബന്ധം 2

# ചരമപ്രഭാഷണം

(1965 ഓഗസ്റ്റ് 9–ാം തീയതി തിങ്കളാഴ്ച വലേറിയൻ കർദ്ദിനാൾ ഗ്രേഷ്യസ്, സാൻതോമിലെ സെൻറ് ബീഡ്സ് ഹൈസ്കൂൾ കോമ്പൗണ്ടിൽവച്ച് പൊന്തിഫിക്കൽ പാട്ടുകുർബ്ബാന അർപ്പിച്ചുകൊണ്ട് പ്രസംഗിച്ചതു്.)

''സീയോൻെറ വഴികൾ വിലപിക്കുന്നു; അവളുടെ പുരോഹിതൻ നെടുവീർപ്പിടുന്നു; അവളുടെ കന്യകമാർ മനോവ്യഥയിലായിരിക്കുന്നു; കദനഭാരത്താൽ അവൾ മർദ്ദിതയായിരിക്കുന്നു'' അഗാധവും സാർവ്വത്രികമായ ദുഃഖത്തെ പ്രകടമാക്കുന്നതുമായ ജെറെമ്യാസിൻെറ വിലാപങ്ങളുടെ ഗ്രന്ഥത്തിൽ നിന്നാണ് ഈ വാക്കുകൾ.

നമ്മുടെ പ്രിയംകരനായ ആർച്ചുബിഷപ്പ് മത്തിയാസിൻെറ ദേഹവിയോഗത്തിൽ മദ്രാസിലെ വൈദികരും, സന്യാസികളും ജനങ്ങളും മാത്രമല്ല, കത്തോലിക്കാഭാരതം മുഴുവനും ദുഃഖനിമഗ്നമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, അദ്ദേഹം സ്വന്തം അതിരൂപതയുടെയും തൻെറ പ്രിയപ്പെട്ട മദ്രാസ് നഗരത്തിൻെറയും, അതിലെ പുരോഹിതരുടെയും, താൽപര്യങ്ങളെ മുൻനിറുത്തി മാത്രമായിരുന്നില്ല, ഇന്ത്യയിലെ സഭയുടെയും, രാജ്യത്തിൻെറ പൊതുവേയും ഉള്ള വിശാലതാൽപര്യങ്ങൾക്കു വേണ്ടി നിസ്തന്ദ്രം ചിന്തിക്കുകയും, അനുഭവിക്കുകയും, പ്രവൎത്തിക്കുകയും ചെയ്തിരുന്ന ഒരു വൈദികനും സഭാനേതാവും ആയിരുന്നു. സുദീർഘമായ തൻെറ പ്രേഷിതജീവിതത്തിൽ അന്തർലീനമായിരുന്ന തത്വം ''ഇതല്ലെങ്കിൽ അതു്'' എന്നതല്ലായിരുന്നു ''അതു രണ്ടും വേറെയും'' എന്നതായിരുന്നു. അദ്ദേഹത്തിൻെറ ആസൂത്രണത്തിനു്, സ്വപ്നത്തിനു്, ഭാവനയ്ക്കു്, നിർമ്മിതിക്കു് എല്ലാം ഉത്തരവാദിത്വം വഹിച്ച പ്രേരണാശക്തി ആവ്ഡേ എത്ത്സ്പ്പേരാ ''ധൈര്യപ്പെടുക പ്രത്യാശിക്കുക'' എന്ന തൻെറ മുദ്രാവാക്യത്തിൻേറതായിരുന്നു. ആദ്യമായി പ്രാർത്ഥനയിലൂടെയും, പിന്നീടു് ''കൊച്ചുജോണി ബോസ്കോ'' എന്ന ദൃശ്യകലാപ്രദർശനത്തിലൂടെയും അദ്ദേഹത്തിൻെറ മനസ്സിനെയും ഹൃദയത്തെയും ഗ്രസിച്ച ഒരു ആദർശവാക്യമായിരുന്നു അതു്. ഒരു ഫ്രഞ്ചുകാരനായി ജനിച്ചെങ്കിലും, 1922 മുതൽ ഇന്ത്യയെ അദ്ദേഹം സ്വയം സ്വീകരിച്ച ജന്മനാടായി

കരുതിപ്പോന്നു; ഇന്ത്യയെ അദ്ദേഹം തൻെറ സേവനത്തിൻെറയും സ്നേഹത്തിൻെറയും കർമ്മവേദിയാക്കി. അതുകൊണ്ടാണ്, വിദേശമിഷനറിമാരോട് പൊതുവിൽ വിരുദ്ധ മനോഭാവത്തോടുകൂടിയ ഈ നാട്ടിൽ, ജാതി മത വർഗ്ഗ ദേശീയഭേദം കൂടാതെ നഗരവാസികളുടെയെല്ലാം സ്നേഹബഹുമാനങ്ങൾക്ക് അദ്ദേഹം അനുസ്യൂതം പാത്രീഭൂതനായിരുന്നത്. സഹസ്രക്കണക്കിനുള്ള നിങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ, ആർച്ചുബിഷപ്പ് മത്തിയാസ്സ് തിരുമേനിയുടെ നിര്യാണത്തോടെ ഇന്ത്യൻസഭയുടെ ചരിത്രത്തിൽ ഒരു യുഗം അവസാനിക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ താൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സുദീർഘമായ ആ കാലഘട്ടത്തിന്മേൽ അദ്ദേഹം തൻെറ വ്യക്തിപ്രഭാവവും, നേട്ടങ്ങളും മുഖേന സുവ്യക്തമായ ഒരു മുദ്ര പതിപ്പിച്ചു. ദാർശനികദൃഷ്ട്യാ ചില മനുഷ്യജീവികൾ മാലാഖമാരെപ്പോലെ ആകുന്നു—ഓരോരുത്തരും ഓരോ പ്രത്യേക ഇനത്തിൽ അല്ലെങ്കിൽ സ്വഭാവത്തിൽപ്പെട്ടവരായിരിക്കും. ചരിത്രം ചിലപ്പോൾ ആവർത്തിക്കപ്പെട്ടുമെന്നതു് ശരിയാണെന്നിരിക്കിലും, അനന്യസാധാരണങ്ങളായ സ്വഭാവങ്ങൾ സാധാരണ പെരുകാറില്ല.

## നല്ലവനും ശ്രേഷ്ഠനുമായ ഇടയൻ

ഒരു രാഷ്ട്രത്തിൻെറ അഥവാ നഗരത്തിൻെറ അഥവാ സമൂഹത്തിൻെറ ചരിത്രത്തിൽ മനുഷ്യൻ എല്ലാ ഭിന്നതകളെയും മാററിവച്ചിട്ടു ഒരൊററ മനസ്സും ഒരൊററ ഹൃദയവും ഉള്ളവരെന്നപോലെ തോന്നിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോൾ അവർ തങ്ങളുടെ അന്തരാത്മാവുകളിൽ, തങ്ങൾ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്ത വ്യക്തിയോടുള്ള ബന്ധത്തിൻേറതായ വികാരത്തിൽനിന്നു ഉൽഭൂതമാകുന്ന ദുഃഖത്തിൻെറ വേലിയേററം അനുഭവപ്പെടും. അദ്ദേഹത്തെപ്പോലെ നല്ലവനും ശ്രേഷ്ഠനുമായ ഒരു ഇടയൻെറ ദേഹവിയോഗം അത്തരത്തിലുള്ള ഒരു സന്ദർഭമായിരുന്നു; മരിച്ചുപോയവർക്കു പ്രശംസകൾ ആവശ്യമില്ല; എന്നാൽ മരിച്ചവരെപ്പററിയുള്ള പ്രകീർത്തനങ്ങൾ ആശയവിനിമയത്തിൻെറ തുറക്കലിനും മനസ്സുകൾ തമ്മിൽ അനുകമ്പയെ ഉളവാക്കുന്നതിനും, നമുക്കെല്ലാം പൊതുവായുള്ള വികാരങ്ങളുടെ അന്യോന്യമുള്ള സാക്ഷിത്വത്തിനും ഉപകരിക്കുന്നു. നമ്മുടെ മതത്തെ സംബന്ധിക്കേണ്ട വിരോധാഭാസങ്ങളിൽ ഒന്നാണിതു്—അതായതു് മതം നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും സ്വർഗ്ഗത്തിലേയ്ക്കുയർത്തുന്നതിനു സഹായിക്കുന്നു; എന്നാൽ ഭൗമികങ്ങളായ കാര്യങ്ങളാൽ അതു നമ്മെ അനാസ്ഥരാക്കുന്നില്ല. നാം ദുഃഖത്തിൽ നിമഗ്നരായിരിക്കുന്നു; എന്നാൽ മതത്തിൻെറ സാന്ത്വനങ്ങളെ അന്വേ

ഷിക്കുന്നു. വിശ്വാസത്തിന്റേതായ കാഴ്ചപ്പാടിൽ അദ്ദേഹത്തിന്റെ നഷ്ടത്തിൽ നാം വിലപിക്കേണ്ടതില്ല; കാരണം അദ്ദേഹം തന്റെ സമ്മാനം വാങ്ങുവാനായി പോയിരിക്കുന്നു. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ നാം വിലപിക്കേണ്ടതില്ല. കാരണം, അദ്ദേഹം തന്റെ ജോലി ചെയ്തുതീർത്തു; എല്ലാവരും ഒരിക്കൽ മരിച്ചേ തീരൂ. തന്റെ വംശത്തിന്റെ കരുത്തോടും സൗഷ്ഠവത്തോടും തന്റെ ദൈവവിളിയുടേതായ പ്രേഷിതചൈതന്യത്തോടുംകൂടി 78 സംവത്സരം അദ്ദേഹം അടിപതറാതെ തന്റെ ഓട്ടം ഓടി. അദ്ദേഹം വിതയ്ക്കുകയും നട്ടുവളർത്തുകയും നനയ്ക്കുകയും ചെയ്തതെല്ലാം ഫലം പുറപ്പെടുവിക്കും. ''ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളത്തിനുസമീപം നട്ടുപിടിപ്പിച്ച ഒരു വൃക്ഷംപോലെ ആയിരിക്കും അവൻ; കാലം വരുമ്പോൾ അതിൽനിന്നു ഫലം പുറപ്പെടും; അവന്റെ ഇലകൾ കൊഴിഞ്ഞുപോവില്ല; അവൻ എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം അഭിവൃദ്ധിപ്പെടുകയും ചെയ്യും''.

## അദ്ധ്വാനത്തിന്റെ വർഷങ്ങൾ

നാല്പതിലധികം സംവത്സരങ്ങളിലേതായ അദ്ദേഹത്തിന്റെ നേട്ടങ്ങളെപ്പററി പത്രങ്ങളും വാരികകളും മാസികകളും മററും വിശദവിവരങ്ങൾ നൽകും. അദ്ദേഹത്തിന്റെ സ്മരണാഗ്രന്ഥത്തിന്റെ 400 പേജുള്ള പ്രഥമവാല്യത്തിൽ ആ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഠിനദ്ധ്വാനത്തിന്റേതായ ആ വർഷങ്ങളിലെ രംഗങ്ങൾ, ആത്മാക്കൾക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ അദമ്യമായ തൃഷ്ണ, ''ധൈര്യപ്പെടുക പ്രത്യാശിക്കുക'' എന്ന തന്റെ പരിപാടിയുടെയും ആദർശത്തിന്റെയും സാക്ഷാൽകാരത്തിനുവേണ്ടിയുള്ള പരിയത്നങ്ങൾ എല്ലാം അതിൽ അദ്ദേഹം വിവരിക്കുന്നുണ്ട്. അത്ഭുതാവഹമായ ധീരോദാത്തതയും, അചഞ്ചലമായ വിശ്വാസവും, അനിരുദ്ധമായ പ്രത്യാശയും അദ്ദേഹത്തിൽ പരിലസിച്ചിരുന്നു. അല്ലായിരുന്നെങ്കിൽ അദ്ദേഹത്തിനു ഇത്രയേറെ നേട്ടങ്ങൾ നേടുവാൻ സാധിക്കുമായിരുന്നില്ല. ധീരരെ ഭാഗ്യം കടാക്ഷിക്കും; സ്വയം സഹായിക്കുന്നവരെ ദൈവം സഹായിക്കും. അദ്ദേഹം തീർച്ചയായും ഭാഗ്യവാനായിരുന്നു. യാദൃശ്ചികമായി വന്നെത്തുന്ന സൗഹൃദബന്ധങ്ങൾ അദ്ദേഹത്തിന് മുതൽക്കൂട്ടായി, ലോകത്തിന്റെ വിവിധഭാഗങ്ങളുമായി അദ്ദേഹം പുലർത്തിയ ബന്ധങ്ങളിൽ അദ്ദേഹം അഹംഭാവം വരുത്തിയില്ല. സാധാരണയുള്ള ഭരണത്തിന്റേതായ ക്ലേശങ്ങളെ ചിലപ്പോൾ തന്റെ സമർത്ഥരായ സഹപ്രവർത്തകരെ ഏല്പിച്ചിട്ട് ആസൂത്രണത്തിലും പരിപാടി തയാറാക്കലിലും ഒരു മിനിററിലെ 60 വിനാഴികകളേയും അദ്ദേഹം പൂർണ്ണമായും ചെലവാക്കും. ആർച്ച്ബിഷപ്പിന്റെ മന്ദിരത്തിലേയൊ കന്നൂരിലേയൊ, സ്ട്രാററ്സ്

ബർഗിലെയോ പഠനമുറികൾക്ക സംസാരിക്കുവാൻ സാധി ക്കുമെങ്കിൽ അക്ഷീണനായ ഒരു സ്വപ്നദർശിയുടേയും ആസൂത്ര കൻെറയും, വാസ്തുശില്പിയുടെയും വീരേതിഹാസങ്ങളെ പ്രകീർത്തിക്കുമായിരുന്നു. ഈ നഗരത്തിൽ മാത്രം 30 ൽ പരം സംവത്സരങ്ങൾകൊണ്ടു അദ്ദേഹം സാധിച്ച നേട്ടങ്ങളെ മദ്രാസ് പത്രങ്ങൾ പുകഴ്ത്താതിരിക്കില്ല. വികസനോന്മുഖങ്ങളായ ഇടവകകൾ, ഐശ്വര്യപൂർണ്ണങ്ങളായ വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമസ്ഥാപനങ്ങൾ — എന്നിങ്ങനെ അദ്ദേഹം തന്നിട്ടുപോയ ധന്യമായ പൈതൃകത്തിൻെറ മഹത്വം പ്രകീർത്തിക്കപ്പെട്ടും, ജീവകാരുണ്യവരങ്ങളും, പരസ്നേഹാത്മകങ്ങളുമായ പ്രവർത്തനങ്ങൾ സ്റേററിലെ അത്യുന്നതാധികാരികളുടെ മുക്തകണ്ഠമായ പ്രശംസയും, പാപങ്ങളുടെയും കഷ്ടപ്പെടുന്നവരുടേയും, പരിത്യക്തരുടേയും അമർത്ത്യമായ കൃതജ്ഞയും പാത്രീഭൂതങ്ങളായി, ജീവിതത്തിലെ തൻെറ ശിഷ്ടവർഷങ്ങൾ ഗ്രാമീണപദ്ധതികൾക്കുവേണ്ടി ചെലവഴിക്കാൻ താൻ ഉദ്ദേശിക്കുന്നു എന്നും, അതിനുള്ള പണം ശേഖരിക്കാൻ വിപുലമായ ഒരു വിദേശപര്യടനത്തിനു താൻ പ്ലാൻ ചെയ്തിരിക്കുകയാണെന്നും, ഈ വർഷം ജൂൺമാസത്തിൽ മദ്രാസിൽനിന്നും യാത്രതിരിക്കുന്നതിനുമുമ്പ് അദ്ദേഹം എനിക്ക് എഴുതിയിരുന്നു. പക്ഷെ അതു സംഭവിച്ചില്ല. അദ്ദേഹത്തിൻെറ പിൻഗാമി രൂപതാഭരണത്തിൻെറ ആരംഭത്തിലെ തൻെറ പരിപാടിയിൽ മുൻപറഞ്ഞ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്.

## അവരുടെ മുഖ്യവാസ്തുശില്പി

ഇന്ത്യയിൽ തങ്ങളുടെ നേട്ടങ്ങളുടെ മുഖ്യ വാസ്തുശില്പിയായി ആർച്ചുബിഷപ്പ് മത്തിയാസിനെ ഞങ്ങൾ കരുതുന്നു. സലേഷ്യൻ സഭക്കാർ പ്രസാധനം ചെയ്യുന്ന ഒരു ജേർണ്ണലിൽ നിന്നു് നാം മനസ്സിലാക്കുന്നു. അദ്ദേഹത്തിൻെറ ധീരതയും, തീക്ഷ്ണതയും, പുരോഗതിക്കായുള്ള ദാഹവുമാണു് ആ നേട്ടങ്ങൾക്കു നിദാനങ്ങളെന്നും, അതുകൊണ്ടാണു് ഡോൺബോസ്കോ ഇന്ത്യയിൽ ഇത്രയേറെ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതെന്നും ഇന്ത്യയിൽ 8 സലേഷ്യൻ മെത്രാന്മാരും, ഭൂരിപക്ഷം ഇന്ത്യാക്കാരുൾപ്പെടുന്നതും 1000ത്തോളം അംഗങ്ങളുള്ളവയുമായ 4 സലേഷ്യൻ പ്രോവിൻസുകളും ഉണ്ടെന്നും, ആദ്ധ്യാത്മികപ്രവർത്തകരുടെ ആശ്ചര്യകരമായ ഒരു സമ്മിശ്രതയാണു് അതെന്നും, ജേർണ്ണലിൽ വിവരിച്ചിട്ടുണ്ടു്, കാഴ്ചവെപ്പ് തിരുനാളിൻെറ അന്നു് 1922—ൽ ബോംബെയിൽ വന്നിറങ്ങിയ സലേഷ്യന്മാർ പിന്നീടു കൽക്കട്ടായിലേക്കും, ഷില്ലോംഗിലേക്കും, മദ്രാസിലേക്കും, കേരളത്തിലേക്കും, ക്രമേണ ഇന്ത്യയുടെ നാനാഭാഗങ്ങളിലേക്കും വ്യാപിച്ചു വളർന്നു

പന്തലിച്ചു. അദ്ദേഹത്തിന്റെ സ്മരണകളിലൂടെ കണ്ണോടിക്കു മ്പോൾ അദ്ദേഹത്തെ കാസി മലമുകളിൽ ഞാൻ കാണുന്നതാ യി കാണും; അവിടെ അന്നു അദ്ദേഹം ദീഘ്ദൂരം കാൽനടയായി ഭോയിദിക്കിലേക്കു സഞ്ചരിച്ചു. അവിടെനിന്ന്, ദിബ്രുഗാ റിലേക്കു അഥവാ ബ്രഹ്മപുത്രാനദിയുടെ ഉത്തുംഗതയിലേക്കും, ഇന്ത്യയിലൂടെ ബർഡിയിലേക്കും, തായ്‌ലണ്ടിലേക്കും, ഇന്തോ ചൈനയിലേക്കും അദ്ദേഹം സഞ്ചരിക്കുന്നതായി നാം കാ ണുന്നു. ഷില്ലോംഗ്, ഗോഹാട്ടി, കൽക്കട്ട, കൃഷ്ണഗാർ, മദ്രാസ്, ഗോവാ, ബോംബെ എന്നീ നഗരങ്ങളിൽ സാങ്കേതിക വിദ്യാ ലയങ്ങൾക്ക് നേതൃത്വം നൽകി. സലേഷ്യൻ സഭാഗങ്ങൾക്ക് തങ്ങളുടെ കുടുംബയോഗങ്ങളിൽ അദ്ദേഹം ഉളവാക്കിയ ആത്മ വികാസത്തിന്റേയും സൗഭ്രാതൃത്വത്തിന്റെയും അന്തരീക്ഷം തന്റെ ഭൗതിക കൃത്യങ്ങളെക്കാൾ തന്റെ വിജയത്തിനു സ ഹാകകമായിത്തീന്നു.

ആർച്ചുബിഷപ്പ് മത്തിയാസിന് അന്ത്യോപചാരം അ പ്പിക്കുന്നതിന് ഞാൻ ഇവിടെ ആഗതനായിരിക്കുന്നത് മുഖ്യ മായും ഇന്ത്യൻ കാത്തലിക് ബിഷപ്സ് കോൺഫറൻസി ന്റെ അദ്ധ്യക്ഷനെന്ന നിലയിലാണ്. അദ്ദേഹം അതിന്റെ സ്ഥാപകരിൽ ഒരാളും സജീവാംഗവുമായിരുന്നു. ആർച്ചുബി ഷപ്മാരായ പെരേർ, കോളാസ്, മത്തിയാസ്, തോമസ് അട്ടിപ്പേററി ഇവരിൽ ഒരാൾ ചരമം പ്രാപിച്ചു. മൂന്നുപേർ റിട്ടയർമെൻറിലാണ്; ഒരാൾ ഇന്നും സജീവസേവനം തുടരുന്നു. അങ്ങനെയുള്ളവരെപ്പററിയുള്ള ഓമ്മ, ജീവിച്ചിരുന്നാലും, മരി ച്ചാലും, എന്നും ആശീവ്വാദപൂവ്വം നിലനില്ക്കും.

ഞാനിവിടെ വരുവാനുള്ള മറെറാരു കാരണം ഞങ്ങൾ ത മ്മിലുള്ള വ്യക്തിപരങ്ങളായ ബന്ധങ്ങളാണ്. 1946—ൽ ഞാൻ ഇന്ത്യൻ ഹയരാക്കിയിലെ അണിയിലേക്കു പ്രവേ ശിക്കുന്നത് അദ്ദേഹം കണ്ടു. 1952—ൽ കർദ്ദിനാൾ പദവിയി ലേക്കു ഞാൻ തിരഞ്ഞെടുക്കപ്പെട്ട വാത്ത വന്നപ്പോൾ അദ്ദേ ഹം എറണാകുളത്തു സന്നിഹിതനായിരുന്നു. 1954—ൽ മദ്രാ സിൽ എനിക്ക് അതിഗംഭീരമായ ഒരു സ്വീകരണം അ ദ്ദേഹം ഏപ്പാടു ചെയ്തു. 1954—ൽ ബോംബെയിൽ നടന്ന നാഷണൽ മരിയൻ കോൺഗ്രസിൽ അദ്ദേഹം പ്രമുഖമായ ഒരു പങ്കു വഹിച്ചു. അതുപോലെതന്നെ 1960—ൽ നടന്ന ഹൈരാ ക്കിയിലും പഞ്ചവാഷിക സമ്മേളനത്തിലും 1964—ലെ അന്താ ർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസിലും അദ്ദേഹം പങ്കെടു ത്തു. അതിലുമെല്ലാമുപരിയായി, ഈ കാലഘട്ടത്തിലത്രയും എന്റെ ക്ഷേമത്തിലും യത്നങ്ങളിലും അദ്ദേഹം പൈതൃക മായ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സുഭദ്ര മായ ഉപദേശത്തിന്റെ അനുഗ്രഹം എനിക്കു ലഭിച്ചിരുന്നു;

അദ്ദേഹത്തിന്റെ കർമ്മധീരതയിലൂടെ അദ്ദേഹം എന്റെ ചേതനയെ ഉത്തേജിപ്പിച്ചു; ഫ്രഞ്ചുബുദ്ധിപ്രഭാവത്തിന്റെ സ്പഷ്ടമായ ഒരു മനസ്സായിരുന്നു അദ്ദേഹത്തിന്റേതു്. തന്റെ സമൂഹത്തിന്റെ സ്വഭാവവിശേഷതയായ ബിസിനസ്സ് മനോഭാവവും അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്നു. മിഷനുകളിലും നഗരങ്ങളിലും അദ്ദേഹത്തിന്റെ ജീവിതാനുഭവം സമ്പന്നമായിരുന്നു. ഞങ്ങളെല്ലാം—ഹൈരാർക്കിയിലെ അദ്ദേഹത്തെക്കാൾ ചെറുപ്പക്കാരും, വൃദ്ധരും പടുവൃദ്ധരും—എല്ലാവരും അദ്ദേഹത്തിൽ ആശ്രയം കണ്ടെത്തിയിരുന്നു. ഇന്ത്യൻ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ്—കമ്മിററി മീററിംഗുകളെ സജീവങ്ങളാക്കിയ അദ്ദേഹത്തിന്റെ രസികത്വം എത്ര അത്ഭുതാവഹമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണകലവറയിൽ രസാവഹങ്ങളായ ഒരുപിടി സംഭവകഥകളുണ്ടായിരുന്നു. അവ വിനോദപ്രദങ്ങളായിരുന്നു; തന്നെയല്ല, പ്രബോധനപരങ്ങളും ആയിരുന്നു. ഒരു കാലത്തു് ഒരു പടയാളിയും പിന്നീട സൈനികചാപ്ലിനും ആയി സേവനമനുഷ്ഠിച്ച് ഒരു മിഷനറിയായിത്തീന്ന അദ്ദേഹത്തിന്റെ അഭാവത്തിൽ ഹൈരാർക്കിയിലെ നവാഗതക്കു് ഒരു നഷ്ടമായിരിക്കും.

## ദുർഘട മിഷനുകളുടെ വിജയം

തന്നെ ഭരമേല്പിച്ച വിഷമകരങ്ങളായ ചില മിഷനുകളുടെ വിജയം ആർച്ചുബിഷപ്പ് മത്തിയാസിന്റെ പൂർത്തീകൃതമായ നയചാതുരിക്കു് ഉദാഹരണമാണു്. വിദേശങ്ങളിൽ വിസിററർ അപ്പസ്തോലിക്കായി നിയോഗിക്കപ്പെട്ടതായിരുന്നു അദ്ദേഹം ഏറെറടുത്ത ദുർഘടദൗത്യങ്ങളിൽ ഒന്നു്. രണ്ടു് നിയമപരിധികൾക്കുള്ളിൽ, നിയമപരമായി മാത്രമല്ല, മാനസികമായും ഹൃദയപരമായും രണ്ടു വിഭാഗങ്ങളിൽ വൈദികരെയും ജനങ്ങളെയും സംയോജിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിൽ നിക്ഷിപ്തമായ മറെറാരു കർത്തവ്യം. അതുപോലെ യുദ്ധവർഷങ്ങളിലെ വിഷമസ്ഥിതികളിൽ അദ്ദേഹം അനുവർത്തിച്ച നയം എല്ലാം വിജയകരങ്ങളായി.

1954—ൽ ഞാൻ മദ്രാസിലെ സ്വീകരണത്തിൽവച്ചു പറഞ്ഞു. ''കാത്തലിക് സെൻറർപോലെ, അദ്ദേഹത്തിന്റെ ശ്രമഫലമായി, ഒരു കാലത്തു ഇന്ത്യയിൽ ഒരു വലിയ കാത്തലിക്ക് മെഡിക്കൽ കോളേജും ഹോസ്പിററലും ഉണ്ടാകുമെന്നു് നമുക്കു പ്രത്യാശിക്കാം, പ്രാർത്ഥിക്കാം.'' എന്നു് മൂന്നുവർഷം മുമ്പു ബാംഗളൂരിൽ താല്ക്കാലിക കെട്ടിടങ്ങളിൽ ആരംഭിച്ച ആ സ്ഥാപനത്തിന്റെ ആസൂത്രണത്തിൽ 20—ൽ പരം സംവത്സരങ്ങളായി ആർച്ചുബിഷപ്പ് മത്തിയാസ് വഹിച്ച പങ്കെന്തെന്നു് ഇന്ത്യയിലെ കത്തോലിക്കർക്കറിയാം. ആ സ്ഥാപ

നത്തിൻെറ പ്രവത്തനങ്ങളെ സംബന്ധിച്ച് അദ്ദേഹം തയാറാക്കിയ രണ്ടു റിപ്പോർട്ടുകഠം അദ്ദേഹത്തിൻെറ ധീരോദാത്തതയ്ക്കും ആദശ്തീക്ഷ്ണതയ്ക്കും മകുടോദാഹരണങ്ങളാണ്. അത്തരം ഒരു മെഡിക്കൽ കോളേജിൻെറ ആരംഭം, എനിക്കു് അദ്ദേഹം എഴുതിയിരുന്നതുപോലെ, ഒരു വിശ്വാസസത്യമായിരുന്നു. കോളേജിൻെറ ശിലാസ്ഥാപനം ഈയിടെ മൈസൂർ ഗവർണർ നിവ്വഹിച്ചു. അതിൻെറ ഭാവി എങ്ങനെയിരിക്കുമെന്നു് ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടൂ. ആ പദ്ധതിയുടെ നെടും തൂണുകളിൽ ഒന്നായിരുന്നു അദ്ദേഹത്തിൻെറ സേവനങ്ങഠം. ഈ പ്രതിസന്ധിഘട്ടത്തിൽ നഷ്ടപ്പെട്ടതു ഹൈരാക്കിക്കു് എന്തൊരാഘാതമാണെന്നു് നമുക്കൊക്കെ ബോധ്യമുണ്ടു്. എന്നിരിക്കിലും ദൈവതിരുച്ചിത്തത്തിൻെറ മുമ്പിൽ നമുക്കു് ശിരസ്സ് നമിക്കുക.

1954—ൽ ഞാൻ മദ്രാസിൽ വന്നതു അദ്ദേഹത്തിൻെറയും അദ്ദേഹത്തിൻെറ അതിരൂപതയുടെ സ്വീകരണസല്ക്കാരം സ്വീകരിക്കുന്നതിനുവേണ്ടി ആയിരുന്നു. ഇന്നു ഞാൻ വന്നിരിക്കുന്നതു് അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങഠം സെൻറു് തോമസ് കത്തീഡ്രൽ ബസിലിക്കായിൽ അവസാനത്തേതായ വിശ്രമസങ്കേതത്തിൽ അപ്പിക്കുന്നതിൻെറ പ്രാരംഭച്ചടങ്ങായ ശേഷക്രിയകളിൽ അധ്യക്ഷ്യം വഹിക്കുന്നതിനാകുന്നു. സവ്വോപരി തൻെറ അജഗണങ്ങഠംക്കും ഒരു പിതാവു് തൻെറ ഭക്തസഭയിലെ ഒരുത്തമ പുത്രൻ, ഇന്ത്യൻ ഹൈരാക്കിയുടെ ഒരാഭരണം, ഇന്ത്യൻ രാഷ്ട്രത്തിനു് ഒരാഭരണം, ഒരു ഭരണധുരന്ധരൻ, ഉജ്ജ്വല നേതാവു്, പ്രഗത്ഭനായ സംഘാടകൻ, പ്രഖ്യാതനായ വിദ്യാഭ്യാസപ്രവത്തകൻ, ഉദാത്തനായ ഒരു സാമൂഹ്യപ്രവത്തകൻ എന്നീ ഗുണവിശേഷങ്ങളെ സുദീഘവും സ്തുത്യഹവും ആയ തൻെറ രൂപതാദ്ധ്യക്ഷതാകാലത്തു സംയോജിപ്പിച്ച കമ്മധീരൻ—ആ മനുഷ്യൻെറ ഭൗതികാവശിഷ്ടങ്ങളാണു് നാമിന്നു സംസ്കരിക്കുന്നതു്.

## മുന്നോടി, ധീരാഗ്രേസരൻ

''എൻെറ ഇഷ്ടത്തിനൊത്ത ഇടയരെ ഞാൻ നിങ്ങഠംക്കു തരും: അറിവും തത്വവുംകൊണ്ടു് അവർ നിങ്ങളെ പോഷിപ്പിക്കും.'' ഈ രാജ്യത്തെ ജനകോടികളുടെ സാംസ്കാരികവും ആദ്ധ്യാത്മികവും ആയ ജീവിതത്തെ നിസ്വാത്ഥമായ ആത്മാപ്പണംവഴി സമ്പന്നമാക്കുന്നതിനു് വിദേശങ്ങളിൽനിന്നു വന്ന മുന്നോടികളുടെയും അതികായരുടെയും ഉജ്ജ്വലപ്രതിരൂപങ്ങഠം കൊണ്ടു സമലംകൃതമാണു് നമ്മുടെ നാടിൻെറ സഭാപരിവത്തനം. ആ മഹത്തായ നിരയിൽ ആർച്ചുബിഷപ്പ് മത്തിയാസ് യോഗ്യമായ ഒരു സ്ഥാനത്തെ അഹിക്കുന്നു എന്നു നി

ഷേധശങ്കകൂടാതെ പറയാൻ കഴിയും. താരതമ്യേന ഹ്രസ്വമായ 50 വർഷംകൊണ്ട് ഡോൺബോസ്കോ സൊസൈററി രാജ്യത്തിനു നല്കിയ വിലയേറിയ സംഭാവനകളുടെ വെള്ളിവെളിച്ചത്തിൽ അദ്ദേഹത്തിൻെറ നാമധേയം വിരാജിക്കും. വിദേശമിഷനറിമാർ നമ്മുടെ പക്കലേക്ക് വരുന്നത് നന്നായി പ്രവർത്തിക്കാനല്ല, നന്മ ചെയ്യാനാണെന്ന് അദ്ദേഹത്തിൻെറ ജീവിതവും നേട്ടങ്ങളും നമ്മെ സമീപിക്കുന്ന ഒരു കൈചൂണ്ടിപ്പലക ആയിരിക്കും. അവർ നാട്ടിൽവന്നു പണിയെടുക്കുന്നതു രാഷ്ട്രീയമോ, സാംസ്കാരികമേധാവിത്വപരമോ ആയ മോഹം കൊണ്ടല്ല; യേശുനാഥനെ അനുകരിച്ച് സേവിക്കുവാനാകുന്നു; സേവിക്കപ്പെടാനല്ല; അദ്ധ്വാനിക്കുവാൻ, കൂലിക്കുവേണ്ടിയല്ല; സ്വർഗ്ഗത്തിൽ തങ്ങൾക്കായി തയാറാക്കിയിട്ടുള്ള മഹിമയുടെ കിരീടത്തിനുവേണ്ടി.

വിദേശത്തു വച്ചാണ് അദ്ദേഹം ദിവംഗതനായത് എങ്കിലും, തൻെറ പ്രിയപ്പെട്ടവരുടെ ഇടയിലാണ് അദ്ദേഹം തൻെറ അന്തിമമായ ഉറക്കം ഉറങ്ങുന്നതെന്ന് നമുക്കു സമാശ്വസിക്കാം. അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ ആദർശപ്രദീപങ്ങളായി നിലനിർത്തേണ്ടതു നമ്മുടെ ധർമ്മമാകുന്നു. പണ്ടു കാലത്തെ രാജകീയ യോദ്ധാക്കളെപ്പോലെ അദ്ദേഹം ആ ആദർശങ്ങളുടെ സാക്ഷാൽകാരത്തിനുവേണ്ടി സർവ്വശക്തിയും ഉപയോഗിച്ചു ശ്രമിച്ചിരുന്നു. കർദ്ദിനാൾ ന്യൂമാൻെറ വാക്കുകളിൽ "നിഴലുകൾ നീളുകയും, സായാഹ്നം വന്നെത്തുന്നതുവരെ, ഹർഷമുഖരിതമായ ലോകം നിശ്ശബ്ദമാവുകയും, ജീവിതത്തിൻെറ സ്വരം അവസാനിക്കുകയും ചെയ്യുന്നതുവരെ, പകലന്തിയോളം അവരെ പിന്താങ്ങിയ കർത്താവ്, അവനു സുരക്ഷിതമായ ഭവനവും, വിശുദ്ധമായ വിശ്രമവും, നിത്യമായ സമാധാനവും നൽകുമാറാകണം എന്നതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന."



ആർച്ചുബിഷപ്പ് മത്തിയാസ് പാവപ്പെട്ടവക്കായി നിമ്മിച്ച
അനേകം വീടുകളിൽ ചിലത്തു്.



ആർച്ചുബിഷപ്പ് മത്തിയാസ് നിമ്മിച്ച പാവപ്പെട്ടവക്കുള്ള വീടിന്റെ മാതൃക.




ആർച്ചുബിഷപ്പ് മത്തീയാസിൻെറ ശവകുടീരത്തിൽ
സ്ഥാപിച്ച മാർബിൾ ശിലാലിഖിതം.

അനുബന്ധം 3

# ആർച്ചുബിഷപ്പ് മത്തിയാസിൻെറ ആത്മീയപ്രമാണം

(ഇതിൻെറ മൂലം ഇററാലിയൻ ഭാഷയിൽ തിരുമേനിയുടെ കയ്പ്പടയിൽതന്നെ എഴുതപ്പെട്ടിരിക്കുന്നു. ഒരു മുദ്രവച്ച കവറിനുള്ളിൽ സൂക്ഷിക്കപ്പെട്ടിരുന്ന ഈ പ്രാർത്ഥന തിരുമേനിയുടെ മരണശേഷമാണു് തുറന്നതു്.)

പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ, ആമേൻ.

മനുഷ്യരെല്ലാം ഒരിക്കൽ മരിക്കേണ്ടിയിരിക്കുന്നു. ദൈവത്തിൻെറ ഈ പ്രബുദ്ധമായ നിയമത്തിൽനിന്നു് ആർക്കും ഒഴിയാൻ പററില്ല; ഒഴിയാമെന്നു് ആരും ആശിക്കയും വേണ്ട. ആ സ്വർഗ്ഗീയനിശ്ചയത്തിനു മുമ്പിൽ ഞാൻ ശിരസ്സു് നമിക്കുന്നു. ഒരു ദിവസം അതെന്നെയും ബാധിക്കുമെന്നും ദൈവത്തിൻെറ അനന്തമായ കരുണയിൽ വിശ്വസിച്ചുകൊണ്ടു് ഞാൻ ഹൃദയപൂർവ്വം അതിനു വഴങ്ങുമെന്നും ഞാനറിയുന്നു. കർത്താവിൻെറ കരുണയെപ്പററി ഞാൻ അനന്തകാലം പാടും.

വി. കത്തോലിക്കാതിരുസഭയുടെ, ശ്ലൈഹികവും റോമനുമായ എല്ലാ വിശ്വാസസംഹിതകളിലും ഞാൻ വിശ്വസിക്കുന്നു. ശരീരത്തിൻെറ ഉയർപ്പിൽ ഞാൻ വിശ്വസിക്കുന്നു. എൻെറ അവസാനത്തെ ശ്വാസംവരേയും, അതിനുശേഷവും ഞാൻ വിശുദ്ധ മാതാവായ സഭയുടേയും അവളുടെ ഉന്നത ഭരണാധികാരിയും തലവനുമായ ഈശോമിശിഹായുടെ ഭൂമിയിലെ വികാരിയുടേയും അനുസരണയുള്ള പുത്രനായിരിക്കുമെന്നു വാഗ്ദത്തം ചെയ്യുന്നു. വിശ്വാസത്തിൻേറയും കീഴ്‌വഴങ്ങലിൻെറയുമായ ഈ മാർഗ്ഗത്തിൽ ജീവിച്ചു മരിക്കാൻ ഞാനാഗ്രഹിക്കുന്നു.

എനിക്കുള്ള എല്ലാററിൻെറയും കാരണഭൂതയായ സലേഷ്യൻ സഭയിൽ അന്ത്യംവരെ വിശ്വസ്തതയോടുകൂടി നിലനില്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രസ്തുത സഭയുടെ നിയമങ്ങളനുസരിച്ചു് അനുസരണം, ദാരിദ്ര്യം, ശുദ്ധത എന്നീ വ്രതവാഗ്ദാനം ഞാൻ നവീകരിക്കുന്നു.

c) അഭിവന്ദ്യമെത്രാൻ കോസ്റ്റമാഞ്ഞ ഉപയോഗിച്ചിരുന്നതും ഞാൻ നിത്യവും ഉപയോഗിക്കുന്നതുമായ ഇടയമോതിരം.

2. അതിരൂപതയുടെ കൈവശത്തിൽ ഇരിക്കേണ്ടവ.

—എൻെറ മററെല്ലാ വസ്തുക്കളും, മുദ്രമോതിരം, സ്ഥാനവസ്ത്രങ്ങൾ, ആഭരണാദികൾ, കുർബാനസാമഗ്രികൾ തുടങ്ങിയ എല്ലാം.

—അതിരൂപതാഭവനത്തിന് ഉപയോഗപ്രദമായേക്കാവുന്ന എൻെറ എല്ലാ വസ്ത്രങ്ങളും. പഴകിയ തുണികൾ പാവങ്ങൾക്കു വിതരണം ചെയ്യാനായി മേഴ്സിഹോമിനു കൊടുക്കണം—കിൽപോക്കു്.

—എൻെറ പുസ്തകങ്ങളിൽ താഴെപ്പറയുന്ന ഒഴിച്ച്.

—എൻെറ പിൻഗാമിക്ക് ഉപകാരപ്രദമല്ലാത്തതും പൂമനല്ലിയിലെ വൈദികസെമിനാരി ലൈബ്രറിക്കു ഉപയോഗമുള്ളതുമായ ഗ്രന്ഥങ്ങളും.

—സലേഷ്യൻ സഭയെ സംബന്ധിക്കുന്നതും അവരുടേതുമായ പുസ്തകങ്ങൾ സലേഷ്യൻസഭയുടെ പ്രാദേശിക പ്രൊവിൻഷ്യാളിന്.

4. എൻെറ കുറിപ്പുകളും കോപ്പിബുക്കുകൾ, പ്രസംഗങ്ങൾ എഴുതിയിട്ടുള്ളവ തുടങ്ങിയവയും, മേലിൽ പ്രയോജനപ്രദമല്ലാത്തതുകൊണ്ട് കത്തിച്ചുകളയുക.

എൻെറ ആത്മീയപ്രമാണത്തിന് ഒരു അനുബന്ധമായ ഈ രേഖ എൻെറ 71–ാം ജന്മദിനവും ഗുരുപ്പട്ടസ്വീകരണത്തിൻെറ 45–ാം വാർഷികവും മദ്രാസ് ആർച്ചുബിഷപ്പായി സ്ഥാനമേററതിൻെറ 23–ാം വാഷികവും ആയ ഇന്ന്, 1958 ജൂലൈ 20–ാംനു, എഴുതപ്പെട്ടിരിക്കുന്നു.

ഒപ്പ്/– † ലൂയിസ് മത്തിയാസ്
മദ്രാസ്–മൈലാപ്പൂർ ആർച്ചുബിഷപ്പ്

വെല്ലിംഗ്ടൺ
നീലഗിരിജില്ല
1958 ജൂലൈ 20

അനുബന്ധം 4

# അനുശോചനസന്ദേശങ്ങൾ

മദ്രാസ് അതിരൂപതയുടെ വികാർ ക്യാപിററുലറായിരുന്ന ബിഷപ്പ് ഫ്രാൻസിസ് കാർവലോയ്ക്കു് ലഭിച്ച അനുശോചനസന്ദേശങ്ങൾ.

സർവാരാധ്യനായിരുന്ന മത്തിയാസ്തിരുമേനിയുടെ ദേഹവിയോഗം ജനനേതാക്കൾക്കും ജനലക്ഷങ്ങൾക്കും എത്രമാത്രം ദുഃഖകരമായിരുന്നു എന്നു് ഈ സന്ദേശങ്ങൾ വെളിപ്പെടുത്തുന്നു.

പരിശുദ്ധ പിതാവിൽനിന്നു് കേബിൾഗ്രാം.

"തൻെറ വാത്സല്യ പുത്രൻെറ പെട്ടെന്നുള്ള നിര്യാണത്തിൽ പരിശുദ്ധപിതാവു് അതീവ ദുഃഖിതനായിരിക്കുന്നു. തിരുസഭയ്ക്കുവേണ്ടിയും അവരുടെ മക്കൾക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും അക്ഷീണനായി അദ്ദേഹം പ്രയത്നിച്ചു. പരിശുദ്ധപിതാവു്, ഇടയൻെറ മരണത്തിൽ വിലപിക്കുന്ന മദ്രാസിലെ ജനങ്ങളോടു് സഹതപിക്കുകയും രൂപതയിലെ സകല വൈദികർക്കും വിശ്വാസികൾക്കും പൈതൃകവും ഐഹികവുമായ ആശീർവാദങ്ങൾ നല്കുകയും ചെയ്യുന്നു."

കർദ്ദിനാൾ ചിക്കോഞ്ഞാനി.

കർദ്ദിനാൾ അഗാജിയാനിയൻ-കേബിൾ.

ആർച്ചുബിഷപ്പ് മത്തിയാസിൻെറ നിര്യാണത്തിൽ സേക്രഡ് കോൺഗ്രിഗേഷൻ ഓഫ് പ്രൊപ്പഗാണ്ടാ ഫീഡേ അഗാധമായി ദുഃഖിക്കുന്നു. മദ്രാസ്-മൈലാപ്പൂർ അതിരൂപതയിലെ സന്യാസികളോടും വൈദികരോടും വിശ്വാസികളോടും ഞങ്ങൾ ആത്മാർത്ഥമായി അനുശോചിക്കുകയും, ആ മഹാനായ ബിഷപ്പിൻെറ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഗ്രിഗറി കാർഡിനൽ അഗാജിയാനിയൻ.

വത്തിക്കാനിലെ ഫ്രഞ്ച് അംബാസിഡർ.

മോൺ. ലൂയിസ് മത്തിയാസിൻെറ നിര്യാണംമൂലം മദ്രാസ് അതിരൂപതയ്ക്കും സഭയ്ക്കു മുഴുവനുംതന്നെ നേരിട്ട കനത്ത നഷ്ടത്തെപ്പററി ഹൃദയവേദനയോടെ ഞാൻ മനസ്സിലാക്കുകയും, ഞങ്ങളുടെ ഹൃദയപൂർവ്വമായ അനുശോചനങ്ങൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

മോൺഷ്യൂർ റിനി ബ്രൗളി-

ഇൻഡ്യയിലെ ഫ്രഞ്ച് അംബാസഡർ.

രണ്ടാം മഹായുദ്ധകാലത്തു് അദ്ദേഹം ചെയ്ത ധീരോദാത്തമായ പ്രവൎത്തനങ്ങളാൽ, അദ്ദേഹത്തിൻെറ ഇൻഡ്യയിലെ അനുഭവജ്ഞാനത്താൽ, അദ്ദേഹത്തിൻെറ അതുല്യമായ ഹൃദയ മാനസികഗുണങ്ങളാൽ, അടുത്തറിഞ്ഞവരുടെയെല്ലാം സ്നേഹാദരവുകൾ പിടിച്ചെടുക്കാൻ മോൺസിഞ്ഞോർ മത്തിയാസിനു സാധിച്ചു.

മോൺഷ്യൂർ ജീൻ ദാരിഡൻ.

മുൻമദ്രാസ് ചീഫ് ജസ്റ്റീസായിരുന്ന ഡോക്ടർ പി. വി. രാജമന്നാർ–

"പരേതനായ ആർച്ചുബിഷപ്പിനെപ്പററി എനിക്കു് ഏററവും കൂടുതൽ സ്നേഹാദരവുകൾ ഉണ്ടായിരുന്നു. യഥാൎത്ഥമായ ക്രൈസ്തവാദൎശങ്ങളുടെ ഉത്തമമായ നിദൎശനമായിരുന്നു അദ്ദേഹമെന്നു് എനിക്കെപ്പോഴും തോന്നിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ പക്കൽനിന്നു് വളരെ ഔദാര്യങ്ങൾ എനിക്കു ലഭിക്കയുണ്ടായി. ഞങ്ങൾ അവസാനമായി കണ്ട അവസരത്തിൽ റോമിലെ സമ്മേളനത്തെപ്പററി അദ്ദേഹം വിശദമായി എന്നെ പറഞ്ഞു മനസ്സിലാക്കുകയുണ്ടായി. അദ്ദേഹത്തെപ്പോലൊരു വ്യക്തിത്വം ഇനി കണ്ടെത്തുക വിഷമമാണു്...."

ററി. ററി. കൃഷ്ണമാചാരി–കേന്ദ്രധനകാര്യമന്ത്രി.

"മദ്രാസിലെ ജനങ്ങളെ സേവിക്കുവാൻ ജീവിതം ഉഴിഞ്ഞുവച്ചിരുന്ന പരേതനായ ആർച്ചുബിഷപ്പുതിരുമേനി, എൻെറ ഒരു വ്യക്തിപരമായ സുഹൃത്തായിരുന്നു. ആ മരണത്തോടെ മദ്രാസിനൊരു ഉത്തമനായ മാർഗ്ഗദർശിയും എനിക്കൊരു വിലയേറിയ സുഹൃത്തും നഷ്ടമായി."

മദ്രാസ് ഹൈക്കോടതിയിലെ മുൻ ജഡ്ജി – ജെ.എ. ബെൽ–(ഇംഗ്ലണ്ടിലെ നോർഫോക്കിൽനിന്നു്.)

അദ്ദേഹം ഇൻഡ്യക്കൊരു നല്ല സുഹൃത്തായിരുന്നു. മനുഷ്യൻെറ കഷ്ടപ്പാടുകളെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന ബോധവും, അവരെ സഹായിക്കുവാനുള്ള അദ്ദേഹത്തിൻെറ ആഗ്രഹവും ഒരിക്കലും സ്വന്തസമുദായത്തിലെ ആട്ടിൻപാററത്തിൽ ഒതുങ്ങി നിന്നിരുന്നില്ല. ഹൊറെസിൻെറ വാക്കുകളിൽ പറഞ്ഞാൽ, അദ്ദേഹം "നീതിമാനും ലക്ഷ്യത്തിൽ ഉറച്ചുനില്ക്കുന്നവനും ആയിരുന്നു. സഹപൗരന്മാരുടെ ചൂടേറിയ ആവേശത്തിൽ പ്രലോഭിതനായി തെററിലേക്കു നയിക്കപ്പെടാതെയും, ഒരു ഏകാധിപതിയുടെയും ഭീഷണിയെ വകവയ്ക്കാതെയും ഒരു കടുംപാറപോലെ അദ്ദേഹത്തിൻെറ ആത്മാവു നിലകൊണ്ടു." അതായിരുന്നു അദ്ദേഹം.

ശ്രീമതി മരതകം ചന്ദ്രശേഖർ, ഡെപ്യൂട്ടി മിനിസ്റ്റർ ഓഫ് സോഷ്യൻ സെക്യൂരിററി.

"ബൈബിളിൽ പറയുന്ന പ്രകാരം അദ്ദേഹം യഥാൎത്ഥമായും, മനുഷ്യവൎഗ്ഗത്തെ സേവിക്കുവാനായി ജീവിച്ചു. ഇൻഡ്യക്കു പൊതുവെയും മദ്രാസിനു പ്രത്യേകിച്ചും ഒരു കനത്ത നഷ്ടമാണുണ്ടായിരിക്കുന്നതു്."

മി. രാജ് മോഹൻ ഗാന്ധി.

"ഇൻഡ്യയെ മനസ്സിലാക്കാൻ കഴിഞ്ഞ ചുരുക്കം പേരിലൊരാളായ ആർച്ചുബിഷപ്പിൻെറ മരണം നമുക്കൊരു വമ്പിച്ച നഷ്ടമാണു്. അദ്ദേഹം എന്നെ വളരെക്കാര്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. സ്വൎഗ്ഗത്തിലും, അദ്ദേഹം തൻെറ ദിവ്യനാഥനെ സേവിക്കുകയും ഇൻഡ്യക്കുവേണ്ടിയുള്ള പ്രവൎത്തനങ്ങൾ തുടരുകയും ചെയ്യട്ടെ."

കേണൽ ആർതർ ജി. ലോങ്ങ്, ടെറിട്ടോറിയൻ കമ്മാണ്ടർ സാൽവേഷൻ ആർമി, മദ്രാസ്.

"നമ്മുടെ മിശിഹായുടെ ഒരു വലിയ സ്നേഹിതനായിരുന്ന അദ്ദേഹം രക്ഷകനെപ്പററി ജനങ്ങളെ പഠിപ്പിക്കുവാൻ വളരെയധികം ശ്രമിച്ചു.

നമ്മുടെ പക്കൽനിന്നും ഒരു മഹാമനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം ചെയ്തുപോന്ന ജോലികൾ തുടരുകയും ദൈവത്തെ മററാരെക്കാളും അധികം സ്നേഹിച്ച അദ്ദേഹത്തിൻെറ പാത പിന്തുടരുകയുമാണു് നമുക്കിപ്പോൾ ചെയ്യാനുള്ളതു്."

മദ്രാസ്സ് വിജിലൻസ് അസോസിയേഷൻ, അഭയനിലയം, മദ്രാസ്സ്.

സാമൂഹ്യക്ഷേമപ്രവൎത്തനരംഗത്തു് ഒരു വലിയ മനുഷ്യൻ നമുക്കു് ഇല്ലാതായിരിക്കുന്നു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യവും സഹകരണവും നമുക്കെന്നും പ്രചോദകകരമായിരുന്നു. ഒരു മഹാവ്യക്തിത്വം നമുക്കു നഷ്ടപ്പെട്ടു.

ശ്രീ കെ. സഞ്ജീവിനായിഡു

വിഭിന്നങ്ങളായ മാൎഗ്ഗങ്ങളിലൂടെ മനുഷ്യവൎഗ്ഗത്തെ സഹായിച്ചുകൊണ്ടു് അദ്ദേഹം ദൈവത്തെ സത്യമായി സേവിച്ചു. ഒരു വിദ്യാഭ്യാസപ്രവൎത്തകനെന്ന നിലയിൽ അദ്ദേഹം പുരോഗമനകാരിയും ക്രിയാത്മകപ്രവൃത്തികളിൽ വിശ്വസിക്കുന്ന

ആളും ആയിരുന്നു. അദ്ദേഹത്തിൻെറ മരണം നികത്താനാവാത്ത ഒരു നഷ്ടമാണു വരുത്തിവച്ചിരിക്കുന്നതു്.

ഷില്ലോങ്ങിലെ ഡോൺബോസ്കോ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ:—

ഞങ്ങളുടെ ആദ്യത്തെ ബിഷപ്പും റെക്ടറുമായിരുന്ന പ്രിയപ്പെട്ട ആർച്ചുബിഷപ്പുതിരുമേനിയുടെ മരണത്തെപ്പററി ഹൃദയവ്യഥയോടെ ഞങ്ങൾ കേട്ടു. അദ്ദേഹം ഇവിടെ സ്ഥാപിച്ച ഈ സ്ഥാപനം, അദ്ദേഹത്തിൻെറ വിശുദ്ധിയുടെ വാചാലമായ ഒരു സ്മാരകമായി എന്നും നിലനില്ക്കും. സർവ്വശക്തനായ ദൈവത്തോടു് അദ്ദേഹം ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുമെന്നു് ഞങ്ങൾക്കുറപ്പുണ്ടു്. ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കുക.

റവ. സുന്ദർ ക്ലാർക്കു്—ഇന്ത്യയിലെ പ്രോട്ടസ്റ്റൻറു സഭയുടെ ഐക്യതാ കൗൺസിൽ സെക്രട്ടറി.

കത്തോലിക്കാ സഭയിൽ ഉയർന്ന സ്ഥാനം അലങ്കരിച്ചിരുന്ന ഒരു മഹാവ്യക്തി മരണംമൂലം നഷ്ടപ്പെട്ടതിൽ നിങ്ങൾക്കുള്ള ദുഃഖത്തിൽ ഞങ്ങളുടെ പങ്കു് ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹം ഞങ്ങൾക്കു് വളരെ ഇഷ്ടപ്പെട്ട ഒരു വ്യക്തിയായിരുന്നു, അദ്ദേഹത്തിൻെറ വേർപാടു് ഞങ്ങൾക്കൊരു തീരാനഷ്ടമാണു്. എല്ലാ ക്രിസ്തീയവിഭാഗങ്ങളെയും ഒന്നിപ്പിക്കുന്നതിനു് വളരെ പണിയെടുത്തിട്ടുള്ള മഹാനായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ സ്നേഹാരൂപി നമ്മുടെയിടയിൽ മങ്ങാതെ കുടികൊള്ളട്ടെ.

ഡോക്ടർ എസ്. കൃഷ്ണമൂർത്തി — ഡയറക്ടർ
ഡോക്ടർ വി. ഷാന്താ — സെക്രട്ടറി.
ക്യാൻസർ ഇൻസ്റ്റിട്യൂട്ടു്. അടയാർ മദ്രാസു്.

വിവിധ ഉപവി സംഘടനകൾക്കു് അദ്ദേഹം എന്നും ഒരു താങ്ങും തണലുമായിരുന്നു; ഞങ്ങളുടെ ക്യാൻസർ ഇൻസ്റ്റിട്യൂട്ടിനു് ഒരു പ്രത്യേക വിധത്തിലും. അദ്ദേഹത്തിൻെറ അവസാന ദിവസങ്ങളിലെ പ്രവൃത്തികളിൽ ഒന്നു് ഞങ്ങളുടെ ക്യാൻസർ ഇൻസ്റ്റിട്യൂട്ടിൻെറ സർജിക്കൽ വാർഡിൻെറ ആശീർവ്വാദമായിരുന്നു. ഞങ്ങൾക്കു് വളരെയധികം ചാരിതാർത്ഥ്യം നല്കിയ ഒരു സംഭവമാണു് അതു്. തദവസരത്തിൽ അദ്ദേഹം പറഞ്ഞ ഒരു വാചകം ഞാൻ ഒരിക്കലും മറക്കുകയില്ല. "നിങ്ങൾ സ്രഷ്ടാവിൻെറ മുമ്പിൽ അന്തിമവിധിക്കു നിലകൊള്ളുമ്പോൾ, അവിടുന്നു് നിങ്ങളോടു ചോദിക്കുന്നതു്—എത്ര കെട്ടിടങ്ങൾ നിങ്ങൾ കെട്ടി ഉയർത്തി—എത്രമാത്രം നിങ്ങൾ

പ്രാർത്ഥിച്ചു—എന്നല്ല, പിന്നെയോ, എത്രമാത്രം ഉപവിപ്രവൃത്തികൾ ചെയ്തു എന്നാണ്."

മററു ബിഷപ്പുമാരിൽനിന്നു ലഭിച്ച അനേകം സന്ദേശങ്ങളുടെ കൂട്ടത്തിൽനിന്ന് മൂന്നെണ്ണം മാത്രം ഉദ്ധരിക്കട്ടെ.

മധുര മെത്രാപ്പോലീത്താ ഡോക്ടർ ലിയോനാർഡ് തിരുമേനി:—

"തിരുസഭയുടെ ആ വീരപുത്രന്റെ വിയോഗത്തിൽ ഞാൻ വിലപിക്കുന്നു. ശുഷ്കാന്തിയും ധൈര്യവുമുള്ള ഒരു വൈദികശ്രേഷ്ഠനും, പാവങ്ങൾക്ക് ഒരു ആത്മാർത്ഥസുഹൃത്തുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും, പ്രചോദകാത്മകമായ പിന്തുണയും അക്ഷീണമായ സേവനവും നമുക്കു നഷ്ടപ്പെട്ടിരിക്കുന്നു. ദേവാലയങ്ങളുടേയും സ്ഥാപനങ്ങളുടേയും കാര്യത്തിൽ മദ്രാസിനെ അദ്ദേഹം സമ്പന്നമാക്കി. ആ മദ്രാസ് ആ ദൈവപുത്രന്റെ നഷ്ടംകൊണ്ട്, പ്രയത്നശീലവും ദീർഘവീക്ഷണവുമുണ്ടായിരുന്ന ഒരു മഹാവ്യക്തിയുടെ വിയോഗംകൊണ്ട്, ഇതാ ദരിദ്രമായിരിക്കുന്നു."

പോണ്ടിച്ചേരിയുടെയും ക്കൂഡല്ലൂരിന്റെയും മെത്രാപ്പോലീത്താ അംബ്രോസ് തിരുമേനി:—

ഇൻഡ്യയിൽ സഭയ്ക്കുണ്ടായിരുന്ന പ്രകാശമാനമായ ദീപങ്ങളിലൊന്ന് പൊലിഞ്ഞുപോയിരിക്കുന്നു: പ്രഗത്ഭനും പ്രഭാവധനനുമായ ആ നേതാവിന്റെ മരണംകൊണ്ട് ഹൈരാർക്കി ദരിദ്രമായിത്തീർന്നിരിക്കുന്നു.

കൊട്ടാർബിഷപ്പായ റൈററ് റവ. റോച്ച് അഗ്നിസ്വാമി:—

'ധീരത, പ്രത്യാശ' എന്ന തന്റെ മുദ്രാവാക്യത്തിനനുസ്സരണമായി അദ്ദേഹം തന്റെ ജോലി അനന്യസാധാരണമായ പാടവത്തോടെ ചെയ്തുതീർത്തു. അതിരൂപതമാത്രമല്ല, തമിഴ് നാടിനും ഇൻഡ്യയ്ക്കാകെയും ഒരു വഴികാട്ടിയും പ്രേരകശക്തിയും നഷ്ടമായിരിക്കുന്നു.

അനുബന്ധം 5

സലേഷ്യൻ സഭയുടെ റെക്ടർ മേജർ വെ. റവ. ഫാദർ അലോഷ്യസ് റിച്ചേറി, തൻെറ മദ്രാസ് സന്ദർശനവേളയിൽ സലേഷ്യൻ സഭാംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടു സെൻറ് ഗബ്രിയേൽസ് സ്ഥാപനത്തിൽവച്ച് നടത്തിയ ഗുഡ്നൈററ് പ്രസംഗം. 1968 ഫെബ്രുവരി 27.

നിങ്ങൾക്കറിയാം ഒരു തീർത്ഥാടകനെപ്പോലെയായിരുന്നു ഇന്നു ഞാൻ. അല്പനേരമേ തങ്ങാൻ കഴിഞ്ഞുള്ളവെങ്കിലും ഞാനിന്ന് നമ്മുടെ ഹൗസുകൾ മിക്കതും സന്ദർശിച്ചു. നിങ്ങളുടെ പല സ്ഥാപനങ്ങളും ഞാൻ കണ്ടു: കൂട്ടത്തിൽ നിങ്ങളുടെ ചില മിഷൻ കേന്ദ്രങ്ങളും. നിങ്ങളുടെ പ്രവർത്തനഫലങ്ങൾ മുഴുവനും കാണാൻ എനിക്കു സാധിച്ചില്ലെങ്കിൽപോലും, ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. ബോംബെയിൽ വച്ച് ഞാൻ കണ്ടതും ഇവിടെ ഒരു ദിവസത്തെ ഓട്ടപ്രദക്ഷിണത്തിൽ എനിക്കു കാണാൻ ഭാഗ്യമുണ്ടായ കാര്യങ്ങളും വച്ചുകൊണ്ട്, എനിക്കു പറയാതെവയ്യ. ആദരണീയവും അഭിനന്ദനാർഹവുമായ ഈ വസ്തുതകളും സംഭവങ്ങളും സംതൃപ്തിയെന്നതിനെക്കാൾ ഉപരിയായ ഏതോ ഒരു വികാരത്താൽ എന്നെ നിറയ്ക്കുന്നു.

ഞാനാസ്ഥാപനങ്ങൾ പടുത്തുയർത്തിയവരെയും ആ സ്ഥാപനങ്ങളെത്തന്നെയും ആദരിച്ചുപോകുന്നു. ഈ ക്ലേശകരമായ വർഷങ്ങളിൽ നമ്മെ വേർപെട്ടുപോയവരെയും ഞാൻ ഇവിടെ ഓർക്കുകയാണ്. അരങ്ങിനു പിന്നിൽ പ്രവർത്തിച്ച കരങ്ങളെയും ഞാനിവിടെ സ്മരിക്കുന്നു. വൃദ്ധരും മധ്യവയസ്കരും ചെറുപ്പക്കാരും ദൂരെദൂരെ നിന്നു വന്നെത്തിയവരാകട്ടെ, ഈ അനുഗ്രഹീതമായ ഭാരതമണ്ണിൽ പിറന്നവരാകട്ടെ, അവരൊക്കെ നിത്യസ്മരണയർഹിക്കുന്നു. ഞാനാവർത്തിക്കുകയാണ്, ഞാനതെല്ലാം സന്തോഷത്തോടെ കണ്ടു. എൻെറ മനസ്സിൽ അഭിനന്ദനത്തിൻെറ സാന്ദ്രചിന്തകൾ മൊട്ടിട്ടു. സലേഷ്യൻസഭ കാരണമായി, ഇത്രമാത്രം നന്മ നമുക്കു നല്കിയനുഗ്രഹിച്ച ദൈവത്തിന് നമുക്കു കൃതജ്ഞതപറയാം. ഇൻഡ്യക്കുമുഴുവനും അവർ തിരുസഭയുടെ ഗുണങ്ങൾ വിളമ്പിക്കൊടുത്തിരിക്കുന്നു. ഞാൻ കല്കത്തയും ആസ്സാമും ഇതുവരെ സന്ദർശിച്ചില്ല എന്നുകൂടി സാന്ദർഭികമായി പറയട്ടെ.

ഓ, ഞാൻ ഒരുകാര്യം വിട്ടു. ഞാൻ മദ്രാസിനെ സമീപിച്ചുകൊണ്ടിരിക്കുമ്പോൾ എനിക്കൊരു തോന്നലുണ്ടായി. ഒരു രൂപം എന്റെകൂടെ സഞ്ചരിക്കുന്നുവെന്ന്. എനിക്കു വ്യവച്ഛേദിച്ചു പറയാൻ നിവൃത്തിയില്ലാത്ത ഒരു രൂപം. ഹൃദയത്തിൽനിന്നോ എന്റെ മനസ്സിൽനിന്നോ എന്റെ സലേഷ്യൻ നിറംപുരണ്ട ചിന്തകളിൽനിന്നോ മാറ്റാനാവാത്ത ഒരു അപൂർവ്വരൂപം. ഞാനാരെയാണുദ്ദേശിക്കുന്നതെന്ന് നിങ്ങൾക്കിപ്പോൾ മനസ്സിലായിരിക്കും. എന്നെ അനുയാത്ര ചെയ്യുകയും ഈ ദിവസങ്ങളിലും ഇനിവരുന്ന ദിവസങ്ങളിലും എന്നോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യുന്ന ആ രൂപം, അവിസ്മരണീയനായ ആ പുരോഹിതനുണ്ടല്ലോ, നമ്മുടെ ആർച്ചുബിഷപ്പ് മത്തിയാസ് എന്ന ആ സലേഷ്യൻ, അദ്ദേഹത്തിന്റെ അനുപമമായ വ്യക്തിത്വമല്ലാതെ മററൊന്നുമല്ല. നമുക്കൊരിക്കലും മറക്കാനാവാത്ത ഒരാളാണദ്ദേഹം. എന്തുകൊണ്ടെന്നാൽ, കാലത്തിന്റെ തിരതല്ലലേററ് വിസ്മൃതരായിപ്പോകുന്ന അനേകങ്ങളെപ്പോലെ അദ്ദേഹം ഒരിക്കലും നിശ്ചലനല്ല. അദ്ദേഹം എന്നും വളർന്നുകൊണ്ടിരിക്കുന്നു. ചരിത്രം ഉരുത്തിരിയുംപോലെ, ശക്തിപ്രാപിക്കുകയും സമ്പന്നനാവുകയും ചെയ്തുകൊണ്ടിരിക്കുന്ന അദ്ദേഹം. സലേഷ്യൻസഭ അദ്ദേഹത്തോട് വളരെയേറെ കടപ്പെട്ടിരിക്കുന്നു. സലേഷ്യൻസഭയുടെ ഇൻഡ്യയിലെ പ്രവർത്തനങ്ങൾ പോരാ, ഭാരതത്തിലെ ക്രിസ്തീയ സഭ തന്നെയും മോൺസിഞ്ഞോർ മത്തിയാസിനോടു കടപ്പെട്ടിരിക്കുന്നു എന്നു നമുക്കു പറയാം. മഹാനായ ഈ സഹപ്രവർത്തകനെ ഉചിതമായ രീതിയിൽ ശ്ലാഘിച്ചു പ്രസംഗിക്കുവാൻ എനിക്കൊരുപക്ഷെ സാധിക്കുന്നില്ല എന്നു ഞാൻ ഭയപ്പെടുന്നു. പക്ഷെ ഇൻഡ്യയിലെ, പ്രത്യേകിച്ച് ഈ നഗരത്തിലെ എന്റെ സഹപ്രവർത്തകരുടെ മുമ്പിൽ ആ മഹാവ്യക്തിത്വത്തെ ഞാനൊന്നു പരിചയപ്പെടുത്തട്ടെ.

ബിഷപ്പായും പിന്നീട് ആർച്ചു ബിഷപ്പായും അവരോധിക്കപ്പെട്ട മോൺസിഞ്ഞോർ മത്തിയാസ് അസാധാരണമായ ഒരു വ്യക്തിത്വത്തിനു ഉടമയായിരുന്നു. ഇൻഡ്യയിൽ മാത്രമല്ല, ചില പ്രത്യേക കാര്യങ്ങളിൽ അദ്ദേഹം ലോകമൊട്ടാകെയും അറിയപ്പെട്ടിരുന്നു. എന്നിരിക്കിലും അദ്ദേഹം സഭയുടെ അനുസരണയുള്ള ഒരംഗമായിരുന്നു. നമ്മുടെ സഭയുമായി അഭേദ്യമായ വിധത്തിൽ അദ്ദേഹം ബന്ധപ്പെട്ടുമിരുന്നു. സഭയോടുള്ള വിധേയത്വം അദ്ദേഹം ഒരായിരം പ്രാവശ്യം തെളിയിച്ചു. ഒരിക്കലും ഒരു അപശബ്ദം മുഴക്കാതെ എല്ലാം അനുസരിക്കുന്ന ഒരുവനായിരുന്നു അദ്ദേഹം. ഇനി വിവരിക്കാൻ പോകുന്ന ഒരു പ്രത്യേക സംഭവത്തെപ്പററി ഞാൻ ഒരുപക്ഷെ നിങ്ങളോടു പറഞ്ഞിരിക്കും. സുപ്പീരിയർ കൗൺസിലിലെ മററംഗങ്ങളുമൊന്നിച്ച് അദ്ദേഹം ഭക്ഷണത്തിനിരിക്കുമ്പോൾ

ഭക്ഷ്യപദാത്ഥങ്ങളെ അദ്ദേഹത്തെക്കൊണ്ടു് ആശീർവദിപ്പിക്കു വാൻ ഞങ്ങരം ശ്രമിച്ചിട്ടും സാധിച്ചിരുന്നില്ല – അദ്ദേഹം ഞങ്ങളുടെ അതിഥിയായിരുന്നിട്ടുകൂടി. എപ്പോഴും സ്വീകാര്യനായ അതിഥി. പ്രഭാപൂർണ്ണമായ വ്യക്തിത്വമുള്ള അതിഥി അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു് ഇങ്ങിനെ പറയും. "ഇതാ പിതാവു് ഇവിടുണ്ടു് (റെക്ടർ മേജറച്ചൻ). പിതാവിൻെറ സാന്നിദ്ധ്യത്തിൽ ഒരു സലേഷ്യൻകാരനും സ്ഥാനമഹിമയോ വലുപ്പ ചെറുപ്പമോ ഇല്ല. അദ്ദേഹത്തിൻെറ സമീപത്തു് നാമെല്ലാം മക്കരംതന്നെ." തിരുമേനിയുടെ വീക്ഷണഗതി ഏതു സമയത്തും ഏതു് അവസരത്തിലും ഇതുതന്നെയായിരുന്നു – മാനുഷികബന്ധങ്ങളാവട്ടെ, ബിസിനസ്സു് സംബന്ധിയാകട്ടെ ആ പിതൃപുത്രമനോഭാവം അദ്ദേഹത്തിൽനിന്നൊഴിഞ്ഞിരുന്നില്ല. അദ്ദേഹം എല്ലായ്പ്പോഴും സ്നേഹവാനായ ഒരു പുത്രനായിരുന്നു. സലേഷ്യൻ സഭയോടെന്നും വിധേയത്വമുള്ളവനുമായിരുന്നു. അതുമാത്രമല്ല സലേഷ്യൻ സഭയുടെ സന്തോഷകാലത്തും സന്താപകാലത്തും അതിൻെറ ജീവനോടും ചരിത്രത്തോടും അതിൻെറ നാനാമുഖമായ പ്രശ്നങ്ങളോടും അദ്ദേഹം എപ്പോഴും ബന്ധപ്പെട്ടിരുന്നു. അതു് അദ്ദേഹത്തിൻെറ താല്പര്യങ്ങളുടെ കേന്ദ്രബിന്ദുവായിരുന്നു. എത്ര മനോഹരമായ ജീവിതരീതിയാണതു്. പക്ഷെ ഇതിനൊക്കെയും ഇടയിൽ സ്വന്തം വ്യക്തിത്വം, ആ മഹാത്മ്യം, മെത്രാപ്പോലീത്തായുടെ സ്ഥാനം ഇവയൊന്നും മങ്ങിപ്പോകുവാൻ അദ്ദേഹം അനുവദിച്ചില്ല. ഒന്നാന്തരമൊരു മാൎഗ്ഗദർശകനായിരുന്നു മത്തിയാസ് തിരുമേനി. സഭാപിതാക്കന്മാരുടെ സമൂഹത്തിൽ അദ്ദേഹത്തിൻെറ വാക്കുകരം ശ്രദ്ധിക്കപ്പെട്ടിരുന്നു. അദ്ദേഹം ഭാരതത്തിനു പുറത്തുപോലും ആദരിക്കപ്പെടുകയും ചെയ്തിരുന്നു.

ഈ മനോഹരമായ മദ്രാസു് പ്രോവിൻസിലെ എൻെറ പ്രിയപ്പെട്ട സലേഷ്യൻസിനോടു് ഒരു കാര്യം ഞാൻ പറയട്ടെ. ഇവിടെ സന്നിഹിതരായിരിക്കുന്ന മററുള്ളവരോടുംകൂടിയാണു് ഞാനിതു പറയുന്നതു്. നമുക്കു ലഭിക്കാൻ ഭാഗ്യമുണ്ടായ അനഘനായ ഈ മഹാസലേഷ്യൻസഭാപിതാവിൻെറ ജീവിതമാതൃക നാമൊരിക്കലും അവഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്യാതിരിക്കട്ടെ. കേന്ദ്രത്തിൽനിന്നു് ആയിരമായിരം കിലോമീററുകരം ദൂരെയാണു് നാമെങ്കിൽപോലും, നമ്മുടെ സ്നേഹത്തിൻെറയും പരസ്പരബഹുമാനത്തിൻെറയും ആ ചരടുകരം ഒരിക്കലും അയഞ്ഞുപോകാൻ ഇടവരുത്തരുതു്. നമുക്കു് നമ്മുടെ സലേഷ്യൻസഭാകേന്ദ്രത്തോടു് വിധേയത്വമുള്ളവരായിരിക്കുക. നമ്മുടെ അധികാരി എന്തു പേരിലാണു് അറിയപ്പെടുന്നതെന്നതു് ഒരു വലിയ കാര്യമൊന്നുമല്ല. കൊടി വഹിക്കുന്ന ആളല്ല പ്രധാനം. കൊടിയും അതിൻെറ രൂപവുമാണു്. ഞാൻ ഉദ്ദേശിക്കുന്നതു നിങ്ങരംക്കു മനസ്സിലാവുന്നുണ്ടു് എന്നു

ഞാൻ വിശ്വസിക്കുന്നു. ഞാൻ പറയുന്നതിതാണ്. ആ മഹാനായ സലേഷ്യന്റെ ജീവിതമാതൃക നാം മറക്കാതിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും, മിഷൻകേന്ദ്രത്തിലോ ഇടവകയിലോ ഒരു യുവജനകേന്ദ്രത്തിലോ എവിടെ ആയാലും, എല്ലായ്പോഴും നമ്മുടെ സലേഷ്യൻ സഭാകേന്ദ്രത്തിലേക്കു നോക്കുക. രണ്ടാംവത്തിക്കാൻ സൂനഹദോസ് ഇക്കാര്യം തറപ്പിച്ചു പറഞ്ഞിരിക്കുന്നു എന്ന വസ്തുതകൂടി സ്മരിക്കുക. സന്യാസികൾ തങ്ങളുടെ സഭയുടെ കേന്ദ്രത്തെ ഒരു മാതാവിനെ എന്നപോലെ നോക്കിക്കൊണ്ടിരിക്കണം. നമുക്ക് ഉറവകളിലേക്കു നോക്കാം. നമ്മുടെ കേന്ദ്രം ഒരു ഉറവയാണ്. മന:ചേഷ്ടകൂടാതെ നമ്മുടെ ദൃഷ്ടികൾ അവിടേയ്ക്കു പായട്ടെ. മന:ചേഷ്ടക്കിവിടെ യാതൊരു സ്ഥാനവുമില്ലെന്നല്ല ഞാൻ പറയുന്നത്. ആ കേന്ദ്രം സലേഷ്യൻ സഭയുടെ മുഴുവനും ജീവനാകുന്നു. കേന്ദ്രത്തിന്റെ നടപടികളിൽ കൂടുതൽ താല്പര്യം കൈക്കൊണ്ടുകൊണ്ടാണ് നാം അവിടേക്കു നോക്കേണ്ടതു്. സുപ്പീരിയർ കൗൺസിലിന്റെ നടപടികൾ, സർക്കുലറുകൾ, പ്രസിദ്ധീകരണങ്ങൾ, സമ്മേളനങ്ങൾ, നിർദ്ദേശങ്ങൾ, ഉപദേശങ്ങൾ, ഇവയിലൊക്കെ താല്പര്യം വളർത്തിക്കൊണ്ടുവരികയാണു നാം ചെയ്യേണ്ടതു്. ഇവയൊക്കെയും അനന്തമായ ഒരു ദാനത്തിന്റെ ഭാഗമാകുന്നു – ഉപകാരങ്ങളുടെ വർഷധാരപോലെ – സഭയെ ഏകകാലത്തു് ഐക്യപ്പെടുത്തുവാനും ചലനാത്മകമാക്കുവാനും അതിനു കഴിയുന്നു.

നിങ്ങൾക്കീരാത്രിയിൽ നമ്മുടെ മഹാനായ പ്രിയപ്പെട്ട ആർച്ചുബിഷപ്പിൽനിന്നു് ഓർമ്മക്കായി നൽകുവാൻ എനിക്കുള്ളതു് ഇതാണ്. ഇതു് റെക്ടർ മേജർ നിങ്ങൾക്കു തരികയല്ല, നിങ്ങൾക്കായി സമർപ്പിക്കുകയാണ്. ഈ ദിവസങ്ങളിലെ ദിവ്യബലികളിൽ ഞാനദ്ദേഹത്തെ പ്രത്യേകം സ്മരിക്കുന്നതായിരിക്കും. മദ്രാസിലുള്ള നിങ്ങൾക്ക്, ഇൻഡ്യയിലുള്ള സലേഷ്യൻസമൂഹത്തിന്, സഭയ്ക്കൊട്ടാകെ, അദ്ദേഹം ചെയ്ത നന്മകൾക്കു ഞാൻ അദ്ദേഹത്തിനു കൃതജ്ഞതയർപ്പിക്കും.

ഗുഡ്നൈററ്!

അനുബന്ധം 6

# ആർച്ചുബിഷപ്പ് മത്തിയാസിൻെറ രജതജൂബിലിആഘോഷങ്ങൾ

ഫ്രഞ്ചുരാജാവായിരുന്ന വിശുദ്ധ ലൂയിസിൻെറ തിരുനാൾ തുടങ്ങിയതു മുതൽ നാലുദിവസങ്ങൾ 1960 ഓഗസ്റ്റ് 25-ാം തീയതി മദ്രാസ് മൈലാപ്പൂർ അതിരൂപതയിലെ 85000 ത്തോളം വരുന്ന കത്തോലിക്കർക്ക് സന്തോഷത്തിൻെറയും ഹൃദയം തുളുമ്പുന്ന കൃതജ്ഞതയുടെയും ദിവസങ്ങളായിരുന്നു. അന്നവർ തങ്ങളുടെ പ്രിയങ്കരനായ മെത്രാപ്പോലീത്തായുടെ രണ്ടു ജൂബിലികളാണ് ആഘോഷിച്ചത്. അദ്ദേഹം ഷില്ലോങ്ങിലെ മെത്രാനായി വാഴിക്കപ്പെട്ടതിൻെറ 25-ാം വാർഷികം (1935 നവംബർ 10), അതിരൂപതയുടെ 25-ാം വർഷം (1960 ജൂലൈ20) ഇവയായിരുന്നു അത്. തിരുമേനിയുടെ 73-ാമത്തെ ജന്മദിനവുമായിരുന്നു 1960 ജൂലൈ 20.

സഹായമെത്രാനായിരുന്ന ഡോക്ടർ എഫ്. കാർവാലോയുടെ നേതൃത്വത്തിലും ഉത്സാഹത്തിലും ആഘോഷങ്ങൾക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ ഒരു വർഷത്തിനുമുമ്പേ തുടങ്ങിയിരുന്നു. പ്രധാനദിവസങ്ങൾ ശനിയും ഞായറുമായിരുന്നു. എസ്. ഐ. ഏ. ഏ. ഗ്രൗണ്ടിൽ പൊതുസ്വീകരണവും നന്ദിപ്രകടനശുശ്രൂഷകളും ആ ദിവസങ്ങളിലായിരുന്നു. പന്ത്രണ്ടു ബിഷപ്പന്മാർക്കുവേണ്ടി വിശാലമായ ഒരു പവിലിയൻ ഉയർത്തപ്പെട്ടിരുന്നു. പിന്നിലെ ചെമപ്പും വെള്ളിയും തിളങ്ങുന്ന തിരശ്ശീലയിൽ ദിവ്യബലിയുടെ പ്രതിരൂപാത്മകമായ ചിത്രം ആലേഖനം ചെയ്യപ്പെട്ടിരുന്നു. ഒരു പിടി മുന്തിരിക്കുലകൾ പിന്നെ മെത്രാപ്പോലീത്താ തിരുമേനിയുടെ ഔദ്യോഗികമുദ്രയും.

ആഗസ്റ്റ് 22-ലെ ആഘോഷങ്ങൾക്കു മുമ്പ്, അതിരൂപതയിലെ പുരോഹിതന്മാർ തങ്ങളുടെ പിതാവും ഇടയനുമായ തിരുമേനിയെ സന്ദർശിച്ച് ആദരവുകൾ അർപ്പിക്കുകയുണ്ടായി. അവർ അദ്ദേഹത്തിന് കൃതജ്ഞത രേഖപ്പെടുത്തുകയും ബഹുമാനാർത്ഥം ഒരു വിരുന്നു നൽകുകയും ചെയ്തു. കലാപരിപാടികളും ഉണ്ടായിരുന്നു. കഴിഞ്ഞകാലത്തേതുപോലെ ഹൃദയപൂർവ്വമായ സഹകരണം തുടർന്നും തനിക്കു ലഭിക്കുമെന്ന് തിരുമേനി ആ അവസരത്തിൽ തൻെറ സഹപ്രവർത്തകരോട് പ്രത്യാശ പ്രകടിപ്പിച്ചു. തൊഴിലാളികൾക്കുവേണ്ടിയുള്ള

സംഘടനകളിൽ സജീവതാല്പര്യം എടുക്കുവാനും താന്താങ്ങളുടെ ഭരണസീമയിൽപ്പെട്ട സ്ഥലത്തെ പാവങ്ങൾക്കും അശരണക്കും തൊഴിലാളിവർഗ്ഗത്തിനുംവേണ്ടി പ്രയത്നിക്കുവാനും തിരുമേനി വൈദികരെ ഉൽബോധിപ്പിച്ചു.

ചെറുപ്പക്കാരോടു പ്രത്യേകമായ സ്നേഹം തിരുമേനിക്കെന്നും ഉണ്ടായിരുന്നു. അവരിൽ ഭാവിയുടെ പ്രത്യാശ തിരുമേനി ദർശിച്ചിരുന്നു. അതുകൊണ്ടാവണം ആഘോഷങ്ങളുടെ ആദ്യത്തെ രണ്ടു ദിവസങ്ങൾ കുട്ടികൾക്കുവേണ്ടിയായിരുന്നു. തിരുമേനിയുടെ നാമഹേതുകതിരുനാളിൽ മദ്രാസൊട്ടാകെയുള്ള ഇടവകപ്പള്ളികളിൽ ആയിരക്കണക്കിനു കുട്ടികൾ വിശുദ്ധ കർമ്മങ്ങളിൽ പങ്കുകൊള്ളാൻ എത്തുകയുണ്ടായി. ചടങ്ങുകൾക്കു ശേഷം അവർക്ക് മധുരപലഹാരങ്ങൾ നല്കപ്പെട്ടു. സാൻതോമിൽ നാല് ഇടവകയിലെ രണ്ടായിരത്തോളം വരുന്ന ബാലകർ ഒരുമിച്ചുകൂടി. അവരായിരുന്നു ജപമാലരാജ്ഞിയുടെ നാമത്തിലുള്ള അവിടത്തെ സ്കൂൾ ഗ്രൗണ്ടിൽവച്ച് തിരുമേനി സമർപ്പിച്ച ദിവ്യബലിക്കു ശുശ്രൂഷകർ. ഗീതങ്ങൾ ഇംഗ്ലീഷിലും തമിഴിലും ആലപിക്കപ്പെട്ടിരുന്ന ആ ബലിസമർപ്പണവേളയിൽ മോൺ. അരുളപ്പായായിരുന്നു കമൻറി നല്കിക്കൊണ്ടിരുന്നതു്. ബ്ളാൻഷി രാജ്ഞി ലൂയിസ് രാജകുമാരനോട് എപ്പോഴും പറയാറുണ്ടായിരുന്ന ആ ഉപദേശശകലം തിരുമേനി കുട്ടികളെ അനുസ്മരിപ്പിച്ചു. "എൻെറ മകനേ, നീ ചാവുദോഷത്തിൽ ഒരിക്കലെങ്കിലും വീണു് ദൈവത്തെ ദ്രോഹിക്കുന്നതിനെക്കാൾ എൻെറ കാൽക്കൽ നീ മരിച്ചു കിടക്കുന്നതു കാണാനാണെനിക്കിഷ്ടം" ആ വാക്കുകളായിരുന്നു ഫ്രാൻസിലെ ലൂയി ഒൻപതാമനെ ഒരു വിശുദ്ധനാക്കിയതു്. ഉച്ചകഴിഞ്ഞു് ആ രണ്ടായിരം ബാലകർക്കായി നടത്തപ്പെട്ട സമൃദ്ധമായ വിരുന്നിൽ തിരുമേനി സന്നിഹിതനാവുകയും ഭക്ഷണപദാർത്ഥങ്ങളെ ആശീർവദിക്കുകയും ചെയ്തു.

വെള്ളിയാഴ്ച എണ്ണൂറിൽപരം തിരുബാലസംഖ്യാംഗങ്ങൾ ശുഭ്രവസ്ത്രങ്ങളിൽ നീലയോ ചെമപ്പോ കുരിശുമുദ്രകളുമണിഞ്ഞു് സാൻതോം കത്തീഡ്രലിൽ സമ്മേളിച്ചു. സഹായമെത്രാൻ, വൈദികർ, സെമിനാരിവാസികൾ ഇവർ സഹായികളായി മെത്രാപ്പോലീത്താതിരുമേനിയുടെ കുർബ്ബാന സമർപ്പണം അവിടെ നടന്നു. കുർബാനയ്ക്കുശേഷം പള്ളിമുററത്തെ ഗ്രോട്ടോയുടെ മുന്നിൽ തടിച്ചുകൂടിയ കുട്ടികളോട് തിരുമേനി പ്രസംഗിക്കുകയുണ്ടായി. രക്തസാക്ഷികളുടെ മുദ്രാവാക്യമായിരുന്ന അദ്ദേഹം ഊന്നിപ്പറഞ്ഞ പ്രധാനവിഷയം; പ്രാർത്ഥന, ബലി, അനുസരണ, പ്രേഷിതചൈതന്യം എന്നിവ ആധുനിക ലോകത്തിലെ ചെറുപ്പക്കാർ തങ്ങളുടെ ആദർശവചനങ്ങളായി സ്വീകരിച്ചിരുന്നെങ്കിൽ എന്നദ്ദേഹം ആശ പ്രകടിപ്പിക്കുകയുണ്ടായി.

പ്രസംഗത്തിനുശേഷം വിവിധ യൂണിററുകളുടെ പ്രതിനിധികൾ തിരുമേനിയെ സമീപിച്ച് സുകൃതമഞ്ജരികൾ സമർപ്പിച്ചു.

ആ മൈതാനം ശനിയാഴ്ച സന്ധ്യക്ക് വർണ്ണോജ്ജ്വലമായ ഒരു ചടങ്ങിനു സാക്ഷ്യം വഹിച്ചു. പൊതുജനങ്ങളുടെ വകയായ സ്വീകരണദിനമായിരുന്നു അന്ന്. 5.30–ന് 25 മോട്ടോർസൈക്കിളുകൾ അടങ്ങിയ ഒരു പൈലററു സംഘത്തിനു പിന്നിൽ പത്തു സഭാപിതാക്കന്മാരുടെ വാഹനങ്ങൾ മദ്രാസ് തെരുവീഥിയിലൂടെ മുന്നോട്ടു നീങ്ങി. അതിനുംപിന്നിൽ ജൂബിലിയേറിയനും സഹായമെത്രാനും സഞ്ചരിച്ചിരുന്നു. പേപ്പൽ അംഗരക്ഷകർ, അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീമതി ലൂർദ്ദമ്മാൾ, മററു പ്രശസ്തരായ അതിഥികൾ എന്നിവർ ചെന്ന് പിതാക്കന്മാരെ സ്വീകരിച്ചു.

കാർവാലോ തിരുമേനി ചെയ്ത സ്വാഗതപ്രസംഗത്തിൽ പരിശുദ്ധ സിംഹാസനത്തിൻെറ സഹായസംഘത്തിലേക്ക് മോൺ. മത്തിയാസ് മെത്രാപ്പോലീത്ത തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന എന്ന വസ്തുതകൂടി വെളിപ്പെടുത്തുകയുണ്ടായി. ജൂബിലിയേറിയന് ആയുരാരോഗ്യങ്ങൾ നേർന്നുകൊണ്ട് മദ്രാസ് ഗവർണ്ണർ അയച്ച സന്ദേശവും തിരുമേനി വായിച്ചു.

ഇംഗ്ലീഷിൽ മിസ്റ്റർ രത്നസ്വാമി, കെ. സി. എസ്. ജി., ചെയ്ത പ്രസംഗത്തിൽ മോൺ. മത്തിയാസ് സാമൂഹ്യസേവനരംഗത്തു നൽകിയ നേതൃത്വത്തെ പ്രശംസിക്കുകയുണ്ടായി. മതഭേദമില്ലാതെ പൊതുനന്മയ്ക്കുവേണ്ടി തിരുമേനി ചെയ്തുവന്ന പ്രവർത്തനങ്ങളെ മററു പ്രസംഗകരും പുകഴ്ത്തി.

പാവപ്പെട്ട കത്തോലിക്കാവിദ്യാർത്ഥികളുടെ പഠനങ്ങൾക്കു സഹായം നൽകുവാനായി മെത്രാപ്പോലീത്താ തിരുമേനി ആരംഭിച്ച ഒരു ഫണ്ടിലേക്ക് അദ്ദേഹത്തിൻെറ ആരാധകരും സുഹൃത്തുക്കളും നൽകിയ ഒരു ലക്ഷം രൂപായുടെ ഒരുപണക്കിഴി സമ്മേളനത്തിൽവച്ച് തിരുമേനിക്കു സമർപ്പിക്കപ്പെട്ടു. പണക്കിഴിക്കു കൃതജ്ഞത പറഞ്ഞുകൊണ്ട് പാവപ്പെട്ട കുട്ടികൾക്കു വേണ്ടി ഇനി ഒരു ലക്ഷംകൂടി വേണ്ടിവരും എന്നു തിരുമേനി പറയുകയുണ്ടായി.

സാമൂഹ്യ, വിദ്യാഭ്യാസ, സാഹിത്യ, സാങ്കേതികരംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച തിരുമേനിയെ, പിന്നീടു പ്രസംഗിച്ച ഡോക്ടർ ലക്ഷ്മണസ്വാമി മുതലിയാർ പ്രശംസിക്കുകയുണ്ടായി. മുതലിയാർ അന്ന് മദ്രാസ് യൂണിവേഴ്സിററിയുടെ വൈസ് ചാൻസലർ ആയിരുന്നു. തിരുമേനി പാവങ്ങൾക്കും അന്ധരും ബധിരരുമായ ഹതഭാഗ്യർക്കും

വേണ്ടി നടത്തുന്ന വിലപ്പെട്ട സേവനങ്ങളെ വൈസ്ചാൻസലർ ഹൃദയപൂർവ്വം അനുമോദിച്ചു. അദ്ദേഹത്തിൻെറ സേവനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉപകാരപ്രദമാണെന്നു് പ്രസംഗകൻ അനുസ്മരിക്കുകയുണ്ടായി. പ്രസംഗകനായി നിശ്ചയിച്ചിരുന്ന മിസ്റ്റർ ബഹീദ് അഹമ്മദ് സയ്ദിനു പകരം ശ്രീമതി ഫാത്തിമാ അക്തർ സമ്മേളനത്തെ അഭിസംബോധനചെയ്തു സംസാരിച്ചു. തങ്ങൾക്കു് കഴിഞ്ഞ പതിനഞ്ചുകൊല്ലമായി മത്തിയാസ് തിരുമേനിയെ നന്നായി അറിയാമെന്നും ദൈവത്തിൻെറ ഈ ദാസൻെറ ജീവിതം തങ്ങളുടെ വീക്ഷണഗതിയിൽ സാരമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും ശ്രീമതി അക്തർ പറഞ്ഞു. ആത്മീകവും സാമ്പത്തികവുമായ ശക്തിയുടെ ഒരു നല്ല ഉദാഹരണമാണു് തിരുമേനിയെന്നു് അവർ പറഞ്ഞു.

ചർച്ച് ഓഫ് സൗത്ത് ഇൻഡ്യയുടെ മദ്രാസ്ബിഷപ്പായിരുന്ന ഡോക്ടർ ഡേവിഡ് ചെല്ലപ്പാ, ആർച്ചുബിഷപ്പ് മത്തിയാസ് വെറുമൊരു മെത്രാപ്പോലീത്താ അല്ല എന്നു പറകയുണ്ടായി. 'ഈ ഇരുപത്തഞ്ചുവർഷക്കാലം നമ്മോടൊപ്പം ഉണ്ടായിരുന്ന ഈ ധർമ്മരാജാവിനെ ഇല്ലായിരുന്നെങ്കിൽ നാം ദരിദ്രരാവുമായിരുന്നു' എന്നദ്ദേഹം പറഞ്ഞു. അദ്ദേഹം ഇങ്ങനെ കൂട്ടിച്ചേർത്തു: "ഇൻഡ്യയുടെ ഭൂപടത്തിൽ കത്തോലിക്കാസഭയെ പ്രതിഷ്ഠിച്ചതു് ആർച്ചുബിഷപ്പ് മത്തിയാസാണു്. മററുള്ളവർ സാമൂഹ്യപ്രവർത്തനങ്ങളെപ്പററി പറഞ്ഞപ്പോൾ അദ്ദേഹം അതു ചെയ്തുകാണിച്ചു".

വെല്ലൂർ രൂപതവകയായി ഒരു മംഗളപത്രം തിരുമേനിക്കു സമർപ്പിക്കപ്പെട്ടു. വെല്ലൂർ മദ്രാസ്രൂപതയുടെ ഭാഗമായിരുന്ന കാലത്തു് തിരുമേനി ചെയ്ത ഉപകാരങ്ങൾക്കു് ആ മംഗളപത്രത്തിൽ പ്രത്യേകമായ നന്ദി രേഖപ്പെടുത്തിയിരുന്നു.

തിരുമേനി കൃതജ്ഞതാ പ്രസംഗം ആരംഭിച്ചതു് വേദപുസ്തകത്തിലെ ഒരു വാചകം ഉദ്ധരിച്ചുകൊണ്ടാണു്. "എനിക്കല്ല കർത്താവേ, എനിക്കല്ല, നിൻെറ തിരുനാമത്തിനു് മഹത്വമുണ്ടാകട്ടെ". ഓരോരുത്തർക്കും പ്രത്യേകമായും തൻെറ സഹായമെത്രാനും നന്ദി പ്രകാശിപ്പിച്ചുകൊണ്ടു് തിരുമേനി പറഞ്ഞു: ഞാനിത്തരം ആഘോഷങ്ങളെ സ്വാഗതം ചെയ്യുകയാണു്. കാരണം ഇത്തരം സമ്മേളനങ്ങളിലൂടെ എനിക്കെൻെറ ജനങ്ങളെയും പുരോഹിതരേയും ഒരുമിച്ചു കാണാൻ സാധിക്കുമല്ലോ. നാം സ്വർണ്ണച്ചങ്ങലകളാൽ പരസ്പരം ബന്ധിക്കപ്പെടട്ടെ. പരസ്പരം അടുത്തറിയാൻ ഈ ഒരുമിച്ചുചേരൽ നമ്മെ സഹായിക്കും.

ജൂബിലിക്കു് വിജയം നേർന്നുകൊണ്ടു് 23-ാം ജോൺ മാർപ്പാപ്പാ അയച്ച ആശംസാസന്ദേശത്തിൽ ഇങ്ങനെ പറയുന്നു:

''എൻെറ ബഹുമാന്യനായ സഹോദരൻ, മദ്രാസ് മൈലാപ്പൂർ ആർച്ചുബിഷപ്പായ ലൂയിസ് മത്തിയാസിനു് ആരോഗ്യവും ശ്ലൈഹികമായ ആശീർവാദവും.''

പ്രിയ സഹോദരാ, താങ്കൾക്ക് സഭാഭരണ കർത്തൃത്വം ഭരമേല്പിക്കപ്പെട്ടിട്ട് ഇരുപത്തഞ്ചു വത്സരങ്ങളായി എന്നറിയുന്നതിൽ ഞാൻ ഹൃദയപൂർവ്വം സന്തോഷിക്കുന്നു.

നമ്മുടെ അജഗണങ്ങളുടെ സന്തോഷത്തിൽ നാം പങ്കുചേരുന്നതോടൊപ്പംതന്നെ നമ്മുടെ വൈദികരുടേയും ആനന്ദത്തിൽ നാം ഭാഗഭാക്കാകട്ടെ.

ഈ അവിസ്മരണീയമായ വാർഷികാഘോഷത്തിൻെറ അവസരത്തിൽ എൻെറ കൃതജ്ഞതയും ആശംസകളും അറിയിക്കുവാൻ എനിക്കു വാക്കുകൾ കിട്ടുന്നില്ല. പ്രത്യേകിച്ച് ആഹ്ലാദഭരിതരായ താങ്കളുടെ മക്കളുടെ നടുവിൽ ദൈവത്തിനു സ്വയം സമർപ്പിക്കുവാനും നന്ദി പറയുവാനും താങ്കൾ തയാറെടുക്കുന്ന ഈ സന്ദർഭത്തിൽ കഴിഞ്ഞുപോയ ആ വർഷങ്ങളെക്കുറിച്ചാലോചിക്കുമ്പോൾ താങ്കളുടെ മനസ്സിൽ വളരെയേറെ സംഭവങ്ങൾ കടന്നുവരുന്നുണ്ടാവും. അവയെപ്പററി ഓക്കുമ്പോൾ കർത്താവിൻെറ അനന്തനന്മസ്സായി നന്ദിപുരണ്ട സ്മരണകളും ഹൃദയത്തിൽ ഉണരുന്നുണ്ടാവും. ''ഏററവും നല്ലതും ഏററവും പൂർണ്ണവുമായ സമ്മാനം മുകളിൽനിന്നു്, പ്രകാശങ്ങളുടെ പിതാവിൽനിന്നു്, താഴേക്കു വരുന്നതാണു്'' (സെൻറ് ജെയിംസ് 1,17).

വിജയത്തിൻേറയും സന്തോഷത്തിൻേറതുമായ ഈ ഇരുപത്തഞ്ചുകൊല്ലങ്ങൾതന്നെയാണു് താങ്കളുടെ ബഹുമതി. സർവ്വശക്തൻെറ സഹായത്താൽ താങ്കൾ സഭയുടെ കീഴ്‌വഴക്കമുള്ള സേവകനായി, അപരിമേയമായ കഴിവുകളുള്ള സഭാധികാരിയായി സ്വയം ശക്തി പ്രാപിച്ചിരിക്കുന്നു.

വാസ്തവത്തിൽ, ഷില്ലോങ്ങിലെ പ്രിഫെക്ററ് അപ്പസ്തോലിക് സ്ഥാനത്തു് 12 കൊല്ലം സേവനം അനുഷ്ഠിച്ചുകഴിഞ്ഞപ്പോൾ, സഭാഭരണത്തിനായി ഒരുക്കപ്പെട്ട് രൂപതയാക്കി മാററിയ ഈ പ്രദേശത്തിൻെറ ആദ്യത്തെ ഭരണാധികാരിയായി താങ്കളാണല്ലോ നിയമിതനായതു്. കുറെക്കാലം കഴിഞ്ഞു് മദ്രാസ് അതിരൂപത രൂപം കൊണ്ടപ്പോൾ, ഏഴു വർഷങ്ങളോളം മുമ്പ്, മൈലാപ്പൂർ രൂപതയുടെ ചില ഭാഗങ്ങളും മദ്രാസിനോട്ട് കൂട്ടിച്ചേർക്കപ്പെട്ടു.

ഇവിടെയും താങ്കളുടെ പ്രേഷിതചൈതന്യത്തിൻെറയും ഉത്സാഹത്തിൻെറയും ശക്തമായ തെളിവുകൾ താങ്കൾ ഞങ്ങൾക്കു

തന്നു. ക്രിസ്തീയ വിശ്വാസ പ്രചാരണത്തിനും, ഭൂതദയാപ്രവർത്തനത്തിനും താങ്കൾ നൽകിയ നേതൃത്വവും താങ്കൾ രൂപം നല്കിയ ധീരമായ പദ്ധതികളും അവയുടെ വിജയവും അതിരൂപതയിലെ ക്രിസ്ത്യാനികളുടെ മാത്രമല്ല ആദരാഭിനന്ദനങ്ങൾ നേടിയെടുത്തതു്.

ഈ യാഥാർത്ഥ്യങ്ങളുടെ ഇടയിൽ, താങ്കളുടെ അതിരൂപതയുടെ കീഴിലുള്ള എല്ലാ രൂപതയിലെ സെമിനാരിവിദ്യാർത്ഥികൾക്കും സൗകര്യം നല്കത്തക്കവിധം താങ്കൾ പണികഴിപ്പിച്ച വിശാലമായ സെമിനാരിയെക്കുറിച്ചും നാം ആഹ്ലാദത്തോടെ ഓർക്കുകയാണു്.

സകലർക്കും ഉപകാരപ്രദമായ വിധത്തിൽ താങ്കൾ പണിതുയർത്തിയ 'കാത്തലിക് സെൻററിനെ'പ്പററിയും ഞാൻ ഇവിടെ അനുസ്മരിക്കട്ടെ – താങ്കൾ നിർമ്മിച്ച അസംഖ്യം ദേവാലയങ്ങളുടെയും സ്കൂളുകളുടെയും കാര്യമൊന്നും ഞാനിവിടെ പരാമർശിക്കാതെ വിടുകയാണു്.

താങ്കളുടെ നേതൃത്വത്തിൽ അതീവ ശുഭമായി പര്യവസാനിച്ച ദിവ്യകാരുണ്യസമ്മേളനം – ഇൻഡ്യയിൽ അതു് ആദ്യമായിരുന്നല്ലോ – അത്ഭുതാവഹങ്ങളായ ആധ്യാത്മികഫലങ്ങൾ പുറപ്പെടുവിക്കുന്നുണ്ടു്.

ഇത്തരം പ്രവർത്തനങ്ങളുടെ പേരിൽ ഹൃദയപൂർവ്വം താങ്കളെ അഭിനന്ദിക്കുന്നതോടൊപ്പംതന്നെ എല്ലാ ഇടയന്മാരുടെയും കിരീടവും നേതാവുമായ ഈശോകർത്താവിനോടു് ഞാൻ പ്രാർത്ഥിക്കുകയാണു്. അനന്തനന്മയായ അവിടുന്നു് മേലിലും തന്റെ കൃപാവരം താങ്കളുടെമേൽ അധികമധികമായി ചൊരിയുമാറാകട്ടെ.

ഔദ്യോഗിക നിർവഹണഭാരം ക്ലേശമെന്യേ വഹിച്ചുകൊണ്ടുപോകാനുള്ള ശക്തിയും ആത്മധൈര്യവും സർവ്വശക്തൻ താങ്കൾക്കു തരട്ടെ എന്നു ഞാൻ അപേക്ഷിക്കുന്നു.

താങ്കൾക്കു യുക്തമെന്നു തോന്നുന്ന ഒരു ദിവസം പൊന്തിഫിക്കൽ കുർബാനയ്ക്കുശേഷം, സന്നിഹിതരായിരിക്കുന്ന വിശ്വാസികൾക്കു് നമ്മുടെ നാമത്തിലും നമ്മുടെ അധികാരത്തിലും ശ്ലൈഹികാശീർവാദം നല്കുവാനുള്ള അവകാശം ഞാനീ ആഘോഷാവസരത്തിൽ താങ്കൾക്കു തരുന്നു. അതിനോടനുബന്ധിച്ചു് സാധാരണ നിബന്ധനകൾക്കനുസരണമായി പൂർണ്ണ ദണ്ഡവിമോചനവും ഉണ്ടായിരിക്കും.

ഇതേ അവസരത്തിൽതന്നെ, താങ്കളുടെ ആഗ്രഹപ്രകാരം നാം ഹൃദയപൂർവ്വം താങ്കൾക്ക അപ്പസ്തോലന്മാക്കടുത്ത ആശീർവാദം നല്കുന്നു. സ്വർഗ്ഗീയനന്മകളുടെ ഒരു അച്ചാരവും അടയാളവുമായി അതു ഭവിക്കട്ടെ. താങ്കളുടെ അധികാരത്തിൻ കീഴിലുള്ള എല്ലാവക്കും അതിൻെറ ഫലങ്ങൾ ലഭിക്കട്ടെ എന്നും നാം പ്രാർത്ഥിക്കുന്നു. റോമിൽ, സെൻറ് പീറേറഴ്സിൽവച്ച്, നമ്മുടെ ഭരണത്തിൻെറ ഒന്നാംവർഷം, 1959 ഒക്ടോബർ 16-ാം തീയതി എഴുതപ്പെട്ടതു്.

ജോൺ ഇരുപത്തിമൂന്നാമൻ

(ഈ സന്ദർഭത്തിലാണു് തിരുസിംഹാസനത്തിൻെറ അസിസ്റ്റൻറായി ആർച്ചുബിഷപ്പ് മത്തിയാസ് തെരഞ്ഞെടുക്കപ്പെട്ടതു്.)

# പ്രൊലോഗ്

മോസ്റ്റ് റവ.ജെ.പി. ലെയൊണാർഡ് എസ്.ജെ.ഡി.ഡി.
(മുൻ മധുര ആർച്ചുബിഷപ്പ്)

ഇസിർസാഡായിലെ ററിററുലർ ആർച്ചുബിഷപ്പ്.

സേക്രഡ് ഹാർട്ട് കോളേജ്
ചെമ്പകന്നൂർ പി. ഒ.
കൊടൈക്കനാൽ (4)
മധുര, സൗത്ത് ഇൻഡ്യ.
27 ജൂൺ, 1971.

പ്രിയപ്പെട്ട ബ്രദർ ഡയസ്,

ഏതെങ്കിലും വിധത്തിൽ നമ്മുടെ പരേതനായ ആർച്ചുബിഷപ്പുതിരുമേനിയുമായി ബന്ധപ്പെട്ടിട്ടുള്ള ഏവക്കും ആ നാമം ഉത്തേജകവും ആശ്വാസപ്രദവുമായ വിലപ്പെട്ട ഓമ്മകളെ നൽകും. എന്തുകൊണ്ടെന്നാൽ ആ സ്മരണകളിൽ അവർ ഒരു ഉത്തുംഗശീർഷനായ വ്യക്തിയെ - ബുദ്ധിമാനായ ഒരുപദേശകനെ കാണുന്നു. ആത്മത്തിൻെറ മാത്രമല്ല, മാനുഷികമായ എല്ലാ പ്രശ്നങ്ങളും അദ്ദേഹത്തിൻെറ വിഷയമായിരുന്നു. ജന്മനാ നേതാവായിരുന്ന അദ്ദേഹം സ്വന്തം ശക്തി ചുററിലും സദാ പ്രസരിപ്പിച്ചുകൊണ്ടിരുന്ന അനുപമനായ ഒരു വൈദികനായിരുന്നു. ദൈവപരിപാലനയിൽ പരിപൂർണ്ണമായി വിശ്വസിച്ചിരുന്ന തിരുമേനി – അദ്ദേഹത്തെ ഓക്കുന്നവക്ക് തിരുമേനിയുടെ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്ന ആത്മാവിൻെറ സ്വർഗ്ഗീയമായ ദീപത്തെ കണ്ടില്ലെന്നു നടിക്കാനാവില്ല. ആ ജീവിതം ദൈവത്തിനും മനുഷ്യനുംവേണ്ടി അപ്പിക്കപ്പെട്ടതായിരുന്നു.

അദ്ദേഹത്തിൻെറ ഭാസുരമായ ഗുണഗണങ്ങളെയും മഹാവിജയങ്ങളെയും അപഗ്രഥിക്കുമ്പോൾ സഭാപ്രസംഗകൻെറ പുസ്തകത്തിലെ വാക്കുകൾ സ്മൃതിപഥത്തിൽ ഓടിയെത്തുന്നു. "കീർത്തികേട്ട മനുഷ്യർ ...ജ്ഞാനത്തിൽ ഉപദേശിക്കുന്നവർ.... താന്താങ്ങളുടെ നന്മകൾ വിസ്മരിക്കപ്പെടാത്ത ദൈവഭയമുള്ള മനുഷ്യർ.... അവർ സമാധാനത്തോടെ അടക്കപ്പെട്ടിരിക്കുന്നു. പക്ഷെ അവരുടെ നാമങ്ങൾ ചിരംജീവികളായിരിക്കും." (Eccl. 44) അദ്ദേഹത്തെ അടുത്തു പരിചയപ്പെട്ടവാ

നിടയായതു് ഒരു മഹാഭാഗ്യമായി എനിക്കു തോന്നുന്നു. ഞങ്ങൾ സി. ബി. സി. ഐ. യുടെ സ്റ്റാൻറിങ്ങും വർക്കിങ്ങും കമ്മററിയിൽ സഹപ്രവർത്തകരായിരുന്നു. പിന്നീടു് തമിഴ്നാടു ബിഷപ്പ്സ് കോൺഫറൻസിൽവച്ചും ഞങ്ങൾ പരസ്പരം ബന്ധപ്പെട്ടിരുന്നു. കോൺഫറൻസിൽ തിരുമേനിയാണു് അധ്യക്ഷത വഹിക്കാറുണ്ടായിരുന്നതു്. പ്രസ്തുത യോഗങ്ങളിൽ ആർച്ചുബിഷപ്പ് മത്തിയാസ് പ്രത്യക്ഷപ്പെട്ടിരുന്നതു് തനതായ വ്യക്തിത്വത്തോടുകൂടിയായിരുന്നു. ചർച്ച ചെയ്യപ്പെട്ടിരുന്ന വിഷയങ്ങളെപ്പററി അദ്ദേഹം അവഗാഹമായ അറിവു നേടിയിരുന്നു എന്നതു് എല്ലാവർക്കും ബോധ്യമുള്ള ഒരു വസ്തുതയാണു്. അദ്ദേഹത്തിൻെറ തീരുമാനങ്ങൾ പക്വതയുടേയും സാമാന്യബുദ്ധിയുടേയും വലുതായ അനുഭവജ്ഞാനത്തിൻെറയും നിദർശനങ്ങളായിരുന്നു. അക്കാരണങ്ങൾകൊണ്ടു തന്നെ അദ്ദേഹം അവതരിപ്പിക്കുന്ന വിഷയങ്ങൾ കനമുള്ളതുമായിരുന്നു.

ഉൾക്കാഴ്ചയും പ്രയത്നശീലവും നിറഞ്ഞ ഒരു മനുഷ്യനായിരുന്നു അദ്ദേഹം. അവ രണ്ടും സമന്വിതമായി അദ്ദേഹത്തിൻെറ സ്വഭാവത്തിൽ ലയിച്ചു ചേർന്നിരുന്നു എന്നർത്ഥം. തിരുമേനിയുടെ ആ മുദ്രാവാക്യമുണ്ടല്ലോ, ധൈര്യപ്പെടുക, പ്രതീക്ഷിക്കുക, അതു് എപ്പോഴും ഭാവിയിലേക്കുററുനോക്കുന്ന ഒരു സംഘാടകൻേറതായിരുന്നു. ലക്ഷ്യത്തിലെത്താതെ വിഷമതകൾ കണ്ടു് അദ്ദേഹം ഒരിക്കലും പിന്തിരിഞ്ഞോടിയില്ല. അദ്ദേഹത്തിൻെറ ഈ ഉജ്ജ്വലമായ സ്വഭാവവിശേഷത്തിനു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാട്ടാൻ കഴിയും.

കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇൻഡ്യ (സി. ബി. സി. ഐ) യുടെ ഫലപ്രദമായ പ്രവർത്തനത്തിനു് അദ്ദേഹം നൽകിയ മഹനീയങ്ങളായ സംഭാവനകളെക്കുറിച്ചു് ഞാനിവിടെ പറയട്ടെ. ഇൻഡ്യയുടെ രാഷ്ട്രീയചരിത്രത്തിൽ വന്ന മഹത്തായ മാററത്തിനനുസരണമായി സഭാഭരണാധികാരികളുടെ ഒരു ദേശീയസമിതി രൂപവൽക്കരിക്കേണ്ടതാണെന്ന ആശയം ആദ്യം പൊന്തി വന്നപ്പോൾ, അത്തരം ഒരു സ്ഥാപനം സഭയുടെ എത്ര ശക്തമായ ഒരു ഉപകരണമായിത്തീരുമെന്നു് ഒററനോട്ടത്തിൽ ഗ്രഹിക്കുവാൻ മോൺ. മത്തിയാസിനു സാധിച്ചു. അദ്ദേഹം ആ പ്രസ്ഥാനത്തിനു് തൻെറ കലവറയില്ലാത്ത സഹകരണം നൽകുകയുണ്ടായി. ഒരിക്കലും പാഴാകാത്ത അദ്ദേഹത്തിൻെറ സംഘാടകപാടവവും ആ ആസൂത്രണവൈദഗ്ധ്യവും ഒത്തുചേർന്നു. കോൺഫറൻസിൻെറ നിയമാവലിയുടെ കരടു തയാറാക്കുന്നതിൽ അദ്ദേഹത്തിൻെറ വിലപ്പെട്ട കഴിവുകൾ പ്രകടമായി. ബിഷപ്പ്സ് കോൺഫ്രൻസിൻെറ ഉദ്ദേശലക്ഷ്യങ്ങളെപ്പററിയും അതിൻെറ ഘടനാപ്രവർത്ത

നങ്ങളെപ്പററിയും ക്രാന്തദർശിയായ അദ്ദേഹം തികച്ചും ബോധവാനായിരുന്നു.

കോൺഫറൻസിൻെറ പരിഗണനയിൽ വന്നിരുന്ന ബഹുമുഖമായ കത്തോലിക്കാപ്രവർത്തനങ്ങളിൽ കത്തോലിക് ആക്ഷൻ (പിന്നീട് ലേ അപ്പസ്റ്റലെററ് എന്നാക്കി മാററി) തിരുമേനിയുടെ ചുമതലയിൽ ആയിരുന്നു. കത്തോലിക്കാ ശക്തികളെ തരം തിരിക്കുകയും ഏകോപിപ്പിച്ചു കൊണ്ടുവരികയും ചെയ്യുന്ന ഭഗീരഥപ്രയത്നം അദ്ദേഹം ഏറെറടുക്കുകയും അതു് ഭംഗിയായി പൂർത്തിയാക്കുകയും ചെയ്തു. പ്രസ്തുത വിഷയത്തെപ്പററി കിട്ടാവുന്നത്ര വിവരങ്ങൾ അദ്ദേഹം ശേഖരിച്ചു, പേപ്പൽ പ്രഖ്യാപനങ്ങൾ, മററുള്ള രാജ്യങ്ങളിലെ കത്തോലിക്കാപ്രവർത്തനങ്ങളെപ്പററിയുള്ള റിപ്പോർട്ടുകൾ തുടങ്ങിയവ അദ്ദേഹം ബുദ്ധിമുട്ടി കരസ്ഥമാക്കി. ഒരു മാനുവലിൽ കത്തോലിക്കാപ്രവർത്തനം, തത്വവും പ്രായോഗികതയും എന്ന ശീർഷകത്തിൽ അദ്ദേഹം നൽകിയിരിക്കുന്ന അറിവു് രാജ്യമൊട്ടാകെ ചിതറിക്കിടക്കുന്ന സഭാപ്രവർത്തകർക്കു് വിലപ്പെട്ട ഒരു പ്രമാണരേഖയാണു്.

ഈ അടിസ്ഥാനപ്രസ്ഥാനത്തോടനുബന്ധിച്ചു് പ്രത്യേകമായ മററു ചില പ്രസ്ഥാനങ്ങളും ജന്മമെടുത്തു. യൂത്ത് മൂവ്മെൻറ് സ്റ്റൗട്ട് ഫെഡറേഷൻ, യൂണിവേഴ്സിററി സ്റ്റുഡൻസ് ഫെഡറേഷൻ, യങ് ക്രിസ്ത്യൻ വർക്കേഴ്സ്, കാത്തലിക്ക് വർക്കേഴ്സ് അസോസിയേഷൻ തുടങ്ങിയവ. ഈ സംഘടനകൾക്കെല്ലാം തിരുമേനി തൻെറ സഹായഹസ്തം നീട്ടിക്കൊടുത്തിരുന്നു.

കാത്തലിക്ക് യൂണിയനും, ന്യൂമാൻ അസോസിയേഷനും അദ്ദേഹത്തിൻെറ പ്രോത്സാഹനത്തിലും പ്രയോഗികമായ ഉപദേശസഹായങ്ങളിലും മുന്നോട്ടു വന്ന പ്രസ്ഥാനങ്ങളാണു്.

ആർച്ചുബിഷപ്പ് മത്തിയാസിൻെറ നിരങ്കുശമായ ശുഭപ്രതീക്ഷക്കു് ഒരു കനത്ത പരീക്ഷണമായിരുന്നു സെൻറ് ജോൺസ് മെഡിക്കൽ കോളേജും ഹോസ്പിററലും. പ്ലാനിങ്ങ് കമ്മിററിയുടെ ചെയർമാനെന്ന നിലയിൽ തങ്ങളുടെ അവശ്യം അവശ്യമായ പ്രസ്തുത പദ്ധതിയുടെ സാക്ഷാത്കാരത്തിനായി അദ്ദേഹം കഠിനമായി പരിശ്രമിച്ചു. പക്ഷെ ബൃഹത്തായ ആ പദ്ധതി ആരംഭിക്കുവാൻതന്നെ വളരെയേറെ തടസ്സങ്ങൾ ഉണ്ടായിവന്നു. സാമ്പത്തികമായ പ്രശ്നങ്ങളെ തരണം ചെയ്യുവാനായി അദ്ദേഹം ബുദ്ധിപൂർവ്വമായ രണ്ടു മാർഗ്ഗങ്ങൾ കമ്മററി മുമ്പാകെ അവതരിപ്പിച്ചു. അതു പരാജയപ്പെടുമെന്നു് പ്രതീക്ഷയും ഇല്ലായിരുന്നു ആർക്കും. പക്ഷെ, അവയൊന്നും പ്രതീക്ഷയ്ക്കനുസരണമായി ഫലപ്രാപ്തമായിരുന്നില്ല. ഇതൊക്കെയാ

യിട്ടം നിരാശനാവാതെ മുന്നോട്ട നീങ്ങുവാൻ അദ്ദേഹമാണു മററുള്ളവരെ ഉത്സാഹിപ്പിച്ചതു്. ഒടുവിലദ്ദേഹം കർദ്ദിനാറം ഗ്രേഷ്യസിൻെറ സഹായം തേടുന്നതിൽ വിജയിച്ചു. കർദ്ദിനാറം തിരുമേനിക്കു് രാജ്യരാജ്യാന്തരങ്ങളിലുള്ള ബന്ധങ്ങളും പിടിപാടുംമൂലം ഒടുവിൽ സെൻററ് ജോൺസ് ഇന്നത്തെ നിലയിലായി.

ഭാരതീയസഭയ്ക്കാകമാനം ഉപകാരപ്രദമായ പദ്ധതികറം ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനു് ആർച്ചുബിഷപ്പു തിരുമേനി സദാ തയ്യാറായിരുന്നു. എങ്കിലും ആ മഹാമനീഷിയുടെ കഴിവിൻെറ സിംഹഭാഗത്തിനു അർഹമായതു് സ്വന്തം അതിരൂപതയായ മദ്രാസ്തന്നെ. അഖിലേന്ത്യാ ദിവ്യകാരുണ്യസമ്മേളനത്തിൻെറ സംഘാടകതിരക്കുമൂലം ഏറെക്കാലത്തേക്കു് തിരുമേനി മദ്രാസു് വിട്ടു് നില്ക്കേണ്ടിവരികയുണ്ടായി. സമ്മേളനം ക്രിസ്ത്യൻ ഭക്തിപ്രചുരിമയുടേയും മതബോധത്തിൻേറയും നിതാന്തപ്രതീകമായിത്തീരുകയും മഹാവിജയത്തിൽ സമാപിക്കുകയും ചെയ്തു. 1937–ലെ ഈ വിജയകരമായ സമ്മേളനത്തിൻെറ ചുവടുപിടിച്ചാണു് അദ്ദേഹം മരിയൻ സമ്മേളനത്തിൻെറയും ബോംബെയിൽവച്ചു നടന്ന അന്തർദ്ദേശീയ ദിവ്യകാരുണ്യ സമ്മേളനത്തിൻെറയും രൂപരേഖകറം തയാറാക്കിയതു്.

മദ്രാസു് മൈലാപ്പൂർ രൂപതയുടെ ഭാഗം സംബന്ധിച്ച പ്രശ്നങ്ങറം ഭൂരിപക്ഷം പേർക്കും തൃപ്തികരമായ വിധത്തിൽ തീർക്കുന്നതിൽ മത്തിയാസു് തിരുമേനി വഹിച്ച പങ്കു് അവിസ്മരണീയമാണു്. അതു് കഴിയുന്നത്ര കുറച്ചു സംഘർഷത്തിനു മാത്രം ഇടംകൊടുത്തുകൊണ്ടു് നിർവഹിച്ച തിരുമേനിയുടെ കഴിവിനെപ്പററി പുസ്തകങ്ങറംതന്നെ എഴുതാനുണ്ടു്.

ദേവാലയങ്ങറം, സ്കൂളുകറം, സഹായസാമൂഹ്യകേന്ദ്രങ്ങറം, തുടങ്ങിയവയുടെ നിർമ്മാണപദ്ധതികറം അദ്ദേഹം നിർവഹിച്ചതിനെപ്പററി പറയുമ്പോറം തിരുവചനങ്ങറം ഓർത്തുപോവുന്നു. നമ്മുടെ കർത്താവൊരിക്കൽ പത്രോസിനോടു പറഞ്ഞു: "ആഴക്കടലിലേക്കു പോയി വലവീശുക" എന്നു്. അതെപോലെ അവിശ്വസനീയമായ സംരംഭങ്ങളായിരുന്നു തിരുമേനി നഗരത്തിൽ പൂർത്തീകരിച്ചതു്. ഈ പ്രസ്ഥാനങ്ങറംക്കൊക്കെ ഭീമമായ ചെലവുണ്ടായിരുന്നു. എവിടെനിന്നാണു് വേണ്ട പണം കിട്ടിയതെന്നു് നമുക്കു് ഊഹിക്കയേ നിവൃത്തിയുള്ളൂ. ഒരു വലിയ ചോദ്യചിഹ്നമായി സഹമെത്രാന്മാരുടെ ഇടയിൽപോലും ആ കെട്ടിടങ്ങറം നിലകൊള്ളുന്നു.

നമുക്കു്, അംബരചുംബിയായ കാത്തലിക് സെൻററിൻെറ കാര്യംതന്നെ എടുക്കാം. തിരുമേനിയുടെ ദൂരവീക്ഷ

ണവും ബിസിനസ്സ് മനസ്ഥിതിയും ഏറെ തെളിഞ്ഞു കാണുന്ന ഒരു കെട്ടിടമാണതു്. വിവിധങ്ങളായ കത്തോലിക്കാ പ്രവൎത്തനങ്ങളുടെ സിരാകേന്ദ്രമായി വൎത്തിക്കുകയും, നഗരത്തിൽ താമസിച്ചു പഠിക്കാൻ ഇടംകിട്ടാതെ വിഷമിക്കുന്ന അനേകം വിദ്യാൎത്ഥികൾക്കു സൗകര്യം നൽകുകയും ചെയ്യുന്നതിനുപുറമേ അതു് വരുമാനത്തിനു് പററിയ ഒരു നല്ല ഉപാധി കൂടിയായിത്തീരുമെന്നും തിരുമേനിക്കറിയാമായിരുന്നു. താഴത്തെ നില പലതരത്തിലുള്ള ഓഫീസുകൾക്കുവേണ്ടി വാടകയ്ക്കു് നൽകപ്പെട്ടിരിക്കുകയാണു്. നഗരത്തിൻെറ ഹൃദയത്തിലെ ആ കെട്ടിടം അതിരൂപതക്കു് വമ്പിച്ച ഒരു ധനാഗമമാൎഗ്ഗമായിത്തീൎന്നിരിക്കുന്നു.

പൂനമല്ലിയിലെ രൂപതാ മേജർ സെമിനാരിയുടെ കാര്യമെടുക്കുക. സെമിനാരിക്കുപററിയ ഒരു സ്ഥലം തേടി നടന്നപ്പോഴാണു് ഉറപ്പുള്ള നല്ല കെട്ടിടത്തോടുകൂടി പൂനമല്ലിയിലെ ആ സ്ഥലം വില്ക്കാനുണ്ടെന്നദ്ദേഹം അറിഞ്ഞതു്. അദ്ദേഹം അധികം ആലോചിച്ചില്ല, അതു വിലയ്ക്കു വാങ്ങി. ആ കെട്ടിടം ചുററിനടന്നു കണ്ടുകൊണ്ടിരുന്നപ്പോൾ ഒരിക്കൽ എന്നോടു തിരുമേനി പറഞ്ഞ വാക്കുകൾ ഞാനോൎത്തു പോവുന്നു. ആ ഇടപാടിൽ അദ്ദേഹം വളരെ തൃപ്തനായി കാണപ്പെട്ടു. അവിടെ പണുതുകൊണ്ടിരുന്ന ചാപ്പൽ ചൂണ്ടിക്കാണിച്ചുകൊണ്ടു് തിരുമേനി പറഞ്ഞു. ''അതാ, അതോടുകൂടി ദീർഘകാലമായുള്ള എൻെറ ഒരു ഹൃദയാഭിലാഷം പൂൎത്തീകരിക്കപ്പെടുകയായി''.

വീണ്ടും, മൈലാപ്പൂരിലെ സാൻതോമിൽ പണികഴിപ്പിച്ച പുതിയ അരമനയിലേക്കു് അതിരൂപതയുടെ തലസ്ഥാനം മാററിയപ്പോൾ ആ മാററം കൊണ്ടുണ്ടാകുന്ന ഗുണങ്ങളെപ്പററി തിരുമേനി തികച്ചും ബോധവാനായിരുന്നു. സാൻതോമിൻെറ സുന്ദരമായ പ്രകൃതി മാത്രമായിരുന്നില്ല അദ്ദേഹത്തെ ആകർഷിച്ചതു്. അവിടം നഗരത്തിൻെറ ശല്യങ്ങളിൽനിന്നു് മുക്തമായിരുന്നു. നിശ്ശബ്ദവും സ്വച്ഛവുമായിരുന്നു സാൻതോം. പക്ഷെ എല്ലാററിനുമുപരിയായി തിരുമേനിയെ ആ തലസ്ഥാന മാററത്തിനു സ്വാധീനിച്ചതു്, എനിക്കു തോന്നുന്നതു്, വിശുദ്ധ തോമാശ്ലീഹായുടെ ശവകുടീരത്തോടു് സാൻതോമിനുള്ള സാമീപ്യമാണു്. ശതാബ്ദങ്ങൾക്കു മുമ്പു് വിശ്വാസത്തിൻെറ വിത്തുകൾ ഭാരതവർഷത്തിൽ കൊണ്ടുവന്നു വിതച്ച വിശുദ്ധൻെറ സാമീപ്യം – ക്രിസ്തീയ ചരിത്രത്തിൽ അവിസ്മരണീയമാണു് സാൻതോം. അവിടം ആൎക്കും ഉത്തേജനത്തിൻെറയും ആത്മീയസമാധാനത്തിൻെറയും കേദാരമാണു്.

വേദോപദേശകരെ വാൎത്തെടുക്കുന്നതിലും ആധ്യാത്മികമായി അവർ അർപ്പണബോധത്തോടെ പരിശ്രമിക്കേണ്ടതി

നായും തിരുമേനി ശ്രദ്ധിച്ചിരുന്നു. അവക്കുവേണ്ട പരിശീല നങ്ങൾ നല്കുവാൻ അദ്ദേഹം സ്കൂളുകൾ ആരംഭിച്ചു. മതപ്രചര ണത്തിൽ വേദോപദേശകർക്കു നിർവഹിക്കാനുള്ള പങ്കിനെ പ്പററി തിരുമേനി തികച്ചും ബോധവാനുമായിരുന്നു. പക്ഷെ ഒരു കാര്യംകൂടി. ആത്മീയവശം വിട്ട് അവക്ക് ജീവിക്കുവാ നാവശ്യമായ സാമ്പത്തികസഹായം നല്കുന്നതിലും തിരുമേനി ഉപേക്ഷ വിചാരിച്ചിരുന്നില്ല. സെമിനാരിയിലെ അന്തേവാ സികൾക്കുള്ളതുപോലെ വേദോപദേശകക്കും സഹായം ആവ ശ്യമാണെന്നായിരുന്നു തിരുമേനിയുടെ പക്ഷം. അതിനു വേണ്ടി വത്തിക്കാൻ കൗൺസിലിൽ അദ്ദേഹം വളരെയേറെ വാദിക്കുകയുണ്ടായി. ടിണ്ടിവനത്ത് ഒന്നാന്തരമൊരു ട്രെയി നിങ്ങ് ഇൻസ്റ്റിററ്യൂട്ട് ഉള്ളപ്പോൾ എന്തിനാണു തിരുമേനി വേദോപദേശകർക്കുവേണ്ടി മറെറാരു സ്കൂൾ ആരംഭിച്ചതെന്നു നമുക്കു സംശയം തോന്നാം. മദ്രാസിലെ സ്ഥാപനം സഭാ പ്രവത്തനത്തിലെ ചില പ്രത്യേകമായ – അതായത് മാനസാ ന്തര – പ്രവൃത്തികൾക്കു മുൻതൂക്കം കൊടുത്തുകൊണ്ടുള്ളതായി രുന്നു എന്നതാണതിനുത്തരം. എക്കുമെനിസമെന്ന ആശയം കൂടുതൽ കൂടുതൽ ശക്തിപ്രാപിച്ചുവരുന്ന ഈ അവസരത്തിൽ അക്രൈസ്തവരുമായുള്ള ഡയലോഗിനുവേണ്ടി പ്രത്യേകം പരി ശീലനം കഴിച്ചവരുടെ ആവശ്യകത കൂടിക്കൂടി വരും എന്നു തിരുമേനി കണക്കു കൂട്ടിയിരുന്നു.

തിരുമേനിയുടെ ദ്രുപതാഭരണപാടവത്തെക്കുറിച്ചു പറയു മ്പോൾ Clergy monthly യെപ്പററി പരാമർശിക്കാതെ വയ്യ. ആ പ്രതിമാസപ്രസിദ്ധീകരണം എത്ര ആനുകാലികവും ആവശ്യാ ധിഷ്ഠിതവുമായിരുന്നു എന്നു് ഓർക്കുമ്പോഴാണു് അതിൻെറ സ്ഥാപകനായ മത്തിയാസ് തിരുമേനിയുടെ ദൂരവീക്ഷണ ത്തിൽ നാം വിസ്മയഭരിതരാവുന്നതു്. അതു് ആരംഭിച്ചു സ്വന്തം മേൽനോട്ടത്തിൽ നടത്തിക്കൊണ്ടുപോന്നതു് മോൺ സിഞ്ഞോർ തിരുമേനിതന്നെയായിരുന്നു. പക്ഷെ പ്രായോ ഗികബുദ്ധിയുള്ള അദ്ദേഹം, പരിശീലനം ലഭിച്ച ഒരു പത്രാ ധിപൻെറയും വിവിധവിഷയങ്ങളെക്കുറിച്ചെഴുതാൻ പ്രശസ്ത രായ എഴുത്തുകാരുടേയും ആവശ്യം ക്ലർജിമാസികയ്ക്കു് വേണ്ടി യിരിക്കുന്നു എന്നു മനസ്സിലാക്കി. ജെസ്യൂട്ട് തിയോളജേററ് അതേററു നടത്താൻ സന്നദ്ധതകാണിച്ചപ്പോൾ തിരുമേനി സന്തോഷത്തോടെ അതു അവർക്കു വിട്ടുകൊടുത്തു. അങ്ങിനെ യാണു് ആ മാസിക കർസിയോങ്ങിലെ ഈശോസഭക്കാരുടെ സെൻററ് മേരീസ് തിയോളജേററിൽ തയാറാക്കുന്നതിനും റാഞ്ചി പ്രസ്സിൽനിന്നു അടിച്ചിറക്കുന്നതിനും ഇടയായതു്.

ഈ അനുസ്മരണയിൽ തിരുമേനിയുടെ അനർഘമായ വ്യക്തിത്വത്തിൻെറ വെറും പരാമർശനങ്ങളേ ഞാൻ നടത്തി

യിട്ടുള്ളൂ. ആശയസമ്പന്നനായ ഒരു മനുഷ്യൻ–മാന്ത്രികനായ ഒരു പദ്ധതിക്കാരൻ – വിശാലമായ തോളുകൾക്കു മുകളിൽ വലിയ തലയുള്ള ഒരാൾ – ഇതായിരുന്നു അദ്ദേഹം. ഒററനോട്ടത്തിൽ തന്നെ ശക്തിയുടേയും നിശ്ചയത്തിൻെറയും ഭാവം ദ്യോതിപ്പിക്കുമായിരുന്നു ആ ആകാരം. അദ്ദേഹം സ്വയം അതെപ്പററി തമാശയായി പറയുമായിരുന്നു. ആരോ ചോദിക്കയുണ്ടായി എന്താ തിരുമേനി സാധാരണയായി തലയിൽ തൊപ്പി വയ്ക്കാറില്ലല്ലോ എന്നു്. തിരുമേനി പറഞ്ഞു. "വട്ടത്തൊപ്പി എൻെറ ചതുരത്തലയിൽ ചേരുന്നേയില്ല...."

ആശയസമ്പുഷ്ടമായ ആ ശിരസ്സുപോലെതന്നെ ആ ഹൃദയവും നിറഞ്ഞിരുന്നു, സഹതാപത്താൽ, കരുണയാൽ, സേവനതൃഷ്ണയാൽ....

കത്താവിൻെറ വാക്കുകൾ നമുക്കിവിടെ അനുസ്മരിക്കുക: "സാധുക്കൾ എല്ലാപ്പോഴും നിൻെറകൂടെയാണു്." വാസ്തവത്തിൽ പാവങ്ങൾക്കും അശരണർക്കും സഹായിയായ ഒരു പിതാവായിരുന്നു മത്തിയാസു് തിരുമേനി എന്നും. സാമൂഹ്യസേവനവാരങ്ങൾ ആദ്യമായി ആരംഭിച്ചു് ജനശ്രദ്ധ നേടിയതു് തിരുമേനിയായിരുന്നു. സമൂഹത്തിലെ താഴേക്കിടയിലുള്ളവക്കു് അത്തരം വാരങ്ങൾ എത്ര ആശ്വാസപ്രദവും ഉപകാരമുള്ളതുമായിരുന്നു.... ശാരീരികമായ അംഗഭംഗം വന്നവരെ സ്വന്തം മക്കളെപ്പോലെ അദ്ദേഹം കരുതി. ഡോൺബോസ്കോയുടെ ഒരു യഥാത്ഥ പുത്രനെപ്പോലെ. അനാഥകുട്ടികളുടെ നിശ്ശബ്ദമായ യാചനകൾക്കു് അദ്ദേഹം നൽകിയ സമ്മാനമാണു് സെൻറു് ജോസഫ്സു് ടെക്നിക്കൽ സ്കൂൾ.

1950 മുതൽ 1954 വരെയുള്ള വിഷമകരമായ കാലഘട്ടത്തിൽ മദ്രാസു് നഗരത്തിൽ ക്ഷാമം മുഖംകാട്ടിത്തുടങ്ങിയിരുന്നു. നഗരത്തിൽ അങ്ങുമിങ്ങും ചോർ കൊടുക്കുന്ന കശിനികൾ അദ്ദേഹം ആരംഭിച്ചതു് പാവങ്ങൾക്കു് ഒരു സഹായമായിരുന്നു. രണ്ടാം മഹായുദ്ധകാലത്തു് ജപ്പാൻ, മദ്രാസു് നഗരം ബോംബിടാനുള്ള സ്ഥലങ്ങളിൽ ഒന്നായി എഴുതിത്തള്ളിയിരുന്നത്രേ! ബംഗാൾ ഉൾക്കടലിൽനിന്നു് ബോംബുമായെത്തുന്ന ഒരു യുദ്ധവിമാനം എല്ലാവരും ആകാംക്ഷയോടും ഭീതിയോടും കൂടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. നഗരത്തിൻെറ ഭീതിദമായ വികാരം തിരുമേനിയും പങ്കിട്ടു. ബോംബാക്രമണത്തിൽനിന്നു മദ്രാസു് നഗരം രക്ഷപെട്ടാൽ അമലോത്ഭവമാതാവിൻെറ നാമത്തിൽ ഒരു സ്മാരകം പണിയാമെന്നു തിരുമേനി നേർച്ച നേർന്നു. നഗരം ബോംബാക്രമണത്തിൽനിന്നു രക്ഷപെടുകയും മറിയത്തിൻെറ പേരിൽ ഒരു ദേവാലയം തിരുമേനി പണികഴിപ്പിക്കുകയും ചെയ്തു. ഇടയ്ക്കു്, സെൻറു് തോ

മസ് മൗണ്ടിൽ തിരുമേനി നിർമ്മിച്ചിരിക്കുന്ന "കാൽവരി" തിരുമേനിയോടൊപ്പം സന്ദർശിക്കുവാൻ എനിക്കു ഭാഗ്യമുണ്ടായി. നഗരത്തിന്മേലുണ്ടാകുമായിരുന്ന പൊതുവിപത്തിനു വിരാമമിടുവാനും ദൈവാനുഗ്രഹം കൂടുതലായി ലഭിക്കുവാനും ആ പരിഹാരസ്മാരകം കാരണമായിത്തീർന്നു എന്നു് ഞാൻ വിശ്വസിക്കുന്നു.

അദ്ദേഹത്തിൻെറ ദയാവായ്പു് ഒരിക്കലും നഗരത്തിലോ രൂപതയിലോ ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. കത്തോലിക്കാ ദുരിതാശ്വാസസംഘടനകളിൽനിന്നു ലഭിക്കുന്ന സഹായങ്ങൾ വിതരണം ചെയ്യുന്ന സംഘങ്ങളുടെ മേധാവിയായിരുന്നല്ലോ തിരുമേനി. സഹായം അർഹിക്കുന്ന എല്ലാവർക്കും അതിൻെറ ഗുണങ്ങൾ ലഭിക്കുവാനായി വിതരണശൃംഖല ദക്ഷിണമേഖല മുഴുവനും അദ്ദേഹം വ്യാപിപ്പിച്ചു. 1964 ഡിസംബറിൽ ഭയാനകമായ ഒരു കൊടുങ്കാററും കടലേററവും പാമ്പാൻദ്വീപിനേയും തീരപ്രദേശങ്ങളേയും പിടിച്ചുകലുക്കിയപ്പോൾ ലോറിക്കണക്കിനു മരുന്നും വസ്ത്രവും ഭക്ഷണവുമായി മിന്നൽവേഗത്തിൽ തിരുമേനി ആ ദുഃഖരംഗത്തെത്തി.

ഒരു കാര്യം സത്യമാണു്. വ്യക്തിയുടേതാകട്ടെ, ഒരു സംഘത്തിൻെറതാകട്ടെ, വേദനയും ദുരിതവും ആ ഹൃദയത്തിൻെറ അഗാധതലങ്ങളെ സ്പർശിച്ചിരുന്നു. ആ കൈകൾ അവക്കുനേരെ നീട്ടപ്പെടുകയും ചെയ്തിരുന്നു. ഒരിക്കൽ ട്രെയിനിൽ ഞാൻ മറന്നുവച്ചുപോയ ഒരു സൂട്ട്കേസ് കണ്ടുപിടിക്കാൻ തിരുമേനി എന്നെ സഹായിച്ച സംഭവം ഞാനോർത്തുപോവുകയാണു്. 1954 ലായിരുന്നു അതു്. സെമിനാരി കമ്മീഷനുമൊത്തു് ഞാൻ രാജ്യമൊട്ടാകെ സഞ്ചരിക്കുകയായിരുന്നു. തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ മെത്രാൻെറ ആൾക്കാർ ഞങ്ങളെ സ്വീകരിച്ചു് കാത്തുകിടന്ന കാറുകളിൽ കയററി. ധൃതിക്കിടയിൽ ലഗ്ഗേജ് പരിശോധിക്കാൻ സമയം കിട്ടിയില്ല ഞങ്ങൾക്കു്. പിറേറന്നു് അടുത്ത സ്ഥലത്തേക്കു പോകാറായപ്പോഴാണു് സൂട്ട്കേസ് നഷ്ടമായ വിവരംതന്നെ ഞാൻ അറിഞ്ഞതു്. അതിനുള്ളിലാണെങ്കിൽ പ്രധാനപ്പെട്ട രേഖകളും കടലാസുകളും ഉണ്ടായിരുന്നു താനും. മദ്രാസിലേക്കുള്ള ആ ട്രെയിൻ അങ്ങെത്തുമ്പോൾ തപ്പിനോക്കാമെന്നല്ലാതെ മററൊരു മാർഗ്ഗവും കണ്ടില്ല. ഞാൻ മത്തിയാസ് തിരുമേനിക്കൊരു ടെലഗ്രാം ചെയ്തു. പക്ഷെ ഞാൻ കൊടുത്ത വിവരത്തിനനുസരിച്ചുള്ള യാതൊരു ബാഗും മദ്രാസിലെത്തിയ ട്രെയിനിൽനിന്നും കണ്ടുകിട്ടിയില്ല. പക്ഷെ ഇടയ്ക്കുള്ള വല്ല സ്റ്റേഷനിലും അതു കിട്ടിയേക്കാൻ ഇടയുണ്ടായിരുന്നു. ആ പ്രതീക്ഷ വച്ചുകൊണ്ടു് എല്ലാ സ്റ്റേഷനുകളിലും അദ്ദേഹം വിവരം കൊടുത്തു. ഏതാനും ദിവസങ്ങൾക്കുശേഷം കാണാതായ

സാധനം കിട്ടിയിട്ടുള്ളതായി ഒരു ഗാർഡ് റിപ്പോർട്ടു ചെയ്തു. അതു് സുരക്ഷിതമായി എൻെറ കൈകളിൽ തിരിച്ചു കിട്ടിയപ്പോഠം ഞാൻ എത്രയധികം സന്തോഷിച്ചെന്നോ. വാസ്തവത്തിൽ തിരുമേനിയുടെ സഹായമാണ് അതു മടക്കിക്കിട്ടാൻ എനിക്കിടയാക്കിയതു്.

സിവിൽ ഭരണാധികാരികളും തിരുമേനിയും തമ്മിൽ നിലവിലിരുന്ന ദൃഢവും സ്നേഹപൂർവ്വവുമായ ബന്ധത്തിനു എത്ര ഉദാഹരണങ്ങഠം വേണമെങ്കിലും ഉണ്ടു്. മദ്രാസിൽ മദ്യനിരോധനം ഏർപ്പെടുത്തിയപ്പോഠം കർബ്ബാനയ്ക്കുള്ള വീഞ്ഞു് കിട്ടാതെ വരുമോ എന്നു് എല്ലാവക്കും ഭയമുണ്ടായി. അന്നത്തെ ചീഫ് മിനിസ്റ്ററായിരുന്ന രാജാജിയുമായി തിരുമേനിക്കുണ്ടായിരുന്ന അടുത്ത സുഹൃത്ബന്ധം ഇവിടെ ഉപകാരപ്രദമായി.

വല്ലപ്പോഴുംമാത്രം ബന്ധപ്പെടാൻ കഴിഞ്ഞ ഒരു മൂന്നാമൻെറ അനുസ്മരണയാണിതു്. അദ്ദേഹം ചെയ്ത പ്രവൃത്തികളെക്കുറിച്ചേ ഞാൻ പറഞ്ഞുള്ളൂ. വാസ്തവത്തിൽ അദ്ദേഹമെന്തായിരുന്നു എന്നു കുറച്ചെങ്കിലും മനസ്സിലാക്കാൻ ആ പ്രവർത്തനങ്ങളാണ് ഏറെ ഉപകരിക്കുക. ആ കർമ്മോജ്ജ്വലതയുടെ രഹസ്യത്തെപ്പററി അറിയണമെങ്കിൽ, ഏതു അന്തർശക്തിയാണദ്ദേഹത്തിനു പ്രചോദനവും മാർഗ്ഗദർശനവും നൽകിയതെന്നു മനസ്സിലാക്കണമെങ്കിൽ, ഒരു പുരോഹിതനെന്ന നിലയിലും ഒരു പ്രേഷിതനെന്ന നിലയിലും തിരുമേനി കൈവരിച്ച നേട്ടങ്ങളെ ശരിയായി വിലയിരുത്തണമെങ്കിൽ, അദ്ദേഹത്തോടു് അത്രമാത്രം അടുക്കുകയും ആ ജീവിതവും അദ്ദേഹത്തിൻെറ അഭിലാഷങ്ങളും ആശയങ്ങളും പങ്കിടുകയും ചെയ്ത ഒരാഠക്കേ കഴിയൂ.

പക്ഷെ എത്രയായാലും, ആ സ്വഭാവവിശേഷത്തിൻെറ ശക്തിയും പരിശുദ്ധിയും ആർക്കും പെട്ടെന്നു മനസ്സിലാവാതിരിക്കില്ല. അദ്ദേഹം എല്ലാററിനുമുപരിയായി ഒരു ദൈവീക മനുഷ്യനായിരുന്നു. തിരുവചനങ്ങളുടെയും ദൈവസ്നേഹത്തിൻെറയും സമസൃഷ്ടങ്ങളോടുള്ള സാഹോദര്യത്തിൻെറയും സത്തകഠം നിറഞ്ഞുനിന്ന ആ മഹാമനുഷ്യനിൽ, ദൈവം കൂടുതൽ അറിയപ്പെടാനും കൂടുതൽ നന്നായി സ്നേഹിക്കപ്പെടാനും സേവിക്കപ്പെടാനുമുള്ള ഒടുങ്ങാത്ത ആഗ്രഹം തുടിച്ചുനിന്നിരുന്നു.

† ജെ. പി. ലെയൊനാർഡ്
ഇസിർസാഡായിലെ
ററിററുലർ ആർച്ചുബിഷപ്പ്

10023
ARYA PALLIKAL JEEVASSKENDRA LIBRARY